# മസീഹ് മൗഊദി(അ)ന്റെ പ്രാർത്ഥനകൾ

## ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

ഖലീഫത്തുൽ മസീഹ് - IV

(ഖുത്ബ പരമ്പര)



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രസിദ്ധീകരണം

Scanned with CamScanner

BASHEER. AHMED - MANJESHWAR.

# മസീഹ് മൗഊദി(അ)ന്റെ പ്രാർത്ഥനകൾ

## ഖുത്ബ പരമ്പര

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് - IV)

*വിവർത്തനം: മുഹമ്മദ് ഇസ്മായിൽ ആലപ്പി*

Rs - 50 -

Scanned with CamScanner

# മസീഹ് മൗഊദി(അ)ന്റെ പ്രാർത്ഥനകൾ

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ
الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ
يَرْشُدُونَ ۝

എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ സമീപത്തുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് അവരെന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ. (2:187)

ഈ വിശുദ്ധ വചനത്തിലെ ഉള്ളടകത്തിൽ നിന്ന് ദുആ-പ്രാർത്ഥന- എന്ന വിഷയത്തിന്റെ പരമ്പര തുടരുകയാണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. ഇന്നുമുതൽ മസീഹ് മൗഊദ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ചെയ്തിരുന്ന പ്രാർത്ഥനകളുടെ പരമ്പര ആരംഭിക്കുകയാണ്. മഹാനവർകൾ ചെയ്തിട്ടുള്ള നിരവധി പ്രാർത്ഥനകളുണ്ട്. അത് വിശുദ്ധഖുർആനിന്റെ വാക്കുകൾ അധികമായിട്ടുള്ളവയുമാണ്. അതായത് ചിലത് പൂർണമായും ഖുർആനിന്റെ വാക്കുകൾ ഉൾക്കൊള്ളുന്നതല്ല. ചില പ്രാർത്ഥനകൾ അല്ലാഹുതആല ഇൽഹാം-വെളിപാടു- മുഖേന അറിയിച്ചിട്ടുള്ളതാണ്. ഇത് ഇങ്ങനെ പ്രാർത്ഥിക്കാനും ഇങ്ങനെ ജമാഅത്തിനോട് ഉപദേശിക്കാനും പറഞ്ഞുകൊണ്ട് വെളിപാടിറക്കിയതാണ്.

Scanned with CamScanner

അതിലൊരു പ്രാർത്ഥന തിർയാഖെ ഖുലൂബ് എന്ന ഗ്രന്ഥത്തിന്റെ 60-ാം പേജിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

قُلْ مَا يَعْبَؤُا بِكُمْ رَبِّيْ لَوْلَا دُعَاؤُكُمْ (الفرقان)

അവരോട് പറയുക, നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്തു വിലവെക്കാനാണ്. പറയുന്നു:

اَمَّنْ يُّجِيْبُ الْمُضْطَرَّ اِذَا دَعَاهُ

ബുദ്ധിമുട്ടിലകപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ അവന്റെ പ്രാർത്ഥന കേൾക്കുന്നതാരാണ്.

ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ ഒരു പ്രാർത്ഥനയുണ്ട്.

اُدْعُوْنِيْ اَسْتَجِبْ لَكُمْ (تذکرہ صفحہ ۲۱۹)

ഈ പ്രാർത്ഥനയും അല്ലാഹുവിൽനിന്ന് ഇൽഹാം-വെളിപാടുണ്ടായതാണ്. "നീ എന്നെ വിളിക്കുവിൻ, ഞാൻ നിന്റെ വിളി കേൾക്കുന്നതാണ്."

തദ്കിറ പേജ് 81ൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു പ്രാർത്ഥന ഇങ്ങനെയാണ്.

اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ - تذکرہ صفحہ ۸۱

പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന അവനെന്നെ വിളിച്ചുപ്രാർത്ഥിക്കുമ്പോൾ ഞാൻ കേൾക്കുന്നു. പിന്നീട് സുവാർത്ത അറിയിക്കപ്പെട്ടു. ***ദുആഉക്ക മുസ്തജാബുൻ*** നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടും. വീണ്ടും വെളിപാടുണ്ടായി: ***ഉജീബത്ത് ദഅ്‌വത്തുഹു*** നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടിരിക്കുന്നു.

ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ, അല്ലാഹു തന്നെ ഇങ്ങനെ അറിയിച്ചതായി ഹസ്റത്ത് മസീഹ് മൗഊദ് (അ) രേഖപ്പെടുത്തിയിരിക്കുന്നു.

"നിന്റെ സകല പ്രാർത്ഥനകളും ഞാൻ സ്വീകരിച്ചിരിക്കുന്നു. എന്നാൽ, ബന്ധുക്കളെകുറിച്ചുള്ള പ്രാർത്ഥന സ്വീകരിക്കുകയില്ല."

മസീഹ് മൗഊദ് (അ) ന്റെ ബന്ധുക്കളിൽ ചിലർ അദ്ദേഹത്തിന്റെ

Scanned with CamScanner

കഠിനവിരോധികളായിരുന്നു. അവർ ആ മഹാത്മാവിനെ വല്ലാതെ പീഡിപ്പിച്ചുകൊണ്ടിരുന്നു. അവർക്കുവേണ്ടിയുള്ള പ്രാർത്ഥന സ്വീകരിക്കുകയില്ലെന്നാണ് അല്ലാഹു അറിയിച്ചത്.

വിശുദ്ധഖുർആനിലെ ചില പ്രാർത്ഥനകൾ മസീഹ് മൗഊദിന് അല്ലാഹു വെളിപാടു മുഖേന ഇറക്കിക്കൊടുത്തിട്ടുണ്ട്. അതിലൊന്ന് ***അല്ലാഹു ഖയ്റുൻ ഹാഫിളൻ വഹുവ അർഹമുർറാഹിമീൻ*** എന്നതാണ്.

അല്ലാഹുവാണ് ഏറ്റവും നല്ല സംരക്ഷകൻ. അവൻ കരുണ ചെയ്യുന്നവരിൽവെച്ച് ഏറ്റവുമധികം കരുണയുള്ളവനാകുന്നു. (12:65) ചില ഖുർആനിക പ്രാർത്ഥനകൾകൂടി കേൾപ്പിക്കാം. ***റബ്ബി അദ്ഖിൽനീ മുദ്ഖല സ്വിദ്ഖിൻ***

رَبِّ أَدْخِلْنِي مُدْخَلَ صِدْقٍ

എന്റെ രക്ഷിതാവേ, സത്യസന്ധമായ സ്ഥലത്ത് എന്നെ പ്രവേശിപ്പിച്ചാലും (17:81) ***റബ്ബി അറിനീ കയ്ഫ തുഹ്‌യിൽ മൗത്താ.***

رَبِّ أَرِنِي كَيْفَ تُحْيِي الْمَوْتَىٰ

എന്റെ രക്ഷിതാവേ, മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതന്നാലും (2:261)

ഇനി പറയാൻ പോകുന്ന പ്രാർത്ഥന വിദ്യാർഥികളോട് ഞാൻ സാധാരണ പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. ***റബ്ബിസിദ്നീ ഇൽമാ.***

رَبِّ زِدْنِي عِلْمًا

എന്റെ രക്ഷിതാവേ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചുതന്നാലും (20:115) ***റബ്ബിസ്സിജ്നു അഹബ്ബുഇലയ്യമിമ്മായദ്ഊനനീ ഇലയ്ഹി***

رَبِّ السِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِي إِلَيْهِ

എന്റെ രക്ഷിതാവേ, അവർ ഏതൊന്നിലേക്ക് എന്നെ ക്ഷണിക്കുന്നുവോ അതിനേക്കാളുത്തമം എനിക്ക് തടവറയാണ്. (12:34) റബ്ബീ ലാ തദർ അലൽ അർളി മിനൽകാഫിരീന ദയ്യാറാ

رَبِّ لَا تَذَرْ عَلَى الْأَرْضِ مِنَ الْكَافِرِينَ دَيَّارًا

എന്റെ രക്ഷിതാവേ, അവിശ്വാസികളിൽ ഒരു വീട്ടുകാരേയും

Scanned with CamScanner

നീ ഈ ഭൂമിയിൽ വസിക്കാൻ വിടരുതേ. (72:27) ***റബ്ബനാ ആമന്നാ ഫക്തുബ്നാ മഅശ്ശാഹിദീൻ.***

رَبَّنَآ اٰمَنَّا فَاكْتُبْنَا مَعَ الشّٰهِدِيْنَ

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തിയാലും(5:84). ***റബ്ബനഫ്തഹ്ബയ്നനാ വബയ്ന ഖൗമിനാ ബിൽഹഖ്ഖി വ അൻതഖയ്റുൽ ഫാത്തിഹീൻ.***

رَبَّنَا افْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِالْحَقِّ وَاَنْتَ
خَيْرُ الْفٰتِحِيْنَ (الاعراف: ٩٠)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടേയും ജനങ്ങളുടേയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കൽപ്പിക്കേണമേ. തീരുമാനം കൽപ്പിക്കുന്നവരിൽ നീ ഏറ്റവും ഉത്തമനാണല്ലോ(7:90). ***ഖുൽ അഊദു ബിറബ്ബിൽ ഫലഖ്. മിൻശർറി മാഘലഖ്. വമിൻ ശർറി ഗാസിഖിൻ ഇദാവഖബ്.***

قُلْ اَعُوْذُ بِرَبِّ الْفَلَقِ۔ مِنْ شَرِّ مَا خَلَقَ وَ
مِنْ شَرِّ غَاسِقٍ اِذَا وَقَبَ۔ (الفلق: ٢-٤)

പറയുക, ഞാൻ ദോഷകരമായ സൃഷ്ടികളുടെ ദോഷങ്ങളിൽനിന്നും അല്ലാഹുവിനെ അഭയം തേടുന്നു. അന്ധകാരനിബിഢമായ രാത്രിയിൽനിന്നും അല്ലാഹുവിനെ അഭയം തേടുന്നു; അത് സർവത്ര വ്യാപിക്കുമ്പോൾ (113:2-4)

ഖുർആനിക പ്രാർത്ഥനകളെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ചില മാർഗനിർദേശങ്ങൾ പറയട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: എന്നോടൊപ്പം ഒരാൾപോലും ഈ ലോകത്തുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹു എന്നെ ഒരു പ്രാർത്ഥന പഠിപ്പിച്ചു. ***റബ്ബി ലാതദർനീ ഫർദൻ വ്വഅൻത ഖയ്റുൽ വാരിസീൻ.***

رَبِّ لَا تَذَرْنِيْ فَرْدًا وَّاَنْتَ خَيْرُ الْوٰرِثِيْنَ (الانبياء: ٩٠)

എന്റെ രക്ഷിതാവേ, എന്നെ തനിച്ച് വിട്ടുകളയരുതേ. നീ അവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു. (21:90)

Scanned with CamScanner

ഹസ്റത്ത് മസീഹ് മൗഊദിന്റെ ഉള്ളിൽത്തട്ടി പുറത്തുവന്ന പ്രസ്തുത പ്രാർത്ഥന അല്ലാഹു തആല എങ്ങനെയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ചു നോക്കുക. ഇന്ന് അഹ്മദികളുടെ എണ്ണം കോടിക്കണക്കിനാണ്. കോടിക്കണക്കിന് വർദ്ധനവ് ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്തോനേഷ്യയിലും ഹസ്റത്ത് മസീഹ് മൗഊദി (അ)ന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതിന്റെ വ്യക്തമായ ദൃഷ്ടാന്തം ഇക്കാലത്ത് നാം കാണുന്നു. ഇന്തോനേഷ്യയെ അല്ലാഹു തആല തനിച്ചുവിട്ടില്ല.

നമസ്കാരത്തിന്റെ അവസാന റക്അത്തിൽ റുകൂഅ്നുശേഷം ഇഅ്തിദാലിൽ ***റബ്ബനാ ലക്കൽഹംദു ഹംദൻ കസീറൻ ത്വയ്യിബൻ മുബാറക്കൻ ഫീഹി*** എന്നു ചൊല്ലിയതിനുശേഷം ***റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ*** എന്നു പ്രാർത്ഥിക്കാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെ ഉപദേശിക്കുകയുണ്ടായി. എപ്പോഴും മുടങ്ങാതെ ഈ പ്രാർത്ഥന ചെയ്യണമെന്ന നിബന്ധനയൊന്നും അവിടന്ന് വെച്ചിട്ടില്ല.

رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّ فِي الْاٰخِرَةِ
حَسَنَةً وَّقِنَا عَذَابَ النَّارِ

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഈ ലോകത്ത് നന്മ പ്രദാനം ചെയ്യേണമേ, പരലോകത്തും നന്മ പ്രദാനം ചെയ്യേണമേ. ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ. (2:202)

ഹസ്റത്ത് ആദം(അ) ചെയ്തിരുന്ന ഒരു പ്രാർത്ഥന ഹസ്റത്ത് മസീഹ് മൗഊദ് (അ) എടുത്ത് പറഞ്ഞിട്ടുണ്ട്. ആദം ചെയ്ത ഈ പ്രാർത്ഥന അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെട്ടതാണ്. അതുകൊണ്ട് ജമാഅത്ത് അതേ വാക്കുകളിൽ തന്നെ പ്രാർത്ഥിക്കാനാണ് അവിടന്ന് പറയുന്നത്. ***റബ്ബനാ ള്വലംനാ അൻഫുസനാ വഇല്ലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്നമിനൽ ഖാസിരീൻ.***

رَبَّنَا ظَلَمْنَآ اَنْفُسَنَا وَ اِنْ لَّمْ تَغْفِرْ لَنَا
وَتَرْحَمْنَا لَنَكُوْنَنَّ مِنَ الْخٰسِرِيْنَ (٢٤)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ തെറ്റു ചെയ്തുപോയി; നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽപ്പെട്ടുപോകും. (7:24)

1974 ജനുവരി മൂന്നിന് പ്രസിദ്ധീകരിച്ച അൽഫസ്‌ലിൽ വന്ന ഒരു പ്രാർത്ഥനയാണ് ഇനി കേൾപ്പിക്കുന്നത്. ഈ പ്രാർത്ഥന സയ്യിദ നവ്വാബ് മുബാറക്ക ബീഗം സഹിബന (റ്വറല്ലാഹു മർഖദഹാക്ക്) ഒരു കശ്ഫിലൂടെ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു കൊടുത്തതാണ്. ആ മഹാത്മാവ് പറഞ്ഞു: എന്റെ ജമാഅത്തിനോട്, ***റബ്ബനാ ലാതുസിഗ് ഖുലുബനാ ബഅ്ദഇദ് ഹദയ്ത്തനാ വഹബ്‌ലനാ മില്ലദുൻക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്.***

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا
وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ
أَنتَ الْوَهَّابُ

എന്ന പ്രാർത്ഥന അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കാൻ പറയുക.

അഭൂതപൂർവ്വമായ വിജയമാണ് ഇക്കാലത്ത് ജമാഅത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്തോനേഷ്യയിലും ഒരുപാട് ബയ്അത്തുകൾ നടന്നുവരുന്നു. ഇനിയും ധാരാളം ബയ്അത്തുകൾ നടക്കും. ഇന്തോനേഷ്യൻ ജമാഅത്ത് മുൻപന്തിയിലുയരും. ഇൻശാഅല്ലാഹ്. ഞാനിക്കാര്യങ്ങളൊക്കെ നിങ്ങളെ ഉപദേശിച്ചുവന്നിട്ടുള്ളതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ കശ്ഫിലുള്ള സന്ദേശം കേൾപ്പിച്ചുകൊണ്ട് വീണ്ടും പ്രാർത്ഥനാനിരതരാവാൻ ഞാൻ ഉപദേശിക്കുകയാണ്.

ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകയരുതേ! നീ ഞങ്ങൾക്ക് നിന്റെയടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്. (3:9)

ഇനി ഞാൻ ഹസ്റത്ത് മസീഹ് മൗഊദിന് വെളിപാടിലൂടെ

Scanned with CamScanner

അറിയിക്കപ്പെട്ട മറ്റു പ്രാർത്ഥനകളാണ് കേൾപ്പിക്കുന്നത്. ഇതിൽ ഖുർആനിക പദങ്ങളുണ്ട്. പക്ഷേ, ഖുർആനിക പ്രാർത്ഥനകളല്ലെന്ന കാര്യം ഓർക്കുക. അല്പസ്വല്പ വ്യത്യാസത്തിൽ ഉണ്ടാകാം. ***റബ്ബി ഇന്നീ മഗ്ലൂബുൻ ഫൻതസ്വിർ.***

എന്റെ രക്ഷിതാവേ, ഞാൻ തോൽപ്പിക്കപ്പെട്ടവനാണ്. എന്നെ സഹായിച്ചാലും. 1833ലാണ് ഈ പ്രാർത്ഥനാ വെളിപാടിറങ്ങിയത്. 1903 ഏപ്രിൽ 26ന് ഇങ്ങനെയും ഇൽഹാം ഉണ്ടായി. ***റബ്ബി ഇന്നീ മഗ്ലൂബുൻ ഫൻതസ്വിർ ഫസഹ്ഹിഖ്ഹും തസ്ഹീഖാ.***

എന്റെ രക്ഷിതാവേ, ഞാൻ തോല്പിക്കപ്പെട്ടവനാണ്. നീ പകരം വീട്ടിയാലും. അവരെ ഭസ്മംഭസ്മമാക്കിയാലും. ഒരു നിവേദനത്തിൽ *മഗ്ലൂബ്* എന്നതിനു പകരം *മള്ലൂമ്* എന്നും വന്നിട്ടുണ്ട്. അതായത് ***റബ്ബീ ഇന്നീ മള്വല്മുൻ ഫൻതസ്വിർ.***

എന്റെ രക്ഷിതാവേ, ഞാൻ മർദ്ദിതനാണ്. എന്നെ സഹായിച്ചാലും റബ്ബീഗ്ഫിർ വർഹം മ്മിനസ്സമാഇ

എന്റെ രക്ഷിതാവേ, പൊറുത്തു തന്നാലും, ആകാശത്തുനിന്ന് കരുണ ചൊരിഞ്ഞാലും.

***റബ്ബി തവഫ്ഫനീ മുസ്ലിമൻ വ അൽഹിഖ്നീ ബിസ്സ്വാലിഹീൻ***

എന്റെ രക്ഷിതാവേ, ഞാൻ മുസ്ലിമായിരിക്കുന്ന അവസ്ഥയിൽ എന്നെ മരിപ്പിച്ചാലും. എന്നെ സാത്വികരായ ജനങ്ങളിൽ ഉൾപ്പെടുത്തിയാലും.

***റബ്ബീ നജ്ജിനീ മിൻ ഗമ്മീ***

എന്റെ രക്ഷിതാവേ, എനിക്ക് എന്റെ ദുഃഖത്തിൽനിന്ന് മോചനം നൽകിയാലും.

***റബ്ബീ ഹബ്ലീ ദുർരിയ്യത്തൻ ത്വയ്യിബത്തൻ.***

എന്റെ രക്ഷിതാവേ, എനിക്ക് പരിശുദ്ധരായ സന്താനങ്ങൾ നൽകിയാലും.

***റബ്ബനാ ആമന്നാ ഫക്തുബ്നാ മഅശ്ശാഹിദീൻ***

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു.

Scanned with CamScanner

ഞങ്ങളെ സാക്ഷികളിൽ എഴുതിയാലും.

*റബ്ബനാ ഇന്നനാ ജിഅ്നാക്ക മള്‌ലൂമൂന. ഫഫ്റുഖ് ബയ്നനാ വ ബയ്നൽഖൗമിള്ളാലിമീൻ.*

ഞങ്ങളുടെ നാഥാ, ഞങ്ങൾ നിന്റെയടുക്കൽ മർദ്ദിതരായ അവസ്ഥയിൽ വന്നിരിക്കുന്നു. ഞങ്ങളുടേയും അക്രമികളായ ജനതയുടേയും ഇടയിൽ നീ വ്യത്യാസം വെളിപ്പെടുത്തിയാലും.

*റബ്ബനഗ്ഫിർലനാ ദുനൂബനാ ഇന്നാ കുന്നാ ഘാതിഇൗൻ.*

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്കു പൊറുത്തുതന്നാലും. ഞങ്ങൾ തെറ്റുചെയ്തവർ തന്നെയാണ്.

1907ൽ ഇങ്ങനെ ഒരു ഇൽഹം-വെളിപാടുണ്ടായി. *റബ്ബനാ ലാ തജ്അൽനാ തുമ്മത്തല്ലിൽ ഖൗമിള്ളാലിമീൻ.*

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ അക്രമികളായ ജനതയുടെ കുറിമാനം ആക്കരുതേ. *വജ്അൽ അഫ്ഇദത്തമ്മിനന്നാസി തഹ്‌വീ ഇലയ്യ.*

മനുഷ്യഹൃദയങ്ങളെ എന്നിലേക്ക് തിരിച്ചാലും.

ഇത് ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള സുവാർത്തയാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. നിങ്ങളുടെ മാതൃരാജ്യം ഇന്നതിന് സാക്ഷിയാണ്. ജനഹൃദയങ്ങളെ ഏതു രീതിയിലാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ലേക്ക് അല്ലാഹു തആല തിരിച്ചുകൊണ്ടുവന്നിരിക്കുന്നതെന്ന് നോക്കുക.

*റബ്ബി അജ്സിഹു ജസാഅൻ ഔഫാ.*

എന്റെ രക്ഷിതാവേ, ഇയാൾക്ക് നീ പൂർണമായ പ്രതിഫലം നൽകിയാലും. ഇവിടെ ഇയാൾ എന്നു പറഞ്ഞതാരാണ്? ഇതിനു മുമ്പേ ആ മഹാത്മാവിന് ഒരു ഇൽഹാം ഉണ്ടായിരുന്നു. *ഇൻആമു റഅ്സുൽഖദ്രി.* അതായത് ഉന്നതമായ സമ്മാനം. ഈ ഇൽഹാമിന് ശേഷമാണ് ഇയാൾക്ക് പൂർണ്ണമായ പ്രതിഫലം നൽകേണമേ എന്നുള്ള പ്രാർത്ഥന. അതിന്റെ ഉദ്ദേശം ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്നെയാണ്. അതായത് അല്ലാഹു എനിക്ക് പരിപൂർണ്ണമായ പ്രതിഫലം നൽകുമാറാകട്ടെ.

Scanned with CamScanner

ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സഹധർമ്മിണിക്കു വേണ്ടി ചെയ്ത പ്രാർത്ഥന നിങ്ങൾക്ക് നിങ്ങളുടെ സഹധർമ്മിണിക്ക് വേണ്ടി ചെയ്യാവുന്നതാണ്.

*റബ്ബി അസ്സിഹ് സൗജത്തീ*

എന്റെ രക്ഷിതാവേ, എന്റെ ഭാര്യയ്ക്ക് ആരോഗ്യം നല്കേണമേ. *റബ്ബിശ്ഫി സൗജത്തീ ഹാദിഹീ വജ്അല്ലഹാ ബറാകാത്തിൻ ഫിസ്സമാഇ വ ബറക്കാത്തിൻ ഫിൽ അർള്.*

എന്റെ രക്ഷിതാവേ, എന്റെ ഈ ഭാര്യയ്ക്ക് നീ ശിഫാ നൽകേണമേ. അവർക്കായി അഭൗമികവും ഭൗമികവുമായ അനുഗ്രഹം ന്ലകേണമേ.

കുട്ടികളുണ്ടാകാൻ ചിലപ്പോൾ ചിലർ ധിറുതി കൂട്ടാറുണ്ട്. എന്നാൽ പ്രാർത്ഥനയിൽ അവർ ശ്രദ്ധിക്കാറില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഭാര്യയ്ക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ടായിരുന്നു.

*റബ്ബീസിദ്നീ ഉമുരീ വഉമറ സൗജത്തീ സിയാദത്തൻ ഘാരിഖൽ ആദത്തി.*

എന്റെ രക്ഷിതാവേ, എന്റെയും എന്റെ ഭാര്യയുടെയും ആയുസ്സ് അമാനുഷികമായ നിലയിൽ വർദ്ധിപ്പിക്കേണമേ.

ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ അമ്മാജാൻ (റ)ന് അല്ലാഹു അമാനുഷികമായ നിലയിൽ ദീർഘായുസ്സ് നൽകുകയുണ്ടായി.

*റബ്ബി ലാ തുളയ്യിഅ് ഉമുരീ വ ഉമറഹാ വഹ്ഫള്നീ മിൻ കുല്ലി ആഫത്തിൻ തുർസലു ഇലയ്യ.*

എന്റെ രക്ഷിതാവേ, എന്റെയും, എന്റെ ഭാര്യയുടെയും പ്രായം പാഴാക്കിക്കളയരുതേ, എന്റെ നേരെ അയക്കുന്ന എല്ലാ ആപത്തുകളിൽനിന്നും നാശങ്ങളിൽ നിന്നും എന്നെ രക്ഷിക്കേണമേ.

റബ്ബിഹ്ഫള്നീ ഫഇന്നൽഖൗമ യത്തഘിദൂനനീസുഘ്റത്തൻ

എന്റെ രക്ഷിതാവേ, എന്നെ പരിഹസിക്കുന്നിടം ആക്കിയിരിക്കുന്ന ഈ ജനതയിൽനിന്ന് രക്ഷിക്കേണമേ. *റബ്ബിഅഘ്രിജ്നീ മിനന്നാർ.*

Scanned with CamScanner

എന്റെ രക്ഷിതാവേ എന്നെ അഗ്നിയിൽനിന്ന് പുറത്തുകൊണ്ടു വന്നാലും. ഇതിനു തൊട്ടുശേഷം ഒരു വെളിപാടുണ്ടായി. "എല്ലാ സ്തുതിയും അല്ലാഹുവിന്നാകുന്നു. അവൻ എന്നെ അഗ്നിയിൽനിന്ന് രക്ഷിച്ചു."

ഭൂകമ്പത്തെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വെളിപാടിലൂടെ ഒരു പ്രാർത്ഥന പഠിപ്പിക്കപ്പെട്ടു. ***റബ്ബീ അറിനീ ആയത്തം മ്മിനസ്സമാഇ.***

എന്റെ രക്ഷിതാവേ, എനിക്ക് ആകാശത്ത് നിന്നൊരു അടയാളം കാണിച്ചാലും. ഈ പ്രാർത്ഥനയോടൊപ്പം *ഇക്റാമ്, ഇൻആമ്* എന്നീ വാക്കുകളും അറിയിച്ചിരുന്നു. പ്രസ്തുത അടയാളം കാണിക്കുന്ന തോടൊപ്പം ഒരു ബഹുമതിയും നൽകുമെന്നുള്ള സൂചനയായിരുന്നു അത്. അതിനോടൊപ്പം ഒരു സമ്മാനവും ഉണ്ടായിരിക്കും. പറഞ്ഞു: ഭൂകമ്പത്തിന്റെ രൂപം കണ്ണിന്റെ മുമ്പിൽ തെളിഞ്ഞു. പിന്നീട് ഇൽഹാമുണ്ടായി. ***റബ്ബി അഖ്ഖിർ വഖ്ത്ത ഹാദാ.***

എന്റെ രക്ഷിതാവേ, ഇത് മറ്റൊരു സമയത്തേക്ക് നീക്കിവെച്ചാലും. ഇതിനോടൊപ്പം ഈ പ്രാർത്ഥന സ്വീകരിക്കപ്പെട്ടുവെന്ന് പറയുകയുണ്ടായി. അല്ലാഹു തആല ഇത് മറ്റൊരു സമയത്തേക്ക് മാറ്റിയിരിക്കുന്നു. ***റബ്ബി അറിനീസൽസലത്തസ്സാഅത്തി*** വാഗ്ദാനം ചെയ്യപ്പെട്ട ആ ഭൂകമ്പം എന്നെ കാണിച്ചാലും. അതായത് ദർശനത്തിൽ കാണിച്ചുതന്നാലും. പിന്നീടുണ്ടായ വെളിപാട് ഇതാണ്: ***റബ്ബിഫർറിഖ് ബയ്ന സ്വാദിഖൻ വ കാദിബിൻ അൻത തറാ കുല്ല മുസ്ലിഹിൻ വ്വ സ്വാദിഖീൻ.***

എന്റെ രക്ഷിതാവേ, സത്യവാനും അസത്യവാനുമിടയിൽ വ്യത്യാസം നൽകി കാണിച്ചാലും. നീ എല്ലാ പരിഷ്കർത്താക്കളേയും സത്യസന്ധന്മാരേയും അറിയുന്നു.

ഈ വെളിപാടിൽ അബ്ദുൽ ഹക്കീംഖാന്റെ വാദത്തിനുള്ള ഖണ്ഡനമാണ് അടങ്ങിയിരിക്കുന്നത്. താൻ സത്യവാനാണെന്ന് അയാൾ വാദിച്ചിരുന്നു. അല്ലാഹു പറഞ്ഞു: ഞാൻ സത്യവാനേയും അസത്യവാനേയും വേർപെടുത്തി കാണിക്കുന്നതാണ്. വേറൊരു പ്രാർത്ഥന: ***റബ്ബി ലാതുബ്ഖിലീ മിനൽ മുഖ്സിയാത്തി ദിക്റാ.***

എന്റെ രക്ഷിതാവേ, അപമാനമുണ്ടാക്കുന്ന വ്സതുക്കളൊന്നും

Scanned with CamScanner

എനിക്കായി ബാക്കി വയ്ക്കരുതേ. ഈ പ്രാർത്ഥനയും സ്വീകരിക്കപ്പെട്ടുവെന്നത് ഇവിടെ ഒരു കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1903ലെ മറ്റൊരു വെളിപാടിൽ ഈ പ്രാർത്ഥന സ്വീകരിക്കുമെന്നുള്ള വാഗ്ദാനം നൽകിക്കൊണ്ടു പറഞ്ഞു: "നിനക്ക് അപമാനമുണ്ടാക്കുന്ന ഒരു കാര്യവും നാം ബാക്കിവയ്ക്കുകയില്ല." എന്റെ രക്ഷിതാവേ, ഭൂമിയിൽ നിഷേധികളായ ഒരുത്തരേയും നീ വിട്ടുകളയരുതേ എന്നതിന്റെ ഉദ്ദേശ്യം ആരുടെ വിധിയിലാണോ കുഫ്ർ-നിഷേധം എഴുതപ്പെട്ടിരിക്കുന്നത് അവരാണ്. അത് അവരിൽനിന്ന് ഒഴിവാകുക സാധ്യമല്ല. അല്ലാതെ മസീഹ് മൗഊദിന്റെ കാലത്ത് ആ മഹാത്മാവിനെ നിഷേധിച്ച എല്ലാവരുമല്ല. അവരുടെ നാശത്തിന്നായി അവിടന്നു പ്രാർത്ഥിച്ചുവെന്നുമല്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ)നുണ്ടായിട്ടുള്ള വെളിപാടുകൾ ചിന്തിച്ചു മനസ്സിലാക്കേണ്ടതാണ്. എല്ലാ നിഷേധികൾക്കും ഇത് ബാധകമായിരുന്നെങ്കിൽ, അവരിൽനിന്ന് നിരവധി നിരവധിയാളുകൾ അഹ്മദിയായതെങ്ങനെ? ആരുടെ വിധിയിലാണോ കുഫ്റിന്റെ മരണം എഴുതപ്പെട്ടിരിക്കുന്നത്, അവരെ ഭൂമിയിൽനിന്നൊഴിവാക്കുക എന്നതാണ് പറഞ്ഞതിന്റെ സാരം. നൂഹ് (അ)ന്റെ പ്രാർത്ഥനയിൽ പറഞ്ഞതുപോലെ. ഇവരിൽനിന്ന് നിഷേധികളായ സന്താനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. അതുകൊണ്ടിവരെ ലോകത്തുനിന്ന് ഒഴിവാക്കുന്നതാണുത്തമം. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇതുമായി ബന്ധപ്പെട്ട് എനിക്കുണ്ടായ വെളിപാട് എന്റെ വിജയത്തെ കുറിച്ചുള്ളതാണ്. ***റബ്ബീജ്അൽനീ ഗാലിബൻ അലാ ഗയ്രീ.***

എന്റെ രക്ഷിതാവേ, എനിക്ക് അന്യരുടെമേൽ വിജയം നൽകിയാലും. ***വജ്അൽലീ ഗലബത്തൽ ഫിദ്ദുൻയാവദ്ദീൻ*** ദുൻയാവിലും ദീനിലും എനിക്ക് വിജയം നൽകിയാലും. ***വജ്അൽലീ നാഫിഅൻ ഹാദിഹിത്തിജാറത്തി.*** എന്റെ രക്ഷിതാവേ, എനിക്ക് ഈ കച്ചവടം ലാഭകരമാക്കിയാലും. ഇവിടെ ഭൗതികമായ കച്ചവടമല്ല ഉദ്ദേശ്യം. വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു: ***ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജീക്കും മ്മിൻ അദാബിൻ അലീം.*** വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവ് നൽകട്ടെയോ (61:11). ഈ കച്ചവടമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉദ്ദേശിച്ചത്.

***റബ്ബി സല്ലിത്നീ അലന്നാരി.***

Scanned with CamScanner

എന്റെ രക്ഷിതാവേ, എന്നെ അഗ്നിയുടെമേൽ അധികാരിയാക്കിയാലും. അതായത് ചിത്തപറയുന്നവരുടെ രോഷാഗ്നി എന്റെ വരുതിയിലാക്കിയാലും. നിങ്ങൾ ഈ അത്ഭുതം (മുഅ്ജിസത്ത്) ഇന്തോനേഷ്യയിലും കണ്ടു. അല്ലാഹുതആല ഏതെല്ലാം രീതിയിലാണ് ഹസ്റത്ത് മസീഹ് മൗഊദിന്റെ ശിഷ്യഗണങ്ങൾക്കും അഗ്നിയുടെമേൽ അധികാരം നൽകിയിട്ടുള്ളത്. അഗ്നി അവർക്ക് അടിമയായിത്തീർന്നു.

സബൂറിന്റെ ഒരു പ്രാർത്ഥനയുണ്ട്. അത് എബ്രായഭാഷയിൽത്തന്നെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു അറിയിച്ചുകൊടുത്തു. മത്തായിയുടെ സുവിശേഷത്തിലും ഈ ദുആ കാണാം.

"അല്ലാഹുവേ ഞാൻ പ്രാർത്ഥിക്കുന്നു. എനിക്ക് മോക്ഷം നല്കേണമേ. ബുദ്ധിമുട്ടുകളിൽനിന്ന് മുക്തിനല്കേണമേ" അല്ലാഹു അറിയിച്ചു: "നാം മോക്ഷം നല്കിയിരിക്കുന്നു." ഇത് പ്രാർത്ഥനയുടെ രൂപത്തിൽ ചെയ്യപ്പെട്ട ഒരു പ്രവചനമാണ്. 25 വർഷത്തിനു ശേഷം ഇത് പുലർന്നു. വീണ്ടും പ്രാർത്ഥന പഠിപ്പിക്കപ്പെട്ടു.

"എന്റെ രക്ഷിതാവേ, നിന്റെ ദിവ്യജ്യോതിസ്സിന്റെ ദർശനം എനിക്കു നല്കിയാലും." ***അല്ലാഹുമ്മബാരിക്‌ലീഫീ ഹാദിഹിർറുഅ്‌യാ***

'അല്ലാഹുവേ, എന്റെ സ്വപ്നത്തെ എനിക്ക് അനുഗ്രഹപൂർണമാക്കിയാലും.' ഇവിടെ സ്വപ്നം എന്താണെന്ന് പറഞ്ഞുകാണുന്നില്ല. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കാണിച്ചുകൊടുത്ത സ്വപ്നത്തെ സംബന്ധിച്ചാണ് ഈ പ്രാർത്ഥന പഠിപ്പിക്കപ്പെട്ടിട്ടുള്ളത്.

***അല്ലാഹുമ്മ ഇൻ അഹ്‌ലക്ത ഹാദിഹിൽ ഇസ്വാബത്ത ഫലൻതുഅ്ബദ ഫിൽഅർളി അബദാ***

നബി (സ) തിരുമേനി ബദ്ർയുദ്ധത്തിന് മുമ്പേ ചെയ്ത പ്രാർത്ഥനയാണിത്. നിന്റെ സന്മാർഗത്തിന്റെ മാർഗം ഞാൻ കാണിച്ചുകൊടുത്തിട്ടുള്ളവർ നശിക്കുകയാണെങ്കിൽ പിന്നെ നിന്റെ യഥാർത്ഥ ആരാധന ഒരിക്കലും ഭൂമിയിലുണ്ടാകുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനേയും പ്രസ്തുത പ്രാർത്ഥന പഠി

Scanned with CamScanner

പ്പിക്കുകയാണ്. ഞാനവർക്ക് യഥാർത്ഥ ആരാധനയുടെ ചൈതന്യം പഠിപ്പിച്ചുകൊടുത്തിരിക്കുന്നു. ഈ ജമാഅത്ത് നശിച്ചുപോകുകയാണെങ്കിൽ പിന്നെ യഥാർത്ഥ ആരാധകർ ലോകത്തുണ്ടാകുകയില്ല.

പ്രാർത്ഥനയെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

അല്ലാഹു ആരെയാണോ സ്വീകരിച്ചിട്ടുള്ളത് അവരുടെ എല്ലാ പ്രാർത്ഥനകളും അവൻ അംഗീകരിക്കുന്നു. എന്നല്ല, പ്രാർത്ഥനയുടെ സ്വീകാര്യത തന്നെയാണ് അവരുടെ ദിവ്യാത്ഭുതം. വിപത്തുകൾ നേരിടുമ്പോൾ അവരുടെ ഹൃദയങ്ങളിൽ പരിഭ്രാന്തി ഉണ്ടാകുന്നു. ആ കഠിനമായ പരിഭ്രാന്തിയുടെ നേരത്ത് അവർ തങ്ങളുടെ അല്ലാഹുവിലേക്ക് തിരിയുന്നു. അല്ലാഹു അഴവരുടെ പ്രാർത്ഥന കേൾക്കുന്നു. അപ്പോൾ അവരുടെ കൈ അല്ലാഹുവിന്റെ കൈയായി മാറുന്നു. അല്ലാഹു മറഞ്ഞിരിക്കുന്ന ഖജനാവ് പോലെയാണ്. തന്റെ അംഗീകാരം നേടിയവർ മുഖേന അവൻ തന്റെ മുഖം കാണിക്കുന്നു. അവൻ സ്വീകരിച്ചയാളുകൾ പീഡനങ്ങൾക്ക് വിധേയരാകുമ്പോഴാണ് അവന്റെ ദൃഷ്ടാന്തം വെളിപ്പെടുന്നത്. പീഡനങ്ങൾ അതിരുകടക്കുമ്പോൾ മനസ്സിലാക്കിക്കൊള്ളുക, അവന്റെ ദൃഷ്ടാന്തം ഇറങ്ങാൻ പോകുന്നെന്ന്. അല്ല, അത് വാതിൽക്കൽ എത്തിയെന്ന്. അല്ലാഹു സ്നേഹിക്കുന്ന ഒരു ജനതയാണവർ. അതുപോലുള്ള സ്നേഹം സ്വന്തം കുട്ടികളോടുപോലും ആർക്കും ഉണ്ടായിരിക്കുകയില്ല. ഹൃദയംഗമമായി അവന്റേതായിത്തീരുന്നവർക്ക് അവൻ തന്റെ അത്ഭുതപ്രവൃത്തികൾ പ്രത്യക്ഷപ്പെടുത്തുന്നു. നിദ്രയിലാണ്ട സിംഹം ഞെട്ടിയുണരുന്നതുപോലെ അവൻ തന്റെ ശക്തി കാണിക്കുന്നു. അല്ലാഹു മറഞ്ഞിരിക്കുന്നവനാണ്. ഇത്തരം ജനങ്ങളാണ് അവനെ വെളിപ്പെടുത്തുന്നത്. അവൻ നിരവധി പർദ്ദകൾക്കുള്ളിലാണ്. അവന്റെ മുഖം കാണിക്കുന്നതും ഈ ജനത തന്നെ. ●

*(2002 ജൂലായ് 7, മസ്ജിദ് ഹിദായ, ജക്കാർത്ത, ഇന്തോനേഷ്യ)*

Scanned with CamScanner

# അറിവ് വർദ്ധിക്കാനും ദൈവജ്ഞാനത്തിനുമുള്ള പ്രാർത്ഥനകൾ

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ
الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ
يَرْشُدُونَ ۝

എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ സമീപത്തുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് അവരെന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ. (2:187)

പ്രാർത്ഥന എന്ന വിഷയത്തെ അധികരിച്ചുകൊണ്ടുള്ള ഖുത്ബ പരമ്പരയാണ് ദീർഘകാലമായി നടന്നുവരുന്നത്. മസീഹ് മൗഊദ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ചെയ്ത പ്രാർത്ഥനകൾ ഞാൻ വിവരിക്കാൻ തുടങ്ങിയത് ഇന്തോനേഷ്യയിൽ വെച്ചാണ്. ഇപ്പോഴും അതു തുടരുകയാണ്. ഈ വിഷയം എപ്പോൾ അവസാനിക്കുമെന്ന് അല്ലാഹുവിനേ അറിയൂ. ഇന്നു ഞാൻ പറയാൻ പോകുന്നത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു ഇൽഹാം -വെളിപാട്- മുഖേന പഠിപ്പിച്ച ചില പ്രാർത്ഥനകളാണ്.

Scanned with CamScanner

## അറിവ് വർദ്ധിക്കാനും ദൈവജ്ഞാനത്തിനുമുള്ള പ്രാർത്ഥന

***റബ്ബീ അറിനീ അൻവാറക്കൽ കുല്ലിയാത്ത***-എന്റെ രക്ഷിതാവേ, സകല സ്ഥലത്തും വലയം ചെയ്തുനിൽക്കുന്ന പ്രകാശം നീ എനിക്കു കാണിച്ചുതന്നാലും. 1906 ജൂൺ ഏഴാം തീയതിയാണ് ഈ പ്രാർത്ഥന ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വെളിപാടിറങ്ങിയത്.

റബ്ബീ അല്ലിംനീ മാ ഹുവ ഖയ്റുൻ ഇൻദക്ക-എന്റെ രക്ഷിതാവേ, നിന്റെ പക്കൽ ഉത്തമമായിട്ടുള്ളത് എന്നെ പഠിപ്പിച്ചാലും. ഈ പ്രാർത്ഥന ഇറങ്ങിയത് 1906 ൽ തന്നെയാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ പ്രാർത്ഥനയുടെ കൂടെ മറ്റൊരു പ്രാർത്ഥനയും ചേർത്തിട്ടാണ് ഞാൻ സാധാരണ പ്രാർത്ഥിക്കാറുള്ളത്.

***റബ്ബി അറിനീ ഹഖായിഖൽ അശ്യാഅ്***-റബ്ബീസിദ്നീ ഇൽമാ എന്റെ രക്ഷിതാവേ, എനിക്ക് വസ്തുക്കളുടെ വാസ്തവികത കാണിച്ചുതന്നാലും, എനിക്ക് അറിവ് വർദ്ധിപ്പിച്ചുതന്നാലും. ഈ പ്രാർത്ഥനകൾ രണ്ടും ഒന്നിച്ച് ചൊല്ലുന്നത് കൂടുതൽ ഗുണപ്രദമാണ്. വിദ്യാർത്ഥികൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## അറിവും കാര്യബോധവും ഉണ്ടാകുന്നതിനുള്ള പ്രാർത്ഥന

***വമാ തൗഫീഖ ഇല്ലാ ബില്ലാഹ്. റബ്ബനാ ഇഹ്ദിനാ സ്വിറാത്വക്കൽ മുസ്തഖീമ വ ഹബ്ലനാ മിൻ ഇൻദിക്ക ഫഹ്മുദ്ദീനിൽ ഖവീമി വ അല്ലിംനാ മില്ലദുൻക്ക ഇൽമാ-*** "അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ എനിക്കൊരു ശക്തിയുമില്ല. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നേരായ മാർഗ്ഗത്തിലേക്ക് നയിച്ചാലും. നിന്റെ തിരുസന്നിധിയിൽ നിന്നുതന്നെ ഞങ്ങൾക്ക് കാര്യബോധം നൽകിയാലും. നിന്റെ തിരുസന്നിധിയിൽ നിന്നുതന്നെ ഞങ്ങൾക്ക് പ്രത്യേകമായ അറിവ് നൽകിയാലും." നേരായ വഴിയിലേക്കുള്ള മാർഗദർശനവും, നേരായ വഴിയെക്കുറിച്ചുള്ള കാര്യബോധവും, ഇതു രണ്ടും വ്യത്യസ്തമായ കാര്യങ്ങളാണ്. "നിന്റെ തിരുസന്നിധിയിൽ നിന്ന് ഞങ്ങൾക്ക് പ്രത്യേകമായ അറിവ് മനസ്സിലാക്കിത്തന്നാലും" എന്ന

Scanned with CamScanner

പ്രാർത്ഥന ഇത് വ്യക്തമാക്കുന്നു.

## വിശുദ്ധിക്കുവേണ്ടിയുള്ള പ്രാർത്ഥന

ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു: ഗൂരുദാസ് പൂരിൽവെച്ച് 25 വർഷംമുമ്പേ ഞാനൊരു സ്വപ്നം കണ്ടു. ഒരു കട്ടിലിൽ ഞാനിരിക്കുന്നു. അതേ കട്ടിലിൽ വലതുവശത്ത് പരേതനായ മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവിയും ഇരിക്കുന്നുണ്ട്. മൗലവി സാഹിബിനെ കട്ടിലിൽനിന്ന് ഉടനെ താഴെ ഇറക്കണമെന്ന് എനിക്ക് തോന്നി. ഞാൻ അദ്ദേഹത്തെ തള്ളി താഴെയിറക്കി. അദ്ദേഹം താഴെ ഇരുന്നു. അപ്പോൾ മൂന്നു മലക്കുകൾ സന്നിഹിതരായി. ഹയ്റായത്തി എന്നായിരുന്നു ഒരാളുടെ പേര്. ആ മലക്കുകളും താഴെ ഇരുന്നു. അപ്പോഴും ഞാനിരുന്നത് കട്ടിലിൽത്തന്നെയായിരുന്നു. ഞാനവരോട് പറഞ്ഞു: ഞാൻ പ്രാർത്ഥിക്കാൻ പോകുകയാണ് നിങ്ങളെല്ലാവരും ആമീൻ പറയണം. ഞാനിങ്ങനെ പ്രാർത്ഥിച്ചു. *'റബ്ബി അദ്ഹിബ് അന്നിർരിജ്സ വ ത്വഹ്ഹിർനീ തത്ഹീറാ.* (എന്റെ രക്ഷിതാവേ, എന്നിൽ നിന്ന് അശുദ്ധിയെ അകറ്റിനിറുത്തിയാലും. പരിശുദ്ധനാകേണ്ട രീതിയിൽ എന്നെ പരിശുദ്ധനാക്കിയാലും) ഞാനിങ്ങനെ പ്രാർത്ഥിച്ചപ്പോൾ മൗലവി അബ്ദുല്ലാഹ് സാഹിബും മലക്കുകളും ആമീൻ ചൊല്ലി. അതുകഴിഞ്ഞ് അവർ ആകാശത്തേക്ക് ഉയർന്നുപോയി. ഞാനുണർന്നു. മൗലവി അബ്ദുല്ലാഹ് സാഹിബിന്റെ വേർപാട് അടുത്തിരിക്കുന്നുവെന്ന് വ്യക്തമായും എനിക്കുബോധ്യമായി; ദൈവസന്നിധിയിൽ എനിക്ക് പ്രത്യേകമായ അനുഗ്രഹം നൽകാൻ ഉദ്ദേശിക്കുന്നുവെന്നും, ദൈവികമായ ആകർഷണം എന്നിൽ പ്രവർത്തിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അങ്ങനെ വഹ്യുടെ-വെളിപാടിന്റെ പരമ്പരക്ക് തുടക്കം കുറിച്ചു. ആ ഒരേയൊരു രാത്രിയിൽതന്നെയായിരുന്നു. അല്ലാഹു സമ്പൂർണമായ നിലയിൽ എന്നെ പരിഷ്കരിച്ചത്. മനുഷ്യചിന്തക്കതീതമായ ഒരു മാറ്റമാണ് എന്നിൽ സംഭവിച്ചത്. ഞാൻ ഈ സ്വപ്നം കണ്ട് അധികനാൾ കഴിയുന്നതിനുമുമ്പേ 1881 ഫെബ്രുവരി 15ന് മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവി ഇഹലോകവാസം വെടിഞ്ഞു.

## വിപത്തിൽനിന്നും രോഗത്തിൽനിന്നും മുക്തി

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വയറുകടിരോഗം പിടിപ്പെ

Scanned with CamScanner

ട്ടു. അത് ഗുരുതരാവസ്ഥയിലെത്തി. 16 ദിവസം രക്തം പൊയ്ക്കൊണ്ടിരുന്നു. ഇതേ രോഗത്താൽ ആയിടയ്ക്ക് ഒരാൾ മരിക്കുകയും ചെയ്തു. ഇതൊക്കെയായപ്പോൾ വീട്ടുകാർ നിരാശരായി. അവർ മൂന്നുപ്രാവശ്യം സൂറത്ത് യാസീൻ ഓതികേൾപ്പിച്ചു. ആ വിപത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു തആല ആ മഹാത്മാവിന് ഒരു പ്രാർത്ഥന പഠിപ്പിച്ചു. അല്ലാഹുവിന്റെ അറിയിപ്പനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) നദിയിൽനിന്ന് വരുത്തിയ നനവുള്ള മണ്ണെടുത്ത് തസ്ബീഹും സ്വലാത്തും ചൊല്ലി നെഞ്ചത്തും പുറത്തും രണ്ടുകൈയിലും മുഖത്തും തടവി. ആ മഹാത്മാവ് പറയുന്നു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ ഓരോ പ്രാവശ്യം അങ്ങനെ ചെയ്യുമ്പോഴും ശരീരത്തിനുള്ളിൽനിന്ന് തീ ഉയർന്നുയർന്ന് പോകുന്നതുപോലെ തോന്നി. ഈ സംഭവം 1880ലായിരിക്കണം നടന്നത്. 16 ദിവസത്തിനുശേഷം രോഗം പൂർണമായും സുഖപ്പെട്ടു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവിന് ശുക്ർ ചെയ്യുന്നു: ***സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദ്.*** അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. പരിശുദ്ധനായ അല്ലാഹു മഹത്വമുള്ളവനാകുന്നു. അല്ലാഹുവേ, മുഹമ്മദ് (സ)ന്റെയും അവിടത്തെ കുടുംബാദികളുടേയും മേൽ കരുണ ചൊരിഞ്ഞാലും.

## പകർച്ചവ്യാധിയിൽനിന്ന് രക്ഷപ്പെടാൻ

ഒരിക്കൽ ഈ രോഗം വന്നപ്പോൾ അല്ലാഹുവിന്റെ ഈ നാമങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വെളിപാടുണ്ടായി. ***യാ ഹഫീളു യാ അസീസു യാ റഫീഖ്.*** അല്ലയോ രക്ഷകാ, അല്ലയോ പ്രിയപ്പെട്ടവനേ, അല്ലയോ സ്നേഹിതനായുള്ളവനേ.

പിന്നീടൊരിക്കൽ വലതുതോളിന് പരിക്കുപറ്റിയപ്പോൾ അല്ലാഹുവിനോടു ദുആ ചെയ്തു. അപ്പോൾ വെളിപാടിലൂടെ ഒരു പ്രാർത്ഥന പഠിപ്പിക്കപ്പെട്ടു. അത് ചൊല്ലി ഊതിയപ്പോൾ ക്ഷണത്തിൽ സുഖം കിട്ടി. ***ബിസ്മില്ലാഹിൽ കാഫി-ബിസ്മില്ലാഹിശ്ശാഫീ-ബിസ്മില്ലാഹിൽ ഗഫൂരിർ റഹീം-ബിസ്മില്ലാഹിൽ ബർറിൽ***

Scanned with CamScanner

***കരീം-യാ ഹഫീളു യാ അസീസു യാ വലിയ്യു ഇശ്ഫിനീ***

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സഹായം തേടുന്നു; അവൻ മതിയായവനാണ്. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സഹായം തേടുന്നു; അവൻ രോഗങ്ങൾ സുഖപ്പെടുത്തുന്നവനാണ്. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സഹായം തേടുന്നു; അവൻ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാണ്. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സഹായം തേടുന്നു; അവൻ നന്മചെയ്യുന്നവനും ആദരണീയനുമാണ്. അല്ലയോ സംരക്ഷകനും പ്രതാപവാനും കൂട്ടുകാരനും സഹായകനുമായുള്ളവനേ, നീ എനിക്ക് രോഗത്തിൽനിന്ന് സുഖം പ്രദാനം ചെയ്താലും.

1906ൽ ഒരു രോഗം പിടിപെട്ടപ്പോൾ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ഒരു പ്രാർത്ഥന പഠിപ്പിച്ചു. ***ഇശ്ഫിനീ മിൻല്ല ദുൻക്ക വർഹംനീ.*** എന്റെ രക്ഷിതാവേ, നിന്റെ തിരുസന്നിധിയിൽ നിന്ന് എന്നെ സുഖപ്പെടുത്തിയാലും. എന്നിൽ കരുണചൊരിഞ്ഞാലും.

## വിപത്തുകളിൽനിന്ന് രക്ഷക്കായുള്ള പ്രാർത്ഥന

ഹസ്റത്ത് മസീഹ് മൗഊദ് (അ) 1889ൽ, തീയും പുകയും തീപ്പൊരിയും തന്റെ നേർക്ക് പാറി വരുന്നതായി സ്വപ്നത്തിൽ കണ്ടു. പക്ഷേ അതു ആ മഹാത്മാവിനെ വലയം ചെയ്യുന്നുണ്ടായിരുന്നില്ല. ആ അവസ്ഥയിൽ അവിടന്ന് ഇങ്ങനെ ദുആ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ***യാ ഹയ്യു യാ ഖയ്യൂം ബി റഹ്മത്തിക്ക അസ്തഗീസ്. ഇന്ന റബ്ബീ റബ്ബുസ്സമാവാത്തി വൽ അർള്.*** എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവുമായ അല്ലാഹുവേ, നിന്റെ കാരുണ്യത്തെ മുൻനിറുത്തി ഞാൻ നിന്നോടു സഹായം തേടുന്നു. നിശ്ചയമായും എന്റെ രക്ഷിതാവ് ആകാശങ്ങളുടേയും ഭൂമിയുടേയും രക്ഷിതാവാണ്.

രോഗം സുഖംപ്രാപിക്കുന്ന വിഷയത്തിൽ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. മരണമൊഴികെ എല്ലാ രോഗത്തിനും ചികിത്സയുണ്ട്. നബി (സ) തിരുമേനി പറയുന്നു: ***ലികുല്ലി ദാഇൻ ദവാഉൻ ഇല്ലൽമൗത്ത്.*** പ്രാർത്ഥനകൾകൊണ്ട് മരണത്തെ ഇല്ലാതാക്കാം. എന്നാരെങ്കിലും കരുതുന്നുവെങ്കിൽ അത് അബദ്ധമാണ്.

Scanned with CamScanner

മരണം വരികതന്നെ ചെയ്യും. അത് വിധിക്കപ്പെട്ടതാണ്. അത് മനുഷ്യനെ യഥാർത്ഥമായ വിനയവും ദൈവഭയവും പഠിപ്പിക്കുന്നു.

## സമ്പത്തിൽ അനുഗ്രഹം

നല്ലവണ്ണം നിറഞ്ഞ ഒരു വലിയ കടലാസുസഞ്ചി വെളുത്ത വസ്ത്രത്തിൽ പൊതിഞ്ഞു കെട്ടുന്നതായി 1904 മാർച്ച് 4-ാംതീയതി ഹസ്റത്ത് മസീഹ് മൗഊദ് (അ) സ്വപ്നത്തിൽ കണ്ടു. അപ്പോൾ ഒരു ദുആ നാവിൽ വന്നു. ***റബിജഅൽ ബറക്കത്തൻ ഫീഹി.*** എന്റെ രക്ഷിതാവേ ഇതിൽ അനുഗ്രഹം ചൊരിഞ്ഞാലും.

സമ്പത്തിൽ ദൈവികാനുഗ്രഹം ഉണ്ടാകുന്നതിനുള്ള പ്രാർത്ഥനയും നല്ലവണ്ണം ഓർമവയ്ക്കേണ്ടതാണ്. അല്ലാഹു എപ്പോൾ സമ്പത്ത് നൽകിയാലും അതിൽ ബർക്കത്തുണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കണം. ഇല്ലെങ്കിൽ അത് നഷ്ടപ്പെട്ടുപോകും.

അല്ലാഹു തആല 1883-ൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അനുഗ്രഹം പ്രാപിക്കുന്നതിനുള്ള പ്രാർത്ഥന ഒരു ഭാഗത്ത് പഠിപ്പിക്കുകയും പിന്നീട് അത് പൂർണമായി സ്വീകരിച്ചിരിക്കുന്നുവെന്ന് അറിയിക്കുകയും ചെയ്തു. ഇക്കാര്യം ബറാഹീനെ അഹ്മദിയ്യായുടെ നാലാം ഭാഗം പേജ് 530ൽ അടിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ***റബ്ബിജ്അൽനീ മുബാറക്കൻ ഹയ്സുമാ കുൻതു.*** എന്റെ രക്ഷിതാവേ, ഞാനെവിടെ വസിച്ചാലും എന്നോടൊപ്പം അനുഗ്രഹം ഉണ്ടാകുന്ന വിധത്തിൽ നീ എന്നെ ആക്കിതീർത്താലും.

ഹസ്റത്ത് നവ്വാബ് മുഹമ്മദലിഖാൻ സാഹിബിന് വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായ ഒരവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നിത്യവും ചൊല്ലേണ്ട ചില ദിക്റുകളും പ്രാർത്ഥനകളും അദ്ദേഹത്തെ എഴുതി അറിയിക്കുകയുണ്ടായി. പറഞ്ഞു: താങ്കൾ യാചനത്വത്തോടുകൂടി ഓരോ നമസ്ക്കാരത്തിനുശേഷവും പതിനൊന്ന് പ്രാവശ്യം ***ലാ ഹൗല വലാഖുവ്വത്ത ഇല്ലാ ബില്ലാഹിൽ അലിയ്യിൽ അളീം*** എന്നു ചൊല്ലുക. ഉറങ്ങുന്ന സമയത്ത് അധികം ദീർഘിപ്പിക്കാതെ നമസ്കരിച്ചശേഷം കുറഞ്ഞത് 41 പ്രാവശ്യം സലാത്ത് ചൊല്ലി രണ്ട് റക്അത്ത് നമസ്കരിക്കുക. ഓരോ സുജൂദിലും കുറഞ്ഞത് മൂന്നുപ്രാവശ്യം ഇങ്ങനെ പ്രാർത്ഥിക്കുക. ***യാ ഹയ്യു യാ ഖയ്യൂം ബിറഹ്മത്തിക്ക അസ്തഗീസ്.*** അങ്ങനെ നമസ്കാരം

പൂർത്തിയാക്കി സലാം ചൊല്ലുക. വീണ്ടും പ്രാർത്ഥിക്കുക.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ) നാം ഇന്നു കണ്ടുവരുന്നതുപോലെ നമസ്കാരത്തിൽ പ്രാർത്ഥിക്കാതെ, സലാം വീട്ടിയതിനുശേഷം പ്രാർത്ഥിക്കുന്നതിനെ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. നമസ്കാരത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽ മാത്രം തൃപ്തരാവാതെ നമസ്കാരത്തിനുശേഷവും നിന്നും, ഇരുന്നും, നടന്നും, കിടന്നും രാത്രിയും പകലുമൊക്കെ പ്രാർത്ഥിക്കേണ്ടതാണ്.

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് ഒരാൾ തനിക്കു നേരിട്ടിരിക്കുന്ന പ്രയാസങ്ങൾ പറഞ്ഞു. അത് കേട്ടപ്പോൾ അവിടന്ന് അദ്ദേഹത്തെ ഉപദേശിച്ചു. ഇസ്തിഗ്ഫാർ (പാപപ്പൊറുതി തേടൽ) അധികമധികമായി ചെയ്തുകൊണ്ടിരിക്കുക. നമസ്കാരങ്ങളിൽ ***യാ ഹയ്യു യാ ഖയ്യൂം അസ്തഗീസു ബി റഹ്മത്തിക്ക യാ അർഹമർറാഹിമീൻ*** എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിർത്തുന്നവനുമായ അല്ലാഹുവേ, ഞാൻ നിന്റെ കരുണകൊണ്ട് നിന്റെ സഹായം തേടുന്നു. അല്ലയോ കരുണ ചെയ്യുന്നവരിൽ അധികമായി കരുണ ചെയ്യുന്നവനേ.

'ഇസ്മെ അഅ്ളം' (അല്ലാഹുവിന്റെ ഏറ്റവും മഹത്തായ പേര്) നെ സംബന്ധിച്ച് പലപ്പോഴും ഞാൻ പറഞ്ഞിട്ടുള്ളതാണ്. വിവിധ രീതിയിൽ അല്ലാഹുവിന്റെ മഹത്തായ പേരുകൾ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അവയിലൊന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് പഠിപ്പിക്കപ്പെട്ട ***റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ എന്ന ദുആയാണ്.***

1902 ഡിസംബർ ഏഴിന് സുഹ്ർ നമസ്കാര സമയത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പള്ളിയിലേക്കുവന്നു. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ വഹ്യ്-വെളിപാട് ഇല്ലായിരുന്നുവെങ്കിൽ ഇന്നലെ രാത്രി എന്റെ അവസാന സമയമാണെന്ന് ഞാൻ കരുതുമായിരുന്നു. കാരണം അത്രമാത്രം ഞാൻ സുഖമില്ലാതായി. ആ സ്ഥിതിയിൽ എന്റെ കണ്ണുകൾ അടഞ്ഞു. ഞാനൊരു സ്വപ്നം കണ്ടു. ഞാനൊരു സ്ഥലത്ത് നിൽക്കുകയാണ്. മൂന്ന് വെട്ടുപോത്തുകളെ ഞാൻ കണ്ടു. അതിലൊന്ന് എന്റെ നേർക്കുവന്നു. അതിനെ ഞാൻ

Scanned with CamScanner

അടിച്ചോടിച്ചു. പിന്നീട് രണ്ടാമത്തേത് വന്നു. അതിനേയും ഞാൻ ഓടിച്ചു. മൂന്നാമത്തേതും വന്നു. അതിന്റെ ശക്തി കണ്ടപ്പോൾ അതിൽനിന്ന് ഒരിക്കലും രക്ഷപ്പെടാൻ സാധിക്കുകയില്ലെന്ന് എനിക്ക് തോന്നി. അല്ലാഹുവിന്റെ ശക്തിപ്രഭാവം എന്നു പറയട്ടെ. എനിക്ക് ഭയമുണ്ടായപ്പോൾ അത് അതിന്റെ മുഖം ഒരു ഭാഗത്തേക്ക് തിരിച്ചു. അതിനോടു ചേർന്ന് അപ്പുറം കടക്കാൻ പറ്റിയ നല്ല തക്ക മാണതെന്ന് ഞാൻ മനസ്സിലാക്കി. ഞാനവിടെ നിന്ന് ഓടി. അതും എന്റെ പിന്നാലെ ഓടുന്നുണ്ടാകുമെന്ന് ഞാൻ വിചാരിച്ചു. ഞാൻ തിരിഞ്ഞുനോക്കിയില്ല. ആ സ്വപ്നത്തിൽതന്നെ അല്ലാഹുതആല എന്റെ ഹൃദയത്തിൽ ഈ പ്രാർത്ഥന ഇട്ടുതന്നു. "റബ്ബികുല്ലു ശയ്ഇൻ ഘാദിമുക്ക റബ്ബി ഹഹ്ഫള്നീ വൻസ്വുർനീ വർഹംനീ"

എന്റെ രക്ഷിതാവേ, എല്ലാ വസ്തുക്കളും നിനക്ക് സവേനം ചെയ്യുന്നവയാണ്. എന്റെ രക്ഷിതാവേ, എന്നെ കാത്തുരക്ഷിച്ചാലും, എന്നെ സഹായിച്ചാലും എന്നിൽ കരുണ ചൊരിഞ്ഞാലും. ഇത് 'ഇസ്മുൽ അഅ്ളം' ആണെന്ന് എന്റെ മനസ്സിൽ ഇടപെട്ടു. ഈ വചനങ്ങൾ ആരാണോ ചൊല്ലുന്നത് അവർ എല്ലാവിധ വിപത്തുക ളിൽനിന്നും രക്ഷപ്പെടുന്നതാണ്.

ഇതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അനുച രന്മാർക്കെഴുതിയ കത്തുകളിൽ സത്യഹൃദയത്തോടും വിനയത്തോ ടുംകൂടി റുക്കൂഇലും സുജൂദിലും ഇഅ്തിദാലിലും സൂറഫാത്തിഹ പോലെ ഈ പ്രാർത്ഥന ആവർത്തിച്ചാവർത്തിച്ച് ചെയ്യുവാൻ ഉപ ദേശിക്കുകയുണ്ടായി.

അല്ലാഹുവിന്റെ ഔദാര്യമെന്നു പറയട്ടെ, ഒരിക്കൽ മൂന്നു പോത്തുകൾ മാറിമാറി എന്നെ ആക്രമിക്കുന്നതായി ഞാൻ സ്വപ്നം കണ്ടിരുന്നു. വലിയ രോഗത്തിൽനിന്ന് രക്ഷപ്പെടുമെന്നുള്ള സുവാർത്തയാണതെന്ന് മനസ്സിലായി. രണ്ടെണ്ണം ആക്രമണം നടത്തി ഒരു ഭാഗത്ത് ഓടിപ്പോയി. അവസാനത്തേത് പിന്നാലെ കൂടി. അതിന്റെ കൊമ്പുകളിൽ എന്നെ പൊക്കിയെടുത്തെറിയുമെന്ന് തോന്നിപ്പോയി. ആ സ്വപ്നത്തിൽ പരേതനായ സാഹിബ് സാദഃ മിർസാ മൻസ്വൂർ അഹ്മദ് സാഹിബിനേയും കണ്ടു. അദ്ദേഹം ആ സമയത്ത് എന്റെ കൂടെയുള്ളതായിട്ടാണ് കണ്ടത്. ഇതിനുശേഷം ആ വിപത്ത് ഒഴിഞ്ഞുപോയി. മൻസൂർ എന്ന പേരിൽ സഹായിക്കു

മെന്നുള്ള സുവാർത്ത അടങ്ങിയിരിക്കുന്നു. ഈ സന്തോഷ വർത്തയും അതിനോടൊപ്പം നൽകപ്പെട്ടു.

## സ്വലാത്തും ഇസ്തിഗ്ഫാറും

ഹസ്റത്ത് മസീഹ് മൗഊദ് (അ) ചൗദ്‌രി മുഹമ്മദ് ബഖ്ശ് സാഹിബ് (റ)ന് ഒരു കത്തെഴുതി. അതിൽ മഗ്‌രിബിനും ഇശായ്ക്കും ശേഷം സാധിക്കുന്നിടത്തോളം ഉള്ളഴിഞ്ഞ സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി സ്വലാത്ത് ചൊല്ലാൻ അദ്ദേഹത്തെ ഉപദേശിക്കുകയുണ്ടായി. ദീർഘമായൊരു കത്തിലെ ചെറിയൊരു ഭാഗമാണ് ഞാൻ കേൾപ്പിക്കുന്നത്.

***"അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വ്വ അലാആലി മുഹമ്മദിൻ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ്വഅലാ ആലിമുഹമ്മദിൻ കമാബാറക്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്."***

അത്തഹിയ്യാത്തിൽ ചൊല്ലാൻ നബി (സ) തിരുമേനി പഠിപ്പിച്ച അതേ പ്രാർത്ഥന തന്നെയാണിത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. സിയാറത്ത് ചെയ്യിക്കൽ മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല, ഈ പ്രാർത്ഥന തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ സഹായമുണ്ടാകുമ്പോൾ സിയാറത്തിന് അവസരം ലഭിക്കും.

## ഉള്ളിന്റെ ഉള്ളിൽനിന്ന് പുറപ്പെടുന്ന സ്വലാത്ത്

***അല്ലാഹുമ്മ സ്വല്ലി വസല്ലിം വ ബാരിക്ക അലയ്ഹി വ ഇലയ്ഹി വ ഖദ്‌രി ഹമ്മിഹി വ ഗമ്മിഹീ വ ഉദ്നിഹീ ലിഹാദിഹിൽ ഉമ്മത്തി വ അൻസില അലയ്ഹി അൻവാറ റഹ്മത്തിക്ക ഇലല്ല്യാഹി*** (ബറക്കാത്തുദ്ദുആ)

അല്ലാഹുവേ, നബിയുടേയും അവിടത്തെ കുടുംബാദികളുടേയും മേൽ സ്വലാത്തും സലാമും അനുഗ്രഹങ്ങളും ഇറക്കിയാലും. ആ മഹാത്മാവ് ഈ ഉമത്തിനുവേണ്ടി അനുഭവിച്ച ദുഃഖവും വേദനയും വിഷമവും എത്രയാണോ അതിനെക്കാളധികം ആ മഹാത്മാവിൽ

Scanned with CamScanner

കാരുണ്യത്തിന്റെ പ്രകാശം എന്നെന്നും ഇറക്കിക്കൊണ്ടിരുന്നാലും.

സീറത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇങ്ങനെ ഒരു ദുആ രേഖപ്പെടുത്തിയിരിക്കുന്നു.

അല്ലാഹുവേ, ഞാൻ തനിച്ചാകുന്നു. നീ എന്റെ സങ്കടം കേട്ടാലും. എന്റെ ആശ്രയവും എന്റെ വിജയവും എന്റെ പ്രിയപ്പെട്ടവനുമായ അല്ലാഹുവേ, നീ എന്നെ തനിച്ചാക്കരുതേ. ഞാൻ നിന്റെ കൂടെയാകുന്നു. നിന്റെ തിരുസന്നിധിയിൽ എന്റെ ആത്മാവ് പ്രണാമം ചെയ്യുന്നു.

ഹസ്റത്ത് നവ്വാബ് മുഹമ്മദലിഖാൻ സാഹിബ് (റ) നെഴുതിയ ഒരു കത്തിൽ ദൈവതൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ ഉപദേശിച്ചു.

അധികമധികമായി പ്രാർത്ഥനയിൽ മുഴുകുക. വിനയം ഒരു ശീലമാക്കിത്തീർക്കുക. ചടങ്ങെന്ന നിലയിൽ പ്രാർത്ഥിക്കുന്നതുകൊണ്ട് പ്രയോജനമൊന്നുമില്ല. നിർബന്ധ നമസ്കാരത്തിനു പുറമേ ദുആ ചെയ്യുമ്പോൾ ഏകാന്തസ്ഥാനത്തുപോകുക. നമസ്കാരങ്ങളിലും അങ്ങേയറ്റം വിനയത്തോടുകൂടി, യാതൊരു നിവൃത്തിയുമില്ലാത്ത ഒരു മനുഷ്യനെപോലെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ താണുകേണ് പ്രാർത്ഥിക്കുക. പിന്നീട് ഒരു പ്രാർത്ഥനയും ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതുകയുണ്ടായി.

റബ്ബുൽആലമീനായ അല്ലാഹുവേ, നിന്റെ ഔദാര്യങ്ങൾക്ക് ശുക്ർ ചെയ്യുക എന്നത് എന്റെ കഴിവിൽപ്പെട്ടതല്ല. നീ പരമകാരുണികനും ആദരണീയനുമാണ്. എന്നിലുള്ള നിന്റെ ഔദാര്യങ്ങൾ കണക്കറ്റതാണ്. ഞാൻ നശിച്ചുപോകാതിരിക്കാൻ എന്റെ പാപം പൊറുത്തുതന്നാലും. എനിക്ക് ജീവിതം ലഭിക്കുന്നതിനുവേണ്ടി എന്റെ ഹൃദയത്തിൽ നിന്റെ പ്രത്യേകമായ സ്നേഹം ചൊരിഞ്ഞാലും. എന്റെ തെറ്റുകുറ്റങ്ങൾ മറച്ചുവെച്ചാലും നീ ഇഷ്ടപ്പെടുന്ന കർമ്മങ്ങൾ എന്നെക്കൊണ്ടു ചെയ്യിച്ചാലും നിന്റെ കോപം എന്നിൽ ഉണ്ടാകാതിരിക്കാൻ ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. നീ എന്നിൽ കൃപ ചെയ്താലും. ദുൻയാവിലേയും ആഖിറത്തിലേയും ബലാകളിൽനിന്ന് എന്നെ രക്ഷിച്ചാലും. എല്ലാ അനുഗ്രഹങ്ങളും ആദരവു

Scanned with CamScanner

കളും നിന്റെ കൈയിൽ തന്നെയാണ്. ആമീൻ സുമ്മ ആമീൻ.

## ദൈവസ്നേഹവും പൊറുക്കലിനെ തേടലും

ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ആത്മാർത്ഥ സ്നേഹിതനായ മുൻശീ റുസ്തം അലി സാഹിബിന്റെ ഉറ്റ മിത്രമായ സുന്ദർദാസ് മരിച്ചപ്പോൾ, റുസ്തം അലി സാഹിബിന് അയച്ച അനുശോചന സന്ദേശത്തിൽ എഴുതുന്നു.

സുജൂദിലും രാവുംപകലും അധികമായി ഇങ്ങനെ ദു ആ ചെയ്യുക. (മരിച്ച സുന്ദർദാസ്, മുൻശി റുസ്തം അലി സാഹിബിന്റെ നല്ല സുഹൃത്തായിരുന്നുവെന്ന് മനസ്സിലാകുന്നു. അതുകൊണ്ടാണ് സുന്ദർദാസിന്റെ വേർപാടിൽ അദ്ദേഹത്തിന് അഗാധമായ ദുഃഖമുണ്ടായത്. ഹസ്റത്ത് മസീഹ് മഊദ് (അ) അനുശോചനം രേഖപ്പെടുത്തുകയും ക്ഷമ കൈക്കൊള്ളാൻ ഈ ദുആ പഠിപ്പിക്കുകയും ചെയ്തു.)

***യാ റബ്ബു മിൻകുല്ലി മഹ്ബൂബിൻഗ്ഫിരലീ ദുനൂബീ വദ്ഖിൽനീ ഫി ഇബാദിക്കൽ മുഖ്ലിസീൻ.***

സ്നേഹിക്കുന്നവരെക്കാളെല്ലാം അധികം സ്നേഹിക്കുന്നവനേ, എന്റെ പാപം പൊറുത്തുതന്നാലും. നിന്റെ ആത്മാർത്ഥരായ ദാസരിൽ എന്നെയും ഉൾപ്പെടുത്തിയാലും.

ഇവിടെ "സ്നേഹിക്കുന്നവരെക്കാളെല്ലാം അധികം സ്നേഹിക്കുന്നവനേ" എന്ന വാക്കുകൾ വളരെ ചിന്താർഹമാണ്. അതായത്, മരിച്ചുപോയ താങ്കളുടെ സുഹൃത്ത് ഈ ഭൂമിയിൽ ജനിച്ച ഒരു മനുഷ്യനായിരുന്നു. ആ സുഹൃദ് ബന്ധം ക്ഷണികമായിരുന്നു. അദ്ദേഹത്തോടുള്ള സ്നേഹവും ക്ഷണികമാണ്. താങ്കളെ എന്നെന്നും സംരക്ഷിക്കുന്നവൻ അല്ലാഹുവാണ്. അവൻ താങ്കളുടെ പാപങ്ങൾ പൊറുത്തുതരികയും തന്റെ ആത്മാർത്ഥരായ ദാസരുടെ കൂട്ടത്തിൽ താങ്കളെ പ്രവേശിപ്പിക്കുകയും ചെയ്യും. ഇതു മനസ്സിലാക്കിക്കൊടുക്കാനാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്തുത പ്രാർത്ഥനയിൽ ആ വാക്കുകൾ പ്രയോഗിച്ചത്.

## ദൈവസ്നേഹമയമായ മറ്റൊരു പ്രാർത്ഥന

**റബ്ബി ഇന്നക്ക ജന്നത്തീ റഹ്മത്തുക്ക ജിന്നത്തീ വ ആയാ**

Scanned with CamScanner

**ത്തുക്ക ഗീസായി വ ഹിർറുക്ക രിദായീ.** എന്റെ രക്ഷിതാവേ, നിശ്ചയം എന്റെ സ്വർഗ്ഗം നീ തന്നെയാകുന്നു. നിന്റ കാരുണ്യം എന്റെ പരിചയാകുന്നു. നിന്റെ പ്രവൃത്തി എന്റെ പുതപ്പാകുന്നു. ഇതു മുഖന ഞാനെന്റെ കുറവുകളെ മറയ്ക്കുന്നു.

## ബയ്അത്ത് ചെയ്യുമ്പോഴുള്ള ദുആ

മീർ ശഫീഅ് അഹ്മദ് സാഹിബ് ദഹ്‌ലവി (റ) നിവേദനം ചെയ്യുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ബയ്അത്ത് വാങ്ങുന്ന അവസരത്തിൽ തൗബയുട വാക്കുകൾ ചൊല്ലിക്കൊടുക്കുമ്പോൾ സദസ്സിലുള്ള എല്ലാവരും കരയാൻ തുടങ്ങും. കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങും. കാരണം ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ശബ്ദം ആരുടേയും ഹൃദയത്തെ അലിയിപ്പിക്കുന്നതായിരുന്നു. വാസ്തവത്തിൽ നബി (സ) തിരുമേനിയുടെ ഈ പ്രാർത്ഥന ഹസ്റത്ത് മസീഹ് മൗഊദ് (അ) ബയ്അത്ത് ചെയ്യുമ്പോഴുള്ള തൗബയിൽ ഉൾപ്പെടുത്തിയപ്പോൾ അതു വളരെ പ്രിയങ്കരമായി അനുഭവപ്പെട്ടു. ആ പ്രാർത്ഥന ഇങ്ങനെയാണ്: ***റബ്ബി ഇന്നീ ളലംതു നഫ്സീ വഅ്തറഫ്തുബിദൻബീ ഫഗ്ഫിർലീ ദുനൂബീ ലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അൻത.*** എന്റെ രക്ഷിതാവേ, ഞാനെന്റെ ജീവനിൽ അക്രമം ചെയ്തു. എന്റെ പാപം ഞാൻ സമ്മതിക്കുന്നു. നീ എന്റെ പാപം പൊറുത്തുതന്നാലും. നിന്നെ കൂടാതെ പൊറുത്തുതരുന്നവനാരുമില്ല. പ്രസ്തുത നിവേദനത്തെ, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ വാക്കുകൾ ശക്തിപ്പെടുത്തുന്നു. "ബയ്അത്ത് ചെയ്യുമ്പോഴുള്ള തൗബയുടെ ഏറ്റുപറയലിൽ ഒരു അനുഗ്രഹം ഉണ്ട്."

ഈ ദുആ ചെയ്യുമ്പോൾ എനിക്കും വല്ലാതെ കരച്ചിൽ വരാറുണ്ടായിരുന്നു. പിന്നെ മെല്ലെ മെല്ലെ ഞാനതു നിയന്ത്രിച്ചു. ആ കരച്ചിലിൽ (അല്ലാഹു രക്ഷിക്കട്ടെ) നാട്യം ഉണ്ടാകുന്നുണ്ടോ എന്നൊരു സംശയംപോലെതോന്നി. അതുകൊണ്ട് ഇപ്പോൾ ആ പ്രാർത്ഥ ചൊല്ലുമ്പോൾ കഴിയുന്നിടത്തോളം ഞാൻ എന്നെ നിയന്ത്രിക്കുന്നു. ഞാനിത് പറയുന്നതിന്റെ ഉദ്ദേശ്യം എല്ലാവരും ഇങ്ങനെ ചെയ്യണം എന്നർത്ഥത്തിലല്ല. ചില സന്ദർഭങ്ങളിൽ അനിയന്ത്രിതമായ പ്രാർത്ഥന പുറത്തുവരാറുണ്ട്.

Scanned with CamScanner

# റമസാന്റെ അനുഗ്രഹം

ഹസ്റത്ത് മസീഹ് മൗഊദ് (അ) നോമ്പുപിടിക്കുന്നതിനുള്ള ഭാഗ്യം കിട്ടുന്നതിന് പ്രാർത്ഥിക്കാൻ ഉപദേശിച്ചുകൊണ്ടു പറഞ്ഞു. സകലകാര്യങ്ങളും അല്ലാഹുവിനോടു തന്നെ ചോദിക്കേണ്ടതാണ്. അവൻ സർവശക്തനാണ്. അവനിച്ഛിച്ചാൽ കാസരോഗിക്കുപോലും നോമ്പുപിടിക്കാനുള്ള ശക്തി ലഭ്യമാകും. ഒരാൾ, "അല്ലാഹുവേ നിന്റെ അനുഗൃഹീതമാസമാണിത്. ഞാൻ ഇതിൽനിന്ന് തടയപ്പെടുന്നു. അടുത്തവർഷം ജീവിച്ചിരിക്കുമോ, വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ കഴിയുമോ എന്നൊന്നും എനിക്കറിയില്ല. അതുകൊണ്ട് നീ എനിക്ക് നോമ്പുപിടിക്കാൻ തൗഫീക്ക് നല്കേണമേ എന്നു പ്രാർത്ഥിച്ചാൽ അത്തരം ആത്മാക്കൾക്ക് അല്ലാഹു നോമ്പുപിടിക്കാൻ കരുത്തുനൽകുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

ഹജ്ജിന് പോകാൻ തയ്യാറായ ഹസ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബിനോടു അറഫാ മൈതാനിയിൽവെച്ച് ഒരു ദുആ ചെയ്യണമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉപദേശിക്കുകയുണ്ടായി. 1885ന്റെ ആദ്യമാണ് ഹസ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബ് ഹസ്റത്ത് മസീഹ് മൗഊദിന്റെ അനുവാദത്തോടെ ഹജ്ജിന് പോകാൻ ഒരുങ്ങിയത്. ഇവിടെ മസീഹ് മൗഊദിൽ നിന്നുള്ള അനുവാദം എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം വാസ്തവത്തിൽ ദുആ ചെയ്യാനുള്ള അപേക്ഷയാണ്. ഹജ്ജിന് പോകുന്നതിന് ആരുടേയും അനുവാദത്തിന്റെ ആവശ്യമില്ല. അല്ലാഹുവിനോടു ഏവർക്കും നേരിട്ട് അനുവാദം ചോദിക്കാവുന്നതാണ്. പ്രാർത്ഥനയ്ക്കായി അപേക്ഷിക്കാനുള്ള പ്രതീക്ഷാപരവും മര്യാദപരവുമായ ഒരു രീതിയാണിത്. തൽഫലമായി ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ പ്രാർത്ഥനയും നമുക്ക് ലഭ്യമായി. അതു ഞാൻ നിങ്ങളെ കേൾപ്പിക്കാം.

"ഈ വിനീതന്റെ വിനയത്തോടുകൂടിയ ഒരു പ്രാർത്ഥന താങ്കൾ കൈയിൽവെയ്ക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്ത്തുല്ലാ ദൃശ്യമാകുമ്പോൾ ആ പരിശുദ്ധമായ മഖാമെ മഹ്മൂദിൽ നിസ്സാരതയുടേയും നിർധനത്വത്തിന്റേയും കൈകൾ ഉയർത്തി ഹൃദയസാന്നിദ്ധ്യത്തിനായി കേണപേക്ഷിക്കുക. ഇങ്ങനേയും നിർദേശിച്ചു: ഞാനെഴുതിത്തരുന്ന വാക്കുകൾ യാതൊരു വ്യത്യാസവും കൂടാതെ ബയ്ത്തുല്ലായിൽ, കാരുണ്യവാന്മാരിൽ

Scanned with CamScanner

കാരുണ്യവാനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഈ വിനീതനുവേണ്ടി പ്രാർത്ഥിക്കുക."

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ നിർദേശം ഹസ്റത്ത് സൂഫീ അഹ്മദ്ജാൻ സാഹിബ് (റ) 1302 ദുൽഹജ് 9ന് (1885 സെപ്റ്റംബർ 19) അറഫാ മൈതാനിയിൽവെച്ച് പൂർത്തിയാക്കി. അദ്ദേഹത്തിന്റെ പിന്നിൽ അപ്പോൾ 20, 22 വിശ്വാസികൾ ഉണ്ടായിരുന്നു. അവരിൽ ഹസ്റത്ത് ശഹ്സാദഃ അബ്ദുൽ മജീദ് സാഹിബ് (റ) മുബല്ലിഗ് ഇറാൻ, ഹസ്റത്ത് ഖാൻസാഹിബ് (മുഹമ്മദ്) അമീർഖാൻ സാഹിബ് (റ), ഹസ്റത്ത് ഖാസി സയ്നുൽ ആബിദീൻ സാഹിബ് സർഹിന്ദി (റ), ഹസ്റത്ത് സൂഫി സാഹിബന്റെ മകൻ, ഹസ്റത്ത് സാഹിബ് സാദഃ പീർ ഇഫ്ത്തിഘാർ അഹ്മദ് (റ) തുടങ്ങിയവരും ഉണ്ടായിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) കൊടുത്തയച്ച എഴുത്തുമായി സൂഫീസാഹിബ് എഴുന്നേറ്റുനിന്നു. ഈ കത്ത് ഞാൻ ഉച്ചത്തിൽ വായിക്കുന്നതാണ്, നിങ്ങളെല്ലാവരും ആമീൻ പറയണം. അദ്ദേഹം പറഞ്ഞു: അതിലെ വാക്കുകൾ താഴെ പറയുന്നു:

കരുണ ചെയ്യുന്നവരിൽ ഏറ്റവും അധികം കരുണചെയ്യുന്നവനായ അല്ലാഹുവേ, ബലഹീനനും നിസ്സാരനും അനർഹനുമായ ഗുലാംഅഹ്മദ് നിന്റെ മണ്ണിൽ നിന്ന് അപേക്ഷിക്കുകയാണ്.

കരുണ ചെയ്യുന്നവരിൽ ഏറ്റവുമധികം കരുണ ചെയ്യുന്നവനേ, നീ എന്നിൽ തൃപ്തനാകേണമേ. എന്റെ എല്ലാ തെറ്റുകളും, പാപങ്ങളും പൊറുത്തുതരേണമേ. നീ പൊറുക്കുന്നവനും കരുണാമയനുമാണ്. നീ അധികം ഇഷ്ടപ്പെടുന്ന പ്രവൃത്തികൾ എന്നെക്കൊണ്ട് ചെയ്യിക്കണമേ. എനിക്കും എന്റെ ശരീരേച്ഛകൾക്കുമിടയിൽ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകലമാക്കിയാലും. എന്റെ ജീവിതവും എന്റെ മരണവും എന്റെ എല്ലാ ശക്തിയും നിന്റെ വഴിയിൽ ആക്കേണമേ. നിന്റെ സ്നേഹത്തിൽ എന്നെ ജീവിപ്പിക്കേണമേ. നിന്റെ സ്നേഹത്തിൽതന്നെ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ. ജീവിതലക്ഷ്യം പ്രാപിച്ച പരിപൂർണാത്മാക്കളിൽ എന്നെ ഉയർത്തേണമേ. കരുണ ചെയ്യുന്നവരിൽ ഏറ്റവുമധികം കരുണ ചെയ്യുന്നവനേ, ഏതൊരു പ്രവൃത്തിയുടെ പ്രചാരണത്തിനു വേണ്ടിയാണോ നീ എന്നെ നിയോഗിച്ചിട്ടുള്ളത്, ഏതൊരു സേവനത്തിനുവേണ്ടി

Scanned with CamScanner

യാണോ നീ എന്റെ ഹൃദയത്തിൽ ഉത്സാഹം ഉണ്ടാക്കിയിട്ടുള്ളത് ആ ദൗത്യം സുരക്ഷിതമായി അതിന്റെ അവസാന സ്ഥലത്തെത്തിച്ചാലും. എതിരാളികളിലും, ഇസ്‌ലാമിന്റെ ഗുണവിശേഷങ്ങളെക്കുറിച്ച് അജ്ഞരായി കഴിയുന്നവരിലും ഇസ്‌ലാമിന്റെ തെളിവ് എന്റെ കൈകളിലൂടെ പൂർത്തിയാക്കിയാലും. ഈ വിനീതന്റെ നിഷ്കളങ്കരായ സ്നേഹിതർക്ക് പൊറുത്തുകൊടുത്താലും. നിന്റെ പ്രത്യേകമായ തണലിൽ അവരെ പാർപ്പിച്ചാലും. ദീനിലും ദുൻയാവിലും അവരുടെ കാര്യങ്ങൾ ഏറ്റെടുത്തു നടത്തുന്നവനും അവരുടെ ജാമ്യക്കാരനുമാകേണമേ. നബി (സ) യുടേയും അവിടത്തെ കുടുംബാദികളുടേയും മേൽ അധികമധികം സ്വലാത്തും സലാമും വർഷിച്ചാലും ആമീൻ യാ റബ്ബൽ ആലമീൻ.

## പാപമുക്തിക്കായുള്ള പ്രാർത്ഥന

അല്ലാഹവേ, ഞാൻ നിന്റെ പാപിയായ ദാസനാണ്. തറയിൽ വീണുകിടക്കുന്നവനാണ്. അന്ധനാണ്. എന്നെ നേരായ മാർഗത്തിൽ നയിച്ചാലും.

ഞങ്ങൾ നിന്റെ പാപികളായ ദാസരാണ്. ശരീരേച്ഛ ഞങ്ങളിൽ മുഴച്ചുനിൽക്കുന്നു. നീ ഞങ്ങൾക്കു മാപ്പു നൽകിയാലും.

ഞാൻ പാപിയാണ്. നിസ്സാരനാണ്. നിന്റെ സംരക്ഷണവും അനുഗ്രഹവും കൂടാതെ എനിക്കൊന്നും ചെയ്യാൻ കഴിവില്ല. നീ എന്നിൽ കരുണ ചൊരിഞ്ഞാലും, എന്നെ പരിശുദ്ധനാക്കിയാലും കാരണം നീയല്ലാതെ പരിശുദ്ധനാക്കുന്നവനാരുമില്ല.

## പാപപ്പൊറുതിക്കുള്ള മറ്റൊരു പ്രാർത്ഥന

ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ)ന്റെ മകൾ വഫാത്തായപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു അനുശോചന കത്തയച്ചു. 1885ലായിരുന്നു ഈ സംഭവം. അങ്ങേയറ്റം വിനയത്തോടുകൂടി ഹസ്റത്ത് മസീഹ് മൗഊദ് (അ) മൗലാനാ നൂറുദ്ദീൻ സാഹിബ് (റ)ന്റെ ശ്രദ്ധ ഒരു പ്രാർത്ഥനയിലേക്ക് ക്ഷണിച്ചു. ആ മഹാത്മാവ് എഴുതി:

“ഞാൻ സാധാരണ ചെയ്യുന്ന പ്രാർത്ഥധനയാണിത്. വാസ്തവത്തിൽ ഇതെന്റെ അവസ്ഥക്കനുസരിച്ചുള്ളതാണ്. പൂർണ ഉത്സാ

Scanned with CamScanner

ഹത്തോടുകൂടി നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടും, നമ്മുടെ അല്ലാഹുവിന്റെ പാരിതോഷികങ്ങളും അദരവുകളും അംഗീകരിച്ചു കൊണ്ടും പ്രാർത്ഥിക്കുക. ഹൃദയത്തിൽനിന്നു വേദനയോടെ പ്രാർത്ഥന ഉയരണം" ദുആ ചെയ്യേണ്ട രീതി ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ വിവരിച്ചു. 'രാത്രിയുടെ അവസാനയാമത്തിൽ ഉണരുക. ദുആ ചെയ്യുക. നമസ്ക്കരിക്കുക. വിനയാന്വിതനും നിസ്സാരനുമായിക്കൊണ്ട് പ്രാർത്ഥിക്കുക. എന്നെ എപ്പോഴും സഹായിക്കുന്നവനായ അല്ലാഹുവേ, ഞാൻ നിന്റെ നിസ്സാരനായൊരു ദാസനാകുന്നു. പാപങ്ങൾ നിറഞ്ഞവനും, പൂർണമായും അന്ധതയിൽ കഴിയുന്നവനും, നീ എന്നിൽ അക്രമത്തിനു മേൽ അക്രമം കണ്ടു. സമ്മാനത്തിനുമേൽ സമ്മാനം നൽകി. പാപങ്ങളുടെമേൽ പാപങ്ങൾ കണ്ടു. നന്മയുടെമേൽ നന്മ ചെയ്തു. നീ എപ്പോഴും എന്റെ കുറവുകൾ മറച്ചുവെച്ചു. കണക്കറ്റ അനുഗ്രഹങ്ങൾകൊണ്ട് എന്നെ സഹായിച്ചു. അതുകൊണ്ട് ഇനിയും അനർഹനും പാപിയുമായ എന്നിൽ കരുണചൊരിഞ്ഞാലും. എന്റെ എല്ലാ പാപങ്ങളും പൊറുത്തുതന്നാലും. നീയല്ലാതെ പൊറുക്കുന്നവനാരുമില്ല. ആമീൻ സുമ്മ ആമീൻ"

മഗ്ഫിറത്തിനും ശുഭപര്യവസാനത്തിനും വേണ്ടിയുള്ള ഒരു ദുആ ഹസ്റത്ത് മസീഹ് മൗഊദ് (അ) മീർ അബ്ബാസ് അലി സാഹിബ് ലുധിയാനവിയെ കത്തിലൂടെ എഴുതിയറിയിക്കുകയുണ്ടായി.

***"റബ്ബനഗ്ഫിർലനാ ദുനൂബനാ വലിഇഖ്‌വാനിനല്ല ദീനസബഖൂനാ ബിൽഈമാനി. വസല്ലി അലാ നബിയ്യിക്ക വഹബീബിക്ക മുഹമ്മദിൻ വ ആലിഹി വസല്ലിം. വതവഫ്ഫനാ ഫിൽഉമ്മത്തി വആത്തിനാ മാ വഅദ്ത്തഹു ലിഉമ്മത്തിൻ. റബ്ബനാ ഇന്നനാ ആമന്നാ ഫക്തുബ്നാ ഫി ഇബാദിക്കൽ മുഅ്മിനീൻ.*** എന്റെ രക്ഷിതാവേ, വിശ്വാസത്തിൽ ഞങ്ങളെക്കാൾ മുൻകടന്നുപോയ ഞങ്ങളുടെ സഹോദരങ്ങൾക്ക് പൊറുത്തുകൊടുത്താലും. നിന്റെ നബിയും ഹബീബുമായ മുഹമ്മദ് (സ)ന്റേയും അവിടത്തെ കുടുംബാദികളുടേയും മേൽ കരുണ ചൊരിഞ്ഞാലും നബി (സ) തിരുമേനിയുടെ ഉമ്മത്തിയായിരിക്കുന്ന അവസ്ഥയിൽ ഞങ്ങളെ മരിപ്പിക്കേണമേ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചു. നിന്റെ

Scanned with CamScanner

വിശ്വാസികളായ ദാസരിൽ ഞങ്ങളെയും എഴുതിയാലും.അല്ലാഹു മ്മർഹിം-അല്ലാഹുവേ കരുണചെയ്താലും."

ഈ പ്രാർത്ഥന ആവർത്തിച്ചാവർത്തി ചൊല്ലുന്നത് ഹൃദയത്തിൽ അലിവുണ്ടാക്കാൻ ഉതകുന്നതാണ്.

1907 ഏപ്രിൽ 4ന് ഉർദുവിൽ ഇങ്ങനെ ഇൽഹാം ഉണ്ടായി.

***യാ അല്ലാഹ് റഹം-യാ അല്ലാഹ് റഹം***

1907 സെപ്റ്റംബർ 30ന് ഇങ്ങനെ ഒരു ഇൽഹാമുണ്ടായി.

***റബ്ബിർഹംനീ ഇന്ന ഫള്ലിക്ക വ റഹ്മത്തക്ക യുൻജീമിനൽ അദാബ്.***

എന്റെ രക്ഷിതാവേ, എന്നിൽ കരുണ ചൊരിഞ്ഞാലും, നിശ്ച യമായും നിന്റെ അനുഗ്രഹവും കരുണയും ശിക്ഷയിൽനിന്ന് രക്ഷി ക്കുന്നു.

## കാരുണ്യത്തിനും സഹായത്തിനും വേണ്ടിയുള്ള ദുആ

അല്ലാഹുവിൽ നിന്നുള്ള കഴിവല്ലാതെ എനിക്ക് ഒരു കഴിവുമി ല്ല. എന്റെ രക്ഷിതാവേ നിന്റെ തിരുസന്നിധിയിൽനിന്ന് എന്നെ സഹായിച്ചാലും. എന്റെ രക്ഷിതാവേ, എന്റെ ജനത എന്നെ വഞ്ചി ക്കാൻ ശ്രമിച്ചു. നീ എനിക്ക് നിന്റെ സന്നിധിയിൽ അഭയം നൽകി യാലും. എന്റെ രക്ഷിതാവേ, എന്റെ ജനത എന്നെ ശപിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. നിന്റെ പക്കൽനിന്ന് എനിക്ക് അനു ഗ്രഹം നൽകിയാലും. ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവ നേ, എന്നിൽ കരുണ ചെയ്താലും. കരുണ ചെയ്യുന്നവരിൽ ഏറ്റ വുമധികം കരുണ ചെയ്യുന്നവനേ. എന്നിൽ കരുണ ചെയ്താലും. നിന്നെ കൂടാതെ കരുണ ചെയ്യുന്നവരാരുമില്ല. നിശ്ചയമായും നീ തന്നെയാണ് ദുൻയാവിലും ആഖിറത്തിലും എന്റെ സഹായി. നീ തന്നെയാണ് അർഹമുർറാഹിമീൻ. ഞാൻ നിന്നിൽ സർവവും ഭര മേല്പിച്ചിരിക്കുന്നു. ഭരമേല്പിക്കുന്നവരെ നീ ഒരിക്കലും നഷ്ടത്തി ലാക്കുകയില്ല.

ബിഹിഷ്തിമഖ്ബറയിൽ മറയടക്കപ്പെടുന്നവർക്ക് വേണ്ടിയുള്ള

Scanned with CamScanner

ദുആ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു ഇതിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇതിനെ ബിഹിശ്തിമഖ്ബറയാക്കിത്തീർക്കട്ടെ. ഈ ജമാഅത്തിലെ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചവരും ഭൗതിക സ്നേഹങ്ങൾ ഉപേക്ഷിച്ചവരും അല്ലാഹുവിന്റേതായിത്തീർന്നവരും പരിശുദ്ധമാറ്റം തങ്ങളിലുണ്ടാക്കിത്തീർത്തവരും നബി (സ) തിരുമേനിയുടെ സ്വഹാബത്തിനെ പോലെ ആത്മാർത്ഥതയുടേയും സത്യസന്ധതയുടേയും മാതൃക കാഴ്ചവെച്ചവരുമായ പരിശുദ്ധാത്മാക്കലുടെ ശയനഗൃഹം ആക്കുമാറാകട്ടെ. ആമീൻ യാ റബ്ബൽ ആലമീൻ."

വീണ്ടും ഞാൻ ദുആ ചെയ്യുന്നു. സർവശക്തനായ അല്ലാഹുവേ ഈ ഭൂമിയെ എന്റെ ജമാഅത്തിലെ യഥാർത്ഥത്തിൽ നിന്റേതുമാത്രമായിത്തീർന്നിട്ടുള്ളവരും ഇടപാടുകളിൽ ഭൗതികോദ്ദേശ്യങ്ങൾ കലർന്നിട്ടില്ലാത്തവരുമായ പരിശുദ്ധാത്മാക്കളുടെ ഖബറിടമാക്കിയാലും.

മൂന്നാമതും ഞാൻ ദു ആ ചെയ്യുന്നു. സർവശക്തനും ആദരണീയനുമായ അല്ലാഹുവേ, പൊറുക്കുന്നവനും കരുണാമയനുമായ അല്ലാഹുവേ, ഈ സ്ഥലം നീ നിയോഗിച്ച വ്യക്തിയിൽ യഥാർത്ഥ വിശ്വാസംകൊള്ളുന്നവരേയും കപടതയും സ്വാർത്ഥവും ദുഷ്ചിന്തയും തീണ്ടിയിട്ടില്ലാത്തവരുടേയും സത്യവിശ്വാസവും അനുസരണവും വേണ്ടുന്നവിധം പുലർത്തുന്നവരുടേയും നിനക്കുവേണ്ടി, നിന്റെ വഴിയിൽ ജീവൻ അർപ്പിച്ചുകഴിഞ്ഞിട്ടുള്ളവരുടേയും, നീ ഇഷ്ടപ്പെടുന്നവരുടേയും നിന്നോടുള്ള സ്നേഹത്തിൽ സ്വയം മറന്നവരുടേയും നീ നിയോഗിച്ച വ്യക്തിയോട് ആത്മാർത്ഥതയോടും മര്യാദയോടും തുറന്ന വിശ്വാസത്തോടും കൂടി സ്നേഹബന്ധം പുലർത്തുന്നവരുടേയും ഖബ്ർ സ്ഥാനമാക്കിയാലും. ആമീൻ യാ റബ്ബൽ ആലമീൻ"

തബ്ലീഗെ രിസാലയിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു പ്രാർത്ഥന ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"എന്റെ ജമാഅത്ത് അല്ലാഹുവിനെ ഭയപ്പെടുന്നവരും

നമസ്കാരം നിലനിറുത്തുന്നവരും രാത്രിയിൽ എഴുന്നേറ്റ് സുജൂദ് ചെയ്യുന്നവരും കരയുന്നവരും അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള തിനെ നഷ്ടപ്പെടുത്താത്തവരുമായിത്തീരാൻ ഞാൻ അധികമധിക മായി ദുആ ചെയ്യുന്നു. പിശുക്കന്മാരും ദുൻയാവിന്റെ കീടങ്ങളും ആകാതിരിക്കാനും ഞാൻ ദുആ ചെയ്യുന്നു. എന്റെ പ്രാർത്ഥനകൾ അല്ലാഹു സ്വീകരിക്കുമെന്നും അത്തരം പുണ്യാത്മാക്കൾ എന്നെ പിന്തുടരുന്നത് അവൻ എനിക്കു കാണിച്ചുതരുമെന്നും ഞാൻ പ്രതീ ക്ഷിക്കുന്നു."

അൽബദ്ർ വാള്യം 3ൽ പറയുന്നു:

"പരിശ്രമം കൂടെയുണ്ടാകുമ്പോഴാണ് ദുആ ഫലപ്രദമാകുന്ന ത്. ചിലർ ആഗ്രഹിക്കുന്നത് മന്ത്രിച്ചൂതി അവർക്ക് വലിയ്യുടെ സ്ഥാനം നേടിക്കൊടുക്കാനാണ്. അടുത്തുള്ള ആൾക്കു മാത്രമേ ഊതുന്നത് ഏൽക്കുകയുള്ളൂ എന്ന കാര്യം അവർക്കറിയില്ല.

ഇവിടേയും മനോഹരമായൊരു ചിത്രമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) വരച്ചിരിക്കുന്നത്. ഊതുന്നത് അകലത്തുള്ളവരിൽ എത്തുകയില്ല. അടുത്തുനിൽക്കുന്നവർക്കെ അതനുഭവപ്പെടുകയു ള്ളൂ. പദവിയുടെ അടിസ്ഥാനത്തിൽ, സാമീപ്യത്തിന്റെ അടിസ്ഥാ നത്തിൽ പ്രിയപ്പെട്ടവരാരാണോ അവരിലാണ് അത് എത്തുന്നത്.

പ്രവർത്തനമില്ലാതെ എന്തെങ്കിലും നടക്കുമെന്ന ധാരണ തികച്ചും തെറ്റാണ്. ഖുർആൻ പറയുന്നു: ***ലയ്സ ലിൽ ഇൻസാനി ഇല്ലാ മാ സആ*** (താൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നും മനുഷ്യന് ലഭിക്കുകയില്ല-53.40) ബാഹ്യമായ പ്രവർത്തനത്തിന്റെ അടയാളം നിശ്ചയമായും ഹൃദയത്തിന്റെ ഓരോ അവസ്ഥയിലും ഉണ്ടാകും. ദുഃഖമുണ്ടാകുമ്പോൾ കണ്ണീർ ഒഴുകാൻ തുടങ്ങുന്നു. അതു കൊണ്ടാണ് രണ്ടു സാക്ഷികൾ ഉണ്ടാവാത്തിടത്തോളം സാക്ഷ്യത്തിന്റെ നില സാധുവാകുകയില്ലെന്ന് ശരീഅത്ത് അനു ശാസിക്കുന്നത്. അകവും പുറവും ഒരുപോലെയാകാത്തിടത്തോളം ഒന്നുംതന്നെ നടക്കുകയില്ല. ●

*(14 -7-2000, മസ്ജിദ് ഫസ്ൽ ലണ്ടൻ.)*

Scanned with CamScanner

# തൗഹീദിന്റെ സംസ്ഥാപനം

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ
الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ
يَرْشُدُونَ ۝

എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ സമീപത്തുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് അവരെന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ. (2:187)

വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ചെയ്തിട്ടുള്ള പ്രാർത്ഥനകളാണ് ഞാൻ നിങ്ങളെ കേൾപ്പിച്ചുവരുന്നത്. അതിൽ ചിലത് ഇൽഹാം – വെളിപാടുകളാണ്. ചിലത് പദ്യങ്ങളിലധിഷ്ഠിതമാണ്.

## ദീനിന്റെ സഹായികൾ ലഭ്യമാകാൻ

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രധാനപ്പെട്ട കാര്യങ്ങൾ തനിച്ചു ചെയ്തിരുന്ന കാലത്ത് ദീനീ-മതകാര്യങ്ങളിൽ സഹായികളെ കിട്ടാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വേദനയോടുകൂടി പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ)ന് എഴുതിയ ഒരു കത്തിലെ പ്രാർത്ഥന ഇങ്ങനെയാണ്.

Scanned with CamScanner

***റബ്ബി ആത്തിനീ മിൻല്ലദുൻക അൻസ്വാറൻ ഫീ ദീനിക്ക വ അദ്ഹിബ് ഹുസ്നീ വ അസ്‌ലിഹ്‌ലീ ശാനീകുല്ലിഹീ ലാഇലാഹ ഇല്ലാ അൻത.***

എന്റെ രക്ഷിതാവേ, നിന്റെ തിരുസന്നിധിയിൽനിന്ന് നിന്റെ മതത്തിനുവേണ്ടി സഹായികളെ നീ എനിക്ക് നൽകിയാലും. എന്റെ ദുഃഖത്തെ അകറ്റിയാലും. എന്റെ എല്ലാ പ്രവൃത്തിയും കുറ്റമറ്റതാക്കിയാലും നിന്നെക്കൂടാതെ ഒരു ആരാധ്യനുമില്ല.

ഹസ്റത്ത് സാഹിബ്സാദ അബ്ദുല്ലത്തീഫ് സാഹിബ് (റ)നെ സ്മരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതായി മൽഫൂസാത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അബ്ദുല്ലത്തീഫ് സത്യസന്ധതയുടേയും പരിശുദ്ധിയുടേയും ഉദാത്തമായ മാതൃക കാണിച്ചു. അത്തരം ദൃഢമായ വിശ്വാസത്തിന്റെ മാതൃകയിലുള്ള ആളുകൾ എന്റെ ജമാഅത്തിൽ ആരുപാടുണ്ടെന്ന് പറയാൻ എന്റെ മനസ്സാക്ഷി എന്നെ അനുവദിക്കുന്നില്ല."

ഹസ്റത്ത് സാഹിബ്സാദ അബ്ദുല്ലത്തീഫ് സാഹിബ് (റ)ന്റെ സ്ഥാനം അതുല്യമാണ്. ലോകാവസാനംവരെ അതു നിലനിൽക്കും. ആ അനുപമമായ വഴി പിന്തുടരുന്നവർക്കും ജീവിതം ആത്മാർത്ഥമായി അല്ലാഹുവിന്റെ മുമ്പിൽ സമർപ്പണം ചെയ്യുന്നവർക്കുമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ പ്രാർത്ഥിച്ചു.

"ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചവരും അല്ലാഹുവിന്റെ വഴിയിൽ സ്വന്തം ജീവനെപ്പോലും ത്യജിക്കാൻ തയ്യാറായവരുമായ ആളുകളുടെ (അബ്ദുല്ലത്തീഫ് സാഹിബിനെ പോലുള്ളവരുടെ) ആത്മാർത്ഥതയും സത്യസന്ധതയും ഇവർക്കും ലഭ്യമാകാൻ ഞാൻ ദുആ ചെയ്യുന്നു."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്തരം ആത്മാക്കൾ നമ്മുടെ ജമാഅത്തിൽ ഇന്ന് നിരവധിയുണ്ട്. തങ്ങളുടെ പ്രിയപ്പെട്ട ജീവനെ അല്ലാഹുവിന്റെ മുമ്പിൽ അഭിമാനത്തോടെ സമർപ്പിച്ച ആ ആത്മാക്കളെ എനിക്കും നിങ്ങൾക്കും സകലമാന ജമാഅത്തുകൾക്കും അറിയാവുന്നതാണ്. നമ്മൾ അതിന് സാക്ഷികളുമാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിച്ചു: "യാ ഇലാഹീ,

Scanned with CamScanner

എന്റെ ജമാഅത്തിന് പുരോഗതി നൽകേണമേ. ഈ ജമാഅത്തിന് നിന്റെ സഹായവും സംരക്ഷണവും എന്നെന്നും ഉണ്ടാകേണമേ."

ഹസ്റത്ത് മസീഹ് മൗഊദ് (അ) കശ്തീനുഹ് എന്ന ഗ്രന്ഥത്തിൽ ജമാഅത്തിന്റെ അധ്യാപനങ്ങൾ എന്താണെന്ന് വിവരിച്ചതിനുശേഷം പറയുന്നു: "ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ഈ അധ്യാപനങ്ങൾ നിങ്ങൾക്ക് പ്രയോജനപ്രദമാകട്ടെ. ദുൻയാവിലെ താരകങ്ങളായി തീരുംവിധമുള്ള വിപ്ലവം നിങ്ങളിൽ ഉണ്ടാകുമാറാകട്ടെ. നിങ്ങളുടെ റബ്ബിൽനിന്ന് നിങ്ങൾക്കു ലഭിച്ച ആ പ്രകാശത്താൽ ഭൂമി വിളങ്ങുമാറാകട്ടെ."

## മുഹമ്മദിയ്യാ ഉമ്മത്തിന്റെ പരിഷ്കരണം

***അല്ലാഹുമ്മ അസ്‌ലിഹ് ഉമ്മത്ത മുഹമ്മദിൻ അല്ലാഹുമ്മർഹം ഉമ്മത്ത മുഹമ്മദിൻ അല്ലാഹുമ്മ അൻസിൽ അലയ്നാ ബറക്കാത്തി മുഹമ്മദിൻ വയുസല്ലീ അലാ മുഹമ്മദിൻ വ ബാരിക് വസല്ലിം***

അല്ലാഹുവേ, മുഹമ്മദുനബി (സ)യുടെ ഉമ്മത്തിനെ പരിഷ്കരിച്ചാലും. അല്ലാഹുവേ മുഹമ്മദുനബി (സ)യുടെ ഉമ്മത്തിന്റെ മേൽ കരുണ ചെയ്താലും. അല്ലാഹുവേ, ഞങ്ങളുടെമേൽ മുഹമ്മദുനബി (സ)യുടെ അനുഗ്രഹങ്ങൾ ഇറക്കിയാലും. മുഹമ്മദുനബി (സ) യുടെമേൽ എന്നെന്നും റഹ്മത്തും ബർക്കത്തും സലാമും ചൊരിയേണമേ.

*റബ്ബി അസ്‌ലിഹ് ഉമ്മത്ത മുഹമ്മദിൻ* എന്ന പ്രാർത്ഥന ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു തആല ഇൽഹാം-വെളിപാടിലൂടെ പഠിപ്പിച്ചതുമാണ്. "എന്റെ രക്ഷിതാവേ, ഉമ്മത്തെ മുഹമ്മദിയ്യായെ പരിഷ്കരിച്ചാലും."

ദുർറെസമീൻ എന്ന പദ്യസമാഹാരത്തിൽ നിരവധി പ്രാർത്ഥനകളുണ്ട്. അവരിൽനിന്ന് ചില ശകലങ്ങൾ ഞാൻ കേൾപ്പിക്കാം.

"എന്റെ രക്ഷിതാവേ, ഈ ദീനിന്റെ പ്രതാപം എനിക്കു കാണിച്ചുതന്നാലും. സത്യമല്ലാത്ത മതങ്ങളെയെല്ലാം മായിച്ചുകളയണമെന്നാണ് എന്റെ അർത്ഥന.

Scanned with CamScanner

"കാവ്യരചനയോടും കവിതാശ്ലോകങ്ങളോടും നമുക്ക് പ്രതിപത്തിയൊന്നുമില്ല. ഏതുരീതിയിലും ജനങ്ങൾ കാര്യം ഗ്രഹിക്കണം. ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യം."

അല്ലാഹുവേ, ഞങ്ങൾ ബലഹീനരാണ്. നിന്റെ കരങ്ങളാൽ ഞങ്ങളെ എഴുന്നേല്പിച്ച് നിറുത്തിയാലും. ഞങ്ങൾ ബലഹീനരാണ്. ഞങ്ങളുടെ എല്ലാ ഭാരവും നീ തന്നെ വഹിച്ചാലും"

## തൗഹീദിന്റെ സംസ്ഥാപനം

ഹസ്റത്ത് മസീഹ് മൗഊദ് (അ) ലോകം മുഴുവൻ തൗഹീദ്-ദൈവത്തിന്റെ ഏകത്വം-സ്ഥാപിതമാകുന്നതിനുവേണ്ടി പ്രാർത്ഥിച്ചു.

"സർവ്വശക്തനായ അല്ലാഹുവേ, മാർഗദർശകനായവനേ, അജ്ഞാതമായിക്കിടന്ന കാര്യങ്ങൾ, ആധുനികകാലത്ത് വെളിപ്പെടുത്തിയതുപോലെ വിശുദ്ധ ഖുർആനിന്റെ വാസ്തവികതയും രഹസ്യജ്ഞാനങ്ങളും ഈ അജ്ഞരായ ജനതയുടെമേൽ വെളിപ്പെടുത്തിയാലും. ഈ ജനസമൂഹത്തെ നിന്നിലേക്കും നിന്റെ ഗ്രന്ഥത്തിലേക്കും നിന്റെ തൗഹീദിലേക്കും വലിച്ചുകൊണ്ടു വന്നാലും. കുഫ്റും ശിർക്കും വളരെ വർധിച്ചിരിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങളുടെ സ്വീകരണം കുറഞ്ഞുപോയിരിക്കുന്നു. ഉദാരമതിയായ അല്ലാഹുവേ, കിഴക്കും പടിഞ്ഞാറുമെല്ലാം ഏകദൈവത്വ സിദ്ധാന്തത്തിന്റെ കാറ്റുവീശിയാലും. ആകാശങ്ങളിൽ എത്രയുംവേഗം നിന്റെ ദൃഷ്ടാന്തം വെളിപ്പെടുത്തിയാലും. അല്ലയോ കരുണാമയനായ അല്ലാഹുവേ, ഞങ്ങൾ നിന്റെ കരുണയെ ആശ്രയിച്ചുനിൽക്കുന്നവരാണ്. അല്ലയോ മാർഗദർശകനായ അല്ലാഹുവേ, നിന്റെ സന്മാർഗ്ഗം ഞങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. നിന്റെ പ്രകാശം വെളിപ്പെടുന്ന ദിനം അനുഗൃഹീതം. കുറ്റങ്ങളിൽനിന്ന് അകലാനുതകുന്ന നിന്റെ ശിക്ഷയും അനുഗൃഹീതമാണ്.

***തവക്കൽനാ അലയ്ക്ക വലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബിക്ക വ അൻതൽ അലിയ്യുൽ അളീം.***

ഞങ്ങൾ സകലതും നിന്നിൽ ഭരമേല്പിച്ചിരിക്കുന്നു. നിന്നെക്കൂടാതെ ആർക്കും ശക്തിയോ കഴിവോ ഇല്ല. നീ അത്യുന്നതനും

Scanned with CamScanner

മഹത്ത്വമുടയവനുമാകുന്നു.

"അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ എനിക്കൊന്നിനും കഴിവില്ല. എന്റെ രക്ഷിതാവേ, എന്റെ നാവിലൂടെ സത്യമായ കാര്യങ്ങൾ മാത്രം പുറപ്പെടുവിക്കേണമേ. ഞങ്ങൾക്കു നീ സത്യത്തിന്റെ കവാടം തുറന്നുതരേണമേ. ഞങ്ങളെ വ്യക്തമായ സത്യതയിലേക്ക് നയിക്കേണമേ."

ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്തിട്ടുള്ള ദുആകൾ ഞാൻ പറയുമ്പോൾ നിങ്ങൾ മനസ്സിൽ ആമീൻ പറയേണ്ടതാണ്. ഉച്ചത്തിൽ പറയണമെന്നില്ല.

## മനുഷ്യകുലത്തിന്റെ ഹിദായത്തിനുവേണ്ടിയുള്ള പ്രാർത്ഥന

"ഉദാരമതിയായ അല്ലാഹുവേ, ജനങ്ങളിൽ അർഹരായവർക്ക് നീ സന്മാർഗം നൽകേണമേ. അങ്ങനെ അവർ നിന്റെ ദൂതനും പ്രവാചകന്മാരിൽ ശ്രേഷ്ഠനുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യിലും സമ്പൂർണ്ണഗ്രന്ഥമായ പരിശുദ്ധ ഖുർആനിലും വിശ്വസിക്കുകയും സത്യവിശ്വാസികൾക്ക് ഇരുലോകത്തും ലഭിക്കുന്ന നിന്റെ എല്ലാ അനുഗ്രഹങ്ങളിൽനിന്നും സൗഭാഗ്യങ്ങളിൽനിന്നും സംതൃപ്തികളിൽനിന്നും സുഖം അനുഭവിക്കുകയും ചെയ്യട്ടെ. അനശ്വരനും നിത്യനുമായ നിന്നെ അവർ ഈ ലോകത്തുതന്നെ പ്രാപിച്ച് സംതൃപ്തരാവട്ടെ. പ്രത്യേകിച്ച് ഇംഗ്ലീഷുകാർ. അവരിതുവരെ ഈ സത്യസൂര്യനിൽനിന്ന് പ്രകാശം സ്വീകരിച്ചിട്ടില്ല. സംസ്കാരസമ്പന്നരായ അവരുടെ സർക്കാർ മതസ്വാതന്ത്ര്യം നൽകി സഹായിച്ചതുകൊണ്ട് അവരുടെ ഭൗതികവും ആത്മീയവുമായ ക്ഷേമവും സമാധാനവും ആഗ്രഹിക്കാൻ നാം നിർബന്ധിതരായി. അവരുടെ ക്ഷേമത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, അവർക്ക് ഹിദായത്ത് നൽകേണമേ. നിന്റെ ദീൻകൊണ്ട് അവരെ അനുഗ്രഹിക്കേണമേ. നിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിലും നിന്റെ പ്രിയപ്പെട്ട റസൂൽ (സ) തിരുമേനിയിലും അവർ വിശ്വസിക്കുന്നതിനും നിന്റെ ദീനിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതിനുംവേണ്ടി നിന്റെ ശക്തിയും കഴിവുംകൊണ്ട് അവരെ നിന്റെ വഴിയിലേക്ക് വലിച്ചുകൊണ്ടുവരേണമേ".

Scanned with CamScanner

## ശത്രുക്കളുടെ സന്മാർഗ സംപ്രാപ്തിക്കുവേണ്ടിയുള്ള പ്രാർത്ഥന

"അല്ലാഹുവേ, എന്റെ ഓരോ അംശവും നിനക്കുവേണ്ടി അർപ്പിച്ചിരിക്കുന്നു. ദീനിന്റെ വസന്തകാലം എനിക്കു കാണിച്ചുതന്നാലും-ഞാൻ കണ്ണീർ വാർക്കുന്നു. രഹസ്യജ്ഞാനിയായ അല്ലാഹുവേ, ഞങ്ങളുടെ ദൈന്യത കണ്ടാലും. യഥാർത്ഥമായ പ്രവൃത്തികൾ നിന്റേതുമാത്രമാണ്. ഞങ്ങളിതാ ഉൽക്കണ്ഠാകുലരായിത്തീർന്നിരിക്കുന്നു. നീ ഞങ്ങളെ അനുഗ്രഹിച്ചാവലും. ജനങ്ങളുടെ ശ്രദ്ധ വിശുദ്ധഖുർആനിലേക്ക് തിരിച്ചുവിട്ടാലും അവർക്ക് ചിന്തിക്കാനും ആലോചിക്കാനുമുള്ള സൗഭാഗ്യം നൽകി അനുഗ്രഹിച്ചാലും.

കാഫിറെന്ന് പറഞ്ഞ് ഞങ്ങളിൽനിന്ന് അവർ അകന്നകന്നുപോയിരിക്കുന്നു. അവരെക്കുറിച്ചുള്ള ചിന്ത ഞങ്ങളെ വീണ്ടും ദുഃഖിതരും കുണ്ഠിതരുമാക്കിയിരിക്കുന്നു. അവരുടെ ഹൃദയം കല്ലായിത്തീർന്നിരിക്കുന്നുവെന്ന കാര്യം ഞങ്ങൾ സമ്മതിക്കുന്നു. എങ്കിലും കല്ലിൽനിന്നും ദൈവഭക്തിയുടെ ഉറവകൾ പൊട്ടിയൊഴുകാമല്ലോ. അവരെത്ര കഠിനഹൃദയരായാലും ഞങ്ങൾ ഒരിക്കലും നിരാശരല്ല. ലാ തയ്അസു-നിങ്ങൾ നിരാശപ്പെടരുത്. 12:88- എന്ന ഖുർആനിക വചനം ഞങ്ങളുടെ ഹൃദയങ്ങൾക്ക് ശക്തിപകരുന്നു. അല്ലാഹുവേ, നിന്റെ മുമ്പിൽ വിലപിക്കുക എന്നത് ഞങ്ങളുടെ ജോലിയാണ്. ഈ മരം എന്നെങ്കിലും ഈ ഉറവിൽനിന്ന് ഫലം കൊണ്ടുവരിക തന്നെ ചെയ്യും."

## സഹായത്തിനുവേണ്ടിയുള്ള അർത്ഥന

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ശത്രുസമൂഹങ്ങളുടേയും ബന്ധുക്കളുടേയും അസഭ്യശരങ്ങളിൽ വീർപ്പുമുട്ടി ഞാനെന്റെ മുറിയുടെ കതകടച്ചു. വഹ്ഹാബായ രക്ഷിതാവിനോടു ദുആ ചെയ്തു. സർവ്വവും ഞാൻ അവന്റെ മുമ്പിൽ സമർപ്പിച്ചു. സജ്ദിൽ വീണ് താണുകേണപേക്ഷിച്ചു.

*യാ റബ്ബിൻസുർ അബ്ദക്ക*

*വഖ്ദുൽ അഅ്ദാഇക്ക*

***യാ റബ്ബിസത്ജിബ്നീ***

എന്റെ രക്ഷിതാവേ, നിന്റെ ദാസനെ സഹായിക്കേണമേ. നിന്റെ ശത്രുക്കളെ നിന്ദിതരും അപമാനിതരുമാക്കേണമേ. എന്റെ രക്ഷിതാവേ, എന്റെ ദുആ കേൾക്കേണമേ. അത് സ്വീകരിക്കേക്കേണമേ. നിന്നെയും നിന്റെ റസൂലിനേയും അപഹസിക്കുന്നത് എത്രനാൾവരെയാണ് കേൾക്കേണ്ടത്. നിന്റെ ഗ്രന്ഥത്തെ കളവാക്കുന്നതിൽനിന്നും എപ്പോഴാണിവർ പിന്തിരിയുക. ആദ്യന്തരഹിതനായ അല്ലാഹുവേ, നിന്റെ കരുണയ്ക്കുവേണ്ടി ഞാനിതാ നിന്റെ മുമ്പിൽ കേഴുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയ ഫാർസി പദ്യത്തിൽ ഒരു ദുആയുണ്ട്. അതിന്റെ അർത്ഥം ഇങ്ങനെയാണ്.

അല്ലയോ ആകാശത്തിന്റേയും ഭൂമിയുടേയും ഉടമസ്ഥനായുള്ളവനേ, എന്റെ അല്ലാഹുവേ, നിന്റെ കക്ഷിക്കാരുടെ അഭയകേന്ദ്രം നീ തന്നെയാണ്. കരുണാമയനും രക്ഷകനും മാർഗ്ഗദർശകനുമായ അല്ലാഹുവേ, എല്ലാ അനുഗ്രഹവും വിധിയും നിലകൊള്ളുന്നത് നിന്റെ നിയന്ത്രണത്തിൽ തന്നെയാണ്. ഭൂമിയിൽ കലഹവും കുഴപ്പവും കലഹങ്ങളും കെട്ടടങ്ങട്ടെ."

ശത്രുക്കൾക്കുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത മറ്റൊരു ചെറിയ ദുആയുണ്ട്. " അല്ലയോ ശത്രുസമൂഹമേ, അല്ലാഹു നിങ്ങളിൽ കരുണ ചൊരിയട്ടെ. നിങ്ങളുടെ കണ്ണുകൾ തുറക്കട്ടെ. രോഗിയുടെ അടുത്ത് അതീവദുഃഖിതനായിരുന്ന് ശുശ്രൂഷ ചെയ്യുന്ന ബന്ധുവിനെപ്പോലെ, വിവേക ശൂന്യരായ ഈ ജനതയെ ഓർത്ത് ഞാൻ ദുഃഖിക്കുന്നു. ഞാനിവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രതാപവാനും സർവ്വശക്തനുമായ അല്ലാഹുവേ, ഞങ്ങളുടെ മാർഗദർശകാ, ഇവരുടെ തനതായ അവസ്ഥ ഇവർക്കു തുറന്നുകാണിച്ചാലും. നീ തന്നെ ഇവർക്ക് ഉൾക്കാഴ്ച നൽകിയാലും. ഈ ഹൃദയങ്ങളിൽ സത്യതയുടേയും നേരായ മാർഗ്ഗത്തിന്റേയും വെളിപാടിറക്കിയാലും."

ഹസ്റത്ത് മസീഹ് മൗഊദ് (അ) അറബിയിൽച്ചെയ്ത ഒരു ദുആയുടെ പരിഭാഷയാണ് ഇനി ഞാൻ കേൾപ്പിക്കുന്നത്.

Scanned with CamScanner

"അല്ലാഹുവേ, അവരുടെ എല്ലാവിധ ഫിത്നകളിൽനിന്നും നീ ഞങ്ങളെ രക്ഷിച്ചാലും. ഗുരുതരമായ അവരുടെ അപവാദങ്ങളിൽനിന്ന് ഞങ്ങളെ മോചിപ്പിച്ചാലും. നിന്റെ സംരക്ഷണവും മഹത്വവും നന്മയും സന്തോഷവും നല്കി നീ ഞങ്ങളെ അനുഗ്രഹിച്ചാലും നീ മറ്റാർക്കും ഞങ്ങളെ ഏല്പിച്ചുകൊടുക്കരുതേ. നീ ഇഷ്ടപ്പെടുന്നതായ പ്രവൃത്തികൾ ചെയ്യാൻ ഞങ്ങൾക്ക് സൗഭാഗ്യം നൽകേണമേ. നിന്റെ കൃപയും അനുഗ്രഹവും തൃപ്തിയും ഞങ്ങൾ തേടുന്നു. നീ കരുണചെയ്യുന്നവരിൽ ഏറ്റവുമധികം കരുണ ചെയ്യുന്നവനാണ്. എന്റെ രക്ഷിതാവേ, നീ എന്റെ ശക്തിയായിരിക്കേണമേ. നീ എന്റെ കണ്ണുകളുടെ പ്രകാശവും മനസ്സിന്റെ സന്തോഷവും ജീവിതത്തിന്റേയും മരണത്തിന്റേയും ലക്ഷ്യവുമാകേണമേ. എനിക്കുശേഷം എന്നെക്കാളധികം നിന്നെ സ്നേഹിക്കുന്നവർ ആരുമുണ്ടാകാത്തവിധം നിന്നെ സ്നേഹിക്കാനുള്ള ഭാഗ്യം എനിക്കു നല്കേണമേ. എന്റെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കേണമേ. എന്റെ ആഗ്രഹങ്ങളെല്ലാം പൂർത്തിയാക്കിത്തരേണമേ. എന്നെ പരിശുദ്ധനാക്കേണമേ. എനിക്ക് ആരോഗ്യം നല്കേണമേ. എന്നെ നിന്നിലേക്ക് വലിച്ചടുപ്പിച്ച് നിറുത്തേണമേ. എന്നെ നീ നയിക്കേണമേ. എന്നെ സഹായിക്കേണമേ. എന്നെ പ്രകാശമാനമാക്കേണമേ. എന്റെ നിന്റേതുമാത്രമാക്കേണമേ. നീ എന്റേതു മാത്രമാകേണമേ. എന്റെ രക്ഷിതാവേ, എല്ലാ കവാടങ്ങളിലൂടെയും നീ എന്റെയടുക്കൽ വന്നാലും. എല്ലാ തടസ്സങ്ങളും നീക്കിയാലും. സ്നേഹത്തിന്റെ പാനപാത്രം എന്നെ കുടിപ്പിച്ചാലും. ശരീരേച്ഛ തിളച്ചുപൊന്തുമ്പോഴും വികാരം ആവേശം കൊള്ളുമ്പോഴും നീ എന്നെ കൈവിടരുതേ. വേർപാടിന്റെ നാശങ്ങളിൽനിന്നും ഇരുട്ടുകളിൽനിന്നും എന്നെ രക്ഷിക്കേണമേ. ഇമവെട്ടുന്ന നിമിഷംപോലും നീ എന്നെ എന്റെ ശരീരേച്ഛയ്ക്ക് അടിപ്പെടുത്തരുതേ. ശരീരേച്ഛയുടെ സകല തിന്മകളിൽനിന്നും രക്ഷിക്കേണമേ. എന്റെ ഉയർച്ചയും താഴ്ചയുമെല്ലാം നിന്നിലേക്കാക്കേണമേ. എന്റെ ഓരോ അംശത്തിലും നിന്റെ സാന്നിദ്ധ്യമുണ്ടാക്കേണമേ. നിന്റെ സാഗരത്തിൽ നീന്തിക്കളിച്ചു നടക്കുന്നവരും നിന്റെ പ്രകാശത്തിന്റെ തോട്ടങ്ങളിൽ ചുറ്റിക്കറങ്ങുന്നവരും നിന്നിൽനിന്നുണ്ടാകുന്ന വിധികളിൽ പൂർണ സംതൃപ്തരുമാകുന്നവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തേണമേ. എനിക്കും

ശത്രുക്കൾക്കുമിടയിൽ ദൂരമിടേണമേ. എന്റെ രക്ഷിതാവേ നിന്റെ അനുഗ്രഹത്തോടും പ്രകാശമയമായ നിന്റെ മുഖത്തോടുംകൂടി നിന്റെ സൗന്ദര്യം എനിക്കു കാണിച്ചു തന്നാലും. നിർമലമായ നിന്റെ വെള്ളം എന്നെ കുടിപ്പിച്ചാലും. എല്ലാതരത്തിലുള്ള പർദ്ദക ളിൽനിന്നും പൊടിപടലങ്ങളിൽനിന്നും എന്നെ പുറത്തുകൊണ്ടു വന്നാലും. ബുദ്ധിഇല്ലായ്മയും അവിവേകമായ ചെയ്തിയുംകൊണ്ട് അനുഗ്രഹങ്ങളുടെ വീട്ടിൽ നിന്ന് നാശങ്ങളുടെ വീട്ടിലേക്ക് തിരി ക്കുകയും, എല്ലാതരം പ്രകാശങ്ങളിൽനിന്നും അനുഗ്രഹങ്ങ ളിൽനിന്നും അകന്നുപോകുകയും അന്ധകാരങ്ങളിലും മൂടുപടല ങ്ങളിലും പെട്ട് വിഡ്ഢികളായിത്തീരുകയും ചെയ്തവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തരുതേ. ആത്മാർത്ഥമായി നിന്നെ അനുസരി ക്കാനുള്ള ശക്തി എനിക്കു നൽകേണമേ. എന്നെന്നും നിന്റെ തിരു സന്നിധിയിൽ സുജൂദു ചെയ്യാനുള്ള സൗഭാഗ്യം എനിക്കു നൽകേണമേ. നിന്റെ ഉദാരതയുടെ ദൃഷ്ടികൾ പതിയാനുതകും വിധമുള്ള ശക്തി എനിക്കു നൽകേണമേ. നിന്റെ പ്രത്യേകമായ ദാസർക്കല്ലാതെ മറ്റാർക്കും നൽകാത്ത കാര്യങ്ങൾ നീ എനിക്കു നൽകേണമേ. നിന്റെ പ്രത്യേകമായ ദാസർക്കല്ലാതെ മറ്റാർക്കും നൽകാത്ത കാരുണ്യവും എന്നിൽ ഇറക്കിയാലും. എന്റെ രക്ഷി താവേ എന്റെ മനശ്ശാന്തിയും എന്റെ പരിശ്രമവും എന്റെ പ്രവർത്ത നവും എന്റെ സംസാരവും കൊണ്ട് ഇസ്‌ലാംമതത്തെ പുനരുജ്ജീ വിപ്പിച്ചാലും. അതിന്റെ ശോഭയും തിളക്കവും സൗന്ദര്യവും പ്രസ ന്നതയും തിരിച്ചുകൊണ്ടുവന്നാലും ശത്രുജനങ്ങളേയും അവരുടെ തൽപ്രമാണിത്തത്തേയും ഭസ്മം ഭസ്മമാക്കിക്കളഞ്ഞാലും. എങ്ങ നെയാണ് മരിച്ചവനെ ജീവിപ്പിക്കുന്നതെന്ന് നീ എനിക്കു കാണിച്ചു തന്നാലും. സത്യവിശ്വാസത്താൽ പ്രശോഭിതമായ മുഖങ്ങളെ നീ എനിക്കു കാണിച്ചുതന്നാലും. യുക്തിജ്ഞാനങ്ങളാൽ അനുഗൃഹീ തമായ ആത്മാക്കളെ നീ എനിക്ക് പ്രദാനം ചെയ്താലും. നിന്നോ ടുള്ള ഭയത്താൽ കണ്ണീർവാർക്കുന്ന നയനങ്ങളെ എനിക്കു കാണി ച്ചുതന്നാലും നിന്നെ സ്മരിക്കുമ്പോൾ പ്രകമ്പനം കൊള്ളുന്ന ഹൃദയങ്ങളെ എനിക്കു കാണിച്ചുതന്നാലും. സത്യദീനിലേക്കും സൽക്കർമ്മങ്ങളിലേക്കും മടങ്ങുന്നവരെ എനിക്കു കാണിച്ചുതന്നാ ലും."

Scanned with CamScanner

അല്ലാഹുവിനോടുള്ള ഭയഭക്തിയാൽ അനിയന്ത്രിതമായി കരഞ്ഞുപോകുന്ന, കണക്കറ്റ് കണ്ണീർ വാർക്കുന്ന ആ കണ്ണുകളുടെ ഈയിടെ നടത്തിയ ഇന്തോനേഷ്യൻ പര്യടനവേളയിൽ ഞാൻ നേരിൽ കാണുകയുണ്ടായി. അല്ലാഹു ആ കണ്ണുകളുടെമേൽ അവന്റെ അനുഗ്രഹം ചൊരിയുമാറാകട്ടെ. സത്യദീനിന്റെ ഉന്നമനത്തിനുവേണ്ടി അവർ ചെയ്യുന്ന പ്രാർത്ഥനകളെല്ലാം അല്ലാഹു സ്വീകരിക്കട്ടെ. ഞാനിപ്പോൾ നിങ്ങളെ കേൾപ്പിച്ച പ്രാർത്ഥനകൾ 1900 ൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയതിൽ നിന്നെടുത്തിട്ടുള്ളതാണ്. നൂറുവർഷം മുമ്പേ ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത പ്രാർത്ഥനകൾ നൂറുവർഷത്തിനുശേഷം സഹോദരങ്ങളെ കേൾപ്പിക്കുക എന്നതാണ് എന്റെ രീതി. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഏതു തരത്തിലുള്ള അനുഗ്രഹമാണോ വിനയാന്വിതനായി തന്റെ രക്ഷിതാവിനോട് അന്ന് തേടിയിരുന്നത് അതേ തരത്തിലുള്ള അനുഗ്രഹങ്ങൾ ഇക്കാലത്ത് നിങ്ങൾ നേരിൽ കണ്ട് ആത്മീയ നിർവൃതിയടയുക. ഇതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതിന്റെ ബാക്കി ഒരു ഭാഗമുണ്ട്. അത് ഇൻശാ അല്ലാഹ് നാളത്തെ പ്രസംഗത്തിൽ നിങ്ങളെ കേൾപ്പിക്കുന്നതാണ്. അല്ലാഹു തആല എത്രമാത്രം മാന്യതയോടുകൂടിയാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥന സ്വീകരിച്ചതെന്ന് നിങ്ങൾ കാണുമാറാകും. 2000 മുതൽ 2002 അവസാനം വരെ ഈ പ്രാർത്ഥനകളെല്ലാം അവൻ സ്വീകരിച്ചുകൊണ്ടിരിക്കുകയും അതു നമ്മുടെ കണ്ണുകൾക്കും മനസ്സുകൾക്കും കുളിരു പകരുകയും ചെയ്യും. അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ അത്ഭുതകൃത്യങ്ങൾ നാം കാണും. അതു നാം കാണുമ്പോൾ നമ്മുടെ ഹൃദയം കരയണം. നമ്മൾ സ്വയം വഞ്ചിതരാകാൻ പാടില്ല. എല്ലാ വിജയങ്ങളും നിങ്ങൾ കാണാൻ പോകുകയാണെന്ന് എനിക്കുറപ്പുണ്ട്. ഇൻശാഅല്ലാഹ്. ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനയുടെ അനുഗ്രഹംകൊണ്ടു മാത്രമാണ് നമുക്ക് ലഭിക്കുന്നത്. ദൈവികസഹായം തേടിക്കൊണ്ടുള്ള ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനയുടെ അവസാനം ഞാൻ പറഞ്ഞ പ്രാർത്ഥനയും 1900രത്തിലെ ലിഖിതങ്ങളിൽനിന്നെടുത്തതാണ്. അതിൽ ഹസ്റത്ത മസീഹ് മൗഊദ് (അ) തുടർന്നുപറയുന്നു:

Scanned with CamScanner

"എനിക്കൊരു ധിറുതിയുമില്ല. ഈ പ്രാർത്ഥന എപ്പോഴാണ് സ്വീകരിക്കുന്നതെന്ന് നിനക്ക് നല്ലവണ്ണം അറിയാം."

ചുരുക്കിപ്പറഞ്ഞാൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നൂറു വർഷത്തിനുമുമ്പേ ചെയ്ത ആ എല്ലാ പ്രാർത്ഥനകളും സുതരാം സ്വീകരിക്കുന്ന സമയം ഇപ്പോൾ സമാഗതമായിരിക്കുന്നു. ആ സുദീർഘമായ ലിഖിതം ഞാൻ നിങ്ങളെ കേൾപ്പിക്കാം:

"അത്യുന്നതനും പ്രതാപവാനും സർവശക്തനും പരമപരിശുദ്ധനും നിത്യനും എല്ലാത്തിനേയും നിലനിറുത്തുന്നവനും സന്മാർഗികളെ എന്നെന്നും സഹായിക്കുന്നവനുമായ അല്ലാഹുവേ, നിന്റെ നാമം അനുഗൃഹീതമാണ്. നിന്റെ ശക്തിപ്രഭാവത്തിന്റെ പ്രവർത്തനം നിശ്ചലമാകുകയില്ല. നിന്റെ ശക്തമായ കരങ്ങൾ എപ്പോഴും അത്ഭുതങ്ങൾ കാണിക്കുന്നു. നീ തന്നെയാണ് പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ എന്നെ നിയോഗിച്ചിട്ടുള്ളത്. നീ എന്നോടു പറഞ്ഞു: എഴുന്നേല്ക്കുക, ഞാൻ നിന്നെ ഇക്കാലത്ത് ഇസ്ലാമിന്റെ ഹുജ്ജത്ത്-ന്യായപൂർത്തി-പൂർത്തീകരിക്കുന്നതിനുവേണ്ടിയും ഇസ്ലാമിന്റെ സത്യത ലോകത്ത് പ്രചരിപ്പിക്കുന്നതിനുവേണ്ടിയും വിശ്വാസത്തെ ജീവിപ്പിക്കുന്നതിനുവേണ്ടിയും അതിന് ശക്തി പകരുന്നതിന് വേണ്ടിയും തിരഞ്ഞെടുത്തിരിക്കുന്നു. നീ എന്നോടു പറഞ്ഞു: നീ എനിക്ക് പ്രിയപ്പെട്ടവനാണ്. നിന്നെ ഞാൻ അർശിൽ സ്തുതിക്കുന്നു. നീ തന്നെ എന്നോടു പറഞ്ഞു: "നീ തന്നെയാണ് മസീഹ് മൗഊദ്-വാഗ്ദത്ത മസീഹ്. ഒരിക്കലും നിന്നെ നഷ്ടത്തിലാക്കുകയില്ല. നീ എന്റെ തൗഹീദിന്റെ നിലയിലും ഏകത്വത്തിലുമാണുള്ളത്. ജനങ്ങളെ സത്യത്തിലേക്ക് വിളിക്കാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു." നിങ്ങളിലേക്ക് എന്നെ അയച്ചിരിക്കുന്നുവെന്ന് ജനങ്ങളോടു പറയാനും നീ എന്നോടു ആജ്ഞാപിച്ചു: നീ എന്റെ തൗഹീദിന്റെ നിലയിലും ഏകത്വത്തിന്റെ നിലയിലുമാണുള്ളത്. ജനങ്ങളെ എന്റെ വഴിയിലേക്ക് വിളിക്കുന്നതിനുവേണ്ടി ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അവരോടു പറയുക: ഞാൻ നിങ്ങളിലേക്ക് അയപ്പെട്ടിരിക്കുന്നു. ഞാൻ ഒന്നാമത്തെ വിശ്വാസിയാകുന്നു. അനുഗ്രഹങ്ങളിലും ദൈവജ്ഞാനങ്ങളിലും വൈശിഷ്ട്യമായ അധ്യാപനങ്ങളിലും ദൈവികസഹായത്തിലും ദൈവത്തിന്റെ

Scanned with CamScanner

അത്ഭുതകരമായ ദൃഷ്ടാന്തങ്ങളിലും ലോകത്തുള്ള ഒരു മതത്തിനും ഇസ്ലാമിനോടു കിടപിടിക്കാൻ സാധിക്കാത്തവിധം സർവജനങ്ങളുടേയും മുമ്പാകെ ഇസ്ലാമിനെ തിളക്കമുള്ളതാക്കി കാണിക്കാൻ എന്നെ അയച്ചിരിക്കുന്നുവെന്ന് നീ തന്നെയാണ് അല്ലാഹുവേ, എന്നെ അറിയിച്ചിട്ടുള്ളത്.

അല്ലാഹുവേ നീ എന്നോടു പറഞ്ഞു: നീ എന്റെ സന്നിധിയിൽ ഉന്നതനാണ്. ഞാൻ എനിക്കുവേണ്ടി നിന്നെ സ്വീകരിച്ചിരിക്കുന്നു. എന്നാൽ, എന്റെ സർവശക്തനായ അല്ലാഹുവേ, അധികമാളുകളും എന്നെ സ്വീകരിച്ചിട്ടില്ലെന്നും എന്നെഅവർ കെട്ടിച്ചമച്ചു പറയുന്നവനായി മനസ്സിലാക്കിയിരിക്കുന്നുവെന്നും നീ അറിയുന്നു. അവർ എന്നെ കാഫിർ, ദജ്ജാൽ, കദ്ദാബ് എന്നൊക്കെ വിളിച്ചു. എന്നെ ചീത്ത പറഞ്ഞു. ഹൃദയത്തെ വ്രണപ്പെടുത്തുന്ന വാക്കുകൾകൊണ്ടു എന്നെ ബുദ്ധിമുട്ടിച്ചു. അനുവദനീയമല്ലാത്തത് തിന്നുവന്നവനെന്നും ജനങ്ങളുടെ പണം അപഹരിക്കുന്നവനെന്നും കൃത്രിമക്കാരനെന്നും മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചുപറിക്കുന്നവനെന്നും ചീത്ത പറയുന്നവനെന്നും പ്രതിജ്ഞലംഘിക്കുന്നവനെന്നും ദ്രോഹിയെന്നും കൊലപാതകിയെന്നുമൊക്കെ അവരെന്നെ വിളിച്ചു. ഇങ്ങനെയൊക്കെ എന്നെ വിളിക്കുന്നവർ മുസ്ലിം എന്നു പറയുന്നവരും തങ്ങളെ സ്വയം നല്ലവരെന്ന് കരുതുന്നവരും ബുദ്ധിമാന്മാരെന്ന് അവകാശപ്പെടുന്നവരുമാണ്. എന്നെകുറിച്ച് പ്രചരിപ്പിക്കപ്പെടുന്നതെല്ലാം സത്യമാണെന്ന് കരുതുന്നവരുമാണിവർ. നൂറുകണക്കിന് അടയാളം അവർ കണ്ടു. എന്നിട്ടും സ്വീകരിച്ചില്ല. അവർ എന്റെ ജമാഅത്തിനെ നിന്ദാദൃഷ്ടിയോടെ നോക്കുന്നു. എന്നെ ചീത്തപറയുന്ന അവരിലോരോരുത്തരും കരുതുന്നത് വലിയ സൽക്കർമ്മമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ്. അല്ലയോ സർവശക്തനായ അല്ലാഹുവേ, എനിക്കെന്റെ വഴി പറഞ്ഞുതന്നാലും. നിന്റെ മനുഷ്യസൃഷ്ടികൾക്ക് ദൃഢവിശ്വാസം വരത്തക്കരീതിയിലുള്ള ദൃഷ്ടാന്തം നീ കാണിച്ചാലും. അങ്ങനെ അവർ നിന്നെ തിരിച്ചറിയട്ടെ. നിന്നെ ഭയപ്പെടട്ടെ. നിന്റെ ഈ ദാസന്റെ സന്മാർഗ്ഗം അവരിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിത്തീർക്കട്ടെ. ഭൂമിയിൽ പരിശുദ്ധിയും നിന്നോടുള്ള സ്നേഹത്തിന്റെ ഉദാത്തമായ മാതൃകയും അവർ കാഴ്ചവയ്ക്കട്ടെ.

Scanned with CamScanner

ഓരോ സത്യാന്വേഷിയേയും നന്മയിലേക്ക് വലിച്ചുകൊണ്ടുവ ന്നാലും. അങ്ങനെ ലോകത്തുള്ള സകലമാന ജനങ്ങളും നിന്റെ ശക്തിപ്രഭാവവും നിന്റെ പ്രാതപവും കണ്ടറിയട്ടെ. നീ ഈ വിനീതന്റെ കൂടെയുണ്ടെന്ന് അവർ മനസ്സിലാക്കട്ടെ. നിന്റെ പ്രതാപം ലോകത്ത് വിളങ്ങട്ടെ. കിഴക്കുമുതൽ പടിഞ്ഞാറുവരെ നിമിഷം കൊണ്ട് പ്രകാശം സ്വയമെത്തിക്കുന്ന മിന്നൽപോലെ നിന്റെ പേരിന്റെ തിളക്കം ലോകം കാണുമാറാകട്ടെ. തെക്കും വടക്കും അത് വ്യാപിക്കട്ടെ."

മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ (M.T.A.) കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമെല്ലാം ഇന്ന് അതിന്റെ തിളക്കം കാണിക്കുന്നതിന് അല്ലാഹു നിശ്ചയിച്ചിട്ടുള്ളതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടർന്നു പ്രാർത്ഥിക്കുന്നു:

"എന്നാൽ എന്റെ അല്ലാഹുവേ, എനിക്കു നീ നൽകിയിട്ടുള്ള അധികാരം നിന്റെ ദൃഷ്ടിയിൽ ഞാൻ നല്ല രീതിയിൽ വിനിയോഗിക്കുന്നില്ലെങ്കിൽ നീ എന്നെ നശിപ്പിച്ചാലും ഞാൻ അപമാനിതനും വഴിപിഴച്ചവനുമാകാതിരിക്കാൻ അതാണുത്തമം. ഈ പ്രാർത്ഥനകൾ സ്വീകരിക്കുന്നതിന് അല്ലാഹുവേ, ഞാൻ ധിറുതി കൂട്ടുന്നില്ല. (ഈ വചനത്തിലേക്കാണ് ഞാൻ നരേത്തെ നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചത്) ഈ പ്രാർത്ഥനകൾ സ്വീകരിക്കുന്നതിന് അല്ലാഹുവേ, ഞാൻ ധിറുതി കൂട്ടുന്നില്ല. അങ്ങനെയായാൽ ഞാൻ നിന്നെ പരീക്ഷിക്കുന്നവരിൽപ്പെട്ടുപോകും. എന്നാൽ, അത്യന്തം വിനയത്തോടെ ഞാൻ അപേക്ഷിക്കുന്നു: അത്യുന്നതനായ നിന്റെ തിരുസന്നിധിയിൽ ഞാൻ അംഗീകരിക്കപ്പെട്ടവനാണെങ്കിൽ മൂന്നു വർഷത്തിനുള്ളിൽ എന്റെ ഈ പ്രാർത്ഥനകളനുസരിച്ച് എന്റെ സത്യസാക്ഷ്യം വെളിപ്പെടുംവിധം അഭൗമികമായ അടയാളം വെളിപ്പെടുത്തിയാലും. സൂര്യൻ കിഴക്കുനിന്ന് ഉദിച്ചുയരുന്നതിൽ മനുഷ്യകരങ്ങൾക്ക് ഒരു പങ്കുമില്ലാത്തതുപോലെ നീ എനിക്കുവേണ്ടി കാണിക്കുന്ന അടയാളത്തിലും മനുഷ്യകൈകടത്തലുകളൊന്നും ഉണ്ടാകരുതേ. നിന്റെ അടയാളങ്ങൾ മനുഷ്യകരങ്ങളിലൂടെയും വെളിപ്പെടുന്നുവെന്നത് അല്ലാഹുവേ, ശരിതന്നെയാണ്. എന്നാൽ, ഈ സമയത്ത് ആ അടയാളം മനുഷ്യന്റെ നിയന്ത്രണങ്ങളിൽനിന്നു തികച്ചും വിഭിന്നമാ

യിരിക്കുമെന്നുള്ളത് എന്റെ സത്യതയ്ക്കുള്ള അടയാളത്തിന്റെ മേന്മ യായി ഞാൻ പറയുന്നു. ഒരു ശത്രുവിനും ഇത് മനുഷ്യന്റെ ആസൂത്രണമാണെന്ന് പറയാൻ ഇട നല്കരുതേ. അല്ലാഹുവേ, നിന്റെ മമ്പിൽ ഒന്നും മറഞ്ഞതായിട്ടില്ല. നീ ഇച്ഛിച്ചാൽ നിനക്കു കഴിയാത്തതായി ഒന്നുമില്ല. ഞാൻ നിന്റേതാണെന്നപോലെ നീ എന്റേതുമാണ്. നിന്റെ തിരുസന്നിധിയിൽ ഞാൻ അപേക്ഷിക്കുന്നു: ഞാൻ നിന്നിൽനിന്നുള്ളവനാണെന്നത് സത്യംതന്നെ. നീ എന്നെ അയച്ചതാണെങ്കിൽ, ശത്രുക്കൾക്ക് മനുഷ്യകരങ്ങൾക്കതീതമായി കാണാവുന്ന എന്തെങ്കിലും ദൃഷ്ടാന്തം കാണിച്ചാലും. ഞാൻ നിന്നിൽ നിന്നുള്ളവനെന്ന് ജനങ്ങൾ മനസ്സിലാക്കട്ടെ. സർവശക്തനായ അല്ലാഹുവേ, നിന്റെ കരങ്ങൾക്ക് തുല്യമായ ഒരു കരവുമില്ല. ഒരു ജിന്നിനും ഭൂതത്തിനും നിന്റെ ഭരണത്തിൽ പങ്കില്ല. ദുൻയാവിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. മനുഷ്യനെ ശയ്ത്താൻ തന്റെ കള്ളവെളിപാടു മുഖേന വഞ്ചിക്കുന്നു. എന്നാൽ, ഒരു ശയ്ത്വാനും നിന്റെ ദൃഷ്ടാന്തങ്ങളുടേയും പ്രൗഢഗംഭീരമായ പ്രവർത്തനങ്ങളുടേയും മുമ്പിൽ കുത്തിയിരിക്കുവാൻ ശക്തിയില്ല. നിന്നെപോലെ ശക്തിപ്രഭാവം കാണിക്കാനും കഴിവില്ല. കാരണം നിന്റെ പ്രൗഢി *ലാഇലാല ഇല്ലല്ലാഹ്* എന്നതാണ്. നീ അത്യുന്നതനും മഹത്വമുടയവനുമാണ്. സാത്താനിക വെളിപാടുകളിൽ സർവശക്തിപരമായ അദൃശ്യമോ പ്രകാശമോ ഉണ്ടായിരിക്കുകയില്ല. ദൈവിക വെളിപാടുകളിൽ ഏകത്വത്തിന്റെ ശക്തിപ്രഭാവവും മഹത്വവും ഗാംഭീര്യവും നിറഞ്ഞുനിൽക്കുന്നതാണ്. നിന്റെ ശക്തിപ്രഭാവത്താൽ നബിമാർ മുന്നറിയിപ്പ് എന്ന നിലയിൽ നിന്റെ അത്ഭുതകരമായ അടയാളങ്ങൾ കാണിച്ചുകൊണ്ടിരുന്നു. വലിയ വലിയ പ്രവചനങ്ങൾ ചെയ്തു. അതിൽ നിന്റെ വിജയവും ശത്രുക്കളുടെ അപചയവും ആദ്യമെ വെളിപ്പെടുത്തിയിരുന്നു. നിന്റെ പ്രവചനങ്ങളിൽ നിന്റെ പ്രതാപം വിളങ്ങി. ഇപ്പോൾ നിന്റെ ഏകത്വത്തിന്റേയും ശക്തിപ്രഭാവത്തിന്റേയും മഹത്വത്തിന്റേയും നിയന്ത്രണത്തിന്റേയും സുഗന്ധം പരക്കുന്നു.

"നിന്റെ പുണ്യവാളന്മാരുടെ മുമ്പിൽ മലക്കുകൾ നടക്കുന്നു. അവരുടെ മുമ്പിൽ ശയ്ത്താൻ പോരാട്ടത്തിനായി നിൽക്കാതിരി

Scanned with CamScanner

ക്കാനാണിത്. നിന്റെ അഭിമാനത്തെക്കൊണ്ടും നിന്റെ പ്രതാപത്തെക്കൊണ്ടും സത്യം, എനിക്കു നിന്റെ ഏതു തീരുമാനവും സമ്മതമാണ്. മൂന്നുവർഷത്തിനുള്ളിൽ-ജനുവരി 1901ൽ തുടങ്ങി ഡിസംബർ 1902വരെയുള്ള മൂന്നുവർഷത്തിനുള്ളിൽ- എന്നെ സത്യപ്പെടുത്തുന്ന എന്തെങ്കിലും ദൃഷ്ടാന്തം കാണിക്കേണമേ. നിന്റെ ഈ ദാസനെ ദ്രോഹിയേയും വൃത്തികെട്ടവനേയും നിർമതനേയും കള്ളനേയും പോലെയാക്കരുതേ. ദജ്ജാലിനേയും വഞ്ചകനേയും പോലെയാക്കരുതേ. ഞാൻ നിന്നെ സാക്ഷിയാക്കുന്നു.

എന്റെ ആത്മാവ് അങ്ങേയറ്റം താഴ്മയോടുകൂടി നിന്നിലേക്ക്, പക്ഷി അതിന്റെ കൂട്ടിലേക്ക് പറന്നു പറന്നു വരുന്നതുപോലെ പറന്നുകൊണ്ടിരിക്കുന്നു. ഞാൻ നിന്റെ ഖുദ്റത്തിന്റെ-ശക്തിപ്രഭാവത്തിൽ ദൃഷ്ടാന്തം കാണാൻ ആഗ്രഹിക്കുന്നവനാണ്. എന്നാൽ തനിക്കുവേണ്ടിയോ എന്റെ മാന്യതയ്ക്കുവേണ്ടിയോ അല്ല. പ്രത്യുത ജനങ്ങൾ നിന്നെ തിരിച്ചറിയുന്നതിനും നീ അയച്ചവനെ സ്വീകരിക്കുന്നതിനും അയാളെ നിഷേധിച്ച് സന്മാർഗത്തിൽനിന്ന് അകന്നകന്ന് പോകാതിരിക്കാനും വേണ്ടിയാണ്. നീ എന്നെ അയച്ചു എന്നതിന് ഞാൻ സാക്ഷിയാണ്. എന്റെ സത്യത്തിനുള്ള തെളിവായി വലിയ വലിയ ദൃഷ്ടാന്തങ്ങളും നീ കാണിച്ചു. സൂര്യനും ചന്ദ്രനും പ്രവചനമനുസരിച്ച് റമസാൻ മാസത്തിൽ ഗ്രഹണമുണ്ടാകാൻ നീ കല്പനകൊടുത്തു. എന്റെ ഗ്രന്ഥമായ തിർയാഖുൽ ഖുലൂബിൽ രേഖപ്പെടുത്തിയിട്ടുള്ള നൂറിലേറെ ദൃഷ്ടാന്തങ്ങൾ എന്റെ സത്യസാക്ഷ്യത്തിനായി നീ കാണിച്ചു. നാലാമത്തെ കുട്ടി പിറക്കുമെന്ന് നീ എന്നെ അറിയിച്ചതനുസരിച്ച് ഞാൻ പ്രവചനം ചെയ്തു. ആ കുട്ടി ജനിക്കുന്നതുവരെ അബ്ദുൽഹഖ് ഗസ്നവി ജീവിച്ചിരിക്കുമെന്നും നീ അതിൽ പറഞ്ഞിരുന്നു. അയാളുടെ ജീവിതകാലത്തു തന്നെ ആ കുട്ടിയെ നീ എനിക്കു നൽകിയനുഗ്രഹിച്ചു. നിന്റെ ദൃഷ്ടാന്തങ്ങളെ എണ്ണിക്കണക്കാക്കാൻ സാധ്യമല്ല. നീ തന്നെയാണ് എന്റെ അല്ലാഹുവെന്ന് എനിക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ട്, അമ്മയെ കാണുമ്പോൾ സിംഹകുട്ടി തുള്ളിച്ചാടുന്നതുപോലെ എന്റെ റൂഹ് നിന്റെ നാമത്താൽ തുള്ളിച്ചാടുന്നു. എന്നാൽ, അധികമാളുകളും എന്നെ തിരിച്ചറിഞ്ഞിട്ടില്ല. സ്വീകരിച്ചിട്ടുമില്ല."

Scanned with CamScanner

(ഈ പ്രസംഗം നടക്കുമ്പോൾ മഴ തിമർത്തു പെയ്യുകയായിരുന്നു. അതു സംബന്ധിച്ച് അമീറുൽ മുഅ്മിനീൽ പറഞ്ഞു:) ഈ കനത്ത മഴയും അല്ലാഹുതആലായുടെ അനുഗ്രഹത്തിന്റെ അടയാളമാണ്. എന്റെ ശബ്ദം നിങ്ങൾ കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അല്ലാഹു ഉദാരമതിയാണ്. അവൻ മഴയിലൂടെയും അവനെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകുന്നു. അവൻ തന്റെ പ്രതാപം വെളിപ്പെടുത്തുമ്പോൾ വളരെ ശക്തിമത്തായ നിലയിൽ ദൈവിക കാരുണ്യത്തിന്റെ മഴയും വർഷിക്കുന്നു.

ഇനി ഞാൻ അതിഥികൾക്കും ആതിഥേയർക്കുമുള്ള ചില നിർദേശങ്ങൾ നൽകുകയാണ്. ചില കാര്യങ്ങൾ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിട്ടുണ്ട്. ചിലപ്പോൾ ചില കാര്യങ്ങൾ ആവർത്തിച്ചു പറയേണ്ടത് നല്ല പ്രവർത്തനത്തിന് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

അതിഥികളോടു ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറുക. ഇംഗ്ലണ്ടിലെ അഹ്മദികൾ പൂർണ ഉത്സാഹത്തോടുകൂടി ആദ്യന്തം ജൽസയിൽ സന്നിഹിതരാവേണ്ടതാണ്. അത്യാവശ്യകാര്യമൊന്നുമില്ലെങ്കിൽ തീർച്ചയായും ഇതിൽ പങ്കെടുത്തിരിക്കണം. ചിലയാളുകൾ മൂന്നുദിവസത്തിനു പകരം രണ്ട് ദിവസത്തേക്കോ അവസാന ദിവസത്തേക്കോ വരാറുണ്ട്. അവർ വരുന്നത് കേവലം കൂടിക്കാഴ്ചക്കുവേണ്ടിയാണ്. ഈ ജൽസയിൽ നിന്ന് അനുഗ്രഹം തേടുന്നതിന് മൂന്നുദിവസവും ഹാജരാവേണ്ടത് അനിവാര്യമാണ്. കൂടുതൽ ദിവസം തങ്ങളുടെ ബന്ധുമിത്രാദികളെ വീട്ടിൽ പാർപ്പിച്ചാൽ അത് അതിഥി സൽക്കാരത്തിൽപ്പെടുകയില്ല. അത് ബന്ധു എന്ന നിലയിൽ കടമയിൽപ്പെട്ടതാണ്.

അതും ഇതും പറഞ്ഞ് അവിടെയും ഇവിടെയും ചുറ്റിക്കറങ്ങി നടക്കരുത്. ചിലപ്പോൾ ചിലരെ നോക്കി ചിരിക്കുമ്പോൾ അവരെ പരിഹസിക്കുകയാണെന്ന് ധരിക്കാനിടയുണ്ട്. ഇത്തരം പരാതികളും കിട്ടാറുണ്ട്. അതുകൊണ്ട് അത്തരം ഘട്ടങ്ങളിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്.

തങ്ങളുടെ കാറിൽ ആരെയെങ്കിലും കയറ്റിയാൽ അവരിൽനിന്ന്

കൂലി വാങ്ങരുത്. ഒന്നും ചോദിച്ചു വങ്ങുകയുമരുത്. അതിഥികളെ സൽക്കരിക്കൽ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. ആത്മാർത്ഥ തയോടുകൂടി അവരെ സേവിക്കുക.

അതിഥികളും ആതിഥേയരും അവരുടെ സമയം ദിക്റും സ്വലാത്തുമായി ചെലവഴിക്കേണ്ടതാണ്. ജമാഅത്തായിട്ടുള്ള നമസ്ക്കാരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ലങ്കർഖാനയിലും നമസ്ക്കാരത്തിനുള്ള സംവിധാനം ഉണ്ടായിരിക്കണം. സംഘാടകരും ഇതിൽനിന്ന് വിട്ടുനിൽക്കരുത്.

അനാവശ്യ സംസാരം ഒഴിവാക്കുക. നിശബ്ദതയോടുകൂടി ജൽസയിലെ പരിപാടികൾ ശ്രദ്ധിക്കുകയും കേൾക്കുകയും ചെയ്യുക. മുദ്രാവാക്യം വിളിക്കാനുള്ള ഏർപ്പാടുകൾ സംഘാടകർതന്നെ ചെയ്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം പ്രസംഗങ്ങളെ ബാധിക്കുന്നതുകൊണ്ട് മുദ്രാവാക്യം തടഞ്ഞിരുന്നു. മുദ്രാവാക്യം ഇല്ലാത്തതുകൊണ്ട് സദസ്സ് ഉറങ്ങിയതുപോലെ ആയിത്തീരുന്നു. അതിനാൽ അതനുവദിക്കണമെന്നുള്ള നിരന്തര ആവശ്യം പരിഗണിച്ചുകൊണ്ടാണ് ഇതനുവദിക്കുന്നത്. ആവേശഭരിതരായി എഴുന്നേറ്റുനിന്ന് മുദ്രാവാക്യം മുഴക്കുന്നവരുടെ ചിത്രങ്ങൾ ടി.വി.യിൽ പ്രദർശിപ്പിക്കാൻ പാടുള്ളതല്ല. എല്ലാവരും മുദ്രാവാക്യത്തിൽ പങ്കുചേരേണ്ടതാണ്.

പ്രസംഗം നടക്കുമ്പോൾ വെളിയിൽ ചുറ്റിക്കറങ്ങി നടക്കരുത്. വൃത്തി ഈമാന്റെ ഭാഗമാണ്. പള്ളിയും ജൽസാഗാഹും താമസസ്ഥലവുമെല്ലാം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. പോക്കറ്റിൽ പ്ലാസ്റ്റിക് കവർ സൂക്ഷിക്കുക. ആവശ്യമില്ലാത്ത വസ്തുക്കൾ അതിലിടുകയും പ്രത്യേകമായി വെച്ചിട്ടുള്ള വലിയ പാത്രത്തിൽ നിക്ഷേപിക്കുകയും ചെയ്യുക. ഭക്ഷണത്തിനുശേഷം പേപ്പർ പ്ലേറ്റുകൾ സ്വയമെടുത്ത് വേയ്സ്റ്റ് കുട്ടയിലിടുക. സംഘാടകർ, അതെടുത്തു മാറ്റിക്കൊള്ളാമെന്നു പറഞ്ഞാൽ അതനുസരിക്കുക. ഭക്ഷണത്തിന്റെ ഒരു കഷണംപോലും നഷ്ടപ്പെടാനനുവദിക്കരുത്. ആവശ്യത്തിനുവേണ്ടുന്നതു മാത്രമേ നബി (സ) തിരുമേനി പാത്രത്തിൽ ഇടാറുണ്ടായിരുന്നുള്ളൂ. ഈ സുന്നത്തിനെ പൂർണ്ണമായും പിൻപറ്റുക. ആവശ്യത്തിന് എത്ര വേണമെങ്കിലും ഭക്ഷണം ഇട്ടു കഴിക്കാവുന്നതാ

Scanned with CamScanner

ണ്. അതിൽ മടിയൊന്നും കാണിക്കേണ്ടതില്ല. മടി കാണിക്കുക എന്നതിൽ കൃത്രിമത്വമുണ്ട്. അതിൽനിന്ന് പിന്മാറേണ്ടതാണ്. ജമാഅത്തിന്റെ ഏതു സാധനവും സൂക്ഷ്മതയോടെ ഉപയോഗിക്കുക.

ദൃഷ്ടികൾ താഴേക്ക് പതിപ്പിക്കുക. പർദ്ദയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ചില കാരണങ്ങളാൽ ചില സ്ത്രീകൾക്ക് മുഖം മറയ്ക്കുന്നത് പ്രയാസമായിരിക്കും. അവരുടെ വസ്ത്രമാണ് അവർക്ക് പർദ്ദ. മുഖം മറയ്ക്കാൻ സാധിക്കാത്ത സ്ത്രീകൾക്ക് മേക്കപ്പ് ചെയ്ത് ശൃംഗരിച്ച് പൊതുസ്ഥലത്ത് നടക്കാൻ അനുവാദമില്ല. ചില അനഹ്മദീസ്ത്രീകളും ജൽസയിൽ പങ്കെടുക്കുന്നുണ്ട്. അവർ ഇത്തരം നിബന്ധനകൾ പാലിച്ചുകൊള്ളണമെന്നില്ല. വരുന്ന അതിഥികൾക്ക് അവർ അനഹ്മദീ സ്ത്രീകളാണെന്ന അറിവും ഉണ്ടായിരിക്കണമെന്നില്ല. അതുകൊണ്ട് തെറ്റായ ധാരണയിൽ അകപ്പെട്ടരുത്. അങ്ങനെയുള്ള അനഹ്മദീ സ്ത്രീകളെ വിനയത്തോടു കൂടി കാര്യം പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക. ദേഷ്യവും കോപവും നല്ലതല്ല.

ഇസ്ലാമാബാദ് സമ്മേളന നഗരിയിൽ പ്രവേശിക്കുന്നതിനുമുൻപുള്ള പരിശോധന നമ്മുടെ ഗുണത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയാണ്. ഓരോരുത്തരും സ്വതവേ അതിനു തയ്യാറാവുക. തിരിച്ചറിയൽ കാർഡുകൾ കാണുന്നവിധം വസ്ത്രത്തിൽ പ്രദർശിപ്പിച്ചിരിക്കണം. അതില്ലാതെ ആരെയെങ്കിലും കണ്ടാൽ അവരെ സമാധാനത്തോടെ പറഞ്ഞ് കാര്യം മനസ്സിലാക്കിക്കൊടുക്കുക.

സംരക്ഷണം അല്ലാഹു മാത്രമാണ് നൽകുന്നവൻ. നമ്മുടെ ഇടവും വലവും ഇരിക്കുന്നവരെ ശ്രദ്ധിക്കുക. ഇസ്ലാമികാധ്യാപനങ്ങൾക്ക് നിരക്കാത്ത എന്തെങ്കിലം പെരുമാറ്റം ആരിലെങ്കിലും കണ്ടാൽ ബന്ധപ്പെട്ടവരെ അറിയിക്കുക. ബന്ധപ്പെട്ടവരിൽനിന്ന് നടപടിയുണ്ടാകുനന്നതുവരെ നിങ്ങൾതന്നെ അത്തരക്കാരെ ശ്രദ്ധിക്കേണ്ടതാണ്. എപ്പോഴും ജാഗ്രത പാലിക്കേണ്ടതാണ്.

കുട്ടികളെ കൂടെക്കൊണ്ടുവരുന്ന രക്ഷിതാക്കൾ പിൻഭാഗത്തിരിക്കുക. കുട്ടികൾ കരഞ്ഞാൽ അവരെ വെളിയിൽ കൊണ്ടുപോയി കരച്ചിലടക്കുക. വാഹനം പാർക്കുചെയ്യുന്നത് ലണ്ടനിലും ഒരു

Scanned with CamScanner

പ്രശ്നമായിത്തീർന്നിരിക്കുകയാണ്. തദ്ദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധമാണ് വാഹനങ്ങൾ പാർക്കു ചെയ്യേണ്ടത്. ദൂരെ എവിടെയെങ്കിലുമാണ് വാഹനം പാർക്കുചെയ്യാൻ സ്ഥലം കിട്ടിയതെങ്കിൽ അവിടെ പാർക്കുചെയ്തു, നടന്ന് ജൽസഹാഗാഹിലെത്തുക. സ്ഥലവാസികൾക്ക് പരാതിപ്പെടാൻ അവസരം നൽകരുത്. വഴികൾ വൃത്തിയായി സൂക്ഷിക്കു. ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കൾ കണ്ടാൽ അതെടുത്തു മാറ്റുക. അതും ഈമാനിൽപ്പെട്ടതാണ്. പരിപാടികൾ നടക്കുന്ന സമയങ്ങളിൽ ബാസാർ പ്രവർത്തിക്കുന്നതല്ല. അത്യാവശ്യമായ ചില കടകൾ തുറന്നുവയ്ക്കേണ്ടതായിവരും. അവർക്കിത് ബാധകമല്ല. പൊതുവെ എല്ലാ കടകളും അടച്ചിടേണ്ടതാണ്.

അധികസമയവും ദൈവസ്മരണയിൽ ചെലവഴിക്കുക. പരസ്പരം പരിചയപ്പെടുമ്പോൾ തങ്ങളുടെ നാട്ടിലുണ്ടായിട്ടുള്ള അടയാളങ്ങൾ പറയുക. അത് ഈമാൻ ദൃഢീകരിക്കാൻ കാരണമായിത്തീരും. ഓരോ നാട്ടിലും നിരവധി ദൃഷ്ടാന്തങ്ങളാണ് വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. കേൾക്കുന്ന ആൾക്കും പറയുന്ന ആൾക്കും ഗുണപ്രദമാണ് ഇത്തരം സംസാരങ്ങൾ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ സമ്മേളനം സാധാരണ നടക്കുന്ന മറ്റു സമ്മേളനങ്ങളെപോലുള്ളതല്ല. ഇതിന്റെ അടിത്തറ നല്ല നിയ്യത്തിലും നല്ല ഫലങ്ങളിലുമാണ് നിലകൊള്ളുന്നത്."

നിങ്ങളുടെ സാധനങ്ങൾ നിങ്ങൾതന്നെ സൂക്ഷിക്കുക. ചിലപ്പോൾ പലതരത്തിലുള്ള ഉപദ്രവകാരികളും വരാറുണ്ട്. പോക്കറ്റടിക്കാരും ഉണ്ടാകും. അതുകൊണ്ട് എപ്പോഴും ജാഗ്രത പാലിക്കണം. തങ്ങളുടേതല്ലാത്ത സാധനങ്ങൾ ആളില്ലാതെ എവിടെയെങ്കിലും കണ്ടാൽ അത് ബന്ധപ്പെട്ട ഓഫീസിൽ എത്തിക്കുക. അതുപോലെതന്നെ കൈവിട്ടുപോകുന്ന കുട്ടികളെയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സംഘാടകർ അതിന്റെ അവകാശികൾക്ക് അതെത്തിച്ചുകൊടുക്കാൻ ഏർപ്പാടുചെയ്യുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ലിഖിതംകൂടി കേൾപ്പിച്ചുകൊണ്ട് ഞാൻ ഈ ഖുത്ബ അവസാനിപ്പിക്കുകയാണ്.

Scanned with CamScanner

"വീണ്ടും എഴുതുകയാണ്. ഈ സമ്മേളനത്തെ സാധാരമ സമ്മേളനംപോലെ ഗണിക്കരുത്. ദൈവികസഹായത്തിലും ദൈവികവചനത്തിന്റെ ഉന്നതിയിലുമാണ് ഇതിന്റെ അടിത്തറയിട്ടിരിക്കുന്നത്. ഇതിന്റെ അടിത്തറ അല്ലാഹുവിന്റെ കൈകൊണ്ട് ഇട്ടിരിക്കുന്നു. അതിനുവേണ്ടി ജനങ്ങളെ അവൻ തയ്യാറാക്കിയിരിക്കുന്നു. അവർ അടുത്തുതന്നെ അതിനോടുകൂടെ ചേരുന്നതാണ്."

ഇൻശാഅല്ലാഹ് എത്രയെത്രയാളുകളാണ് വരുന്നതെന്ന് നിങ്ങൾ നേരിൽകാണാൻ പോകുകയാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നയനങ്ങൾക്ക് കുളിരേകുക. എല്ലാ കാര്യങ്ങളും അറിയുന്ന അല്ലാഹുവിന്റെ പ്രവൃത്തിയാണിത്.

നോക്കുക. അല്ലാഹു എങ്ങനെയാണ് അനുഗ്രഹം ഇറക്കിയത്. മഴയും നല്കി. അവസാനം അതിന്റെ ശക്തിയും കുറച്ചു. എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം നമുക്കായി ഇറങ്ങിക്കൊണ്ടിരിക്കുന്നു. നമുക്കെപ്പോഴും മഴയെ ഒരടയാളമായി അല്ലാഹു ഇറക്കിത്തരുന്നു. ●

*(28-7-2000, മസ്ജിദ് ഫസ്ൽ ലണ്ടൻ.)*

Scanned with CamScanner

# ശത്രുക്കൾക്കെതിരിൽ

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ
الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ
يَرْشُدُونَ ۝

**എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ സമീപത്തുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് അവരെന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ. (2:187)**

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഫാർസിയിലെഴുതിയ ചില പ്രാർത്ഥനകളുടെ അർത്ഥം ഞാൻ കേൾപ്പിക്കാം.

"സർവശക്തനും ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവും കരുണാമയനും മാർഗദർശകനും കൃപാലുവും എന്റെ യജമാനനുമായ അല്ലാഹുവേ, നീ ഹൃദയങ്ങളെയെല്ലാം കാണുന്നു. ഒരു വസ്തുവും നിന്നിൽനിന്ന് മറഞ്ഞതായിട്ടില്ല. ദ്രോഹിയും ദുസ്സ്വഭാവിയുമായിട്ടാണ് എന്നെ നീ കാണുന്നതെങ്കിൽ എന്നെ നശിപ്പിച്ചാലും. എന്റെ അവസ്ഥ കണ്ട് ശത്രുകൾക്ക് സന്തോഷിക്കുവാനുള്ള അവസരം നൽകിയാലും. അവരുടെ ഉൾക്കാമ്പുകളിൽ കാരുണ്യത്തിന്റെ മഴ വർഷിച്ചാലും അവരുടെ ആഗ്രഹങ്ങളെല്ലാം പൂർത്തിയാക്കിക്കൊടുത്താലും. എന്നിൽ നിന്റെ കോപാഗ്നി ഇറക്കിയാലും നീ തന്നെ മുഖ്യശത്രുവായിക്കൊണ്ട് എന്റെ എല്ലാ പ്രവർത്തനങ്ങളേയും തകർത്താലും എന്നാൽ, നിന്റെ ഉമ്മറപ്പടിയെ ഞാനെന്റെ

Scanned with CamScanner

ലക്ഷ്യസ്ഥാനമാക്കിയിരികക്കുന്നതായി നീ കാണുന്നെങ്കിൽ, ജന ദൃഷ്ടിയിൽനിന്ന് നീ മറച്ചുവെച്ചിരിക്കുന്ന എന്റെ അകക്കാമ്പിലുള്ള സ്നേഹം നീ കാണുന്നെങ്കിൽ, എന്റെ യജമാനനായ അല്ലാഹുവേ, സ്നേഹത്തോടെ നീ എന്നോടു പെരുമാറിയാലും. മറ്റുള്ളവരോടു എന്റെ സ്നേഹം നീ വെളിപ്പെടുത്തിയാലും."

ദൈവികജ്ഞാനം തുടിച്ചുനിൽക്കുന്ന വചനങ്ങളാണിത്. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ എല്ലാ ലിഖിതങ്ങളും ഇത്തരത്തിലുള്ളതാണ്. എല്ലാ സ്നേഹത്തിന്റെയും രഹസ്യം ഇവർക്ക് വെളിപ്പെടുത്തണമെന്നല്ല ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. തന്നോടുള്ള സ്നേഹത്തിന്റെ ചില ദൃശ്യങ്ങൾ ജനങ്ങൾക്ക് വെളിപ്പെടുത്താനാണ് അവിടന്ന് പറയുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു: "എന്റെ യജമാനനായ അല്ലാഹുവേ, നീ ഓരോ വ്യക്തിയുടേയും അന്വേഷകന്റേയും അടുക്കലേക്ക് നടന്നുവരുന്നു. സ്നേഹത്തിന്റെ നീറ്റലിൽ നീറുന്ന ഹൃദയങ്ങളെ നീ അറിയുന്നു. എനിക്കു നിന്നോടുള്ള ബന്ധത്തെ ഞാൻ നിനക്ക് മധ്യസ്ഥനാക്കുന്നു. ഞാനെന്റെ ഹൃദയത്തിൽ നട്ടു വളർത്തിയിട്ടുള്ള സ്നേഹത്തിന്റെ ചെടിയേയും മധ്യസ്ഥനാക്കുന്നു. അന്ധത ബാധിച്ച ഈ ജനത എനിക്കെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങളിൽനിന്ന് എനിക്ക് മോചനം നൽകാൻ നീ വെളിയിലേക്ക് വന്നാലും. എന്റെ അഭയകേന്ദ്രം നീ തന്നെയാണ്. എന്റെ സഹായിയും സംരക്ഷകനും നീ തന്നെ. ഇന്നേദിവസം നീ എന്റെ ഹൃദയത്തെ ജ്വലിപ്പിച്ചു. അത് നിന്നെ കൂടാതെയുള്ള എല്ലാറ്റിനേയും എന്റെ ഹൃദയത്തിൽനിന്ന് കരിച്ചുകളഞ്ഞു. എന്റെ മുഖത്തെ ആ അഗ്നികൊണ്ട് തേജോമയമാക്കിയാലും അന്ധകാരനിബിഢമായ എന്റെ രാത്രിയെ പകലാക്കി മാറ്റിയാലും. അന്ധത നിറഞ്ഞ ലോകത്തിന്റെ കണ്ണുകൾ തുറന്നാലും. സർവശക്തനായ അല്ലാഹുവേ, നീ നിന്റെ ശക്തിയും കഴിവും വെളിപ്പെടുത്തിയാലും. ആകാശത്തുനിന്ന് നിന്റെ പ്രകാശത്തിന്റെ ദൃഷ്ടാന്തം കാണിച്ചാലും. നിന്റെ തോട്ടത്തിൽനിന്ന് ഒരു പൂ വിരിയിച്ചാലും. കുഴപ്പവും ലഹളയും കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു. മനുഷ്യൻ മരണത്തെപ്പോലും മറന്നുകഴിഞ്ഞിരിക്കുന്നു. അടിസ്ഥാന കാര്യംപോലും തികച്ചും അവർക്കന്യമായിരിക്കുന്നു. അവർ കുട്ടി

Scanned with CamScanner

കളെപ്പോലെയായിത്തീർന്നിരിക്കുന്നു. കൽപിതകഥകളാണ് അവർക്കിഷ്ടം. ഹൃദയത്തിൽനിന്ന് യഥാർത്ഥ സമ്പത്തിനോടുള്ള സ്നേഹം മരവിച്ചുപോയിരിക്കുന്നു. നിന്നെക്കുറിച്ചുള്ള രഹസ്യങ്ങൾ അറിയുന്നതിൽനിന്ന് ഹൃദയങ്ങൾ തിരിച്ചുവിടപ്പെട്ടിരിക്കുന്നു. കൊടുങ്കാറ്റടിക്കുന്നു. ഇരുട്ടിന് കട്ടികൂടുന്നു. ഈ അവസ്ഥകളെ നീക്കി നീ നിന്റെ കാരുണ്യംകൊണ്ട് സൂര്യനെ ഉദിപ്പിച്ചാലും.

"ഞങ്ങളുടെ രക്ഷിതാവേ, നിന്റെ നുഗ്രഹത്താൽ ഞങ്ങളെ സഹായിക്കേണമേ. സത്യത്തെ ധൂളികൾപോലെ പറത്തിക്കളയാൻ ശ്രമിക്കുന്ന മനുഷ്യരോടു പകരംവീട്ടേണമേ. എന്റെ രക്ഷിതാവേ, എന്റെ ജനം അജ്ഞതയിലും അന്ധകാരത്തിലും അകപ്പെട്ടുപോയിരിക്കുന്നു. നീ കാരുണ്യം വർഷിച്ചാലും. അവരെ പ്രകാശത്തിന്റെ വീടുകളിൽ ഇറക്കിയാലും. അല്ലാഹുവേ ഞങ്ങളുടെ ഇടയിൽ മാന്യമായി വിധിപറയേണമേ. എന്റെ അകവും പുറവുമെല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും ഭക്തദാസർക്കുവേണ്ടി സദാ കവാടം തുറന്നിട്ടിരിക്കുന്നവനുമായ അല്ലാഹുവേ, നീ എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ."

ആയിനയെ കമാലത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

എന്റെ രക്ഷിതാവേ, ഇഹലോകത്തും പരലോകത്തും നിന്റെ നബി (സ)യുടെ മേൽ എപ്പോവും ശാന്തിയും സമാധാനവും ഇറക്കേണമേ."

## കഠിന നിഷേധികൾക്കെതിരിൽ

***യാ റബ്ബി ഫസ്മഅ് ദുആഈ വ മസ്സിഖ് അഅ്ദാഅക്കവ അഅ്ദാഈ വ അൻജിസ് വഅ്ദക്ക വൻസുർ അബ്ദക്ക വ അറിനാ അയ്യാമക്ക വ ശഹ്ഹിർലനാ ഹുസാമക്ക വലാ തദർ മിനൽകാഫിരീന ശരീറാ.***

"എന്റെ രക്ഷിതാവേ, നീ എന്റെ പ്രാർത്ഥന കേൾക്കേണമേ. എന്റേയും നിന്റേയും ശത്രുക്കളായിട്ടുള്ളവരെ നീ തുണ്ടംതുണ്ടമാക്കേണമേ. നിന്റെ വാഗ്ദാനം വേഗത്തിൽ പൂർത്തിയാക്കേണമേ. നിന്റെ ദാസനെ തുണക്കേണമേ. നിന്റെ വാഗ്ദാനത്തിന്റെ നാളുകൾ നീ ഞങ്ങൾക്കു കാണിച്ചുതരേണമേ. ഞങ്ങൾക്കുവേണ്ടി നിന്റെ

Scanned with CamScanner

വാൾ ഊരിപ്പിടിക്കേണമേ. സത്യനിഷേധികളിൽനിന്ന് ഒരു ദ്രോഹിയേയും ശിക്ഷിക്കാതെ നീ വിട്ടുകളയരുതേ."

## ഒരു പ്രത്യേക ശത്രുവിന്നെതിരിൽ:

"എന്റെ യജമാനനായ അല്ലാഹുവേ, അയാളുടെ കഠിനപ്രവർത്തനങ്ങളുടേയും ശാപങ്ങളുടേയും അസഭ്യങ്ങളുടേയും മറുപടി ഞാൻ നിനക്കു വിടുന്നു. നിന്റെ ഇഷ്ടമാണ് എന്റെ ഇഷ്ടം. അതിനെക്കാൾ കൂടുതലായി എനിക്കൊന്നും തന്നെ ആവശ്യമില്ല. നീ എന്നിൽ തൃപ്തനായിരിക്കണം. എന്റെ ഹൃദയം നിന്നിൽ നിന്ന് മറഞ്ഞതല്ല. നിന്റെ ദൃഷ്ടി എന്റെ ഉള്ളിന്റെ ഉള്ളുവരെ എത്തിയിരിക്കുന്നു. എന്നിലെന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ അത് നീക്കിയാലും. എന്നിൽ എന്തെങ്കിലും ദോഷം നീ കാണുന്നെങ്കിൽ അതിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ പ്രിയപ്പെട്ട മാർഗദർശകാ, ഞാൻ സ്വീകരിച്ചിട്ടുള്ളത് നാശത്തിന്റെ മാർഗ്ഗമാണെങ്കിൽ അതിൽനിന്ന് എന്നെ നീ രക്ഷിച്ചാലും. നീ ഇഷ്ടപ്പെട്ട പ്രവൃത്തി എന്നെക്കൊണ്ട് ചെയ്യിക്കേണമേ. നീ എന്റേതാണെന്നും എന്റേതായിരിക്കുമെന്നും എന്റെ ഹൃദയം വിളിച്ചോതുന്നു. നിന്നെ നിന്ദിക്കുന്നവനെ ഞാൻ നിന്ദിക്കുമെന്നും എന്റെയടുത്ത് നിനക്കുള്ള സ്ഥാനം സൃഷ്ടികളറിയുന്നില്ലെന്നും നീ സാന്ത്വനപ്പെടുത്തിക്കൊണ്ട് എന്നോടു പറഞ്ഞതുമുതൽ എന്റെ ഹൃദയത്തിൽ ജീവൻ വീണു. ഹൃദയത്തിന് ആശ്വാസം പകരുന്ന നിന്റെ വാക്കുകൾ എന്റെ മുറിവുകൾക്കുള്ള ഔഷധമായിരുന്നു. സ്നേഹനിർഭരമായ നിന്റെ വചനങ്ങൾ ദുഃഖിതമായ എന്റെ ഹൃദയത്തിന് നവോന്മേഷം പകർന്നു. ഞാൻ അങ്ങേയറ്റം വിഷമത്തിലായിരുന്നു. സന്തോഷം ഇത്രയും മതിയോ എന്ന് അപ്പോൾ നീ എന്നോടു ചോദിച്ചു. നീ പറഞ്ഞു: "നീ എന്റേതാണ്. ഞാൻ നിന്റേതാണ്."

## ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മറ്റൊരു പ്രാർത്ഥന:

"അല്ലാഹു മഹത്വമുടയവനും പരിശുദ്ധനുമാകുന്നു. അവൻ സൂര്യനേയും ചന്ദ്രനേയും ഗ്രഹപഥങ്ങളേയും സൃഷ്ടിച്ചു. വിശാലമായ വീഥിയും ഇടവഴിയുമെല്ലാം ദ്രോഹങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു. അല്ലാഹുവേ, നീ നിന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കേണമേ.

Scanned with CamScanner

കാരുണ്യദൃഷ്ടിയോടെ വീണ്ടും ഞങ്ങളെ അനുഗ്രഹിക്കേണമേ. ദീനിനെ അഹ്മദി (സ)നെ പുനരുജ്ജീവിപ്പിക്കേണമേ. നിഷേധത്തിന്റെ ഈച്ചകളെ ലോകത്തുനിന്ന് നീ തുരത്തേണമേ. നിഷേധത്തേയും നിഷേധിയേയും ഉന്മൂലനം ചെയ്യേണമേ. ശ്വാക്കളേയും ശവങ്ങളേയും നീക്കി സന്തോഷം പ്രദാനം ചെയ്യേണമേ."

'നിഷേധത്തിന്റെ ഈച്ചകളെ ലോകത്തുനിന്ന് തുരത്തേണമേ' എന്നതിന്റെ പൊരുൾ നാം മനസ്സിലാക്കണം. ഈച്ചകളെ എത്ര അകറ്റിയാലും വീണ്ടും അത് അവിടെയും ഇവിടെയും വന്നിരിക്കും. അകന്നുപോകാകതെ ശല്യപ്പെടുത്തിക്കൊണ്ടേയിരിക്കും. ഇതുപോലെയാണ് നിഷേധികളുടെ അവസ്ഥയും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു. "ഖാദിറും മന്നാനുമായ അല്ലാഹുവേ, ദീനിന്റെ അവസ്ഥ കാണുമ്പോൾ എനിക്കുണ്ടാകുന്ന അസഹ്യമായ വിഷമത്തിൽനിന്ന് എനിക്ക് മോചനം നൽകിയാലും. നീ പൊറുത്തുകൊടുക്കുന്നവനാണ്. ഏറ്റവും വലിയവനാണ്. മഹത്ത്വമുടയവനാണ്. നിന്റെ പൊറുക്കലിന് അതിരുകളില്ല. നിനക്ക് ഇരുലോകത്തും പങ്കാളികളാരുമില്ല. പങ്കാളികളാരുമില്ലാത്ത ഏകനായ ദൈവം നീ മാത്രമാണ്. നീ മഹത്ത്വമുടയവനാണ്. നിന്റെ പ്രൗഢി മഹത്തരമാണ്. നീ ഏകനാണ്. നീ പരിശുദ്ധനാണ്. ആദ്യന്തം പങ്കാളികളാരുമില്ലാത്ത അല്ലാഹുവാണ്. അല്ലാഹുവേ, ദീനിനെ അഭ്യുന്നതിയിലേക്കുയർത്തുന്നതിനുവേണ്ടി എന്റെ മനഃശക്തി വർദ്ധിപ്പിച്ചുതന്നാലും. അതിനുവേണ്ടി എന്റെ അരക്കെട്ടുറപ്പിച്ചാലും. എനിക്ക് മാർഗ്ഗദർശനം നൽകിയാലും. ലൗകിക സുഖഭോഗങ്ങൾക്ക് ആർത്തിപൂണ്ട് സ്വന്തം ഉൽക്കർഷത്തിനുവേണ്ടി ദുഃഖിതരായി കഴിയുന്നവർ അസൂയപ്പെടുമാറ് ദീനിന്റെ ഉൽക്കർഷയ്ക്കുവേണ്ടിയുള്ള അതിരറ്റ ദുഃഖം എന്നിൽ നീ ജനിപ്പിച്ചാലും. പരിശുദ്ധരായ മഹാന്മാക്കൾ കണ്ടിരുന്ന ആ വിജയത്തിന്റെ സ്വപ്നം എന്റെ ലക്ഷ്യമാക്കി തീർക്കേണമേ. എന്റെ കണ്ണുകളിൽ സത്യസന്ധതയുടെ പ്രകാശം ചൊരിയേണമേ. എന്റെ എല്ലാ പ്രവർത്തനങ്ങളും ആകർഷണീയമാക്കേണമേ. ശയ്ത്വാന്റെ സ്പർശം ഒരിക്കലും ഉണ്ടാകാത്തവിധം എന്നെ നീ അകറ്റി നിർത്തേണമേ. സ്വാർത്ഥത്തിന്റെ അടിത്തറ എന്നിൽനിന്ന് തകർത്തുകളയേണമേ. എന്നിൽ നീ മാത്രമാകേണമേ. നിന്റെ അസ്തിത്വത്തിൽ

Scanned with CamScanner

എനിക്ക് ജീവൻ നല്കേണമേ. നിന്റെ സ്നേഹത്തിന്റെ സുഗന്ധം പ്രാപിക്കാൻ കഴിയുംവിധമുള്ള ആകർഷണശക്തി എന്നിൽ സൃഷ്ടിക്കേണമേ. എന്റെ നെഞ്ചകത്തെ നിന്റെ പ്രകാശംകൊണ്ട് തിളക്കമുള്ളതാക്കേണമേ. എന്നെ നിന്റെ സ്നേഹത്തിന്റെ തടവുകാരനാക്കേണമേ. എന്റെ ജീവനായ അല്ലാഹുവേ, എന്നെ നിന്നിൽ ഉന്മത്തനാക്കിയാലും. നിന്നെ കൂടാതെയുള്ള ഒരു നിമിഷംപോലും എന്നിൽ ഉണ്ടാകരുതേ. നിന്നെക്കുറിച്ചല്ലാതെ എന്റെ നാവിൽ നിന്ന് ഒന്നും പുറപ്പെടുവിക്കരുതേ; എന്നെ കേൾപ്പിക്കയുമരുതേ. നിന്നെക്കൂടാതെ എനിക്കൊന്നും മനസ്സിലാകാത്തനിലയിൽ നീ എന്നെ ആക്കിയാലും. നിന്നെ കൂടാതെ എനിക്കൊരു ജോലിയും ഒരു കാലത്തും ഉണ്ടാകരുതേ. എന്നെ ആജീവനാന്തം നിന്റെ സ്നേഹ ഭാജനമാക്കേണമേ. എന്റെ കണ്ണുകൾക്ക് സ്വർണവും വെള്ളിയും നിഷ്പ്രഭമാക്കേണമേ. നിന്റെ സത്യത്തെ മനസ്സിലാക്കാനുള്ള ബുദ്ധി നീ എനിക്ക് നൽകേണമേ. എന്റെ ജീവന്റെ ജീവനായ അല്ലാഹുവേ, എന്റെ ഉൾക്കാമ്പുകളിൽ നിന്റെ സ്നേഹത്തിന്റെ ഉപ്പു വാരിവിതറിയാലും. ആ സ്നേഹത്തിൽ എന്നെ നീ ഉന്മത്തനാക്കിയാലും. എന്റെ ആഗ്രഹങ്ങളുടെ അവസാനത്തെ പടി നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും ചചെയ്യുന്നതായിരിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളും നിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കേണമേ. നിന്നിലും നിന്റെ സ്നേഹത്തിലും എന്റെ ഹൃദയം ലയിച്ചതുമുതൽ, ദുൻയാവും അതിലെ എല്ലാത്തരം പ്രവൃത്തികളും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു.

"എന്റെ അല്ലാഹുവേ, എന്റെ പാപം പൊറുത്തുതന്നാലും. നിന്റെ തിരുസന്നിധിയിലേക്ക് എന്നെ നയിച്ചാലും. എന്റെ ജീവന് പ്രകാശം നൽകിയാലും. മറഞ്ഞിരിക്കുന്ന പാപങ്ങളിൽനിന്ന് എന്നെ പരിശുദ്ധനാക്കിയാലും. എന്നോട് സ്നേഹത്തോടും പ്രേമത്തോടുംകൂടി പെരുമാറിയാലും. നിന്റെ കൃപാദൃഷ്ടിയോടുകൂടി എന്റെ എല്ലാ ലുബ്ധതയും അകറ്റിയാലും ഇരു ലോകത്തും നീതന്നെയാണ് എനിക്ക് പ്രിയപ്പെട്ടവൻ.

ഞാൻ നിന്നെ മാത്രം വിശ്വസിക്കുന്നു. സർവശക്തനായ അല്ലാഹുവേ, എന്റെ പ്രിയപ്പെട്ട മാർഗ്ഗദർശകാ, നിന്നെ പ്രാപിക്കുന്ന വഴി നീ തന്നെ ഞങ്ങൾക്ക് കാണിച്ചുതന്നാലും. സത്യസ്വരൂപനും, പരി

ശുദ്ധനുമായ അല്ലാഹുവേ, വിഷയാസക്തിയോ കുശുമ്പോ, വെറുപ്പോ, അതിമോഹമോ, ദുൻയാവിനോടുള്ള ചാപല്യമോ മാത്രമുള്ള ഗ്രാമത്തിൽനിന്ന് നീ ഞങ്ങളെ രക്ഷിച്ചാലും."

ഹസ്റത്ത് മസീഹ് മൗഊദ് (അ) മൽഫൂസാത്തിൽ പറയുന്നു. "ഹൃദയങ്ങളെ കഠിനമാക്കിത്തീർക്കുന്ന പാപങ്ങളിൽനിന്ന് നമ്മെ അകറ്റിനിർത്തുന്നതിനും അവന്റെ മാർഗം അവൻ തന്നെ കാണിച്ചു തരുന്നതിനുംവേണ്ടി നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ട താണ്."

ആയിനയെ കമാലാത്തെ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു.

***റബ്ബനഗ്ഫിർലനാ ഇന്നാ കുന്നാ ഘാത്തിഈൻ.*** ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. നിശ്ചയമായും ഞങ്ങൾ തെറ്റുകാരായിരുന്നു.

അല്ലാഹുവേ, എന്റെയും എന്റെ തെറ്റുകളുടേയും ഇടയിൽ നീ അകൽച്ച ഇട്ടാലും.

***റബ്ബനനഗ്ഫിർലനാ ദുനൂബനാ, വദ്ഫഅ് ബലായാനാ വകുറൂബനാ, വ നജ്ജി മിൻകുല്ലി ഹമ്മിൻ ഖുലൂബനാ, വ കഫ്ഫിൽ ഘുതൂബനാ, വ കുൻമ്മഅനാ ഹയ്സുമാ കുന്നാ യാ മഹ്ബൂബനാ, വസ്തുർ ഔറാത്തിനാ വ ആമിൻ റവ്ആത്തിനാ, ഇന്നാ തവക്കൽനാ അലയ്ക്ക വഫവ്വള്നൽഅംറ ഇലയ്ക്ക, അൻത മൗലാനാ ഫിദുൻയാവൽ ആഘിറത്തി വ അൻത അർഹമുർറാഹിമീൻ, ആമീൻ യാ റബ്ബൽ ആലമീൻ.***

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളെ നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങൾക്കു വന്നുപോയേക്കാവുന്ന വിപത്തുകളേയും ബുദ്ധിമുട്ടുകളേയും നീ തടയേണമേ. സർവവിധ അലട്ടുകളിൽനിന്നും ഞങ്ങളുടെ ഹൃദയങ്ങൾക്ക് നീ മോചനം നല്കേണമേ. ഞങ്ങൾ നിർവഹിക്കേണ്ട പ്രധാനകാര്യങ്ങൾക്ക് നീ ജാമ്യക്കാരനാകേണമേ. ഞങ്ങൾ എവിടെയാണോ അവിടെ ഞങ്ങളോടൊപ്പമുണ്ടായിരിക്കേണമേ. ഞങ്ങളുടെ പ്രേമഭാജനമായ അല്ലാഹുവേ, ഞങ്ങളുടെ ന്യൂനതകളെ നീ മറയ്ക്കുകയും ഞങ്ങളുടെ ഭയത്തിൽനിന്ന് നീ ഞങ്ങൾക്ക് മോചനം നൽകുകയും ചെയ്യേണ

Scanned with CamScanner

മേ. നിന്റെയടുക്കൽ ഞങ്ങൾ ഭരമേല്പിക്കുകയും സകലകാര്യങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു. ഇഹത്തിലും പരത്തിലും നീ ഞങ്ങളുടെ രക്ഷകനാണ്. കാരുണികരിൽവെച്ച് ഏറ്റവും വലിയ കാരുണികൻ നീ തന്നെയാണ്. സർവലോക പരിപാലകനായ അല്ലാഹുവേ, എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ."

ഇസാലയെ ഔഹാം എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു:

"കുട്ടികൾക്കും നിരക്ഷരകുക്ഷികൾക്കും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും വിദ്വാന്മാരുടേയും തത്ത്വചിന്തകരുടേയും കണ്ണുകളേയും ഹൃദയങ്ങളേയും ഇരുട്ടിലാക്കുകയും ചെയ്യുക എന്നത് നിന്റെ പണ്ടുപണ്ടേയുള്ള നടപടിക്രമമാണ്. ഞാൻ നിന്റെ തിരുസന്നിധിയിൽ കേണപേക്ഷിക്കുന്നു. നീ ചിലരെ എന്നിലേക്കു കൊണ്ടുവന്നതുപോലെ ജനങ്ങളിൽനിന്ന് ഒരു സംഘത്തെ എനിക്ക് നൽകിയാലും. അവർക്ക് കണ്ണുകൾ നൽകിയാലും. ചെവികൾ നൽകിയാലും. ഹൃദയം നൽകിയാലും. അവർ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യട്ടെ. തക്ക സമയത്ത് നീ ഇറക്കിയ ഈ അനുഗ്രഹത്തെ തിരിച്ചറിഞ്ഞ് അത് സ്വീകരിക്കട്ടെ. നീ ഇച്ഛിച്ചാൽ തീർച്ചയായും നിനക്കത് ചെയ്യാൻ കഴിയും. കാരണം ഒന്നും നിനക്ക് അസംഭാവ്യമായിട്ടില്ല. ആമീൻ സുമ്മ ആമീൻ."

ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"സർവശക്തനായ അല്ലാഹുവേ, മാർഗദർശകനായവനേ, അജ്ഞാതമായിക്കിടന്ന കാര്യങ്ങൾ, ആധുനിക കാലത്ത് വെളിപ്പെടുത്തിയതുപോലെ വിശുദ്ധ ഖുർആനിന്റെ വാസ്തവികതയും രഹസ്യജ്ഞാനങ്ങളും ഈ അജ്ഞരായ ജനതയുടെമേൽ വെളിപ്പെടുത്തിയാലും ഈ ജനസമൂഹത്തെ തന്നിലേക്കും നിന്റെ ഗ്രന്ഥത്തിലേക്കും നിന്റെ തൗഹീദിലേക്കും വലിച്ചുകൊണ്ടുവന്നാലും കുഫ്റും ശിർക്കും വളരെ വർദ്ധിച്ചിരിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങളുടെ സ്വീകരണം കുറഞ്ഞുപോയിരിക്കുന്നു. ഉദാരമതിയായ അല്ലാഹുവേ, കിഴക്കും പടിഞ്ഞാറുമെല്ലാം ഏകദൈവത്വ സിദ്ധാന്തത്തിന്റെ കാറ്റുവീശിയാലും. ആകാശങ്ങളിൽ എത്രയുംവേഗം നിന്റെ ദൃഷ്ടാന്തം വെളിപ്പെടുത്തിയാലും. അല്ലയോ കരുണാമയനായ അല്ലാഹുവേ, ഞങ്ങൾ നിന്റെ കരുണയെ ആശ്രയിച്ചു നില്ക്കു

Scanned with CamScanner

ന്നവരാണ്. അല്ലയോ മാർഗദർശകനായ അല്ലാഹുവേ, നിന്റെ സന്മാർഗ്ഗം ഞങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. നിന്റെ പ്രകാശം വെളിപ്പെടുന്ന ദിനം അനുഗൃഹീതം . കുറ്റങ്ങളിൽനിന്ന് അകലാനുതകുന്ന നിന്റെ ശിക്,യും അനുഗൃഹീതമാണ്.

***തവക്കൽനാ അലയ്ക്ക വലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബിക്ക വ അൻതൽഅലിയ്യുൽ അളീം.***

ഞങ്ങൾ സകലതും നിന്നിൽ ഭരമേല്പിച്ചിരിഗക്കുന്നു. നിന്നെക്കൂടാതെ ആർക്കും ശക്തിയോ കഴിവോ ഇല്ല. നീ അത്യുന്നതനും മഹത്ത്വമുടയവനുമാകുന്നു.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"മിക്ക ഹൃദയങ്ങളിലും ദുൻയാവിനോടുള്ള സ്നേഹത്തിന്റെ പൊടി പറ്റിപ്പിടിച്ചിരിക്കുന്നു. അല്ലാഹു ഇതിനെ അകറ്റുമാറാകട്ടെ. ദുൻയാവ് നന്ദിയില്ലാത്തവനാണ്; മനുഷ്യൻ അടിത്തറയില്ലാത്തവനും. അശ്രദ്ധയുടെ കൂരിരുട്ട് അവരിൽ മിക്കവരേയും മിക്ക കാര്യങ്ങളും അറിയുന്നതിൽനിന്ന് തടഞ്ഞുനിർത്തിയിരിക്കുന്നു. നിന്റെ വിനയാന്വിതനായ ദാസനെ ആപൽഘട്ടങ്ങളിൽ സഹായിക്കേണമേ എന്നതു മാത്രമാണ് അല്ലാഹുവിനോടുള്ള അർത്ഥന. ഇരുട്ടിനെ പ്രകാശമായും പ്രകാശത്തെ ഇരുട്ടായും മനസ്സിലാക്കിയവനെ അല്ലാഹു നിന്ദിക്കട്ടെ. അവരുടെ പൊങ്ങച്ചം വർദ്ധിച്ചിരിക്കുന്നു. അല്ലാഹുവിനെ ശ്രദ്ധിക്കേണ്ട സമയത്ത് ശ്രദ്ധിക്കാതിരുന്നവനെ അല്ലാഹു ഒറ്റപ്പെടുത്തട്ടെ; അവൻ നന്ദി പ്രകാശിപ്പിച്ചില്ല. പ്രത്യുത സംശയിച്ചു. ഈ വിനീതന്റെ വിലാപം റബ്ബുൽ ആലമീന്റെ അർശിൽ എത്തുന്നെങ്കിൽ, മുഹമ്മദിയ്യാ പ്രകാശം ഇക്കാലത്തെ അന്ധരിൽ വെളിപ്പെടുകയും, അല്ലാഹുവിന്റെ മറ്റു ശക്തികളും അതിൽ അത്ഭുതങ്ങൾ കാണിക്കുകയും ചെയ്യുന്ന കാലം വിദൂരമല്ല.

ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു.

"അല്ലാഹുവേ, ഈ ദൃഷ്ടാന്തങ്ങളിൽനിന്ന് ഫലമെടുക്കാൻ നിരവധി ആത്മാക്കളെ നീ സൃഷ്ടിക്കേണമേ. സർവശക്തനായ അല്ലാഹുവേ, എന്റെ വിലാപം കേൾക്കേണമേ. ഈ ജനതയുടെ ഹൃദയം തുറക്കേണമേ. കപട ദൈവങ്ങൾ നിരാകരിക്കപ്പെടുന്നതും

ലോകം മുഴുവൻ നിന്നെ ആവേശത്തോടെ ആരാധിക്കുന്നതുമായ ആ നാൾ ഞങ്ങൾക്കു കാണിച്ചുതരേണമേ. വെള്ളം കൊണ്ടു സമുദ്രം നിറഞ്ഞിട്ടുള്ളതുപോലെ സൽക്കർമ്മികളേയും സത്യവിശ്വാസികളേയുംകൊണ്ട് ഭൂമിയെ നിറയ്ക്കേണമേ. നിന്റെ ഔദാര്യവാനായ റസൂൽ മുഹമ്മദു മുസ്തഫാ (സ)യുടെ മഹത്വവും സത്യതയും ജനഹൃദയങ്ങളിൽ കുടിയിരുത്തേണമേ. എന്റെ സർവശക്തനായ അല്ലാഹുവേ, ഈ വിപ്ലവം എനിക്കു കാണിച്ചു തരേണമേ. എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. എല്ലാ ശക്തിയും നിനക്കു മാത്രമാണ്. എന്റെ രക്ഷിതാവേ, എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ."

## ഇസ്തിഘാറ ദുആ

"അല്ലാഹുവേ, നിന്റെ അറിവിനെ മുൻനിർത്തി ഞാൻ നിന്നോടു നന്മ തേടുന്നു. നിന്റെ കഴിവിനെ മുൻനിർത്തി ഞാൻ നിന്നോടു കഴിവ് തേടുന്നു. നിന്റെ മഹത്തായ അനുഗ്രഹം ഞാൻ യാചിക്കുന്നു. നിശ്ചലയമായും നീ കഴിവുള്ളവനും ഞാൻ കഴിവില്ലാത്തവനുമാണ്. നീ അറിയുന്നു. ഞാൻ അറിയുന്നില്ല. നീ എല്ലാ പരോക്ഷകാര്യങ്ങളും അറിയുന്നവനത്രെ. അല്ലാഹുവേ, ഈ കാര്യം എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ഗുണകരമാണെന്ന് നീ കാണുന്നുവെങ്കിൽ നീ അത് എനിക്കായി നിർണ്ണയിക്കുകയും അക്കാര്യം എളുപ്പമാക്കിത്തരികയും പിന്നെ അതിൽ അനുഗ്രഹം നൽകുകയും ചെയ്യേണമേ. ഈ കാര്യം എന്റെ ദീനിലും ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും ദോഷകരമാണെന്ന് നീ കാണുന്നുവെങ്കിൽ എന്നിൽനിന്ന് അതിനേയും അതിൽനിന്ന് എന്നെയും അകറ്റേണമേ."

ശുദ്ധഹൃദയനായ ഒരു സുഹൃത്ത് നദീർഹുസയ്ൻ സഹ്ഹാഹ് ദഹ്‌ലവി ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്നിധിയിൽ ഹാജരായി. അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് ഒരു കുറിപ്പെഴുതി. അദ്ദേഹത്തിന്റെ അതിയായ വിനയം, ആ കുറിപ്പ് നേരിട്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കൊടുക്കാൻ അനുവദിച്ചില്ല. മറ്റൊരുസഹാബി മുഖേന അത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കൊടുത്തു. നദീർഹുസയ്ൻ സാഹിബ് ആ കുറിപ്പിലെഴുതിയ കാര്യം

Scanned with CamScanner

ഇതാണ്:

"ഹുസൂറിന്റെ അടുത്ത് വരണമെന്ന് വളരെ ആഗ്രഹമുണ്ടായിരുന്നു. നേരിൽ കാണാൻ കഴിഞ്ഞു. അൽഹംദുലില്ലാഹ്. ഒരേയൊരു അപേക്ഷയേ എനിക്കുള്ളൂ. എന്നെ ഉപദേശം നൽകി അനുഗ്രഹിച്ചാലും. അല്ലാഹുവുമായി ബന്ധം ഉണ്ടാകുന്നതിനും നമസ്കാരത്തിൽ ഹൃദയസാന്നിദ്ധ്യം കിട്ടുന്നതിനും എന്താണ് ചെയ്യേണ്ടത്?"

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നമസ്കാരത്തിൽ ഹൃദയസാന്നിദ്ധ്യം ലഭ്യമാകുന്നതിനുള്ള ഉപദേശം തേടിക്കൊണ്ട് ധാരാളമാളുകൾ നിരന്തരം എഴുതാറുണ്ട്. ഉമ്മമാർ തങ്ങളുടെ കുട്ടികൾക്ക് നമസ്കാരത്തിൽ ഹൃദയസാന്നിദ്ധ്യം ഉണ്ടാകുന്നതിനുവേണ്ടി ദുആ ചെയ്യാൻ എഴുതാറുണ്ട്. നമസ്കാരത്തിൽ സ്വയം ദുആ ചെയ്തുകൊണ്ടിരിക്കുക എന്നതാണ് അതിന്റെ രീതി. ഉള്ളിൽ തട്ടാത്ത നമസ്കാരത്തിൽ ഒരിക്കലും സന്തോഷിക്കരുത്. ശ്രദ്ധയോടുകൂടി നമസ്കരിക്കുക. ശ്രദ്ധയുണ്ടാകുന്നില്ലെങ്കിൽ അഞ്ചുനേര നമസ്കാരങ്ങളിലും അല്ലാഹുവിന്റെ മുമ്പിൽ എഴുന്നേറ്റുനിന്ന് ഇങ്ങനെ ദുആ ചെയ്യുക."

"പ്രതാപവാനും സർവശക്തനുമായ അല്ലാഹുവേ, ഞാൻ പാപിയാണ്. ഹൃദയസാന്നിദ്ധ്യം ഉണ്ടാകാത്തവിധം എന്റെ ഹൃദയത്തേയും ഞരമ്പുകളേയും പാപത്തിന്റെ വിഷം ബാധിച്ചിരിക്കുന്നു. തത്ഫലമായി എനിക്ക് മൃദുത്വവും ഹൃദയസാന്നിദ്ധ്യവും കിട്ടുന്നില്ല. എന്റെ പാപം പൊറുത്തു തരേണമേ. അമിതമായ എന്റെ പ്രവൃത്തികളെല്ലാം മാപ്പാക്കേണമേ. എന്റെ ഹൃദയത്തിന് മൃദുത്വം നല്കേണമേ. എന്റെ കഠിനഹൃദയയം മൃദുവായിത്തീരാൻ നിന്റെ മഹത്ത്വവും നിന്നോടുള്ള ഭയവും നിന്നോടുള്ള സ്നേഹവും എന്റെ ഹൃദയത്തിൽ നിലനിറുത്തേണമേ. നമസ്കാരങ്ങളിൽ ഹൃദയസാന്നിദ്ധ്യം തന്നരുളേണമേ. നിന്നുകൊണ്ടു മാത്രമല്ല, റുകൂഇലും സുജൂദിലും അത്തഹിയ്യാത്തിനുശേഷവും ഈ ദുആ ചെയ്യാവുന്നതാണ്. സ്വന്തം ഭാഷയിൽ ചെയ്യേണ്ടതാണ്. ഒരിക്കലും ക്ഷീണിക്കരുത്. ക്ഷമയോടും സ്ഥിരചിത്തതയോടും ഈ ദുആ അഞ്ചുനേര നമസ്കാരങ്ങളിലും തഹജ്ജുദ് നമസ്കാരത്തിലും ചെയ്തുകൊണ്ടേയിരിക്കുക. അധികമധികമായി അല്ലാഹുവിനോട് പാപപ്പൊറുതി തേടുക.

Scanned with CamScanner

കാരണം പാപംകൊണ്ടാണ് ഹൃദയം കടുത്തുപോകുന്നത്. ഇങ്ങനെ തുടർച്ചയായി ചെയ്താൽ ഒരുനാൾ ഉദ്ദേശ്യം സഫലമാകും. മരണത്തെ ഓർമിക്കുക. ദിവസം കുറച്ചേ ബാക്കിയുള്ളുവെന്ന് കരുതുക. മരണം പടിവാതിൽക്കൽ എത്തി നിൽക്കുന്നുവെന്നറിയുക. ഈ മാർഗ്ഗമാണ് നമസ്കാരത്തിൽ ഹൃദയസാന്നിദ്ധ്യം ഉണ്ടാക്കുന്നത്."

സ്വന്തം ദുയആയുടെ അവസ്ഥ വിവരിച്ചുകൊണ്ട്, ഹസ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: "സമുദ്രത്തിന് അതിന്റേതായ ഒരു ശക്തിയുള്ളതുപോലെ എന്റെ ദുആയിലും അതിന്റേതായ ഒരു ശക്തിയുണ്ട്. ദുആ ചെയ്ത് ചെയ്ത് ക്ഷീണം എന്നെ കീഴ്പ്പെടുത്തിക്കളയുന്നു. ഞാൻ പരിക്ഷീണനായിപ്പോകുന്നു."

ഹസ്റത്ത് മസീഹ് മൗഊദ് (അ) മൽഫൂസാത്തിൽ പറയുന്നു:

"ഞാനെപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുന്നു. എന്റെ സുഹൃത്തുക്കൾക്ക് ദുഃഖങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും രക്ഷ നൽകേണമേ എന്ന പ്രാർത്ഥനയാണ് ഏറ്റവും പ്രാധാന്യത്തോടെ ഞാൻ ചെയ്യുന്നത്. കാരണം അവരെക്കുറിച്ചുള്ള ചിന്തകളും അവർക്കുണ്ടാകുന്ന വേദനകളും എന്നെ വല്ലാതെ വിഷമിപ്പിക്കുന്നു. പിന്നീട് എല്ലാവർക്കും വേണ്ടി ദുആ ചെയ്യുന്നു. അല്ലാഹുവേ ദുഃഖത്തിലും വിഷമത്തിലും അകപ്പെടുന്നവരെ അതിൽനിന്ന് രക്ഷിക്കേണമേ.

"നാം ദുആ ചെയ്യുന്നു. അല്ലാഹുതആല ജമാഅത്തിനെ എല്ലാ വിധത്തിലും സംരക്ഷിക്കുമാറാകട്ടെ. നബി (സ) തിരുമേനി സത്യ റസൂലാണെന്ന് ലോകത്തിന് വെളിപ്പെടുത്തികൊടുക്കുമാറാകട്ടെ. അല്ലാഹുവിന്റെ അസ്തിത്വത്തിൽ ജനങ്ങൾ വിശ്വസിക്കുമാറാകട്ടെ.

"സ്വന്തം പരിശുദ്ധിക്കുവേണ്ടി മനുഷ്യൻ ഒന്നാമതായി ദുആ ചെയ്യേണ്ടതാണ്. ദുആ സ്വീകരിക്കപ്പെട്ടാൽ അവൻ എല്ലാ തിന്മകളിൽനിന്നും പരിശുദ്ധനായി. അല്ലാഹു ഒരുവനെ പരിശുദ്ധനാക്കിയാൽ അവന്റെ മറ്റു കാര്യങ്ങളെല്ലാം അല്ലാഹു തന്നെ ഏറ്റെടുത്തു ചെയ്യുന്നു. അപ്പോൾ അവന്റെ മറ്റു ദുആകളും സ്വയം സ്വീകരിക്കപ്പെടുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ മുത്തഖിയും സന്മാർഗിയുമായിത്തീരുന്നതിനുള്ള ദുആ ചെയ്യുക എന്നത് വളരെ കഠിനമാ

Scanned with CamScanner

ണ്.

"അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും പാപപ്പൊറുതിക്കുമായുള്ള ദുആയാണ് മനോഹരമായിട്ടുള്ളത്. കാരണം പാപംകൊണ്ടാണ് ഹൃദയം കടുത്തുപോകുന്നത്. അത്തരക്കാർ ദുൻയാവിന്റെ കീടമായിത്തീരുന്നു. ആ അവസ്ഥ നമ്മളിലുണ്ടാകാതിരിക്കാനും അല്ലാഹുവിന്റെ തൃപ്തി ലഭിക്കാനും വേണ്ടി ദുആ ചെയ്യേണ്ടതാണ്. ഖയ്റും ശർറും ഓരോ മാസത്തിലും ഒരുപോലെ ഉണ്ടാകുന്നു. അതുകൊണ്ട് ഓരോ ദിവസവും നമ്മളിൽ ഉദിക്കുന്ന ചന്ദ്രൻ നന്മയുടേയും അനുഗ്രഹത്തിന്റേയും ചന്ദ്രനായിരിക്കാനും അസ്തമിക്കുന്ന ചന്ദ്രൻ നന്മയോടും അനുഗ്രഹത്തോടുംകൂടി അസ്തമിക്കാനും ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ പക്കൽ എന്താണോ നല്ലത്, അത് നടപ്പിൽ വരുന്നതിനുവേണ്ടിയാണ് ദുആ ചെയ്യേണ്ടത്.

"ശത്രുക്കളേയും ദുആയിൽ ഉൾപ്പെടുത്തേണ്ടതാണ്. അവരെ അകറ്റിനിറുത്തരുത്. ഇതാണെന്റെ മതം. ദുആ വിശാലമാക്കുന്നതനുസരിച്ച് ദുആ ചെയ്യുന്നയാൾക്ക് ഫലമുണ്ടാകുന്നു. ദുആ കുടുസ്സാക്കുന്നതിനനുസരിച്ച് അല്ലാഹുവിൽനിന്നു അകന്നകന്നു പോകുകയും ചെയ്യും." നബി (സ) തിരുമേനി ശത്രുക്കൾക്കുവേണ്ടി ദുആ ചെയ്യാറുണ്ടായിരുന്നു.

***"അല്ലാഹുമ്മഹ്ദിഖൗമീ ഫഇന്നഹും ലാ യഅ്ലമൂൻ.*** നബി (സ) തിരുമേനിയുടെ ജനത ഇന്ന് കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമെല്ലാം വ്യാപിച്ചിരിക്കുകയാണ്. നമ്മളും നബി (സ) തിരുമേനിയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. മ്മളോടു അക്രമം കാണിച്ചവരും നബി (സ) തിരുമേനിയുടെ തന്നെ ജനതയാണ്. പക്ഷേ, അവർക്ക് അറിവില്ല. അതുകൊണ്ട് അവർക്കുവേണ്ടി ഇങ്ങനെ ദുആ ചെയ്യുക.

***"അല്ലാഹുമ്മഹ്ദി ഖൗമ മുഹമ്മദിൻ (സ) ഫഹും ലായഅ്ലമൂൻ.*** അല്ലാഹുവേ, മുഹമ്മദ്നബി (സ)യുടെ ജനതയ്ക്ക് നീ ഹിദായത്തു നല്കേണമേ. അവർ അറിവില്ലാത്തവരാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പഴവർഗ്ഗങ്ങളുടെ പലവിധമുള്ള രുചികൾ അനുഭവിച്ചിട്ടുള്ളതുപോലെ നമസ്കാരത്തി

Scanned with CamScanner

ന്റേയും മറ്റാരാധനകളുടേയും രുചി ഒരു പ്രാവശ്യമെങ്കിലും ഞങ്ങൾക്ക് നല്കേണമേ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതാണ്.

"ഈ ജമാഅത്തിൽ പ്രവേശിക്കുന്നവർക്കുണ്ടാകുന്ന ഏറ്റവും വലിയ പ്രയോജനം ഞാൻ അവർക്കുവേണ്ടി ദുആ ചെയ്യുന്നു എന്നതാണ്. വിറകിനെപ്പോലും പച്ച്പ്പുള്ളതാക്കിത്തീർക്കാനുള്ള ശക്തി ദുആയ്ക്കുണ്ട്. അതുമുഖേന മരിച്ചവർ ജീവിക്കുന്നു. വലിയ പ്രതിഫലനശക്തിയാണ് ദുആയ്ക്കുള്ളത്."

ജമാഅത്തിലേക്ക് അധികമധികമായി ജനങ്ങൾ പ്രവേശിക്കുന്ന കാലമാണിത്. അവരുടെ ആത്മീയോന്നമനത്തിനുവേണ്ടി പ്രത്യേകമായും പ്രാർത്ഥിക്കുക. വിറകുകളെല്ലാം പച്ചപ്പുള്ളതായിത്തീരുമാറാകട്ടെ. മരിച്ചവർ ജീവിക്കുന്ന അത്ഭുത ദൃഷ്ടാന്തം അല്ലാഹു അവരെ കാണിക്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

"സുഖമായ ജീവിതം ഉണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ വീട്ടിൽ എന്നെന്നും ശാന്തിയും സമാധാനവും നിലനില്ക്കണമെന്നാഗ്രഹിക്കുന്നെങ്കിൽ അധികമധികമായി ദുആ ചെയ്തുകൊണ്ടിരിക്കുക. ദുആ കൊണ്ട് നിങ്ങളുടെ വീട്ടുകാർ നിറയട്ടെ. എപ്പോഴും ദുആ ഉയരുന്ന വീടിനെ അല്ലാഹു കൈവിടുകയില്ല.

"നിങ്ങളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നതിനോടൊപ്പം സന്താനങ്ങൾക്കും ഭാര്യക്കും വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. പരീക്ഷണം ഉണ്ടാകുന്നത് അധികവും സന്താനങ്ങൾ മുഖേനയാണ്.

"ഞാൻ നിത്യവും ചില ദുആകൾ പ്രത്യേകമായും ചൊല്ലാറുണ്ട്. അല്ലാഹു അവന്റെ അന്തസ്സും പ്രതാപവും വെളിപ്പെടുംവിധമുള്ള പ്രവൃത്തികൾ എന്നെക്കൊണ്ടു ചെയ്യിക്കേണമേ എന്ന ദുആയാണ് അതിൽ ഒന്നാമത്തേത്. അതായത് അവന്റെ തൃപ്തി പൂർണ്ണമായും എനിക്കു ലഭിക്കുമാറാകണം.

"രണ്ടാമത്തേത് എന്റെ വീട്ടുകാർ എന്റെ കണ്ണിന് കുളിർമയായി

Scanned with CamScanner

ത്തീരാൻ ഞാൻ ദുആ ചെയ്യുന്നു. അതായത് അല്ലഹുവിന്റെ ഇഷ്ട മാർഗങ്ങളിൽ പദമൂന്നി നടക്കാൻ അവർക്ക് സൗഭാഗ്യം ലഭിക്കണം. മൂന്നാമതായി, എന്റെ മക്കളെല്ലാവരും ദീനിന്റെ സേവകരായിത്തീരാൻ ഞാൻ ദുആ ചെയ്യുന്നു.

"നാലാമത്, എന്റെ ആത്മാർത്ഥമായ സുഹൃത്തുക്കൾക്കുവേണ്ടി പേരെടുത്തു പറഞ്ഞ് ഞാൻ ദുആ ചെയ്യുന്നു. അഞ്ചാമത്, എന്നെ അറിയിക്കുന്നവരാണെങ്കിലും അല്ലാത്തവരാണെങ്കിലും എന്റെ ജമാഅത്തിലുള്ള എല്ലാവർക്കും വേണ്ടി ഞാൻ ദുആ ചെയ്യുന്നു."

മസീഹ് മൗഊദ് (അ)ന്റെ ഈ ദീർഘ ദുആകൾക്ക് താല്കാലിക സമാപ്തി നൽകിക്കൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ചില ദുആകളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലാഹു സുഖകരമായ നിലയിൽ നിങ്ങളെ ഇവിടെ കൊണ്ടുവന്നതുപോലെ തിരിച്ചു വീട്ടിലും എത്തിക്കുമാറാകട്ടെ. നിങ്ങൾ വീട്ടിലെത്തുമ്പോൾ, നിങ്ങളുടെ വീടുമായി ബന്ധപ്പെട്ട അസുഖകരമായ ഒരു വാർത്തയും നിങ്ങൾക്ക് കേൾക്കാനിടവരാതിരിക്കട്ടെ. അല്ലാഹു നിങ്ങളുടെ സഹായിയും സംരക്ഷകനും ആയിരിക്കട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, *'ആപ്കെ പീഛെ ആപ്കെ ഖലീഫ രഹെ'.*

മനസ്സിന് വിഷമമുണ്ടാക്കുന്ന എല്ലാ കാഴ്ചകളിൽനിന്നും അല്ലാഹു നിങ്ങളെ രക്ഷിക്കുമാറാകട്ടെ. ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യട്ടെ. നമ്മുടെ ഈ ജൽസയിൽ വലിയവലിയ വിജയം അല്ലാഹു നൽകി. നാലുകോടിയിലേറെ അനുഗ്രഹങ്ങളെകൊണ്ട് നമ്മെ കടാക്ഷിച്ചു. നമ്മൾ വീട്ടിൽ നിന്ന് ഒന്നും കൊണ്ടുവന്നിരുന്നില്ല. ഇനി നമ്മൾ പ്രതീക്ഷിക്കുന്നത് എട്ടുകോടിയിലേറെയാണ്. അതിനും അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ●

*(4-8-2000, മസ്ജിദ് ഫസ്ൽ ലണ്ടൻ. )*

Scanned with CamScanner

# അറബി, ഫാർസി പദ്യങ്ങളിലുള്ള പ്രാർത്ഥനകൾ

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ
الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ
يَرْشُدُونَ ○

**എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോടു ചോദിക്കുമ്പോൾ നിശ്ചയമായും ഞാൻ സമീപത്തുണ്ട്. പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയ്ക്ക് അവരെന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നല്കുന്നു. അതുകൊണ്ട് സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വാസമർപ്പിക്കുകയും ചെയ്യട്ടെ. (2:187)**

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അറബിപദ്യങ്ങളിലും ഫാർസി പദ്യങ്ങളിലും നിരവധി ഹൃദയസ്പൃക്കായ പ്രാർത്ഥനകൾ കാണാം. ഗദ്യങ്ങളിലും ഉർദുപദ്യങ്ങളിലുമുള്ള ചില പ്രാർത്ഥനകൾ കഴിഞ്ഞ ഖുത്ബകളിൽ പ്രതിപാദിച്ചിട്ടുണ്ട്. അറബിപദ്യങ്ങളിലും ഫാർസിപദ്യങ്ങളിലുമുള്ള പ്രാർത്ഥനകളാണ് ഇന്ന് കേൾപ്പിക്കുന്നത്.

"സകല വസ്തുക്കളേയും നിലനിർത്തുന്നവനും സന്മാർഗത്തിന്റെ ഉറവിടവുമായ അല്ലാഹുവേ, നിന്നിൽ നിന്നാണ് എനിക്ക് ശക്തി ലഭിക്കുന്നത്. നിന്നെ സ്തുതിക്കാനും നിന്നെ സ്ത്രോത്രം ചെയ്യാനും എനിക്ക് തൗഫീഖ് തന്നാലും. പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്നരുടെമേൽ നീ കാരുണ്യം വർഷിക്കുന്നു. മാർഗ്ഗഭ്രംശത്തി

Scanned with CamScanner

ലാണ്ടുപോയ ദ്രോഹിതർക്ക് നീ മുക്തി നൽകുന്നു. നിന്റെ പൊറുമയുടെ മുമ്പിൽ എത്രവലിയ പാപവും അതിനിസ്സാരമാണ്. ആ നിലയ്ക്ക് വിഷമാവസ്ഥയിൽ ചെറിയ ചില തെറ്റുകൾക്ക് വിധേയരായിപ്പോകുന്ന നിന്റെ ദാസരോടുള്ള നിന്റെ സമീപനം ഏതുരീതിയിലായിരിക്കും. പ്രപഞ്ചസത്യം അതിന്റെ മുഴുവൻ രഹസ്യങ്ങളോടെ നിന്നിൽ അധീനമാണ്. വക്രവും ഋജുവുമായ ആ രണ്ടുവഴികളും നീ അറിയുന്നു. എന്റെ അല്ലാഹുവേ, എന്റെ രക്ഷാസങ്കേതമേ ഞങ്ങൾ നിന്റെ അടിമകളാണ്. നിന്റെ മുമ്പിൽ ഭയത്തോടും ഭക്തിയോടുംകൂടി ഞങ്ങൾ സാംഷ്ടാംഗം പ്രണമിക്കുന്നു. നിന്റെ അനുഗ്രഹവും കാരുണ്യവുംകൊണ്ട് നീ ജനശൂന്യമായ സ്ഥലത്തെ ജനബഹുലമാക്കിത്തീർക്കുന്നു. ഉയർന്ന രമ്യഹർമ്മങ്ങളെ നീ നിന്റെ ഉൽക്കൃഷ്ടഗുണംകൊണ്ട് നിലനിർത്തുന്നു. കാരുണ്യം ചെയ്യുന്നതിലും ശക്തിപ്രഭാവത്തിലും നിനക്കു സമാനനായി ആരുമില്ല. എന്റെ രക്ഷിതാവേ, നിന്നെപ്പോലെ ആരേയും ഞാൻ കണ്ടിട്ടില്ല. സർവ്വതിനേയും സൃഷ്ടിച്ചവൻ. പരിശുദ്ധൻ. പലേടത്തായി വിതറിക്കിടന്ന ജീവാണുക്കളെ ഒരിടത്ത് ഒരു നഗരമെന്നപോലെ നീ സജ്ജമാക്കിയിരിക്കുന്നു.

"അല്ലാഹു ആത്മാഭിമാനിയാണ്. കുറ്റവാളികളെ തന്റെ കോപമിറക്കി അവൻ ശിക്ഷിക്കുന്നു. അവൻ പൊറുക്കുന്നവനാണ്. പശ്ചാത്തപിച്ച് മടങ്ങുന്നവരെ എല്ലാവിധ നാശങ്ങളിൽനിന്നും അവൻ സംരക്ഷിക്കുന്നു. അല്ലാഹുവേ, നീ എന്റെ ആരാധ്യനാണ്. എന്റെ അഭയകേന്ദ്രമാണ്. എന്റെ ലക്ഷ്യമാണ്. എനിക്ക് നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. ശത്രുസമൂഹത്തെ നീ തന്നെ തടഞ്ഞാലും. നീയാണ് എന്റെ ആശ്രയം. നീയാണെന്റെ രക്ഷാകേന്ദ്രം. ഞാൻ ദുഃഖത്തിലകപ്പെട്ടിരിക്കുന്നു. ഞാൻ നിന്റെ തിരുസന്നിധിയിൽ പൊറുമതേടി വന്നിരിക്കുന്നു. സൃഷ്ടികളെയെല്ലാം അനുഗ്രഹംകൊണ്ടു വലയം ചെയ്തിരിക്കുന്നവനേ, ഞാൻ നിന്നെ സ്തുതിക്കുന്നു. എന്നാൽ, സ്തുതിക്കാനുള്ള ശക്തി എനിക്കില്ല. കാരുണ്യത്തോടും വാത്സല്യത്തോടുംകൂടി എന്നെ നീ നോക്കേണമേ. എന്റെ അഭയകേനദ്രമേ, ദുഃഖങ്ങളെയെല്ലാം ദൂരീകരിക്കുന്നവനേ, ഞങ്ങളുടെ രക്ഷാസങ്കേതവും അഭയകേന്ദ്രവുമെല്ലാം നീ തന്നെയാണ്. ഈ ലോകത്തും പരലോകത്തും എന്റെ ജീവന്റെ അഭയസ്ഥാനവും നീ തന്നെ. അന്ധകാരനിബിഢമായ ഈ കാലത്ത് ഞങ്ങൾ വിപത്തുകൾ കണ്ടുകൊ

Scanned with CamScanner

ണ്ടിരിക്കുന്നു. നീ കാരുണ്യം ചൊരിഞ്ഞാലും. പ്രകാശമയമായ വീട്ടിൽ എന്നെ ഇറക്കിയാലും. പശ്ചാത്തപിക്കുന്നവന്റെ വൻപാപങ്ങൾപോലും നീ പൊറുത്തുകൊടുക്കുന്നു. ജനങ്ങളുടെ അമിതഭാരങ്ങളിൽനിന്ന് അവർക്ക് മോചനം നൽകുന്നത് നീയാണ്. അല്ലാഹുവേ, നീയാണെന്റെ ലക്ഷ്യം. നീ തന്നെയാണ് എന്റെ ആത്മാവിന്റെ ആഗ്രഹവും. നിന്നിൽത്തന്നെയാണ് എന്റെ എല്ലാ ആശ്രയവും പ്രതീക്ഷയും. നീ എനിക്ക് സ്നേഹത്തിന്റെ ഏറ്റവും ഹൃദ്യമായ നീരുറവ നല്കിയിരിക്കുന്നു. ഞാൻ അത് മതിയാവോളം കുടിച്ചു. ഞാൻ മരിച്ച് മണ്ണടിഞ്ഞാലും എന്റെ സ്നേഹം മരിക്കുകയില്ല. എന്റെ ശബ്ദം മുഴങ്ങും. നിന്നെക്കാൾ സൗന്ദര്യം മറ്റൊന്നിലും എന്റെ കണ്ണുകൾ ദർശിച്ചിട്ടില്ല.

"നന്മകളിൽ വിശാലത സൃഷ്ടിക്കുന്നവനേ, അനുഗ്രഹമുടയവനേ, നീ തന്നെയാണ് എന്റെ ജീവന്റെ ലക്ഷ്യം. പേനയിലെ ഓരോ മഷിത്തുള്ളിയിലും ഓരോ അക്ഷരങ്ങളിലും നിന്റെ ആനന്ദത്തിന്റെ പൂർണ്ണതയും അനുഗ്രഹത്തിന്റെ പാരമ്യതയും അനുഭവിച്ചപ്പോൾ എന്റെ ദുഃഖങ്ങളെല്ലാം അകന്നുപോയി. ഇപ്പോൾ എനിക്ക് അശേഷം ദുഃഖമില്ല. എന്റെ രക്ഷിതാവേ, ഞാൻ വിശ്വസിച്ചിരിക്കുന്നു. നീ ഏകനാണ്. ആകാശത്തിന്റെ പരിപാലകനും ഭൂമിയുടെ സ്രഷ്ടാവുമായ അല്ലാഹുവേ, നീ ഇറക്കിയിട്ടുള്ള സകല ഗ്രന്ഥങ്ങളിലും ഞാൻ വിശ്വസിച്ചിരിക്കുന്നു; നീ അറിയിച്ചുതന്നിട്ടുള്ള എല്ലാ പ്രവചനങ്ങളിലും.

"എന്റെ രക്ഷാസങ്കേതമേ, നീ തന്നെയായണ് എന്റെ വിജയം. എന്റെ അഭയകേന്ദ്രമേ, ദുഷ്ടജനതയുടെ വാദകോലാഹലങ്ങളിൽനിന്ന് എന്നെ രക്ഷിച്ചാലും. എന്റെ രക്ഷിതാവേ, എനിക്കു ശക്തിയും കഴിവും പ്രദാനം ചെയ്താലും. മതാധ്യാപനങ്ങളെ മണ്ണിൽ കുഴിച്ചുമൂടാൻ വെമ്പൽകൊള്ളുന്നവരെ നീ തന്നെ കൈകാര്യം ചെയ്താലും. എന്റെ രക്ഷിതാവേ, നീ ഞങ്ങൾക്കിടയിൽ വിധി കല്പിക്കേണമേ. എന്റെ ഹൃദയം അറിയുന്നവനേ, പ്രാർത്ഥിക്കുന്നവർക്കായി തന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ സദാ തുറന്നിട്ടിരിക്കുന്നവനേ, എന്റെ പ്രാർത്ഥന നിരസിക്കരുതേ. എന്റെ രക്ഷിതാവേ, എന്നെ തുണക്കേണമേ. സത്യത്തെ കാറ്റിൽപറത്താൻ ശ്രമിക്കുന്നവരെ നി തന്നെ കൈകാര്യം ചെയ്യേണമേ. എന്റെ

Scanned with CamScanner

രക്ഷിതാവേ, എന്റെ ജനത അജ്ഞതകൊണ്ട് അന്ധകാരത്തിൽ അകപ്പെട്ടിരിക്കുന്നു. നീ അവരിൽ കരുണ ചൊരിയേണമേ. അവരെ പ്രകാശമയമായ വീട്ടിൽ ഇറക്കേണമേ."

എതിരാളിയെ ഗുണദോഷിച്ചുകൊണ്ട് മസീഹ് മൗഊദ് (അ) പറയുന്നു: "എന്നെ പഴിക്കുന്നവനേ, അവസാനവിജയം മുത്തഖികൾക്കായിരിക്കും. ബുദ്ധിമാന്മാരെപ്പോലെ പര്യവസാനത്തെക്കുറിച്ച് ചിന്തിക്കുക. എന്റെമേൽ ശാപം ചൊരിയുന്നവനേ, നിസ്സംശയം അല്ലാഹു അതു കണ്ടുകൊണ്ടിരിക്കുന്നു. സർവശക്തനായ രക്ഷിതാവിന്റെ കോപത്തെ നീ ഭയപ്പെടുക. നിന്റെ സംഘത്തിലുള്ളവരെ അല്ലാഹു അപമാനിതരാക്കും. എനിക്ക് ബഹുമതി നൽകി എന്നെ ആദരിക്കുക. എല്ലാവരും എന്റെ കൊടിക്കീഴിൽ അണിനിരക്കും. എന്റെ രക്ഷിതാവേ, ഞങ്ങളുടെ ഇടയിൽ നീ വിധി കല്പിക്കേണമേ. എന്റെ ഹൃദയത്തേയും എന്റെ ഉള്ളിലുള്ളതിനേയും അറിയുന്നവനേ, പ്രാർത്ഥിക്കുന്നവർക്കായി വാതിലുകൾ എപ്പോഴും തുറന്നിട്ടിരിക്കുന്നവനേ, എന്റെ പ്രാർത്ഥന നീ നിരസിക്കരുതേ.

"എതിരാളികളിൽനിന്നുള്ള ബുദ്ധിമുട്ടുകൾ സഹിച്ച് ഞങ്ങൾ മടുത്തിരിക്കുന്നു. ഇരുട്ടിന്റെ ഈ രാത്രി ദുസ്സഹമായിരിക്കുന്നു. എന്റെ രക്ഷിതാവേ, നീ ഞങ്ങളെ സഹായിക്കേണമേ. നീ റഹ്മാനാണ്, റഹീമാണ്, ആർദ്രചിത്തനാണ്. നീ നിന്റെ അടിമകളായ ഞങ്ങളെ ഈ ആപത്തിൽനിന്ന് രക്ഷിക്കേണമേ. ഞങ്ങൾ ബലഹീനരാണ്. ഞങ്ങളുടെ തെറ്റുകൾ നീ കാണുന്നു. ഞങ്ങളുടെ അമിതത്വത്തേയും നീ കാണുന്നു. നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളെ നീ സഹായിക്കേണമേ. ഞങ്ങൾക്ക് കരുത്ത് നൽകേണമേ. നീ ഉദാരനും അങ്ങേയറ്റം ദയയുള്ളവനുമായ യജമാനനാണ്. എന്റെ കൂടെയുള്ളവരെ നീ തിരഞ്ഞെടുത്തതിനുശേഷം അവരെ നീ നിന്നിൽനിന്ന് അകറ്റരുതേ. ഞങ്ങൾ നിന്റെയടുക്കൽ മരിച്ചവരെപ്പോലെ വന്നു. നീ ഞങ്ങൾക്ക് ജീവൻ തന്നാലും. നിന്നോടു സഹായം ചോദിച്ചുകൊണ്ട് ഞങ്ങൾ മാപ്പിന്നായി യാചിക്കുന്നു. ഞങ്ങൾക്കു മാപ്പു നൽകിയാലും. എന്റെ പ്രിയപ്പെട്ടവനേ, നീ എന്നെ എവിടേക്കാണ് എടുത്തെറിയുന്നത്? ശത്രുക്കളുടെ മുമ്പിൽ നീ എന്നെ ഉപേക്ഷിച്ചുകളയുമോ? എന്റെ അല്ലാഹുവേ, എന്റെ ജീവൻ നിനക്ക് ബലിയാണ്. നീ മാത്രമാണ് എന്റെ ലക്ഷ്യം. എന്നെ അനു

ഗ്രഹിച്ചാലും. എനിക്ക് സുവാർത്ത നല്കിയാലും. എന്റെ അല്ലാഹുവേ, എല്ലാ നല്ല അവസ്ഥയും നീയാണ് എനിക്കു നൽകിയിട്ടുള്ളത്. നിഷ്കളങ്കരായിത്തീരാൻ മറ്റുള്ളവർക്കും നീ സൗഭാഗ്യം നൽകേണമേ. എന്റെ അല്ലാഹുവേ, നിന്റെ കാരുണ്യംകൊണ്ട് ഈയുള്ളവനെ ആപൽഘട്ടങ്ങളിൽ സഹായിക്കേണമേ. ബലഹീനനും നിസ്സാരനും എതിരാളികളാൽ നിഷേധിക്കപ്പെട്ടവനുമായ നിന്റെ ദാസനിലേക്ക് ഓടിവരേണമേ. നീ എപ്പോഴും എന്റെ ദുആ കേട്ടിട്ടുണ്ട്. എപ്പോഴും നിന്റെ പരിച എന്റെ രക്ഷാകേന്ദ്രമായിരുന്നിട്ടുമുണ്ട്. എന്റെ അല്ലാഹുവേ, സങ്കടം നിറഞ്ഞ എന്റെ അപേക്ഷ സ്വീകരിച്ചാലും. എന്റെ അല്ലാഹുവേ, എന്നെ സഹായിച്ചാലും. നിന്റെ പ്രകാശംകൊണ്ട് എന്നെ പ്രകാശിപ്പിച്ചാലും. എന്റെ ആശ്രയസ്ഥാനവും രക്ഷാസങ്കേതവുമായ അല്ലാഹുവേ, വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇരുട്ടിൽനിന്ന് നിന്നിൽ ഞങ്ങൾ അഭയംതേടുന്നു. എന്റെ രക്ഷിതാവേ, നന്മയുടെ ശത്രുവിനേയും ഉപദ്രവകാരിയേയും തടഞ്ഞുനിർത്തിയാലും. സത്യത്തെ നിലനിർത്തുന്നതിനുവേണ്ടി നിഷേധികൾക്കുമേൽ ശിക്ഷയിറക്കിയാലും. എന്റെ രക്ഷിതാവേ, എന്നെന്നും നീ ദയാലുവായി വർത്തിച്ചതുപോലെ ഇപ്പോഴും ദയ കാണിച്ചാലും. എന്റെ ഉത്തരവാദിത്വങ്ങൾ മറന്നുപോകുമ്പോൾ, നീ അതെന്നെ ഓർമ്മിപ്പിച്ചാലും. നിശ്ചയമായും നീ കരുണ ചെയ്യുന്നവനും യജമാനനുമാണ്. നിന്റെ ദാസരിൽ നിന്ന് നാണം കെടേണ്ടിവരുന്ന ദിവസത്തെ എന്നിൽനിന്ന് അകറ്റിനിറുത്തിയാലും. വിപത്തുകൾ നിറഞ്ഞ ഭയാനകമായ രാത്രികൾ ഞാൻ കാണുന്നു. നീ എന്നെ രക്ഷിച്ചാലും. ശോഭനീയമായ പകലിനെക്കുറിച്ച് സുവാർത്ത നൽകിയാലും. ഉദാരമതിയായ എന്റെ അല്ലാഹുവേ, എന്റെ വിഷമങ്ങളെ അകറ്റിയാലും. എനിക്ക് മോചനം നൽകിയാലും. എന്റെ അല്ലാഹുവേ, എന്റെ ശത്രുവിനെ ഭസ്മമാക്കിയാലും. എന്റെ ഒരു പ്രവർത്തനവും നിന്നിൽനിന്ന് മറഞ്ഞതല്ല. എന്റെ എല്ലാ രഹസ്യങ്ങളും ഹൃദയത്തിന്റെ ആഴവും നീ അറിയുന്നു. നിന്റെ പ്രതാപത്തിന്റെ പാനീയമാണ് എന്റെ ലക്ഷ്യം. അതിന്റെ ഉറവകൾ പുറപ്പെടുവിച്ചാലും. നിന്റെ പ്രതാപത്തെ നീ തന്നെ വെളിപ്പെടുത്തിയാലും. ഞങ്ങൾ നിന്നെ റഹ്മാനായി കണ്ട സ്ഥിതിക്ക് ഞങ്ങൾക്കെന്തു വിഷമം സംഭവിക്കാനാണ്. ഇരുൾമുറ്റിയ ഈ ലോകത്തുനിന്ന് നിന്റെ പ്രകാശത്തിൽ ഞങ്ങൾ അഭയം തേടുന്നു. 'എല്ലാ മഹത്ത്വവും ആദ

Scanned with CamScanner

രണീയനും സർവശക്തനും കാര്യങ്ങൾ എളുപ്പമുള്ളതാക്കിത്തീർക്കുന്നവനുമായ അല്ലാഹുവിനാകുന്നു'-ഇതാണ് ഞങ്ങളുടെ ഉൾവിളി.

"ഞങ്ങൾ ശത്രുക്കളിൽനിന്ന് പീഡനങ്ങളേറ്റുവാങ്ങി. അക്രമത്തിന്റെ രാത്രി-അതെപ്പോഴും നീണ്ടതാണ്- അല്ലാഹുവേ, നീ ഞങ്ങളെ സഹായിക്കേണമേ. മരിച്ചവരായി ഞങ്ങൾ നിന്റെയടുക്കൽ വന്നു. ഞങ്ങളുടെ ഗ്രാമത്തെ നീ ജീവനുള്ളതാക്കേണമേ. ഞങ്ങൾ നിന്റെ മുമ്പിൽ അഗതികളെപ്പോലെ വീഴുന്നു. നീ ഞങ്ങൾക്കു പൊറുത്തു തരേണമേ. അല്ലാഹുവേ, എന്റെ സർവസ്വവുമായവനേ, നിന്നിൽ ഞാൻ എന്നെ ബലിയാക്കിയിരിക്കുന്നു. നീ എന്റെ ജന്നത്താണ്. നിന്നെപ്പോലെ ഫലം പ്രദാനം ചെയ്യുന്ന ഒരു ജന്നത്ത് ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. അല്ലാഹുവേ, നിന്റെ ശബ്ദം കേൾക്കാൻ ഞങ്ങൾ ഓടിവന്നു. പക്ഷേ, ഈ കാരണംകൊണ്ട് അറിവില്ലാത്ത ആ ജനം അവരുടെ മജ്ലിസുകളിൽ നിന്ന് ഞങ്ങളെ പുറത്താക്കിയിരിക്കുന്നു. നീ ഞങ്ങളുടെ ഒരേയൊരു സുഹൃത്താണ്. സത്യസ്വരൂപനായ അല്ലാഹുവേ, നിന്റെ ദാസന്റെ കാര്യങ്ങൾ അറിഞ്ഞാലും. നീ ഇല്ലാതെ നിന്റെ സാന്നിധ്യമില്ലാതെ, സഹായമില്ലാതെ ഒരു വാതിലിലൂടെയും ഞങ്ങൾക്ക് കടക്കാൻ സാധ്യമല്ല."

എന്റെ അല്ലാഹുവേ, നീ എന്നെ ഏതു വാതിലിലൂടെയാണ് അയക്കുന്നത്. ഞാൻ അങ്ങേയറ്റം താഴ്മയോടുകൂടി ചെല്ലുമ്പോൾ അവർ ചീത്തപറയുകയും മുഖം തിരിക്കുകയും ചെയ്യുന്നു. എല്ലാ അക്രമങ്ങളും ഞാൻ സഹിച്ചു. എന്നാൽ നീ അകലുന്നു എങ്കിൽ അത് നിക്കസഹ്യമാണ്. എന്റെ പ്രിയപ്പെട്ടവനേ, എന്നിലേക്ക് വന്നാലും. എന്റേതെല്ലാം നീ മാത്രമാണ്. എന്നിൽ എന്തെങ്കിലും തെറ്റ് നീ കാണുന്നുവെങ്കിൽ പൊറുത്തുതന്നാലും. നിന്റെ അനുഗ്രഹം കൊണ്ടു ഞാൻ ശത്രുക്കളിൽ നിന്ന് രക്ഷപ്പെട്ടു. എന്നാൽ നിന്റെ സൗന്ദര്യം എന്നെ കീഴടക്കി. നീ എന്നിലേക്ക് വന്നാലും. എന്റെ വിഷമങ്ങൾ അകറ്റിയാലും. എന്നെ സഹായിച്ചാലും. എന്റെ ശത്രുവിനെ നശിപ്പിച്ചാലും. അപമാനിതനാക്കിയാലും. നിന്നെ കാരുണ്യവാനായി ഞാൻ കണ്ടു. ഒരു ദുഃഖവും അതിനുശേഷം അവശേഷിച്ചില്ല. ഉൾകണ്ണുകൊണ്ട് ഞാൻ നിന്നെ ദർശിച്ചു. എന്റെ അല്ലാഹുവേ, ഞാനാഗ്രഹിക്കുന്നത് നിന്റെ അധികാരമാണ്. എന്റെ വലിപ്പമല്ല. എന്റെ ഹൃദയത്തേയും എന്റെ ഉദ്ദേശ്യത്തേയും നീ കണ്ടുകൊ

Scanned with CamScanner

ണ്ടിരിക്കുന്നു. സ്തുതികളെല്ലാം ഞാൻ നിന്നിലേക്ക് മടക്കുന്നു. മണ്ണിൽ ചേർക്കുന്ന ചാണകംപോലെ മാത്രമാണ് ഞാൻ."

(ഇവിടെ ഹുസൂർ ഒരു വിശദീകരണം നൽകുന്നു. ഹുസൂർ പറയുന്നു:) *സർഗീൻ* എന്ന ഒരു പദമാണ് മസീഹ് മൗഊദ് (അ) ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അർത്ഥം ചാണകമെന്നാണ്. അത് മണ്ണിൽ ചേർക്കാറുണ്ട്. അതീവവിനയം പ്രകടിപ്പിക്കുന്ന ഒരു വചനമാണിത്. ഹസ്റത്ത് ദാവൂദിന്റെ സബൂറിനെ ഇതനുസ്മരിപ്പിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥന തുടരുന്നു:

"എന്റെ ജനത എന്നെ നിഷേധിച്ചു. ഞാൻ നിന്റെയടുക്കൽ മർദ്ദിതനായി വന്നിരിക്കുന്നു. മുഹമ്മദുനബി (സ) തിരുമേനിയെ സ്നേഹിക്കുന്ന ഒരുവൻ എങ്ങനെയാണ് കാഫിറാകുന്നത്? ബട്ടാലയിലെ ദ്രോഹിയായ ശേയ്ഘിനെ ഓർക്കുമ്പോൾ എനിക്കത്ഭുതം തോന്നുന്നു. ധാരാളമാളുകളെ അയാൾ തന്റെ ദ്രോഹകരമായ പ്രവൃത്തികൊണ്ട് വഴിതെറ്റിക്കുകയും സത്യത്തിൽ നിന്നകറ്റുകയും ചെയ്തു. എന്റെ അല്ലാഹവേ, അത്തരം സത്യവിരുദ്ധരെ നീ തടഞ്ഞു നിർത്തിയാലും; നീ മുമ്പേ തടഞ്ഞുനിർത്തിയിട്ടുള്ളതുപോലെ. നിന്റെ ഇഷ്ടദാസനെ എതിർക്കുകയും കഠിനമായി ഉപദ്രവിക്കുകയും ചെയ്ത ശത്രുവിനെ പിടിച്ചമർത്തിയാലും."

"എന്റെ രക്ഷിതാവേ, എന്റെ യജമാനരായ ഹസ്റത്ത് മുഹമ്മദുനബി (സ)യുടെ ഉമ്മത്തിന്റെ അവസ്ഥ നീ നന്നാക്കിത്തീർത്താലും ഇതു നിനക്ക് എളുപ്പമുള്ള കാര്യമാണ്; ഞങ്ങൾക്ക് പ്രയാസമുള്ളതും. നീ കൈപിടിച്ചുയർത്താതെ ഉന്നതി പ്രാപിക്കാൻ ആർക്കും സാധ്യമല്ല. നീ വിധിക്കാതെ ആർക്കും കൂടിക്കാനും സാധ്യമല്ല. ഞങ്ങളുടെ അണുക്കൾ പരീക്ഷണങ്ങൾകൊണ്ട് ചിതറിപ്പോയി. ഞങ്ങൾ മരിച്ചവരെപ്പോലെയാണ്. നീ കണ്ടുകൊണ്ടിരിക്കുന്ന ഞങ്ങളുടെ കുറവുകളെ വെളിപ്പെടുത്തരുതേ. ഞങ്ങളെ നശിപ്പിക്കുന്നതിനായി നീ ഖഡ്ഗമോങ്ങരുതേ. നീ ഞങ്ങളുടെ വിലാപം കേൾക്കേണമേ. കരുണ ചൊരിയേണമേ. മാപ്പു നൽകേണമേ. ഞങ്ങൾ അപമാനിതരായിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ കുറവുകൾകൊണ്ട് നീ ഞങ്ങളെ ശിക്ഷിച്ചാൽ ഞങ്ങൾ മരിച്ചുപോകും. ആ അപമൃത്യുവിൽ ശത്രുക്കൾ സന്തോഷിക്കും.

Scanned with CamScanner

അതിനു നീ ഇടയാക്കരുതേ. നീ എന്നെ സഹായിക്കുന്നതുവരെ ഞാൻ പ്രവർത്തനരംഗത്ത് നിന്ന് പിന്മാറുകയില്ല. ഞാൻ പരാജയപ്പെടുകയോ വിജയിക്കുകയോ ചെയ്യേണ്ടത് എന്നെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. പാപം ഏറ്റവും വലുതുതന്നെ. പക്ഷേ, അതിനേക്കാൾ വലിയ മറ്റൊന്നിനെ ഞാൻ കാണുന്നു. അത് നിന്റെ അനുഗ്രഹമാണ്. നിന്റെ അനുഗ്രഹം അപാരമാണ്.

"അല്ലാഹുവേ, ഞങ്ങളുടെ വിലാപം നീ കേൾക്കേണമേ. ഞങ്ങളെ സംതൃപ്തരാക്കേണമേ. നിന്റെ ശക്തിപ്രഭാവത്താൽ ഞങ്ങളുടെ അഭിമാനത്തെ നീ കാക്കേണമേ. നിസ്സംശയം. നീ സർവശക്തനാണ്. ഈ ആളുകളിൽനിന്ന് ഞങ്ങൾ നിരാശരായിരിക്കുന്നു. അവരുമായി ഞങ്ങൾക്ക് ബന്ധമില്ലാതായിരിക്കുന്നു. ഞങ്ങളിതാ നിന്റെയടുത്ത് വന്നിരിക്കുന്നു. മനസ്സിൽ മറച്ചുവയ്ക്കുന്നത് കാണുന്നവനേ, മനുഷ്യൻ ഉയർന്നവനാണ്. പക്ഷേ, നിന്നോളമെത്താൻ അവന് കഴിയില്ല. അതിർത്തി നിർണ്ണയിക്കാൻ പറ്റാത്ത പരിപൂർണ്ണനായ അല്ലാഹുവേ, നിന്റെ സ്തുതി എണ്ണിക്കണക്കാക്കാൻ പറ്റാത്തത്ര വിശാലമാണ്. അതു നിനക്ക് അനുരൂപമായ പ്രൗഢിയാണ്. അല്ലാഹുവേ, ഞങ്ങളിൽ കൃപ ചൊരിയേണമേ. വിപത്ഘട്ടങ്ങളിൽ നിന്റെ ദാസരെ സഹായിക്കേണമേ. നീ വലിയ കഴിവുള്ളവനാണ്.

"ഞങ്ങളുടെ രക്ഷിതാവേ, ശത്രുകരങ്ങളെ തടഞ്ഞുനിർത്തിയാലും. എല്ലാവരാലും നിഷേധിക്കപ്പെടുകയും ശാപം ചൊരിയപ്പെടുകയും ചെയ്യുന്ന നിസ്സാരനും നിസ്സഹായനുമായ ഈയുള്ളവനെ സഹായിക്കേണമേ. ഞാൻ മിസ്കീനായിട്ട് നിന്റെ സന്നിധിയിൽ വന്നിരിക്കുന്നു. നിന്റെ സഹായം ഏറ്റവും വലുതാണ്. ഞാൻ ദാഹിച്ചവനായി നിന്റെയടുക്കൽ വന്നിരിക്കുന്നു. നിന്റെ സമുദ്രം അലയടിച്ചുയരുന്നു. ദീനെ മുഹമ്മദി (സ)ന്റെ അടയാളം ഇല്ലാതായിരിക്കുന്നു. ഞാൻ നിന്റെ സന്നിധിയിൽ സങ്കടം ബോധിപ്പിക്കുകയാണ്. സൃഷ്ടിക്കുന്നവനും സൃഷ്ടികളെക്കൊണ്ടു നിറയ്ക്കുന്നവനും നീ തന്നെയാണ്. അല്ലയോ ഇസ്‌ലാമിന്റെ സഹായിയായിട്ടുള്ളവനേ, അഹ്മദിന്റെ രക്ഷിതാവേ, അനുതാപത്തോടെ എന്റെ വിലാപം കേട്ടാലും. ഞാൻ നിന്ദിതനായിരിക്കുന്നു. സകല ദർജയും നൽകി അനുഗ്രഹിച്ച ആ റസൂലിന്റെ (സ) രക്ഷിതാവേ, സൃഷ്ടികൾ വിസ്മ

യിച്ചുപോകുംവിധമുള്ള പ്രൗഢി നീ ആ മഹാത്മാവിന് നൽകിയിരിക്കുന്നു. നീ എപ്പോഴും ആനന്ദം വാഗ്ദാനം ചെയ്യുന്നവനും കരുണ ചെയ്യുന്നവനുമാണ്. ഞാനൊരിക്കലും നിർഭാഗ്യവാനായിട്ടില്ല. എപ്പോഴും നീ എനിക്ക് ബഹുമതി നൽകി. അതുകൊണ്ട് നീ എന്നെ എന്നോടു കലഹിക്കുന്നവർക്ക് ഇരയാക്കരുതേ. നീ എന്റെ ഏകനായ അല്ലാഹു ആകുന്നു. നീ എല്ലാ തെറ്റുകളും പൊറുക്കുന്നു. നീ ദയാലുവായ അല്ലാഹുവാണ്. സൃഷ്ടികളെല്ലാം മടങ്ങിയെത്തേണ്ട സ്ഥലമാണ്. നീ തന്നെയാണ് സംരക്ഷകൻ. രക്ഷാകേന്ദ്രവും നീ തന്നെ. എനിക്കു നീ ഉന്നതി നല്കേണമേ. രക്ഷിതാവായ അല്ലാഹുവിന്റെ കവാടം കൂടാതുള്ളതെല്ലാം നിന്ദ്യമായതുതന്നെ. അവന്റെ പ്രകാശം കൂടാതുള്ളതെല്ലാം അന്ധകാരം തന്നെ. ഇതിന്റെ യാഥാർഥ്യം വിഡ്ഢികൾ അറിയുന്നില്ല. കാര്യം പറയുന്നതിൽ അവർ മൃദുലനാണെന്ന് മാത്രം അവർക്കറിയാം. അവരുടെ കെടുതികൾ സാധാരണയായി. അവരുടെ ദ്രോഹങ്ങൾ വർധിച്ചു. ഫിത്നയുടെ വെള്ളപ്പൊക്കം അവരുടെ അനീതി കാരണം കരകവിഞ്ഞൊഴുകാൻ തുടങ്ങി. അല്ലാഹുവേ, നീ അവരെ പിടിച്ചുനിർത്തിയാലും. ദ്രോഹികളെ പിടിക്കുന്നതുപോലെ അവരെ പിടിച്ചാലും. കാരണം അവർ ഈ കാലഘട്ടത്തെ വികൃതമാക്കി. അല്ലയോ സർവശക്താ, നീ നിന്റെ, കരുണാകടാക്ഷത്താൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും വിവരമെടുത്താലും. സൃഷ്ടികളെ ഈ കൊടുങ്കാറ്റിൽനിന്ന് രക്ഷിച്ചാലും. അവരുടെ പട്ടാളം മുസ്‌ലിംകളുടെ മണ്ണിൽ ഇറങ്ങിയിരിക്കുന്നു. അവരുടെ അധർമങ്ങൾ മുസ്‌ലിം സ്ത്രീകളിൽ സംക്രമിച്ചിരിക്കുന്നു. അഹ്മദിന്റെ രക്ഷിതാവേ, മുഹമ്മദ് നബി (സ)യുടെ ഇലാഹേ, അക്കൂട്ടരുടെ വിഷപ്പുയിൽനിന്ന് നിന്റെ ദാസരെ രക്ഷിച്ചാലും. എന്റെ സഹായിയായ അല്ലാഹുവേ, നീയല്ലാത ഞങ്ങൾക്ക് ഒരു രക്ഷാസങ്കേതവുമില്ല. അവരെക്കൊണ്ട് ഞങ്ങളുടെ ഭൂമി ചുരുങ്ങിയിരിക്കുന്നു. അല്ലാഹുവേ, കല്ലുകൾകൊണ്ട് അവരുടെ സ്ഫടികഗേഹങ്ങൾ തകർത്താലും. വിഷലിപ്തമായ അവരുടെ പ്രഭാഷണങ്ങളിൽനിന്ന് ജനങ്ങളെ കാത്തുരക്ഷിച്ചാലും. നിന്റെ നബി (സ)യെ അവർ അസഭ്യം പറഞ്ഞു. സൃഷ്ടികുലോത്തമനായ നബിയെ| കളവാക്കുകയും ചെയ്തു. നീ അവരുടെ അക്രമം കണ്ടാലും. അവർ കെട്ടിയുയർത്തിയ മണിമന്ദിരങ്ങൾ തകർക്കുന്നതായി അവരുടെ മുറ്റത്തിറങ്ങിയാലും. എന്റെ രക്ഷിതാ

Scanned with CamScanner

വേ, അതിനെ തുണ്ടംതുണ്ടമാക്കിയാലും. അവരുടെ സംഘടിതശക്തിയെ ഛിന്നഭിന്നമാക്കിയാലും. എന്റെ രക്ഷിതാവേ, അവർ ഞങ്ങളെ വഴിപിഴപ്പിക്കാനും നാശത്തിൽ അകപ്പെടുത്താനും പ്രതിജ്ഞ എടുത്തിരിക്കുന്നു. അവരുടെ കുതന്ത്രം അവരിലേക്കു തന്നെ തിരിച്ചുവിട്ടാലും. നീ നിന്റെ വാഗ്ദാനം പൂർത്തിയാക്കുകയില്ലെന്ന് അവർ കരുതിയിരിക്കുന്നു. അപ്പോൾ എതിരാളികൾ അല്ലാഹുവിന്റെ രാജ്യത്ത് അവരുടെ അന്യായം കാരണത്താൽ രാജ്യദ്രോഹഹികളായി.

"മത്സരസമയത്ത് ഞാനെന്റെ രക്ഷിതാവിനെ വിളിച്ചു. അവരുടെ കുന്തമനുകളിൽ നിന്ന് രക്ഷപ്പെടാനുള്ള എന്റെ പരിച അല്ലാഹുവാണ്. എന്റെ സഹായിയായ അല്ലാഹുവേ, നിന്നെക്കൂടാതെ എനിക്കൊരു അഭയവുമില്ല. നീ എന്നെ സഹായിക്കേണമേ. അവരുടെ പർവതനിരകളെ തകർക്കാൻ ഞങ്ങളെ തുണക്കേണമേ. എൻരെ രക്ഷിതാവേ, കുരിശുടയുന്നത് നീ എനിക്കു കാണിച്ചുതരേണമേ. അവരുടെ നാവിൽ എനിക്ക് ശക്തി നൽകേണമേ. എന്റെ രക്ഷിതാവേ, നിത്യവും നിന്റെ പ്രൗഢി വിളങ്ങുന്നു. നിന്റെ ദാസരെ അവരുടെ മൈതാനത്ത് വിജയം നൽകി അനുഗ്രഹിക്കേണമേ."

ഈ ദുആ ഇന്ന് അത്ഭുതകരമായ ശോഭയോടുകൂടി പുലർന്നുകൊണ്ടിരിക്കുന്നു. അല്ലാഹു അവന്റെ ദാസരെ എല്ലാ രീതിയിലും സഹായിച്ചുകൊണ്ടിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു:

"ഞങ്ങൾ ക്ഷമയോടുകൂടി കേണപേക്ഷിക്കുകയും വിലപിക്കുകയും ചെയ്യുന്നു. അവരുടെ ഉപദ്രവങ്ങളിൽനിന്ന് ഞങ്ങൾ അല്ലാഹുവിൽ അഭയം തേടുന്നു. അല്ലാഹു അസ്ത്രം തൊടുത്തുകഴിഞ്ഞാൽ അത് ഒരിക്കലും പാഴായിപ്പോകുകയില്ല. അല്ലാഹുവിന്റെ കോപം അവരുടെ കോപത്തെ അതിജയിച്ചുകൊണ്ടിരിക്കുന്നു. സർവശക്തനായ അല്ലാഹുവേ, ഞങ്ങൾക്കുവേണ്ടി നീ നിന്റെ പട്ടാളത്തെ ഇറക്കിയാലും. കാരണം അവരുമായി ഏറ്റുമുട്ടുകയെന്നാൽ മരണവുമായി ഏറ്റുമുട്ടുകയെന്നാണ്. എന്റെ രക്ഷിതാവേ, ഹൃദയം തൊണ്ടക്കുഴിയിലെത്തിയിരിക്കുന്നു. എന്റെ രക്ഷിതാവേ, അവരുടെ ശ്വാസത്തിൽനിന്ന് സൃഷ്ടികളെയെല്ലാം കാത്തുരക്ഷിക്കേണമേ. ഹൃദയം ആധികൊണ്ട് കഷണം കഷണമായിപ്പോയി. നീ കരുണ ചെയ്യേ

Scanned with CamScanner

ണമേ. അവരുടെ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന ചെമ്പിൽനിന്ന് ഞങ്ങളുടെ ജീവന് മോചനം നൽകേണമേ. ദീനിന്റെ ശത്രുക്കളെ ചെന്നായ്ക്കൾക്കുള്ള ആട്ടിൻപറ്റങ്ങളാക്കേണമേ; എന്റെ രക്ഷിതാവേ, അവരുടെ അപമാനത്തിൽനിന്നും ദുഷ്പേരിൽനിന്നും ഞങ്ങൾക്കു രക്ഷ നൽകേണമേ.

"ഈ ഖസീദ ഞാൻ ധിറുതിയിലെഴുതിയതാണ്. ഇതു മുത്തുകൾ പോലെയാണ്. എന്റെ കഴിവുകൊണ്ടല്ല ഞാനിതെഴുതിയിട്ടുള്ളത്. ഈ മുത്തുകൾ അല്ലാഹുവിൽനിന്നുള്ളതാണ്. എന്റെ കൈകൾ അത് കോർത്തിണക്കി. അല്ലാഹുവേ, മുഹമ്മദുനബി (സ)യുടെ തേജസ്സ് വെളിപ്പെടാൻ ഇതിൽ നീ അനുഗ്രഹം ഇറക്കേണമേ. ആ മഹാത്മാവ് ആദരണീയരിൽ ആദരണീയനും തിരഞ്ഞെടുക്കപ്പെട്ടവരിൽ തിരഞ്ഞെടുക്കപ്പെട്ട മഹാനുമാണ്.

"സ്വഹാബത്ത് എല്ലാവരും സൂര്യന് സമരം തന്നെയാണ്. അവർ തങ്ങളുടെ പ്രകാശംകൊണ്ട് സൃഷ്ടികളുടെ മുഖം പ്രശോഭിതമാക്കി. സ്വന്തം ബന്ധുമിത്രാദികളോടുള്ള സ്നേഹം അവർ ബലിയർപ്പിച്ചു. റൂസലിന്റെ തിരുസന്നിധിയിൽ അവർ ദരിദ്രരെപ്പോലെ വന്നു. നമ്മുടെ നബി (സ) യുടെ എല്ലാ സഹാബത്തിനേയും ഞാൻ ദൈവസന്നിധിയിൽ അനശ്വരമായ മാന്യതയുടെ സ്ഥാനത്ത് കാണുന്നു. യാത്രയിലും അല്ലാത്തപ്പോഴും അവർ റസൂലിനെ പിൻപറ്റുകയും അവർ ഹബീബിന്റെ വഴിയിൽ മണൽത്തരികളായി മാറുകയും ചെയ്തു. അവരുടെ സേവനങ്ങളും ഉറച്ച നിലപാടുകളും അല്ലാഹുവേ, നീ കണ്ടാലും.

"എന്റെ രക്ഷിതാവേ, നബി (സ) തിരുമേനിയുടെ മാർഗ്ഗത്തിലുള്ള അനുഗ്രഹംകൊണ്ട് ഞങ്ങൾക്ക് കാരുണ്യം നൽകേണമേ. ഞങ്ങൾക്കു പൊറുത്തുതരേണമേ. നീ തന്നെയാണ് അനുഗ്രഹമുടയവനായ അല്ലാഹു. നബി (സ) തിരുമേനിയുടെ സ്വഹാബത്തിനെ ചീത്തപറഞ്ഞവർ, നിസ്സംശയം അവർ ഹലാക്കായിരിക്കുന്നു. ഇതു സത്യമാണ്. ഇതിലൊരു അതിശയോക്തിയുമില്ല.

"നമ്മുടെ ശരീഅത്ത് അത്ഭുതകരമായൊരു വയലാണ്. അത് ഇന്ന് വാടിയിരിക്കുന്നു. അല്ലാഹുവേ, നീ തന്നെ അതിന് ശക്തി നൽകി സമ്പന്നമാക്കിയാലും.

Scanned with CamScanner

"ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവായ അല്ലാഹുവേ, എനിക്ക് കരുണയുടെ കവാടം തുറന്നുതരേണമേ. മറ്റുള്ളവരിൽനിന്ന് ഞാൻ മറച്ചുവയ്ക്കുന്ന എന്റെ വിഷമം നിനക്കറിയാം. എന്റെ പ്രേമ ഭാജനമേ, നീ അതിരറ്റ് അനുഗ്രഹം ചെയ്യുന്നവനാണ്. നീ എന്റെ എല്ലാ നാഡിഞരമ്പുകളിലും പ്രവേശിച്ചാലും. നിന്നെ ഉള്ളിൽ പ്രാപിക്കുമ്പോൾ എന്റെ ഹൃദയം പൂന്തോട്ടത്തെക്കാണുന്നതി നേക്കാളേറെ സന്തോഷിക്കുന്നു. പരിശുദ്ധനായ അല്ലാഹുവേ, നീ എന്നെ ത്യജിക്കുകയാണെങ്കിൽ, അപ്പോൾ നിന്റെ വേർപാടിൽ ഞനെന്റെ ജീവൻ ബലികഴിക്കും. ലോകത്തിന്റെ മുഴുവൻ കരളലി യിക്കുന്നവിധം ഞാൻ വാവിട്ടുകരയും. നീ എന്നെ വെറുത്ത് എന്നിൽനിന്ന് മാറിപ്പോയാലും, നിന്റെ മുഖം കാണിക്കാതിരുന്നാലും, കൊല്ലുകയോ കൈയൊഴിക്കുകയോ ചെയ്താലും നിന്റെ കോന്ത ലയിൽനിന്ന് പിടിവിടാൻ എനിക്കു കഴിയുകയില്ല.

"എന്റെ അല്ലാഹുവേ, എന്റെ തെറ്റുകൾ പൊറുത്തുതരേണമേ. നിന്റെ തിരുസന്നിധിയിലേക്കുള്ള നേരായവഴി എനിക്കു കാണിച്ചു തരേണമേ. എന്റെ ജീവനും എന്റെ ആത്മാവിനും പ്രകാശം നൽകേണമേ. മറഞ്ഞിരിക്കുന്ന എന്റെ പാപങ്ങളിൽനിന്ന് എന്നെ പരിശുദ്ധനാക്കേണമേ. എന്റെ ബുദ്ധിമുട്ടുകളെല്ലാം അകറ്റേണമേ. ഇരുലോകത്തും എനിക്കു പ്രിയപ്പെട്ടവൻ നീ മാത്രമാണ്. ഞാൻ നിന്നിൽനിന്ന് പ്രതീക്ഷിക്കുന്നത് അല്ലാഹുവേ, നിന്നെ തന്നെയാ ണ്.

"അല്ലാഹുവേ, എന്റെ ദുഃഖങ്ങൾക്കു ശിഫാ നൽകുന്നവനേ, എന്റെ വിലാപങ്ങൾക്കുള്ള ഔഷധമേ, നീ ഞങ്ങളുടെ മുറിവേറ്റ ജീവനുമേൽ മരുന്നുവെച്ചു കെട്ടുന്നവനാണ്. നീ ഞങ്ങളുടെ ദുഃഖ ഹൃദയങ്ങൾക്ക് ആശ്വാസം നൽകുന്നവനാണ്. നീ നിന്റെ കൃപയാൽ ഞങ്ങളുടെ എല്ലാ ഭാരവും സ്വയം വഹിച്ചിരിക്കുന്നു. ഞങ്ങളുടെ മരങ്ങളിൽ കായ്കനികൾ നിന്റെ ഫള്ല് കൊണ്ടാണ് ഉണ്ടായിട്ടുള്ള ത. നീ തന്നെയാണ് ഞങ്ങളുടെ പാപങ്ങളെ മറച്ചുവയ്ക്കുന്നവൻ. പരിപൂർണ്ണമായ കരുണയാൽ നിരാലംബരുടെ വേദന അറിയുന്ന വൻ. ദാസൻ ദുഃഖിതനാകുമ്പോൾ അതിനുള്ള ചികിത്സ നീ ഉടനെ ചെയ്യുന്നു. അവൻ ഇരുട്ടിലകപ്പെടുമ്പോൾ നൂറുകണക്കിന് സൂര്യനും ചന്ദ്രനും സൃഷ്ടിക്കുന്നു. എല്ലാം നിന്നിൽ അവസാനിക്കുന്നു. നീ

Scanned with CamScanner

ഇല്ലാത്ത നിലയിൽ മറ്റൊന്നുമായി ബന്ധംവെയ്ക്കുന്നത് നിഷിദ്ധ മാകുന്നു.

"അല്ലാഹുവേ, ദുഷ്ടജനതയുടെ അടിത്തറ ഇളക്കിയെറിഞ്ഞാലും വർ അന്യായമായി സത്യത്തെ നിരാകരിക്കുന്നു. അവർ മനസ്സിലാ ക്കുന്നില്ല; കാണുന്നില്ല; കേൾക്കുന്നില്ല; ആ പരിപൂർണ ചന്ദ്രനോട് ധിക്കാരം കാണിക്കുന്നു. (ഹസ്റത്ത് മസീഹ് മൗഊദ് (അ) എതി രാളിയോടു പറയുന്നു) വിഡ്ഢിത്തംകൊണ്ട് കഠിനമായി നിഷേ ധിക്കുകയും ശത്രുത പുലർത്തുകയും ചെയ്യുന്നവനേ, നീ എന്തിന് വാചകമടിക്കുന്നു. പോകുക. ദൈവിക സന്നിധിയുടെ കവാടം മുട്ടു ക. വിലപിക്കുക. പങ്കുകാരാരുമില്ലാത്ത അല്ലാഹുവേ, എന്റെ കാലിൽ കിടക്കുന്ന കനംകൂടിയ ചങ്ങല അഴിടച്ചുനീക്കിയാലും.

"അല്ലാഹുവേ, ദുഃഖിതമായ ഹൃദയത്തിന് അഭയസങ്കേതമേ, സാധുജനങ്ങളുടെ രക്ഷാകേന്ദ്രമേ, പാപികൾക്കു പൊറുത്തുകൊ ടുക്കുന്നവനേ, നിന്റെ കൃപാകടാക്ഷംകൊണ്ട് ഈ ദാസന് പൊറു ത്തുതന്നാലും. അകന്നു നിൽക്കുന്നവരെ കരുണാദൃഷ്ടിയോടെ നോക്കിയാലും. ഉപകാരം ചെയ്യുന്നവനായ അല്ലാഹുവേ, എന്റെ ജീവൻ നിന്നിൽ ബലിയാണ്. ഞാൻ നിന്നോടു വിവേചനം കാണി ക്കാൻ നീ എന്നോടു എന്തു വിവേചനമാണ് കാണിച്ചത്. എല്ലാ ഉദ്ദേശ്യവും ലക്ഷ്യവും ഞാൻ നിന്നോടു ചോദിച്ചു. എന്റെ എല്ലാ ആഗ്രഹവും നിന്റെ കനിവുകൊണ്ട് നീ എനിക്കു പൂർത്തിയാക്കി ത്തന്നു. അല്ലാഹുവേ, അനുഗ്രഹിച്ചാലും. അല്ലാഹുവേ, എന്നോ ടുള്ള അതിരറ്റ ദയ നിന്നെ എന്റെ വീട്ടിൽകൊണ്ടുവന്നു. എനിക്ക് സ്നേഹവും കൃതജ്ഞതയും സംബന്ധിച്ച് ഒരു വിവരവും ഉണ്ടാ യിരുന്നില്ല. നീ തന്നെയാണ് ഈ സ്നേഹസമ്പത്ത് എന്റെ ഹൃദയ ത്തിൽ ഇട്ടത്. എന്റെ രക്ഷിതാവേ, എന്റെ ഓരോ ചുവടും നീ ഉറപ്പി ച്ചാലും. നിന്നോടു ഞാൻ ചെയ്തിട്ടുള്ള പ്രതിജ്ഞ പാലിക്കപ്പെ ടാത്ത ഒരു ദിനവും നീ എനിക്കായിട്ട് ഉദിപ്പിക്കരുതേ. നിന്റെ ഇടവ ഴികളിൽ നിന്നെ സ്നേഹിക്കുന്നവരുടെ തലയെടുക്കപ്പെടുന്നതാ യാൽ ഒന്നാമതായി നിന്നോടുള്ള സ്നേഹം വിളംബരം ചെയ്യുന്ന വൻ ഞാനായിരിക്കും. എന്റെ അല്ലാഹുവേ, നിന്റെ രഹസ്യകാര്യ ങ്ങളിൽ എന്റെ ജീവൻ ബലിയാണ്. നീ നിരക്ഷരജനതയ്ക്ക് ബുദ്ധിയും കരുണയും പ്രദാനം ചെയ്യുന്നു. എന്നെപ്പോലുള്ള നിര

Scanned with CamScanner

ക്ഷരൻ വേറെ എവിടെ ഉണ്ടാകാനാണ്. എന്റെ വളർച്ചതന്നെ അജ്ഞതയുടെ നടുവിലായിരുന്നു. ഞാനൊരു കീടമായിരുന്നു. നീ എന്നെ ഒരു മനുഷ്യനാക്കി. പിതൃബന്ധം കൂടാതെ ജനിച്ച മസീഹിനേക്കാൾ അത്ഭുതമാണ് ഞാൻ.

''എന്റെ പാദങ്ങൾ പ്രിയങ്കരനായ അല്ലാഹുവിന്റെ ദയാവായ്പുകൊണ്ട് സ്വർഗ്ഗത്തിൽ കടന്നിരിക്കുന്നു. അവന്റെ ദയകൊണ്ട് എന്റെ കൈയിൽ ഹൃദയങ്ങളെ കൂട്ടിയിണക്കാനുള്ള ശക്തിയുണ്ട്. എന്റെ പ്രാർത്ഥന സ്വീകരിക്കാനുള്ള അവന്റെ അതിയായ ആവേശം, ഞാൻ കരഞ്ഞുകൊണ്ടു ചോദിക്കുമ്പോൾ എന്റെ മാതാവിൽപോലും ഞാൻ കണ്ടിട്ടില്ല. ഞാൻ എല്ലായിടത്തും ആ പ്രിയപ്പെട്ടവന്റ മുഖം ദർശിക്കുന്നു. എന്റെ ചിന്തയിൽ അവനല്ലാതെ മറ്റാരാണ് കടന്നുവരാനുള്ളത്.

''എന്നെ തിരിച്ചറിയാത്ത എന്റെ സ്നേഹിതന്മാർക്ക് അഹോ കഷ്ടം! എന്റെ മരണശേഷം അവരെന്നെ തിരിച്ചറിയും. ഓരോ രാത്രിയും ജനതയെക്കുറിച്ചുള്ള ചിന്ത എന്നിൽ അസഹ്യമായ വിഷമം ഉണ്ടാക്കുന്നു. എന്റെ രക്ഷിതാവേ, കലാപകലുഷിതമായ ഈ കാലഘട്ടത്തിൽനിന്ന് എനിക്ക് മോചനം നൽകേണമേ. എന്റെ പ്രിയനായവനേ, എന്റെ കണ്ണീർകൊണ്ട് അവരുടെ അലസത കഴുകിക്കളയേണമേ. അവരെക്കൊണ്ടുള്ള ദുഃഖഭാരത്താൽ എന്റെ കിടക്ക കണ്ണീരിൽ മുങ്ങിപ്പോയി. എന്റെ കണ്ണീർ തുടച്ചുനീക്കിയാലും. കാരണം ഞാൻ നിനക്കുവേണ്ടിയാണ് കണ്ണീരൊഴുക്കിയത്. എന്റെ വിലാപം കേട്ടാലും. നീയല്ലാതെ എനിക്ക് മറ്റാരുമില്ല. എന്റെ രക്ഷിതാവേ, എന്റെ വിലാപം കണ്ട് സന്തോഷത്തോടെ ഒന്നു നോക്കിയാലും. നിന്റെ കാരുണ്യകരങ്ങളല്ലാതെ എന്നെ സഹായിക്കാൻ മറ്റെന്താണുള്ളത്. എന്റെ ജീവൻ, മുസ്തഫാ (സ)യുടെ ദീനിന്റെ വഴിയിൽ ബലിയാണ്. എന്റെ ഹൃദയത്തിന്റെ തേട്ടം ഇതൊന്ന് മാത്രമാണ്; അതെനിക്ക് ലഭിച്ചെങ്കിൽ.

''എന്റെ അല്ലാഹുവേ, സൻമാർഗ്ഗപ്രകാശത്തിന്റെ ഉത്ഭവസ്ഥാനമേ, ദയവ് ചെയ്ത് നീ ഈ ഉമ്മത്തിന്റെ കണ്ണുകൾ തുറക്കേണമേ. അല്ലാഹുവിനെ തിരഞ്ഞു നടക്കുന്നവനേ, സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും രക്ഷപ്പെടാൻ നീ ആ രഹസ്യത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുക.

Scanned with CamScanner

"ലോകഹൃദയങ്ങൾക്ക് സന്മാർഗ്ഗം കാണിക്കുന്നവനായ, മാലിക്കായ അല്ലാഹുവേ, സത്യവാദികളെ, കള്ളവാദികളുടെ പിടിയിൽനിന്നു രക്ഷിച്ചാലും. കുഴപ്പങ്ങൾ കാരണം അഗ്നി പടർന്നുപിടിച്ചിരിക്കുകയാണ്. ലോകത്തിന്റെ വിലാപം കേൾക്കുന്നവനേ, സഹായത്തിന്നായി എത്തിയാലും, വിധിനിർണായകമായ ദൃഷ്ടാന്തം കാണിച്ചാലും.

"അല്ലാഹുവേ, ആകാശങ്ങളുടേയും ഭൂമിയുടേയും ഉടമസ്ഥനായുള്ളവനേ, ഓരോ പരീക്ഷണഘട്ടങ്ങളിലും ജമാഅത്തിനെ സഹായിക്കുന്നവനേ, കരുണാമയനേ, നേർമാർഗം കാണിക്കുന്നവനേ, തീരുമാനവും കല്പനകളും നിന്റെ കൈയിലാണ്. കലഹങ്ങൾകൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു. നിന്റെ സൃഷ്ടികളിൽ കരുണ ചൊരിഞ്ഞാലും. നിന്റെ സന്നിധിയിൽനിന്ന് നിർണ്ണായകമായ വിധി പുറപ്പെടുവിച്ചാലും; അങ്ങനെ കലഹങ്ങളും കുഴപ്പങ്ങളും അവസാനിക്കട്ടെ.

"അല്ലാഹുവേ, എപ്പോഴാണ് നിന്നിൽനിന്ന് സഹായം വരുന്നത്. ആ അനുഗൃഹീത ദിവസവും വർഷവും വീണ്ടും കാണാൻ എപ്പോഴാണ് ഞങ്ങൾക്ക് അവസരം ലഭിക്കുക. അഹ്മദി(സ)ന്റെ ദീനിനെ സംബന്ധിച്ച് രണ്ടു കാര്യങ്ങൾ എന്റെ വിഷമത്തിന് ആക്കംകൂട്ടി. ദീനീ വിരോധികളുടെ വർധനവും ദീനീസഹായികളുടെ കുറവും.

"അല്ലാഹുവേ, എത്രയും വേഗം വന്നാലും. ഞങ്ങളിൽ നിന്റെ സഹായത്തിന്റെ മഴ വർഷിച്ചാലും. കത്തിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽനിന്ന് എന്നെ ഉയർത്തിയാലും. ജ്വലിക്കുന്ന ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ട് വഴിതെറ്റിയവരുടെ കണ്ണുകൾക്ക് പ്രകാശം നൽകിയാലും ഈ വിഷമങ്ങളിലും നീ എനിക്ക് സത്യസന്ധത നൽകിയപ്പോൾ, ഇക്കാര്യങ്ങളിൽ അപചയത്തിന്റെ മരണം എനിക്കുണ്ടാകുമെന്ന് ഒരിക്കലും ഞാൻ പ്രതീക്ഷിക്കുന്നില്ല.

"ആ പ്രിയപ്പെട്ടവൻ എനിക്കു നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ, അല്ലയോ ജീവച്ഛവമായിരിക്കുന്നവരേ, ഇത്തരം കാര്യങ്ങൾ നിങ്ങൾ മറ്റെവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ശിക്ഷയുടെ രഹസ്യം നിങ്ങൾ തിരിച്ചറിയുന്നില്ല. നിങ്ങളുടെ അടിത്തറ നിഗമനത്തിലും

Scanned with CamScanner

സംശയത്തിലുമാണ്. നിങ്ങൾ കരുണയുടെ വഴി അന്വേഷിക്കുക. അല്ലാഹുവിന്റെ കരുണ അലയടിച്ചുയരുന്ന കണ്ണീർകൊണ്ട് നിങ്ങളുടെ കിടക്ക കുതിരട്ടെ. വ്രണിത ഹൃദയത്തോടെ ഇങ്ങനെ പ്രാർത്ഥിക്കുക. സർവജ്ഞനും, രഹസ്യകാര്യങ്ങൾ അറിയുന്നവനുമായ അല്ലാഹുവേ, നിന്റെ അറിവിനെ എത്തിപ്പിടിക്കാൻ മനുഷ്യനൊക്കുകയില്ല. നിന്നിലേക്ക് വിളിക്കുന്ന ഈ വ്യക്തി നിന്നിൽനിന്നുള്ളവനാണെങ്കിൽ നിന്നെക്കാൾ യാഥാർത്ഥ്യം അറിയുന്നവൻ മറ്റാരുണ്ട്. നീ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതന്നാലും. ഞങ്ങളുടെ കണ്ണുകൾ തുറന്നാലും; ഞങ്ങൾ എതിർത്തുകൊണ്ടും നിഷേധിച്ചുകൊണ്ടും മരിക്കാനിടവരാതിരിക്കട്ടെ. അല്ലെങ്കിൽ ഈ പരീക്ഷണം ഞങ്ങളിൽനിന്ന് അകറ്റിയാലും. നീ കരുണാമയനും സർവശക്തനുമായ അല്ലാഹുവാണ്. നാശകരമായ ഇക്കാലത്ത് സാധുക്കളായ ഞങ്ങൾക്കുള്ള ചികിത്സ പ്രാർത്ഥിക്കുക എന്നതല്ലാതെ മറ്റൊന്നുമല്ല. അല്ലാഹുവേ, നിന്റെ മുമ്പിൽ എന്റെ തലയും ജീവനും ഹൃദയവുമെല്ലാം തന്നെയും ബലിയാണ്. നീ നിന്റെ കരുണയാൽ മഅ്രിഫത്തിന്റെ കവാടം തുറന്നാലും. നിന്നെ യുക്തികൊണ്ട് തിരയുന്ന തത്ത്വചിന്തകർ യാഥാർത്ഥ്യത്തിൽനിന്ന് അകന്നവരാണ്. നിന്റെ രഹസ്യമായ വഴി യുക്തിയിൽനിന്ന് എത്രയോ ദൂരത്താണ്. നിന്നെ സ്നേഹിക്കുന്നവർക്ക് ഇരുലോകത്തും നീ പൊറുത്തുകൊടുക്കുന്നു. നീ ഞങ്ങളെ കൃപയോടുകൂടി നോക്കിയാലും യുദ്ധകോലാഹലങ്ങൾ അവസാനിക്കട്ടെ. സൃഷ്ടികൾ നിന്റെ ദൃഷ്ടാന്തങ്ങളുടെ ആശ്രിതരാണ്. ഭൂകമ്പത്തിന്റെ മറയിൽനിന്ന് കാരുണ്യത്തിന്റെ ഉറവ് ഒഴുക്കിയാലും.

“ദൈവം സന്തോഷപ്പെടാത്ത മനുഷ്യൻ മൃഗത്തേക്കാൾ അധഃപതിച്ചവനാണ്. നിന്ദ്യമായ ശരീരേച്ഛയ്ക്ക് വിധേയനായി ജീവിക്കുന്നവൻ തെരുവ് നായ്ക്കളേക്കാൾ കെട്ടവനാണ്. അല്ലാഹുവേ, അന്വേഷകർക്ക് നേർമാർഗ്ഗം കാണിച്ചുകൊടുക്കുന്നവനേ, നിന്റെ സ്നേഹം ഞങ്ങളുടെ ആത്മാവിന് ജീവനാണ്. നീ ഞങ്ങളുടെ അന്ത്യം നന്നാക്കിത്തീർക്കേണമേ. ഞങ്ങളുടെ ലക്ഷ്യം ഇരുലോകത്തും സഫലമാക്കേണമേ.

“ഞാൻ എല്ലാ പ്രവാചകന്മാരുടേയും സേവകനാണ്. മണൽത്തരിപോലെ ഞാൻ അവരുടെ പടിവാതിൽക്കൽ കിടക്കുന്നു. അല്ലാ

Scanned with CamScanner

ഹുവിലേക്കു വഴികാണിച്ചിട്ടുള്ള സച്ചരിതരായ ആ റസൂൽമാരുടെ മുമ്പിൽ എന്റെ ജീവൻ ഞാൻ ബലിയർപ്പിപ്പിച്ചിരിക്കുന്നു. അല്ലാഹുവേ, വലിയവലിയ അനുഗ്രഹങ്ങളുമായി നീ അയച്ചിട്ടുള്ള ആ പ്രവാചകസംഘത്തിന്റെ ആശിർവാദംകൊണ്ട് നീ എനിക്ക് ഹൃദയം നൽകി. എനിക്ക് മഅ്രിഫത്ത്-നിന്നെ കുറിച്ചുള്ള രഹസ്യജ്ഞാനം-നൽകിയാലും. നീ എനിക്ക് ജീവൻ തന്നനുഗ്രഹിച്ചു. എനിക്ക് കുടിക്കാൻ ജീവജലം നൽകിയാലും, അല്ലാഹുവേ, മുസ്തഫാ(സ)യുടെ പേരിൽ, നീ എന്നെ എല്ലായിടത്തും സഹായിച്ചിട്ടുണ്ട്. നിന്റെ കനിവ്കൊണ്ട് എന്റെ കരങ്ങളെ ശക്തമാക്കിയാലും. എന്റെ പ്രവർത്തനങ്ങളിൽ സുഹൃത്തും സഹായിയുമായാലും ഞാൻ മണൽത്തരിയാണെന്നതും ശരിതന്നെ. അല്ല അതിനേക്കാൾ നിസ്സാരം. പക്ഷേ, എനിക്ക് നിന്റെ ശക്തിയിൽ വിശ്വാസമുണ്ട്.

"മുഹമ്മദ് (സ)ന്റെ സ്നേഹത്തിൽ എന്റെ ജീവൻ ബലിയായിരിക്കുന്നു. ഇതുതന്നെയാണ് എന്റെ ആഗ്രഹവും എന്റെ പ്രാർത്ഥനയും. എന്റെ ഒരേയൊരു ലക്ഷ്യവും അതുതന്നെ.

"അല്ലാഹുവേ, ദീനിനെ സഹായിക്കുന്നവന്റെമേൽ കണക്കറ്റ് അനുഗ്രഹം ചൊരിയേണമേ. വിപത്ഘട്ടങ്ങളിലെല്ലാം അവരെ സഹായിക്കേണമേ. അല്ലാഹുവേ, സർവ്വശക്താ, അവരുടെ ഓരോ പ്രവൃത്തിയിലും അവസ്ഥയിലും ഒരു ജന്നത്ത് ഉണ്ടാക്കേണമേ. അവർ സന്തോഷിക്കട്ടെ."

മൗലവി അബ്ദുൽകരീം സാഹിബിനെ സ്മരിച്ചുകൊണ്ട് പറഞ്ഞു:

"അബ്ദുൽകരീമിന്റെ ഗുണവിശേഷങ്ങൾ എങ്ങനെ വിസ്മരിക്കപ്പെടാനാണ്. അദ്ദേഹം ധൈര്യത്തോടുകൂടി നേരായ മാർഗ്ഗത്തിൽ ജീവൻ ബലിയർപ്പിച്ചു. അദ്ദേഹം ഇസ്ലാംദീനിന്റെ സഹായി ആയിരുന്നു. അല്ലാഹു അദ്ദേഹത്തിന് 'ലീഡർ' എന്നു പേരുവച്ചു. അദ്ദേഹം ദൈവജ്ഞാനിയായിരുന്നു. ദീനെമതീന്റെ ഖജനാവായിരുന്നു. അത്തരം വിശിഷ്ട സുഹൃത്തിന്റെ വേർപാടിൽ വിഷമമുണ്ടാകുന്നു. പക്ഷേ, ആദരണീയനായ അല്ലാഹുവിന്റെ പ്രവൃത്തിയിൽ നാം സംതൃപ്തനാണ്. അല്ലാഹുവേ, അദ്ദേഹത്തിന്റെ ഖബ്റിൽ കാരുണ്യത്തിന്റെ മഴ വർഷിച്ചാലും. പരമമായ ദർജ നൽകി ജന്നത്തിൽ

Scanned with CamScanner

പ്രവേശിപ്പിച്ചാലും. ഞങ്ങളെ കാലത്തിന്റെ കെടുതികളിൽനിന്ന് സുരക്ഷിതരാക്കിയാലും. സർവശക്തനും കരുണാമയനുമായ അല്ലാഹുവേ, നീ തന്നെയാണ് ഞങ്ങളുടെ ആശ്രയം. ഹൃദയം എപ്പോഴും ദുഃഖത്തിലാണ്ടിരിക്കുന്നു. അല്ലാഹുതആല നമ്മുടെ ജമാഅത്തിനെയും സ്വഹാബ (രിള്വാനുല്ലാഹി അലയ്ഹിം) ത്തിന്റെ അനുഗ്രഹങ്ങളാൽ ധന്യരാക്കിത്തീർക്കട്ടെ. ആ സത്യസന്ധതയും കൃതജ്ഞതയും അനുസരണവും ഇവരിൽ ഉണ്ടാകുമാറാകട്ടെ. അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയക്കുന്നവരാക്കാതിരിക്കട്ടെ. മുത്തഖിയാക്കട്ടെ. കാരണം അല്ലാഹുവിന്റെ സ്നേഹം മുത്തഖിയോടൊപ്പമാണ്. *ഇന്നല്ലാഹ മഅൽമുത്തഖീൻ.*

അധ്യാപനങ്ങൾ വിവരിച്ചതിനുശേഷം കശ്തിനൂഹ് എന്ന ഗ്രന്ഥത്തിൽ ജമാഅത്തിനെ ഉപദേശിക്കുന്നു.

"നിങ്ങളുടെ സത്യസന്ധതയും പരിശുദ്ധിയും കണ്ട് മലക്കുകൾ ആകാശത്തിൽ അത്ഭുതപ്പെടുകയും ആശംസകൾ നേരുകയും ചെയ്യുംവിധം നിങ്ങൾ മാതൃകാപരമായി ജീവിക്കുക. നിങ്ങൾക്ക് സുന്ദരവും സുരക്ഷിതവുമായ ജീവിതം കിട്ടാൻ നിങ്ങൾ ഒരു മരണം വരിക്കുക. അല്ലാഹുവിന്റെ ഇറക്കമുണ്ടാവാൻ നിങ്ങളുടെ ഉൾഭാഗം നിങ്ങൾ ശുചിയാക്കുക. ഒരു ഭാഗത്ത് നിന്ന് ഉറപ്പോടുകൂടി അകലുകയും മറുഭാഗവുമായി പരിപൂർണമായ നിലയിൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ. ഞാൻ വിരമിക്കുന്നു. പ്രാർത്ഥിക്കുന്നു. എന്റെ ഈ അധ്യാപനങ്ങൾ നിങ്ങൾക്ക് പ്രയോജനം ചെയ്യട്ടെ. ഈ ഭൂമിയിലെ താരകങ്ങളായി നിങ്ങൾ മാറുകയും, നിങ്ങളുടെ റബ്ബിൽനിന്ന് നിങ്ങൾക്കു കിട്ടുന്ന ആ പ്രകാശത്താൽ ഭൂമി പ്രകാശമാനമായിത്തീരുകയും ചെയ്യട്ടെ. ആമീൻ സുമ്മ ആമീൻ." ●

*(11-8-2000, മസ്ജിദ് ഫസ്ൽ ലണ്ടൻ.)*

Scanned with CamScanner

# അറബി, ഉർദു പദ്യങ്ങളിലുള്ള പ്രാർത്ഥനകൾ

أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَّعَ اللَّهِ ۚ قَلِيلًا
مَّا تَذَكَّرُونَ ﴿٦٣﴾

ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ. (27:63)

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകളുടെ പരമ്പര തുടരുകയാണ്. അറബി ഉർദുപദ്യങ്ങളിൽ വന്നിട്ടുള്ള ദുആകളാണ് ഇന്ന് കേൾപ്പിക്കുന്നത്.

"എന്റെ രക്ഷിതാവേ, നിന്നിലല്ലാതെ ഞാൻ തവക്കുൽ ചെയ്യുന്നില്ല. നിന്റെ സന്നിധിയിലല്ലാതെ ഞാൻ സങ്കടം ബോധിപ്പിക്കുന്നില്ല. എനിക്ക് നീയല്ലാതെ ഒരു രക്ഷാകേന്ദ്രവുമില്ല. നിന്റെ ആയത്തുകളല്ലാതെ എനിക്കൊരു ആലംബവുമില്ല. അല്ലാഹുവേ, നിന്റെ ജനതയുടെ പരിഷ്കരണത്തിനായി നീയാണ് എന്നെ അയച്ചിട്ടുള്ളതെങ്കിൽ എന്നെ സംരക്ഷിക്കേണമേ. സത്യാത്മാക്കളെ സഹായിക്കുന്നതുപോലെ നീ എന്നെ സഹായിക്കേണമേ. എന്നെ നീ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നെങ്കിൽ ദ്രോഹിക

Scanned with CamScanner

ളേയും അസ്തിത്വം നശിച്ചവരേയും പോലെ എന്നെ അപമാനിക്കരുതേ. നീ കൈയൊഴിഞ്ഞാൽ എന്നെ സഹായിക്കാൻ മറ്റാരാണുള്ളത്. ഏറ്റവും വലിയ സംരക്ഷകൻ നീ തന്നെയാണ്. അതുകൊണ്ട് എന്നിൽ നിന്നു ബുദ്ധിമുട്ടുകൾ നീ അകറ്റേണമേ. എതിരാളികൾക്ക് ചിരിക്കാൻ നീ അവസരം നൽകാതിരിക്കേണമേ. നിഷേധികൾക്കെതിരിൽ എന്നെ സഹായിക്കേണമേ.

"അല്ലാഹുവേ, നിന്റെ ഉപകാരങ്ങൾക്ക് ഞങ്ങൾ ശുക്റ് ചെയ്യാതിരിക്കുന്നതെങ്ങനെയാണ്. ഞെരുക്കത്തിന്റെയും ഇരുട്ടിന്റേയും കൈയിൽനിന്ന് നീ ഇസ്‌ലാമിനേയും മുസ്‌ലിംകളേയും വെളിയിൽ കൊണ്ടുവന്നു. ക്രൈസ്തവമതത്തിന്റെ എല്ലാ അഹങ്കാരവും നീ തറപറ്റിച്ചു. മുഹമ്മദീ കക്ഷിയിൽപ്പെട്ട എന്റെ പാദം നീ ഉയർന്ന മിനാരത്തിന്റെ നെറുകയിൽവെച്ചു. മുഹമ്മദീ രിസാലത്തിന്റെ തിളങ്ങുന്ന അടയാളം ഞാനെന്റെ കണ്ണുകൊണ്ട് കണ്ടു. റമളാൻ മാസത്തിൽ ആകാശത്ത് സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഞാൻ ദർശിച്ചു. അത് നിന്റെ ഗ്രന്ഥമായ വിശുദ്ധഖുർആനിലും തിരുനബിയുടെ വചനങ്ങളിലും 1300 വർഷം മുമ്പേ പ്രവചിച്ചിരുന്നതാണ്. തീവണ്ടിയുടെ വരവോടുകൂടി നിന്റെ ഗ്രന്ഥത്തിലും നിന്റെ നബിയുടെ വചനങ്ങളിലും പറഞ്ഞതുപോലെ ഒട്ടകസവാരി ഇല്ലാതായി. അടുത്തുതന്നെ മക്കയിലും മദീനയിലും ഇത് നടപ്പിൽ വരാൻ പോകുകയാണ്. നിന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ച *വലള്ളാല്ലീൻ* എന്ന പ്രവചനവും സ്പഷ്ടമായി പുലർന്നത് ഞാൻ കണ്ടു.

"വാസ്തവത്തിൽ ആദം മുതൽ ഖിയാമത്തുനാൾവരെ ഇസ്‌ലാമിനെ മുറിവേല്പിക്കുന്ന ഫിത്ന ഇതിനു സമാനമായി മറ്റൊന്നില്ലെന്ന് നമുക്കുറപ്പായി. ഇസ്‌ലാമിനെ നശിപ്പിക്കാനുള്ള ഏറ്റവും വലിയ ഫിത്ന ഇതുതന്നെയായിരുന്നു. അതു വെളിപ്പെടുകയും ചെയ്തു. ഇനി ഖിയാമത്തുന്നാൾവരെ ഇത്തരം ഒരു ഫിത്ന ഉണ്ടാകുകയില്ല. ഉദാരമതിയായ അല്ലാഹുവേ, നീ ഒരിക്കലും ഇസ്‌ലാംമതത്തിനുമേൽ രണ്ടുമരണത്തെ സമ്മേളിപ്പിക്കുന്നവനല്ല. ഈ വലിയ പരീക്ഷണം തന്നെയായിരുന്നു ഒരു മരണം. അത് മുസ്‌ലിംകൾക്കും ഇസ്‌ലാമിനും വിധിക്കപ്പെട്ടതായിരുന്നു. അതിപ്പോൾ പുലർന്നുകഴിഞ്ഞു. റഹീമായ അല്ലാഹുവേ, നൂഹിന്റെ കാലത്ത് നിരവധിയാളുകളെ നീ നശിപ്പിച്ചതിന് എന്റെ റൂഹ് സാക്ഷിയാണ്. പിന്നീട് നിനക്ക്

Scanned with CamScanner

കരുണയുണ്ടായി. ഇത്തരം വെള്ളപ്പൊക്കവും കൊടുങ്കാറ്റുംകൊണ്ട് ഇനിമേൽ മനുഷ്യരെ നശിപ്പിക്കുകയില്ലെന്ന് നീ തൗറാത്തിൽ വാഗ്ദാനം ചെയ്തു. അതുകൊണ്ട് എന്റെ അല്ലാഹുവേ, നീ കണ്ടാലും. ഈ ഉമ്മത്തിനുമേൽ അടിച്ചുവീശിയിട്ടുള്ള കൊടുങ്കാറ്റ് നൂഹിന്റെ കാലത്തുണ്ടായതിൽനിന്ന് ഒട്ടും കുറഞ്ഞതല്ലല്ലോ. ലക്ഷക്കണക്കിനു ജീവൻ ഹലാക്കായിരിക്കുന്നു. നിന്റെ ആദരണീയനായ നബിയുടെ അഭിമാനം ഒരു മാലിന്യകൂമ്പാരത്തിലേക്കു വലിച്ചെറിയപ്പെട്ടിരിക്കുന്നു. ഇതിനുശേഷം ഇനിയും ഈ ഉമ്മത്തിനുമേൽ കൊടുങ്കാറ്റടിച്ചു വീശുമോ? മറ്റൊരു ദജ്ജാൽ ഇനിയും വരുമോ? അതിന്റെ ഭയത്താൽ നമ്മുടെ ജീവൻ ദ്രവിച്ചുകൊണ്ടിരുന്നു. അല്ലാഹുവേ, ഇനി ആരും വരികയില്ലെന്ന് നിന്റെ റഹ്മത്ത് സുവാർത്ത നൽകുന്നു. കാരണം നീ ഇസ്‌ലാമിന്റേയും മുസ്‌ലിംകളുടേയുംമേൽ രണ്ടുമരണം വരുത്തുന്നവനല്ല. വരാനുള്ള ഒരു മരണം സംഭവിച്ചു കഴിഞ്ഞു. ഇതിനുശേഷം സൗന്ദര്യവാനായ ഈ ചെറുപ്പക്കാരനെ വധിക്കാൻ ഖിയാമത്തുന്നാൾവരെ ഒരു ദജ്ജാലിനും ശക്തിയുണ്ടാകുകയില്ല. അല്ലയോ ജനസാകല്യമേ, ഈ പ്രവചനം നല്ലവണ്ണം ഓർത്തുകൊള്ളുക. യുവത്വത്തിന്റെ സകല ശക്തികളും നിറഞ്ഞു നിൽക്കുന്ന ഈ സൗന്ദര്യവാനായ ഫയൽവാൻ-ഇസ്‌ലാം ഒരു പ്രാവശ്യം ദജ്ജാലിന്റെ കൈകളാൽ വധിക്കപ്പെടണമായിരുന്നു. അത് വിധിച്ചിരുന്നതുപോലെ നടന്നു. ഈ പൗരസ്ത്യഭൂമി വധിക്കപ്പെട്ടു. നിർദ്ദയമായി അതിന്റെ ശരീരം കീറിമുറിക്കപ്പെട്ടു. ഈ ചെറുപ്പക്കാരന്റെ പുനരുജ്ജീവനം ദജ്ജാലിന്റെ കാലാന്ത്യനേട്ടമായിരുന്നു. അങ്ങനെ ഇസ്‌ലാം അല്ലാഹുവിന്റെ മസീഹിനാൽ വീണ്ടും ജീവിച്ചിരിക്കുന്നു. ഇനി അത് ശക്തികളാൽ നിറയ്ക്കപ്പെടും. മുമ്പത്തെക്കാൾ കൂടുതൽ ശക്തിയുള്ളതായിത്തീരും.

“സർവശക്തനായ അല്ലാഹുവേ, നിന്റെ പ്രൗഢി എത്ര ഉന്നതമാണ്. നീ നിന്റെ ദാസനിലൂടെ എന്തെന്തെല്ലാം അടയാളങ്ങളാണ് കാണിച്ചത്. എത്ര ചൈതന്യത്തോടുകൂടിയാണ് നിന്റെ കരങ്ങൾ ആഥമിനോട് പ്രവർത്തിച്ചത്. ലേഖ്റാമിനോടുള്ള പ്രവർത്തിയിലും നിന്റെ തേജസ്സ് വെളിപ്പെട്ടു. വെട്ടിത്തിളങ്ങുന്ന ഈ ദൃഷ്ടാന്തങ്ങൾ ക്രൈസ്തവ മതത്തിലെവിടെയാണുള്ളത്. ഏതു രാജ്യത്താണുള്ളത്. അങ്ങനെ എവിടെയെങ്കിലുമുണ്ടെങ്കിൽ അവരതൊന്ന് കാണിച്ചുതരട്ടെ. എന്റെ സർവ്വശക്തനായ അല്ലാഹുവേ, ‘ഞാൻ എല്ലാ

Scanned with CamScanner

രംഗത്തും നിന്നോടൊപ്പം ഉണ്ടായിരിക്കുമെന്നും റുഹുൽഖുദ്സു കൊണ്ട് സഹായിക്കുമെന്നും' നീ എന്നോടു പറഞ്ഞു. ഇങ്ങനെ അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയിക്കുകയും ആദരിക്കുകയും ചെയ്ത വ്യക്തി ഇന്ന് ക്രൈസ്തവ സമുദായത്തിൽ എവിടെയാണുള്ളത്? അല്ലാഹു അറിയിക്കുന്നതുകൊണ്ട് നാം അതറിയുകയും നേരിൽ കാണുകയും ചെയ്യുന്നു. അല്ലാഹുവേ, ദൈവിക നിയമങ്ങളും സത്യതയും കൊണ്ടുവന്നിട്ടുള്ളത് നിന്റെ ആ റസൂൽ തന്നെയാണ്. ആ മഹാനായ റസൂലിന്റെ നാമം മുഹമ്മദ് മുസ്തഫാ (സ) എന്നാകുന്നു.

"എന്റെ രക്ഷിതാവേ, എന്റെ രക്ഷിതാവേ, എന്റെ ജനതയ്ക്കുവേണ്ടി ഞാൻ ചെയ്യുന്ന പ്രാർത്ഥനയും എന്റെ സഹോദരങ്ങൾക്കുവേണ്ടിയുള്ള വിലാപവും നീ കേൾക്കേണമേ. ഖാതമുന്നബിയ്യീനും പാപികളുടെ ശിപാർശകനുമായ നിന്റെ നബിയെ മധ്യസ്ഥനാക്കിക്കൊണ്ട് ഞാൻ നിന്നോട് അപേക്ഷിക്കുന്നു. എന്റെ രക്ഷിതാവേ, നീ അവരെ തമസ്സിൽനിന്ന് ജ്യോതിസ്സിലേക്ക് കൊണ്ടുവരേണമേ. അല്ലാഹുവേ, ഈ ജനത എന്നെ ശപിക്കുന്നു. അവരോടു കരുണ കാണിക്കേണമേ. എന്റെ കൈ തടയാൻ ശ്രമിക്കുന്നവരെ വിപത്തുകളിൽനിന്ന് രക്ഷിക്കേണമേ. നിന്റെ ഹിദായത്ത് അവരുടെ ഉള്ളിൽ പ്രവേശിപ്പിക്കേണമേ. അവരുടെ തെറ്റുകളും പാപങ്ങളും പൊറുത്തു കൊടുക്കേണമേ. അവർക്ക് സുഖകരമായ അവസ്ഥ പ്രദാനം ചെയ്യേണമേ. അവരെ നല്ല നിലയിലാക്കണമേ. കേൾക്കാനുള്ള ചെവികൾ നൽകേണമേ. മനസ്സിലാക്കാനുള്ള മനസ്സ് നൽകേണമേ. തിരിച്ചറിയാനുള്ള പ്രകാശം നൽകേണമേ. അവരുടെമേൽ കരുണ ചൊരിയേണമേ. അവരെന്നെ പറഞ്ഞിട്ടുള്ളതെല്ലാം അവർക്ക് പൊറുത്തുകൊടുക്കേണമേ. കാരണം അവർ കാര്യങ്ങൾ അറിയാത്തവരാണ്."

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ചെയ്ത പ്രാർത്ഥനയുടെ വിശദീകരണമാണിത്. ***അല്ലാഹുമ്മഹ്ദി ഖൗമീഫഇന്നഹും ലായഅ്ലമൂൻ.*** അല്ലാഹുവേ എന്റെ ജനതക്ക് ഹിദായത്ത് നൽകേണമേ. അവർ ഒന്നും അറിയാത്തവരാണ്. കാര്യങ്ങൾ ഒന്നും അറിയാത്തവർക്കുവേണ്ടിയാണ് ഈ പ്രാർത്ഥന. അറിഞ്ഞുകൊണ്ട് നിഷേധിക്കുന്ന ഉപദ്രവാകാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

Scanned with CamScanner

***അല്ലാഹുമ്മ മസ്സിഖ്ഹും കുല്ല മുമസ്സിഖിൻ വസഹ്ഹിഖുഹും തസ് ഹീഖാ*** എന്നതാണ്. അല്ലാഹുവേ, അവരെ ധൂളീകരിക്കേണമേ. ***വലാ തദർ അലൽഅർളി മിനൽ കാഫിരീന ശരീറാ*** അറിഞ്ഞുകൊണ്ട് ഭൂമിയിൽ ഉപദ്രവമുണ്ടാക്കുന്ന ഉപദ്രവകാരികളെ വെറുതെ വിടരുതേ!

ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു: "എന്റെ രക്ഷിതാവേ, മുഹമ്മദുമുസ്തഫാ (സ)യുടെ മുഖകമലത്തിന്റേയും അവിടത്തെ ഉന്നതവും ഉദാത്തവുമായ സ്ഥാനത്തിന്റേയും രാത്രികാലങ്ങളിൽ എഴുന്നേറ്റു പ്രാർത്ഥിക്കുന്നവരുടേയും പകൽജിഹാദു ചെയ്യുന്നവരുടേയും, രാത്രികാലങ്ങളിൽ ഉമ്മുൽഖുറായിലേക്ക് യാത്ര പുറപ്പെടാൻ തയ്യാറെടുക്കുന്നവരുടേയും ദാനമായി, നമ്മുടേയും നമ്മുടെ സഹോദരങ്ങളുടേയും ഇടയിൽ സംസ്കരണം നടത്തേണമേ. അവരുടെ കണ്ണുകൾ തുറക്കേണമേ. അവരുടെ ഹൃദയങ്ങൾ പ്രകാശമാനമാക്കേണമേ. എനിക്കു മനസ്സിലാക്കിത്തന്നത് അവർക്കും മനസ്സിലാക്കിക്കൊടുക്കേണമേ. തഖ്വയുടെ രീതികൾ അവരെ പഠിപ്പിക്കേണമേ. മുമ്പേ കഴിഞ്ഞുപോയിട്ടുള്ളതെല്ലാം മാപ്പാക്കേണമേ. അവസാനമായിട്ടുള്ള നമ്മുടെ പ്രാർത്ഥന, 'അത്യുന്നതനും ആകാശങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിന്നാകുന്നു സർവസ്തുതിയും' എന്നതാണ്."

ഇനി കേൾപ്പിക്കാൻ പോകുന്നത് ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയിട്ടുള്ള ഉർദു പദ്യങ്ങളിലെ ചില പ്രാർത്ഥനകളുടെ തർജമയാണ്. പദ്യങ്ങളിലെ പ്രയോഗങ്ങൾ സാധാരണക്കാർക്ക് മനസ്സിലായിക്കൊള്ളണമെന്നില്ല. അതുകൊണ്ടാണ് കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാകാൻ ഞാനതിന്റെ തർജമ കേൾപ്പിക്കുന്നത്. ദുആ ഖുത്ബകൾ കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടെന്ന് ചില രക്ഷിതാക്കൾ സങ്കടപ്പെട്ടിരിക്കുന്നു. അവർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഭാഷ ഞാനെവിടെന്ന് കൊണ്ടുവരാനാണ്. കഴിവിന്റെ പരമാവധി ഞാൻ ശ്രമിക്കുന്നത് എല്ലാവർക്കും മനസ്സിലാകുംവിധം വിശദീകരിക്കാനാണ്. ബാക്കി കാര്യങ്ങൾ നിങ്ങൾതന്നെ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു: "അല്ലാഹുവേ, നിന്റെ ഖുദ്റത്തിന്റെ ഒരു മുഅ്ജിസത്ത് കാണിച്ചാലും. സൃഷ്ടി

Scanned with CamScanner

കളുടെ പരിപാലകനായ അല്ലാഹുവേ, എല്ലാ ഖുദ്റത്തും-ശക്തി പ്രഭാവവും നിനക്കുണ്ട്. സത്യദൈവത്തെ ആരാധിക്കുക എന്നത് അസ്തമിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളിൽ ന്യായം പൂർത്തിയാകു ന്നതിന് ഉപകരിക്കുംവിധം ഒരു അടയാളം കാണിച്ചാലും.

"എന്റെ പ്രേമഭാജനമേ, നിന്റെ പ്രിയങ്കരമായ ദൃഷ്ടി മൂർച്ചയുള്ള വാൾപോലെയാണ്. അതുകൊണ്ട് അന്യരിൽനിന്നുള്ള ദുഃഖത്തിന്റെ എല്ലാ കലഹങ്ങളും മുറിഞ്ഞുപോകുന്നു. നിന്നെ ലഭിക്കുന്നതിനും വിരഹദുഃഖത്തിന്റെ വേദന ശമിച്ചുകിട്ടുന്നതിനും വേണ്ടി ഞാൻ മണ്ണിനോട് ചേർന്നു. നിന്നെകൂടാതെ എനിക്ക് ഒരു നിമിഷവും സ്വസ്ഥ തയില്ല. രോഗിയുടെ നാഡിമിടിപ്പ് കുറയുന്നതുപോലെ എന്റെ ജീവൻ കുറഞ്ഞുകുറഞ്ഞുവരുന്നു.

"നിന്റെ ഇടവഴിയിലുയരുന്ന മുറവിളി ആരുടേതാണെന്ന് പെട്ട ന്നറിഞ്ഞാലും, പ്രേമഭ്രാന്തനെപ്പോലെ ഏതെങ്കിലും ഉന്മത്തനായ വന്റെ രക്തം ചിന്താൻ ഇടവരാതിരിക്കട്ടെ.

"ആരാണോ മണൽത്തരിയോളം താഴ്മ കാണിക്കുന്നത് അവന് ദൈവത്തെ കിട്ടുന്നു. ഭൗതികമായ കാര്യങ്ങൾ ഒരു കണക്കിലും പെടുകയില്ല.

"ആരാണോ അവന്റേതായിത്തീരുന്നത് അവൻ അവരുടേതായി ത്തീരുന്നു. ആരാണോ അവന്റെ സന്നിധിയിൽ കുമ്പിടുന്നത് അവൻ അവർക്ക് അഭയം നൽകുന്നു. പുഷ്പങ്ങളിലേക്ക് ഒന്നു നോക്കുക. അവൻ കാരണമാണ് അത് ശോഭ വിതറുന്നത്. സൂര്യനും ചന്ദ്രനും പ്രകാശിക്കുന്നതിന് കാരണവും അവൻതന്നെ. പ്രതാപശാലിയായ അല്ലാഹുവേ, നിന്റെ സൗന്ദര്യം നീ എനിക്കു കാണിച്ചുതന്നാലും. മൂടുപടത്തിലും പർദ്ദയിലും നിന്റെ മുഖകമലം എത്രകാലമാണ് മറ ഞ്ഞിരിക്കുക."

ഇവിടെ ഒരുകാര്യം നാം പ്രത്യേകം മനസ്സിലാക്കിയിരിക്കണം. അല്ലാഹുവിന്റെ ആ മുഖകമലം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് ഒരിക്കലും പർദ്ദയ്ക്കുള്ളിലായിരുന്നില്ല. അവിടന്ന് ദുആ ചെയ്യുന്നത് ആ മുഖകമലം കണ്ട് നിർവൃതിയടയാനുള്ള ഭാഗ്യം മറ്റുള്ളവർക്ക് ലഭിക്കുന്നതിനുവേണ്ടിയാണ്. അതായത് 'എന്നെ അനുരക്തനാ ക്കിത്തീർത്ത ആ മുഖകമലം നീ അവർക്കും കാണിച്ചുകൊടുക്കേ

Scanned with CamScanner

ണമേ' എന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു.

"കാട്ടുമൃഗങ്ങളുടെ അക്രമത്തിന് ഞാൻ ഇരയായിരിക്കുന്നു. എന്റെ തോരാത്ത കണ്ണീർ അതിനു സാക്ഷിയാണ്. ആ അക്രമം ഏറ്റവും കൂടുതൽ അറിയുന്നത് എന്റെ കണ്ണീരാണ്. എന്റെ മനസ്സിന്റെ അവസ്ഥ ഞാനെന്ത് പറയാനാണ്? ഈ ദുഃഖം ആരോടാണ് ഞാൻ പറയേണ്ടത്? ഇതു തന്നെയാണ് എന്റെ പരീക്ഷണം. ദീനിന്റെ അവസ്ഥ കാണുമ്പോൾ എനിക്കുണ്ടാകുന്ന വിഷമം എന്നെ കൊന്നു കളഞ്ഞിരിക്കുന്നു. ഹൃദയം കഷണം കഷണമായിപോയിരിക്കുന്നു. എന്റെ പ്രേമഭാജനത്തിന്റെ സഹായം എനിക്കില്ലെങ്കിൽ, ഇതുതന്നെയാകുമായിരുന്നു എന്റെ യഥാർത്ഥമരണം. നാം അവനെ പ്രാപിച്ചില്ലെങ്കിൽ നശിച്ചുപോകും. കരയുന്നതുകൊണ്ട് അവനെ കിട്ടുമെന്ന് നാം പ്രതീക്ഷിക്കുന്നു. സംസാരിച്ച് സംസാരിച്ച് രാത്രി കഴിച്ചുകൂട്ടിയ ആ കാലം കഴിഞ്ഞുപോയി. ഇപ്പോൾ മരണം പിന്നാലെ കൂടിയിരിക്കുന്നു. ദുഃഖത്തിന്റെ വർണ്ണനയാണിത്.

"ആത്മീയമായ ലഹരിപാനീയം കുടിപ്പിക്കുന്നവനേ, ധിറുതിയിൽ എന്റെയടുത്ത് വന്നാലും. ഇപ്പോൾ ഒന്നും ബാക്കിയില്ലാതായിരിക്കുന്നു. മുലാഖാത്തിന്റെ ശർബ്ബത്ത് ഞങ്ങളെ കുടിപ്പിച്ചാലും. കാരണം ഇതുതന്നെയാണ് ഒരു മനസ്സിന്റെ ആശയും ആസക്തിയും."

"എന്റെ റഹ്മാനായ റബ്ബേ, ഇതെല്ലാം നിന്റെ ഔദാര്യമാണ്. പ്രയാസങ്ങളെല്ലാം നീ മുഖേന നീങ്ങുമെന്നുള്ള പ്രതീക്ഷയിലാണ് ഓരോ നിമിഷവും ഞാനുള്ളത്. എന്റെ ആശ്രയകേന്ദ്രമേ, എത്രയും വേഗം വന്നാലും. ദുഃഖത്തിന്റെ ചുമട് ഭാരമേറിയതാണ്. എന്റെ പ്രിയപ്പെട്ടവനേ, എന്റെ ഒരേയൊരു പ്രാർത്ഥന ഇതൊന്നു മാത്രമാണ്. എല്ലാമെല്ലാമായ എന്റെ അല്ലാഹുവേ, നീ എന്നോട് ദയ കാണിച്ചാലും. *ലൻതറാനീ* എന്ന് എന്നോടു പറയുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

ഹസ്റത്ത് മൂസാ (അ) അല്ലാഹുവിനോട് ചോദിച്ചപ്പോൾ *ലൻതറാനീ*-നിനക്കെന്നെ കാണാൻ കഴിയുകയില്ല എന്ന് അല്ലാഹു തആല മറുപടി പറഞ്ഞതായി വിശുദ്ധഖുർആനിൽ പറയുന്നു. അതായത് മുഹമ്മദുനബി (സ) തിരുമേനിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള ആ

Scanned with CamScanner

ദർശനം മൂസാനബിക്കുണ്ടാകുകയില്ല. അതിലേക്കാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) സൂചന നൽകുന്നത്.

"ഇനി നീ എന്നോട് *ലൻതറാനീ* എന്ന് പറയുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഒറ്റയ്ക്കിരിക്കുമ്പോൾ എന്റെ ജീവൻ പൊടിഞ്ഞു പൊടിഞ്ഞുപോകുന്നു. പ്രേമികൾ തന്റെ ജീവിതം ഉപേക്ഷിച്ചുകളയുന്ന കർബല ഇതുതന്നെയാണ്. നിന്റെ ആത്മാർത്ഥത പൂർണമാണ്. അകൽച്ചയുടെ ന്യൂനതയുള്ളത് എന്നിൽത്തന്നെയാണ്. നമ്മുടെ അനുസരണം അപൂർണമാണ്. നമുക്കുള്ള പരീക്ഷണവും ഇതുതന്നെ.

"എന്റെ പ്രിയപ്പെട്ടവനേ, നീ വാക്ക് പാലിക്കുന്നവനാണ്. നിന്റെ എല്ലാ വാഗ്ദാനവും സത്യമാണ്. നിന്റെ തിരുസന്നിധിയുടെ അതിർത്തിപ്രദേശത്താണ് നാമുള്ളത്. വിപാലത്തിനുള്ള സ്ഥലം ഇതുതന്നെയാണ്. നാം ചെയ്ത പ്രതിജ്ഞ നാം പരിഗണിച്ചില്ല. നാം സുഹൃദ്ബന്ധത്തിൽ വിള്ളലുണ്ടാക്കി. എന്നാൽ, നീ വളരെയധികം ഫള്ല് ചെയ്യുന്നവനാണെന്ന് നമുക്ക് വ്യക്തമായി.

"എന്റെ ഹൃദയത്തിന്റെ ഔഷധമേ, നീ എന്നിൽനിന്ന് അകലുന്നത് എനിക്ക് അസഹ്യമാണ്. ആത്മാവിനുണ്ടാകുന്ന വേദനയാണല്ലോ നരകം. റബ്ബേ, ഈ ദീനിന്റെ പ്രതാപം എനിക്കു കാണിച്ചു തന്നാലും. എല്ലാ അസത്യങ്ങളേയും വിപാടനം ചെയ്താലും. ഇതാണെന്റെ പ്രാർത്ഥന.

"കാവ്യരചനയോടോ കവിതാശ്ലോകങ്ങളോടോ നമുക്ക് കമ്പമൊന്നുമില്ല. ഏതു രീതിയിലും ജനങ്ങൾ കാര്യം മനസ്സിലാക്കണം. ഇതാണ് നമ്മുടെ ലക്ഷ്യം.

"എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, രാവും പകലും എനിക്ക് ഒരു പ്രാർത്ഥനയെയുള്ളൂ. രക്തം ചിന്തപ്പെടുന്ന ഈ നാളുകളിൽ ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു. പ്രിയപ്പെട്ടവനേ, ഞാൻ ആദം സന്തതിയല്ല. മണ്ണിലെ ഒരു കീടമാണ്. അഗ്നിമഴ പെയ്യുന്ന നാൾ നീ നിന്റെ ഫ്ളലിന്റെ പാനീയം എന്നെ കുടിപ്പിക്കേണമേ. പ്രിയപ്പെട്ടവനേ, ദീനിന്റെ വസന്തകാലം കാണിക്കേണമേ. ജനങ്ങളെ വഴിതെറ്റിക്കുന്നതു കണ്ടുകൊണ്ട് എത്രനാളാണ് കാത്തിരിക്കേണ്ടത്. മതവിരോധികളുടെ സൂര്യൻ ഇപ്പോൾ ഉദിച്ചുയർന്നു നിൽക്കുന്നു. ഞങ്ങ

Scanned with CamScanner

ളിൽ ഇരുട്ടു വ്യാപിക്കുന്നു. എന്റെ സൂര്യനായ അല്ലാഹുവേ, ഞങ്ങ ളുടെ ദിവസം പ്രകാശമാനമാക്കേണമേ.

"നാഡിമിടിപ്പ് മന്ദഗതിയിലായിരിക്കുന്നു. ജീവനും ഓരോ നിമി ഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നീ ആഗതനാകുന്ന ദിവസം എത്രയും വേഗം സമാഗതമാവാൻ നീ തന്നെ കടാക്ഷിച്ചാലും. നിന്റെ മുഖകമലത്തിന്റെ ദർശനം നൽകി എനിക്ക് ദുഃഖവിമുക്തി നല്കി യാലും. ഭീതിതമായ ഈ ദിനങ്ങൾ എത്രകാലമാണ് മുന്നോട്ടു പോകുക.

"നിന്റെ ഇടവഴിയിലുയരുന്ന മുറവിളി ആരുടേതാണെന്ന് അന്വേ ഷിച്ചാലും. എന്റെ പ്രേമഭാജനമേ, നാം മരിക്കുന്ന ദിവസമാണോ നീ ആഗതനാകുന്നത്?

"അല്ലയോ എന്റെ തോണിക്കാരാ, ഈ വഞ്ചി മുങ്ങാൻ പോകു കയാണ്. എന്റെ പ്രിയപ്പെട്ടവനേ, ഈ പൂന്തോട്ടത്തിലെ പുഷ്പ ങ്ങൾ കൊഴിയുന്ന നാളുകൾ വന്നിരിക്കുന്നു. എന്റെ പ്രിയപ്പെട്ടവ നേ, അങ്ങനെ സംഭവിച്ചാൽ അതും നിന്റെ അനുവാദത്തോടെ മാത്രമേ സംഭവിക്കൂ. ദീൻ ഇപ്പോൾ ശവംപോലെയായിരിക്കുന്നു. അതിനെ കബറടക്കുന്ന കാലമാണിത്. നീ ഒരു ദൃഷ്ടാന്തം കാണി ക്കേണമേ. കാരണം ഇപ്പോൾ ദീൻ ദൃഷടാന്തരഹിതമായിത്തീർന്നി രിക്കുന്നു. മനസ്സ് വ്യതിചലിച്ചുപോകുന്നു. നീ ഇതിന് കരുത്തേകി ഇതിനെ ഉറപ്പിച്ചു നിർത്തുന്ന നാൾ എത്രയും വേഗം കൊണ്ടുവ ന്നാലും."

"എന്റെ സാഷ്ടാംഗസ്ഥലം ഞാൻ കണ്ണീരിൽമുക്കി. എന്നാൽ, ചിലർക്ക് അല്ലാഹുവിനെ ഒരു ഭയവുമില്ല. എന്റെ ഇലാഹേ, നീ എന്റെ അനുഗ്രഹത്താൽ ഒരു ദൃഷ്ടാന്തം കാണിക്കേണമേ; അവ രുടെ തലകുനിയട്ടെ, കളവാക്കുന്ന അവർ നിന്ദ്യരായിത്തീരട്ടെ, എന്റെ ഖദീർ ആയ അല്ലാഹുവേ, അശ്രദ്ധയിലാണ്ടുപോയ ഓരോരുത്തരും നിന്റെ മുഖകമലം ദർശിക്കുന്നതിനുവേണ്ടി നിന്റെ മഹത്ത്വം മുഅ്ജിസത്തായി കാണിച്ചാലും. നിന്റെ ശക്തിപ്രഭാവത്തെ അംഗീ കരിക്കാത്തവർക്ക് നീ ദൃഷ്ടാന്തം കാണിച്ചാലും. മുള്ളുകൾ നിറഞ്ഞ ഈ വനം പുഷ്പങ്ങൾ നിറഞ്ഞ തോട്ടമാക്കി മാറ്റിയാലും. ഭൂമി ആടിയുലയുന്നത് നമുക്ക് ഒരു പ്രശ്നമല്ല. ജനങ്ങൾ അതിൽനിന്ന് രക്ഷപ്പെടണം എന്നതാണ് നമ്മുടെ ആഗ്രഹം."

Scanned with CamScanner

ഭൂമി പ്രകമ്പനം കൊള്ളുക, അതിന്റെ ഉലച്ചിലിൽ നിന്ന് ജനങ്ങൾ, രക്ഷപ്പെടുക ഈ പ്രയോഗങ്ങളെല്ലാം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സാഹിതീയ സൗന്ദര്യത്തിന്റേയും അർത്ഥഗാംഭീര്യത്തിന്റേയും തികവാണ് കാണിക്കുന്നത്. ഭൂകമ്പമുണ്ടായാലും ഭൂമി വിറകൊണ്ടാലും അതൊരു പ്രശ്നമല്ല. അതിൽനിന്ന് രക്ഷിക്കാൻ ആരാണുണ്ടാകുക എന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ചോദിക്കുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു:

"എന്റെ രക്ഷിതാവേ, കരുണ ചൊരിയേണമേ. ദീനും തഖ്വയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഞാൻ നിരാലംബനും നിസ്സഹായനുമാണ്. ഒന്നും ചെയ്യാൻ എനിക്ക് കഴിവില്ല. ഈ ദുഃഖത്താൽ എന്റെ കണ്ണീർ തോരുന്നില്ല. ദീനിന്റെ വീട് ശൂന്യമായിരിക്കുന്നു. ദുൻയാവിന്റെ മിനാരം തലയുയർത്തി നിൽക്കുന്നു. ഇന്ന് ദീൻ അവർക്കൊരു അനാവശ്യവസ്തുവാണ്. ധനവും സമ്പത്തും മാന്യതയും ഉള്ളവരുടെ ദൃഷ്ടിയിൽ അതിനേക്കാൾ കവിഞ്ഞ് മറ്റൊന്നുമില്ല. എവിടെ നോക്കിയാലും നിരീശ്വരത്വം അലതല്ലുന്നു. മതത്തെ അവഹേളിക്കുന്നു. നമസ്കാരവും നോമ്പും നാണക്കേടായി കരുതുന്നു. ഈ വിഷപ്പുക അതിരുകടന്ന ആഢംബരത്തിൽനിന്നും അമിതമായ സമ്പത്തിൽനിന്നുമുണ്ടായതാണ്. ബഹുമതിയായി മനസ്സിലാക്കിയിരുന്ന ഔന്നത്യം അഹങ്കാരത്തിന്റെ രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഔന്നത്യം അല്ലാഹുവിന്റെ പ്രൗഢിയാണ്. മനുഷ്യൻ താൻ ഉന്നതനാണെന്ന് കരുതുന്നത് അവന് ചേർന്നതല്ല. അവന്റെ ഔന്നത്യം വായ്പ വാങ്ങിയ വസ്തുപോലെയാണ്. അത് താൽക്കാലികമാണ്. എന്റെ പ്രിയങ്കരനായ അല്ലാഹുവേ, ഈ ദുഃഖപ്രളയത്തിൽനിന്ന് എനിക്ക് മോചനം നല്കിയാലും. അല്ലെങ്കിൽ ഈ ജീവൻ നിന്നിൽ ഹോമിക്കപ്പെടും.

"എന്റെ അല്ലാഹുവേ, സർവ്വവും സൃഷ്ടിക്കുന്നവനേ, ന്യൂനതകൾ മറച്ചുവെക്കുന്നവനേ, സൃഷ്ടിക്കുന്നവനേ, എന്നെ സഹായിക്കുന്നവനേ, എന്റെ പ്രിയപ്പെട്ടവനേ, എന്റെ പരിപാലകനേ, നന്മ ചെയ്യുന്നവനേ, ഞാനെങ്ങനെയാണ് നിനക്ക് ശുക്ർ ചെയ്യേണ്ടത്? എങ്ങനെയാണ് നിനക്ക് സ്ത്രോത്രം ചെയ്യേണ്ടത്? അതിനുള്ള വാക്കുകൾ എവിടെനിന്നാണ് ഞാൻ കൊണ്ടുവരേണ്ടത്?

Scanned with CamScanner

"നിന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവർ പ്രതിഫലം പ്രാപിക്കുന്നു. തുടർച്ചയായി ഈ ആനന്ദം എനിക്ക് പ്രദാനം ചെയ്യാൻ എന്നിൽ വിശേഷമായിട്ടെന്താണ് നീ കണ്ടത്? നിന്റെ അനുഗ്രഹവും ഉപകാരവും കൊണ്ടുമാത്രമാണ് എന്നെ നിനക്കിഷ്ടപ്പെട്ടത്. അല്ലെങ്കിൽ, നിന്റെ ദർബാറിൽ സേവകർക്ക് കുറവൊന്നുമില്ലല്ലോ. അതുല്യനായ അല്ലാഹുവേ, എന്റെ അഭയകേന്ദ്രമേ, നീ മാത്രമാണ് എനിക്കുള്ളത്. എനിക്കു വഴി കാണിക്കാൻ നിന്നെക്കൂടാതെ ആരുമില്ല. നിന്റെ ആത്മീയനിർവൃതി എനിക്കുണ്ടായിരുന്നില്ലെങ്കിൽ, ഞാൻ മരിച്ച് മണ്ണിടിഞ്ഞുപോയേനെ. അപ്പോൾ, ആ മണൽത്തരി എടുത്തെറിയുക എവിടേക്കാണെന്ന് നിനക്ക് മാത്രമേ അറിയൂ.

"എന്റെ ശരീരവും ജീവനും ഹൃദയവുമെല്ലാം നിന്റെ വഴിയിൽ ബലിയാണ്. നിന്നെപ്പോലെ സ്നേഹിക്കുന്നവൻ എന്റെ അറിവിൽ മറ്റാരുമില്ല.

"മതവിരോധികളുടെ ദിനം ഉദിച്ചുയർന്നു നിൽക്കുന്നു. രാത്രിയുടെ അവസ്ഥയാണ് നമുക്കുള്ളത്. എന്റെ സൂര്യനായ അല്ലാഹുവേ, നീ ഉദിച്ചുയർന്നാലും. ഞാൻ ഗതിമുട്ടിയവനായിരിക്കുന്നു.

"എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, എന്റെ ഓരോ അംശവും നിനക്ക് ബലിയാണ്. അല്ലയോ കാലത്തെ തെളിക്കുന്നവനേ, അതിന്റെ മൂക്കുകയർ എന്നിലേക്ക് തിരിച്ചാലും.

"നിന്റെ ഇടവഴിയിലുയരുന്ന മുറവിളി ആരുടേതാണെന്ന് ശ്രദ്ധിച്ചാലും. നീ എന്റെ മിത്രമായി വന്നില്ലെങ്കിൽ എന്റെ തല തറയിൽ പതിക്കും. ഈ കൊടുങ്കാറ്റിൽനിന്ന് ഇസ്‌ലാമിന്റെ നൗക അക്കര പ്രാപിക്കുന്നതിന് നിന്റെ ഫ്ളലിന്റെ കരങ്ങളാൽ എന്നെ സഹായിക്കേണമേ.

"എന്നെ സഹായിക്കുന്നവനേ, എന്റെ ന്യൂനതകൾ പൊറുത്തുതന്നാലും, ശാപത്തിന്റെ പ്രഹരമേറ്റുകൊണ്ടിരിക്കുന്ന ദീനിന്റെ ശത്രു സന്തോഷിക്കാതിരിക്കട്ടെ. എന്റെ മുറിവിൽ മരുന്നുവെച്ചു കെട്ടിയാലും. ഞാൻ ദുഃഖിതനാണ്. എന്റെ വിലാപം കേട്ടാലും. ഞാൻ ബലഹീനനാണ്.

"ഹസ്റത്ത് മുഹമ്മദു മുസ്തഫാ (സ)യുടെ ദീനിന്റെ ശക്തിക്ഷയം കാണാനുള്ള കരുത്ത് എനിക്കില്ല. എന്റെ രാജാവായ അല്ലാ

ഹുവേ, എന്നെ വിജയിപ്പിക്കേണമേ.

"എന്റെ ലക്ഷ്യം സഫലമാകുന്നതിനുമുമ്പേ നീ എന്നെ മണ്ണിൽ കിടത്തുമോ? എന്നെ സഹായിക്കുന്ന എന്റെ അല്ലാഹുവേ, വാസ്തവത്തിൽ എനിക്ക് വിജയം കാണാൻ കഴിയുന്നില്ല. *യാ ഇലാഹീ,* ഇസ്‌ലാമിന്റെ മേൽ ഫള്‌ല് ചൊരിയേണമേ. തകർന്ന വഞ്ചിയിലെ യാത്രക്കാരുടെ മുറവിളി കേൾക്കേണമേ. കുഴപ്പങ്ങളും കലഹങ്ങളും ഇപ്പോൾ ശക്തി പ്രാപിച്ചിരിക്കുന്നു. എല്ലായിടത്തും നിരാശയുടെ കാർമേഘം ഇരുണ്ടുകൂടിയിരിക്കുന്നു. രാത്രി കാഠിന്യമുള്ളതായിത്തീർന്നിരിക്കുന്നു. നിന്റെ വെള്ളം കിട്ടാതെ ഒരുലോകംതന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു. എന്റെ യജമാനനായ അല്ലാഹുവേ, നിന്റെ നദിയിലെ ഒഴുക്ക് ഒരു ഭാഗത്തേക്ക് തിരിച്ചുവിട്ടാലും. വിപത്തുകൾ കാരണത്താൽ ജനങ്ങൾക്ക് ബോധം നഷ്ടപ്പെട്ടിരിക്കുന്നു. നീ നിന്റെ ദാസരിൽ കാരുണ്യം ചൊരിഞ്ഞാലും; അവർ രക്ഷപ്പെട്ടു.

"ഈ ജനതയുടെമേൽ വസന്തകാലദിനങ്ങളിൽ ഹേമന്തകാലത്തിന്റെ സമയം സംജാതമായിരിക്കുന്നു. അല്ലാഹുവേ, നിന്നെക്കൂടാതെ എങ്ങനെയാണ് സേചനം നടത്തുക. തഖ്‌വയുടെ തോട്ടം കരിഞ്ഞുപോയിരിക്കുന്നു. ദീനിന്റെ ഒരു ശവകുടീരം ഉയർന്നിരിക്കുന്നു. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഫിത്നയുടെ പാദം ഓരോ നിമിഷവും കുതിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, നിന്റെ കരങ്ങൾകൊണ്ടു മാത്രമേ എന്തും സംഭവിക്കുകയുള്ളൂ. നീ ഒരു ദൃഷ്ടാന്തം കാണിച്ചാലും കാരണം ദീൻ ഇപ്പോൾ ദൃഷ്ടാന്തരഹിതമാണ്. വസന്തകാലത്തിന്റെ എന്തെങ്കിലുമൊന്നു കണ്ടാസ്വദിക്കാൻ ഞങ്ങളെ കടാക്ഷിച്ചാലും.

"എന്റെ സർവശക്തനായ അല്ലാഹുവേ, ഹൃദയങ്ങളെ നീ തന്നെ മാറ്റിയാലും. നീ *റബ്ബുൽ ആലമീനാണ്.* രാജാധിരാജനാണ്. ആരെയെങ്കിലും ഉന്മൂലനം ചെയ്യുന്നതോ നിലനിറുത്തുന്നതോ നിനക്ക് പ്രയാസമുള്ള കാര്യമല്ല. പൊട്ടിക്കലും ഒട്ടിക്കലും നിന്റെ നിയന്ത്രണത്തിലാണ്. നിന്റെ കാരുണ്യകടാക്ഷം ഉണ്ടാകുമ്പോൾ പൊട്ടിയതും പ്രയോജനപ്പെടുന്നു. ഉണ്ടാക്കിയതിനുശേഷം ഉടനെ പൊട്ടിക്കാനും കഷണം കഷണമാക്കാനും നിനക്ക് കഴിവുണ്ട്.

"നിന്റെ മുഖകമലത്തോടുള്ള എന്റെ ആസക്തി എന്റെ ഹൃദയത്തെ അടിമേൽ മറിച്ചു. അത്യുന്നതനായ എന്റെ ജന്നത്തേ,

എന്നിൽ പഴങ്ങൾ വീഴ്ത്തിയാലും.

"എന്റെ അല്ലാഹുവേ, വേദന അകറ്റുന്നവനേ, നീ തന്നെ എന്നെ രക്ഷിച്ചാലും. എന്റെ മുറിവിന്റെ ഔഷധമേ, ഛിന്നമായ എന്റെ ഹൃദയത്തെ അനുഗ്രഹിച്ചാലും. എന്റെ ജീവനായ അല്ലാഹുവേ, നിന്നെ ക്കൂടാതുള്ള ജീവിതം നാശമാണ്; അതിനേക്കാൾ നല്ലത് മരിച്ച് മണ്ണാകുന്നതാണ്. എന്റെ പ്രിയപ്പെട്ടവനേ, നീ എങ്ങനെയാണ് സംതൃപ്തനാകുന്നതെന്ന് പറഞ്ഞുതന്നാലും. എന്നാൽ, ഞാൻ നിന്നിൽ ബലിയാകുന്ന നാൾ അങ്ങനെതന്നെയായിരിക്കും. ജനങ്ങളിൽനിന്ന് നീ അകന്നിരിക്കുന്നതുപോലെ ഞാനും ജനങ്ങളിൽനിന്ന് അകന്നിരികകുന്നു. എന്റെ ഹൃദയത്തിന് കൂട്ടുകാരാരുമില്ല. അല്ലാഹുവേ, അമാനുഷികമായ ഉത്സാഹവും താപവും എനിക്കു നീ നൽകേണമേ; ദീനിനോടുള്ള ദുഃഖഭാരത്താൽ ഞാൻ ഉന്മത്തനായിത്തീരട്ടെ. ഇസ്‌ലാമിനുവേണ്ടി എന്റെ മനസ്സിൽ തീ കൊളുത്തേണമേ; അതിന്റെ നാളങ്ങൾ എപ്പോഴും ആകാശത്തിലെത്തട്ടെ. അല്ലാഹുവേ, നിനക്കുവേണ്ടി ഞാൻ ബലിയാണ്. ഞാൻ വിലപിക്കുന്നവനാണ്. ദീനിന്റെ വിധികർത്താവിനേയും തോട്ടത്തേയും നീ എനിക്കു കാണിച്ചുതരേണമേ. രഹസ്യങ്ങൾ എല്ലാം അറിയുന്നവനേ, നീ എന്നോടു ദയ കാണിക്കേണമേ. യഥാർത്ഥമായ പ്രവർത്തനം നിന്റെ പ്രവർത്തനമാണ്. എന്നാൽ ഞാൻ ഗതിമുട്ടിയിരിക്കുന്നു. നിന്റെ കൃപയാൽ ജനഹൃദയങ്ങളെ ഹിദായത്തിലേക്ക് തിരിച്ചുവിടേണമേ. ചിന്തിക്കാനും ആലോചിക്കാനുമുള്ള തൗഫീഖ് അവർക്ക് നൽകേണമേ. തോട്ടത്തിന് ദോഷം ബാധിച്ചിരിക്കുന്നു. പഴങ്ങൾ കൊഴിഞ്ഞുവീണിരിക്കുന്നു. അല്ലാഹുവിന്റെ ഫള്‌ലുമായി ഞാൻ വന്നിരിക്കുന്നു. അങ്ങനെ വീണ്ടും പഴങ്ങൾ പിടിക്കാൻ തുടങ്ങിയിരിക്കുന്നു. *മർഹമെഈസാ* ഈസായ്ക്കു മാത്രമാണ് ശിഫാ നൽകിയതെങ്കിൽ, ഞാൻ കൊണ്ടുവന്ന മർഹം മുഖേന രാജ്യങ്ങൾക്കും പട്ടണങ്ങൾക്കും ശിഫാ ലഭിക്കുന്നു. അഹ്മദ്(സ)ന്റെ ദീനിനുമേൽ നാലു ഭാഗത്തുനിന്നും അസഭ്യശരങ്ങൾ പതിക്കുന്നു. ഈ ജനതയേയും അവരുടെ ചെയ്തികളേയും അല്ലാഹുവേ, നീ കാണുന്നില്ലേ. ഈ അവസ്ഥ കണ്ടിട്ട് കരയാത്ത കണ്ണുകളുണ്ടോ? ഈ ദുഃഖത്തിൽ വ്യാകുലപ്പെടാത്ത ഹൃദയങ്ങളുണ്ടോ? ജനതയുടെ കൈയാൽ ദീൻ ഇന്ന് പ്രഹരിക്കപ്പെടുന്നു. ഇസ്‌ലാമിന്റെ ഉയർച്ച ഇന്ന് താഴ്ന്ന് പോയിരിക്കുന്നു. അല്ലാഹുവിന്റെ അർശ്‌വരെ ഈ മുസ്വീബത്ത്

Scanned with CamScanner

എത്തിയില്ലേ? ദീനിന്റെ അവസ്ഥ കാർമേഘത്തിൽ മറഞ്ഞുപോകുമോ? ഇപ്പോൾ ഈയുള്ളവനും ശയ്ത്വാനും തമ്മിൽ ഒരു ആത്മീയയുദ്ധം തുടങ്ങിയിരിക്കുകയാണ്. റബ്ബേ, ഈ രൂക്ഷമായ പോരാട്ടംകൊണ്ട് ഹൃദയം ചുരുങ്ങിപ്പോകുന്നു. ഈ പോരാട്ടത്തെ കുറിച്ച് എല്ലാ പ്രവാചകന്മാരും മുന്നറിയിപ്പ് നൽകിയിരുന്നു. ഇതോർത്ത് അവർ കരഞ്ഞുകരഞ്ഞു പ്രാർത്ഥിച്ചിരുന്നു. അല്ലാഹുവേ, നിന്റെ ഫള്ല്കൊണ്ട് ശയ്ത്വാന്റെമേൽ എനിക്ക് വിജയം നല്കേണമേ. ശയ്ത്വാൻ കണക്കില്ലാത്ത നിലയിൽ സൈന്യത്തെ സംഘടിപ്പിക്കുന്നു."

ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഭൗതികവും ആത്മീയവുമായ സന്താനങ്ങളുടെ പുരോഗതിക്കുവേണ്ടി പ്രാർത്ഥിക്കുന്നു:

"സർവ്വശക്തനായ അല്ലാഹുവേ, ഞങ്ങൾ നിന്നിൽ വിശ്വസിച്ചിരിക്കുന്നു. നിന്റെ വാതിൽക്കൽ വന്നിരിക്കുന്നു. നിന്നെ തിരിച്ചറിഞ്ഞതുമുതൽ ഞങ്ങളുടെ ഹൃദയം മറ്റുള്ളവരേക്കാൾ സമ്പന്നമായി. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"എന്റെ പ്രിയപ്പെട്ടവനേ, എന്നെ ഒരിക്കലും മാറ്റി നിർത്തരുതേ. ദുൻയാവിലെ സുഖ ജീവിതത്തിൽനിന്ന് നിന്നിൽ ബലിയാകുന്നതാണ് കൂടുതൽ ഉത്തമം. അല്ലാഹുവാണ, നിനക്കുവേണ്ടി ദുഃഖം സഹിക്കുന്നത് എല്ലാത്തിനേക്കാളും സുഖമുള്ളതാണ്. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"എന്റെ ഭൗതികവും ആത്മികവുമായ സന്താനങ്ങളെ നീ ഭാഗ്യവാന്മാരാക്കിയാലും. അവർക്ക് ദീനും ദുൻയാവും നൽകിയാലും. അവരെ നീ തന്നെ സംരക്ഷിച്ചാലും. അവരിൽ നിന്റെ റഹ്മത്ത് ഇറക്കിയാലും. അവരെ നേർവഴി കാണിച്ചാലും. ക്ഷേമവും ആയുസ്സും മാന്യതയും അവർക്ക് നൽകിയാലും. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"എന്നെ പരിപാലിക്കുന്നവനേ, എന്റെ സന്താനങ്ങൾക്ക് നല്ല വീതാംശം നൽകിയാലും. അവർക്ക് ഓരോരുത്തർക്കും ഉയർച്ച

Scanned with CamScanner

നൽകിയാലും. നീ തന്നെയാണ് ഞങ്ങളുടെ വഴികാട്ടി. നിനക്കു പങ്കാളികളാരുമില്ല. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"ശയ്ത്വാന്റെ സ്പർശനത്തിൽനിന്ന് ഇവരെ അകറ്റിനിർത്തിയാലും. നിന്റെ അഭയത്തിൽ ഇവരെ കുടിയിരുത്തിയാലും. പ്രകാശനംകൊണ്ടും സന്തോഷംകൊണ്ടും ഇവരുടെ ഹൃദയം നിറച്ചാലും. ഞാൻ നിന്നിൽ ബലിയാണ്. നീ ഇവരിൽ റഹ്മത്ത് ചൊരിഞ്ഞാലും. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ."

"അല്ലാഹുവേ, എന്റെ എല്ലാ ദുആകളും സ്വീകരിച്ചാലും. ഞാൻ നിന്നിൽ ബലിയാണ്. നീ എന്നെ സഹായിച്ചാലും. വലിയ പ്രതീക്ഷകളുമായി ഞങ്ങൾ നിന്റെ തിരുസന്നിധിയിൽ വന്നിരിക്കുന്നു. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ."

"നിന്റെ ദാസൻ മഹ്മൂദ് എന്റെ കരളിന്റെ കഷണമാണ്. നീ അവന് ആയുസ്സും സമ്പത്തും നല്കിയാലും. എല്ലാതരം അന്ധകാരവും അവനിൽ നിന്നകറ്റിയാലും. അവന്റെ ഓരോ ദിവസവും സംതൃപ്തവും ഓരോ പ്രഭാതവും പ്രകാശമയവുമാക്കിയാലും. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"ഇവന് രണ്ടു സഹോദരങ്ങളുണ്ട്. ബശീർ അഹ്മദും നിന്റേതാണ്. ഇവന്റെ അനുജൻ ശരീഫ് അഹ്മദും നിന്റേതാണ്. ഇവരെ രണ്ടുപേരേയും നീ സന്തോഷിപ്പിക്കേണമേ. ഇവരിലെല്ലാം നിന്റെ ഫള്ല് ഇറക്കേണമേ. കാരുണ്യത്താൽ ഇവരെ സുഗന്ധം പൂശേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"യാ, റബ്ബേ, ഇവർ മൂന്നുപേരും നിന്റെ ദാസരാണ്. എല്ലാ അഴുക്കുകളിൽനിന്നും ഇവരെ കാക്കേണമേ. ദുൻയാവിലെ എല്ലാ ദുഷ്യങ്ങളിൽനിന്നും ഇവരെ രക്ഷിക്കേണമേ. ഇവരെ സുസ്ഥിതിയിൽ

Scanned with CamScanner

നിലനിർത്തേണമേ. ഞെരുക്കങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും മുക്തി നല്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"എന്റെ അല്ലാഹുവേ, ഇവരുടെ നാമങ്ങൾ നക്ഷത്രങ്ങളെപ്പോലെ വിളങ്ങുന്നതാക്കേണമേ. ഇവർ പവിഴങ്ങളായി തീരുംവിധം ഇവരെ അനുഗ്രഹിക്കേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ."

"എന്റെ ജീവനായ അല്ലാഹുവേ, ഇരുലോകത്തിന്റേയും രാജാവായ അല്ലാഹുവേ, അനുപമമായ നിലയിൽ ഇവരെ അനുഗ്രഹിക്കേണമേ. എന്നെന്നും നിലനിൽക്കുന്ന സന്തോഷവും സമൃദ്ധിയും ഇവർക്കു നല്കേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗ്രഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, ഞാൻ നിന്നിൽ ബലിയാണ്. എന്റെ എല്ലാ പ്രാർത്ഥനകളും സ്വീകരിക്കേണമേ. നിന്റെ റഹ്മത്തിന്റെ തണലിൽ ഇവരെ സുരക്ഷിതരാക്കേണമേ. എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"ഏകനും അതുല്യനുമായ അല്ലാഹുവേ, കാലത്തിന്റെ കർത്താവേ, എന്റെ പ്രാർത്ഥനയും വിനീതമായ അപേക്ഷയും സ്വീകരിക്കേണമേ. ഇവരെ നിന്നിൽ ഭരമേല്പിച്ചുകൊണ്ട് ഞാൻ അപേക്ഷിക്കുന്നു. ഇവരെ ദീനിന്റെ ചന്ദ്രന്മാരാക്കേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനന്നും പരിശുദ്ധൻ.

"അല്ലാഹുവേ, എനിക്കുള്ള സ്വീകാര്യത വർദ്ധിപ്പിക്കേണമേ. ഫള്ലുമായി നീ വരേണമേ. എല്ലാ ദുഃഖങ്ങളിൽനിന്നും എന്നെ രക്ഷിക്കേണമേ. എന്റെ രക്ഷിതാവേ, എന്റെ എല്ലാ പ്രവൃത്തികളും നീ തന്നെ ചെയ്യേണമേ. എന്നെ ഒരു പരീക്ഷണത്തിലും അകപ്പെടുത്തരുതേ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതമാക്കേണമേ.

Scanned with CamScanner

എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ."

"നിന്റെ ഈ മൂന്നു ദാസരേയും ലോകത്തിന് വഴികാട്ടിയാക്കേണമേ. ഇവരെ ദുൻയാവിന് മാർഗദർശകരും ജ്യോതിസ്സിന്റെ പ്രതീകവും ആക്കേണമേ. ഇവരെ രാജാക്കന്മാരുടെ അഭയസ്ഥാനമാക്കേണമേ. പ്രകാശിക്കുന്ന സൂര്യന്മാരാക്കേണമേ. ഈ ദിവസം ഞങ്ങൾക്ക് അനുഗ്രഹീതമാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"ഇവരെ മഹത്ത്വമുള്ളവരാക്കേണമേ, രാജ്യത്തിന്റെ അഭിമാനമാക്കേണമേ. സത്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നവരാക്കേണമേ. നിന്റെ മിത്രമാക്കേണമേ. എല്ലാവിധ പുരോഗതികളും ഇവർക്കു നല്കേണമേ; ഇവർ ഒന്നിൽനിന്ന് ആയിരമായിത്തീരട്ടെ. ഈ ദിവസം ഞങ്ങൾക്ക് അനുഗൃഹീതരാക്കേണമേ. എന്നെ കണ്ടുകൊണ്ടിരിക്കുന്നവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധൻ.

"അത്യുദാരനായ അല്ലാഹുവേ, എല്ലാ ഉപദ്രവങ്ങളും ഇവരിൽനിന്നകറ്റേണമേ. റഹീമായ അല്ലാഹുവേ, ഇവരെ സൽക്കർമ്മകാരികളാക്കേണമേ. ഇവർക്ക് ദീർഘായുസ്സ് നൽകേണമേ. ഇവരുടെ ഗുരുനാഥൻമാർക്കും പ്രതിഫലം നൽകേണമേ. നിന്റെ കാരുണ്യംകൊണ്ട് ദീനിലും ദുൻയാവിലും അവർക്ക് നല്ല പ്രതിഫലം നൽകേണമേ. ഇവരെ സാത്വികരും ബുദ്ധിമാന്മാരുമാക്കേണമേ. നിന്റെ കാരുണ്യത്താൽ തിന്മയുടെ വഴി ഇവരിൽനിന്ന് അകറ്റേണമേ. എന്റെ അല്ലാഹുവേ, നീ ഇവർക്ക് ഹിദായത്ത് നല്കേണമേ. നിന്റെ തൗഫീഖില്ലാതെ ഒന്നും പ്രയോജനപ്പെടുകയില്ല.

"എന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ തന്നെ ഇവരെ പരിപാലിച്ചു വളർത്തേണമേ. എന്റെ ആയുസ്സ് വളരെ കുറച്ചേയുള്ളൂ. ഇവർ നിന്റെ ദാസരാണ്. എന്റെ ഹാദിയായ അല്ലാഹുവേ, ഇക്കാണുന്നതെല്ലാം നിന്റെ കാരുണ്യമാണ്. എന്റെ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.

"എന്റെ മൗലാ ഇതെന്റെ ഒരു പ്രാർത്ഥനയാണ്. നിന്റെ ദർബാറിൽ അങ്ങേയറ്റം താഴ്മയോടെ ഈ അപേക്ഷ സമർപ്പിക്കുന്നു. എന്റെ ആഗ്രഹം പൂർത്തീകരിച്ചു തരേണമേ. അതു വിവരിക്കാൻ

Scanned with CamScanner

എനിക്കു വാക്കുകളില്ല. എന്റെ മക്കളെ നീ എനിക്കു നൽകിയതാണ്. അവർ ഓരോരുത്തരും നല്ലവരായിത്തീരുന്നതു ഞാൻ കാണട്ടെ. നിന്റെ ഖുദ്റത്തിന്റെ മുമ്പിൽ ഒരു തടസ്സവുമില്ല. അതുകൊണ്ട്, എനിക്കു നൽകിയിട്ടുള്ളതെല്ലാം ഇവർക്കും നൽകേണമേ. എല്ലാതരം മാലിന്യങ്ങളിൽനിന്നും മറ്റുള്ളവരുടെ അടിമത്തത്തിൽനിന്നും ഇവരെ ജാഗ്രതപ്പെടുത്തേണമേ. അല്ലാഹുവേ, എന്റെ കണ്ണിനു കുളിർമ നൽകേണമേ. ഇവരെയെല്ലാം എപ്പോഴും സന്തോഷാവസ്ഥയിൽ നിലനിർത്തേണമേ. ദുർജീവിതത്തിൽ നിന്നും രക്ഷിക്കേണമേ. ഇവരെയും എന്നെപ്പോലെ ദീനിന്റെ മുബല്ലിഗാക്കേണമേ. എന്റെ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.

"ഇവരുടെ നെറ്റിത്തടത്തിൽ മഹത്ത്വത്തിന്റെ ലക്ഷണം പ്രകടമാക്കേണമേ. ഇവരുടെ വീടുകളെ ദജ്ജാലിന്റെ ഭയപ്പെടുത്തലിൽനിന്നും എല്ലാവിധ ദുഃഖങ്ങളിൽനിന്നും രക്ഷിക്കേണമേ. ദുഃഖവും വിഷമവുംകൊണ്ട് ഇവരുടെ ജീവിതം ദുസ്സഹമാകാതിരിക്കട്ടെ. അതുല്യനായ അല്ലാഹുവേ, ഞാൻ ദുആ ചെയ്യുന്നു. ഇവരിൽ കഷ്ടകാലം വരുത്തരുതേ. ഇവർ ഒരിക്കലും നിന്റെ തിരുസന്നിധി ഉപേക്ഷിക്കുന്നവരാകരുതേ. എന്റെ മൗലാ, ഇവരെ എപ്പോഴും കാത്തുരക്ഷിക്കേണമേ. എന്റെ ഹാദീ, ഞാൻ നിന്നിൽനിന്നു പ്രതീക്ഷിക്കുന്നത് ഇതുതന്നെയാണ്. എന്റെ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.

"നിരാലംബതയുടേയും ദുഃഖങ്ങളുടേയും കാലം കാണാൻ ഇവർക്ക് ഇടവരരുതേ എന്നാണെന്റെ പ്രാർത്ഥന. നീ എനിക്കതിന് തൗഫീഖ് നല്കേണമേ. ഞാൻ മടങ്ങിപ്പോകുന്ന സമയം വരുമ്പോൾ, ഇവരിലെല്ലാവരിലും തഖ്‌വ കാണാൻ എനിക്കു ഭാഗ്യം നല്കേണമേ."

ഹസ്റത്ത് അമ്മാജാൻ (റ.അൻഹ)യുടെ ഭാഷയിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയ ഒരു ദുആയാണ് കേൾപ്പിക്കാൻ പോകുന്നത്.

"എന്റെ അല്ലാഹുവേ, നിന്റെ അപാരമായ അനുഗ്രഹമാണ് എനിക്കുണ്ടായിട്ടുള്ളത്. അതിന് എങ്ങനെ ശുക്ർ ചെയ്യണമെന്നെനിക്കറിയില്ല. നീ ലവലേശം എന്നോടു വ്യത്യാസം കാണിച്ചില്ല. എന്റെ ശരീരത്തിന്റെ ഓരോ ഭാഗവും നിന്നിൽ ബലിയാണ്. ഇലാഹീ,

Scanned with CamScanner

അടിമുതൽ മുടിവരെ എന്നിൽ വർത്തിക്കുന്നത് നിന്റെ ഔദാര്യമാണ്. എപ്പോഴും നിന്റെ ഫള്‌ല് മഴപോലെ എന്നിൽ വർഷിക്കുന്നു. ഈയുള്ളവൾക്ക് നാല് മക്കളെ നീ പ്രദാനം ചെയ്തു. അവർ നിന്റെ സമ്മാനമാണ്. നിന്റെ പ്രകടമായ ഫ്ളലാണ്. എന്റെ പ്രിയപ്പെട്ടവനേ, നിന്റെ സഹായോപകാരങ്ങൾ ഞാനെങ്ങനെ വിവരിക്കാനാണ്. അല്ലാഹുവേ, നിന്റെ കാരുണ്യം എന്നിൽ അളവറ്റ നിലയിലാണുള്ളത്. നീ എന്നെഏ സിംഹാസനത്തിൽ ഇരുത്തി. ദീനും ദുൻയാവും നീ എനിക്കു നല്കി. നിന്നെ ശുക്ർ ചെയ്യാനുള്ള വാക്കുകൾ എന്റെയടുത്തില്ല. ഞാനൊന്നുമല്ല. നിന്റെ കാരുണ്യം അളവറ്റതാണ്. നിന്റെ ഫള്‌ല് കൊണ്ടു എല്ലാ വിപത്തിൽനിന്നും എന്നെ രക്ഷിക്കേണമേ. നിന്റെ കോന്തല ഞാൻ സത്യഹൃദയത്തോടുകൂടി പിടിച്ചിരിക്കുന്നു. എന്റെ പ്രിയപ്പെട്ടവനേ, എന്റെ മക്കളെ, അവരുടെ കണ്ണുകൾകൊണ്ട് നിന്റെ മുഖകമലം കാണുന്നവരാക്കിത്തീർക്കേണ്ണമേ. എന്റെ ജീവിതത്തിൽ അവർക്ക് വിപത്ത് ഉണ്ടാകുന്നത് നീ ഇടയാക്കരുതേ. എന്റെ തെറ്റുകളും, നിന്നോടുണ്ടായിട്ടുള്ള അനുസരണക്കേടും എനിക്കു പൊറുത്തുതരേണമേ.

"അവർ ഭൗതികലോകത്തിന്റെ കീടങ്ങളാകാതിരിക്കാൻ നീ അവരെ അനുഗ്രഹിക്കേണമേ. അവരിൽ ഓരോരുത്തരേയും നിന്നെ പൂർണമായി അനുസരിക്കുന്നവരാക്കേണമേ. ഈ ആഗ്രഹം എന്റെ കഴിവുകൊണ്ട് പൂർത്തിയാവുകയില്ല. നിന്നിൽ നിന്നു സഹായമുണ്ടെങ്കിലേ അതു പൂർത്തിയാവൂ. ആകാശങ്ങളിലും ഭൂമിയിലും നിന്റെ നിയന്ത്രണമാണ്. ഓരോ വസ്തുവും നിന്റെ കല്പനയിലാണ് ചലിക്കുന്നത്. എന്റെ പ്രിയപ്പെട്ടവനേ, ക്ഷമാശക്തി എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. നീ റഹ്മാനാണ്. നീ എന്നെ രക്ഷിക്കേണമേ. എന്റെ യജമാനനായ അല്ലാഹവേ, എന്നെ എപ്പോഴും വിപത്തുകളിൽനിന്ന് കാക്കേണമേ. നിന്റെ കല്പന മാത്രാമാണ് ഇവിടെ നടപ്പിൽ വരുന്നത്. ഈ ജീവിതവും നിന്റേതാണ്. ഈ കാലവും നിന്റേതുതന്നെ."

ഇനി പ്രാർത്ഥനയെ സംബന്ധിച്ച് പൊതുവിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"മഅ്രിഫത്തിനു ശേഷം ഫള്‌ലു മുഖേന ഉണ്ടാകുന്ന ദുആ-അതിന്റെ നിറവും അവസ്ഥയും മറ്റൊന്നാണ്. അത് ലയിപ്പിക്കുന്ന

Scanned with CamScanner

വസ്തുവാണ്. ജ്വലിപ്പിക്കുന്ന അഗ്നിയാണ്. അത് റഹ്മത്തിനെ വലിച്ചടുപ്പിക്കുന്ന കാന്തികശക്തിയാണ്. അത് മരണമാണ്, എന്നാൽ അത് അവസാനം ജീവിതം പ്രദാനം ചെയ്യും. അത് ഉഗ്രൻ പ്രളയമാണ്. എന്നാൽ അത് അവസാനം വഞ്ചിയായിത്തീരും. ശിഥിലമായ എല്ലാ കാര്യങ്ങളും അതു മുഖേന ഔഷധമായിത്തീരുന്നു. ക്ഷണിക്കാതെ ദുആ ചെയ്യുന്ന തടവുകാരൻ ഭാഗ്യവാൻ, അവൻ ഒരുനാൾ സ്വതന്ത്രനാകും. ദുആയിൽ അലസത കാണിക്കാത്ത അന്ധൻ ഭാഗ്യവാൻ, ഒരിക്കൽ അവൻ അതിൽനിന്ന് പുറത്തുവരും. ദുആയിൽ വീഴ്ച കാണിക്കാത്ത നിങ്ങൾ ഭാഗ്യവാന്മാർ-നിങ്ങളുടെ റൂഹ് ദുആയ്ക്കുവേണ്ടി ഉരുകുന്നു. നിങ്ങളുടെ കണ്ണുകൾ അശ്രുപൊഴിക്കുന്നു. നിങ്ങളുടെ നെഞ്ചിൽ ഒരു അഗ്നിയുണ്ടാക്കുന്നു. ഏകാന്തതയുടെ ആനന്ദനിർവൃതിക്കായി നിങ്ങളെ ഒഴിഞ്ഞ വീട്ടിലും, ഘോരവനത്തിലും കൊണ്ടുപോകുന്നു. നിങ്ങളെ ഉന്മത്തരാക്കിത്തീർക്കുന്നു. കാരണം അവസാനം നിങ്ങളിൽ ഫള്ൽ ചെയ്യപ്പെടും. ഏതൊരു ദൈവത്തിലേക്കാണോ ഞാൻ നിങ്ങളെ വിളിക്കുന്നത് അവൻ, ഔദാര്യവാനും, കാരുണ്യവാനും, ലജ്ജാശീലനും, സത്യവാനും അഗതികളുടെമേൽ കരുണ ചെയ്യുന്നവനുമായ അല്ലാഹുവാണ്. നിങ്ങളും ആത്മാർത്ഥരായിത്തീരുക. നിങ്ങളിലും അവന്റെ കരുണ ഉണ്ടാകുന്നതിന്വേണ്ടി സത്യസന്ധതയോടും ആത്മാർത്ഥതയോടുംകൂടി പ്രാർത്ഥിക്കുക. ●

(18-6-2000, മസ്ജിദ് ഫസ്ൽ ലണ്ടൻ)

Scanned with CamScanner

# നബിതിരുമേനി(സ) യെക്കുറിച്ചുള്ള ദുആ

أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ ۗ أَإِلَٰهٌ مَعَ اللَّهِ ۚ قَلِيلًا
مَا تَذَكَّرُونَ ﴿٦٣﴾

ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ. (27:63)

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൾ എന്ന വിഷയം തുടരുകയാണ്. നബി (സ) തിരുമേനിയെ സംബന്ധിച്ചുള്ളതാണ് ആദ്യത്തെ ദുആ.

"അല്ലാഹുവേ, നിന്റെ ബർക്കത്തുകളിൽ നിന്നും ഒഴിഞ്ഞുപോകാത്തവിധം മുഹമ്മദുനബി(സ)യിൽ നിന്റെ കാരുണ്യം വർഷിക്കേണമേ. നിന്റെ സഹായവും അടയാളവുംകൊണ്ട് നബി (സ) തിരുമേനിയുടെ എതിർപക്ഷത്തിന്റെ മുഖം ഇരുണ്ടതാക്കേണമേ."

(ഞാൻ ദുആ വചനങ്ങൾ കേൾപ്പിക്കുമ്പോൾ നിങ്ങൾ പതുക്കെ ആമീൻ പറയുക. ഉറക്കെ പറയേണ്ടതില്ല.)

"നാം ദുആ ചെയ്യുന്നു: അല്ലാഹുവേ, ഞങ്ങൾക്ക് ഈമാനിന്റെ

Scanned with CamScanner

വാസ്തവികത തുറന്നു തരേണമേ. ഇർഫാനിന്റെ-ദൈവജ്ഞാനത്തിന്റെ ഭൂമി ഞങ്ങളുടെ മാതൃരാജ്യമാക്കേണമേ. ഹൃദയത്തിന്റെ പ്രകാശത്താൽ ജന്നത്തിന്റെ കാഴ്ചകൾ കാണാനുള്ള തൗഫീഖ് ഞങ്ങൾക്ക് നല്കേണമേ. റഹ്മാനായ റബ്ബിന്റെ നാട്ടിൽ ചുറ്റിസഞ്ചരിക്കാൻ ഇത്വാഅത്തിന്റെ[1] വാഹനത്തിൽ നീ ഞങ്ങളെ കയറ്റേണമേ. നാം അല്ലാഹുവിന്റെ തിരുസന്നിധിയിൽ തമ്പടിച്ചു താമസിക്കുന്നവരും മാതൃരാജ്യത്തെ സംബന്ധിച്ച് ചിന്താകുലരാവാതിരിക്കുന്നവരും ദൈവപ്രീതിക്കുവേണ്ടി സുധീരം ഏതു അന്ധകാരത്തിലേക്കും ഇറങ്ങിപ്പുറപ്പെടുന്നവരും ദൈവജ്ഞാനത്തിന്റെ വഴി തളരാതെ താണ്ടുന്നവരും റഹ്മാനിന്റെ സ്നേഹത്തിന്റെ ഇടവഴികളിൽ വേഗംവേഗം നടക്കുന്നവരും ഖാത്തമുന്നബിയ്യീൻ (സ) തിരുമേനിയെ പൂർണ്ണമായും പിൻപറ്റി ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെട്ട് ഉരുക്കുകോട്ടകളിലും ഉത്തുംതഗഹർമ്യങ്ങളിലും അഭയം തേടുന്നവരുമായിത്തീരാനും ഞാൻ ദുആ ചെയ്യുന്നു.

"എന്റെ അല്ലാഹുവേ, നബി (സ) തിരുമേനിയിൽ ഖിയാമത്തുന്നാൾ വരെ നിന്റെ റഹ്മത്തും സലാമത്തും[2] വർഷിക്കേണമേ. സർവസ്തുതിയും സർവലോകപരിപാലകനായ അല്ലാഹുവിനാകുന്നു, എന്നതാണ് ഞങ്ങളുടെ ഓരോ കാര്യങ്ങളിലുമുള്ള അവസാന പ്രാർത്ഥന.

"എന്റെ രക്ഷിതാവേ, ബലഹീനരേയും നിസ്സഹായരേയും രക്ഷിക്കുന്നവനേ, ഞാൻ നിന്നിൽനിന്നുള്ളവനല്ലേ? നീയത് വെളിപ്പെടുത്തിയാലും. വെളിപ്പെടുത്തുന്നവരിൽ ഏറ്റവും നല്ലനിലയിൽ വെളിപ്പെടുത്തുന്നവൻ നീ തന്നെയാണ്. ലഅ്നത്തും തക്ഫീറും[3] അതിരുകടന്നിരിക്കുന്നു. എന്നെ വഞ്ചകനെന്ന് അവർ ആക്ഷേപിച്ചു. സർവശക്തനായ അല്ലാഹുവേ, നീ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു. നീ ഞങ്ങളുടെ ഇടയിൽ തീരുമാനം കല്പിച്ചാലും. അക്രമികളായ ഈ ജനതയിൽനിന്ന് എന്നെ നീ രക്ഷിച്ചാലും. നിന്റെ തിരുസന്നിധിയിൽനിന്ന് സഹായം വർഷിച്ചാലും. ആപൽഘട്ടങ്ങളിൽ നിന്റെ ഈ ദാസനെ സഹായിച്ചാലും. സത്യനിഷേധികൾക്ക് നീ ശിക്ഷ വിധിച്ചാലും. നിന്ദ്യനെന്ന് ആക്ഷേപിച്ച് ഈ ജനത എന്നെ പുറന്തള്ളി. അതുകൊണ്ട് ബദ്ർ യുദ്ധത്തിന്റെ നാളിൽ നിന്റെ റസൂലിനെ (സ) നീ സഹായിച്ചതുപോലെ എന്നെ നീ സഹാ

Scanned with CamScanner

യിക്കേണമേ. എന്റെ രക്ഷിതാവേ, നീ ഞങ്ങളെ സംരക്ഷിക്കേണമേ. നീ റഹ്മാനായ റബ്ബാണ്. റഹ്മത്ത് വർഷിക്കുക എന്നത് നീ നിന്നിൽ നിർബന്ധമാക്കിയിരിക്കുന്നു. അതിൽ ഞങ്ങളേയും ഭാഗഭാക്കാക്കേണമേ. നിന്റെ സഹായം ഞങ്ങൾക്കു കാണിച്ചു തരേണമേ. നിന്റെ കാരുണ്യത്തോടുകൂടി ഞങ്ങളെ നിന്നിലേക്ക് മടക്കേണമേ. നീ ഏറ്റവും നല്ല നിലയിൽ കാരുണ്യം വർഷിക്കുന്നവനാണ്. എന്റെ രക്ഷിതാവേ, എതിരാളികളുടെ ഗൂഢാലോചനകളിൽനിന്ന് നീ എന്നെ രക്ഷിക്കേണമേ. അവരുടെ ദുരാഗ്രഹങ്ങളിൽനിന്നും എന്നെ നീ സംരക്ഷിക്കേണമേ. നിന്റെ സഹായം നല്കപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ നീ പ്രവേശിപ്പിക്കേണമേ. എന്റെ രക്ഷിതാവേ, എന്റെ വിഷമങ്ങളെല്ലാം ദൂരീകരിക്കേണമേ. നിന്നിലേക്കുള്ള എന്റെ മടക്കം ഏറ്റവും ഉത്തമമാക്കേണമേ. എന്റെ അന്ത്യാഭിലാഷങ്ങൾ പൂർത്തിയാക്കിത്തരേണമേ. സന്തോഷത്തിന്റെ നാളുകൾ എനിക്കു നീ കാണിച്ചുതരേണമേ. എന്റെ രക്ഷിതാവേ, നീ എന്റേതായിത്തീർന്നാലും. എന്റെ ദുഃഖവും ഉദ്ദേശ്യവും അറിയുന്നവനേ, എന്നെ നീ പരിശുദ്ധനാക്കിയാലും. എനിക്ക് സൗഖ്യം നല്കിയാലും. നിരാലംബരുടെ അല്ലാഹുവേ, കളവ് പറയുന്നവർ എന്നെ കളവാക്കി. അജ്ഞതയുടെ തടവുകാർ എന്നെ നിഷേധിച്ചു. നിന്റെ വാതിൽക്കൽ വന്ന് കാരുണ്യം തേടുക എന്നതല്ലാതെ എന്റെ പക്കൽ ഒരു ഉപായവുമില്ല. ആവശ്യങ്ങൾ നിറവേറ്റിത്തരുന്നവനേ, എന്റെ സൂര്യൻ അസ്തമിക്കുന്നതിനുമുമ്പേ നിന്റെ അനുഗ്രഹത്തിന്റെ നാൾ മടക്കിക്കൊണ്ടുവന്നാലും വിഷമങ്ങളുടെ ആധിക്യംകൊണ്ട് എന്റെ ഹൃദയം ഞെരുങ്ങിപ്പോയിരിക്കുന്നു. അല്ലാഹുവേ, സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റേയും നാൾ തീർന്നുപോയതുകൊണ്ടല്ല ഞാന് കരയുന്നത്. പ്രത്യുത ഇസ്ലാമിന്റെ അവസ്ഥ ഓർത്താണ്. ശത്രുക്കൾ അതിനെ അമ്മാനമാടുന്നു. അതിന്റെ സൂര്യൻ അസ്തമിച്ചിരിക്കുന്നു. അതിന്റെ രാത്രി ദൈർഘ്യമുള്ളതായിരിക്കുന്നു. ഇസ്ലാമിക കക്ഷികളെ അന്ധകാരം മൂടിയിരിക്കുന്നു. സർവകുലോത്തമനും നിന്റെ ദാസനും ദൂതനുമായ മുഹമ്മദ് (സ)ന്റെ സമുദായത്തിൽ ഭിന്നിപ്പ് ഉടലെടുത്തിരിക്കുന്നു. സത്യനിഷേധികളുടേയും ദുഷ്ടന്മാരുടേയും സംഘങ്ങൾ മൈത്രിയുടെ മാലയിൽ കോർക്കപ്പെട്ടിരിക്കുന്നു. ഉലമാഉം, ഫുഖ്ഹാഉം, ഔലിയാവുമെല്ലാം ഈ സമുദായത്തിലുണ്ടെങ്കിലും അവരെല്ലാം നികൃഷ്ടരായിത്തീർന്നിരിക്കുന്നു

Scanned with CamScanner

വെന്നതാണ് എന്റെ രണ്ടാമത്തെ ദുഃഖം. നാശം അവരെ വലയം ചെയ്തിരിക്കുന്നു; അല്പം ചിലരെയൊഴികെ. എന്റെ രക്ഷിതാവേ, നീ കാരുണ്യം വർഷിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ. നിന്നോടു ഞങ്ങൾ സങ്കടം ബോധിപ്പിക്കുന്നു. നിന്നോടുതന്നെ ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. അവരാണ് ദീനിന്റെ വക്താക്കളും സഹായികളുമെന്ന് അവർ പറയുന്നു. എന്നാൽ, തന്റേടമുള്ള നാവിന്റെ ഉടമയായി ഒരുത്തരേയും ഞാനവരിൽ കാണുന്നില്ല. ഉറ്റ സുഹൃത്തിനെപ്പോലെ നമ്മുടെ നബിയുടെ ദീനിനെ സേവിക്കുന്ന ഒരുത്തരേയും ഞാനവരിൽ കാണുന്നില്ല. അവർ കാമാസക്തിയിലും ശരീരേച്ഛയിലും വീരവാദത്തിലും ദുരഭിമാനത്തിലും വീണു കിടക്കുന്നു. അവരിൽ അധികംപേരെയും ആജ്ഞാലംഘകരായിട്ടാണ് ഞാൻ കാണുന്നത്. എന്നെ നിയോഗിച്ച അവസരത്തിൽ ഇവരിലധികംപേരും എന്റെ സഹായികളായിരിക്കുമെന്ന് ഞാൻ കരുതി. പക്ഷേ, പരീക്ഷണം വന്നപ്പോൾ അവർ പുറന്തിരിഞ്ഞു. അങ്ങനെയാവേണ്ടത് നിന്റെ നിശ്ചയമായിരുന്നു. ഇപ്പോൾ ഞാൻ ഘോരവനത്തിൽ രാത്രി കഴിച്ചുകൂട്ടേണ്ടിവന്നവനെപ്പോലെ, ഒട്ടകത്തെ മേയ്ക്കുന്നവരിൽനിന്ന് കൂട്ടംതെറ്റി മരുഭൂമിയിൽ തനിച്ചായവനെപ്പോലെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ എന്റെയടുത്ത് ഒരു ഉപായവുമില്ല. എന്റെ ശക്തി ക്ഷയിച്ചിരിക്കുന്നു. എന്റെ ബലഹീനത എന്റെ ജനതയിലും ഗോത്രത്തിലും പ്രകടമായിരിക്കുന്നു. തിന്മയിൽനിന്ന് രക്ഷപ്പെടാൻ നീയല്ലാതെ എനിക്കൊരു ശക്തിയുമില്ല. നിന്നെക്കൂടാതെ നന്മ ചെയ്യുന്നതിനും എനിക്ക് ശക്തിയില്ലാതായിരിക്കുന്നു.

ലോകപരിപാലകനായ അല്ലാഹുവേ, നിന്നിലേക്ക് ഞങ്ങൾ കുനിയുന്നു. നിന്നിൽ സകലതും ഭരമേല്പിക്കുന്നു. നിന്നിൽത്തന്നെയാണ് എന്റെ സന്തോഷം. എന്റെ രക്ഷിതാവേ, നീ എന്റെ ദൗർബ്ബല്യങ്ങൾ പരിഹരിച്ചുതരേണമേ. ഈ വിപത്തുകളിൽനിന്ന് എനിക്ക് ശാന്തിയും സമാധാനവും നല്കേണമേ. എന്നെ തനിച്ചു വിട്ടുകളയരുതേ. ഏറ്റവും നല്ല ഉത്തരാധികാരി നീ തന്നെയാണ്. നിന്റെ കൈയിൽത്തന്നെയാണ് ദാനവും സമ്മാനവും അഭിമാനവും മഹത്ത്വവുമെല്ലാം നിലനിൽക്കുന്നത്. നീ ആഗതനായാൽ, വിപത്തുകൾക്ക് അവിടെ നില്ക്കക്കള്ളിയില്ല. നീ ഇറങ്ങിപ്പോയാലോ ഞെരുക്കം ഇറങ്ങുകയുമില്ല. നീയല്ലാതെ ഒരു ആരാധ്യനുമില്ലെന്നും

Scanned with CamScanner

നീയല്ലാതെ ഉയർച്ച നൽകുന്നതായി ആരുമില്ലെന്നും നീയല്ലാതെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുന്നവനായി ആരുമില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നീയാണ് എന്റെ ആശ്രയം. നിന്റെ തിരുസന്നിധിയിൽ ഞാൻ വീഴുന്നു. ഭരമേല്പിക്കുന്നവരുടെ രക്ഷാകേന്ദ്രം നീ തന്നെയാണ്. ഔദാര്യമുടയവനായ അല്ലാഹുവേ, എന്നെ സഹായിക്കേണമേ. സഹായവും സാന്ത്വനവും നൽകുന്നവനായി നിന്നെയല്ലാതെ മറ്റാരേയും എനിക്കറിയില്ല. നിന്റെ നബി (സ)യിൽ റഹ്മത്തും സലാമത്തും വർഷിക്കേണമേ. ആ മഹാനുഭാവന്റെ പ്രൗഢി വർദ്ധിപ്പിക്കുകയും അദ്ദേഹത്തിന്റെ സത്യത ഖണ്ഡിതമായ തെളിവുകൾകൊണ്ട് സൃഷ്ടികൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്യേണമേ. ആ മഹാത്മാവിന്റെ ദീനിനുവേണ്ടി ഞങ്ങൾ നിന്റെ സന്നിധിയിൽ വിലപിച്ചുകൊണ്ടിരിക്കുന്നു. എന്റെ ഹൃദയത്തിലുള്ളത് നീ അറിയുന്നു. എന്റെ നെഞ്ചകത്തുള്ളത് നീ കാണുന്നു. ആത്മാർത്ഥമായ സംതൃപ്തിയോടെ ഞങ്ങൾ നിന്നോടൊപ്പമാണ്. സത്യഹൃദയത്തോടും ഭയത്തോടുംകൂടി നിന്റെ വഴിയിൽ ഞങ്ങളെ ചെലവഴിക്കാൻ ഞങ്ങൾ അല്പംപോലും മടിച്ചുനില്ക്കുകയില്ല. നീ സന്മാർഗം കാണിക്കാതെ, അതു കണ്ടുപിടിക്കാൻ സ്വയം ഞങ്ങൾക്ക് കഴിവില്ല. നീ തന്നിട്ടുള്ളതല്ലാതെ ഞങ്ങളൊന്നും നേടിയിട്ടില്ല. സർവസ്തുതിയും നിനക്കാകുന്നു. സ്തുതിക്കുന്നവരുടെ എല്ലാ സ്തുതിയും നിന്നിലേക്കുതന്നെ മടങ്ങുന്നു. നീ റഹീമായ റബ്ബാണ്. കരുണ ചെയ്യുന്ന രാജാവാണ്. നിന്റെ അടുത്തുവരുന്നവർ നിന്റെ മിത്രമായിത്തീരുന്നു. നിന്നെ സ്നേഹിക്കുന്നു. ആത്മാർത്ഥതയോടെ നീയുമായി ബന്ധം സ്ഥാപിക്കുന്നു. അത്തരക്കാരെ നിരാശരും തെറ്റുകാരുമാക്കരുതേ. നിന്നെ റബ്ബാക്കിയിരിക്കുന്ന ഈ ദാസർക്ക് സുവിശേഷം ലഭ്യമാകട്ടെ. നിന്നെ മൗലാ ആക്കിയിരിക്കുന്ന ജനത സന്തോഷവാർത്ത കേൾക്കട്ടെ."

എല്ലാവരുടേയും റബ്ബ് ഒരുവൻ തന്നെയാണ്. അല്ലാഹു ഞങ്ങളുടെ റബ്ബാണെന്ന് പറഞ്ഞ് അതിൽ സ്ഥിരചിത്തതയോടെ നിലനില്ക്കുന്നവരെയാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) അവിടെ സ്മരിക്കുന്നത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു:

"നിന്റെ റഹ്മത്ത് നിന്റെ കോപത്തെ മറികടന്നുനില്ക്കുന്നു. നിന്റെ ഉറ്റ ദാസരെ നീ നഷ്ടത്തിലാക്കുകയില്ല. തുടക്കത്തിലും

Scanned with CamScanner

ഒടുക്കത്തിലും സർവസ്തുതിയും എപ്പോഴും നിനക്കുതന്നെ.

"എന്റെ അല്ലാഹുവേ, ശിപാർശ ചെയ്യാൻ അർഹത നൽകിയിട്ടുള്ള നബി(സ) തിരുമേനിയിൽ നീ റഹ്മത്തും സലാമത്തും വർഷിക്കേണമേ. ആ ധന്യാത്മാവ് മനുഷ്യകുലത്തിന്റെ വിമോചകനാണ്. നീ ഞങ്ങളെ സഹായിക്കേണമേ. ആ രാജാവിൽനിന്ന് ഞങ്ങൾ ദാനങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കട്ടെ. അനീതിയും അക്രമവും കാണിക്കുന്ന സകലരിൽനിന്നും ആ പുണ്യാത്മാവിന്റെ അനുഗ്രഹത്താൽ ഞങ്ങളെ നീ രക്ഷിക്കേണമേ. സ്വന്തം ന്യൂനതകൾ വിസ്മരിച്ചുകൊണ്ട് സഹോദരങ്ങളുടെ ന്യൂനതകൾ പരസ്യപ്പെടുത്തുന്നതിൽ വ്യാപൃതരായിരിക്കുന്ന മതപണ്ഡിതന്മാരിൽനിന്നും ഞങ്ങളെ നീ കാക്കേണമേ. അസഭ്യങ്ങൾ പുലമ്പാനും കുത്തുവാക്കുകൾ പറയാനും കുറ്റാരോപണം നടത്താനും അവരുടെ നാവുകൾ മടിക്കുന്നില്ല. എന്നാൽ, സത്യമായ സാക്ഷ്യവും യഥാർത്ഥവിവരണവും നല്കാൻ അവർ മടിക്കുന്നു. ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ന്യായപൂർത്തി വരുത്താൻ സമയം കണ്ടെത്തണമെന്ന് അവർ ഉപദേശിക്കുന്നുണ്ട്. പക്ഷേ, സ്വയം അത് നടപ്പിൽ വരുത്തുന്നില്ല. മറ്റുള്ളവരെ നന്മ ചെയ്യാൻ അവർ പ്രേരിപ്പിക്കുന്നുണ്ട്, അവർ സ്വയം തിന്മ ഉപേക്ഷിക്കുന്നില്ല. അവർ പറയുന്നുണ്ട്, പ്രവർത്തിക്കുന്നില്ല. അവർ കുഴപ്പമുണ്ടാക്കുന്നു, സ്വയം നന്നാകുന്നില്ല. അവർ മുറിച്ചിടുന്നു. കൂട്ടിയോജിപ്പിക്കുന്നില്ല. അറിവില്ലാതെ അവർ നിഷേധിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുന്നില്ല. യഥാർത്ഥ സത്യവിശ്വാസിയെ സത്യവിശ്വാസിയല്ലെന്ന് അവർ ആക്ഷേപിക്കുന്നു. അല്ലാഹുവിന്റെ ശിക്ഷയെ അവർ അവഗണിക്കുന്നു. അവർ ചിന്തിക്കുന്നില്ല. എന്റെ അല്ലാഹുവേ, അവരുടെ സകല ദ്രോഹപ്രവർത്തനങ്ങളിൽനിന്നും നീ ഞങ്ങളെ വിമുക്തരാക്കേണമേ. ഞങ്ങളെ നിന്റെ സംരക്ഷണമുള്ളവരും നീ ഇഷ്ടപ്പെടുന്നവരും നിനക്കുവേണ്ടി നന്മ പ്രവർത്തിക്കുന്നവരുമായി പ്രത്യേകപ്പെടുത്തേണമേ. നിന്നെക്കൂടാതെ മറ്റാർക്കും ഞങ്ങളുടെ സംരക്ഷണം ഏല്പിച്ചുകൊടുക്കരുതേ. നിനക്കിഷ്ടപ്പെടുന്ന നന്മ ചെയ്യാൻ ഞങ്ങൾക്ക് നീ തൗഫീഖ് നൽകേണമേ. ഞങ്ങൾ നിന്നിൽ നിന്നു റഹ്മത്തും ഫള്ലും രിളായും[4] തേടുന്നു. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നല്ല കരുണ ചെയ്യുന്നവനാണ്.

"എന്റെ രക്ഷിതാവേ, നിന്റെ അനുഗ്രഹംകൊണ്ട് നീ എന്റെ

Scanned with CamScanner

ശക്തിയായി തീരേണമേ. എന്റെ മനസ്സിലുള്ളതിന്റെ പ്രകാശമായി തീരേണമേ. എന്റെ ജീവിതത്തിന്റേയും എന്റെ മരണത്തിന്റേയും ലക്ഷ്യമായി തീരേണമേ. നീ എന്റെ ഖിബ്‌ലയായിത്തീരേണമേ. എന്റെ ഹൃദയത്തിൽ സ്നേഹത്തോടെ പ്രവേശിക്കേണമേ. എനിക്കുശേഷം മറ്റാരും പ്രാപിക്കാത്ത നിലിയലുള്ള സ്നേഹം നല്കി എന്നെ നീ അനുഗ്രഹിക്കേണമേ. എന്റെ രക്ഷിതാവേ എന്റെ പ്രാഷർത്ഥന സ്വീകരിക്കേണമേ. എന്റെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കിത്തരേണമേ. എന്നെ പരിശുദ്ധനാക്കേണമേ. എനിക്ക് സൗഖ്യം നല്കേണമേ. എന്നെ നിങ്ങിലേക്ക് വലിച്ചടുപ്പിച്ച് നിർത്തേണമേ. എന്നെ പരിശുദ്ധനാക്കേണമേ. എന്നെ പ്രകാശമാനമാക്കേണമേ. എന്നെ നിന്റെ മിത്രമാക്കേണമേ. നീ എന്റേതു മാത്രമായിത്തീരേണമേ. എന്റെ രക്ഷിതാവേ, എല്ലാ വാതലുകളിലൂടെയും നീ എന്നിലേക്ക് വന്നാലും. എല്ലാ മറകളിൽനിന്നും എന്നെ വെളിയിൽ കൊണ്ടുവന്നാലും. ദൈവികജ്ഞാനത്തിന്റെ പീയുഷം എന്നെ നീ കുടിപ്പിച്ചാലും. വിപത്തുകൾക്കും ദാരിദ്ര്യങ്ങൾക്കുമെതിരിൽ നീ എന്നെ സഹായിച്ചാലും. ഒരു നിമിഷനേരത്തേക്കുപോലും ലൗകികമായ ഇച്ഛയ്ക്ക് എന്നെ നീ വിധേയനാക്കരുതേ. അതിന്റെ ദോഷങ്ങളിൽനിന്നും എന്നെ രക്ഷിക്കേണമേ. നിന്നിലേക്ക് എന്നെ ഉയർത്തേണമേ. എന്റെ ഓരോ അംശത്തിലും നിന്റെ സാന്നിദ്ധ്യമുണ്ടാകേണമേ. നിന്റെ സ്നേഹസമുദ്രത്തിൽ വീഴുന്നവരുടെ കൂട്ടത്തിൽ എന്നെയും ഉൾപ്പെടുത്തേണമേ. നിന്റെ ജ്യോതിസ്സിന്റെ ആരാമങ്ങളിൽ ഊഞ്ഞാലാടുന്നവരിൽ എന്നെയും ഉൾപ്പെടുത്തേണമേ. നിന്റെ വിധിയിൽ ഞങ്ങൾ സംതൃപ്തരാണ്. എന്റെയും എന്റെ എതിരാളികളുടെയും ഇടയിൽ നീ അകൽച്ച കൂട്ടേണമേ. എന്റെ രക്ഷിതാവേ, നിന്റെ അനുഗ്രഹത്തിന്റെയും പ്രകാശത്തിന്റെയും ദാനമായി എനിക്ക് നീ നിന്റെ സൗന്ദര്യം കാണിച്ചുതരേണമേ. ആകാശത്ത് നിന്ന് ഇൽഹാമിന്റെ രൂപത്തിൽ ഇറങ്ങുന്ന മധുരമുള്ള വെള്ളം എന്നെ കുടിപ്പിക്കേണമേ. എല്ലാ മറകളിൽനിന്നും പൊടിപടലങ്ങളിൽനിന്നും എന്നെ പുറത്തുകൊണ്ടു വരേണമേ. അനുഗ്രഹങ്ങളിൽനിന്നും തിളക്കങ്ങളിൽനിന്നും പ്രകാശങ്ങളിൽനിന്നും അകന്നുപോയ കാരണത്താൽ അന്ധകാരങ്ങളിലും മറയ്ക്കുള്ളിലും അകപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തരുതേ. അവർ അപൂർണമായ ബുദ്ധിയും ദുഷിച്ച വിധിയുമായി അനുഗ്രഹങ്ങളുടെ

Scanned with CamScanner

വീട്ടിൽനിന്നും വിനാശങ്ങളുടെ വീട്ടിലേക്ക് മടങ്ങിപ്പോയവരാണ്. നിന്റെ മുഖകമലത്തിന്റെ ദർശനത്തിനും നിന്റെ സന്നിധിയിൽ എപ്പോഴും സാംഷ്ടാംഗം പ്രണമിക്കുന്നതിനുമായി എന്റെ അനുസരണം നിനക്ക് മാത്രമുള്ളതാക്കിത്തീർക്കാൻ എനിക്ക് നീ തൗഫീഖ് നൽകേണമേ. നിന്റെ കാരുണ്യത്തിന്റെ ദൃഷ്ടി പതിയുമാറ് എനിക്ക് നീ ശക്തി തന്നരുളേണമേ. എന്റെ രക്ഷിതാവേ, എന്റെ പരിശ്രമവും ധൈര്യവും വാക്കുകളുംകൊണ്ട് ഇസ്‌ലാമിന് നീ ജീവൻ പ്രദാനം ചെയ്യേണമേ. അതിന്റെ പ്രതാപത്തിന്റേയും ചൈതന്യത്തിന്റേയും നാളുകൾ വീണ്ടും നീ കൊണ്ടുവരേണമേ. എതിരാളികളുടെ ശക്തിയെ നീ നിർവീര്യമാക്കേണമേ.

"എന്റെ രക്ഷിതാവേ, നീ മരിച്ചവരെ ജീവിപ്പിക്കുന്നതെങ്ങനെയെന്ന് എനിക്കു കാണിച്ചു തരേണമേ. ഈമാൻകൊണ്ട് തിളങ്ങുന്ന മുഖങ്ങളെയും യുക്തിപൂർവ്വം പെരുമാറുന്നവരേയും നിന്റെ സ്മരണയിൽ വിറകൊള്ളുന്ന ഹൃദയങ്ങളേയും സത്യത്തിലേക്കും സത്യമായ പ്രതിഫലത്തിലേക്കും മാത്രം മടങ്ങുന്ന പരിശുദ്ധാത്മാക്കളേയും ആത്മീയസൂര്യനായ നബിതിരുമേനിയുടേയും നീ നിന്നിലേക്ക് വലിച്ചടുപ്പിച്ചിട്ടുള്ളവരുടേയും തണലിൽ കഴിയുന്ന ഉന്നതി പ്രാപിച്ച വ്യക്തികളേയും തൗബ സ്വീകരിക്കുന്നവനിലേക്ക് പോകാൻ പരിശ്രമിക്കുന്ന ആളുകളേയും അതിനു തയ്യാറാക്കുന്ന ആളുകളേയും നീ എനിക്കു കാണിച്ചുതരേണമേ.

"എന്റെ രക്ഷിതാവേ, കരയിലും കടലിലും ഒരുപോലെ അക്രമം വ്യാപിച്ചിരിക്കുന്നു. നിന്റെ ഹർമ്യങ്ങൾ ജനശൂന്യമായിത്തീർന്നിരിക്കുന്നതും നിന്റെ അടിയാറുകൾ വിപത്തുകളുടെ പിടിയിൽ പെട്ടിരിക്കുന്നതും നിന്റെ ദീൻ വിഷമങ്ങളിലും നാശങ്ങളിലും അകപ്പെട്ടിരിക്കുന്നതും ഞാൻ കാണുന്നു. സമ്പന്നതയ്ക്കുശേഷം ദാരിദ്ര്യത്തിന്റെ ഇരയായിത്തീർന്നവനെപോലെ, യുവത്വത്തിൽനിന്ന് വളരെ അകന്നുകിടക്കുന്ന വൃദ്ധനെപോലെ, നാടുംവീടും ഇല്ലാത്തവനെപോലെ, കൂട്ടുകാരിൽനിന്ന് കൈവിട്ടുപോയ പരദേശിയെപോലെ, അടിമത്വത്താൽ ജീവിതം നശിച്ച സ്വതന്ത്രനെപോലെ ആരും നോക്കാനില്ലാത്ത അനാഥയെപ്പോലെ ഞാൻ ഇസ്‌ലാമിനെ കാണുന്നു.

"അഹങ്കാരത്തിന്റെ ഇടയന്മാർ തുള്ളിച്ചാടി നടക്കുന്നു. സത്യ

ത്തിന് ദ്രോഹികളിൽനിന്ന് പ്രഹരം ഏൽക്കുന്നു. അതിന്റെ പ്രകാശം ഊതിക്കെടുത്താൻ ഇഫ്രീത്തിനെപ്പോലെ ശക്തിപ്രയോഗിക്കുന്നു. ഏറ്റവും നല്ല സംരക്ഷകൻ അല്ലാഹു മാത്രമാണ്. ആ മാർഗനിർദേശകനല്ലാതെ മറ്റാരാണ് നമുക്കുള്ളത്."

"എന്റെ ജനമേ, അല്ലാഹു നിങ്ങളിൽ കാരുണ്യം വർഷിക്കട്ടെ. അല്ലാഹു നിങ്ങളുടെ നയനങ്ങൾ തുറക്കട്ടെ.

"നാം ആത്മാർത്ഥമായി ദുആ ചെയ്യുന്നു. നീതിയോടും ന്യായതത്തോടും കൂടി വർത്തിക്കുകയും കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുകയും കല്പന പുറപ്പെടുവിക്കുന്നതിൽ തിടുക്കം കൂട്ടാതിരിക്കുകയും ചെയ്യുന്ന നമ്മുടെ ഭരണാധികാരികളെ അല്ലാഹു ഐശ്വര്യത്തോടെ നിലനിറുത്തട്ടെ. എല്ലാ വിപത്തുകളിൽനിന്നും രക്ഷ നല്കി അവരുടെ ഉദ്ദേശ്യങ്ങളിൽ വിജയം പ്രദാനം ചെയ്യട്ടെ.

"ഇലാഹീ, നമ്മുടെ സഹായികളെ നീ സഹിയക്കേണമേ. അവർക്ക് നിന്നെ തിരിച്ചറിയാനുള്ള സൗഭാഗ്യം എപ്പോഴും നീ നല്കേണമേ. സ്നേഹാതിരേകത്തോടും പ്രേമവായ്പോടുംകൂടി നാം കരഞ്ഞു കരഞ്ഞു നിന്നോട് പ്രാർത്ഥിക്കുന്നു എന്നതും സത്യമാണ്."

ഹസ്റത്ത് മസീഹ് മൗഊദ് (അ) ക്രിസ്ത്യാനികളുടെ ദൈവിക സങ്കല്പത്തെ എതിർത്തുകൊണ്ടിരുന്ന അവസരത്തിൽ ബ്രിട്ടീഷുകാർ അതിനെ സഹിഷ്ണുതയോടെ അനുവദിച്ചുവെന്നത് നിസ്സാരകാര്യമല്ല. യേശുക്രിസ്തു സാധാരണ മനുഷ്യനാണെന്നും, സാധാരമപോലെ മരിച്ചു ഭൂമിയിൽ മറയടക്കപ്പെട്ടുവെന്നും മസീഹ് മൗഊദ് (അ)ൽനിന്ന് തെളിവുകൾ സഹിതം വാദമുയർന്നിട്ടും അവർ ഭരണപരമായ കാര്യങ്ങളിൽ നീതി കൈവെടിയുകയോ അന്യായം കാണിക്കുകയോ ചെയ്തില്ല. അതുകൊണ്ട് അക്കാലത്തെ ഭരണാധികാരിയോടു നാം നന്ദിയുള്ളവരാണ്. ജർമ്മനി ഉൾപ്പെടെയുള്ള ഇക്കാലത്തെ ഭരണാധികാരികൾക്കും നീതി നിലനിറുത്താൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി നാം ദുആ ചെയ്യേണ്ടതാണ്. ബാബാ ഗുരുനാനക്ക് സാഹിബിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"അദ്ദേഹം യാത്രാവേളകളിൽ കരഞ്ഞുകരഞ്ഞു ദുആ ചെയ്യാറു

ണ്ടായിരുന്നു. എന്നെ സൃഷ്ടിച്ചവനേ, എന്റെ വിഷമങ്ങൾ ദൂരീകരിക്കുന്നവനേ, ഞാനൊരു മണൽത്തരിയല്ലാതെ മറ്റൊന്നുമല്ല. പക്ഷേ, നിന്റെ പവിത്രമായ ദർബാറിലെ ഒരു അടിമയാണ്. ആത്മാർത്ഥമായി ഞാൻ നിന്റെ വഴിയിൽ ബലിയാണ്. നീ എനിക്ക് അറിവ് നല്കി, എനിക്ക് നീ അടയാളം കാണിക്കേണമേ. നിന്റെ അടയാളം ദർശിച്ച് ഞാൻ നിന്റെ സ്ഥലത്തുപോകുകയും അവിടെ താമസിക്കുകയും ചെയ്യുന്നതാണ്".

ബയ്ത്തുല്ലായെ കുറിച്ചാണ് അദ്ദേഹം പറയുന്നതെന്ന് മനസ്സിലാകുന്നു.

"നിന്റെ അടയാളം ദർശിച്ച് ഞാൻ നിന്റെ സ്ഥലത്ത് പോകുകയും അവിടെതന്നെ താമസിക്കുകയും ചെയ്യും. നിന്റെ കാരുണ്യത്താൽ, നിന്റെ തൃപ്തി നിലകൊള്ളുന്നവഴി നീ തന്നെ എനിക്കു പറഞ്ഞുതരേണമേ. അപ്പോൾ, 'നിനക്കെന്നെ ഇസ്‌ലാമിൽ ദർശിക്കാം' എന്ന് അദ്ദേഹത്തിന് അല്ലാഹുവിൽനിന്ന് വെളിപാടുണ്ടായി. അതുകേട്ട് അദ്ദേഹം പറഞ്ഞു: 'ഞാനൊരു പാപം ചെയ്തിരിക്കുന്നു. ഞൻ സത്യമാർഗ്ഗത്തെ മറച്ചുവെച്ചു.' ഇതോർത്ത് അദ്ദേഹം വിലപിച്ചുകൊണ്ട് വീണ്ടും പറഞ്ഞു: എന്നെ സൃഷ്ടിച്ചവനേ, നിന്റെ നാമം ഞാൻ പ്രകീർത്തിക്കുന്നു. നീ ഗഫ്ഫാർ[5] ആകുന്നു. നീ സത്താർ[6] ആകുന്നു. നിസ്സംശയം നീ ഹയ്യ്[7] ആകുന്നു. നീ ഖുദ്ദൂസ് ആകുന്നു. നിന്നെക്കൂടാതെയുള്ള എല്ലാവഴികളും വഞ്ചന നിറഞ്ഞതാണ്. സർവലോക സ്രഷ്ടാവായ അല്ലാഹുവേ, എനിക്കു പൊറുത്തുതരേണമേ. നീ പരിശുദ്ധനും അന്യൂനനുമാകുന്നു. ഞാൻ അക്രമികളിൽപ്പെട്ടവനാണ്. എന്നെ സൃഷ്ടിച്ചവനേ, ഞാൻ നിന്റേതാണ്. നാശനഷ്ടങ്ങളെക്കുറിച്ചുള്ള ഒരു ഭയവും നിന്റെ വഴിയിൽ എനിക്കില്ല. നിന്റെ കട്ടിളപ്പടിയിൽ എന്റെ ജീവൻ ബലിയാണ്. നിന്റെ സ്നേഹം തന്നെയാണ് വാസ്തവത്തിൽ എന്റെ ജീവൻ. പുണ്യവാളന്മാർക്ക് നീ നൽകുന്ന ശക്തി, നിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തി എനിക്കു നല്കേണമേ ഞാൻ പാപിയാണ്. നിന്റെ രിളാ ലഭ്യമാകുന്ന വഴി എനിക്കു നീ പറഞ്ഞുതരേണമേ. എന്റെ സ്രഷ്ടാവായ അല്ലാഹുവേ, നീ തന്നെ എന്നെ സ്നേഹിച്ച് നിന്റെ സ്നേഹത്തിലേക്ക് എന്നെ നയിക്കേണമേ."

സത്യം പറയുന്നതിനും സത്യം തരിച്ചറിയുന്നതിനും വേണ്ടി

Scanned with CamScanner

യുള്ള ഒരു ചെറിയ പ്രാർത്ഥനയുണ്ട്. ഒരുതരത്തിൽ നോക്കിയാൽ എല്ലാ പ്രാർത്ഥനകളെക്കാളും ഈ പ്രാർത്ഥന ശ്രേഷ്ഠമാണ്. സത്യം പറഞ്ഞും സത്യം തിരിച്ചറിഞ്ഞും ആർക്കെങ്കിലും ജീവിക്കാൻ ഭാഗ്യമുണ്ടായാൽ അവൻ ആത്മികവും ഭൗതികവുമായ നിലയിൽ വിജയം വരിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു:

"എന്റെ രക്ഷിതാവേ, സത്യം മാത്രം പറയാൻ ഞങ്ങൾക്ക് ഭാഗ്യം നൽകേണമേ. സത്യം ഞങ്ങളിൽ വെളിപ്പെടുത്തേണമേ. സ്പഷ്ടമായ സത്യത്തിലേക്ക് നീ ഞങ്ങളെ നയിക്കേണമേ. ആമീൻ.

"എന്റെ രക്ഷിതാവേ, നിന്റെ മാർഗ്ഗത്തിലേക്ക് നീ ഞങ്ങളെ നയിക്കേണമേ. നിന്റെ ശക്തിയായ ദീനിന്റെ ഉള്ളറിവ് നീ ഞങ്ങൾക്ക് നല്കേണമേ. നിന്റെ സന്നിധിയിൽനിന്ന് ജ്ഞാനം പ്രദാനം ചെയ്യേണമേ."

ഒരു സംഘം ഹിന്ദുമതവിശ്വാസിനികൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്നിധിയിൽ ഹാജരായി. ദൈവം സ്വീകരിക്കുന്ന നിലയിൽ പ്രാർത്ഥിക്കേണ്ട രീതി പറഞ്ഞു കൊടുക്കാൻ അവർ അപേക്ഷിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:

"സ്വന്തം ഭാഷയിൽ പ്രാർത്ഥിക്കുന്നതുകൊണ്ട് വിരോധമൊന്നുമില്ല. ഇങ്ങനെ പ്രാർത്ഥിക്കുക. സത്യസ്വരൂപനം ഏകനുമായ അല്ലാഹുവേ, നീ എല്ലാ സൃഷ്ടികളുടേയും സ്രഷ്ടാവും അവയെ പരിപാലിക്കുന്നവനുമാണ്."

ഹിന്ദു സഹോദരങ്ങളെ കാര്യം പറഞ്ഞു പഠിപ്പിക്കുന്നതിന് ഹസ്റത്ത് മസീഹ് മൗഊദ് (അ) സ്വീകരിച്ച മാർഗം എത്രമാത്രം ഉന്നതമാണ്. സത്യസ്വരൂപനും ഏകനായിരിക്കുന്നവനുമായ അല്ലാഹുവിനോടു പ്രാർത്ഥിച്ചെങ്കിൽ മാത്രമേ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടുകയുള്ളൂ എന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) അവരോട് പറഞ്ഞത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിക്കുന്നു:

"എല്ലാത്തിന്റേയും അവസ്ഥകൾ നീ അറിയുന്നു. നിന്നിൽനിന്ന് ഒരു കാര്യവും മറഞ്ഞതായിട്ടില്ല. ഓരോ അണുവും, നിന്റെ നിയന്ത്രണത്തിലാണ്. നീ ആഗ്രഹിക്കുന്നതെന്തും നിനക്ക് അതിനോട് ചെയ്യാൻ കഴിയും. നീ ഞങ്ങളെ പാപങ്ങളിൽനിന്നും ദുഷിച്ച ജീവി

Scanned with CamScanner

തത്തിൽനിന്നും അകറ്റി നേരായ മാർഗ്ഗം ഞങ്ങൾക്കു പറഞ്ഞുതരേണമേ; ഞങ്ങൾ നിന്റെ ഇഷ്ടത്തിന് വിധേയരായി ജീവിക്കുന്നവരായിത്തീരട്ടെ. തിന്മകളിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ. അത് ഞങ്ങളുടെ കഴിവിൽപ്പെട്ടതല്ല. അത് ഞങ്ങളിൽനിന്ന് അകന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനുള്ള പരിഹാരം നീ തന്നെ കാണിച്ചുതരേണമേ. നീ ഞങ്ങളെ നിത്യമോക്ഷത്തിന്റേയും ആനന്ദനിവർവൃതിയുടേയും അനന്തരാവകാശികൾ ആക്കേണമേ. ഞങ്ങളെ ദുഃഖിതരാക്കരുതേ. ദുഷ്കർമ്മങ്ങളുടെ ശിക്ഷയിൽനിന്ന് ഞങ്ങളെ ആദ്യം രക്ഷിക്കേണമേ. സൽക്കർമ്മങ്ങൾ ചെയ്യാൻ അവസരം നല്കേണമേ."

ഹൈന്ദവ മതത്തിലെ കർമത്തെക്കുറിച്ചുള്ള സങ്കല്പവും ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതെല്ലാം കളവാണ്. ആദ്യ ദുഷ്കർമം എന്നതുകൊണ്ടുദ്ദേശിക്കുന്നത് പുനർജന്മസിദ്ധാന്തം വിഭാവനം ചെയ്യുന്ന കഴിഞ്ഞ ജന്മത്തിലെ ദുഷ്കർമ്മമല്ല. ദൈവത്തോടു പ്രാർത്ഥിക്കുന്നതിനുമുമ്പേ ചെയ്തുപോയ ദുഷ്കർമ്മാണ്. അതിന്റെ ദുഷ്ഫലങ്ങളിൽ നിന്നു രക്ഷിക്കേണമേ. തുടർന്ന് സൽക്കർമ്മകാരികളായി ജീവിക്കാൻ ഭാഗ്യം നല്കേണമേ, എന്നാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉപദേശിക്കുന്നു:

"ഇങ്ങനെ സത്യഹൃദയത്തോടും സദുദ്ദേശ്യത്തോടും കൂടി അല്ലാഹുവിനോടു പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന സ്വീകരിക്കപ്പെടും. എല്ലാ ദേവിയേയും ദേവതയേയും ഉപേക്ഷിക്കുക. ഞാൻ പറഞ്ഞതുപോലെ സത്യസന്ധവും ഉത്സാഹത്തോടു കൂടിയതുമായ പ്രാർത്ഥനകൊണ്ട്, ഹൃദയത്തിലെ എല്ലാ മാലിന്യങ്ങളും കഴുകി വൃത്തിയാക്കപ്പെടുന്ന നാൾ വരുന്നതാണ്. അങ്ങനെ ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതം ലഭ്യമാകുന്നതുമാണ്."

അക്കാലത്തെ 'ബീസ്വി സദീ' എന്ന ഒരു പത്രം പേര് വെളിപ്പെടുത്താതെ ബുസുർഗ്" എന്ന് മാത്രം പറഞ്ഞ് ഒരാളുടെ പ്രസ്താവന പ്രസിദ്ധപ്പെടുത്തി. അതിൽ അയാൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) നെതിരിൽ ശാപപ്രാർത്ഥന നടത്തുകയും ആ മഹാത്മാവിനെ ചീത്തപറയുകയും ചെയ്തിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ എല്ലാ കളവും (നഊദുബില്ലാഹ്) വെളിപ്പെടുത്തുന്നതി

നുവേണ്ടിയാണ് അയാൾ പ്രാർത്ഥിച്ചത്. ഇതറിഞ്ഞപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വളരെ വേദനയുണ്ടായി. ആ വ്യക്തിയെ സംബന്ധിച്ച് ഒരറിവ് ഇല്ലാതിരുന്നിട്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്തു.

"ആ ബുസുർഗിനുവേണ്ടി ഞാൻ ദുആ ചെയ്തു. ആ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഇങ്ങനെയാണ് ദുആ ചെയ്തത്.

"ഇലാഹീ, നിന്റെ പക്കൽ ഞാൻ കള്ളനാണെങ്കിൽ, നിന്നിൽ നിന്ന് വന്നവനല്ലെങ്കിൽ, ആ 'ബുസുർഗ്' പറഞ്ഞതുപോലെ, ഞാൻ ശപിക്കപ്പെട്ടവനും നിന്റെ സന്നിധിയിൽനിന്ന് പുറത്താക്കപ്പെട്ടവനും അസത്യവാനുമാണെങ്കിൽ എന്നെ നശിപ്പിക്കേണമേ എന്ന് ഞാൻ താണ് കേണപേക്ഷിക്കുന്നു. എന്നാൽ, ഞാൻ നിന്നിൽ നിന്ന് വന്നവനാണെങ്കിൽ, നീ അയച്ചതാണെങ്കിൽ, ഞാൻ മസീഹ് മൗഊദ് തന്നെയാണെങ്കിൽ 'ബുസുർഗ്' എന്ന പേരിൽ ഈ പത്രം വിളംബരം ചെയ്ത ആ വ്യക്തിയുടെ തനിനിറം നീ ലോകത്തിന് കാണിച്ചുകൊടുത്താലും. ആ വ്യക്തി ഈ കാലത്തിന്നിടയിൽ ഖാദിയാനിൽ വന്ന് പരസ്യമായി തൗബ ചെയ്താൽ നീ അയാൾക്ക് മാപ്പുകൊടുക്കേണമേ. നീ കാരുണ്യവാനും ഔദാര്യമുടയവനുമാണ്.

"ഇങ്ങനെയാണ് ഞാൻ ആ 'ബുസുർഗ്'നു വേണ്ടി ദുആ ചെയ്തത്. ആ വ്യക്തി ആരാണെന്നോ എവിടെ താമസിക്കുന്നുവെന്നോ ഏതു മതാനുയായിയാണെന്നോ എനിക്കറിയില്ല. എനിക്കയാളെ അറിയേണ്ട ആവശ്യവുമില്ല. എന്നാൽ, അയാളുടെ വാക്കുകൾ എന്നെ വേദനിപ്പിച്ചു. അപ്പോൾ എന്നിൽ ഒരു ചൂടുണ്ടായി. അങ്ങനെ ഞാൻ ദുആയിലേക്ക് തിരിഞ്ഞു. 1898 ജൂലായ് ഒന്നുമുതൽ 1899 ജൂലായ് ഒന്നുവരെയുള്ള കാലയളവിൽ ഇക്കാര്യത്തിൽ വിധി കല്പിക്കേണമേ എന്ന് ഞാൻ അല്ലാഹുവിനോട് അപേക്ഷിക്കുകയും ചെയ്തു.

ഈ കാലയളവിൽ 'ബുസുർഗ്' എന്ന് പറഞ്ഞ് പ്രസിദ്ധപ്പെടുത്തിയ ആ വ്യക്തി ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് മാപ്പു ചോദിച്ചു. അപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:

"അല്ലാഹുവിൽ നിന്നുള്ള ആളാണെങ്കിൽ അയാളുടെ പ്രാർത്ഥന

Scanned with CamScanner

സ്വീകരിക്കപ്പെടണം. ഇതു നിബന്ധനയാണ്. വലിയ്യ്മാരുടെ ദുആ സ്വീകരിക്കപ്പെടുന്നു. ദുആ സ്വീകരിക്കുന്നതിന് അത്യാവശ്യമായിട്ടുള്ള എല്ലാ സാധനകളും അവർക്ക് നേരത്തെ നല്കപ്പെടുന്നു. ആ അവസ്ഥ സംജാതമാവാതെ വരുമ്പോൾ ദുആ സ്വീകരിക്കപ്പെടണമെന്നില്ല.

"എന്താണ് ആ അവസ്ഥ? ഒരാളുടെ ഗുണത്തിനോ ദോഷത്തിനോ വേണ്ടി ദുആ ചെയ്യുമ്പോൾ അല്ലാഹുവിന്റെ ആളുകളുടെ ഹൃദയം ഉറവ് പൊട്ടുന്നതുപോലെ പൊട്ടുന്നു. തൽക്ഷണം ആകാശത്തുനിന്നു ഒരു പ്രകാശനളം വീഴുന്നു. ഉറവ് പൊട്ടിയ ഹൃദയവുമായി അത് ബന്ധം സ്ഥാപിക്കുന്നു. അപ്പോൾ ചെയ്യുന്ന ദുആ തീർച്ചയായും സ്വീകരിക്കപ്പെടുന്നു.

"ആ 'ബുസുർഗ്'നുവേണ്ടി ദുആ ചെയ്തപ്പോൾ എനിക്കുണ്ടായ അവസ്ഥ ഇതാണ്. ഞാൻ അവരുടെ നിത്യേനയുള്ള കളവും ശാപവും അപഹാസവും പരിഹാസവും കണ്ട് ക്ഷീണിച്ചുപോയി. എന്റെ റൂഹ് അല്ലാഹുവിന്റെ തിരുസന്നിധിയിൽ നിന്ന് കരഞ്ഞു കരഞ്ഞ് പരിഹാരം തേടി. ഇവർ മനസ്സിലാക്കിയതുപോലെ വാസ്തവത്തിൽ ഞാൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവന്റെ സന്നിധിയിൽനിന്ന് പുറത്താക്കപ്പെട്ടവനും പൊങ്ങച്ചക്കാരനുമാണെങ്കിൽ-ആ ജീവിതം ഞനിഷ്ടപ്പെടുന്നില്ല. അത് ശാപമാണ്. എന്റെമേൽ ആകാശത്തുനിന്നും ഭൂമിയിൽനിന്നും ശാപം ഉണ്ടാവണം. പക്ഷേ, എന്റെ ആത്മാവിന് ആകാശത്തുനിന്നുള്ള ശാപം അസഹ്യമാണ്. ഞാൻ സത്യവാനാണെങ്കിൽ, ആ 'ബുസുർഗ്'ന്റെ തനിനിറം കാണാൻ ഞാൻ ആഗ്രഹിക്കുന്നു; അത് സത്യസാക്ഷ്യത്തിനുള്ള ഒരടയാളമാകുന്നതിനും സത്യം വേളിപ്പെടുന്നതിനുംവേണ്ടി. ശപിക്കപ്പെട്ട ജീവിതത്തെക്കാൾ ഉത്തമം മരിക്കുന്നതാണ്. സംസാരിക്കുന്ന വിധിപോലെ, ഞാൻ സത്യവാനോ അസത്യവാനോ എന്നറിയാനുള്ള അവസാന മാനദണ്ഡമാണിത്. ഇരുകൈകളുമുയർത്തി ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. അല്ലാഹുവേ, ഞാൻ നിന്റെ പ്രിയനാണെങ്കിൽ, ഈ 'ബുസുർഗ്'നെ സംബന്ധിച്ച ജനങ്ങൾക്ക് ഊഹിക്കാൻപോലും സാധിക്കാത്ത രഹസ്യങ്ങൾ പരസ്യമാക്കേണമേ. എന്റെ അല്ലാഹു സർവശക്തനും എല്ലാ ശക്തികളുടെയും ഉടമസ്ഥനുമാണെന്ന് എനിക്കറിയാം. അവൻ അവന്റേതായി തീരുന്നവർക്കു

Scanned with CamScanner

വേണ്ടി വലിയ വലിയ അത്ഭുതങ്ങൾ കാണിക്കുന്നു."

ഇതിനുശേഷം ആ 'ബുസർഗ്' മാപ്പുചോദിച്ചിട്ടും, ദുആ ചെയ്യാൻ അപേക്ഷിച്ചും ഹസ്റത്ത് മസീഹും മൗഊദ് (അ) ന് കത്തെഴുതി. മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം രണ്ടിലും ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ 'ബുസൂർഗ്'നെ കുറിച്ചും താൻ ചെയ്ത ദുആയെ കുറിച്ചും പറഞ്ഞിട്ടുണ്ട്. അതേ വാല്യത്തിന്റെ പേജ് 482ൽ ഈ 'ബുസുർഗ്' തൗബ ചെയ്ത് മടങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അയാൾ തൗബ ചെയ്ത് മടങ്ങിയപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിനോട് ഇങ്ങനെ ദുആ ചെയ്യാൻ പറഞ്ഞു.

"അല്ലാഹുവേ, ആ വ്യക്തിയെ പരീക്ഷണങ്ങളിൽനിന്നും വിപത്തുകളിൽനിന്നും വെറുക്കപ്പെട്ട കാര്യങ്ങളിൽനിന്നും രക്ഷിക്കേണമേ. അല്ലാഹുവേ, ആ വ്യക്തിയുടെ മേൽ കാരുണ്യം വർഷിക്കേണമേ. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നല്ല നിലയിൽ കരുണ ചെയ്യുന്നവനാണ്."

മസ്ജിദ് മുബാറക്കിന്റെ വികസനത്തിനായി സഹായം ആവശ്യപ്പെട്ടുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രാർത്ഥിച്ചു.

"അല്ലാഹുതആല നമ്മുടെ ജമാഅത്തിന് സൽക്കാര്യങ്ങളിൽ സഹായിക്കാൻ താൽപര്യവും തൗഫീഖും നൽകുമാറാകട്ടെ."

ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്യുന്നതിനുവേണ്ടി മാത്രം ഒരു മുറി നിർമ്മിച്ചിരുന്നു. ഖാദിയാൻ സന്ദർശിക്കുന്നവർക്ക് അവിടെപ്പോയി ദുആ ചെയ്യാൻ തൗഫീഖ് ലഭിക്കണം എന്ന ഉദ്ദേശ്യവും അതിന്റെ പിന്നിലുണ്ടായിരുന്നു. അത് സംബന്ധിച്ച് അദ്ദേഹം പറഞ്ഞു.

"നമ്മുടെ ഏറ്റവും വലിയ കൃത്യം കുരിശ് ഉടയ്ക്കുക എന്നതാണ്. ഇതു നടന്നുകഴിഞ്ഞാൽ, ആയിരക്കണക്കിന് സംശയങ്ങൾക്കും ആക്ഷേപങ്ങൾക്കും അത് പരിഹാരമായിരിക്കും. ഇല്ലെങ്കിൽ നൂറു കണക്കിന് ആക്ഷേപം ഇനിയും ഉണ്ടാകും. അതിനാൽ തൂലിക എന്ന ആയുധം മാറ്റിവെച്ചുകൊണ്ട് ദുആ എന്ന ആയുധം എടുക്കാൻ നാം ഈ മുറി നിർമ്മിച്ചിരിക്കുന്നു. കാരണം അല്ലാഹു ദുആയുടെ മൈതാനം വളരെ വിശാലമാക്കിയിരിക്കുകയാണ്. അത് സ്വീക

Scanned with CamScanner

രിക്കുമെന്ന് അവൻ വാഗ്ദാനവും ചെയ്തിരിക്കുന്നു. അതുകൊണ്ടാണ് നാം ഇതിനെപ്പറ്റി ചിന്തിച്ചത്. എപ്പോഴാണ് വിളി വരുന്നതെന്നറിയില്ല. പ്രായം 60,55 കഴിഞ്ഞിരിക്കുന്നു. മരണം എപ്പോൾ വരുമെന്ന് അല്ലാഹുവിനേ അറിയൂ. ജോലികൾ ഒരുപാട് ഇനിയും ബാക്കിയാണ്. അതുകൊണ്ട് ഞാൻ ആകാശത്തിലേക്ക് കൈകളുയർത്തി. അവനിൽനിന്ന് ശക്തി സംഭരിക്കാൻ പ്രത്യേകമായൊരു മുറി നിർമ്മിച്ചുകൊണ്ട് ദുആ ചെയ്യുന്നു. അല്ലാഹുവേ, *ഈ മസ്ജിദുൽ ബയ്ത്തിനെ-ബയ്ത്തുദ്ദുആയെ* ശന്തിയുടേയും സമാധാനത്തിന്റേയും ഗേഹമാക്കേണമേ. വ്യക്തമായ തെളിവുകളും സത്യമായ ദൃഷ്ടാന്തങ്ങളുംകൊണ്ട് വിയത്തിന്റെ ഭവനമാക്കിത്തീർക്കേണമേ.

"സ്വയം ശിക്ഷ വിളിച്ചുവരുത്തുന്ന അവസ്ഥയാണ് ഇന്ന് മുസ്ലിംകൾക്കുള്ളത്. ദുഷ്കർമ്മങ്ങളുടെ ഫലമായി ദൈവിക കോപം ഇറങ്ങുന്നത് നാം കാണുന്നു. അല്ലാഹുവിന്റെ സഹായവും, അവന്റെ അനുഗ്രഹവും, അവന്റെ കരുണയും അവരിൽ അവശേഷിക്കുന്നില്ല. സ്വയം ബോധവാന്മാരാകുന്നതുവരെ ഐശ്വര്യത്തിന്റെ മുഖം ഇനി ഇവർ കാണുകയില്ല. ദൈവിക വചനത്തിന്റെ ഔന്നത്യത്തെ സംബന്ധിച്ച് അവർക്ക് ബോധമില്ല. അല്ലാഹുവിന്റെ ദീനിനുവേണ്ടി അവർക്കൊരു ചൂടുമില്ല. അതുകൊണ്ട് അല്ലാഹുവിലേക്ക് തിരിയാൻ നാം ഉദ്ദേശിക്കുന്നു. അല്ലാഹുവേ, ഈ ജനതയെ പരിഷ്കരിക്കേണമേ. ഇവരിൽനിന്ന് ശയ്ത്വാനെ അകറ്റേണമേ. അല്ലാഹുവിന്റെ സത്യപ്രകാശം വീണ്ടും വിളങ്ങാനും സത്യത്തിന്റെ മഹത്ത്വം വ്യാപിക്കാനും നാം ദുആ ചെയ്യുന്നു. തന്റെ പ്രകാശം വെളിപ്പെടുത്തണമെന്നും സത്യവും ന്യായവും വിജയിക്കണമെന്നും അല്ലാഹുവിന്റെ ആത്മീയരോഷം ഇപ്പോൾ ആഗ്രഹിച്ചു. അതിനായി അവൻ എന്നെ അയച്ചു. ദുആയിലൂടെ ഈ കുഴപ്പങ്ങളുടേയും കലഹങ്ങളുടേയുംമേൽ വിജയംവരിച്ച് ആദ്യവും അവസാനവും ഒന്നാക്കിത്തീർക്കുന്നതിനും ആദമിന് ദുആയിലൂടെ ശയ്ത്വാന്റെമേൽ വിജയം കിട്ടിയതുപോലെ, അവസാനകാലത്തെ ശയ്ത്വാന്റെമേൽ അവസാനം വന്ന ആദമിന് വിജയം കിട്ടുന്നതിനും വേണ്ടി, ഒരു മുറി പ്രാർത്ഥനക്കായി മാത്രം തയ്യാറാക്കാൻ അവൻ എന്റെ മനസ്സിൽ തോന്നിപ്പിച്ചു."

ബയ്ത്തുദ്ദുആയിൽപോയി ദുആ ചെയ്യാൻ ഭാഗ്യം കിട്ടുന്നവർ

Scanned with CamScanner

ഒന്നാമതായി ഇങ്ങനെ ദുആ ചെയ്യേണ്ടതാണ്. 'അല്ലാഹുവേ, നിന്റെ ദാസനായ മസീഹ് മൗഊദ് (അ) നിന്നോട് എന്തെല്ലാം ദുആ ചെയ്തിട്ടുണ്ടോ ആ ദുആകളെല്ലാം നീ സ്വീകരിക്കേണമേ.' ഈ ദുആയിലാണ് കൂടുതൽ ശക്തി ചെലുത്തേണ്ടത്. ഏറ്റവും വലിയ ദുആ അവിടന്ന് ചെയ്തിരുന്നത് കുരിശ് ഉടയുന്നതിനുവേണ്ടിയും ദജ്ജാലിന്റെ ഫിത്ന ഇല്ലാതാകുന്നതിനും വേണ്ടിയായിരുന്നു. അവിടന്ന് പ്രാർത്ഥിച്ചു:

"എന്റെ അല്ലാഹുവേ, എന്റെ അന്ധത നീ കാണുന്നു. (ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്നെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നമസ്കാരത്തിൽ ആത്മീയ നിർവൃതി കിട്ടാത്തവർക്കുവേണ്ടി, അത് ലഭിക്കാനുള്ള മാർഗ്ഗം വിവരിക്കുകയാണ്. നമസ്കാരത്തിൽ ഹൃദയസാന്നിദ്ധ്യം കിട്ടാത്തവർ ഈ ദുആ ചെയ്യേണ്ടതാണ്.) "എന്റെ അല്ലാഹുവേ, എന്റെ അന്ധത നീ കാണുന്നു. ഞാനിപ്പോൾ ജീവനില്ലാത്ത അവസ്ഥയിലാണ്. അല്പസമയത്തിനുള്ളിൽ വിളി വരുമെന്ന് എനിക്കറിയാം. ഞാനപ്പോൾ നിന്നിലേക്കു വരും. എന്നെ പിടിച്ചുനിർത്താൻ ആർക്കും സാധ്യമല്ല. പക്ഷേ, എന്റെ ഹൃദയം അന്ധത നിറഞ്ഞതും നിന്നെ തിരിച്ചറിയാത്തതുമാണ്. നീ അതിൽ പ്രകാശം ഇറക്കേണമേ. നിന്റെ സ്നേഹവും താൽപര്യവും അതിലുണ്ടാകേണമേ. ഞാൻ അന്ധനായി എഴുന്നേല്ക്കാതിരിക്കാനും അന്ധരിൽ ചെന്ന് ചേരാതിരിക്കാനും നീ അതിൽ നിന്റെ ഫ്ളല് ചെയ്യേണമേ.

"ഇത്തരം പ്രാർത്ഥനകൾ തുടർച്ചയായി ചെയ്യുമ്പോൾ ആ ആനന്ദഹരിതമായ നമസ്കാരത്തിനുമേൽ ആകാശത്ത് നിന്ന് ഒരു പ്രകാശം ഇറങ്ങുന്നതാണ്. അത് അവനിൽ ഗദ്ഗദം ഉണ്ടാക്കിത്തീർക്കും. നാം അല്ലാഹുവിനോടു ദുആ ചെയ്യുന്നു. അവൻ നമുക്ക് ഈമാനിന്റെ വാസ്തവികത നല്കി അനുഗ്രഹിക്കുമാറാകട്ടെ. ദൈവികജ്ഞാനത്തിന്റെ ഭൂമിയിൽ താമസിക്കാൻ നമുക്കിടം നല്കുമാറാകട്ടെ. ഹൃദയത്തിന്റെ പ്രകാശത്താൽ ജന്നത്തിലെ കാഴ്ചകൾ കാണാനും അനുസരണത്തിന്റെ വാഹനത്തിൽ യാത്രചെയ്യാനും റഹ്മാനായ റബ്ബിന്റെ തൃപ്തിയുടെ രിസ്ഖ് കൊണ്ട് ജനങ്ങളെ സൽക്കരിക്കാനും, അവന്റെ സന്നിധിയിൽ തമ്പടിച്ച് താമസിക്കാനും, ലൗകികജീവിതത്തെ സംബന്ധിച്ച് ചിന്താകുലരാവാതിരിക്കാനും നമ്മുടെ മൗലായായ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു

Scanned with CamScanner

കൊണ്ട് നമസ്കാരക്കാരായി ഹിജ്റത്ത് ചെയ്യാനും അവൻ നമുക്ക് ഭാഗ്യം നൽകുമാറാകട്ടെ."

ഇവിടെ ധാരാളം മുഹാജിറുകളുണ്ട്. നിങ്ങൾ നിങ്ങളുടെ മാതൃ രാജ്യത്തെ മറക്കേണ്ടതാണ്. ഇപ്പറഞ്ഞ അർത്ഥത്തിൽ ഹിജ്റത്ത് എന്നത് അല്ലാഹുവിലേക്കുള്ള ഹിജ്റത്താണ്. നമസ്കാരക്കാർക്കു മാത്രമേ ആ ഹിജ്റത്ത് ചെയ്യാൻ സാധിക്കുകയുള്ളൂ. നമസ്കരിക്കുന്നില്ലെങ്കില് ഹിജ്റത്തിന്റെ ഫലം കിട്ടുകയില്ല. നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മക്കളേയും സംബന്ധിച്ച് ചിന്തിക്കുക. നിങ്ങൾ നമസ്കാരക്കാരല്ലെങ്കിൽ നിങ്ങളുടെ ഹിജ്റത്ത് നിരർത്ഥകമാണ്. രാത്രിയിലെ അവസാന യാത്രകൊണ്ടുള്ള വിവക്ഷിതം തഹജ്ജുദ് നമസ്കാരമാണ്. കരഞ്ഞ് കരഞ്ഞ് അല്ലാഹുവിനോട് ദുആ ചെയ്യുക എന്ന് വിവക്ഷിതം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "കൂടുതൽ യോജിച്ചതും നല്ലതുമായ കാര്യങ്ങളിലേക്ക് ഓടിപ്പോകുക ദൈവജ്ഞാനത്തിന്റെ വഴി താണ്ടുക. ദൈവിക, സ്നേഹത്തിന്റെ ഇടവഴിയിൽ വേഗംവേഗം ഓടി ഒരാൾ മറ്റെയാളെക്കാൾ മുമ്പിലെത്തുക. നിരക്ഷരനും ഖാത്തമുന്നബിയ്യീനുമായ റസൂലിനെ പിൻപറ്റി ഉരുക്കുകോട്ടയിലും ഉയർന്ന വീടുകളിലും അഭയം തേടുക. അല്ലാഹുവേ, നബി (സ) തിരുമേനിയിൽ പ്രതിഫലം നൽകുന്ന നാൾവരെ റഹ്മത്തും സലാമത്തും വർഷിക്കേണമേ. സർവസ്തുതിയും സർവ ലോക പരിപാലകനായ അല്ലാഹുവിനാകുന്നു, എന്നതാണ് ഓരോ കാര്യത്തിലും ഞങ്ങളുടെ അവസാന പ്രാർത്ഥന.

"ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിച്ച കാലത്ത് ഞാനൊറ്റയ്ക്കായിരുന്നു. അന്ന് എന്നെ സഹായിക്കാൻ ആരെങ്കിലും ഉണ്ടായിരുന്നതായി ആർക്കെങ്കിലും തെളിയിക്കാൻ കഴിയുമോ? അക്കാലത്ത് അമ്പതിലധികം പ്രവചനങ്ങൾ അല്ലാഹു എന്നെ അറിയിച്ചു. 'ഇന്ന് നീ ഒറ്റയ്ക്കാണെങ്കിലും നിന്നോടൊപ്പം ഒരു ലോകംതന്നെ ഉണ്ടാകുന്ന കാലം വരും, അല്ല വരുന്നു' എന്ന് അല്ലാഹു എന്നെ അന്ന് അറിയിക്കുകയുണ്ടായി. രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുംവിധം നിനക്ക് അനുഗ്രഹം നൽകപ്പെടുമെന്നും അവൻ അന്ന് പറഞ്ഞു.

"അല്ലാഹു പരിശുദ്ധനാണ്. അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.

Scanned with CamScanner

നിന്റെ ജമാഅത്തിനെ ഭൂമിയിൽ നിലനാട്ടുമെന്നും, അവർക്ക് അനുഗ്രഹം നൽകുമെന്നും അവരെ വർധിപ്പിക്കുമെന്നും ഉടമ്പടിയിൽ ഉറച്ചുനിൽക്കുവോളം അവരുടെ മാന്യത ഭൂമിയിൽ നിലനിറുത്തുമെന്നും അല്ലാഹു അന്ന് എന്നോടു പറഞ്ഞു. എന്നോടൊപ്പം ഒരു മനുഷ്യനും ഉണ്ടാകാത്ത കാലമായിരുന്നു അതെന്ന് എഴുതിയിട്ടുള്ള ബറാഹീനെ അഹ്മദിയ്യായിലെ പുറം മറിച്ചുനോക്കുക. അവിടെ പ്രസ്തുത പ്രവചനങ്ങൾ കാണാം. അല്ലാഹു അന്ന് എന്നെ ഒരു പ്രാർത്ഥന പഠിപ്പിച്ചു. ***റബ്ബിലാ തദർനീ ഫർദൻ വ അൻത ഖയ്റുൽവാരിസീൻ.*** അല്ലാഹുവേ, എന്നെ തനിച്ചു വിട്ടുകളയരുതേ. നീയാണ് ഏറ്റവും നല്ല അനന്തരാവകാശി. വെളിപാടു മുഖേന പഠിപ്പിച്ച ഈ ദുആയും ബറാഹീനെ അഹ്മദിയ്യായിൽ കാണാം.

"ഇത് മുഅ്ജിസത്ത് അല്ലേ? എന്നെ മലർത്തിയടിക്കാൻ എന്റെ വിരോധികൾ എല്ലാ വഞ്ചനയും പ്രയോഗിച്ചു. ഗൂഢാലോചനകൾ നടത്തി. എന്നാൽ ഈ മൗലവിമാരും അവരുടെ ചെറുതും വലുതുമായ കൂട്ടുകാരുമെല്ലാം പരാജയപ്പെട്ടു. ഇത് മുഅ്ജിസത്ത് അല്ലെങ്കിൽ മുഅ്ജിസത്തിന്റെ നിർവചനം എന്താണെന്ന് നദ്വയിലെ ജുബ്ബാധാരികൾ തന്നെ പറഞ്ഞുതരട്ടെ.

"നോക്കുക, ആ കാലം വരുന്നു. അല്ല അത് സമീപസ്ഥമായിരിക്കുന്നു. അല്ലാഹു ഈ ജമാഅത്തിന് ലോകത്ത് വലിയ സ്വീകാര്യത നല്കും. ഈ ജമാഅത്ത് കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമെല്ലാം വ്യാപിക്കും. ഇസ്‌ലാം എന്നതുകൊണ്ടുള്ള വിവക്ഷിതം ലോകത്ത് ഈ ഒരു ജമാഅത്തായിരിക്കും. ഇത് മനുഷ്യന്റെ വാക്കുകൾ അല്ല. ആരുടെ മുമ്പിലാണോ ഒന്നും മറഞ്ഞിട്ടില്ലാത്തത്, ആ അല്ലാഹുവിന്റെ വാക്കുകളാണ് ഇത്.

"ഇനി, ഞാൻ തന്നെയാണ് മസീഹ് മൗഊദ് എന്നതിനുള്ള തെളിവുകൾ ഹ്രസ്വമായ നിലയിലെഴുതാം. സത്യാന്വേഷികളിൽ ആർക്കെങ്കിലും ഇത് പ്രയോജനപ്പെടുന്നെങ്കിൽ പ്രയോജനപ്പെടട്ടെ.

"അല്ലാഹുവേ, നീ ഈ ജമാഅത്തിൽ അനുഗ്രഹവും ആകർഷണവും സന്മാർഗവും പ്രകാശവും വയ്ക്കേണമേ. ജനഹൃദയങ്ങളിൽ ഇതിനോട് താൽപര്യമുണ്ടാക്കേണമേ. നിശ്ചയമായും നീ സർവശക്തനാകുന്നു. ദുആ സ്വീകരിക്കുന്നവനുമാകുന്നു. എന്റെ

Scanned with CamScanner

രക്ഷിതാവേ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങൾക്കു പൊറുത്തു തരേണമേ. ഞങ്ങളിൽനിന്ന് വിഷമങ്ങളും വിപത്തുകളും അകറ്റേണമേ. എല്ലാ വിഷമങ്ങളിൽനിന്നും ഞങ്ങളുടെ ഹൃദയത്തെ മോചിപ്പിക്കേണമേ. ഞങ്ങളുടെ വിഷമങ്ങൾക്ക് ജാമ്യക്കാരനാകേണമേ. ഞങ്ങളുടെ ദൗർബ്ബല്യങ്ങൾ മറച്ചുവയ്ക്കേണമേ. ഞങ്ങൾ എല്ലാം നിന്നിൽ ഭരമേല്പിക്കുന്നു. ഞങ്ങളുടെ എല്ലാ കാര്യങ്ങളും നിന്നെ ഏല്പിക്കുന്നു. ദുൻയാവിലും ആഖിറത്തിലും നീ തന്നെയാണ് ഞങ്ങളുടെ മൗലാ. കരുണചെയ്യുന്നവരിൽ ഏറ്റവും നല്ല കരുണ ചെയ്യുന്നവനും നീ തന്നെയാണ്. ആമീൻ യാ റബ്ബൽ ആലമീൻ."

ഇസ്‌ലാമിന്റെ വിജയത്തിനു വേണ്ടി ചെയ്ത പ്രാർത്ഥന സ്വീകരിക്കപ്പെടുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് പൂർണവിശ്വാസമുണ്ടായിരുന്നു. ആ മഹാത്മാവ് പറയുന്നു:

"ശത്രുക്കളുടെ കൈകളാൽ പീഡനമേറ്റ ഇസ്‌ലാം, അടിമുടി പുനരുദ്ധീകരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. അതിനോടുള്ള ആദരവ് ദൃഷ്ടാന്തങ്ങളിലൂടെ വെളിപ്പെടുത്താനും അവൻ ആഗ്രഹിച്ചു. ഞാൻ സത്യമായും പറയുന്നു: ഇസ്‌ലാം സത്യമായ മതമാണ്. ലോകത്തുള്ള നിഷേധികളെല്ലാം ഒരു ഭാഗത്തും ഞാൻ തനിച്ച് മറുഭാഗത്തുമായി എന്തെങ്കിലും കാര്യത്തിനുവേണ്ടി അല്ലാഹുവിനോടു ദുആ ചെയ്താൽ അല്ലാഹു സഹായിക്കുന്നത് എന്നെത്തന്നെയായിരിക്കും. ഇത് എന്റെ മേന്മകൊണ്ടൊന്നുമല്ല. ഞാൻ അവന്റെ റസൂൽ (സ)നെ സത്യഹൃദയത്തോടെ വിശ്വസിക്കുന്നതുകൊണ്ടാണ്. എല്ലാ നുബുവ്വത്തും" ആ മഹാത്മാവിൽ അവസാനിച്ചിരിക്കുന്നുവെന്ന് എനിക്കറിയാം. ആ മഹാത്മാവിന്റെ ശരീഅത്ത് അവസാന ശരീഅത്താണ്. എന്നാൽ, ഒരുതരം നുബുവ്വത്ത് നിലച്ചിട്ടില്ല. അത് ആ മഹാത്മാവിനെ പരിപൂർണ്ണമായും പിൻപറ്റുന്നതുകൊണ്ട് ലഭിക്കുന്ന നുബുവ്വത്താണ്. ആ വിളക്കിൽനിന്നും പ്രകാശം സ്വീകരിക്കുന്ന നുബുവ്വത്താണ്. അത് അവസാനിച്ചിട്ടില്ല. കാരണം അത് മുഹമ്മദിയ്യാ നുബുവ്വത്തുതന്നെയാണ്. അതായത്, ആ മഹാത്മാവിന്റെ പ്രതിച്ഛായയാണ്. ആ മഹാത്മാവിലൂടെയുള്ളതാണ്. ആ മഹാത്മാവിന്റെ പ്രതീകമാണ്. അതിൽനിന്ന് പ്രകാശം സ്വാംശീകരിച്ച നുബുവത്താണ്. വിശുദ്ധഖുർആൻ കാലഹരണപ്പെട്ടിരിക്കുന്നു എന്നു പറയുന്നവന്റെ ശത്രുവാണ് അല്ലാഹു. അവൻ മുഹമ്മദീ ശരീ

Scanned with CamScanner

അത്തിന് എതിരിൽ നടക്കുന്നവനാണ്. സ്വന്തം ശരീഅത്ത് നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്നവനാണ്. അവർ നബി(സ)യെ പിൻപറ്റുന്നില്ല. പ്രത്യുത സ്വയം എന്തോ ആകാൻ ആഗ്രഹിക്കുന്നു. എന്നാൽ, വിശുദ്ധഖുർആനെ ഒരു സമഗ്ര ജീവിതപദ്ധതിയായി കരുതുകയും, നബി (സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ ആയി സ്വീകരിക്കുകയും, ആ മഹാത്മാവിന്റെ പ്രകാശത്തെ ആശ്രയിക്കുകയും ചെയ്യുന്നവനെ അല്ലാഹു സ്നേഹിക്കുന്നു. അവൻ അല്ലാഹുവിന്റെ സന്നിധിയിൽ പ്രിയപ്പെട്ടവനാണ്.

എന്റെ രക്ഷിതാവേ, നിരാലംബരുടേയും നിസ്സഹായരുടേയും അല്ലാഹുവേ, ഞാൻ നിന്നിൽനിന്നുള്ളവനല്ലേ? നീ അത് വെളിപ്പെടുത്തിയാലും. നീ വെളിപ്പെടുത്തുന്നവരിൽ ഉത്തമനാണ്. എനിക്കെതിരിൽ ശാപവും നിഷേധവും വർധിച്ചിരിക്കുന്നു. ഞാൻ നിഷേധിക്കപ്പെടുന്നു,. സർവശക്തനായ അല്ലാഹുവേ, എല്ലാം നീ കാണുന്നു. കേൾക്കുകയും ചെയ്യുന്നു. നീ സത്യപൂർമണ്ണമായ നിലയിൽ വിധി കൽപിച്ചാലും വിധി കല്പിക്കുന്നവരിൽ നീ ഉത്തമനാണ്.

"വൃത്തികെട്ട ഉലമാക്കളിൽ നിന്നും അവരുടെ അഹങ്കാരത്തിൽനിന്നും അവരുകെ കുത്തുവാക്കുകളിൽനിന്നും അവരുടെ കുതന്ത്രങ്ങളിൽനിന്നും നീ എന്നെ രക്ഷിച്ചാലും, ആകാശത്ത് നിന്ന് സഹായം ഇറക്കിയാലും. നിന്റെ ദാസനെ സഹായിച്ചാലും. നിഷേധികളുടെമേൽ ശിക്ഷ ഇറക്കിയാലും. ഞാൻ നിരാലംബരെനപ്പോലെ എന്റെ ജനതയിൽനിന്ന് പുരത്താക്കപ്പെട്ടിരിക്കുന്നു. അവരുടെ ഭത്സനത്തിന് പാത്രമയിരിക്കുന്നു. അല്ലാഹുവേ, ബദ്ർ യുദ്ധനാളിൽ റസൂൽ (സ) തിരുമേനിയെ സഹായിച്ചതുപോലെ നീ എന്നെ സഹായിക്കേണമേ. രക്ഷകനായ അല്ലാഹുവേ, ഞങ്ങളെ രക്ഷിക്കേണമേ. നീ റഹ്മാനായ റബ്ബാണ്. കാരുണ്യം വർഷിക്കുക എന്നത് നീ നിന്നിൽ നിർബന്ധമാക്കിയിരിക്കുന്നു. ഞങ്ങൾക്കും നിന്റെ കാരുണ്യത്തിൽനിന്ന് നീ നിന്റെ ഒരു വിഹിതം നല്കേണമേ. സഹായത്തിന്റെ തിളക്കം കാണിച്ചുതരേണമേ. ഞങ്ങളിൽ കാരുണ്യം വർഷിക്കേണമേ. ഞങ്ങളുടെ മടക്കം കാരുണ്യത്തോടെയാക്കേണമേ. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും നല്ലനിലയിൽ കുരണ ചെയ്യുന്നവാനനാണ്.

"എന്റെ രക്ഷിതാവേ, എതിരാളികളുടെ ഗൂഢാലോചനയിൽനിന്ന്

എന്നെ രക്ഷിക്കേണമേ. നീ സഹായിച്ചവരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തേണമേ.

"എന്റെ രക്ഷിതാവേ, എന്റെ ഉത്കണ്ഠ അകറ്റേണമേ. എന്റെ അന്ത്യസ്ഥലം അനുഗൃഹീതമാക്കേണമേ. എനിക്ക് വിജയം നല്കേണമേ. എന്റെ സന്തോഷത്തിന്റെ നാൾ എനിക്കു കാണിച്ചുതരേണമേ. എന്റെ രക്ഷിതാവേ, നീ എന്റേതായി തീരേണമേ. എന്റെ വിഷമങ്ങളേയും എന്റെ ആവശ്യങ്ങളേയും അറിയുന്നവനേ, ബലഹീനരെന്ന് മനസ്സിലാക്കപ്പെടുന്നവരുടെ ആരാധ്യനായ അല്ലാഹുവേ, എന്നെ പരിശുദ്ധനാക്കേണമേ. എനിക്ക് മാപ്പ് നൽകേണമേ."

ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത ഒരു ദുആയോടുകൂടി ഞാൻ ഈ ഖുത്ബ ഉപസംഹരിക്കുകയാണ്

"സർവശക്തനും ഉദാരനുമായ എന്റെ അല്ലാഹുവേ, ഓരോ മതങ്ങളിലേയും ആദരണീയ വ്യക്തികളുടെ മനസ്സിൽ ഈ ജൽസയിൽ പങ്കെടുക്കുന്നതിന് നീ താൽപര്യമുണ്ടാക്കേണമേ. ഈ പരിപാടിയുടെ അവസാനം നിന്റെ തൃപ്തിയനുസരിച്ചാക്കേണമേ." ●

(25-8-2000 ജർമനി )

Scanned with CamScanner

# റൂഹുൽ ഖുദ്സിന്റെ ഇറക്കം

أَمَّن يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ
وَيَجْعَلُكُمْ خُلَفَاءَ الْأَرْضِ أَإِلَٰهٌ مَّعَ اللَّهِ قَلِيلًا
مَّا تَذَكَّرُونَ

**ഗതിമുട്ടിയവൻ പ്രാർത്ഥിക്കുമ്പോൾ ഉത്തരം നൽകുകയും ക്ലേശം ദൂരീകരിക്കുകയും നിങ്ങളെ ഭൂമിയുടെ അവകാശികളാക്കുകയും ചെയ്യുന്നതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റുവല്ല ദൈവവുമുണ്ടോ? നിങ്ങൾ വളരെ കുറച്ചുമാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ. (27:63)**

കഴിഞ്ഞ ഖുത്ബയുടെ അവസാന ഭാഗത്ത് നിന്ന് ഞാൻ തുടങ്ങുകയാണ്. മസീഹ് മൗഊദ് ഹസ്റത്ത് അഹ്മദ് (അ) പ്രാർത്ഥിക്കുന്നു:

"അല്ലാഹുവേ, ഏറ്റവും വിനീതമായ എന്റെ അപേക്ഷ സ്വീകരിക്കേണമേ. എന്റെ സന്തോഷത്തിന്റെ നാളുകൾ എനിക്കു കാണിച്ചുതരേണമേ. എന്റെ വിഷമവും ആവശ്യവും അറിയുന്നവനേ, ദുർബലരെന്ന് മനസ്സിലാക്കപ്പെടുവരുടെ ആരാധ്യനായ അല്ലാഹുവേ, എന്നെ പവിത്രനും പരിശുദ്ധനാക്കേണമേ. എന്നോട് ക്ഷമിക്കേണമേ. ആശയക്കുഴപ്പത്തിലകപ്പെട്ടവർ എന്നെ കളവാക്കി. അജ്ഞതയുടെ തടവുകാർ കാഫിറാക്കി എന്നെ വിധിയെഴുതി. നിന്റെ തിരുസന്നിധിയിൽവന്ന് നിന്റെ സഹായവും വിജയവും തേടുകയല്ലാതെ മറ്റൊരുവഴിയും ഞാൻ കണ്ടില്ല. ആവശ്യങ്ങൾ നിറവേറ്റിക്കൊടു

Scanned with CamScanner

ക്കുന്നവനായ അല്ലാഹുവേ, എന്റെ സൂര്യൻ അസ്തമിക്കാൻ തയാറെടുക്കുന്ന ഈ ഘട്ടത്തിലും സന്തോഷത്തിന്റെ ദിനങ്ങൾ നീ എനിക്കായി മടക്കിക്കൊണ്ടുവരുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്റെ ഹൃദയം ഉത്ക്കണ്ഠാകുലമായിരിക്കുന്നു. അല്ലാഹുവാണ, ഞാൻ വിലപിക്കുന്നത് സന്തോഷദിനവും സുഖകരമായ ജീവിതവും ശരീരത്തിന്റെ ലാവണ്യവും ഇല്ലാതായതുകൊണ്ടല്ല. ശത്രുക്കൾ കടന്നാക്രമിച്ചിരിക്കുന്ന ഇസ്ലാമിന്റെ അവസ്ഥ ഓർത്താണ്. അതിന്റെ സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ രാത്രി ദൈർഘ്യമുള്ളതായിരിക്കുന്നു. ഇസ്ലാമിക കക്ഷികൾ പരസ്പരം ശത്രുതയിലാണ്ടു പോയിരിക്കുന്നു. സർവകുലോത്തമനായ നബി (സ) തിരുമേനിയുടെ ഉമ്മത്ത് ഭിന്നിച്ചിരിക്കുന്നു. എന്നാൽ സത്യനിഷേധികളും കുറ്റവാളികളും എന്നെ നിന്ദിക്കുന്നതിൽ ഒന്നിച്ചിരിക്കുകയാണ്. ഈ സമുദായത്തിൽ പണ്ഡിതന്മാരും (ഉലമാ) ഇസ്ലാമിക കർമ്മ ശാസ്ത്രപടുക്കളും (ഫുഖഹാ) വിദ്വാന്മാരും (ഉദ്ബാ) ഒക്കെയുണ്ട്. എന്നാൽ, വളരെ ചുരുക്കം പേരൊഴികെ എല്ലാവരും ദുഷിച്ചുപോയിരിക്കുന്നു. അവരെ നാശങ്ങൾ പൊതിഞ്ഞിരിക്കുന്നു.

"എന്റെ രക്ഷിതാവേ, നീ കാരുണ്യം വർഷിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ. ഞങ്ങൾ നിന്നോടു മാത്രം അപേക്ഷിക്കുന്നു. നിന്റെ മുമ്പിൽമാത്രം ബുദ്ധിമുട്ടുകൾ തുറന്നുപറയുന്നു. അവരാണ് ദീനിന്റെ ധ്വജവാഹകരും നെടുംതൂണുകളുമെന്ന് അവർ പറയുന്നു. പക്ഷേ, നമ്മുടെ നബി (സ) തിരുമേനിയുടെ പ്രേമിയും മിത്രവുമായിക്കൊണ്ട് ആ മഹാത്മാവിന്റെ ദീനിനുവേണ്ടി സേവനം ചെയ്യുന്നവനാണെന്ന് പറയാവുന്ന ഒരുത്തനേയും ഞാനവരിൽ കാണുന്നില്ല. അവരെല്ലാം കാമാസക്തിയിലും അതിമോഹത്തിലും മാർഗ്ഗഭ്രംശത്തിലും ദുരഭിമാനത്തിലും ചെന്നുവീണിരിക്കുന്നു. അവരിൽ അധികംപേരേയും ഞാൻ ആജ്ഞാലംഘകരായി കാണുന്നു. എന്റെ ആദ്യകാലത്ത് അവരെല്ലാവരും, അല്ലെങ്കിൽ അവരിൽ അധികംപേരും എന്റെ സഹായികളായിരിക്കുമെന്ന് ഞാൻ കരുതി. പക്ഷേ, പരീക്ഷണം വന്നപ്പോൾ അവരെല്ലാം പിന്മാറിക്കളഞ്ഞു. അത് അല്ലാഹുവിൽനിന്ന് വിധിക്കപ്പെട്ടതായിരുന്നു. ഇപ്പോൾ ഞാൻ മരുഭൂമിയിൽ രാത്രി കഴിച്ചുകൂട്ടേണ്ടിവന്നവനെപ്പോലെയോ, വഴിയമ്പലത്തിലിരിക്കുന്നവനെപ്പോലെയോ തനിച്ചായിരിക്കുന്നു.

Scanned with CamScanner

എന്റെ ലക്ഷ്യപ്രാപ്തിക്കുള്ള വഴികളെല്ലാം ഒന്നുമല്ലാതായിരിക്കുന്നു. എന്റെ ശക്തി ക്ഷയിച്ചിരിക്കുന്നു. എന്റെ ജനതയിലും എന്റെ കുടുംബത്തിലും എന്റെ ശക്തിക്ഷയം പ്രകടമായിരിക്കുന്നു. സർവലോക പരിപാലകനായ അല്ലാഹുവേ, നീയുമായി മാത്രം ബന്ധപ്പെട്ടതാണ് സകലശക്തിയും. ഞാൻ നിന്നിലേക്ക് കുനിയുന്നു. ഞാൻ സർവതും നിന്നിൽ ഭരമേല്പിച്ചിരിക്കുന്നു. ഞാൻ നിന്നിൽ തൃപ്തനാണ്. എന്റെ കുറവ് നികത്തിയാലും എന്റെ ആശങ്കകൾക്ക് ശാന്തി പ്രദാനം ചെയ്താലും. എന്നെ തനിക്കാച്ചാക്കാതിരുന്നാലും. നീ ഏറ്റവും നല്ല അനന്തരാവകാശിയാണ്. ദയയും ധർമവും മാന്യതയും ബഹുമതിയുമെല്ലാം നിന്റെ കൈയിൽത്തന്നെയാണ്. നീ വരികയാണെങ്കിൽ പരീക്ഷണങ്ങളും വിപത്തുകളും വരികയില്ല. നീ വരുന്നില്ലെങ്കിൽ വിപത്തുകൾ വിട്ടുമാറുകയുമില്ല. നിന്നെക്കൂടാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിന്നെക്കൂടാതെ അഭിവൃദ്ധി നല്കുന്നവനാരുമില്ല. നിന്നെക്കൂടാതെ പ്രതിരോധിക്കുന്നവനുമാരുമില്ല. ഞാൻ എല്ലാം നിന്നിൽ ഭരമേല്പിച്ചിരിക്കുന്നു. നിന്റെ സന്നിധിയിൽ വന്ന് വീണിരിക്കുന്നു. ഭരമേല്പിക്കുന്നവരുടെയെല്ലാം രക്ഷാകേന്ദ്രം നീ മാത്രമാണ്."

"എന്റെ ഔദാര്യവാനായ അല്ലാഹുവേ, നീ എന്നോട് ഔദാര്യത്തോടുകൂടെ പെരുമാറണമേ. നിന്നെക്കൂടാതെ ഒരു ഔദാര്യവാനേയും എനിക്കറിയില്ല. നിന്റെ റസൂലും നിന്റെ നബിയുമായ മുഹമ്മദ് (സ) ന്റെ മേൽശാന്തിയും സമാധാനവും വർഷിക്കേണമേ. ആ ധന്യാത്മാവിന്റെ മാന്യതയ്ക്ക് മഹത്വം നല്കേണമേ. നബി (സ) തിരുമേനി സത്യവാനാണെന്നുള്ളതിന് മറ്റുള്ളവർക്ക് തെളിവുകൾ കാണിച്ചുകൊടുക്കേണമേ. നബി (സ) തിരുമേനിയുടെ ദീനിനുവേണ്ടി നിന്റെ സന്നിധിയിൽ നാം വിലപിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ഹൃദയത്തിലുള്ളത് നീ നല്ലവണ്ണം അറിയുന്നു. നമ്മുടെ നെഞ്ചകത്തുള്ളത് നീ നല്ലവണ്ണം കാണുന്നു. ഞാൻ പൂർണസംതൃപ്തിയോടെ നിന്നോടൊപ്പമാണ്. നിന്നിൽനിന്ന് നാം സമ്പാദിക്കുന്നതെല്ലാം സത്യത്തോടും നന്മയോടുംകൂടിയുള്ളതാണ്. നീ നമുക്ക് ഹിദായത്ത് നൽകിയിരുന്നില്ലെങ്കിൽ നാം ഹിദായത്ത് പ്രാപിക്കുമായിരുന്നില്ല. നീ എന്തൊന്നാണോ നമുക്ക് നല്കിയത്. അതാണ് നമുക്ക് കിട്ടിയത്. എന്റെ ജീവിതം നിനക്കുവേണ്ടി മാത്രമാണ്.

Scanned with CamScanner

സ്തുതിക്കുന്നവരുടെ എല്ലാം സ്തുതിയും നിന്നിലേക്ക് മടങ്ങുന്നു. നീ കുരണാമയനാണ്. രക്ഷിതാവാണ്. ആദരണീയനായ ഉടമസ്ഥ നാണ്. അതുകൊണ്ട് നിന്നിലേക്ക് വന്നവനേയും നിന്നെ രക്ഷക നാക്കിയവനേയും നിന്നെ സ്നേഹിച്ചവനേയും നിന്നെമാത്രം ആരാ ധിക്കുന്നവനേയും, ജീവിതലക്ഷ്യം പ്രാപിക്കാത്തവരിൽപ്പെടുത്ത രുതേ, നീ രക്ഷിതാവായിരിക്കുന്ന അവർക്കും നീ യജമാനനായി രികകുന്ന ജനതയ്ക്കും സുവിശേഷം. നിന്റെ കാരുണ്യം നിന്റെ കോപത്തെ മറികടന്നിരിക്കുന്നു. നീ നിന്റെ ആത്മാർത്ഥ ദാസരെ നഷ്ടത്തിലാക്കുകയില്ല. നിനക്കാണ് സർവസ്തുതിയും; ആദ്യ ത്തിലും അവസാനത്തിലും എപ്പോഴും."

## റുഹുൽ ഖുദ്സിന്റെ ഇറക്കത്തിനായി

"അല്ലാഹുതആല അവന്റെ പ്രത്യേകമായ അമാനുഷിക സിദ്ധി കൾകൊണ്ട് ഈയുള്ളവന്റെ പ്രാർത്ഥനയും, ഈയുള്ളവന്റെ ശ്രദ്ധയും അവന്റെ പരിശുദ്ധമായ കഴിവുകളുടെ പ്രത്യക്ഷപ്പെടലി ന്റേയും ഉൽക്കർഷത്തിന്റേയും വസീല-മധ്യസ്ഥത-യാക്കാൻ ഉദ്ദേ ശിച്ചിരിക്കുന്നു. ദൈവാന്വേഷകരുടെ ആന്തരീകമായ പരിപാല നത്തിൽ മുഴുകുന്നതിനും, അവരുടെ അഴുക്കുകൾ അകറ്റാൻ രാപ്പ കൽ പരിശ്രമിക്കുന്നതിനും, ശരീരേച്ഛകളിൽനിന്നും ശയ്ത്വാന്റെ അടി മത്വത്തിൽനിന്നും അവന്റെ ആക്രമണത്തിൽനിന്നും അവരെ മോചി പ്പിക്കാൻ പ്രകാശം തേടുന്നതിനും, പരിപൂർണമായ പരിപാലന ത്തിന്റേയും നിഷ്ക്കളങ്കമായ ആരാധനയുടേയും പൂർണ്ണമായ ഉത്സാ ഹത്താലുണ്ടാകുന്ന ആ റുഹൂൽഖുദ്സ് അവർക്കുവേണ്ടി അപേ ക്ഷിക്കുന്നതിനും, ദോഷപ്രവണമായ ആത്മാവും ശയ്ത്വാനും തമ്മി ലുള്ള ശക്തമായ ബന്ധത്തിൽനിന്നുണ്ടാകുന്ന ഏറ്റവും വൃത്തികെട്ട ആത്മാവിൽനിന്നും അവരെ രക്ഷപ്പെടുത്താൻ പ്രാർത്ഥിക്കുന്ന തിനും വേണ്ടി പരിശുദ്ധനായ അല്ലാഹു ഒരു ആവേശം എനിക്കു നൽകിയിരിക്കുന്നു."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഇക്കാര്യത്തിൽ അല സനോ മടിയനോ ആയിരിക്കുകയില്ല. ഈ ജമാഅത്തിൽ പ്രവേശി ക്കാൻ സത്യഹൃദയത്തോടെ തീരുമാനമെടുത്ത എന്റെ മിത്രങ്ങളുടെ പരിഷ്കരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ഞാനൊരിക്കലും അശ്രദ്ധനായിരിക്കുകയില്ല. അവരുടെ ജീവിതത്തിന് വേണ്ടി മരി

Scanned with CamScanner

ക്കാൻപോലും മടിച്ചുനില്ക്കുകയില്ല. കുഞ്ഞിനെ നഷ്ടപ്പെട്ട തള്ള പ്പക്ഷി വിലപിച്ചോടുന്നതുപോലെ അവരിൽ അല്ലാഹുവിനെ പ്രാപി ക്കാനുള്ള അവസ്ഥ സംജാതമാകുന്നതിനായി ഞാൻ അല്ലാഹു വിൽനിന്ന് അവർക്കുവേണ്ടി ആത്മീയശക്തി തേടുന്നതാണ്. ജമാ അത്തിൽ പ്രവേശിക്കുകയും ദൈവപ്രാപ്തിക്കായി ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുന്നവർക്ക് അതു കിട്ടുമെന്ന് ഞാൻ പ്രതീ ക്ഷിക്കുന്നു. കാരണം ദൈവിക സനേഹവും കഴിവും നിഷ്കളങ്ക മായ പശ്ചാത്താപവും പരിശുദ്ധിയും യഥാർത്ഥമായ നന്മയും ശാന്തിയും മനുഷ്യകുലത്തോടുള്ള അനുകമ്പയും പ്രചരിപ്പിക്കുന്ന തിനും, തന്റെ പ്രതാപം വെളിപ്പെടുത്തുന്നതിനും, തന്റെ ശക്തിപ്ര ഭാവം കാണിക്കുന്നതിനുംവേണ്ടി ഈ ജമാഅത്തിനെ അല്ലാഹു സൃഷ്ടിക്കുകയും അതിന് അഭിവൃദ്ധി നൽകാൻ അവൻ തീരുമാനി ക്കുകയും ചെയ്തു. ഈ കക്ഷി അല്ലാഹു തിരഞ്ഞെടുത്ത കക്ഷി യാണ്. അവൻ തന്നെ അവർക്ക് ശക്തി നൽകും. എല്ലാ മാലിന്യ ങ്ങളിൽനിന്നും അവരെ പരിശുദ്ധരാക്കും. അവരിൽ പരിപാവന മായ മാറ്റമുണ്ടാക്കും. അവൻ തന്റെ പവിത്രമായ പ്രവചനങ്ങളിൽ വാഗ്ദാനം ചെയ്തതുപോലെ ഈ കക്ഷിയെ വേണ്ടുവോളം വർദ്ധി പ്പിക്കും. എല്ലാ രീതിയിലും അതിനെ വളർത്തും. അതിന്റെ വളർച്ചയും അനുഗ്രഹവും ജനദൃഷ്ടിയിൽ വിസ്മയമുളവാക്കുന്ന താണ്. ഉയർന്ന സ്ഥലത്ത് വെച്ചിരിക്കുന്ന വിളക്കുപോലെ ലോക ത്തിന്റെ നാലുഭാഗത്തും അത് അതിന്റെ പ്രകാശം പരത്തുന്നതാ ണ്. ഇസ്‌ലാമികാനുഗ്രഹങ്ങൾക്ക് അത് മാതൃകയായിത്തീരുന്നതാ ണ്. പരിപൂർണമായി അനുസരണം പുലർത്തുന്ന ഈ ജമാഅത്തി തലെ അംഗങ്ങൾക്ക് ഇതര കക്ഷികളുടെമേൽ വിജയം നൽകുന്ന താണ്. ഖിയാമത്തുനാൾവരെ, ദുആ സ്വീകാര്യതയുടെ അനുഗ്ര ഹവും സഹായവും നല്കപ്പെടുന്ന ആളുകൾ എപ്പോഴും ഇതിൽ ജന്മമെടുത്തുകൊണ്ടിരിക്കുന്നതാണ്. ഇതുതന്നെയാണ് പ്രതാപവാ നായ രക്ഷിതാവ് ആഗ്രഹിക്കുന്നത്. അവൻ സർവശക്തനാണ്. അവൻ ഇച്ഛിക്കുന്നത് ചെയ്യുന്നു. എല്ലാ കഴിവും ശക്തിയും അവനു മാത്രമാണ്. *ഫൽഹംദുലഹു അവ്വലഹും വ ആഘിറഹും വ സ്വാഹി റഹും വ ബാത്വിനഹും അസ്‌ലംനാലഹു ഹുവ മൗലാനാ ഫിദ്ദുൻയാ വൽആഘിറ നിഅ്മൽ മൗലാ വ നിഅ്മന്നസ്വീർ."*

തന്റെ സത്യം മനസ്സിലാക്കുന്നതിനായി ഇസ്തിഘാറ ദുആ

ചെയ്യാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) സത്യാന്വേഷകരോട് പറയുകയുണ്ടായി. വിവിധ സ്ഥലങ്ങളിൽ വിവിധ വാക്കുകളിൽ ആ ദുആ ആ മഹാത്മാവ് എഴുതിയിട്ടുണ്ട്. ചിലയിടങ്ങളിൽ ആലിംകളോടാണ് ആ ദുആ ചെയ്യാൻ എടുത്തുപറഞ്ഞിരിക്കുന്നത്. കാരണം അവർക്കാണല്ലോ ഖുർആനിലെ വലിയ വലിയ സൂറത്തുകൾ പൊതുവെ മനഃപാഠമായിട്ടുള്ളത്. ഞാനിപ്പോൾ പറയാൻപോകുന്ന ദുആ അഴവരോടാണെന്ന് ഞാൻ കരുതുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എന്നെയും എന്റെ വാദത്തെയും സംബന്ധിച്ച് സംശയിക്കുന്നെങ്കിൽ അത് ദൂരീകരിക്കുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്ക് ഒരു എളുപ്പവഴി പറഞ്ഞുതരാം. അങ്ങനെ സത്യാന്വേഷകരായ നിങ്ങൾക്ക് അതിലൂടെ തൃപ്തരാകാൻ സാധിക്കുന്നതാണ്. ആ എളുപ്പവഴി ഇതാണ്:

"വിശുദ്ധഖുർആൻ പറഞ്ഞതുപോലെ ആദ്യം നിഷ്കളങ്കമായി പശ്ചാത്തപിക്കുക. രാത്രിയിൽ രണ്ടു റക്അത്ത് നമസ്കരിക്കുക. ആദ്യ റക്അത്തിൽ സൂറായാസീനും രണ്ടാമത്തെ റക്അത്തിൽ 21 പ്രാവശ്യം സൂറ ഇഖ്ലാസും ഓതുക. (ഈ നിർദേശം കണ്ടതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത് ആലിംകളോടാണെന്ന്. സാധാരണക്കാർക്ക് വലിയ സൂറത്തുകൾ ഹൃദിസ്ഥമാക്കാൻ പ്രയാസമായിരിക്കുമല്ലോ.) ഇതിനുശേഷം 300 പ്രാവശ്യം സ്വലാത്തും 300 പ്രാവശ്യം ഇസ്തിഗ്ഫാറും ചൊല്ലി അല്ലാഹുവിനോട് ഇങ്ങനെ ദുആ ഇരക്കുക.

"സർവശക്തനായ അല്ലാഹുവേ, നീ എല്ലാ രഹസ്യങ്ങളും അറിയുന്നവനാണ്. ഞങ്ങൾക്ക് ഒരറിവുമില്ല. സ്വീകാര്യനും തിരസ്കൃതനും സത്യവാനും കെട്ടിച്ചമച്ച് പറയുന്നവനും നിന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കാൻ സാധ്യമല്ല. ഞങ്ങൾ താണ്കേണ് നിന്നോട് അപേക്ഷിക്കുന്നു. മസീഹ് മൗഊദും, മഹ്ദിയും, കാലത്തിന്റെ മുജദ്ദിദുമാണെന്ന് വാദിക്കുന്ന ഈ വ്യക്തിയുടെ അവസ്ഥ നിന്റെ ദൃഷ്ടിയിലെന്താണ്? ഈ വ്യക്തി സത്യവാനാണോ അസത്യവാനാണോ? നിന്റെ പക്കൽ സ്വീകാര്യനാണോ തിരസ്കൃതനാണോ? നിന്റെ അനുഗ്രഹംകൊണ്ട് ഇക്കാര്യത്തിന്റെ വാസ്തവികത സ്വപ്നമോ ദർശനമോ ഇൽഹാമോ മുഖേന നീ ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്നാലും. നിന്റെ പക്കൽ തിരസ്കൃതനാണെങ്കിൽ ഈ വ്യക്തിയെ വിശ്വസിച്ച് ഞങ്ങൾ വഴിതെറ്റിപ്പോകാതിരിക്കട്ടെ.

അഥവാ സ്വീകാര്യനാണെങ്കിൽ, നിന്നിൽനിന്ന് വന്ന വ്യക്തിയാണെങ്കിൽ അദ്ദേഹത്തെ നിഷേധിച്ച് നശിക്കാതിരിക്കട്ടെ. എല്ലാതരത്തിലുള്ള പരീക്ഷണങ്ങളിൽനിന്നും ഞങ്ങളെ രക്ഷിച്ചാലും. എല്ലാ ശക്തിയും നിനക്കുമാത്രമാണ്. ആമീൻ.' ഈ ഇസ്തിഘാറ പ്രാർത്ഥന നിഷ്കളങ്കമായ രീതിയിൽ കുറഞ്ഞത് രണ്ടാഴ്ചവരെ തുടരേണ്ടതാണ്. കാരണം, ആദ്യമെതന്നെ ഉള്ളിൽ വെറുപ്പുനിറഞ്ഞിരിക്കുകയും, തെറ്റായ ധാരണയ്ക്ക് വശംവദനനായിരിക്കുകയും ചെയ്തവൻ സ്വപ്നത്തിലൂടെ സത്യവാന്റെ അവസ്ഥ അന്വേഷിക്കാൻ തുനിഞ്ഞാൽ അല്ലാഹു അതിഷ്ടപ്പെടുകയില്ല. അപ്പോൾ ശയ്ത്വാൻ രംഗത്തുവരികയും അയാളുടെ ഉള്ളിലെ അന്ധകാരത്തിനനുസരിച്ച്, അന്ധകാരപൂരിതമായ വിചാരങ്ങൾ അയാളിൽ ഇടുകയും ചെയ്യുന്നു. അപ്പോൾ അയാൾക്ക് പിന്നീടുണ്ടാകുന്ന അവ സ്ഥ ആദ്യത്തേതിനേക്കാൾ വളരെ മോശമായതായിരിക്കും. അല്ലാഹുവിൽനിന്ന് എന്തെങ്കിലും അറിയാൻ ആഗ്രഹിക്കുകയാണെങ്കിൽ ഹൃദയത്തെ പരിപൂർണമായും വെറുപ്പിൽനിന്നും ശത്രുതയിൽനിന്നും കഴുകി വൃത്തിയാക്കേണ്ടതാണ്."

## മുബാഹല

"സർവശക്തനും സർവജ്ഞനുമായ അല്ലാഹുവേ, വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് (മസീഹ് മൗഊദ്) ഞാനാണെന്ന എന്റെ വാദം ഞാനെന്റെ സ്വന്തം ഇഷ്ടപ്രകാരം ചെയ്തതാണെങ്കിൽ, ഈ വിജ്ഞാപനത്തിൽ എഴുതിയിരിക്കുന്ന ഇൽഹാമുകൾ-വെളിപാടുകൾ- നിന്നിൽനിന്നുള്ളതല്ലെങ്കിൽ, അത് ഞാൻ കെട്ടിച്ചമച്ചുണ്ടാക്കിയ വ്യാജവും ശയ്ത്വാന്റെ ദുർബോധനവുമാണെങ്കിൽ, ഇന്നുമുതൽ ഒരു വർഷം തികയുന്നതിനുമുമ്പേ എന്നെ നിന്ദ്യമായ നിലയിൽ നശിപ്പിക്കുകയോ ശിക്ഷിക്കുകയോ ചെയ്യേണമേ. എന്റെ വാദം നിന്റെ ഇൽഹാമിന് അനുസൃതവും, ഈ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഇൽഹാമുകളെല്ലാം നിന്റേതുമാണെങ്കിൽ, വജ്ഞാപനം പ്രസിദ്ധപ്പെടുത്തി എന്നെ നിഷേധിക്കുകയും എന്നെ വ്യാജനായി കരുതുകയും ചെയ്യുന്ന ഈ വിരോധിയെ ഒരു വർഷത്തിനുള്ളിൽ നിന്ദ്യവും ഹീനവുമായ ശിക്ഷയിൽ അകപ്പെടുത്തേണമേ."

ഹസ്റത്ത് മസീഹ് മഊദ് (അ) തുടരുന്നു: "അല്ലാഹുതആല അവന്റെ ഉടമ്പടി പാലിച്ചുകൊണ്ട് ലക്ഷക്കണക്കിന് ജനഹൃദയ

Scanned with CamScanner

ങ്ങളെ എന്നിലേക്കു തിരിച്ചുവിട്ടു എന്ന സംഗതി വിശദീകരിക്കേണ്ട ആവശ്യമില്ല. ആരും സ്വപ്നത്തിൽപോലും വിചാരിക്കാത്ത രീതിയിലുള്ള സമ്പന്നത അവൻ നൽകി എന്നെ അനുഗ്രഹിച്ചു. അല്ലയോ എതിരിൽ പ്രവർത്തിക്കുന്നവരേ, അല്ലാഹു നിങ്ങളിൽ കുരണ ചൊരിയട്ടെ. നിങ്ങളുടെ നയനങ്ങൾ തുറക്കട്ടെ. ഇതെല്ലാം മനുഷ്യന്റെ കുതന്ത്രത്താൽ സാധ്യമാകുന്നതാണോ എന്ന് അല്പം ശാന്തരായി ചിന്തിച്ചുനോക്കുക. അല്ലാഹു നൽകിയ പ്രസ്തുത വാഗ്ദാനം ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്ന കാലത്ത് അതായത് ഞാൻ ആരാലും സഹായിക്കപ്പെടാതെ തനിച്ചായിരുന്ന കാലത്തുള്ളതാണ്. ജനങ്ങളോടു അത് പറയാൻ തന്നെ എനിക്ക് അന്ന് മടിയായിരുന്നു. അന്നെനിക്ക് കടുകു മണിയോളം പോലും ശേഷി ഉണ്ടായിരുന്നില്ല. ഞാനിപ്പറഞ്ഞ കാര്യത്തിനെതിരെ തെളിവുകൾ നൽകി എന്നെ നിശബ്ദനാക്കാൻ നിങ്ങളിലാർക്കെങ്കിലും കഴിയുമോ?"

## ശിയാക്കളുടെ ഫിത്ന ഇല്ലാതാകാൻ

"അധിപതിയും സർവ്വശക്തനുമായ അല്ലാഹുവേ, നീ എന്നെ അനുഗ്രഹിച്ചാലും, നീ എന്നിൽ കാരുണ്യം വർഷിച്ചാലും. ഈ ഭിന്നിപ്പിനെ ഞങ്ങളുടെ ഇടയിൽ നിന്ന് നീ അകറ്റിയാലും. നീ സത്യത്തെ വെളിപ്പെടുത്തിയാലും. വ്യാജത്തെ പാജയപ്പെടുത്തിയാലും. എല്ലാ കഴിവും ശക്തിയും നിനക്കു മാത്രമാണ്. ആമീൻ, ആമീൻ, ആമീൻ."

## നിശ്ചിത മുബാഹല

"മുബാഹല അവസരത്തിൽ താണ് കേണ് ഞാൻ ദുആ ഇരക്കുമ്പോൾ മറ്റു മുസ്ലിംകളും അവിടെയുണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു. ഞാനെഴുതിയതുപോലെ ഞാൻ ദുആ ചെയ്യുന്നതാണ്. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിന് വിരുദ്ധമായിട്ടൊന്നും തന്നെ അതിലില്ല. ഞാൻ കാഫിറില്ല. ഞാനെഴുതിയിട്ടുള്ള എന്റെ ഗ്രന്ഥങ്ങൾ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിന് വിരുദ്ധവും എതിരിൽ പ്രവർത്തിക്കുന്നവർ പറയുന്നതുപോലെ അനാവശ്യങ്ങൾ നിറഞ്ഞതുമാണെങ്കിൽ ലോകാരംഭം മുതൽ ഇന്നുവരെ ഒരു സത്യനിഷേധിയിലും ഇറങ്ങാത്ത രീതിയിലുള്ള ശാപവും ശിക്ഷയും അല്ലാഹുവേ നീ എന്നിൽ ഇറക്കേണമേ. ഞാൻ ദുആ

Scanned with CamScanner

ചെയ്യുമ്പോൾ നിങ്ങൾ ഒന്നടങ്കം ആമീൻ ചൊല്ലേണ്ടതാണ്. ഇവർ പറയുന്നതുപോലെ ഞാൻ കാഫിറും നഊദുബില്ലാഹ് ഇസ്ലാംദീനിൽ നിന്ന് മുർത്തദ്ദും അവിശ്വസ്തനുമാണെങ്കിൽ എനിക്കു നല്ലത് നിന്ദ്യവും ഹീനവുമായ നിലയിൽ മരിക്കുന്നതാണ്. അത്തരമൊരു ജീവിതത്തെ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവേ നീ സത്യമായ വിധി പുറപ്പെടുവിക്കേണമേ. നീ എന്റെ ഹൃദയത്തെ കണ്ടുകൊണ്ടിരിക്കുന്നു; എന്റെ എതിരാളികളുടെ ഹൃദയത്തേയും. നാളെ മുബാഹല നടക്കുന്ന ഈദ്ഗാഹിൽ നിങ്ങളെല്ലാവരും ആമീൻ ചൊല്ലാൻ രണ്ടുമണിക്കെത്തിച്ചേർന്നാൽ അത് വലിയ പ്രതിഫലാർഹമായ കാര്യമായിരിക്കും."

## അബ്ദുൽ ഹഖ്ഗസ്നവിക്കും മുഹമ്മദുഹുസയ്നും എതിരിൽ

"അവസാനമായി ഞാൻ ദുആ ചെയ്യുന്നു: മുബാഹല സ്വീകരിക്കുകയും സ്ഥലം നിശ്ചയിക്കുകയും ചെയ്തതിനുശേഷം, എന്നെ കാഫിർ എന്നു വിളിക്കുന്നതിൽ നിന്നും ദ്രോഹിക്കുന്നതിൽനിന്നും പിന്മാറാത്തവന്റേയും എനിക്കെതിരിൽ രംഗത്തുവരാൻ മടിക്കുന്ന അക്രമിയുടേയും അപരാധിയുടേയും അഹങ്കാരിയുടേയും മേൽ, അല്ലാഹുവേ, നീ ശാപം ഇറക്കി നിന്ദ്യമായ നിലയിൽ അവനെ നശിപ്പിച്ചാലും. ആമീൻ സുമ്മ ആമീൻ.

"എനിക്കും മുഹമ്മദു ഹുസയ്നുമിടയിൽ തീർപ്പുണ്ടാക്കുന്നതിനു വേണ്ടി ഞാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇപ്രകാരം ദുആ ചെയ്തു:

"ജല്ലജലാലയ അല്ലാഹുവേ, മുഹമ്മദു ഹുസയ്ൻ തന്റെ പ്രസിദ്ധീകരണമായ ഇശാഅത്തുസ്സുന്നയിൽ എന്നെക്കുറിച്ച് കള്ളനെന്നും ദജ്ജാലെന്നും കപടനെന്നും തുടർച്ചയായി എഴുതിയതുപോലെ, അയാളും മുഹമ്മദ് ബഖ്ശ്ജഅ്ഫർ സട്ട്ലിയും അബുൽഹസ്സൻ തിബ്ബത്തിയും ചേർന്ന് 1898 നവംബർ പത്തിനു പുറത്തിറക്കിയ വിജ്ഞാപനത്തിൽ എന്നെ പരിഹസിക്കുന്നതിലും അപഹസിക്കുന്നതിലും ഒരു കുറവും വരുത്താത്തതുപോലെ ഞാൻ നിന്റെ ദൃഷ്ടിയിൽ നിന്ദിതനും അസത്യവാനും കപടനുമാണെങ്കിൽ എന്റെ മൗലാ, ഇവർ പറയുന്നതുപോലെ ഞാൻ നിന്റെ ദൃഷ്ടിയിൽ നിന്ദിതനും

Scanned with CamScanner

അസത്യവാനും കപടനുമാണെങ്കിൽ എന്റെ മൗലമാ, ഇവർ പറയുന്നതുപോലെ ഞാൻ നിന്റെ ദൃഷ്ടിയിൽ നിന്ദ്യനാണെങ്കിൽ, എന്നിൽ 13 മാസത്തിനുള്ളിൽ അതായത് 1898 ഡിസംബർ 15 മുതൽ 1900 ജനുവരി 15 വരെയുള്ള 13 മാസത്തിനുള്ളിൽ ശിക്ഷ ഇറക്കി നിന്ദ്യമായ നിലയിൽ നീ എന്നെ നശിപ്പിക്കേണമേ. അവരുടെ അന്തസ്സും അഭിമാനവും വെളിപ്പെടുത്തേണമേ. എന്റെ യജമാനനായ അല്ലാഹുവേ, ഇക്കാലത്തെ ഓരോ ദിവസത്തേയും കലഹങ്ങൾക്ക് വിധി പറയേണമേ. എന്റെ യജമാന്നായ അല്ലാഹുവേ, എന്റെ മൗലായായ അല്ലാഹുവേ, എന്നെ അനുഗ്രഹിക്കുന്നവനായ അല്ലാഹുവേ, സത്യം നീ അറിയുന്നു എന്നെനിക്കറിയാം. നിന്റെ സന്നിധിയിൽ എനിക്കെന്തെങ്കിലും മാന്യതയുണ്ടെങ്കിൽ ഞാൻ വിനയത്തോടെ അപേക്ഷിക്കുന്നു. വിജ്ഞാപനത്തിലൂടെ എന്നെ നിന്ദിക്കാൻ ശ്രമിച്ച ശെയ്ഖ് മുഹമ്മദ് ഹുസയ്ൻ, ജഅ്ഫർ സട്ട്ലി, അബുൽഹസ്സൻ തിബ്ബത്തി എന്നിവരെ 13 മാസത്തിനുള്ളിൽ നിന്ദ്യരാക്കി ലോകത്തിന് കാണിച്ചു കൊടുക്കേണമേ. നിന്റെ സന്നിധിയിൽ ഞാൻ മാന്യനാണെങ്കിൽ എനിക്കു വേണ്ടി ഈ അടയാളം വെളിപ്പെടുത്തേണമേ. ഈ മൂന്നുപേരെയും നിന്ദിതരും അപമാനിതരുമാക്കി *ള്വുരിബത് അലയ്ഹിമുസ്സില്ലത്ത്*-അവരുടെ മേൽ ഹീനത്വം മുദ്ര വെക്കപ്പെട്ടു - എന്ന നിന്റെ പ്രഖ്യാപനം അവരിൽ അന്വർത്ഥമാക്കേണമേ. ആമീൻ സുമ്മ ആമീൻ."

## അബ്ദുൽ ഹഖ് ഗസ്നവിയക്കൊരു കത്ത്

ബിസ്മില്ലാഹിർ റഹ്മാനിർ റഹീം. നഹ്മദുഹു വനുസല്ലി അലാ റസൂലിഹിൽ കരീം. സമദായ അല്ലാഹുവിന്റെ ദാസൻ ഗുലാം അഹ്മദ് ആഫാഹുല്ലാഹു വ അയ്യദഹു എഴുതുന്നത്.

എന്നെ കാഫിറെന്നും ദജ്ജാലെന്നും ഖണ്ഡിതമായി പറഞ്ഞുകൊണ്ടെഴുതിയ താങ്കളുടെ അഭ്യർത്ഥനയനുസരിച്ച് മുബാഹല തിയ്യതി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്ന കാര്യം താങ്കൾ അറിഞ്ഞുകൊള്ളുക. (അതായത് പരസ്പര സമ്മതത്തോടെ) അമൃതസറിൽ വരുന്നതിന് എനിക്ക് രണ്ടു ഉദ്ദേശ്യമാണുള്ളത്. ഒന്ന് ക്രിസ്ത്യാനികളോട് മുബാഹസ - സംവാദം- രണ്ട് താങ്കളോടു മുബാഹല - ശാപ പ്രാർത്ഥന. നമ്മുടെ റസൂൽ (സ) ന്റെ നടപടിക്രമമനുസരിച്ച് ഞാൻ ഇസ്തിഘാറ ദുആയ്ക്കുശേഷം എന്റെ

സംഘക്കാരോടൊപ്പം വന്നിരിക്കുന്നു. എന്നോടൊപ്പം കാഫിറെന്ന് നിങ്ങളാൽ മുദ്രയടിക്കപ്പെട്ട ആളുകളേയും കൂടെ കൊണ്ടുവന്നിട്ടുണ്ട്. അവരുടെ അവസ്ഥ വിജ്ഞാപനത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. ഞാൻ കഠിന വിരോധിയുടെ മേൽ ലഅ്നത്ത് ചൊല്ലിക്കഴിഞ്ഞിരിക്കുന്നു. ഇനി ഈ ശാപ പ്രാർത്ഥനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വന്നുകൊള്ളട്ടെ. വാഗ്ദാനമനുസരിച്ച് ഞാൻ എന്റെ സംഘക്കാരോടൊപ്പം ഈദുഗാഹിൽ ഹാജരാകുന്നതാണ്. അല്ലാഹു തആല കാഫിറിനെയും വ്യാജവാദിയേയും നശിപ്പിക്കുമാറാകട്ടെ.

*വലാ തഖ്ഫു മാ ലയ്സക്ക ബിഹി ഇൽ മുൻ-*

*ഇന്നസ്സംഅ വൽബസ്വറ വൽ ഫുആദ കുല്ലു*

*ഉലായിക്ക കാന അൻഹു മ്സ്ഊലാ*

(നിനക്കറിവില്ലാത്തവനെ നീ പിൻതുടരരുത്. കാരണം കാത്, കണ്ണ്, ഹൃദയം ഇവ എല്ലാറ്റിനേയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ് (17:37)). 1893 ജൂൺ 15ന് നടക്കുന്ന സംവാദത്തിൽ ഞാൻ പങ്കെടുക്കുകയില്ലെന്ന് വ്യക്തമാക്കിക്കൊള്ളുന്നു. സംവാദത്തിൽ എന്റെ പ്രതിനിധിയായി ഹസ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബോ ഹസ്റത്ത് മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബോ പങ്കെടുക്കുന്നതാണ്. ഒരു കാര്യം ഓർക്കുക, മുബാഹല സ്ഥലത്ത് ഞങ്ങൾ ഒന്നും വിശദീകരിക്കുകയില്ല. ദുആ മാത്രം ചെയ്യുന്നതാണ്. അതിങ്ങനെയായിരിക്കും.

"ഞാൻ മുസ്ലിമും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുന്നവനുമാണ്. ഞാനിപ്പറഞ്ഞത് കളവാണെങ്കിൽ അല്ലാഹു എന്റെമേൽ ശാപം ഇറക്കട്ടെ. താങ്കൾ ഇങ്ങനെ പ്രാർത്ഥിക്കുക: 'വാസ്തവത്തിൽ ഈ വ്യക്തി കാഫിറും വ്യാജനും ദജ്ജാലും കെട്ടിയുണ്ടാക്കി പറയുന്നവനുമാണെങ്കിൽ, ഇപ്പറഞ്ഞതിൽ ഞാൻ വ്യാജനാണെങ്കിൽ അല്ലാഹുവിന്റെ ശാപം എന്നിൽ ഉണ്ടാകട്ടെ.' ഞാനിപ്പറഞ്ഞത് പോരെങ്കിൽ തഖ്വയെ മുൻനിറുത്തി എന്തൊന്നാണോ താങ്കൾ അപ്പോൾ പറയുന്നത് അതുതന്നെ എഴുതാവുന്നതാണ്. പക്ഷേ, മുബാഹല തീയതി ഒരു കാരണവശാലും ഇനി മാറ്റുന്നതല്ല. ഇതിൽനിന്ന് പിന്മാറുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ." (മുക്തൂബാത്തെ അഹ്മദിയ്യാ വാള്യം-6)

Scanned with CamScanner

പാതിരി അബ്ദുല്ലാ ആഥമുമായി നടന്ന സംവാദത്തിന്റെ (ജങ്കെ മുഖദ്ദസ്സിന്റെ) അവസാന ദിവസം ചില സംഭവങ്ങൾ അരങ്ങേറിയത് ഹസ്റത്ത് മസീഹ് മൗഊദിന്റെ ഭാഷയിൽ ഞാൻ കേൾപ്പിക്കക്കുകയാണ്. ഇതിൽ ദുആയുമുണ്ട്.

"ഇക്കൂട്ടർ മൂന്ന് രോഗികളെ എന്റെ മുമ്പിൽകൊണ്ടുവന്ന് എന്നെ അവഹേളിക്കാൻ ശ്രമിച്ചു. അവർ പറഞ്ഞു: 'ദീനുൽ ഇസ്ലാം സത്യമാണെങ്കിൽ, നിങ്ങൾക്ക് വെളിപാടിറങ്ങുന്നുണ്ടെങ്കിൽ ഈ മൂന്നു പേരെയും സുഖപ്പെടുത്തികാണിക്കുക.'

"വാസ്തവത്തത്തിൽ ഞാൻ സർവശക്തനാണെന്ന് വാദിച്ചിട്ടില്ല. അവരുടെ ആവശ്യം വിശദ്ധഖുർആനിന്റെ അധ്യാപനങ്ങൾ നിരക്കാത്തതുമാണ്. ക്രിസ്ത്യാനികളുടെ വിശ്വാസത്തെ അളക്കാനുള്ള ഒരു മാനദണ്ഡമായി യേശു പറഞ്ഞ ഒരു കാര്യമാണിത്. യേശു പറഞ്ഞു: നിങ്ങൾ സത്യക്രിസ്ത്യാനികളാണെങ്കിൽ നിങ്ങൾക്ക് ഞൊണ്ടന്മാരേയും, കുരുടന്മാരേയും ബധിരരേയും സുഖപ്പെടുത്താൻ കഴിയും. എന്തായാലും ഞാൻ പ്രാർത്ഥനയിൽ മുഴുകി. അന്ന് രാത്രി അല്ലാഹു എനിക്ക് കാര്യം വ്യക്തമാക്കിതന്നു. അതിങ്ങനെയായിരുന്നു.

"ഇക്കാര്യത്തിൽ തീരുമാനം കല്പിക്കാനും ബലഹീനമായ ഞങ്ങൾക്ക് നിന്നെകൂടാതെ ഒന്നുംചെയ്യാൻ സാധിക്കുകയില്ലെന്നും പറഞ്ഞ് നീ എന്നോട് താണുകേണപേക്ഷിച്ചപ്പോൾ ഈ അടയാളം സുവിശേഷമെന്ന നിലയിൽ ഞാൻ നിനക്കു നല്കി. ഈ വാദപ്രതിവാദത്തിൽ ആരാണോ അറിഞ്ഞുകൊണ്ട് വ്യാജമാർഗ്ഗം സ്വീകരിക്കുന്നത്, സത്യത്തെ ഉപേക്ഷിക്കുന്നത്, ബലഹീനനായ ഒരു മനുഷ്യനെ ദൈവമാക്കുന്നത്, മുബാഹലയുടെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തിനു പകരം ഓരോ മാസം എന്ന നിലയിൽ 15 മാസത്തിനുള്ളിൽ അവരെ 'ഹാവിയാ'യിൽ എടുത്തെറിയുന്നതാണ്. സത്യത്തിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നില്ലെങ്കിൽ അവർക്ക് നിന്ദ്യമായ ശിക്ഷയുണ്ടാകും. സത്യവാനും സത്യത്തെ അംഗീകരിച്ച് നിലകൊള്ളുന്നവനും ഇതു മുഖേന മാന്യത കൈവരുന്നതാണ്. ഈ പ്രവചനം പുലരുമ്പോൾ ചില കുരുടന്മാർക്ക് കാഴ്ച ലഭിക്കും. ചില ഞൊണ്ടന്മാർ നടക്കാൻ തുടങ്ങും. ചില ബധിരർ കേൾക്കാനും തുടങ്ങും."

Scanned with CamScanner

പുതിയ തലമുറയ്ക്ക് ഈ സംഭവത്തെക്കുറിച്ച് അറിയുകയില്ല. അബ്ദുല്ലാ ആഥമുമായുള്ള വാദപ്രതിവാദം അവസാനിച്ചപ്പോൾ ക്രിസ്ത്യാനികൾ വളരെ തന്ത്രപൂർവം ചില അന്ധരേയും ഞൊണ്ടരേയും ബധിരരേയും കൂട്ടിക്കൊണ്ടുവന്നു. അവരെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മുമ്പിൽ അണിനിരത്തിക്കൊണ്ടു പറഞ്ഞു: ഞങ്ങൾക്ക് താങ്കളെ വിശ്വസിക്കുന്നതിൽ ഒരു പ്രയാസവുമില്ല. ഞങ്ങളുടെ മസീഹ് ഞൊണ്ടികളെ നടത്തിച്ചു. അന്ധർക്ക് കാഴ്ച നൽകി. ബധിരർക്ക് കേൾവിയും നൽകി. ഈസായുടെ ആഗമനം താങ്കളിലൂടെ പൂർത്തിയായെന്ന് താങ്കൾ പറയുന്നു. ഇവരെ താങ്കൾ സുഖപ്പെടുത്തി കാണിച്ചാൽ ഞങ്ങൾ താങ്കളെ വിശ്വസിച്ചുകൊള്ളാം. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: നിങ്ങളുടെ മസീഹ് അതു മാത്രമല്ല പറഞ്ഞിട്ടുള്ളത്. മറ്റൊന്നുകൂടി പറഞ്ഞിട്ടുണ്ട്. 'നിങ്ങളിൽ ഒരു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഞാൻ കാണിക്കുന്ന എല്ലാ അത്ഭുതങ്ങളും നിങ്ങൾക്കും കാണിക്കാൻ കഴിയും' ദൈവത്തിനു സ്തുതി. എന്തായാലും എനിക്ക് ഈ രോഗികളെ സംഘടിപ്പിക്കേണ്ട ആവശ്യം വന്നില്ല. നിങ്ങൾതന്നെ അവരെ കൊണ്ടുവന്നു. നിങ്ങളിൽ കടുകുമണിയോളമെങ്കിലും സത്യവിശ്വാസം ഉണ്ടോ എന്ന് നോക്കട്ടെ. ഇവരെയൊന്ന് സുഖപ്പെടുത്തി കാണിക്കുക. ഇതുകേട്ടപ്പോൾ പാതിരിമാർ ചൂളിപ്പോയി. കാരണം അവരെ സുഖപ്പെടുത്താൻ അവർക്ക് സാധ്യമല്ലെന്ന കാര്യം വ്യക്തമായിരുന്നു. ഇങ്ങനെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് അല്ലാഹു വിജയത്തിന്റെ അടയാളം കാണിച്ചു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ദുആ ചെയ്തുകൊണ്ട് അവസാനിപ്പിക്കുകയാണ്. എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിർത്തുന്നവനുമായ അല്ലാഹുവേ, സത്യം വെളിപ്പെടുത്തേണമേ. നിന്റെ വാഗ്ദാനമനുസരിച്ച് അസത്യവാദിയെ നശിപ്പിക്കേണമേ."

## ജോൺ അലക്സാണ്ടർ ഡൂയി

അലക്സാണ്ടർ ഡൂയിയുടെ ചരമദദിനം ഈ അടുത്ത് അമേരിക്കയിൽ കൊണ്ടാടിയിരുന്നു. നമ്മൾ ആ അവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദൃഷ്ടാന്തം പുതിയ തലമുറയിൽ എത്തിക്കുന്നതിനുള്ള സംവിധാനം ചെയ്തു. 'ഖാദിയാനിലെ മസീഹ് ജയി

Scanned with CamScanner

ച്ചിരിക്കുന്നു. അലക്സാണ്ടർ ഡ്യൂയി പറയപ്പെട്ടതുപോലെ നശിച്ചിരിക്കുന്നു.' എന്നെ തലക്കെട്ടോടുകൂടി അക്കാലത്ത് അമേരിക്കയിൽ പ്രസിദ്ധംചെയ്ത പത്രങ്ങൾക്കുപുറമേ മറ്റു ചില രേഖകളും അമേരിക്കൻ ജമാഅത്ത് ഇക്കുറി ശേഖരിച്ചിരുന്നു. അതുകൊണ്ടുതന്നെ ഇപ്രാവശ്യം അലക്സാണ്ടർ ഡ്യൂയിയുടെ ചരമദിനം ഒരടയാളമെന്ന നിലയിൽ വളരെ ഭംഗിയായി കൊണ്ടാടപ്പെട്ടു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഞാൻ ഈ വിഷയം ദുആയോടുകൂടി ഉപസംഹരിച്ചുകൊള്ളുന്നു. സർവശക്തനും സർവജ്ഞനുമായ അല്ലാഹുവേ, നീ എപ്പോഴും പ്രവാചകന്മാർക്ക് വെളിപ്പെട്ടുകൊണ്ടിരുന്നു. ഇനി വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. അമേരിക്കക്കാരനായ ഡ്യൂയിയുടെ കാപട്യം ജനങ്ങൾക്ക് നീ കാണിച്ചുകൊടുത്താലും. കാരണം ഇക്കാലത്തുള്ളവർ തങ്ങളെപ്പോലുള്ളവരെ ആരാധിച്ചാരാധിച്ച് നിന്നിൽനിന്ന് വളരെ അകന്നുപോയിരിക്കുന്നു. എന്റെ പ്രിയപ്പെട്ട അല്ലാഹുവേ, അവരെ ഈ സൃഷ്ടിപൂജയിൽനിന്ന് രക്ഷിച്ചാലും. നിന്റെ വാഗ്ദാനം പൂർത്തീകരിച്ചു കാണിച്ചാലും. അത് ഇക്കാലഘട്ടത്തെക്കുറിച്ച് എല്ലാ പ്രവാചകന്മാരും കാലേക്കൂട്ടി പറഞ്ഞിട്ടുള്ളതാണ്. ഈ മുള്ളുകളിൽ കുടുങ്ങിക്കിടക്കുന്നവരെ പുറത്തുകൊണ്ടുവന്നാലും. മോക്ഷത്തിന്റെ ഉറവിൽനിന്ന് അവരെ വയറുനിറയെ കുടിപ്പിച്ചാലും. കാരണം മോക്ഷം നിന്റെ മഅ്രിഫത്തിൽ (ദൈവികജ്ഞാനത്തിൽ) നിന്നും സ്നേഹത്തിൽനിന്നുമാണ് ലഭിക്കുന്നത്. ഒരു മനുഷ്യന്റെ രക്തത്തിലും മോക്ഷം വെച്ചിട്ടില്ല. കരുണാമയനും ആദരണീയനുമായ അല്ലാഹുവേ, സൃഷ്ടിപൂജയിൽ അഴവരുടെ കാലം അധികവും കഴിഞ്ഞുകടന്നു. ഇനി അവരുടെമേൽ കാരുണ്യം വർഷിച്ചാലും. അവരുടെ കണ്ണുകൾ തുറന്നാലും. സർവശക്തനും കരുണാമയനുമായ അല്ലാഹുവേ, സർവതും നിന്റെ കൈയിലാണ്. നീ നിന്റെ അടിയാറുകളെ ഈ തടവിൽനിന്ന് മോചിപ്പിച്ചാലും. കുരിശുവിശ്വാസത്തിൽനിന്നും, സ്വന്തം രക്തത്താൽ മസീഹ് എല്ലാവരുടേയും പാപം നീക്കി എന്ന ചിന്താഗതിയിൽനിന്നും അവരെ രക്ഷിച്ചാലും.

"സർവശക്തനും ആദരണീയനുമായ അല്ലാഹുവേ, അവർക്കുവേണ്ടിയുള്ള എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. ആകാശത്ത് നിന്ന് അവരുടെ ഹൃദയങ്ങളിൽ പ്രകാശം ഇറക്കേണമേ. നിന്നെ അവർ കാണട്ടെ. അവർ നിന്നെ കാണുമെന്ന് ഇന്ന് ആരാണ് വിശ്വ

Scanned with CamScanner

സിക്കുക. അവർ സൃഷ്ടിപൂജ ഉപേക്ഷിക്കുമെന്നും, നിന്റെ ശബ്ദം കേൾക്കുന്നവരായിത്തീരുമെന്നും ഇന്നാർക്കെങ്കിലും ഊഹിക്കാൻ കഴിയുമോ? അല്ലാഹുവേ, നിനക്ക് എന്തും ചെയ്യാൻ കഴിവുണ്ട്. നൂഹിന്റെ കാലംപോലെ നീ അവരെ നശിപ്പിക്കരുതേ. എന്തായാലും അവർ നിന്റെ ദാസരാണ്. അവരുടെമേൽ കാരുണ്യം വർഷിക്കേണമേ. സത്യം സ്വീകരിക്കുന്നതിന് അവരുടെ ഹൃദയം തുറക്കേണമേ. സകല സൗന്ദര്യത്തിന്റേയും താക്കോൽ നിന്റെ കൈയിലാണ്. നിന്റെ പ്രവൃത്തിക്കായി നീ എന്നെ അയച്ചിരിക്കുന്നു. ഇപ്പോൾ എല്ലാവിധ അപചയത്തിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. നീ എന്നോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നീ പൂർത്തിയാക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. കാരണം നീ ഞങ്ങളുടെ സത്യവാനായ അല്ലാഹു ആകുന്നു. എന്റെ കരുണാമയനായ അല്ലാഹുവേ, നിന്റെ ദാസർ സൃഷ്ടിപൂജയിൽനിന്ന് രക്ഷപ്പെടുന്നത് കാണുകയെന്നതാണ് ഈ ലോകത്ത് എന്റെ സ്വർഗം. ആ സ്വർഗം നീ എനിക്കു നല്കേണമേ. അവരുടെ പുരുഷന്മാരിലും സ്ത്രീകളിലും കുട്ടികളിലും ഈ യാഥാർത്ഥ്യം വെളിപ്പെടുത്തേണമേ. തൗറാത്തും മറ്റു ദൈവിക ഗ്രന്ഥങ്ങളും ഏതൊരു ദൈവത്തിലേക്കാണോ ജനങ്ങളെ ക്ഷണിച്ചത് ആ ദൈവത്തെ ഇവർ അറിയുന്നില്ല. സർവശക്തനും ആദരണീയനുമായ അല്ലാഹുവേ, എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. എല്ലാ ശക്തിയും നിനക്കു മാത്രമാണ്. ആമീൻ സുമ്മ ആമീൻ.

"മസീഹിന്റെ ശ്വാസത്താൽ നിഷേധികൾ നശിക്കുമെന്നു തന്നെയാണ് എഴുതിയിട്ടുള്ളത്. അതായത് മസീഹ് മൗഊദ് തന്റെ എല്ലാ പ്രവൃത്തികളും ദുആ മുഖേന നിർവഹിക്കുന്നതാണ്. അല്ലാഹു ദുആയിൽ വളരെ വലിയ ശക്തി നിക്ഷേപിച്ചിരിക്കുന്നു. ദുആ മുഖേന മാത്രമേ എന്തും നടക്കുകയുള്ളുവെന്ന് അല്ലാഹു വെളിപാടു മുഖേന പലപ്പോഴും എന്നെ അറിയിച്ചിട്ടുണ്ട്."

വീണ്ടും പറയുന്നു:

"അല്ലഹു എന്തൊന്ന് നമുക്ക് നല്കിയോ അത് നൂറുശതമാനവും ശരിതന്നെയാണ്. അത് നാം അനുഭവിക്കാൻ ബാധ്യസ്ഥരുമാണ്. അതു മുഖേന നാം പീഢിപ്പിക്കപ്പെടേണ്ടതും, ദ്രോഹിക്കപ്പെടേണ്ടതും, ജനങ്ങളിൽ സംശയം ഉളവാകേണ്ടതും, നമ്മുടെ വഴിയിൽ നൂറുകണക്കിന് കല്ലുകൾ വീഴേണ്ടതും, അപ്പോൾ നാം അല്ലാഹു

Scanned with CamScanner

വിന്റെ മുമ്പിൽ കരയേണ്ടതും, അവന്റെ മുമ്പിൽ താണുകേണ് അപേക്ഷിക്കേണ്ടതും, അവനോടു ശക്തിതേടേണ്ടതും, സത്യതൽപരരുടെ തലകുനിയാൻ പര്യാപ്തമാകുന്ന അടയാളം കാണിക്കാൻ അവനോടു അപേക്ഷിക്കേണ്ടതുമെല്ലാം സംഭവിക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ നാം ദുആ ചെയ്യുകയും, അല്ലാഹു പല പ്രാവശ്യം എന്നോട് ദുആ ചെയ്യാനും നിന്റെ ദുആ സ്വീകരിക്കുമെന്ന് പറയുകയും ചെയ്തു.

"ഞാൻ നൂഹ് നബിയെപ്പോലെ ഇരുകരങ്ങളും നീട്ടുന്നു. നിശ്ചയമായും ഞാൻ പരാജയപ്പെട്ടിരിക്കുന്നു; നിന്റെ സഹായമില്ലെങ്കിൽ. ***'റബ്ബി ഇന്നീ മഗ്‌ലൂബുൻ ഫൻതസിർ'*** അല്ലാഹു എന്റെ ദുആ സ്വീകരിക്കുന്നതാണ്. അവൻ എനിക്കുവേണ്ടി കാരുണ്യത്തിന്റേയും സമാധാനത്തിന്റേയും അടയാളം വെളിപ്പെടുത്തുക തന്നെ ചെയ്യും. അതിലൂടെ എന്റെ സത്യം വെളിപ്പെടും."

## ജമാഅത്തിനുവേണ്ടി

"എന്റെ അധ്യാപനങ്ങൾ നിത്യവും കേട്ടുകൊണ്ടിരിക്കുന്ന എന്റെ ജമാഅത്തിലുള്ളവർക്ക് തീർച്ചയായും അല്ലാഹു ഹിദായത്ത് നല്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു അവരുടെ ഹൃദയങ്ങളെ തുറക്കുന്നതാണ്. ഞാൻ പറഞ്ഞുവന്ന കാര്യങ്ങൾ അവസാനിപ്പിക്കുകയാണ്. ഞാൻ വിവരിച്ച എന്റെ ഉദ്ദേശ്യം പൂർത്തീകരിക്കാനുള്ള തൗഫീഖ് എന്റെ ജമാഅത്തിന് അല്ലാഹു നല്കുമാറാകട്ടെ. അവരുടെ ധനത്തിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. പരലോക നന്മയ്ക്കുവേണ്ടി അവരുടെ ഹൃദയത്തെ തുറക്കുമാറാകട്ടെ."

## പരിഷ്ക്കരണത്തിനുവേണ്ടി.

"ഞാനെന്തു ചെയ്യാനാണ്. ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങുംവിധം കാര്യങ്ങൾ വിശദീകരിക്കാനുള്ള വാക്കുകൾ ഞാനെവിടെനിന്നാണ് കൊണ്ടുവരേണ്ടത്. അല്ലാഹുവേ, ഇത്തരം വാക്കുകൾ നീ എനിക്കു നല്കേണമേ. അത്തരം പ്രഭാഷണങ്ങൾ വെളിപാടുമുഖേന ഇറക്കേണമേ; അതിന്റെ പ്രകാശം ഇവരുടെ ഹൃദയങ്ങളിലിടുന്നതിനും, അതിന്റെ ഔഷധശക്തികൊണ്ട് അവരുടെ വിഷത്തെ ദൂരീകരിക്കുന്നതിനുംവേണ്ടി. യഥാർത്ഥത്തിൽ കളവ് ഉപേക്ഷിച്ചവരേയും സത്യമായ ഉടമ്പടി അല്ലാഹുവുമായി ചെയ്തവരേയും എന്റെ ജമാഅത്തിൽ അധികമധികമായി കാണാൻ എന്റെ ഹൃദയം തിടുക്കം

Scanned with CamScanner

കൂട്ടുന്നു. അവരെ എല്ലാ അക്രമങ്ങളിൽനിന്നും എല്ലാ ദ്രോഹങ്ങളുടേയും വേരായ അഹങ്കാരത്തിൽനിന്നും അല്ലാഹു രക്ഷിക്കുന്നതാണ്. അവർ തങ്ങളുടെ റബ്ബിനെ എപ്പോഴും സ്നേഹിച്ചുകൊണ്ടിരിക്കും. എന്നാൽ ചിലരൊഴികെ അധികംപേരേയും ഇപ്പോൾ ഇങ്ങനെയുള്ളവരായി എനിക്ക് കാണാൻ കഴിയുന്നില്ല. നമസ്കരിക്കുന്നവരുണ്ട്. എന്നാൽ നമസ്കാരം എന്താണെന്ന് അവർക്കറിയില്ല. അങ്ങേയറ്റം താണ് സുജൂദ് ചെയ്യാത്തിടത്തോളം സുജൂദ് ഒരു പ്രയോജനവും ചെയ്യുകയില്ല. ബലിയുടെ രക്തവും ഇറച്ചിയും അല്ലാഹുവിലേക്കെത്തിച്ചിരുന്നില്ല. തഖ്‌വ മാത്രമേ അവനോളം എത്തിച്ചേരുകയുള്ളൂ. അതുപോലെ ബാഹ്യമായ റുക്കൂഉം സുജൂദും ഒരു പ്രസക്തിയും ഇല്ലാത്തതാണ്. ഹൃദയം റുക്കൂഉം സുജൂദും ചെയ്യണം. ബാഹ്യമായ നില്പും പ്രയോജനം ചെയ്യുകയില്ല. ഹൃദയം നില്ക്കണം. ഹൃദയം നില്ക്കുകയെന്നാൽ അതിന്റേതായ നിലനിയൽ നില്ക്കുക എന്നാണ്. അല്ലാഹുവിലേക്ക് അതിന്റേതായ നിലയിൽ കുനിയുക എന്നാണ് റുക്കൂഅ്ന്റെ അർത്ഥം. സുജൂദ് എന്നാൽ, നാം അല്ലാഹുവിനെ പ്രാപിക്കാൻ നമ്മെ ഒന്നുമല്ലാതാക്കി കൈയൊഴിയുക എന്നാണ്.

"വേദനയോടെ പറയട്ടെ, ഇതിന്റെ ലക്ഷണമൊന്നും ഇപ്പോൾ എന്റെ ജമാഅത്തിലെ അധികപേരിലും ഞാൻ കാണുന്നില്ല. ഞാൻ അതിനായി ദുആ ചെയ്യുന്നു. എന്റെ ശരീരത്തിൽ ജീവനുള്ള കാലം ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. അല്ലാഹുവേ, എന്റെ ജമാഅത്തിലുള്ളവരുടെ ഹൃദയം പരിശുദ്ധമാക്കേണമേ. നിന്റെ കാരുണ്യത്തിന്റെ കരങ്ങൾ നീളമുള്ളതാക്കേണമേ. അവരുടെ ഹൃദയം നിന്നിലേക്ക് തിരിക്കേണമേ. എല്ലാ ദുഷ്പ്രവണതയും വെറുപ്പും അവരുടെ ഹൃദയത്തിൽനിന്നകറ്റേണമേ. അവരെ പരസ്പരം സ്നേഹിക്കുന്നവരാക്കേണമേ. എന്റെ ഈ ദുആകൾ ഒരു സമയത്ത് സ്വീകരിക്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്റെ ദുആ അല്ലാഹു നഷ്ടപ്പെടുത്തുകയില്ല. ഞാനിങ്ങനേയും ദുആ ചെയ്യുന്നു.

"എന്റെ ജമാഅത്തിൽ അല്ലാഹുവിന്റെ അറിവിൽ ആരെങ്കിലും ദുഷ്ടതയിൽനിന്ന് പിന്മാറാത്തവരുണ്ടെങ്കിൽ, പരിശുദ്ധിയും വിനയവും ഉൾക്കൊള്ളുവാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ അല്ലാഹുവേ, നീ അവരെ അകറ്റിയതുപോലെ എന്നിൽനിന്നും അവരെ നീ

അകറ്റേണമേ. തൽസ്ഥാനത്ത് വിനയമുള്ളവരും നിന്നെ അന്വേഷിക്കുന്നവരുമായ വേറെയാളുകളെ കൊണ്ടുവരേണമേ.

"ശരീരേച്ഛയ്ക്കു അടിപ്പെട്ട് ഏതെങ്കിലും എന്റെ ദീനീസഹോദരൻ എന്നെക്കുറിച്ച് കഠിനവാക്കുകൾ പറഞ്ഞാൽ ഞാൻ അറിഞ്ഞുകൊണ്ട് അതിനെ അതേരീതിയിൽ പ്രതികരിക്കാൻ പാടില്ല. ഞാൻ ക്ഷമ കൈക്കൊള്ളേണ്ടതാണ്. നമസ്കാരത്തിൽ അവനുവേണ്ടി കരഞ്ഞ് കരഞ്ഞ് പ്രാർത്ഥിക്കേണ്ടതാണ്. കാരണം അവൻ എന്റെ സഹോദരനാണ്. ആത്മീയമായ നിലയിൽ സുഖമില്ലാത്തവനാണ്. എന്റെ സഹോദരൻ സാധാരണക്കാരനും അറിവു കുറഞ്ഞ ആളുമാണെങ്കിൽ-എന്തെങ്കിലും ശിക്ഷാർഹമായ കാര്യം അവനിൽ സംഭവിച്ചാൽത്തന്നെ-ഞാൻ അവനെ പരിഹസിക്കാൻ പാടില്ല. നെറ്റിചുളിച്ച് ദേഷ്യപ്പെടാൻ പാടില്ല. ദുഷ്ചിന്തയോടെ അവന്റെ ന്യൂനതകൾ പുറത്താക്കാനും പാടില്ല. ഇതെല്ലാം നാശകാരികളുടെ മാർഗമാണ്. ഹൃദയം മൃദുവായ അവസ്ഥ പ്രാപിക്കാത്തിടത്തോളം, സ്വയം എല്ലാവരെക്കാളും മോശമാണെന്ന് മനസ്സിലാക്കാത്തിടത്തോളം എല്ലാ ദോഷവിചാരങ്ങളും അകറ്റാത്തിടത്തോളം ആരും യഥാർത്ഥ വിശ്വാസിയായിത്തീരുകയില്ല. ഇതെല്ലാം ഉപേക്ഷിച്ച് പരിശുദ്ധനായിത്തീരുമ്പോൾ സയ്യിദുൽഖൗം-സമുദായത്തിന്റെ സേവകന്റെ എല്ലാ ലക്ഷണവും അവനിൽ ഉണ്ടാകുന്നു. സാധുക്കളോടു നമ്രശിരസ്കനായി വിനയത്തോടെ സംസാരിക്കുന്നത്, അല്ലാഹു സ്വീകരിക്കുന്നവന്റെ അടയാളമാണ്. തിന്മയുടെ മറുപടി നന്മകൊണ്ട് കൊടുക്കുന്നത് സൗഭാഗ്യത്തിന്റെ ലക്ഷണമാണ്. ദ്വേഷ്യത്തെ കടിച്ചമർത്തുന്നതും കയ്പുള്ള വാക്കുകളെ കുടിച്ചിറക്കുന്നതും പരമമായ പൗരുഷമാണ്.

ഹസ്റത്ത് മുഹമ്മദലിഖാൻ സാഹിബ് ബയ്അത്ത് ചെയ്തപ്പോൾ അദ്ദേഹത്തിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്തു.

***"സബ്ബതക്കുമുത്തഖ്‌വാവൽഈമാനി വഫ്തഹ് ലക്കും അബ്‌വാബൽ ഏുല്യൂസി വൽഹമബ്ബത്തി വൽ ഫുർഖാനി-ആമീൻ സുമ്മ ആമീൻ.***

"അല്ലാഹു താങ്കളുടെ ഹൃദയം തഖ്‌വയിലും ഈമാനിലും ഉറപ്പിച്ചു നിറുത്തട്ടെ. ആത്മാർത്ഥതയുടെ കവാടങ്ങൾ താങ്കൾക്കായി

Scanned with CamScanner

തുറക്കട്ടെ. അവന്റെ അതിരറ്റ സ്നേഹം താങ്കൾക്ക് തന്നരുളട്ടെ. ഫുർഖാൻ നല്കട്ടെ. ബയ്അത്തിന്റെ നിബന്ധനയടങ്ങിയ വിജ്ഞാപനം ഇതിനോടൊപ്പം അയക്കുന്നു. കഴിയുന്നിടത്തോളം അതനുസരിച്ച് ജീവിക്കുക. ദൗർബല്യങ്ങൾ അകലുന്നതിന് അല്ലാഹുവിനോട് സഹായം തേടുക. റബ്ബെകരീമിനോട് രഹസ്യസംഭാഷണത്തിനായി എപ്പോഴും ഏകാന്തതയിൽ ദുആ ചെയ്തുകൊണ്ടേയിരിക്കുക.

"ദുൻയാവിനെ സ്നേഹിക്കുന്നവൻ വിഡ്ഢിയാണ്. അതിനുവേണ്ടി തന്റെ ആദരണീയനായ രക്ഷിതാവിനെ വെറുപ്പിക്കുന്നവൻ അജ്ഞനാണ്. അദൃശ്യത്തിൽനിന്ന് ശക്തി നേടാൻ ഉണർന്നിരിക്കുക. അധികമധികമായി ദുആ ചെയ്യുക. വിനയം ശീലമാക്കിത്തീർക്കുക. ഒരു ചടങ്ങുപോലെ ചെയ്യുന്ന ദുആ പ്രയോജനപ്പെടുകയില്ല. ദുആ ചെയ്യുമ്പോൾസ്വലാത്ത് നിർബന്ധമായും ചൊല്ലുന്നതിനുപുറമെ ഏകാന്തതയിലേക്ക് പോകുക. സ്വന്തം ഭാഷയിൽ അങ്ങേയറ്റം വേദനയോടുകൂടി ഏറ്റവും താഴെക്കിടിയലുള്ള ഒരുവനെപ്പോലെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഇങ്ങനെ പ്രാർത്ഥിക്കുക.

"സർവലോക പരിപാലകനായ അല്ലാഹുവേ, നിന്റെ സഹായോപകലഡങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാൻ എനിക്കു കഴിയില്ല. എന്നിൽ നിന്റെ സഹായം അളവറ്റതാണ്. എന്റെ തെറ്റുകൾ പൊറുത്തു തരേണമേ, ഞാൻ നശിക്കാതിരിക്കട്ടെ. നിന്നോടു മാത്രമുള്ള സ്നേഹം എന്റെ ഹൃദയത്തിൽ അങ്കുരിപ്പിക്കേണമേ. എനിക്കു ജീവിതം ലഭിക്കട്ടെ. എന്റെ ദൗർബല്യങ്ങൾ മറച്ചുവെക്കേണമേ. നീ ഇഷ്ടപ്പെടുന്ന പ്രവൃത്തികൾ എന്നെക്കൊണ്ടു ചെയ്യിക്കേണമേ. നിന്റെ കോപത്തിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. നീ കാരുണ്യം വർഷിക്കേണമേ. വിപത്തുകളിൽനിന്നും എന്നെ രക്ഷിക്കേണമേ. എന്റെ കാരുണ്യവും അനുഗ്രഹവും നിന്റെ കയ്യിൽതന്നെയായണ്. ആമീൻ സുമ്മ ആമീൻ."

ഹസ്റത്ത് നവാബ് മുഹമ്മദലിഖാൻ സാഹിബിന്റെ ആദ്യഭാര്യ വഫാത്തായപ്പോൾ അനുശോചനമറിയിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതി:

"അല്ലാഹുതആല താങ്കൾക്ക് സ്വബ്റെജമീൽ-ഭംഗിയായ ക്ഷമ നല്കുമാറാകട്ടെ. ഇതിനുപകരം താങ്കൾക്ക് ഭായിഖുശി-സഹോ

Scanned with CamScanner

ദര സന്തോഷം പ്രദാനം ചെയ്യട്ടെ."

എത്ര മഹത്തായൊരു ദുആയാണിത്. നബി (സ) തിരുമേനിയുടെ ഒരു അനുശോചന സന്ദേശവും ഇതേ പ്രയോഗത്തിൽ കാണാം. എന്തായിരുന്നു സഹോദര സന്തോഷം. ഹസ്റത്ത് സയ്യിദ് നവാബ് മുബാറക്കബീഗം സാഹിബ (റ)യുമായി ഹസ്റത്ത് നവാബ് സാഹിബിന്റെ വിവാഹം നടന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് പറയുന്നു:

"താങ്കളുടെ വിഷമം ഞാനറിയുന്നു. പെട്ടെന്നുണ്ടായ താങ്കളുടെ വിഷമം അല്ലാഹു തആല അകറ്റുമാറാകട്ടെ. താങ്കളുടെ ദുഃഖത്തിൽ എന്റെ ഹൃദയവും വേദനിക്കുന്നു. നെഞ്ചകം വേദനകൊണ്ട് നിറഞ്ഞിരിക്കുന്നു. ലോകം എത്രമാത്രം അടിസ്ഥാനരഹിതമാണ്. പ്രിയപ്പെട്ടവരേയും ബന്ധുക്കളേയുംകൊണ്ട് നിറഞ്ഞ വീട് പെട്ടെന്ന് ശൂന്യമായിത്തീരുന്നു. താങ്കളുടെ സഹധർമ്മിണിയിൽ അല്ലാഹു തന്റെ കാരുണ്യം വർഷിക്കട്ടെ. അവരുടെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യേണ്ടത് നിർബന്ധമാണ്."

## റുസ്തം അലിസാഹിബിന് കത്ത്

"താങ്കൾക്കുവേണ്ടി ദുആ ചെയ്തു. അല്ലാഹു താങ്കളെ ഈ ലോകത്തും പരലോകത്തും അനുഗ്രഹിക്കുമാറാകട്ടെ.

"ദുൻയാവ് അശ്രദ്ധയുടെ ലോകമാണ്. വലിയ സൗഭാഗ്യവാൻമാർപോലും ഈ അശ്രദ്ധയുടെ ഭൂമിയിൽ വീണുപോകുന്നു. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. പ്രതാപവാനായ അല്ലാഹുവിനോട് സഹായം തേടുക. ഞാൻ താങ്കളെ ദുആയിൽ മറക്കുകയില്ല. പരിപാലനത്തിന്റെ സ്വാധീനം അതിന്റേതായ സമയത്ത് പ്രകടമാകും."

"പ്രതാപവാനായ അല്ലാഹു താങ്കളെ ദുൻയാവിലും ആഖിറത്തിലും നന്മ തന്നനുഗ്രഹിക്കട്ടെ."

അദ്ദേഹത്തിന്റെ മകൻ വഫാത്തായപ്പോൾ അനുശോചനം അറിയിച്ചുകൊണ്ടെഴുതി.

"ഈ ദുഃഖത്തിനു പകരം ഹൃദയസന്തോഷം അല്ലാഹു താങ്കൾക്ക് നൽകട്ടെ." ആമീൻ.

"അല്ലാഹു താങ്കളെ ദുൻയാവിലെ അന്ധകാരത്തിൽനിന്നു രക്ഷി

Scanned with CamScanner

ക്കട്ടെ. പര്യവസാനം ശുഭമാക്കിത്തീർക്കട്ടെ. ഞാൻ താങ്കൾക്കുവേണ്ടിയും ചൗദ്ദരി മുഹമ്മദ് ബഘ്ശ് സാഹിബിനുവേണ്ടിയും ദുആ ചെയ്യുന്നു. സുഖവിവരങ്ങൾ അറിയിച്ചുകൊണ്ടിരിക്കുക.

"ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യുന്നു. താങ്കൾക്ക് നേരിടുന്ന വിഷമങ്ങളിൽനിന്ന് അല്ലാഹു താങ്കളെ മോചിപ്പിക്കട്ടെ."

സിറാജെമുനീർ എന്ന ഗ്രന്ഥം അച്ചടിക്കാൻ റുസ്തം അലിസാഹിബ് സഹായിച്ചപ്പോൾ അതിന് മറുപടി ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതി:

"താങ്കളുടെ ദീനിനോടുള്ള സഹാനുഭൂതി അറിയുമ്പോൾ താങ്കൾക്കായി ദുആ ഉയർന്നുകൊണ്ടിരിക്കുന്നു. പ്രതാപവാനായ അല്ലാഹു താങ്കളെ ദീനീകാര്യങ്ങളിലും പരലോകത്തിലും സ്തുത്യർഹൻ ആക്കിതീർക്കട്ടെ."

ഹസ്റത്ത് മസീഹ് മൗഊദ് (അ) വീണ്ടും പറയുന്നു:

"ആ യഥാർത്ഥ യജമാനനു പുറമെ ആരേയും ഈ ലോകത്തു ഞാൻ ആശ്രയിക്കുന്നവനാകുകയില്ല. അവൻ എനിക്ക് അഭയം നൽകി. എല്ലാ ശാപത്തിൽനിന്നും എന്നെ രക്ഷിക്കുന്നതാണ്.

*ഫൽഹം ദു ലില്ലാഹി അവ്വലഹും വ ആഖിറഹും വളാഹിറഹും വ ബാത്വിനഹും വഹുവ വലിയ്യിഫിദ്ദുൻയാ വൽ ആഖിറ വഹുവ  നിഅ്മൽ മൗലാ വനിഅ്മന്നസ്വീർ.*

"അവൻ എന്നെ സഹായിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നെ ഒരിക്കലുമൊരിക്കലും നഷ്ടത്തിലാക്കുകയില്ല. ലോകം മുഴുവൻ എനിക്കെതിരായി തിരിഞ്ഞാലും എന്നെ കല്ലെറിഞ്ഞാലും അവൻ എന്നെ കൈവെടിയുകയില്ല. അപചയത്തോടുകൂടി ഞാൻ ഖബ്റിൽ പ്രവേശിക്കുകയില്ല. കാരണം എന്റെ അല്ലാഹു എന്റെ ഓരോ ചുവടിലും എന്നോടൊപ്പമുണ്ട്. ഞാൻ അവനോടൊപ്പമാണ്. എന്റെ ഹൃദയം അവൻ മാത്രമാണ് അറിയുന്നത്. എല്ലാവരും എന്നെ ഉപേക്ഷിച്ചാലും അല്ലാഹു മറ്റൊരു ജനതയെ സൃഷ്ടിക്കും. അവർ എന്റെ ആത്മീയ സഹോദരങ്ങളായിരിക്കും."

*(1-9-2000 ബയ്ത്തുർറശീദ്, ഹംബർഗ് ജർമ്മനി)*

Scanned with CamScanner

# പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് അല്ലാഹു വെളിപ്പെടുത്തിയ ദൃഷ്ടാന്തങ്ങൾ

هُوَ الْحَيُّ لَآ إِلٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ الدِّينَ ۗ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۝

അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ അവനുമാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുവിൻ. സർവസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു. (40:66)

ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത പ്രാർത്ഥനകളുടെ പരമ്പരയാണ് ഖുത്ബകളിൽ തുടർന്നുവരുന്നത്. ഇനി ഞാൻ വിവരിക്കാൻ പോകുന്നത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതകാലത്തുതന്നെ അല്ലാഹു സ്വീകരിച്ച പ്രാർത്ഥനകളിൽ ചിലതാണ്. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് വെളിപ്പെടുത്തിയിട്ടുള്ള നിരവധി ദൃഷ്ടാന്തങ്ങൾ നമുക്ക് കാണാൻ കഴിയും. അല്ലാഹു എനിക്ക് തൗഫീഖ് നല്കിയാൽ, സ്വഹാബത്തിന് ഇതുസംബന്ധമായുണ്ടായ അനുഭവങ്ങളും അവരുടെ വാക്കുകളിൽ തന്നെ ഞാൻ വിവരിക്കുന്നതാണ്.

വിഷയം ആരംഭിക്കുന്നതിന് മുമ്പ് റാവൽപിണ്ടിയിൽനിന്ന് ഒരു വ്യക്തി എനിക്കെഴുതിയ കത്തിനെ സംബന്ധിച്ച് പറയട്ടെ. അയാളുടെ കത്തിലെ വിഷയം ഞാനെന്റെ വാക്കുകളിലൂടെയാണ് പറ

Scanned with CamScanner

യുന്നത്. അയാൾ എന്നെക്കുറിച്ച് പറയുന്നു: "താങ്കൾ കുറിപ്പുനോക്കാതെ നേരിട്ട് ഖുത്ബ കൊടുത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിൽ പ്രത്യേകമായ സൗന്ദര്യവും ഗാംഭീര്യവും അടങ്ങിയിരുന്നു. ഇപ്പോൾ താങ്കളുടെ ബുദ്ധിയിൽ ക്ഷയം സംഭവിച്ചതായിട്ടാണ് മനസ്സിലാകുന്നത്. അതുകൊണ്ടാണല്ലോ താങ്കൾക്ക് നോക്കി വായിക്കേണ്ടിവരുന്നത്. താങ്കളുടെ ദൃഷ്ടി കടലാസിൽനിന്ന് ഉയരുന്നതേയില്ല. നേരിട്ട് ഖുത്ബ ഓതാൻ താങ്കൾക്ക് സാധിക്കുന്നില്ല. ആദ്യകാലങ്ങളിലെ ഖുത്ബകളിൽ ആകർഷണശക്തിയും ഗാംഭീര്യവും ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ അതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു." ഞാൻ ആ 'മാന്യവ്യക്തിയോട്' പറയുന്നു, താങ്കൾക്ക് ജമാലാണ് ആവശ്യമെങ്കിൽ അല്ലാഹുതആല അവന്റെ സൗന്ദര്യംകൊണ്ട് താങ്കളിലുള്ള എല്ലാ അന്ധകാരവും അകറ്റുമാറാകട്ടെ. ഹൃദയത്തിന് വെളിച്ചം തന്നരുളട്ടെ. അഹ്മദിയ്യത്തിൽ പൂർണമായ വിശ്വാസം നല്കട്ടെ. താങ്കൾ അല്ലാഹുവിന്റെ ജലാലാണ് ആഗഹിക്കുന്നതെങ്കിൽ എന്റെ പ്രാർത്ഥനയും അഭ്യർത്ഥനയും ഇതൊന്നു മാത്രമാണ്. താങ്കൾ എനിക്കെതിരിൽ *ലഅ്നത്തുല്ലാഹി അലൽകാദിബീൻ* ചൊല്ലുക. ഞാൻ താങ്കൾക്കെതിരിലും ലഅ്നത്ത് ചൊല്ലാം. 2 കോടി, 4 കോടി ബയ്അത്തുകൾ നടന്നുവെന്ന് ഞാൻ പറയുമ്പോൾ അതെല്ലാം വെറുതെയാണ്, കളവാണ് എന്നൊക്കെയാണ് താങ്കൾ കരുതുന്നത്. ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു: ഞാൻ പറഞ്ഞതെല്ലാം സത്യമാണ്; ഒന്നുപോലും അതിൽ കളവില്ല. അതുകൊണ്ട് താങ്കൾക്ക് വേണ്ടത് ജലാലാണെങ്കിൽ, എനിക്കെതിരിൽ ലഅ്നത്ത് ചൊല്ലാൻ ഞാൻ താങ്കളെ ക്ഷണിക്കുന്നു. അല്ലാഹുവിന്റെ കോപം താങ്കളിൽ ഇറങ്ങിയാൽ അത് താങ്കളെ കഷണം കഷണമാക്കുമെന്ന് എനിക്കറിയാം. എങ്കിലും ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യുന്നു: അല്ലാഹു അവന്റെ കോപത്തിൽനിന്നു താങ്കളെ രക്ഷിക്കട്ടെ. മനസ്സിന്റെ സംഘർഷത്തിൽനിന്നും ദുർബോധനത്തിൽനിന്നും അല്ലാഹു താങ്കളെ കാക്കട്ടെ.

ദൈവാനുഗ്രഹത്താൽ ഞാൻ നിരവധി ചോദ്യോത്തരവേദികളിൽ ഒരു കുറിപ്പും കൂടാതെ മറുപടി പറയുന്നത് അയാൾക്ക് കാണാൻ കഴിഞ്ഞിട്ടില്ല. മനസ്സിലാക്കാനും അയാൾക്ക് സാധിച്ചില്ല. ഈയടുത്ത് ജർമനയിൽ മാത്രം എത്രയെത്ര സദസ്സുകളിലാണ്

Scanned with CamScanner

ഞാൻ മറുപടി പറഞ്ഞത്. എന്റെ കൈയിൽ കുറിപ്പുകൾ വല്ലതും ഉണ്ടായിരുന്നുവോ? അവിടെ അല്ലാഹുവിന്റെ ജലാലിനെക്കുറിച്ച് ഞാൻ പറയുമ്പോൾ സദസ്സ് തക്ബീർ ധ്വനികൾ മുഴക്കുകയായിരുന്നു. അല്ലാഹുവിന്റെ ജമാലിനെക്കുറിച്ചു പറയുമ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റേയും ആ മഹാത്മാവിന്റെ സ്വഹാബിമാരുടേയുംമേൽ ശാന്തിയും സമാധാനവും ഉണ്ടാകാൻ അവർ ദുആ ചെയ്യുകയായിരുന്നു. ജനങ്ങളുടെ കണ്ണുകളിൽ ദൃഷ്ടി നട്ടാണ് ഞാൻ മറുപടി നൽകിയിരുന്നത്. അതൊന്നും അയാൾ കണ്ടില്ല. കണ്ണടച്ചിരിക്കുന്നവൻ എന്തു കാണാനാണ്. എന്തായാലും താങ്കളുടെ കാര്യം ഞാൻ അല്ലാഹുവിന് വിടുന്നു. ഏറ്റവും നല്ല വിധികർത്താവ് അവൻ തന്നെയാണ്. ഞാൻ വിളംബരം ചെയ്ത ബയ്അത്തുകൾ നടന്നിട്ടുള്ളതു തന്നെയാണ്. അതിൽ ഒരു സംശയവും വേണ്ട. ഇനിയും ഇൻശാഅല്ലാഹ് അതുപോലെതന്നെ ഉണ്ടായിക്കൊണ്ടിരിക്കും. താങ്കൾ ഇതു വിശ്വസിക്കുന്നില്ലെങ്കിൽ എനിക്ക് താങ്കളോടു പറയാനുള്ളത് *മൂത്തൂ ഗയ്ളിക്കും* താങ്കളുടെ രോഷത്താൽ താങ്കളുടെ ഹൃദയം പൊട്ടിപ്പിളരട്ടെ. ഇതല്ലാതെ മറ്റൊന്നും എനിക്ക് പറയാനില്ല. അടുത്തവർഷവും ബയ്അത്തുകൾ നടക്കാൻ പോകുന്നു. അതുകൊണ്ട് തയ്യാറായിരിക്കുക.

ഇനി ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികൾ കേൾപ്പിക്കാം. ഇതു നിർബന്ധമായും കേൾപ്പിക്കപ്പെടേണ്ടതുതന്നെയാണ്. ഇവയൊന്നും ഹൃദിസ്ഥമാക്കിപ്പറയാൻ കഴിയുന്ന കാര്യമല്ല. ഇതെല്ലാം ഹൃദിസ്ഥമാക്കാൻ സാധ്യമേയല്ല.

## ഈമാൻ പ്രകാശിക്കുന്ന സംഭവങ്ങൾ

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "അല്ലാഹു സ്വീകരിച്ചിട്ടുള്ളവരെ തിരിച്ചറിയുന്നതിന് അവരുടെ ദുആസ്വീകാര്യത ഒരു വലിയ ദൃഷ്ടാന്തമാണ്." (ഈ വിനീതന്റെ ദുആ സ്വീകരിക്കപ്പെട്ടത്, നേരിട്ടനുഭവിച്ചിട്ടുള്ള ധരാളം അഹ്മദികൾ ഇന്ന് ജമാഅത്തിലുണ്ട്) ഹസ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു: "ദുആ സ്വീകരിക്കപ്പെടുന്നതുപോലുള്ള വിശിഷ്ടമായ ദൃഷ്ടാന്തം മറ്റൊന്നില്ല. കാരണം, ഒരാൾക്ക് ദൈവിക സന്നിധിയിലുള്ള സ്വീകാര്യതയും മാന്യതയും അയാളുടെ ദുആ സ്വീകരിക്കുന്നതിലൂടെ വെളിപ്പെടുന്നു. എപ്പോഴും എല്ലായിടത്തും ദുആ സ്വീകരിക്കപ്പെട്ടുകൊള്ളണ

മെന്നില്ല. ഇടയ്ക്കിടെ അല്ലാഹു അവന്റെ സ്വന്തം ഹിതാനുസരണം പ്രവർത്തിക്കാറുണ്ട്. ദൈവികസന്നിധിയിൽ സ്വീകരിക്കപ്പെട്ടവരുടെ മറ്റൊരു അടയാളം മറ്റുള്ളവരെ അപേക്ഷിച്ച് അവരുടെ ദുആകൾ അധികം സ്വീകരിക്കപ്പെടുന്നു എന്നതാണ്. ഇതിൽ ഒരു സംശയവുമില്ല. അതിനോട് കിടപിടിക്കാൻ ആർക്കും സാധ്യമല്ല. ഞാൻ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തു പറയുന്നു. എന്റെ ആയിരക്കണക്കിന് ദുആകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം ഞാനെഴുതിത്തുടങ്ങിയാൽ അതൊരു വൻഗ്രന്ഥമായിത്തീരും."

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൾ അല്ലാഹു സ്വീകരിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്തതിനുള്ള ചില സംഭവങ്ങൾ മാതൃകയെന്നോണം ഞാൻ കേൾപ്പിക്കാം. നുസൂലുൽ മസീഹ്, തിർയാഖുൽഖുലൂബ്, ഹഖീഖത്തുൽ വഹ്യ്, ബറാഹീനെ അഹ്മദിയ്യാ എന്നീ ഗ്രന്ഥങ്ങളിൽ നിന്നാണ് ഈ സംഭവങ്ങൾ വിവരിക്കുന്നത്. മസീഹ് മൗഊദ് (അ) പറയുന്നു:

"ഒരിക്കൽ പണത്തിന് വളരെ ബുദ്ധിമുട്ടുണ്ടായി. വിവരം ഈ നാട്ടുകാരായ ലാലാശരംപത്തിനും ലാലാമലാവമല്ലിനും നല്ലവണ്ണം അറിയാമായിരുന്നു. പണത്തിനുള്ള ഞെരുക്കം ഇപ്പോൾ നീക്കാൻ പറ്റുകയില്ലെന്നും അവർക്കറിയാമായിരുന്നു. ഈ ബുദ്ധിമുട്ട് നീങ്ങിക്കിട്ടാനും അതവർക്ക് അടയാളമായിത്തീരാനും വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യാനുള്ള ഒരു ഉത്സാഹം അപ്പോൾ എന്നിലുണ്ടായി. ഞാൻ ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി: ***ദസ് ദിൻ കെ ബഅ്ദ് മെ മൗജ് ദിഖാത്താഹും*** പത്തുദിവസത്തിനുശേഷം എന്റെ തിരയടിക്കുന്നത് ഞാൻ കാണിക്കും.' ഈ പ്രവചനം മുകളിൽപ്പറഞ്ഞ ആ രണ്ടുപേരുടെ സാന്നിധ്യത്തിൽതന്നെ പുലരുകയുണ്ടായി. പത്തുദിവസംവരെ എവിടെനിന്നും ഒരു പൈസയും വന്നില്ല. പതിനൊന്നാംദിവസം മുഹമ്മദ് അഫ്സൽഖാൻ സാഹിബ് റാവൽപിണ്ടിയിൽനിന്ന് 110 രൂപ അയച്ചു."

മുകളിൽ ഞാൻ പറഞ്ഞ കത്തെഴുതിയ ആളും റാവൽപിണ്ടിക്കാരനാണ്. ഇവിടെ മസീഹ് മൗഊദ് (അ)ന് പണം അയച്ചുകൊടുത്ത മുഹമ്മദ് അഫ്സൽഖാൻ സാഹിബ് എന്ന ആളും റാവൽപിണ്ടിക്കാരാനാണ്. ഇദ്ദേഹത്തിന്റെ ജീവിച്ചിരിക്കുന്ന മക്കളും ഇതിന്

Scanned with CamScanner

സാക്ഷിയായിരിക്കും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "20 രൂപ മറ്റൊരു സ്ഥലത്തുനിന്നും വന്നു. പിന്നീട് പ്രതീക്ഷിക്കാത്ത സ്ഥലത്തുനിന്നൊക്കെ പണം വരാൻ തുടങ്ങി."

"പട്ട്യാല പ്രധാനമന്ത്രിയായിരുന്ന ഖലീഫ സയ്യിദ് മുഹമ്മദ് ഹസ്സൻ സാഹിബ് ഏതോ കടുത്ത വിഷമത്തിലകപ്പെട്ടിരുന്നു. തനിക്കുവേണ്ടി ദുആ ചെയ്യാൻ അദ്ദേഹം അപേക്ഷിച്ചുകൊണ്ടിരുന്നു. സന്ദർഭവശാൽ ഒരു പ്രാവശ്യം ഇങ്ങനെ ഇൽഹാമുണ്ടായി.

*ചൽ രഹീ ഹെ നസീമ് റഹ്മത്ത്കീ*

*ജോ ദുആ കീജിയേ ഖബൂൽ ഹെ ആജ്*

"അനുഗ്രഹദായകമായ പ്രഭാതത്തിലെ കുളിർതെന്നൽ വീശിക്കൊണ്ടിരിക്കുന്നു. ഇന്ന് എന്തു ദുആ ചെയ്താലും അവയൊക്കെ സ്വീകരിക്കപ്പെടും."

ഇവിടെ സന്ദർഭവശാൽ എന്നു പറഞ്ഞുകൊണ്ടുള്ള ഉദ്ദേശ്യം, പദ്യരൂപത്തിലിറങ്ങിയ ഈ ഇൽഹാം സന്ദർഭോചിതമായി അറിയിച്ചു എന്നാണ്.

"അപ്പോൾ അദ്ദേഹത്തിന് വേണ്ടി ദുആ ചെയ്യേണ്ട കാര്യം എനിക്കോർമ വന്നു. ഞാൻ ദുആ ചെയ്തതിനുശേഷം അദ്ദേഹത്തിനു കത്തെഴുതി. അതിൽ വിവരങ്ങളെല്ലാം പറഞ്ഞിരുന്നു. കുറച്ചുദിവസത്തിനുശേഷം അദ്ദേഹം ആ പരീക്ഷണത്തിൽനിന്ന് വിമുക്തനായി. ആ വിവരം കത്തുമുഖേന എന്നെ അറിയിക്കുകയും ചെയ്തു.

"ലുധിയാനയിലെ ഒരു പ്രമുഖ വ്യക്തിയായ അലി മുഹമ്മദ് മർഹൂം തനിക്ക് ജീവിതവിഭവ ലബ്ധിക്കുള്ള മാർഗ്ഗം തടസ്സപ്പെട്ടിരിക്കുന്നുവെന്നും, ആ തടസ്സങ്ങൾ നീങ്ങാൻ ദുആ ചെയ്യണമെന്നും പറഞ്ഞ് ഒരു ദിവസം എനിക്ക് കത്തെഴുതി. ഞാൻ ദുആ ചെയ്തു. അല്ലാഹുതആല ഇൽഹാമിലൂടെ എന്നെ അറിയിച്ചു: 'വഴി തുറക്കപ്പെടും' ഈ വിവരം ഞാൻ അദ്ദേഹത്തെ അറിയിച്ചു. 2, 3 ദിവസത്തിനുശേഷം അദ്ദേഹത്തിന് നേരിട്ട തടസ്സങ്ങൾ നീങ്ങിക്കിട്ടി. അദ്ദേഹത്തിന്റെ വിശ്വാസം അതോടെ പതിന്മടങ്ങ് ദൃഢീകരിച്ചു. പിന്നീടൊരു ദിവസം തന്റെ ചില സ്വകാര്യകാര്യങ്ങൾക്കുവേണ്ടി ദുആ

Scanned with CamScanner

ചെയ്യണമെന്ന് പറഞ്ഞ് അദ്ദേഹം കത്തെഴുതി. അദ്ദേഹം കത്തെഴുതുമ്പോൾ തന്നെ അതിലെ വിഷയത്തെ സംബന്ധിച്ച് അല്ലാഹു എന്നെ അറിയിച്ചു. (നോക്കുക എത്ര മഹത്തായ മുഅ്ജിസയാണിത് അദ്ധേഹം അവിടന്ന് കത്തെഴുതുമ്പോൾ തന്നെ അതിലെ കാര്യങ്ങൾ അല്ലാഹു മസീഹ് മൗഊദ് (അ)നെ അറിയിക്കുന്നു.) ഈ രീതിയിലുള്ള കത്ത് താങ്കൾ എനിക്കെഴുതുമെന്ന് അറിയിച്ച് ഞാനുടനെ അദ്ദേഹത്തിന് കത്തെഴുതി. രണ്ടാമത്തെ ദിവസം അദ്ദേഹമെഴുതികയ കത്ത് എനിക്കുകിട്ടി. ഞാനെഴുതിയ കത്ത് അദ്ദേഹത്തിന് കിട്ടിയപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ടുപോയി. എങ്ങനെയാണ് തന്റെ സ്വകാര്യം ഹസ്റത്ത് മസീഹ് മൗഊദ് (അ) അറിഞ്ഞത്! അതോടെ എല്ലാം മറന്നുള്ള വിശ്വാസം അദ്ദേഹത്തിന് എന്നിലുണ്ടായി."

തുടക്കത്തിൽ പറഞ്ഞ ആ റാവൽപിണ്ടിക്കാരൻ എനിക്കെഴുതിയ കത്തിൽ ഖുത്ബ ഒരു കുട്ടിക്കുപോലും നോക്കി വായിക്കാവുന്നതേയുള്ളൂ എന്ന് ആക്ഷേപിച്ചിട്ടുണ്ട്. ജമാഅത്തിലെ മഹാത്മാക്കൾ ഖുത്ബ നോക്കി ഓതിയിരുന്ന കാലമൊന്നും അദ്ദേഹത്തിന് ഓർമയില്ല. ഒരു കുട്ടിക്ക് ഖുത്ബ ഓതാൻ സാധ്യമല്ല. അതയാളുടെ കളവാണ്. കാരണം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചു വ്യാഖ്യാനിക്കുക എന്നത് നിസ്സാരകാര്യമല്ല. അതിൽ അഗാധമായ അർത്ഥങ്ങൾ അടങ്ങിയിട്ടുണ്ടാകും. അവ വായിക്കാൻ ചിന്തയും സൂക്ഷ്മതയും അനിവാര്യമാണ്.

തിർയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ഒരു സുഹൃത്ത് നിർണായകമായ ഒരു ഘട്ടത്തിൽ എനിക്ക് കത്തെഴുതി. തന്റെ സഹോദരൻ ഒരു കേസ്സിൽ കുടുങ്ങിയിരിക്കുന്നുവെന്നും രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗവും കാണുന്നില്ലെന്നും അവന്റെ മോചനത്തിനായി ദുആ ചെയ്യണമെന്നും അപേക്ഷിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്. അന്ന് രാത്രി ദുആ സ്വീകാര്യതയുടെ പരിശുദ്ധമായ സമയം എനിക്കു കരസ്ഥമായി. അതിനെ സംബന്ധിച്ച് ദുആ സ്വീകരിക്കപ്പെടുന്ന ലക്ഷണങ്ങൾ ഒരു ആര്യസമാജക്കാരനോടു ഞാൻ പറയുകയും ചെയ്തു. കുറച്ചു ദിവസത്തിനുശേഷം, ആ കേസ്സിലെ അന്യായക്കാരൻ അപ്രതീക്ഷിതമായി

Scanned with CamScanner

മരിച്ച കാരണത്താൽ കേസ്സ് തള്ളപ്പെട്ടു എന്നു കാണിച്ചുകൊണ്ടുള്ള ആ സുഹൃത്തിന്റെ കത്ത് എനിക്കു ലഭിച്ചു. ഫൽഹംദുലില്ലാഹി അലാദാലിക്ക്.

"ജമാഅത്തിലെ ഉന്നതരും സാത്വികരുമായ വിശ്വാസികളിൽപ്പെട്ട മദ്റാസിലെ വ്യാപാരിയായ സേട്ട് അബ്ദുർറഹ്മാൻ സാഹിബ് കുറച്ചുവർഷം മുമ്പ് ഖാദിയാനിൽ വന്നു. വ്യാപാരത്തിൽ അദ്ദേഹത്തിന് കുറച്ചു വിഷമങ്ങളുണ്ടായിരുന്നു. അദ്ദേഹം ദുആ ചെയ്യാൻ അപേക്ഷിച്ചു. അല്ലാഹു എന്നിൽ ഇൽഹം ഇറക്കി. അത് താഴെ രേഖപ്പെടുത്തുന്നു.

*ഖാദിർ ഹെ വൊ ബാറഗഃ- ടൂട്ടാ കാമ് ബനാവേ*

*ബനാബനായ തോഡ്ദേ കോയി ഉസ്കാ ഭേദ് നഃപാവേ.*

"ഈ ഇൽഹാമീ വചനത്തിന്റെ വിവക്ഷിതം ഇങ്ങനെയാണ്. ഉടഞ്ഞ പ്രവൃത്തികൾ അല്ലാഹു ശരിയാക്കിത്തീർക്കുന്നതാണ്. എന്നാൽ കുറച്ചു കാലത്തിനുശേഷം ആ ശരിപ്പെടുത്തിയ കാര്യങ്ങൾ ഉടയ്ക്കുന്നതുമാണ്. എനിക്കുണ്ടായ ഈ ഇൽഹാം ഞാൻ സേട്ട് സാഹിബിനോട് പറഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ അല്ലാഹു തആല അദ്ദേഹത്തിന്റെ വ്യാപാരത്തിൽ ശോഭ വിതറി. അദൃശ്യപരമായ നിലയിൽ സാമ്പത്തികമായ നേട്ടം അദ്ദേഹത്തിനുണ്ടായി. പിന്നീട് കുറേ കഴിഞ്ഞപ്പോൾ ആ ശരിയായിവന്ന കാര്യങ്ങൾ വീണ്ടും ഉടഞ്ഞുപോയി.

"സേട്ട് അബ്ദുർറഹ്മാൻ സാഹിബിന് ക്യാൻസർരോഗം പിടിപ്പെട്ടു. അത് നാശകരമായ ഒരു വ്രണം ആണ്. തനിക്ക് വേണ്ടി ദുആ ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് അദ്ദേഹം എനിക്ക് ഒരു കമ്പി സന്ദേശം അയച്ചു. അദ്ദേഹത്തിന്റെ രോഗവിവരം അറിഞ്ഞപ്പോൾ എനിക്ക് വളരെ വിഷമം തോന്നി. രാവിലെ 9 മുതൽ ഞാൻ ആ വിഷമാവസ്ഥയിൽത്തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ എനിക്കൊരു മയക്കും വന്നു. എന്റെ തല കുനിഞ്ഞു. അപ്പോൾ '*ആസാരെസിൻദഗീ*' എന്ന ഒരു ഇൽഹാം എനിക്കുണ്ടായി. ജീവിതത്തിന്റെ അടയാളങ്ങൾ എന്നാണ് അതിന്റെ വിവക്ഷിതം. കുറച്ചു കഴിഞ്ഞപ്പോൾ 'സുഖമുണ്ട്, ഒരു പരിഭ്രമവുമില്ല' എന്നറിയിച്ചുകൊണ്ട് ഒരു ടെലഗ്രാം വന്നു. പിന്നീട് അദ്ദേഹത്തിന്റെ സഹോദ

Scanned with CamScanner

രൻ സാലിഹ് മുഹമ്മദിന്റെ കത്ത് എനിക്കു കിട്ടി. അതിലെ വിഷയം ഇതായിരുന്നു. 'സേട്ട് സാഹിബ് അദ്യമേതന്നെ പ്രമേഹരോഗിയായിരുന്നു. ഇക്കാരണത്താൽ വ്രണം സുഖപ്പെടുക എന്നത് ദുഷ്കരമാണ്' ഇതറിഞ്ഞപ്പോൾ വീണ്ടും ദുഃഖവും ചിന്തയുമുണ്ടായി. അത് അതിന്റെ പാരമ്യതയെ പ്രാപിച്ചു. കാരണം ഞാൻ സേട്ട് സാഹിബിനെ വളരെ ആത്മാർത്ഥതയുള്ളതായി അറിഞ്ഞിരുന്നു. അദ്ദേഹം തന്റെ പ്രവൃത്തികളിലൂടെ അത് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ലങ്കർഖാനയ്ക്കുവേണ്ടി 2300 രൂപ വീതം മാസംതോറും സന്തോഷത്തോടുകൂടി അദ്ദേഹം ചെലവഴിച്ചിരുന്നു. അല്ലാഹുവിന്റെ തൃപ്തിയല്ലാതെ മറ്റൊന്നും അതിന്റെ പിന്നിലില്ലായിരുന്നു. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യേണ്ടത് നമ്മുടെ കടമയാണ്. അമാനുഷികമായ നിലയിൽ ഹൃദയം തുടിക്കാൻ തുടങ്ങി. രാപ്പകലില്ലാതെ അദ്ദേഹത്തിനുവേണ്ടി ഞാൻ ദുആചെയ്തു. അതുകൊണ്ടുതന്നെ അമാനുഷികമായ ഫലം അല്ലാഹു വെളിപ്പെടുത്തി. നാശകരമായ ആ രോഗത്തിൽനിന്ന് അല്ലാഹു അദ്ദേഹത്തിന് സുഖം നല്കി. അദ്ദേഹം എനിക്കെഴുതി: അങ്ങയുടെ ദുആകൊണ്ട് അല്ലാഹുതആല മുഅ്ജിസത്ത് കാണിച്ചിരിക്കുന്നു. ജീവിക്കുമെന്നുള്ള പ്രതീക്ഷതന്നെ നഷ്ടപ്പെട്ടുപോയതാണ്. ഓപ്പറേഷനുശേഷം മുറിവ് ഉണങ്ങിത്തുടങ്ങിയപ്പോൾ തൊട്ടടുത്ത് വേറൊരു വ്രണം വെളിപ്പെട്ടു. വീണ്ടും ചിന്താകുലനായി. പിന്നീട് അത് ക്യാൻസറല്ലെന്ന് മനസ്സിലായി. കുറച്ചുദിവസങ്ങൾക്കുശേഷം പൂർണമായും സുഖം ലഭിച്ചു.

"ഒരിക്കൽ അമ്പതുരൂപയുടെ അത്യാവശ്യമുണ്ടായി. ജീവിതം അല്ലാഹുവിനുവേണ്ടി ഉഴിഞ്ഞ് വെച്ചിട്ടുള്ളവർക്കും ചിലപ്പോൾ അത്തരം സന്ദർഭം ഉണ്ടാകാറുണ്ട്. അത്തരം ഒരു സന്ദർഭമാണ് എനിക്കുണ്ടായത്. ആ സമയത്ത് എന്താണ് ചെയ്യേണ്ടതെന്ന് എനിക്ക് നിശ്ചയമുണ്ടായില്ല. ആ അത്യാവശ്യം എന്നിൽ പ്രത്യേകമായ ഒരു വികാരമുണ്ടാക്കിത്തീർത്തു. അപ്പോൾ ദുആ ചെയ്യാൻ അതെന്നെ ശക്തിയായി പ്രേരിപ്പിച്ചു. ഞാൻ ഒരു നദിയുടെ കരയിൽ ഒഴിഞ്ഞ ഒരിടത്ത് മാറിയിരുന്ന് ദുആ ചെയ്തു. ഖാദിയാനിൽനിന്ന് മൂന്നു നാഴിക ദൂരെയായിരുന്നു ആ സ്ഥലം. ദുആ ചെയ്തു കഴിഞ്ഞയുടനെ അല്ലാഹു എന്നോടു പറഞ്ഞു: 'നിന്റെ ദുആ എത്രവേഗമാണ് ഞാൻ സ്വീകരിച്ചതെന്ന് നോക്കുക' അപ്പോൾ എനിക്ക് സന്തോഷമായി. ഞാനവിടെ നിന്നു ഖാദിയാനിലേക്ക് നടന്നു. വല്ല കത്തും

Scanned with CamScanner

വന്നിട്ടുണ്ടോ എന്നറിയാൻ നേരെ പോയത് ബസാറിലേക്കാണ്. 50 രൂപ ലുധിയാനയിൽനിന്ന് ആരോ അയച്ചിട്ടുണ്ടെന്നുള്ള വിവരം പോസ്റ്റുമാസ്റ്ററിൽ നിന്നറിഞ്ഞു. അത് ആ ദിവസമോ അടുത്തദിവസമോ എനിക്കു കിട്ടുകയും ചെയ്തു."

"ഒരിക്കൽ മിസ്തരി നിസാമുദ്ദീൻ എന്നു പേരായ നമ്മുടെ ജമാഅത്തിൽപ്പെട്ട ഒരാൾ സിയാൽക്കോട്ട് നിന്ന് എനിക്കൊരു കത്തെഴുതി. അതിൽ അദ്ദേഹം പറയുന്നു: 'എനിക്കെതിരിൽ എതിരാളികൾ ഒരു കേസ് കൊടുത്തിരിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടാൻ ഒരു മാർഗവും കാണുന്നില്ല. എനിക്ക് വളരെ ഭയമുണ്ട്. എന്നെ ഈ വലയിൽ അകപ്പെടുത്തി നിന്ദിക്കണമെന്നാണ് ശത്രുക്കൾ ആഗ്രഹിക്കുന്നത്. അവർ വളരെ സന്തോഷത്തിലാണ്. ഭൗതിക മാർഗങ്ങളിലെല്ലാം ഞാൻ നിരാശിതനാണ്. അതുകൊണ്ട് എനിക്കു വേണ്ടി ദുആ ചെയ്യാൻ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ഇതിൽനിന്ന് സ്വതന്ത്രനായാൽ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് 50 രൂപ ഞാൻ അങ്ങയുടെ പേരിൽ ഇസ്‌ലാമിക സേവനത്തിനായി അയക്കുന്നതാണ്.'

"അദ്ദേഹത്തിന്റെ കത്ത് ഞാൻ പലരേയും കാണിച്ചു. ധാരാളം ദുആ ചെയ്യുകയും ഈ വിവരം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. കുറച്ചുദിവസത്തിനുശേഷം അദ്ദേഹം അയച്ച 50 രൂപയും കത്തും എനിക്കു കിട്ടി. അല്ലാഹു ആ നാശത്തിൽനിന്ന് തന്നെ രക്ഷിച്ച സുവാർത്തയായിരുന്നു കത്തിൽ.

"കുറച്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വേറൊരു കത്ത് കിട്ടി. സർക്കാർ വക്കീൽ പ്രസ്തുത വിധി തെറ്റാണെന്ന് കാണിച്ച് ഡപ്യൂട്ടി കമ്മീഷണർക്ക് അപ്പീൽ കൊടുത്തിരിക്കുന്നുവെന്നും, വക്കീലിന്റെ ആവശ്യം അംഗീകരിച്ച് അദ്ദേഹം അത് ഇംഗ്ലീഷിൽ തർജമ ചെയ്ത് ശിപാർശയോടുകൂടി കമ്മീഷണർ ബഹാഉദ്ദീന്റെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നുവെന്നുള്ള വിവരമായിരുന്നു അതിൽ. ഈ പരിതഃസ്ഥിതിയിൽ തനിക്ക് വിഷമം നേരിട്ടിരിക്കുന്നുവെന്നും കേസ്സിൽനിന്ന് മോചിതനായാൽ അല്ലാഹുവിനോടുള്ള നന്ദിസൂചകമെന്ന നിലയിൽ 50 രൂപയുമായി താങ്കളെ നേരിൽ കാണാൻ വരുമെന്നും അതുകൊണ്ട് ദുആ ചെയ്യണമെന്നും അദ്ദേഹം ആ കത്തിൽ പറഞ്ഞിരുന്നു. ഞാൻ അദ്ദേഹത്തിനുവേണ്ടി ദുആ

Scanned with CamScanner

ചെയ്തു. ഒന്ന് രണ്ടാഴ്ചക്കുശേഷം മിസ്തരി നിസാമുദ്ദീന്റെ കത്ത് വന്നു. അതു ഞാൻ താഴെ രേഖപ്പെടുത്തുന്നു.

ബിസ്മില്ലാഹിർറഹ്മാനിർറഹീം നഹ്മദുഹു വലുസ്വല്ലി അലാ റസൂലിഹിൽ കരീം.

മസീഹനാ വ മഹ്ദിയ്യനാ ഹസ്റത്ത് ഹുജ്ജത്തുല്ലാഹി അലൽ അർള്. അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു.

അല്ലാഹുതആല വീണ്ടും എന്നോടു കരുണ കാണിച്ചിരിക്കുന്നു. കമ്മീഷണർ സാഹിബ് അവരുടെ അപ്പീൽ തള്ളിക്കളഞ്ഞിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈയുള്ളവർ രണ്ടാഴ്ചയ്ക്കുള്ളിൽ ഹുസൂറിന്റെ തിരുസന്നിധിയിൽ ഹാജരാകുന്നതാണ്. ഞാൻ മുമ്പേ നിശ്ചയിച്ചിട്ടുള്ള 50 രൂപയും കൊണ്ടുവരുന്നതാണ്.

“റാവൽപിണ്ടി നിവാസിയായ സർദാർഖാൻ, അദ്ദേഹത്തിന്റെ സഹോദരൻ ശാഹ്നാവാസ്ഖാൻ ഒരു കേസിൽ കുടുങ്ങിയിരിക്കുന്നുവെന്നും അതിൽനിന്ന് മോചനം കിട്ടൻ ദുആ ചെയ്യണമെന്നും പറഞ്ഞുകൊണ്ട് എനിക്ക് കത്തെഴുതിയിരുന്നു. ശാഹ്നവാസ്ഖാൻ ഒരു എതിർകക്ഷിയോടൊപ്പം കോടതിയിൽ ജാമ്യം നിന്നിരുന്നു. ഇതിൽനിന്ന് പിന്മാറുന്നതിനായി അദ്ദേഹം അപ്പീൽ കൊടുത്തു. ഇതരനും അപ്പീൽ കൊടുത്തിരുന്നു. ദുആയുടെ അനുഗ്രഹത്താൽ ശാഹ്നവാസിന്റെ അപ്പീൽ സ്വീകരിക്കപ്പെട്ടു. രണ്ടാംകക്ഷിയുടെ അപ്പീൽ തള്ളപ്പെടുകയും ചെയ്തു. അപ്പീൽ കൊടുക്കുന്നതുകൊണ്ട് പ്രയോജനമൊന്നും ഉണ്ടാകില്ലെന്ന് വക്കീലുമാർ മുമ്പേ അദ്ദേഹത്തോടു പറഞ്ഞിരുന്നു. ശത്രുവിന്റെ ജാമ്യം നിലനിൽക്കുകയും ശാഹ്നവാസ് ജാമ്യത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്തത് ദുആയുടെ ഫലംതന്നെയായിരുന്നു.

“മിയാൻ നൂർഅഹ്മദിന്റെ കത്ത് എപ്പോഴും വരുമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ഖാസിം, റുസ്തം, ലഅൽ തുടങ്ങിയവർക്കെതിരെ ‘കമലാന’ എന്ന സ്ഥലത്തെ ഒരു പഠാൻ ഒരു കള്ളക്കേസ് കൊടുത്തു. കേസ്സ് വളരെ ഗുരുതരമാണെന്നും ഇതിൽനിന്നും മോചനം ലഭിക്കാൻ ദുആ ചെയ്യണമെന്നും പറഞ്ഞ് അദ്ദേഹം എനിക്കെഴുതി. നിരന്തരമായി കത്തുകൾ വന്നപ്പോൾ ദുആ ചെയ്യാൻ

Scanned with CamScanner

ഞാൻ നിർബന്ധിതനായി. അവരുടെ സ്ഥിതി അങ്ങേയറ്റം ശോചനീയമാണെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ ദുആയിൽ മുഴുകി. അവസാനം ദുആ സ്വീകരിക്കപ്പെട്ടു. 1906 സെപ്റ്റംബർ 12-ാം തീയതി കേസ് വിജയിച്ചിരിക്കുന്നു എന്നറിയിച്ചുകൊണ്ടുള്ള മിയാൻ നൂർ അഹ്മദിന്റെ കത്ത് എനിക്കു കിട്ടി. അത് താഴെ രേഖപ്പെടുത്തുന്നു:

ബിസ്മില്ലാഹിർറഹ്മാനിർറഹീം

നഹ്മദുഹു വനുസ്വല്ലി അലാ റസൂലിഹിൽ കരീം

ഹസ്റത്ത് മുർശിദനാ വ മൗലാനാ ജനാബ് മസീഹ് അയ്ഹിസ്സലാത്തു വസ്സലാം. അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു.

വളരെ വിനയത്തോടുകൂടി അറിയിക്കുന്നു. കമലാനയിലെ പഠാൻ എന്റെ സാധുസുഹൃത്തുക്കളായ ഖാസിം, റുസ്തം, ലഅൽ എന്നിവർക്കെതിരെ കൊടുത്തിരുന്ന കള്ളക്കേസിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അങ്ങയുടെ ദുആയുടെ ബർക്കത്തുകൊണ്ട് 1906 ആഗസ്റ്റ് 31ന് നാം വിജയിച്ചിരിക്കുന്നു. അങ്ങയ്ക്ക് അനുഗ്രഹാശംസകൾ നേരുന്നു. സുബ്ഹാനല്ലാഹ്. പരിശുദ്ധനായ അല്ലാഹു ഞങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ദുആകൾ സ്വീകരിച്ചു വിജയം നൽകി. ഞങ്ങളുടെ ഈമാൻ വർധിച്ചു. വിധികർത്താക്കളിൽ ഉത്തമനായ വിധികർത്താവായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ശുക്ർ ചെയ്യാൻ ഞങ്ങൾ അശക്തരാണ്.

എന്ന്, നൂർ അഹ്മദ്,

മുദർരിസ്, മദ്റസ ഇംദാദീ ബസ്തി വർയാം

കമലാനാ പി.ഒ. ഡബ്കലാ

താലൂക്ക് ശോർക്കോട്ട് ജില്ല ജംഗ്.

## ശേയ്ഖ് മൊഹർ അലി സാഹിബിനെ കുറിച്ച് പ്രവചനം

"ശേയ്ഖ് മൊഹർ അലി സാഹിബ് ഹോശിയാർപുരിയുടെ വീടിന് തീപിടിച്ചതായി ഞാൻ സ്വപ്നം കണ്ടു. പിന്നീട് ഞാൻ അതിനെ അണയ്ക്കുകയും ചെയ്തു. അവസാനം എന്റെ ദുആ

Scanned with CamScanner

മുഖേന സ്വതന്ത്രനാകുമെന്നുള്ള സൂചനയായിരുന്നു അത്. ഈ വിവരങ്ങളെല്ലാം ഞാൻ ശേയ്ഖ് മൊഹർ അലിസാഹിബിനെ എഴുതി അറിയിച്ചു. കുറച്ചുദിവസത്തിനുശേഷം പ്രവചനംപോലെ തന്നെ അദ്ദേഹം തടവിലായി. തടവിനുശേഷം പ്രവചനത്തിന്റെ രണ്ടാംഭാഗമനുസരിച്ച് അദ്ദേഹം സ്വതന്ത്രനുമായി."

## റശീദ്അഹ്മദ് ഗാംഗോഹിയുടെ അന്ത്യം

എന്റെ ഗ്രന്ഥമായ അഞ്ചാമേ ആഥമിൽ എതിരാളികളായ നിരവധി മൗലവിമാരുടെ പേരെടുത്ത് ഞാൻ അവരെ മുബാഹലയ്ക്കായി ക്ഷണിച്ചിരുന്നു. പേജ് 66ൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ ആരെങ്കിലും മുബാഹലയ്ക്കായി വന്നാൽ ഞാൻ ഇങ്ങനെ ദുആ ചെയ്യുന്നതാണ്. അല്ലാഹുവേ, അവരിൽ ചിലരെ അന്ധരാക്കേണമേ. ചിലരുടെ ശരീരം തളർത്തിക്കളയണമേ. ചിലരെ ഭ്രാന്തന്മാരാക്കേണമേ. ചിലരെ പാമ്പുകടികൊണ്ട് മരിപ്പിക്കേണമേ. ചിലരെ നിന്ദിതരാക്കേണമേ. ചിലർക്ക് ധനനഷ്ടമുണ്ടാക്കേണമേ. എന്നാൽ, ആ മൗലവിമാരാരും മുബാഹലയ്ക്കായി പൗരുഷം കാണിക്കാതെ മറഞ്ഞിരുന്ന് ചീത്തപറയുകയും എന്നെ കളവാക്കുകയുമാണ് ചെയ്തത്. അവരിൽ റശീദ് അഹ്മദ് ഗംഗോഹി എനിക്കെതിരിൽ ലഅ്നത്തുല്ലാഹി അലൽ കാദിബീൻ എന്നു മാത്രമല്ല പറഞ്ഞത്; തന്റെ ഒരു വിജ്ഞാപനത്തിൽ എന്നെ ശയ്ത്വാനെന്നും വിളിച്ചു. ആ 52 മൗലവിമാരിൽ ഇപ്പോൾ 20 പേരെ അഴവശേഷിച്ചിട്ടുള്ളൂ. അവരും പലവിധ നാശങ്ങളിൽ അകപ്പെട്ടുകഴിയുകയാണ്. അവസാനകാലത്ത് റശീദ് അഹ്മദ് ഗംഗോഹി അന്ധനായി. ഞാൻ ദുആ ചെയ്തതു പോലെ പിന്നീട് പാമ്പുകടിയേറ്റുമരിച്ചു. മൗലവി ശാഹ്ദീൻ ഭ്രാന്തുപിടിപ്പെട്ടു മരിച്ചു. മൗലവി ഗുലാം ദസ്തഗീർ തന്റെ തന്നെ മുബാഹലകൊണ്ട് മരണപ്പെട്ടു. (ഇവിടെ തന്റെ തന്നെ മുബാഹല എന്നുപറഞ്ഞത് എനിക്ക് മനസ്സിലാകുന്നില്ല. എന്തായാലും ഇവരെല്ലാം മരണപ്പെട്ടത് മുബാഹലയുടെ ഫലമായിട്ടുതന്നെയാണ്) ജീവിച്ചിരിക്കുന്നവരും നാശങ്ങളിൽനിന്ന് ഒഴിവല്ല. സുന്നത്താക്കപ്പെട്ട നിലയിൽ അവർ മുബാഹലക്കായി വരാതിരുന്നിട്ടും അവർക്ക് അല്ലാഹു നൽകിയ ശിക്ഷയാണിത്."

"മാലേർകോട്ട്ലയിലെ പ്രമുഖനായ സർദാർ നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ മകൻ അബ്ദുർറഹീമിന് നാശകരമായ

ഒരു പനി പിടിപെട്ടു. ആസന്നമരണനായി. രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷയെല്ലാം നഷ്ടപ്പെട്ടു. ഞാൻ ആ കുട്ടിക്കുവേണ്ടി ദുആ ചെയ്തു. അത് തഖ്ദീറെ മുബർറം-ഖണ്ഡിതമായ വിധിയാണെന്ന് മനസ്സിലായി. അപ്പോൾ ഞാൻ ദൈവസന്നിധിയിൽ കേണപേക്ഷിച്ചു. യാ ഇലാഹീ, 'ഞാൻ അവനുവേണ്ടി ശിപാർശ ചെയ്യുന്നു.' അതിനു മറുപടിയായി അല്ലാഹു പറഞ്ഞു: ***'മൻദല്ലദീ യശ്ഫഉ ഇൻദഹു ഇല്ലാബിഇദ്നിഹീ'*** അവന്റെ അനുവാദമില്ലാതെ അവന്റെ സന്നിധിയിൽ ശിപാർശ ചെയ്യുന്നവനാരാണ്. ഞാൻ നിശബ്ദനായി. ഒട്ടും താമസിയാതെ അല്ലാഹു പറഞ്ഞു: ***ഇന്നക്ക അൻതൽ മജാസ്.*** നിനക്ക് ശിപാർശ ചെയ്യാൻ അനുവാദം നല്കിയിരിക്കുന്നു. എപ്പോൾ ഞാൻ വളരെ സങ്കടപ്പെട്ട് ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹു എന്റെ ദുആ സ്വീകരിച്ചു. ആ കുട്ടിയുടെ അവസ്ഥ ഖബ്റിൽനിന്ന് പുറത്തുവന്നതുപോലെയായിരുന്നു. ആരോഗ്യലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങി. ദീർഘനാളിനുശേഷം പൂർവസ്ഥിതി പ്രാപിച്ചു. പൂർണ ആരോഗ്യവാനായി ഇന്നും ജീവിച്ചിരിക്കുന്നു." (എനിക്കും അദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രായപൂർത്തിയെത്തുന്നതുവരെ പൂർണ ആരോഗ്യവാനായിരുന്നു എന്നുവേണം പറയാൻ.)

"എന്റെ ചെറിയ മകൻ മുബാറക് അഹ്മദ് സുഖമില്ലാതെ കിടപ്പിലായി. നിരന്തരം അബോധാവസ്ഥയിലായിരുന്നു. അപ്പോൾ ഞാൻ അടുത്തവീട്ടിൽ ദുആ ചെയ്തുകൊണ്ടിരുന്നു. ധരാളം സ്ത്രീകൾ അവന്റെ ചുറ്റുംകൂടിയിരുന്നു. പെട്ടെന്ന് ഒരു സ്ത്രീ വിളിച്ചുപറഞ്ഞു: ഇനി മതി. കുട്ടി വഫാത്തായിരിക്കുന്നു. ഞാൻ അപ്പോൾ അവന്റെ അടുത്തുവന്നു. അവന്റെ ശരീരത്തിൽ കൈവെച്ചു നോക്കി. അല്ലാഹുവിലേക്ക് ശ്രദ്ധ തിരിച്ചു. രണ്ടുമൂന്നു മിനിറ്റുകൾക്കുശേഷം കുട്ടി ശ്വാസം വലിക്കാൻ തുടങ്ങി. നാഡിമിടിപ്പും അനുഭവപ്പെട്ടു. അങ്ങനെ കുട്ടിക്ക് ജീവൻ തിരിച്ചുകിട്ടി. അപ്പോൾ ഈസാനബി (അ) മരിച്ചവരെ ജീവിപ്പിച്ച കാര്യം എനിക്കോർമ്മ വന്നു. ഈ രീതിയിലുള്ള ജീവിപ്പിക്കലായിരിക്കണം അവിടെ അന്ന് നടന്നത്. പിന്നീട് വിവരമില്ലാത്തവർ അതിന് അടിക്കുറിപ്പെഴുതി നിറം പിടിപ്പിച്ചു.

"എന്റെ മകൻ ബശീർ അഹ്മദിന് കണ്ണിന് സുഖമില്ലാതായി. മരുന്നൊന്നും ഫലിച്ചില്ല. കാഴ്ച നഷ്ടപ്പെടുമെന്ന ആശങ്കയുണ്ടായി. രോഗം മൂർച്ഛിച്ചപ്പോൾ ഞാൻ ദുആ ചെയ്തു. അല്ലാഹു

ഇൽഹാംമുഖേന എന്നെ അറിയിച്ചു. *'ബർറഖ ത്വിഫലീ ബശീർ'* -എന്റെ മകൻ ബശീർ കാണാൻ തുടങ്ങി. അന്നോ പിറ്റേന്നോ അവന് പൂർണസുഖം കിട്ടുകയും ചെയ്തു. നൂറുപേർക്കെങ്കിലും ഈ സംഭവം അറിവുള്ളതാണ്."

"എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന സയ്യിദ് നാസിർ ശാഹ് സാഹിബ് ഇപ്പോൾ കശ്മീരിലെ ബാമോലായിൽ ഓവർസിയറാണ്. അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥൻമാർ അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിച്ചു. അദ്ദേഹത്തിന് ജോലിക്കയറ്റം നല്കിയതുമില്ല. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ജോലിയും അപകടത്തിലായിരുന്നു. ഒരിക്കൽ ജോലി രാജിവെക്കാനും അദ്ദേഹം തീരുമാനമെടുത്തു; എന്നാലെങ്കിലും നിത്യവുമുള്ള പീഡനത്തിൽനിന്ന് രക്ഷ കിട്ടുമല്ലോ. ഞാനതിൽനിന്നും അദ്ദേഹത്തെ തടഞ്ഞു. എന്നാൽ, അദ്ദേഹം എത്രമാത്രം സഹിച്ചുവെന്നാൽ, തന്റെ ജീവൻ അപകടത്തിലാണെന്നു പറഞ്ഞ് അദ്ദേഹം പലപ്രാവശ്യം രാജിവെക്കാൻ എന്നോട് അനുവാദം ചോദിച്ചുകൊണ്ടിരുന്നു. തനക്കു ജോലിക്കയറ്റം കിട്ടുകയില്ലെന്നും മർദ്ദനമേല്ക്കാനിടയുണ്ടെന്നും കൂടി അദ്ദേഹം എന്നെ അറിയിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു: കുറച്ചു ദിവസം ക്ഷമിക്കുക. ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യാം. വീണ്ടും പ്രയാസമുണ്ടായാൽ താങ്കളുടെ ഇഷ്ടം പോലെ ചെയ്യാം. തുടർന്ന് ഞാൻ അദ്ദേഹത്തിനുവേണ്ടി ദുആയിൽ മുഴുകി. ആദരവുടയവനായ അല്ലാഹുവിനോട് അദ്ദേഹത്തിന്റെ വിജയത്തിനുവേണ്ടി യാചിച്ചു. തൽഫലമായി അദ്ദേഹത്തിന് അസാധാരണമായ സ്ഥാനക്കയറ്റം കിട്ടി."

"1906 ആഗസ്റ്റ് 5ന് ഒരു പ്രാവശ്യം എന്റെ അരയ്ക്ക് കീഴ്പോട്ട് ചലനശേഷി കുറഞ്ഞതുപോലെ അനുഭവപ്പെട്ടു. ഒരു ചുവടുപോലും വയ്ക്കാൻ കഴിഞ്ഞില്ല. യുനാനീ ഗ്രന്ഥങ്ങൾ ഓരോ പാഠവും പഠിച്ചിരുന്നതുകൊണ്ട് തളർവാതത്തിന്റെ ലക്ഷണമാണ് അതെന്ന് എനിക്കു തോന്നി. ഒപ്പം കഠിനമായ വേദനയും, തിരിഞ്ഞുകിടക്കാൻ കഴിയാത്തതുകൊണ്ട് പരിഭ്രമവും, രാത്രി വളരെ വിഷമത്തിലായിരുന്നു. എനിക്ക് ഇത്തരം ഘട്ടങ്ങൾ ഉണ്ടായാൽ അതിൽ ശത്രുക്കൾ ആഹ്ലാദിക്കും എന്ന ചിന്ത എനിക്കുണ്ടായി. അത് ദീനിനെ ഉദ്ദേശിച്ച് മാത്രമായിരുന്നു; മറ്റൊന്നിലും എനിക്ക് ചിന്തയുണ്ടായി

Scanned with CamScanner

രുന്നില്ല. അപ്പോൾ ഞാൻ ദുആ ചെയ്തു: മരണം അത്യാവശ്യമായ ഒരു കാര്യം തന്നെയാണ്. എന്നാൽ അകാലത്തുള്ള എന്റെ മരണത്തിൽ ദീനിന്റെ ശത്രുക്കൾ ആഹ്ലാദിക്കുമെന്നെനിക്കറിയാം. ആ സന്ദർഭത്തിൽ എനിക്കൊരു മയക്കം വന്നു. ഇൽഹാമിലൂടെ അല്ലാഹു അറിയിച്ചു:

***ഇന്നല്ലാഹ അലാകുല്ലി ശയ്ഇൻ ഖദീർ, ഇന്നല്ലാഹലാ യുഖ്സിൽമുഅ്മിനീൻ.***

"'അല്ലാഹു സർവശക്തനാണ്. അവൻ സത്യവിശ്വാസികളെ നിന്ദ്യരാക്കുകയില്ല.' ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെകൊണ്ട് സത്യം ചെയ്ത് ഞാൻ പറയുന്നു - അവനെപ്പോഴും എന്നെ കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ കെട്ടിച്ചമച്ചു പറയുകയാണോ സത്യം പറയുകയാണോ എന്നും അവൻ അറിയുന്നു - അങ്ങനെയുള്ള അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു: ഇൽഹാം ഉണ്ടായി ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോൾ എനിക്ക് ഉറക്കം വന്നു. പിന്നീട് കണ്ണു തുറന്നപ്പോൾ രോഗത്തിന്റെ അടയാളംപോലും കണ്ടില്ല. എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. ഞാൻ മെല്ലെ എഴുന്നേറ്റു നടന്നുനോക്കി. ഞാൻ പൂർണ ആരോഗ്യവാനാണെന്ന് എനിക്കു മനസ്സിലായി. സർവശക്തനായ അല്ലാഹുവിന്റെ മഹത്തായ ശക്തിപ്രഭാവം കണ്ട് എനിക്ക് കരച്ചിൽവന്നു. നമ്മുടെ അല്ലാഹു എത്രമാത്രം ശക്തനാണ്. അവന്റെ കലാമായ വിശുദ്ധഖുർആനിൽ വിശ്വസിക്കാനും അവന്റെ റസൂലിനെ പിൻപറ്റാനും കഴിഞ്ഞ നമ്മൾ എത്ര ഭാഗ്യവാന്മാരാണ്. അത്ഭുതങ്ങൾ കാണിക്കുന്ന അല്ലാഹുവിൽ വിശ്വസിക്കാത്തവർ എത്രമാത്രം എത്രമാത്രം നിർഭാഗ്യവാന്മാരാണ്.

"അല്ലാഹു എന്നെ ഇൽഹാം മുഖേന വീണ്ടും അറിയിച്ചു:

***അൽഹംദു ലില്ലാഹില്ലദീ ജഅല ലക്കുമുസ്സിഹറ വന്നസബ.***

"'നിനക്ക് ദാമാദിയിലും നസബിലും രണ്ടുഭാഗത്തുനിന്നും മാന്യത നല്കിയിട്ടുള്ള അല്ലാഹുവിനാകുന്നു സർവസ്തുതിയും.' അതായത് നിന്റെ തലമുറയെ മാന്യതയുള്ളവരാക്കി. നിന്റെ ഭാര്യ സയ്യിദ് കുടുംബത്തിൽനിന്നു വരുന്നതാണ്. ഈ ഇൽഹാം വിവാഹത്തെ സംബന്ധിച്ചുള്ള ഒരു പ്രവചനമായിരുന്നു. വിവാഹച്ചെലവ്

Scanned with CamScanner

എങ്ങനെ ഉണ്ടാക്കുമെന്ന ചിന്ത എനിക്കപ്പോൾ ഉണ്ടായി. എന്റെ കൈയിൽ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. എന്നെന്നേക്കുമായുള്ള ഈ ഉത്തരവാദിത്വം എങ്ങനെയാണ് നിറവേറ്റാൻ കഴിയുക? ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. അപ്പോൾ ഇൽഹാം ഉണ്ടായി:

***ഹർ ചെ ബായദ് നൗ ഉറൂസി ഹമേസാമാ കുനം വആൻചെ ദർകാർ ശുമ ബാശദ് അത്വായെ ആകുനം***

"'വിവാഹത്തിന് നിനക്ക് വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ഞാൻ തന്നെ ചെയ്യും. നിനക്ക് ആവശ്യം വരുന്നതെല്ലാം ഞാൻ നിറവേറ്റി തരും.' ഇപ്പറഞ്ഞതു പോലെയൊക്കെ സംഭവിച്ചു.

"എന്റെ സഹോദരൻ മിർസാ ഗുലാം ഖാദിർ അധികകാലം ജീവിച്ചിരിക്കുകയില്ലെന്ന് അല്ലാഹു എന്നെ സ്വപ്നത്തിലൂടെ അറിയിച്ചു; കൂടിയാൽ 15 ദിവസം. അതുകഴിഞ്ഞ് രോഗം ഒരു പ്രാവശ്യം ഗുരുതരാവസ്ഥയിലെത്തി. വെറും എല്ലും തൊലിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. എത്രത്തോളമെന്നാൽ, കട്ടിലിൽ ഇരുന്നാൽ അവിടെ ആളിരിപ്പുണ്ടെന്ന് തോന്നുമായിരുന്നില്ല. അത്രമാത്രം ക്ഷീണിച്ചു. അബോധാവസ്ഥയിലുള്ള കിടപ്പ്. ഞങ്ങളുടെ പിതാവ് മിർസാ ഗുലാം മുർത്തളാ സാഹിബ് വലിയൊരു വൈദ്യനായിരുന്നു. ഈ അവസ്ഥ നിരാശാജനകമാണെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ നല്ല യുവത്വത്തിലായിരുന്നു അന്ന്. മുജാഹദയ്ക്കുള്ള അതായത്, കഠിനമായി പരിശ്രമിക്കാനുള്ള ശക്തിയുണ്ടായിരുന്നു അന്ന്. ഓരോ കാര്യത്തിലും അല്ലാഹുവിനെ സർവശക്തനായി മനസ്സിലാക്കുക എന്നത് എന്റെ പ്രകൃതിയായിരുന്നു. വാസ്തവത്തിൽ അവന്റെ ശക്തിപ്രഭാവത്തെ പ്രാപിക്കാൻ ആർക്കാണ് കഴിയുക. അവന്റെ മുമ്പിൽ ഒന്നും മറഞ്ഞതായിട്ടില്ല. അതുകൊണ്ടുതന്നെ ആ അവസ്ഥയിലും അദ്ദേഹത്തിനു വേണ്ടി ഞാൻ ദുആ ചെയ്യാൻ തുടങ്ങി. മൂന്നു കാര്യങ്ങളിൽ എന്റെ മഅ്രിഫത്ത് – ദൈവത്തെക്കുറിച്ചുള്ള രഹസ്യജ്ഞാനം ഈ ദുആയോടുകൂടി വർധിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.

1. എന്റെ ദുആ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടാൻ മാത്രം ഞാൻ അർഹനാണോ.

2. താക്കീത് എന്ന നിലിയിൽ വരുന്ന സ്വപ്നമോ ഇൽഹമോ

മാറ്റപ്പെടുമോ.

3. വെറും എല്ലുമാത്രം ബാക്കിയുള്ള ഒരു രോഗി സുഖപ്പെടുമോ.

ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ദുആ ചെയ്യാൻ തുടങ്ങി. ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനാണ സത്യം, ദുആയോടൊപ്പം മാറ്റങ്ങൾ കാണാൻ തുടങ്ങി. ആയിടെ അദ്ദേഹം മുറ്റത്തിറങ്ങി നടക്കുന്നതായും ഞാൻ സ്വപ്നം കണ്ടു. അപ്പോൾ അദ്ദേഹത്തിന്റെ യഥാർത്ഥമായ അവസ്ഥ അദ്ദേഹത്തെ തിരിച്ചുകിടത്തിയിരുന്നതുപോലും മറ്റുള്ളവരായിരുന്നു എന്നതാണ്. ദുആ ചെയ്ത് 15 ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിൽ ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അല്പം നടക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഒരാളുടെ സഹായത്തോടെ എഴുന്നേറ്റ് വടികുത്തി നടക്കാൻ തുടങ്ങി. പിന്നീട് വടിയും ഉപേക്ഷിച്ചു. അല്പദിവസ്തതിനുള്ളിൽ പൂർണ്ണ ആരോഗ്യം തിരിച്ചുകിട്ടി. അതിനുശേഷം 15 വർഷം അദ്ദേഹം ജീവിച്ചു. 15 ദിവസം എന്നുള്ളത് 15 വർഷമാക്കി അല്ലാഹു മാറ്റിയിരിക്കുന്നുവെന്ന് ഇതിൽനിന്ന് എനിക്ക് മനസ്സിലായി. ഇതാണ് നമ്മുടെ അല്ലാഹു. അവൻ, തന്റെ പ്രവചനങ്ങളെയും മാറ്റിമറിക്കാൻ കഴിവുള്ളവനാണ്. എന്നാൽ നമ്മുടെ ശത്രുക്കൾ പറയുന്നു അവൻ സർവശക്തനല്ലെന്ന്.

"ഞാൻ മുമ്പേ എഴുതിയതുപോലെ തന്നെയായിരുന്നു ലാലാ ശരംപത്തിന്റെ അവസ്ഥയും. അദ്ദേഹത്തിന്റെ സഹോദരൻ വിശ്വംഭർദാസും ഖുശ്ഹാൽ എന്നു പേരുള്ള വേറൊരാളും ഏതോ കുറ്റത്തിന് തടവിലായി. ശരംപത്ത് എന്നെ പരീക്ഷിക്കാൻ വേണ്ടി -എന്നിൽ അയാൾക്ക് വിശ്വാസമൊന്നും ഉണ്ടായിരുന്നില്ല-ഈ കേസ്സിന്റെ വിധി എന്തായിരിക്കുമെന്ന് ചോദിച്ചു. പ്രാർത്ഥിക്കാനും പറഞ്ഞു. ഞാൻ അക്കാര്യത്തിൽ പല ദിവസങ്ങളിലും ദുആ ചെയ്തു. അദൃശ്യങ്ങൾ അറിയുന്നവനായ അല്ലാഹു ഒരു രാത്രിയിൽ ആ മറഞ്ഞ കാര്യം എന്നെ അറിയിച്ചു. കേസ്സിന്റെ അവസാനം, എനിക്കുണ്ടായ ഒരു ദർശനത്തിൽ പകുതിശിക്ഷ എന്റെ പേന കൊണ്ട് ഞാൻ സ്വയം തടഞ്ഞിരുന്നതുപോലെ വിശ്വംഭർദാസിന്റെ തടവുശിക്ഷ പകുതിയാക്കപ്പെടും. അതിൽനിന്ന് ഖുശ്ഹാലിന് തടവ് മുഴുവൻ അനുഭവിക്കേണ്ടിവരുമെന്നും വ്യക്തമാക്കപ്പെട്ടിരുന്നു. ഒരു

Scanned with CamScanner

ദിവസംപോലും കുറയ്ക്കപ്പെടുകയില്ല. വിശ്വംഭർ ദാസിന്റെ തടവ് പകുതിയായി കുറയ്ക്കപ്പെടുന്നത് ദുആയുടെ ഫലംകൊണ്ടുമാത്രമാണ്. എന്നാൽ, ഇരുവരും തടവ് അനുഭവിക്കാതെ സ്വതന്ത്രരാകുകയില്ല. ഈ കേസ്സിന്റെ അവസാനം ഞാനിപ്പറഞ്ഞതുപോലെ തന്നെയായിരിക്കും. ഈ എല്ലാകാര്യങ്ങളും അതുപോലെ പുലർന്നപ്പോൾ ശരംപത് അത്ഭുതപ്പെട്ടുപോയി. നമ്മുടെ അല്ലാഹുവിന്റെ ശക്തി പ്രഭാവം അയാളെ അത്ഭുതപ്പെടുത്തി. അദ്ദേഹം എനിക്ക് കത്തെഴുതി: ഈ എല്ലാ കാര്യങ്ങളും പുലർന്നത് താങ്കളുടെ സൽപ്രകൃതികൊണ്ടാണ്."

"ഒരിക്കൽ ഒരു ഹിന്ദുസഹോദരൻ ഖാദിയാനിൽ എന്റെയടുത്തു വന്നു. അദ്ദേഹത്തിന്റെ പേര് ഓർമയില്ല. മതപരമായ ഒരു സമ്മേളനം സംഘടിപ്പിക്കുന്നുണ്ടെന്നും അതിൽ ഒരു പ്രബന്ധം എഴുതി അവതരിപ്പിക്കണമെന്നും അയാൾ നിർബന്ധിച്ചു. ഞാൻ ഒഴിയാൻ ശ്രമിച്ചു. കാരണം എനിക്കെന്റേതായ നിലയിൽ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്ന് എനിക്കറിയാം. എനിക്കൊരു ശക്തിയുമില്ല. അല്ലാഹു സംസാരിപ്പിക്കാതെ എനിക്ക് സംസാരിക്കാൻ കഴിയില്ല. അല്ലാഹു കാണിക്കാതെ എനിക്ക് കാണാനും കഴിയില്ല. അതുകൊണ്ട് ആ സമ്മേളനത്തിൽ വായിക്കപ്പെടുന്ന എല്ലാ പ്രബന്ധത്തെക്കാളും മികച്ചുനിൽക്കുന്ന പ്രബന്ധം എന്റെ ഹൃദയത്തിലിട്ടുതരാൻ ഞാൻ ദുആ ചെയ്തു. ദുആയ്ക്കുശേഷം എന്നിൽ ഒരു ശക്തി ഊതപ്പെട്ടതായി എനിക്കു തോന്നി. ആ ആത്മീയശക്തിയുടെ ഒരു ചലനം ഞാനെന്റെ ഉള്ളിൽ അനുഭവിച്ചു. ഈ പ്രബന്ധത്തിനുവേണ്ടി കാലേക്കൂട്ടി ഞാനൊരു കരടും തയ്യാറാക്കിയിരുന്നില്ലെന്ന് അവിടെ സന്നിഹിതരായവർക്ക് അറിയാം. പേന ചലിക്കുന്നതുപോലെ ഞാനെഴുതി. എഴുത്തിന്റെ വേഗതകൊണ്ട് പകർത്തിയെഴുതുന്നവർ ബുദ്ധിമുട്ടി. പ്രബന്ധം എഴുതി പൂർത്തിയായപ്പോൾ അല്ലാഹുവിൽ നിന്ന് ഇൽഹാമുണ്ടായി."

***'മസ്മൂൻ ബാലാരഹാ'***

"അങ്ങനെ ആ പ്രബന്ധം സമ്മേളനത്തിൽ വായിക്കപ്പെട്ടപ്പോൾ ഒരു ആത്മീയലഹരി ശ്രോതാക്കളിൽ കാണാമായിരുന്നു. സന്തോഷത്തിന്റെ ശബ്ദം ഉയർന്നു. ഒരു ഹിന്ദുസഹോദരനായിരുന്നു അധ്യക്ഷൻ. അദ്ദേഹത്തിന്റെ നാവിലൂടെ ഈ പ്രബന്ധം മറ്റെല്ലാ പ്രബ

Scanned with CamScanner

ന്ധത്തെക്കാളും മികച്ചതാണെന്ന ശബ്ദം പുറത്തുവന്നു. ഇംഗ്ലീഷു പത്രമായ സിവിൽ ആൻഡ് മിലിറ്ററി ഗസറ്റും, മറ്റ് ഇരുപതോളം ഉർദുപത്രങ്ങളും ഈ പ്രബന്ധം മറ്റെല്ലാ പ്രബന്ധത്തെക്കാളും-*ബാലാരഹാ*-മികച്ചതാണെന്ന അഭിപ്രായം രേഖപ്പെടുത്തി; ചില അസൂയാലുക്കളൊഴികെ. നൂറ്റുക്കണക്കിനാളുകൾ ഇതിന് സാക്ഷിയാണ്."

ഇന്ന് നൂറുകണക്കിനല്ല, ആയിരക്കണക്കിനാളുകൾ ഇസ്‌ലാമീ ഉസുൽ കിഫലാസഫി-ഇസ്‌ലാമത തത്ത്വജ്ഞാനം- വായിച്ച് ഇതേ സാക്ഷ്യം രേഖപ്പെടുത്തുന്നു കാഴ്ച നാം കാണുന്നു.

"എന്റെ ആദ്യത്തെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ടായി. കാരണം, ഞാനാരാലും അറിയപ്പെട്ടിരുന്നില്ല. എനിക്കും ആരേയും അറിയുമായിരുന്നില്ല. അപ്പോൾ ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തു. ഇൽഹാം മുഖേന അല്ലാഹു അറിയിച്ചു:

***ഹുസ്സി ഇലയ്ക്ക ബി ജിസ്‌യിന്നഘ്‌ലത്തി തുസാഖിത് അലയ്ക്ക റുത്വബൻ ജനിയ്യാ***

"'ഈന്തമരത്തെ നിന്നിലേക്ക് കുലുക്കുക. അത് പഴുത്ത് പാകമായ പുത്തൻ ഈത്തപ്പഴം നിനക്ക് വീഴ്ത്തിത്തരും.'

"ഈ കല്പനയനുസരിച്ച് പട്യാലയിലെ മന്ത്രിയായ ഖലീഫ സയ്യിദ് മുഹമ്മദ് ഹസൻസാഹിബിന് ഞാൻ ആദ്യം കത്തെഴുതി. അല്ലാഹുവിന്റെ വാഗ്ദാനംപോലെ തന്നെ അദ്ദേഹത്തിന്റെ ഹൃദയം അവൻ എന്നിലേക്ക് തിരിച്ചു. ഒട്ടും താമസിയാതെ അദ്ദേഹം 250 രൂപ അയച്ചുതന്നു. രണ്ടാംപ്രാവശ്യവും 250 രൂപ അയച്ചുതന്നു. മറ്റു ചിലരും സാമ്പത്തികമായി സഹായിച്ചു. അങ്ങനെ അപ്രതീക്ഷിതമായി ആ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. പ്രവചനം പുലരുകയും ചെയ്തു."

"1905 മാർച്ച് മാസത്തിൽ, വരുമാനം കുറഞ്ഞതുകൊണ്ടും അതിഥികൾ കൂടുതൽ വന്നതുകൊണ്ടും ലങ്കർഖാനയുടെ ചെലവിന് വളരെ ബുദ്ധിമുട്ടുണ്ടായി. അതുകൊണ്ട് ദുആ ചെയ്തു. 1905 മാർച്ച് 5ന് ഞാനൊരു സ്വപ്നം കണ്ടു: ഒരാൾ-അദ്ദേഹം മലക്കാണെന്ന് എനിക്കുതോന്നി-എന്റെയടുക്കൽവന്നു. ധാരാളം പണം എന്റെ മടിയിലിട്ടു. ഞാൻ അദ്ദേഹത്തിന്റെ പേരു ചോദിച്ചു. പേരൊന്നുമില്ലെന്ന്

Scanned with CamScanner

അദ്ദേഹം അറിയിച്ചു. എന്തെങ്കിലും പേരുണ്ടാകുമല്ലോ എന്ന് ഞാൻ ആരാഞ്ഞു. അതിന് 'ടീച്ചി' എന്ന് അദ്ദേഹം മറുപടി പറഞ്ഞു."

ഇതുകേട്ട് മൗലവിമാർ പരിഹസിക്കാറുണ്ട്. ടീച്ചി മലക്കിന്റെ പേരോ എന്നാണ് അവർ ചോദിക്കുന്നത്. ഇത് പഞ്ചാബി പദമാണ്. ടീച്ചർ എന്ന് നാം സാധാരമ പറയുന്നതാണ്.)ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"പഞ്ചാബി ഭാഷയിൽ നിർണ്ണായകമായ ഒരു സമയത്തിനാണ് ടീച്ചി എന്നു പറയുന്നത്. അതായത് തികച്ചും അത്യാവശ്യ സമയത്ത് വരുന്നവൻ. എന്റെ കണ്ണുകൾ അപ്പോൾ തുറന്നു. അതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മണിയോർഡർ മുഖേനയും നേരിട്ടും ഒക്കെ പണം വരാൻ തുടങ്ങി. ആയിരക്കണക്കിന് രൂപ വന്നു. 1905 മാർച്ച് 5 മുതൽ വർഷാവസാനം വരെയുള്ള പോസ്റ്റോഫീസിലെ രജിസ്റ്റർ പരിശോധിച്ചാൽ ഇതു വ്യക്തമാകുന്നതാണ്.

"രൊക്കമായി വരുന്ന പണത്തെക്കുറിച്ചും പാരിതോഷികത്തെകുറിച്ചുമെല്ലാം അല്ലാഹു കാലേക്കൂട്ടി സ്വപ്നമോ ഇൽഹാമോ മുഖേന എന്നെ അറിയിക്കാറുണ്ടായിരുന്നു. ഇത്തരം അടയാളങ്ങൾ അമ്പതിനായിരത്തിലേറെയാണ്.

"1905ലെ ഒരു വസന്തകാലം. ഞങ്ങൾ തോട്ടത്തിലാണ് താമസിച്ചിരുന്നത്. അപ്പോൾ എന്നോടൊപ്പം ഉണ്ടായിരുന്ന നമ്മുടെ ജമാഅത്തിലെ ഒരു അംഗത്തെ സംബന്ധിച്ച് ഇപ്രകാരം ഇൽഹാമുണ്ടായി:

'അവളെ സുഖപ്പെടുത്താൻ അല്ലാഹു ഉദ്ദേശിച്ചതേയല്ല. എന്നാൽ കാരുണ്യത്താൽ അവൻ തന്റെ ഉദ്ദേശ്യം മാറ്റുകയാണുണ്ടായത്.'

"ഇതിനുശേഷം നമ്മുടെ കൂടെയുണ്ടായിരുന്ന നമ്മുടെ ജമാഅത്തിലെ സയ്യിദ് മഹ്ദി ഹുസയ്ൻ സാഹിബിന്റെ ഭാര്യയ്ക്ക് കഠിനമായ രോഗം ബാധിച്ചു. മുമ്പേ തന്നെ പനിയും മുഖത്തും കാലിലുമെല്ലാം നീരും അവർക്കുണ്ടായിരുന്നു. അങ്ങേയറ്റം ക്ഷീണിതയായിരുന്നു; ഒപ്പം ഗർഭിണിയും. പ്രസവം കഴിഞ്ഞതോടെ നില കൂടുതൽ വഷളായി. പ്രതീക്ഷ നഷ്ടപ്പെടാൻ തുടങ്ങി. ഞാൻ അവർക്കുവേണ്ടി ദുആ ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ കൃപയാൽ അവർക്ക് ജീവിതം തിരിച്ചുകിട്ടി. എന്റെ ആത്മീയ സഹോദരൻ

Scanned with CamScanner

ഹക്കീം നൂറുദ്ദീൻ സാഹിബ്, മൗലവി മുഹമ്മദലി സാഹിബ് എം എ, മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്, മഹ്ദി ഹുസയ്ൻ സാഹിബ് തുടങ്ങിയവരും എന്നോടൊപ്പം ആ സമയത്തുണ്ടായിരുന്ന മറ്റെല്ലാവരും ഇതിനു സാക്ഷിയാണ്.

"പിറ്റേദിവസം സയ്യിദ് മഹ്ദി ഹുസയ്ൻ സാഹിബിന്റെ ഭാര്യയുടെ നാവിലൂടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽനിന്ന് ഇൽഹാം പുറപ്പെട്ടു.

***'തു അച്ഛീ തൊ നഃ ഹോത്തി, മഗർ ഹസ്റത്ത് സാഹിബ്കീ ദുആ കെ സബബ് ഹെ കെ അബ് തു അച്ഛീ ഹോ ജായേഗി.'***

(നീ സുഖം പ്രാപിക്കുമായിരുന്നില്ല. എന്നാൽ, ഹസ്റത്ത് സാഹിബിന്റെ ദുആയുടെ ഫലമായി നീ സുഖം പ്രാപിക്കുന്നതാണ്.)

"നവാബ് സിദ്ദീഖ് ഹസ്സൻ സാഹിബിന്റെ ഉള്ളിൽ വഹാബിയ്യത്തിന്റെ സ്വഭാവം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം മഹ്ദിയുടെ വാൾ കാണിച്ച് മറ്റുള്ളവരെ പേടിപ്പിച്ചു. അവസാനം പിടിക്കപ്പെട്ടു. നവാബ് സ്ഥാനത്ത് നിന്ന് നിഷ്ക്കാസിതനായി. കഠിനമായ എതിർപ്പു വന്നപ്പോൾ അവർക്കുവേണ്ടി ദുആ ചെയ്യാൻ എനിക്ക് കത്തെഴുതി. കരുണയ്ക്ക് അർഹനാണെന്ന് മനസ്സിലാക്കി ഞാൻ അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു. അല്ലാഹു പറഞ്ഞു:

***'സർ കോബീ സെ ഉസ്കീ ഇസ്സത്ത് ബചായിഗയി'*** ശിക്ഷ മുഖേന അദ്ദേഹത്തിന്റെ മാന്യത പരിരക്ഷിക്കപ്പെട്ടു. ഈ വിവരം കത്തുമുഖേന ഞാൻ അദ്ദേഹത്തെയും മറ്റുള്ള എന്റെ എതിരാളികളെയും അറിയിച്ചു. ഹാഫിസ് മുഹമ്മദുയൂസുഫ്, ജില്ലാദാർ നഹർ, അമൃതസർ-മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തുടങ്ങിയവരൊക്കെ അതിൽപ്പെടുന്നു. കുറച്ചുദിവസത്തിനുശേഷം സർക്കാരിന്റെ വിധി വന്നു. സിദ്ദീഖ് ഹസ്സൻ സാഹിബിനെ കുറിച്ച് നവാബ് എന്ന ബഹുമതി നിലനിർത്തുന്നു. അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്ന മതത്തിന്റെ പഴയൊരു വിശ്വാസമാണ്. കലഹമുണ്ടാക്കണമെന്നുള്ള ഉദ്ദേശ്യം അദ്ദേഹത്തിനുണ്ടായിരുന്നില്ല."

അടിക്കുറിപ്പിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

Scanned with CamScanner

"നവാബ് സിദ്ദീഖ് ഹസ്സന് വന്ന ഈ പരീക്ഷണം എന്റെ പ്രവചനഫലമാണ്. ബറാഹീനെ അഹ്മദിയ്യായിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം എന്റെ ഗ്രന്ഥം കീറിപ്പറിച്ച് തിരിച്ചയച്ചു. അയാളുടെ മാന്യത അതേ രീതിയിൽ കീറിക്കളയാൻ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. അത് അതേപോലെ പുലർന്നു."

ദൃഷ്ടാന്തങ്ങൾ വിവരിച്ചതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്യുന്നു:

"അല്ലാഹുവേ, ഈ ദൃഷ്ടാന്തങ്ങളിൽനിന്ന് ഫലമെടുക്കുന്നവരും സത്യമാർഗം സ്വീകരിക്കുന്നവരും വെറുപ്പും വിദ്വേഷവും ഉപേക്ഷിക്കുന്നവരുമായ ആത്മാക്കളെ നീ സൃഷ്ടിക്കേണമേ. ഈ ജനതയുടെ ചെവിയും ഹൃദയവും തുറക്കേണമേ. വ്യർത്ഥ ദൈവങ്ങൾ ഭൂമിയിൽ നിന്നുയർന്നുപോകുന്നതും ഭൂമിയിൽ നിന്റെ മാത്രം ആരാധന ഭക്തിപൂർവമായ നിലയിൽ നടക്കുന്നതുമായ സമയം കാണിച്ചുതരേണമേ. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഏകദൈവ വിശ്വാസികളെക്കൊണ്ട് ഭൂമി നിറയ്ക്കേണമേ. നിന്റെ റസൂൽ കരീം മുഹമ്മദു മുസ്തഫാ (സ)യുടെ പ്രവാചകത്വം ജനഹൃദയങ്ങളിൽ കുടിയിരുത്തേണമേ. ആമീൻ. സർവശക്തനായ അല്ലാഹുവേ, ലോകത്ത് ഈ മാറ്റം നീ എന്നെ കാണിച്ചാലും. എന്റെ ദുആ സ്വീകരിച്ചാലും. എല്ലാ കഴിവും ശക്തിയും നിനക്കുമാത്രമാണ്. എന്റെ അല്ലാഹുവേ നീ അങ്ങനെ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയാലും. ആമീൻ. സുമ്മആമീൻ.

വ ആഖിറു ദഅ്‌വാനാ അനിൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ" ●

*(8-9-2000)*

Scanned with CamScanner

# സഅ്ദുല്ലാ ലുധിയാനവിയുടെ നിന്ദ്യമായ പര്യവസാനം

هُوَ الْحَيُّ لَآ اِلٰهَ اِلَّا هُوَ فَادْعُوْهُ مُخْلِصِيْنَ لَهُ الدِّيْنَ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝

അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ അവനുമാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുവിൻ. സർവസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു. (40:66)

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആ സ്വീകാര്യത എന്ന വിഷയത്തെ സംബന്ധിച്ച ഖുത്ബകളാണ് നിർവഹിച്ചുവരുന്നത്. ഇതിലെ പ്രതിപാദ്യം അധികവും ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ തന്നെയാണ്. മറ്റുള്ളവർ നിവേദനം ചെയ്തിട്ടുള്ള ചില സംഭവങ്ങളും പ്രതിപാദിക്കുന്നുണ്ട്. ഇത് സുദീർഘമായൊരു വിഷയമാണ്. കാരണം, മനുഷ്യബുദ്ധിയെ അത്ഭുതപ്പെടുത്തുന്ന രീതിയിലാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൾ അല്ലാഹു സ്വീകരിച്ചിട്ടുള്ളത്. അതിനുള്ള അസംഖ്യം തെളിവുകൾ എല്ലായിടത്തും വ്യാപിച്ചുനിൽക്കുന്നു. ഇത്തരം ഏതെങ്കിലുമൊരു ദൃഷ്ടാന്തത്തിന് സാക്ഷ്യം വഹിക്കാത്ത ഒരു അഹ്മദീ കുടുംബവും ഭൂലോകത്തുണ്ടാകയില്ല. ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും ഒരു ദൃഷ്ടാന്തം തീർച്ചയായും അവർ കണ്ടിട്ടുണ്ടാകും. അതുകൊണ്ടു തന്നെ ഇത്ര വിശാലമായ ഒരു വിഷയത്തെ ഒരിടത്ത് ഒരുമിച്ചുകൂട്ടുക എന്നത് അസംഭാവ്യമാണ്. ഇപ്പോൾ അവിടുന്നും ഇവിടുന്നും

Scanned with CamScanner

ശേഖരിച്ചെടുത്ത ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങളാണ് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കാൻ പോകുന്നത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"മുകളിൽ പറഞ്ഞ ദൃഷ്ടാന്തങ്ങൾക്കു പുറമെ മറ്റൊരു ദൃഷ്ടാന്തം സഅ്ദുല്ലാ ലുധിയാനവിയുടെ മരണവുമായി ബന്ധപ്പെട്ടതാണ്. അത് പ്രവചനം പോലെ തന്നെ പുലർന്നു.

എന്നെ ചീത്ത വിളിക്കുന്ന പഞ്ചാബികളിൽ ഒന്നാം സ്ഥാനത്തായിരുന്നു സഅ്ദുല്ലയെന്ന് ഞാൻ മനസ്സിലാക്കുന്നു. പദ്യങ്ങളിലൂടെയും ഗദ്യങ്ങളിലൂടെയും അയാൾ എന്നെ ചീത്തവിളിച്ചു. അതിൽ അയാൾ അതിരുകടന്നപ്പോൾ അയാളുടെ നാശത്തിനായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഞാൻ വിലപിച്ചു. എന്റെ ജീവിതകാലത്തുതന്നെ അയാൾ അയാളുടെ ജീവിതത്തിൽ പരാജയമടയാനും നിന്ദ്യനായി മരിക്കാനും ഞാൻ ദുആ ചെയ്തു. ഇങ്ങനെ ദുആ ചെയ്യാൻ കാരണം അയാളുടെ ചീത്തവിളി മാത്രമല്ല. അയാൾ അയാളുടെ ജീവിതകാലത്ത് എന്റെ മരണവും നാശവും ആഗ്രഹിച്ചിരുന്നു. തന്റെ ഗദ്യ-പദ്യങ്ങളിൽ എനിക്കെതിരിൽ ശാപപ്രാർത്ഥന ചെയ്തിരുന്നു. അയാളുടെ മനസ്സിൽ എനിക്കെതിരിൽ എന്നെന്നും *ലഅ്നത്തുല്ലാഹി അലൽ കാദിബീൻ* എന്ന ശാപപ്രാർത്ഥന അടങ്ങിയിരുന്നു. ഞാനും എന്റെ ജമാഅത്തും നശിച്ചൊടുങ്ങാനും, കള്ളനാണെന്ന് തെളിയിക്കപ്പെട്ട് സൃഷ്ടികളുടെ ശാപത്തിന് ഞാൻ കുറിമാനമായിത്തീരാനും അയാൾ അതിയായ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. തങ്ങളുടെ ജീവിതകാലത്ത് ഇതു നടന്നുകാണാൻ എന്റെ മറ്റ് എതിരാളികളെല്ലാം ആഗ്രഹിക്കുന്നുണ്ടെന്നതു നേരുതന്നെ. പക്ഷേ ഇയാൾ അവരെയെല്ലാം കവച്ചുവെച്ചിരുന്നു. ലോകം ഉണ്ടായകാലം മുതൽ ഇന്നേവരെ ഇയാൾ എന്നെക്കുറിച്ചു പറഞ്ഞതുപോലുള്ള അസഭ്യം ഒരു നബിയേയും റസൂലിനേയുംകുറിച്ച് ആരും പറഞ്ഞിട്ടുണ്ടാവുകയില്ല. എന്റെ നാശം കാണാനുള്ള അയാളുടെ തിടുക്കം അയാളുടെ ഗദ്യ-പദ്യങ്ങൾ വായിച്ചിട്ടുള്ളവർക്ക് നന്നായിട്ടറിയാം. ഈ കാരണങ്ങളെല്ലാം കൊണ്ടാണ് അയാൾക്കെതിരിൽ ശാപപ്രാർത്ഥന ചെയ്യാൻ ഞാൻ നിർബന്ധിതനായത്. അയാളുടെ നിന്ദ്യതയും നാശവും എന്റെ ജീവിതകാലത്തുതന്നെ കാണിക്കാൻ എനിക്ക് പ്രാർത്ഥിക്കേണ്ടിവന്നത്. അല്ലാഹു അങ്ങനെതന്നെ

Scanned with CamScanner

നിവർത്തിച്ചുകാണിച്ചു.

"1907 ജനുവരി ആദ്യ ആഴ്ചയിൽതന്നെ ന്യൂമോണിയ പ്ലേഗ് പിടിപെട്ട് അസഹ്യമായ യാതന സഹിച്ച് കുറച്ചുമണിക്കൂറുകൾക്കുള്ളിൽ അയാൾ ഈ ലോകത്ത് നിന്ന് വിടപറഞ്ഞു; തന്റെ ലക്ഷ്യം നേടാതെ നിന്ദ്യനായി എന്റെ ജീവിതകാലത്തു തന്നെ അയാൾ നാശമടയുമെന്ന് പ്രവചനത്തിൽ വ്യക്തമായി ഞാൻ പറഞ്ഞിരുന്നതുപോലെ തന്നെ. അഞ്ചാമെ ആഥം എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ള അറബി പദ്യങ്ങളിൽ ആ വരികൾ കാണാം. അതിന്റെ തർജമ ഇങ്ങനെയാണ്. 'അസഭ്യങ്ങൾ നിറഞ്ഞ നിന്റെ വാക്കുകൾ എന്നെ അത്യധികം വേദനിപ്പിച്ചു. നീ നിന്ദ്യനായി നശിച്ചില്ലെങ്കിൽ ഞാൻ സത്യവാദിയാവില്ല. നിന്റെ നിന്ദ്യത നിന്നിൽമാത്രം ഒതുങ്ങിനില്ക്കുകയില്ല. അല്ലാഹു നിന്നെയും നിന്റെ സംഘത്തേയും നിന്ദ്യതയിലാക്കും. എനിക്ക് അവൻ ബഹുമതി നൽകും. എന്റെ കൊടിക്കീഴിൽ ജനങ്ങളെ അണിനിരത്തുകയും ചെയ്യും. എന്റെ അല്ലാഹുവേ, എനിക്കും സഅ്ദുല്ലായ്ക്കുമിടയിൽ നീ വിധി പറയേണമേ. നുണയനായ ആ വ്യക്തിയെ സത്യവാന്റെ ജീവിതകാലത്തു തന്നെ നശിപ്പിക്കേണമേ. സർവജ്ഞനായ അല്ലാഹുവേ, എന്റെ ഉള്ളിന്റെ ഉള്ളിലുള്ള കാര്യങ്ങൾപോലും അറിയുന്ന അല്ലാഹുവേ, നിന്റെ കാരുണ്യകവാടം ദുആ ചെയ്യുന്നവർക്കായി മലർക്കെ തുറക്കപ്പെട്ടത് ഞാൻ കാണുന്നു. സഅ്ദുല്ലായ്ക്കെതിരിൽ ഞാൻ ചെയ്ത ദുആ സ്വീകരിക്കേണമേ. അത് തടയരുതേ. എന്റെ ജീവിതകാലത്തുതന്നെ അയാളെ നിന്ദ്യനാക്കി നശിപ്പിക്കേണമേ.'"

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ ദുആ അതിന്റെ ഗാംഭീര്യത്തോടുകൂടി പുലർന്നു. ലുധിയാനവിയുടെ എല്ലാ സന്താനങ്ങളും അയാളുടെ ബന്ധുക്കളും ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യപ്പെട്ടു. അത് എന്നെന്നേക്കുമായി ഒരു ദൃഷ്ടാന്തമായിത്തീരുകയും ചെയ്തു. ഹസ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു:

"രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ എന്റെ മനസ്സ് ശൂന്യമായിരിക്കും. പെട്ടെന്നാണ് ഇൽഹാം ഇറങ്ങുന്നത്. പിന്നീട് അത് അതിന്റെ സമയത്ത് പുലരുന്നു. അടയാളം കാണാത്ത ഒരാഴ്ചയുമില്ല. ഇത് ഇക്കാലഘട്ടത്തിലെ അത്ഭുതമാണ്. സനാവുല്ലായെക്കുറിച്ച് വാസ്തവത്തിൽ ഞാനല്ല എഴുതിയത്. അല്ലാഹുതന്നെയാണ് അതിന് അടി

Scanned with CamScanner

ത്തറയിട്ടത്. ഒരിക്കൽ അയാളെക്കുറിച്ച് ഓർമ വന്നു. രാത്രിയിലും അയാളെക്കുറിച്ചു തന്നെയായിരുന്നു ചിന്ത. അപ്പോൾ ഇല്ഹാമുണ്ടായി:

***ഉജീബു ദഅ്വത്തദ്ദാഇ***

"'ദുആ ചെയ്യുന്നവന്റെ ദുആ ഞാൻ സ്വീകരിക്കുന്നു.' സൂഫിയാക്കളുടെ പക്കൽ ദുആ സ്വീകരണംതന്നെയാണ് ഏറ്റവും വലിയ കറാമത്ത്; മറ്റുള്ളതെല്ലാം അതിന്റെ ശാഖകളും."

മറ്റൊരു സംഭവം മൽഫൂസാത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു:

"ഇവിടെ ഒരു കുട്ടിക്ക് പ്ലേഗ് പിടിപ്പെട്ടു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ആ കുട്ടിയുടെ സുഖത്തിന്നായി ദുആ ചെയ്തു. അല്ലാഹുതആല അവന്റെ രോഗം സുഖപ്പെടുത്തുകയും ചെയ്തു. അതിനെക്കുറിച്ചുള്ള ഒരു ചർച്ചയാണ് നടന്നുകൊണ്ടിരുന്നത്. മൗലവി മുഹമ്മദലി സാഹിബ് പറഞ്ഞു. പ്ലേഗ് പിടിപെട്ട ഒരാൾക്ക് രക്തം പോകാൻ തുടങ്ങിയാൽ അയാളൊരിക്കലും രക്ഷപ്പെടുകയില്ലെന്നതാണ് യാഥാർത്ഥ്യം. ഈ കുട്ടി മാത്രമാണ് അതിൽനിന്ന് രക്ഷപ്പെട്ടതായി ഞാൻ കണ്ടത്. ഞാനെപ്പോഴും ഇതിനെക്കുറിച്ച് ചിന്തിക്കാറുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഇത് ദുആയുടെ ഫലമൊന്നു മാത്രമാണ്. അബ്ദുൽകരീം രക്ഷപ്പെട്ടതുപോലെ തന്നെയാണ് ഇവനും രക്ഷപ്പെട്ടത്. പേ ഇളകിക്കഴിഞ്ഞാൽ രക്ഷപ്പെടുകയില്ലെന്ന വിവരം അബ്ദുൽകരീമിനെക്കുറിച്ച് കസൗലിയിൽനിന്ന് കിട്ടിയിരുന്നു. പക്ഷേ, അല്ലാഹുതആല അബ്ദുൽകരീമിനുവേണ്ടിയുള്ള നമ്മുടെ ദുആ സ്വീകരിച്ചു. അബ്ദുൽ കരീമിന് പൂർണസുഖം ലഭിച്ചു. പേ ഇളകിയതിനുശേഷം ആരെങ്കിലും രക്ഷപ്പെട്ടതായി ഇതിനു മുമ്പ് കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ല. ഇതെല്ലാം അല്ലാഹുവിന്റെ അത്ഭുതകൃത്യങ്ങളാണ്."

മൗലവി മുഹമ്മദലി സാഹിബിനും പ്ലേഗ് പിടിപ്പെട്ടിരുന്നു. അതിന്റെ എല്ലാ ലക്ഷണങ്ങളും പ്രകടമായി. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)ഉം മറ്റു ഡോക്ടർമാരും അടുത്ത് നിന്ന് മാറാതെ ചികിത്സിച്ചു. പക്ഷേ, രോഗം കുറഞ്ഞില്ല. അവസാനം ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിവരം അറിയിച്ചു. അവിടന്ന് ആഗതനായി തന്റെ പരിശുദ്ധമായ കൈ മുഹമ്മദലി സാഹിബിന്റെ

Scanned with CamScanner

നെറ്റിത്തടത്തിൽ വച്ചു. ഒരു പനിയുമില്ല. എന്നിട്ടും അദ്ദേഹം വല്ലാതെ ഭയന്നിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് എഴുന്നേൽക്കാൻ പറഞ്ഞു. എഴുന്നേറ്റാൽ വീഴുമെന്നുള്ള ഭയം അദ്ദേഹത്തിന് തോന്നിയിരുന്നു. അങ്ങനെ മെല്ലെ രണ്ടടി നടന്നു. പിന്നീട് അദ്ദേഹം ചിരിക്കാൻ തുടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആ സ്വീകാര്യതയുടെ അടയാളം മഴത്തുള്ളി പോലെയാണ് വീണുകൊണ്ടിരുന്നത്. ഹസ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് (റ) ഹൃദയസ്പൃക്കായ ഒരു സംഭവം വിവരിക്കുന്നു:

"ഒരിക്കൽ മുൻശീ സഫ്ർ അഹ്മദ് സാഹിബും മുൻശീ അരോഡേഖാൻ സാഹിബും ഖാദിയാനിൽ വന്നു. ഉഷ്ണകാലത്താണ് അവർ വന്നത്. മഴ പെയ്തിട്ട് നാളുകൾ കഴിഞ്ഞിരുന്നു. ഖാദിയാനിൽനിന്ന് നാട്ടിലേക്ക് തിരിക്കുമ്പോൾ യാത്ര ചോദിക്കാനും സലാം പറയാനുമായി ഞങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തിരുസന്നിധിയിൽ ഹാജരായി. മുൻശീ അരോഡേഖാൻ സാഹിബ് പറഞ്ഞു: 'ഹുസൂർ, ചൂടു കഠിനമായിരിക്കുന്നു. മഴയ്ക്കുവേണ്ടി ദുആ ചെയ്താലും എന്റെ മുകളിലും താഴെയും വെള്ളമാകുംവിധം മഴ പെയ്യട്ടെ.' ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: *അച്ഛാ, ഊപർ ഭീ പാനീ, നീച്ചേ ഭീ പാനീ.* ഇതുകേട്ട് സഫ്ർ അഹ്മദ് സാഹിബ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ഹുസൂർ ആ ദുആ അദ്ദേഹത്തിനുവേണ്ടി മാത്രം ചെയ്താൽ മതി.'"

കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ നിഷ്കളങ്കവും ആത്മാർത്ഥവുമായ പെരുമാറ്റം ശ്രദ്ധിക്കുക. ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് ചെറിയ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളോടു സംസാരിക്കുന്നതുപോലെ കൃത്രിമത്വമൊന്നുമില്ലാതെ അവർ സംസാരിക്കുന്നു.

"മുൻശീ സഫ്ർ അഹ്മദ് സാഹിബിന്റെ വാക്കുകൾ കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) ചിരിച്ചു. ദുആയോടുകൂടി ഞങ്ങളെ യാത്രയാക്കി. അപ്പോൾ ആകാശം തെളിഞ്ഞ നിലയിലായിരുന്നു. മേഘങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾ ബട്ടാലയിലേക്കുള്ള വഴിയിലൂടെ കുതിരവണ്ടിയിൽ അല്പം മാത്രമേ മുന്നോട്ടുപോയുള്ളൂ. ഞങ്ങളുടെ മുമ്പിൽ പെട്ടെന്ന് ഒരു കാർമേഘം ഉരുണ്ടുകൂടി.

Scanned with CamScanner

ക്ഷണനേരംകൊണ്ട് അത് ആകാശത്തിൽ വ്യാപിച്ചു. പിന്നീട് അധികം കഴിഞ്ഞില്ല. മഴ തിമർത്ത് പെയ്തു. നിരത്തിലെ കുഴികളെല്ലാം വെള്ളംകൊണ്ട് നിറഞ്ഞു. സന്ദർഭവശാൽ പെട്ടെന്ന് ഞങ്ങളുടെ കുതിരവണ്ടി മറിഞ്ഞു. ഞാൻ കരയിലും അരോഡേഖാൻ സാഹിബ് കുഴിയിലുമായി വീണു."

അദ്ദേഹം ഇത് 'സന്ദർഭവശാൽ' എന്ന് രേഖപ്പെടുത്തുന്നു. സന്ദർഭവശാൽ അല്ല. ഇത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയുടെ ഫലമായിരുന്നു.

"ഞാൻ കരയിലും മുൻശീ അരോഡേഖാൻ സാഹിബ് കുഴിയിലുമായി വീണെങ്കിലും ദൈവകൃപയാൽ ആർക്കും പരിക്കൊന്നും പറ്റിയില്ല. ഞാൻ മുൻശീ അരോഡേഖാൻ സാഹിബിനെ പിടിച്ചെഴുന്നേല്പിച്ചു. ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു: മുകളിലും താഴെയും വെള്ളമാകണമെന്ന് പറഞ്ഞ് ഹസ്റത്ത് സാഹിബിനെക്കൊണ്ട് ഇനിയും ദുആ ചെയ്യിക്കുക! പിന്നീട് ഞങ്ങൾ ഹസ്റത്ത് സാഹിബിനെക്കുറിച്ച് തന്നെ സംസാരിച്ചുകൊണ്ട് യാത്ര തുടർന്നു."

ബഹുമാന്യനായ ഇത്വ്റുദ്ദീൻ സാഹിബ് 1899ൽ ബയ്അത്തു ചെയ്തു. അസ്ഹാബെ അഹ്മദ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു രിവായത്തിൽ അദ്ദേഹം പറയുന്നു:

"ഹസ്റത്ത് മസീഹ് മൗഊദ് (അ) സ്വഹാബിമാർക്കിടയിൽ മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഞാൻ എഴുന്നേറ്റുനിന്ന് എനിക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചു. നിരാലംബനും ദരിദ്രനുമായ ഈയുള്ളവനുവേണ്ടി ഹുസൂർ ഉടനെ കൈകളുയർത്തി ദുആ ചെയ്തു. ആ അനുഭവം എനിക്കൊരിക്കലും മറക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം എന്റെ സാമ്പത്തിക മേഖല മെച്ചപ്പെട്ടു. ദീനീ സേവനത്തിന് തൗഫീഖ് കിട്ടി. സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിൽനിന്ന് വിവാഹം കഴിച്ചു. അല്ലാഹു മക്കളേയും തന്നനുഗ്രഹിച്ചു. ദർവേശീ കാലഘട്ടമായ ഇപ്പോൾ ഖാദിയാനിൽ താമസിക്കാനുള്ള സൗകര്യവും ചെയ്തു തന്നിരിക്കുന്നു."

ഹക്കീം ഫള്‌ലുർറഹ്മാൻ സാഹിബ് മുബല്ലിഗിന്റെ പിതാവ് ഹാഫിസ് നബി ബഘ്ശ് സാഹിബ് (റ) വിവരിക്കുന്നു.

Scanned with CamScanner

"1906ൽ നടന്ന ഒരു സംഭവമാണിത്. എന്റെ മകൻ അബ്ദുർറഹ്മാൻ ഖാദിയാനിലെ ഹൈസ്ക്കൂളിൽ ഏഴാംക്ലാസിൽ പഠിക്കുകയായിരുന്നു. ആ സമയത്ത് എനിക്ക് ജോലി ഫയ്സുല്ലാ ചെക് എന്ന സ്ഥലത്തായിരുന്നു. കുട്ടിക്ക് സുഖമില്ലാ എന്ന വിവരമറിഞ്ഞ് ഞങ്ങൾ പെട്ടെന്ന് ഖാദിയാനിലെത്തി. ഹസ്റത്ത് ഖലീഫ അവ്വൽ (റ) ആയിരുന്നു ചികിത്സിച്ചിരുന്നത്. ഞാൻ പെട്ടെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വീട്ടിലെത്തി. ഹുസൂറിനോട് വിവരമെല്ലാം പറഞ്ഞു. ഹുസൂർ ഉടനെ 4, 5 ഗുളിക കൊണ്ടുതന്നു. ഒരെണ്ണം വെള്ളത്തിലിട്ട്കൊടുക്കാൻ പറഞ്ഞു. ഞാനതുപോലെ ചെയ്തു. പക്ഷേ ഗുളിക കുട്ടിയുടെ വായിൽനിന്ന് താഴേക്കിറങ്ങിയില്ല. കുട്ടി മരിക്കുകയും ചെയ്തു. ഖലീഫ അവ്വൽ (റ) ജനാസ നമസ്കരിപ്പിച്ചു. ജനാസ ഫയ്സുല്ലാചെക്കിലേക്ക് കൊണ്ടുപോകാൻ ഞാൻ അനുവാദം ചോദിച്ചു. അതനുവദിക്കുകയും ചെയ്തു.

"അടുത്ത വെള്ളിയാഴ്ച ഞാൻ വീണ്ടും ഖാദിയാനിലെത്തി. ഹുസൂർ (അ) മസ്ജിദ് മുബാറക്കിന്റെ മിഹ്റാബിൽ ജനലിന്റെ മുൻഭാഗത്ത് ഇരിക്കുകയായിരുന്നു. ഞാൻ അകത്ത് കടന്നതേയുള്ളൂ. ഹുസൂറിന്റെ അനുകമ്പാദൃഷ്ടി എന്നിൽ പതിഞ്ഞു. ഹുസൂർ എന്നെ തന്റെ അടുത്തേക്ക് വിളിച്ചു. ഹുസൂറിന്റെ ശബ്ദം കേട്ടപ്പോൾ എല്ലാവരും എനിക്ക് വഴിയൊരുക്കിതന്നു. ഞാൻ ഹുസൂറിന്റെ തൊട്ടടുത്ത് ചെന്നിരുന്നു. ഹുസൂർ പറഞ്ഞു: കുട്ടിയുടെ മരണത്തിൽ താങ്കളുടെ ക്ഷമ എനിക്കറിയാൻ കഴിഞ്ഞു. എന്റെ പുറത്തു തടവിക്കൊണ്ടു പറഞ്ഞു: 'ഇതിനു പകരം ഇതിനെക്കാൾ നല്ലതു കിട്ടാൻ ഞാൻ ദുആ ചെയ്യാം'. ഹുസൂറിന്റെ ദുആയുടെ ഫലമായി അല്ലാഹു എനിക്ക് മറ്റൊരു മകനെ നല്കി അനുഗ്രഹിച്ചു. അവന്റെ പേര് ഹക്കീം ഫള്ലുർ റഹ്മാൻ എന്നാണ്. ലാഗോസിൽ, ഗോൾക്കോസ്റ്റ് എന്ന സ്ഥലത്ത് മുബല്ലിഗായി ഇപ്പോൾ അവൻ സേവനമനുഷ്ഠിച്ചുവരുന്നു. അല്ലാഹു തആല നല്ല നിലയിൽ പ്രവർത്തിക്കാൻ അവന് തൗഫീഖ് നല്കുമാറാകട്ടെ."

ജമാഅത്തിന്റെ പ്രഗത്ഭനായൊരു മുബല്ലിഗായിരുന്നു അദ്ദേഹം. വളരെയധികം ത്യാഗങ്ങൾ സഹിച്ച് അദ്ദേഹം പ്രവർത്തന നിരതനായി. ഗാനയിലും അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു സാക്ഷികളായി നിരവധി പേരുണ്ട്.

Scanned with CamScanner

ഹാഫിസ് നബി ബഘ്ശ് സാഹിബ് പറഞ്ഞതായി ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) രേഖപ്പെടുത്തുന്നു.

"എന്റെ കാഴ്ച ശക്തി കുറഞ്ഞതിനാൽ ചികിത്സക്കായി ഞാൻ ഖലീഫ അവ്വലിന്റെ അടുക്കൽവന്നു. നേത്രപടലത്തിന് ക്ഷതം സംഭവിക്കാനിടയുണ്ടെന്ന് പരിശോധനയ്ക്കുശേഷം അവിടന്ന് പറഞ്ഞു. ഇതിനുശേഷം പരിശോധിച്ച രണ്ടു ഡോക്ടർമാരും ഇതേ അഭിപ്രായം തന്നെ പറഞ്ഞു. ഞാൻ അങ്ങേയറ്റം വിഷമത്തോടുകൂടി ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അടുക്കൽ വന്ന് വിവരങ്ങളെല്ലാം അറിയിച്ചു. ഹുസൂർ (അ) അൽഹംദുലില്ലാഹ് ചൊല്ലിക്കൊണ്ട് എന്റെ കണ്ണിന്മേൽ തടവി. ദുആ ചെയ്യാമെന്ന് പറയുകയും ചെയ്തു. അതിനുശേഷം എന്റെ രോഗം പൂർണ്ണമായും സുഖപ്പെട്ടു. ഡോക്ടർമാർ പറഞ്ഞതുപോലെയൊന്നും സംഭവിച്ചില്ല. കാഴ്ച തിരിച്ചുകിട്ടി."

1878-80ന് ഇടയ്ക്കാണ് ഹസ്റത്ത് ഹാഫിസ് ഹാമിദ് അലി സാഹിബ് ആദ്യമായി ഖാദിയാനിൽ വരുന്നത്. ഖാദിയാനിൽ നിന്ന് തിരിച്ചുപോകുമ്പോൾ കഠിനമായ വയറിളക്കമുണ്ടായി. വീണ്ടും ഖാദിയാനിലേക്ക് മടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയും ചികിത്സയുംകൊണ്ട് സുഖം ലഭിച്ചു. അതിനുശേഷം ഹുസൂറിന്റെ സേവകനായി ഖാദിയാനിൽതന്നെ താമസിച്ചു. ഹുസൂർ അദ്ദേഹത്തിന് ഒരു രൂപ ശമ്പളം നിശ്ചയിക്കുകയും ചെയ്തു."

ഇക്കാലത്ത് ഒരു രൂപ എന്തിനുണ്ട്, നമുക്ക് ചിന്തിക്കാൻപോലും കഴിയില്ല. ഒരു പൈസക്ക് ഇന്ന് ഒരു കവിടിയുടെ വിലപോലുമില്ല. അക്കാലത്ത് ഒരു രൂപയിൽ വലിയ അനുഗ്രഹമുണ്ടായിരുന്നു; പ്രത്യേകച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) നിശ്ചയിച്ച ഒരു രൂപയിൽ.

ഹസ്റത്ത് ഹാഫിസ് സാഹിബ് പറയുന്നു:

"ഈ ഒരു രൂപയിൽ എനിക്കു ലഭിച്ച അനുഗ്രഹം, വലിയ വലിയ ശമ്പളം വാങ്ങുന്നവരിൽപ്പോലും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല."

മുൻശീ സയ്നുൽ ആബ്ദീൻ, ഹസ്റത്ത് ഹാമിദ് അലി സാഹിബിന്റെ ഇളയ സഹോദരനായിരുന്നു. അദ്ദേഹത്തിന്റെ വിവാഹം

Scanned with CamScanner

ഉറപ്പിച്ചിരുന്നതാണെങ്കിലും എന്തോ ചില കാരണങ്ങളാൽ അത് നടന്നില്ല. പിന്നീട് പിതൃസഹോദരി തന്റെ മകൾക്കുവേണ്ടി അദ്ദേഹത്തെ ചോദിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് വിവരങ്ങൾ പറഞ്ഞകൂട്ടത്തിൽ പെൺകുട്ടിക്ക് ചെറുപ്പത്തിൽ മണ്ണുതിന്നുന്ന ശീലമുണ്ടായിരുന്നു എന്നും അറിയിച്ചു. ഹുസൂർ (അ) ഇതു കേട്ടപ്പോൾ പറഞ്ഞു: ചെറുപ്പത്തിൽ മണ്ണുതിന്നുന്ന ശീലമുള്ള പെൺകുട്ടികൾ പ്രകൃത്യാ ബലഹീനരായിരിക്കും. എങ്കിലും ഞാൻ നിർബന്ധിച്ചപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) വിവാഹം കഴിക്കാൻ പറഞ്ഞു: അദ്ദേഹം പറയുന്നു: പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഒന്നിനുപിറകെ ഒന്നായി കുട്ടികൾ മരിച്ചു. ഞാൻ ഹസ്റത്ത് സാഹിബിനോട് ദുആ ചെയ്യാൻ അപേക്ഷിച്ചു. ഞാൻ ദരിദ്രനാണെന്നും ചികിത്സ നടത്താൻ പറ്റുന്നില്ലെന്നും അറിയിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ ഹസ്റത്ത് സാഹിബ്, താങ്കളെന്താണ് ആഗ്രഹിക്കുന്നതെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു: ദുആ. ഹുസൂർ (അ) ആ വാതിൽക്കൽ നിന്നുകൊണ്ട് അസ്ർ ബാങ്കു കൊടുക്കുന്നതുവരെ കൈകളുയർത്തി കരഞ്ഞ് കരഞ്ഞ് ദുആ ചെയ്തു. കണ്ണുനീർ താടിയിലൂടെ ഒഴുകി ഇറ്റിറ്റുവീണുകൊണ്ടിരുന്നു. ഞാൻ ഇതുകണ്ട് അവശനായി ഭിത്തിയിൽ ചാരിനിന്നു. ഞാൻ മുഖേന ഹസ്റത്ത് സാഹിബിന് നേരിട്ട വിഷമം എനിക്കു സഹിക്കാൻ കഴിഞ്ഞില്ല. കുട്ടികൾ ഉണ്ടായില്ലെങ്കിലും ഹുസൂറിനെ വിഷമിപ്പിക്കരുതായിരുന്നുവെന്ന് തോന്നി. ദീർഘനേരത്തെ ദുആയ്ക്കുശേഷം ഹുസൂർ (അ) പറഞ്ഞു: 'താങ്കളുടെ ഭാര്യയുടെ അസുഖങ്ങളെല്ലാം മാറിയിരിക്കുന്നു. ഈ ഗർഭത്തിൽ ആൺകുട്ടി പിറക്കും. ആ കുട്ടിയുടേയും തള്ളയുടേയും മുഖം എനിക്കു കാണിക്കപ്പെട്ടു.' അതിനുശേഷം ഇന്നുവരെ എന്റെ ഒരു കുട്ടിയും മരിച്ചിട്ടില്ല. ഞങ്ങൾക്ക് നാല് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളുമുണ്ട്."

ഹസ്റത്ത് മുൻശീ സയ്നുൽ ആബ്ദീൻ സാഹിബ് (റ) വീണ്ടും പറയുന്നു:

"ഒരിക്കൽ കഠിനമായ ചുമയുമായി ഞാൻ ഖാദിയാനിൽ വന്നു. ഹുസൂർ (അ)ന്റെ സന്നിധിയിൽ വിഷമങ്ങളെല്ലാം വിശദീകരിച്ചു. ഹുസൂർ (അ) മുറിയിൽ ഉലാത്തുകയായിരുന്നു. ഉയർന്ന നിലയിലോ

താഴ്ന്ന നിലയിലോ ചികിത്സ വേണ്ടതെന്ന് എന്നോടു ചോദിച്ചു. ഹുസൂറിന്റെ ഇഷ്ടംപോലെ എന്നു ഞാൻ മറുപടി പറഞ്ഞു. ചികിത്സക്ക് എത്ര രൂപ കൊണ്ടുവന്നിട്ടുണ്ടെന്ന് ചോദിച്ചപ്പോൾ അഞ്ചു രൂപ എന്ന് ഞാൻ അറിയിച്ചു. ഹുസൂർ (അ) അതുവാങ്ങി. എന്നിട്ട് എന്നോടു പൊയ്ക്കൊള്ളാൻ പറഞ്ഞു. ഇനി താങ്കൾക്ക് ചുമ എന്ന രോഗം ഉണ്ടാകുകയില്ല. ഞാൻ മടിയൊന്നും കൂടാതെ, ഹുസൂറിന്റെ പക്കൽ വല്ല മന്ത്രവും ഉണ്ടോ എന്ന് ആരാഞ്ഞു. അതുകേട്ടപ്പോൾ ഹുസൂർ പറഞ്ഞു: 'ഞാൻ പറയുന്നു. താങ്കൾക്ക് ഇനി ഈ രോഗം ഉണ്ടാകുകയില്ല.' പിന്നീട് ഹാഫിസ് ഹാമിദ് അലി സാഹിബിനോട് പറഞ്ഞു: മരുന്നു കൊടുത്തില്ലെങ്കിൽ ഗ്രാമവാസികൾക്ക് തൃപ്തി ഉണ്ടാകുകയില്ല. പിന്നീട് മലട്ടി (ഒരു മരത്തിന്റെ വേര്) ഏലക്കായ്, മുനഖ (ഒരു തരം വലിയ മുന്തിരി)എന്നിവ ചേർത്ത് ഗുളികയുണ്ടാക്കിക്കൊടുത്തു. അഞ്ചുരൂപ മടക്കിക്കൊടുത്തിട്ട് പറഞ്ഞു: നെയ്യ് വാങ്ങി കഴിച്ച് തടി വയ്ക്കുക."

അദ്ദേഹം നെയ്യ് വാങ്ങി കഴിച്ചോ ഇല്ലേ എന്ന് നമുക്കറിയില്ല. പക്ഷേ പിന്നീട് ഒരിക്കലും അദ്ദേഹത്തെ ആ രോഗം അലട്ടിയില്ല.

ഒരിക്കൽ ഹസ്റത്ത് സാഹിബ് സാദാ സിറാജുൽഹഖ് സാഹിബ് നുഅ്മാനിക്ക് കഠിനമായ ജലദോഷമുണ്ടായി. അത് നാലുവർഷം നീണ്ടുനിന്നു. പാലു കുടിക്കുക എന്നതും സുഗന്ധം ശ്വസിക്കുകയെന്നതും വിഷമമായിത്തീർന്നു.

ചിലർക്ക് പാല് അലർജിയായിരിക്കും. അതു കുടിച്ചുകഴിഞ്ഞാൽ പല രോഗങ്ങളും ഉണ്ടാകും. ഇത്തരം രോഗികൾ എന്റെയടുത്ത് ധാരാളം വരുന്നുണ്ട്. ചിലർക്ക് പാലുകുടിച്ചാലുടനെ തുമ്മലുണ്ടാകും. മൂക്കിലൂടെയും വായിലൂടെയും വെള്ളം വരാനും തുടങ്ങും.

സിറാജുൽഹഖ് സാഹിബ് തുടരുന്നു.

"ഒരിക്കൽ ഇശാനമസ്ക്കാരത്തിനുശേഷം മസ്ജിദ് മുബാറക്കിൽ ഹുസൂർ (അ) സ്വഹാബത്തിനോടൊത്ത് ഇരിക്കുകയായിരുന്നു. ഹുസൂർ (അ) പാല് വരുത്തിച്ച് ഒരു കവിൾ കുടിച്ചു. ബാക്കി എനിക്കു തന്നിട്ട് കുടിക്കാൻ പറഞ്ഞു. അപ്പോൾ ഞാനെന്റെ രോഗവിവരം അറിയിച്ചു. എന്നാലും സാരമില്ല. എന്തു ജലദോഷം? ഇതുപറഞ്ഞ് ഹുസൂർ കുടിക്കാൻ നിർബന്ധിച്ചപ്പോൾ ഞാനുടനെ അതു വാങ്ങി

Scanned with CamScanner

വലിച്ചുകുടിച്ചു. അദ്ദേഹം പറഞ്ഞു: അതിനുശേഷം എനിക്കൊരിക്കലും ജലദോഷമുണ്ടായിട്ടില്ല."

ഹസ്റത്ത് ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ് (റ) വിവരിക്കുന്നു.

"ഒരിക്കൽ ഹുസൂർ (അ) നടക്കാനിറങ്ങി തിരിച്ചുവരികയായിരുന്നു. ഞങ്ങളും കൂടെ ഉണ്ടായിരുന്നു. ഒരാൾ ഹുസൂറിനെ കാത്തുനിൽക്കുന്നതായി കണ്ടു. ഹുസൂർ (അ) നെ കണ്ടയുടനെ വെപ്രാളത്തോടെ ഹുസൂറിന്റെ കാല് പിടിക്കാനായി അയാൾ കുനിഞ്ഞു. ഹുസൂർ (അ) അയാളെ പിടിച്ച് നേരെ നിർത്തി. കാര്യം ചോദിച്ചു. അയാൾ പറഞ്ഞു: എന്റെ ജീവിതം മരണത്തേക്കാൾ കഷ്ടമാണ്. ഇതിൽനിന്ന് മുക്തി കിട്ടാൻ എനിക്കുവേണ്ടി ദുആ ചെയ്താലും. ഹുസൂർ (അ) പറഞ്ഞു: അല്ലാഹു എന്നെ അയച്ചിട്ടുള്ളത് ജീവിതം നല്കാനാണ്. മരണം നല്കാനല്ല. ഞാൻ താങ്കളുടെ ആരോഗ്യത്തിനായി ദുആ ചെയ്യാം. അയാൾ അപസ്മാരരോഗിയായിരുന്നു. അതിനുശേഷം 20 ദിവസം അയാൾ ഖാദിയാനിൽ താമസിച്ചു. ഈകാലയളവിൽ രോഗം ഒരു പ്രാവശ്യം ഉണ്ടായില്ല. പിന്നീട് അയാൾ ബയ്അത്ത് ചെയ്ത് മടങ്ങിപ്പോയി. അതുകഴിഞ്ഞ് രണ്ടു വർഷം ഇടയ്ക്കിടെ വരുമായിരുന്നു. വരുമ്പോഴൊക്കെ അദ്ദേഹം പറയും: 'പിന്നീടൊരിക്കലും എനിക്ക് അപസ്മാരം ഉണ്ടായിട്ടില്ല.'

താൻ ഖാദിയാനിൽ ഹിജ്റത്ത് ചെയ്ത് വരുന്നതിനുമുമ്പുള്ള ഒരു സംഭവം ഹസ്റത്ത് ശേയ്ഖ് റഹ്മത്തുല്ലാഹ് സാബിബ് (റ) വിവരിക്കുന്നു.

"ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരുദിവസം രാവിലെ ബസ്ലാവ ഗ്രാമത്തിലേക്ക് നടക്കാനിറങ്ങി. ഞങ്ങൾ 8, 9 ആളുകൾ കൂടെ ഉണ്ടായിരുന്നു. കരിമ്പ് തലയിലേറ്റി വരുന്ന ഒരു ഗ്രാമീണനെ വഴിയിൽ കണ്ടുമുട്ടി. അയാൾ അടുത്തു വന്നു പറഞ്ഞു: മിർസാജി അസ്സലാമു അലയ്ക്കും. കരിമ്പ് താഴെവെച്ചുകൊണ്ട് പഞ്ചാബിയിൽ അയാൾ തുടർന്നു: മഴ പെയ്യാത്ത കാരണത്താൽ കരിമ്പിന് നീര് കുറഞ്ഞിരിക്കുന്നു. മൃഗങ്ങളാണെങ്കിൽ ചത്തൊടുങ്ങുന്നു. കൃഷിയുടെ കാര്യം പറയാനില്ല. മഴ പെയ്യുന്നതിനായി ദുആ ചെയ്താലും. ഹുസൂർ (അ) പറഞ്ഞു: തീർച്ചയായും ഞാൻ ദുആ ചെയ്യും. ഇതുപറഞ്ഞ് ഹുസൂർ അവിടെ നിന്നു മുന്നോട്ടു നീങ്ങി. ഉച്ചക

ഴിഞ്ഞ് രണ്ടുമണിയോടെ ഒരു മേഘം ഉയരുന്നതായി കണ്ടു. പിന്നീട് അത് ആകാശം മുഴുവൻ മൂടി. കനത്ത മഴ പെയ്തു. ഈയൊരു കാരണത്താൽ എനിക്ക് ആ രാത്രി ഖാദിയാനിൽതന്നെ തങ്ങേണ്ടിയും വന്നു."

ഹസ്റത്ത് മിർസാ ബശീർ അഹ്മദ് (റ) എന്റെ മാതാമഹൻ ഡാക്ടർസയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റെ ഒരു നിവേദനം രേഖപ്പെടുത്തുന്നു.

സയ്യിദ് അബ്ദുസ്സത്താർ ശാഹ്സാഹിബ് (റ) എഴുതുന്നു. "ഒരിക്കൽ മൂന്നുമാസം ലീവെടുത്ത് എനിക്ക് ഖാദിയാനിൽ പാർക്കേണ്ടതായിവന്നു. അക്കാലത്ത് വലിയുല്ലാഹ് ശായുടെ മാതാവിന് അതികഠിനമായ പല്ലുവദേനയുണ്ടായി. ഠെഅക്കാരണത്താൽ ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഡാക്ടറെ കാണിച്ചു. ഫലമുണ്ടായില്ല. ഹസ്റത്ത് ഖലീഫ അവ്വൽ (റ)വും മരുന്നുതന്നു. പക്ഷേ, കുറവുണ്ടായില്ല. ഇക്കാര്യം ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) ഹസ്റത്ത് മസീഹ് മൗഊദ് (അ) നോടു പറഞ്ഞു. അവരെ ഇങ്ങോട്ടു വരുത്തുക. എവിടെയാണ് വേദനയെന്ന് നേരിൽ പറയട്ടെ. ഹുസൂർ (അ) അറിയിച്ചു. അങ്ങനെ അവർ അവിടെ വന്നു. വേദനയുള്ള പല്ല് തൊട്ടുകാണിച്ചു. വിവരങ്ങളെല്ലാം പറഞ്ഞു. അൽപം നിൽക്കുക. ഹുസൂർ പറഞ്ഞു. ഹുസൂർ (അ) വുസൂ ചെയ്തു. രണ്ട് റക്അത്ത് നഫ്ൽ നമസ്കരിച്ചു. ആ സമയം അവർ നിശ്ശബ്ദയായിരുന്നു. അവർ പറയുന്നു: ആ പല്ലിന്റെ താഴ്ഭാഗത്ത് നിന്ന് പുകയോടുകൂടിയ ഒരു തീനാളം ആകാശത്തേക്ക് ഉയർന്നുപോകുന്നതുപോലെ എനിക്കു തോന്നി. വേദനയും കുറഞ്ഞുകുറഞ്ഞുവന്നു. ആ തീനാളം ആകാശത്തേക്കുയർന്ന് അപ്രത്യക്ഷമായി. അപ്പോൾ ഹുസൂർ (അ) സലാം വീട്ടി. എന്റെ വേദനയും മാറി. ഹുസൂർ (അ) ചോദിച്ചു: ഇപ്പോൾ എങ്ങനെയുണ്ട്? ദുആകൊണ്ട് എല്ലാം സുഖമായെന്ന് അവർ പറഞ്ഞു: ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൊണ്ട് തനിക്ക് രക്ഷ ലഭിച്ചതിൽ അവർ വളരെയധികം സന്തോഷിച്ചു."

ഹസ്റത്ത് മിയാൻ അബ്ദുല്ലാഹ് സാഹിബ് (റ) പറഞ്ഞതായി ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു.

Scanned with CamScanner

"നൗഗാവ് എന്ന സ്ഥലത്തെ വില്ലേജ് രജിസ്ട്രാറായിരുന്നു ഞാൻ. 55 രൂപയായിരുന്നു അന്ന് ശമ്പളം. മറ്റൊരു രജിസ്ട്രാറോടൊപ്പം ബായിൽ താലൂക്കിലേക്ക് ഞാൻ സ്ഥലംമാറ്റം വാങ്ങി. പക്ഷേ, അവിടെ ചെന്നപ്പോഴാണ് അത് ജാട്ടുമാരുടെ ഗ്രാമമാണെന്ന് മസ്സിലായത്. ഒരൊറ്റ മുസ്‌ലിം പള്ളിയും എനിക്കവിടെ കാണാൻ കഴിഞ്ഞില്ല. ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഈ വിവരങ്ങളെല്ലാം വെച്ചു കൊണ്ട് ദുആയ്ക്കുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കത്തെഴുതി. അധികം വൈകാതെ, ധിറുതി കൂട്ടരുതെന്നും സമയം വരുമ്പോൾ എല്ലാ കാര്യങ്ങളും ഭംഗിയായി നടന്നുകൊള്ളുമെന്നും ഉപദേശിച്ചുകൊണ്ടുള്ള ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മറുപടി എനിക്കു കിട്ടി. കുറച്ചുദിവസത്തിനുശേഷം ഓസ്ഗഡിലേക്ക സ്ഥലം മാറ്റം കിട്ടി. ആസ്ഥലം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. പിന്നീട്, നൗഗാവ് എന്ന സ്ഥലം എന്റെ മനസ്സിൽപോലും വന്നിട്ടില്ല. ഹസ്റത്ത് സാഹിബ് പറഞ്ഞതുപോലെ ഞാൻ അനുസരിച്ചു. മാറ്റം കിട്ടിയ ഓസ്ഗഡ് ഒരു മുസ്‌ലിം ഗ്രാമമാണ്. അവിടെയാണെങ്കിൽ പള്ളികളുമുണ്ട്.

"കുറച്ചുകഴിഞ്ഞപ്പോൾ നൗഗാഹിൽ ജോലി ഒഴിവ് വന്നു. അവിടത്തെ തഹ്സീൽദാർ നൗഗാവും എന്റെ പരിധിക്കുള്ളിൽ ആക്കുന്നതിനുവേണ്ടി ശിപാർശ ചെയ്തു. അവിടത്തെ ശമ്പളമായ 110 രൂപയും എനിക്ക് തരണമെന്ന് ശിപാർശയിൽ പറഞ്ഞിരുന്നു. മഹാരാജാവ് അതംഗീകരിച്ചു. രണ്ടു ഗ്രാമവും എന്റെ പരിധിക്കുള്ളിലായി. അങ്ങനെ ശമ്പളവർദ്ധനവോടുകൂടി എനിക്ക് സ്ഥാനക്കയറ്റം കിട്ടി. നൗഗാവും-ഓസ്ഗഡും തമ്മിൽ 15 നാഴിക ദൂരമുണ്ട്. ഇതിനിടയിൽ എന്റെ പ്രവർത്തന പരിധിയിൽപ്പെടാത്ത സ്ഥലങ്ങളുമുണ്ട്."

മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നൗരി (റ)യുടെ തബ്‌ലീഗ് പ്രവർത്തനത്തിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓസ്ഗഡ് ഗ്രാമം മുഴുവൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഓസ്ഗഡുമായി ബന്ധപ്പെട്ട അഹ്മദികൾ ലോകത്തിന്റെ നാനാഭാഗത്തും ഇന്നുണ്ട്.

ഹസ്റത്ത് മുൻശീ അത്വാമുഹമ്മദ് സാഹിബ് വില്ലേജ് രജിസ്ട്രാർ തന്നോട് പറഞ്ഞതായി ഹസ്റത്ത് മിർസാ ബശീർ അഹ്മദ്

സാഹിബ് (റ) രേഖപ്പെടുത്തുന്നു. ഗുരുദാസ്പൂർ ജില്ലയിലെ മിൽജുമാനിൽ ഞാൻ ജോലി നോക്കിയിരുന്ന കാലം. ഞാനന്ന് ബയ്അത്ത് ചെയ്തിരുന്നില്ല. ഖാസി നിഅ്മത്തുല്ലാഹ് സാഹിബ് ഖത്തീബ് ബട്ടാലവിയോട് എനിക്ക് സുഹൃദ്ബന്ധമുണ്ടായിരുന്നു. ഹസ്റത്ത് സാഹിബിനെ സംബന്ധിച്ച് അദ്ദേഹം എന്നെ ഒരുപാട് തബ്ലീഗ് ചെയ്തു. എന്നാൽ, ഞാനത് അത്ര കാര്യമായൊന്നും എടുത്തിരുന്നില്ല. ഒരിക്കൽ അദ്ദേഹം എന്നെ ഒരുപാട് നിർബന്ധിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ താങ്കളുടെ മിർസായ്ക്ക് ദുആയ്ക്കുവേണ്ടി ഒരു കത്തെഴുതാം. അത് നടപ്പായാൽ ഞാൻ മിർസാ സാഹിബിനെ വിശ്വസിച്ചുകൊള്ളാം.' ഞാൻ കത്തെഴുതി: 'താങ്കൾ മസീഹ് മൗഊദാണെന്നും അല്ലാഹുവിന്റെ വലിയ്യാണെന്നും വാദിക്കുന്നു. വലിയ്യ്മാരുടെ ദുആകൾ അല്ലാഹു സ്വീകരിക്കാറുണ്ട്. എനിക്ക് മൂന്ന് ഭാര്യമാരുണ്ട്. പക്ഷേ, 23 വർഷമായിട്ടും സന്താനങ്ങളൊന്നുമില്ല. എന്റെ മൂത്ത ഭാര്യയിൽ സൗന്ദര്യവാനായ ഒരാൺകുട്ടി പിറക്കണമെന്നാണ് എന്റെ ആഗ്രഹം. എനിക്കുവേണ്ടി ദുആ ചെയ്യുക' മൗലവി അബ്ദുൽകരീം സാഹിബിനെക്കൊണ്ടെഴുതിച്ച ഹസ്റത്ത് സാഹിബിന്റെ മറുപടി എനിക്കു കിട്ടി. 'യജമാനനനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്തു. സൗന്ദര്യവാനായ ഒരാൺകുട്ടിയെ താങ്കൾ ആഗ്രഹിച്ച പ്രകാരം മൂത്ത ഭാര്യയിൽതന്നെ അല്ലാഹു താങ്കൾക്കു നല്കും. എന്നാൽ, താങ്കൾ സക്കരിയ്യാതെ (അ) പോലെ തൗബ ചെയ്യണം."

ഹസ്റത്ത് സക്കരിയ്യാ (അ) പൂർണമായും അല്ലാഹുവിലേക്ക് മടങ്ങിയിരുന്നു. സന്താനമുണ്ടാകുക എന്നത് അസംഭാവ്യമായ കാലത്തായിരുന്നു അത്. ഹസ്റത്ത് സക്കരിയ്യ (അ) പരിപൂർണമായും അല്ലാഹുവിൽ തവക്കുൽ ചെയ്തു.

മുൻശീ അത്വാമുഹമ്മദ് സാഹിബ് തുടരുന്നു:

"ഞാൻ അക്കാലത്ത് നിർമതനും മദ്യപനുമൊക്കെയായിരുന്നു. ഞാൻ പള്ളിയിൽചെന്ന് സക്കരിയ്യാ ചെയ്ത തൗബ എന്താണെന്ന് മുല്ലാക്കയോടു ചോദിച്ചു. എന്നാൽ അയാൾക്ക് മറുപടി തരാൻ കഴിഞ്ഞില്ല. ഞാൻ പള്ളിയിൽ ചെന്നപ്പോൾ ഈ ശയ്ത്വാൻ പള്ളിയിൽ വന്നതെന്തിനാണെന്ന് കരുതി മറ്റുള്ളവർ അത്ഭുതപ്പെട്ടു. ഞാൻ ധരംകോട്ടിലെ മൗലവി ഫതഹ്ദീൻ സാഹിബ് അഹ്മദിയോട് ഇതേ

Scanned with CamScanner

ചോദ്യം ആവർത്തിച്ചു. അദ്ദേഹം പറഞ്ഞു: നിർമതത്വം ഉപേക്ഷിക്കുക. ഹലാൽ തിന്നുക. നമസ്കാരവും നോമ്പും അനുഷ്ഠിക്കുക. മദ്യം വർജിക്കുക."

അദ്ദേഹം ഇപ്പറഞ്ഞതെല്ലാം തെറ്റായ വ്യാഖ്യാനമാണ്. ഇതു ശരിയാണെങ്കിൽ സക്കരിയ്യാ ഇതെല്ലാം ചെയ്തിരുന്ന ആളാണെന്നും പിന്നീട് അതെല്ലാം ഉപേക്ഷിച്ചതാണെന്നും പറയേണ്ടിവരും. ഇതു തികച്ചും അസംബന്ധമാണ്. അല്ലാഹുവിലേക്ക് ഹസ്റത്ത് സക്കരിയ്യാ (അ) പരിപൂർണമായും മടങ്ങി എന്നു മാത്രമാണ് അതിന്റെ ഉദ്ദേശ്യം.

മുൻശീ സാഹിബ് പറയുന്നു: "പറഞ്ഞതുപോലെയൊക്കെ ഞാൻ പ്രവർത്തിച്ചു. 4, 5 മാസത്തിനുശേഷം ഞാൻ വീട്ടിൽചെന്നു അപ്പോൾ എന്റെ മൂത്ത ഭാര്യയെ ദുഃഖിതയായികണ്ടു. ഞാൻ വിവരങ്ങൾ തിരക്കി. അപ്പോൾ പറഞ്ഞു: കുട്ടികളില്ല എന്നതായിരുന്നു എന്റെ ഒരേയൊരു ദുഃഖം. അപ്പോൾ നിങ്ങൾ വേറെ വിവാഹം കഴിച്ചു. സന്താനങ്ങളില്ലാത്തതുകൊണ്ട് അവർക്കും വിഷമമുണ്ടായി. ഇപ്പോൾ എന്റെ ആർത്തവവും നിലച്ചിരിക്കുന്നു. സന്താനമുണ്ടാകുമെന്നുമുള്ള പ്രതീക്ഷ തന്നെ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. അക്കാലത്ത് എന്റെ ഭാര്യാസഹോദരൻ അമൃതസറിലെ പോലീസ് അധികാരിയായിരുന്നു. തന്റെ സഹോദരന്റെ അടുക്കൽ കൊണ്ടുപോകാനും അവിടെ വിദഗ്ധ ഡോക്ടറെകൊണ്ട് പരിശോധിപ്പിച്ച് ചികിത്സ നടത്താനും അവർ ആവശ്യപ്പെട്ടു. അവിടെയൊന്നും പോകേണ്ടെന്നും ഇവിടെ ഏതെങ്കിലും വയറ്റാട്ടിയെ വിളിച്ചുകാണിക്കാമെന്നും ഞാൻ പറഞ്ഞു. അങ്ങനെ വയറ്റാട്ടി വന്നു. കണ്ടയുടനെ അവർ പറഞ്ഞു: 'ഞാൻ മരുന്നും തരികയില്ല, കൈയും തൊടുകയില്ല. എനിക്ക് തോന്നുന്നത് ദൈവം നിന്റെ ഉള്ളിൽ മറന്നുപോയി എന്നാണ്.'

അതായത് അല്ലാഹു മറന്നിട്ട് നിനക്ക് സന്താനം നല്കിയെന്നാണ് അവർ പറഞ്ഞതിൻരെ ഉദ്ദേശ്യം.

അതുകേട്ടപ്പോൾ ഞാൻ പറഞ്ഞു: 'അങ്ങനെ പറയരുത്. ഞാൻ മിർസാ സാഹിബിനെക്കൊണ്ട് ദുആ ചെയ്യിച്ചിരുന്നു.'

മുൻശീ സാഹിബ് പറയുന്നു: "അങ്ങനെ കുറച്ചുകാലം കഴിഞ്ഞ

Scanned with CamScanner

പ്പോൾ ഗർഭം വ്യക്തമായി. ഞാൻ ഈ വിവരം എല്ലാവരോടും പറയാൻ തുടങ്ങി. എനിക്ക് ആൺകുട്ടി പിറക്കുമെന്നും അവൻ സൗന്ദര്യവാനായിരിക്കുമെന്നുമൊക്കെ. അങ്ങനെയായാൽ അതൊരു കറാമത്ത് തന്നെയായിരിക്കും. എന്ന് ജനങ്ങൾ പ്രതീകരിക്കുകയും ചെയ്തു.

"അവസാനം ഒരു രാത്രി എനിക്ക് ആൺകുട്ടി പിറന്നു. ഉടൻതന്നെ ഞാൻ ധരംകോട്ടിലേക്കോടി. അവിടെ എന്റെ ധാരാളം ബന്ധുക്കളുണ്ടായിരുന്നു. കുട്ടിയുടെ ജനനം അവരെ അറിയിച്ചു."

മറ്റൊരു നിവേദനത്തിൽ, കുട്ടിയേയും എടുത്ത് കൊണ്ടോടി എന്നും തണുപ്പ് കാലമായിരുന്നുവെന്നും, തുണിയൊന്നും പുതപ്പിക്കാതെ കുട്ടിയേയുമെടുത്തോടുമ്പോൾ തണുപ്പ് പിടിച്ചു കുട്ടി മരിച്ചുപോകുമെന്ന് വയറ്റാട്ടി പറഞ്ഞുവെന്നും എന്നാൽ ഇവൻ ഹസ്റത്ത് മിർസാ സാഹിബിന്റെ ദൃഷ്ടാന്തമാണ് മരിക്കുകയില്ല എന്ന് അദ്ദേഹം പറഞ്ഞുവെന്നും പറയുന്നുണ്ട്.

മുൻശീ സാഹിബ് പറയുന്നു: "അങ്ങനെ ധരംകോട്ടിൽനിന്ന് ധാരാളമാളുകൾ ബയ്അത്തു ചെയ്യുന്നതിനുവേണ്ടി ഖാദിയാനിലേക്ക് പുറപ്പെട്ടു. ചിലർ പോയില്ല. പിന്നീട് മഞ്ചുവാനിലുള്ള കുറെയാളുകളും ഇക്കാരണത്താൽ ബയ്അത്തു ചെയ്തു. ഞാനും ബയ്അത്തുചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അബ്ദുൽ ഖുദൂസ് എന്ന് കുട്ടിക്ക് പേരിട്ടു."

അബ്ദുർറഹ്മാൻ സാഹിബ് മുബശ്ശിർ മുഖേന ഹസ്റത്ത് മുഹമ്മദ് ഇബ്റാഹിം സാഹിബ് നിവേദനം ചെയ്തതായി ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) രേഖപ്പെടുത്തുന്നു.

"എന്റെ ആദ്യഭാര്യ വഫാത്തായപ്പോൾ ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് ദുആ ചെയ്യുന്നതിനായി അപേക്ഷിച്ചു. ഞാൻ ദുആ ചെയ്യാമെന്ന് അവിടന്ന് പറഞ്ഞു. താങ്കൾ ദുആയ്ക്ക് പറയുന്നതിനോടൊപ്പം വിവാഹകാര്യവും സൂചിപ്പിക്കണമെന്ന് ചിലർ അഭിപ്രായപ്പെട്ടു. അതെല്ലാം ശരിയാകുമെന്നും അല്ലാഹുവിൽനിന്ന് തന്നെ അതിനുള്ള ഏർപ്പാടുണ്ടാകുമെന്നും ഞാൻ അവരോടു പറഞ്ഞു. 20 ദിവസം കഴിയുന്നതിനുമുമ്പേ ഗുജറാത്തിൽ നിന്നൊരു വിവാഹാലോചന വന്നു. ഹസ്റത്ത് ഖലീഫ അവ്വൽ (റ) എന്നോടു

Scanned with CamScanner

പറയാതെ അതങ്ങ് ഉറപ്പിച്ചു. അതിനുശേഷം എന്നോടു പറഞ്ഞപ്പോൾ എവിടെനിന്നാണെന്ന് ഞാൻ ആരാഞ്ഞു. അപ്പോൾ പറഞ്ഞു. 'നിങ്ങൾക്കത് അറിഞ്ഞിട്ടെന്ത് കാര്യം.'

"അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാര്യങ്ങളെല്ലാം ഭംഗിയായി നടന്നു. എനിക്കത് വളരെ വളരെ അനുഗ്രഹമായി മാറി."

ഹസ്റത്ത് മൗലവി റഹ്മത്ത് അലി സാഹിബ് വിവരിക്കുന്നു.

"ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മാവിൻതോട്ടം ചിലയാളുകൾച്ചേർന്ന് വിലയ്ക്കെടുത്തു. അത്യുഷ്ണമായതിനാൽ കണ്ണിമാങ്ങ ധാരാളമായി കൊഴിഞ്ഞുവീണു. അവർ ഒരുദിവസം 'താങ്കളുടെ ഗുരുവിനോട് മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പറയാൻ' എന്നോടപേക്ഷിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അസറിനുശേഷം തോട്ടത്തിൽ വന്നപ്പോൾ ഞാൻ അവരുടെ അപേക്ഷ ആദരപൂർവം അറിയിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉടനെ കൈകളുയർത്തി. വീട്ടിലേക്ക് മടങ്ങിപ്പോകാൻ എന്നോടു പറയുകയും ചെയ്തു. ഞാനെന്റെ മകളെയുമെടുത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പിന്നാലെ നടന്നു. അല്ലാഹുവാണ സത്യം. ഹസ്റത്ത് മസീഹ് മൗഊദ് (അ)ഉം അമ്മാജാനും വീട്ടിൽ പ്രവേശിച്ചതേയുള്ളൂ. മഴ ശക്തിയായി പെയ്യാൻ തുടങ്ങി. കാനകളെല്ലാം വെള്ളംകൊണ്ട് നിറഞ്ഞൊഴുകി. അല്ലാഹുവിന്റെ പ്രൗഢി അവിടെ വെളിപ്പെട്ടു. മഴ തോർന്നപ്പോൾ തോട്ടക്കാരുടെ വിവരമറിയാൻ ഞാൻ അവിടെപോയി. അവരെല്ലാം ബഹുമാനത്തോടെ എഴുന്നേറ്റുനിന്ന് പറഞ്ഞു: അങ്ങയുടെ ഗുരു ഇത്രത്തോളം ദൈവവുമായി അടുത്ത ആളാണെന്ന് അറിഞ്ഞിരുന്നെങ്കിൽ ഞങ്ങൾ ആദ്യമേ പ്രാർത്ഥനയ്ക്കു അപേക്ഷിക്കുമായിരുന്നു. ഞങ്ങൾ നഷ്ടത്തിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നു."

ഹസ്റത്ത് ചൗദരി ഉമർബഘ്ശ് സാഹിബ് (റ) താൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച സംഭവം ഇങ്ങനെ വിവരിക്കുന്നു: "ഞാനെന്റെ ഗ്രാമത്തിൽനിന്ന് പുറപ്പെടുമ്പോൾ എന്റെ വീട്ടുകാർ തികച്ചും ദേഷ്യത്തിലായിരുന്നു. അവർ എന്നെയും തിരഞ്ഞ് ലാത്തിയുമായി ഇറങ്ങി. എന്നെ മർദ്ദിക്കുമെന്ന് ഉറപ്പായപ്പോൾ ഞാൻ ഒരു കരിമ്പിൻതോട്ടത്തിൽ കയറി. എന്റെ കാര്യവും പറഞ്ഞ് അവർ അതുവഴി കടന്നുപോയെങ്കിലും അവരെന്നെ കണ്ടില്ല. സ്റ്റേഷ

നിൽപ്പോയി അന്വേഷിച്ച് എന്നെ കാണാതായപ്പോൾ അവർ മട ങ്ങിപ്പോയി. അവർ തിരിച്ചുപോയപ്പോൾ ഞാൻ അവിടെനിന്നു വെളി യിലിറങ്ങി, യാത്ര പുറപ്പെടേണ്ടിയിരുന്ന, ബഹാഉദ്ദീൻ വണ്ടി റെയിൽവേ സ്റ്റേഷനിലും, പിന്നീട് ചേലിയാസ്റ്റേഷനിലും അവ സാനം സിംഗായിലെ സ്റ്റേഷനിലുമെത്തി. അവിടെനിന്നാണ് ഖാദി യാനിലെത്തിയത്. അക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) തോട്ടത്തിലായിരുന്നു താമസിച്ചിരുന്നത്. ഞാൻ അസർ സമയത്ത് ഹുസൂറിന് ബയ്അത്ത് ചെയ്തു. ഞാൻ പറഞ്ഞു. ഹുസൂർ, എനിക്ക് പ്ലീഹായിൽ രോഗം ബാധിച്ചിട്ടുണ്ട്. എനിക്കുവേണ്ടി ദുആ ചെയ്താ ലും. അല്ലാഹു എനിക്ക് സുഖം നല്കട്ടെ."

വയറിനകത്ത് ഇടതുഭാഗത്തുള്ള മാംസപിണ്ഡത്തിനുണ്ടാകുന്ന വീക്കമാണ് ഇത്. വളരെ നാശകാരിയാണ് ഈ രോഗം.

"അപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) കൈകൾ ഉയർത്തി. ദുആ ചെയ്തു. അത് കുറേ സമയം നീണ്ടുനിന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കൈകൾ മുഖത്ത് തടവിയപ്പോൾ ഞാനെന്റെ കൈ വയറ്റിലും തടവി. അപ്പോൾ എന്റെ വയറ്റിൽനിന്ന് ആരോ പ്ലീഹാ എടുത്തുമാറ്റിയതുപോലെ എനിക്കുതോന്നി. എന്റെ എല്ലാ രോഗവും അതോടെ മാറിക്കിട്ടി. ഇപ്പോൾ 15 വർഷം കഴിഞ്ഞു. പിന്നീടൊരിക്കലും എനിക്ക് ആ രോഗം ഉണ്ടായിട്ടില്ല.ട"

ഹസ്റത്ത് മിയാൻ സിറാജുദ്ദീൻ അഹ്മദ് സാഹിബ് സിയാൽകോട്ടി (റ) വിവരിക്കുന്നു.

ഞാനും അഹ്സൻ മുഹമ്മദു ഖാൻ സാഹിബും 1906ൽ ജോലി ഉപേക്ഷിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ സന്ദർശിക്കുന്ന തിനായി ഖാദിയാനിലെത്തി. രണ്ടാമത്തെ ദിവസം ഉച്ചനേരത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു മകനോട് വന്ന കാര്യം പറഞ്ഞു. ഹുസൂർ (അ) ഉടനെ വെളിയിൽവന്നു ചോദിച്ചു: അസ്ർ നമസ്കരിച്ചിട്ടല്ലേ മടക്കയാത്ര തിരിക്കൂ! ഞങ്ങൾ ഞങ്ങളുടെ പ്രയാ സങ്ങളെക്കുറിച്ചും ജോലിത്തിരക്കിനെക്കുറിച്ചുമൊക്കെ പറഞ്ഞ് ഉടനെ പോകാൻ ധിറുതി കൂട്ടി. ഞങ്ങളുടെ അവസ്ഥകണ്ട് 'ശരി, എന്നാൽ പൊയ്ക്കൊള്ളുക' എന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രതിവചിച്ചു. ഞങ്ങൾ കൈ കൊടുത്ത് യാത്ര പറഞ്ഞു. പക്ഷേ, പിന്നീട് ഞങ്ങൾക്കുണ്ടായ അനുഭവങ്ങൾ അസഹനീയമാ

Scanned with CamScanner

യിരുന്നു.

"രാത്രി ബട്ടാലയിൽ കഴിക്കേണ്ടിവന്നു. 14 മണിക്കൂറിനുശേഷമാണ് ലാഹോറിലെത്താൻ കഴിഞ്ഞത്. അവിടെനിന്ന് ബോംബെയ്ക്ക് ടിക്കറ്റെടുത്തു. അഹ്മദാബാദ് സ്റ്റേഷനിൽവെച്ച് ടി. ടി. പിടിച്ചു കുട്ടിയ്ക്ക് അര കിട്ടറ്റെടുത്തതാണ് കാരണം. ബോംബെയിലെത്തിയപ്പോൾ രോഗം പിടിപെട്ടു. ബോംബെയിൽനിന്ന് ഞങ്ങളുടെ ചരക്കുമെടുത്ത് ഞങ്ങൾ പൂനയോടടുത്തെത്തി. പ്ലേഗ് കാരണത്താൽ രണ്ടുപേരെയും അവിടത്തുകാർ പുറത്താക്കി."

ഇതൊരു ദീർഘമായ രിവായത്താണ് ഞാൻ സംക്ഷിപ്തമായിട്ടാണ് കേൾപ്പിക്കുന്നത് അദ്ദേഹം പറയുന്നു:

"യാത്ര മുഴുവൻ പരാജയമായിരുന്നു. അവസാനം ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് എല്ലാ കാര്യവും വിശദീകരിച്ചുപറഞ്ഞു. ഹുസൂറിന്റെ വാക്കുകൾ ശ്രദ്ധിക്കാതെ പോയതുകൊണ്ടുള്ള ശിക്ഷയാണിതെന്നും അറിയിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഞങ്ങൾക്കായി ദുആ ചെയ്തു. നഷ്ടപ്പെടേണ്ടിയിരുന്ന ചരക്കുകൾ ഒടുവിൽ ഞങ്ങൾക്കു വില്ക്കാൻ കഴിഞ്ഞു. മൂലധനം ഞങ്ങൾക്കു തിരിച്ചുകിട്ടിയതുകൊണ്ട് വലിയ നഷ്ടം ഒഴിവായി."

ദുആയെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ദൃഷ്ടാന്തങ്ങളുടെ വേര് ദുആ തന്നെയാണ്. ഇത് ഇസ്മുൽ അഅ്ളം ആകുന്നു. ദുആ മുസ്ലിമിന്റെ ആയുധമാണ്. വിലാപത്തിന്റെ അവസ്ഥ ആദ്യമേ ഉണ്ടാവണം. ദുഃഖംകൊണ്ട് ഹൃദയം നിറയുമ്പോൾ എല്ലാ മറകളേയും അത് കീറിക്കളയുന്നതാണ്. അപ്പോൾ, ദുആ സ്വീകരിക്കപ്പെട്ടു എന്ന് മനസ്സിലാക്കിക്കൊള്ളുക. ഇത് ഇസ്മുൽ അഅ്ളം ആകുന്നു. മറഞ്ഞിരിക്കുന്ന ഒരു കാര്യവും ഇതിലില്ല. അത്തരം സന്ദർഭത്തിൽ ഒരു ദുർമാർഗിക്കുവേണ്ടി ദുആ ചെയ്താൽപോലും അവൻ സന്മാർഗിയായിത്തീരും."

"ദുആ വളരെ നല്ല ഒരു കാര്യമാണ്. തൗഫീഖ് കിട്ടിയാൽ അത് മഗ്ഫിറത്തിനുള്ള മാർഗമായിത്തീരും. അല്ലാഹു മെല്ലെ അടുക്കുന്നു. ദയാലുവായിത്തീരുന്നു. ദുആ ചെയ്യുന്നില്ലെങ്കിൽ ആദ്യം ഹൃദയം തുരുമ്പെടുക്കും. പിന്നെ നീച പ്രവർത്തനങ്ങളിലേർപ്പെടും. പിന്നെ അല്ലാഹുവിനെ അറിയാത്തവനായി മാറും. അതുകഴി

Scanned with CamScanner

ഞ്ഞാൽ അല്ലാഹുവിനോട് ശത്രുത ഉണ്ടാകും. പിന്നത്തെ കാര്യം ഈമാൻ പാടേ നഷ്ടപ്പെടുക എന്നതാണ്.

"ചിലപ്പോൾ ദുആ സ്വീകരിക്കാതെയും വരും. അത്തരം സമയത്ത് വേറൊരു രീതിയിൽ ദുആ സ്വീകരിക്കപ്പെടും. ഏതെങ്കിലും പുണ്യവാനെക്കൊണ്ട് ദുആ ചെയ്യിക്കുക. ആ പുണ്യാത്മാവിന്റെ ദുആ കേൾക്കേണമേ എന്ന് സ്വയം ദുആ ചെയ്യുകയും വേണം.

"അല്ലാഹു തന്റെ ദാസരുടെ നന്മക്കായി തുറന്നിട്ടുള്ള കവാടങ്ങൾ അതൊന്നു മാത്രമാണ്. അതായത് ദുആ ആത്മാർത്ഥതയോടെ അതിനോടു കൂറു പുലർത്തിക്കൊണ്ട് ഒരുവൻ അതിലൂടെ പ്രവേശിക്കുമ്പോൾ, മൗലാ കരീം പരിശുദ്ധിയുടേയും പവിത്രതതയുടേയും തട്ടം അവനെ അണിയിക്കുന്നു." ●

*(15-9-2000 )*

Scanned with CamScanner

# ദുആയുടെ അത്ഭുത ഫലസിദ്ധികൾ

هُوَ الْحَيُّ لَا إِلٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ
الدِّينَ ۗ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۝

**അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ അവനുമാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുവിൻ. സർവസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു. (40:66)**

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകളുടെ സ്വീകാര്യതയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിച്ചുകൊണ്ടുള്ള ഖുത്ബ പരമ്പരയാണ് നടന്നുവരുന്നത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ഇതിനുമുമ്പ് ഒരു ഗ്രന്ഥത്തിലും ഞാൻ എഴുതിയിട്ടില്ലാത്ത ദുആ സ്വീകാര്യതയുടെ പുതിയൊരു സംഭവം വായനക്കാരുടെ നന്മക്കായി എഴുതുകയാണ്. മാലേർ കോട്ട്ലയിലെ പ്രമാണിയായ നവ്വാബ് മുഹമ്മദലീഖാൻ സാഹിബും അദ്ദേഹത്തിന്റെ സഹോദരന്മാരും കടുത്ത ദുരിതങ്ങളിൽ അകപ്പെട്ടു. ഇതിനുപുറമെ അവർ വലിഅഹ്ദിന്റെ കീഴിലെ പ്രജകളെപോലെ നിശ്ചയിക്കപ്പെടുകയും ചെയ്തു. അതിൽനിന്ന് രക്ഷപ്പെടാൻ അവർ വളരെ പരിശ്രമിച്ചുവെങ്കിലും അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. അവസാനത്തെ ശ്രമം ഗവർണർ ജനറൽ ബഹാദുർ ബിഅൽഖാബിഹിയോട് സഹായം

Scanned with CamScanner

തേടുക എന്നതായിരുന്നു. അതിലും വലിയ പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. കാരണം അവർക്കെതിരിൽ ശക്തമായ നിലയിലാണ് ഭരണകർത്താക്കൾ വിധി പുറപ്പെടുവിച്ചിരിക്കുന്നത്. അവസാനം മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ളതുപോലെതന്നെ ആ ദുഃഖപ്രളയത്തിൽനിന്ന് കരേറാൻ എന്നോടു ദുആയ്ക്കായി അപേക്ഷിച്ചു. എന്നു മാത്രമല്ല, അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാകുകയും ഈ ശിക്ഷയിൽനിന്ന് മുക്തി ലഭിക്കുകയും ചെയ്താൽ ഒരു താമസവും കൂടാതെ ലങ്കർഖാനയെ സഹായിക്കുന്നതിനുവേണ്ടി മൂവായിരം രൂപ അയച്ചുതരാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു.

"അങ്ങനെ ഞാൻ നിരന്തരം ദുആയിൽ മുഴുകിയപ്പോൾ അല്ലാഹു ഇൽഹാം മുഖേന എന്നെ അറിയിച്ചു: *ഏ സയ്ഫ്, അപ്നാ റുഖ് ഉസ് തറഫ് ഭേർ ലേ'* അല്ലയോ ഖഡ്ഗമേ, നിന്റെ മുഖം ആ ദിശയിലേക്ക് തിരിക്കുക. ഈ വെളിപാടിനെ കുറിച്ച് ഞാൻ നവാബ് മുഹമ്മദലി സാഹിബിനെ അറിയിച്ചു. അതിനുശേഷം അല്ലാഹു അവരിൽ കരുണ ചൊരിഞ്ഞു. ആ ബഹാദൂർ വൈസ്രോയിയുടെ കോടതിയിൽനിന്ന് അവരുടെ താൽപര്യവും ഉദ്ദേശ്യവും ആഗ്രഹവുമനുസരിച്ച് തന്നെ വിധിയുണ്ടായി. ഉടനെ തന്നെ അദ്ദേഹം ലങ്കർഖാനയ്ക്കുവേണ്ടി നിയ്യത്തോക്കിയിരുന്ന മൂവായിരം രൂപ കൊണ്ടുതന്നു. ഇത് വലിയൊരു ദൃഷ്ടാന്തമായിരുന്നു."

മറ്റൊരു അവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു സംഭവം വിവരിച്ചതിങ്ങനെയാണ്:

"കഴിഞ്ഞ ദിനങ്ങളിൽ (മകൻ) മുബാറക് അഹ്മദിന് കരുവൻപൊന്തി. ചൊറിച്ചിലിന്റെ കാഠിന്യംകൊണ്ട് കട്ടിലിൽ എഴുന്നേറ്റുനിന്ന് മാന്തിക്കൊണ്ടിരുന്നു. മരുന്നുകൾ കൊണ്ടൊന്നും ഫലമുണ്ടായില്ല. അപ്പോൾ ദുആ ചെയ്യണമെന്ന് എനിക്കുതോന്നി. ദുആ വീട്ടുന്നതിനുമുമ്പേ ഞാൻ ദർശനത്തിൽ മുബാറക് അഹ്മദിനെ ചെറിയ ചെറിയ ചുണ്ടെലികളെപ്പോലുള്ള ഒരുതരം ജീവികൾ കടിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. അപ്പോൾ ഒരാൾ വിളിച്ചുപറഞ്ഞു: 'ഈ ജീവികളെ പുതപ്പിൽ പൊതിഞ്ഞ് പുറത്തെറിയുക.' അങ്ങനെതന്നെ ചെയ്യപ്പെട്ടു. ഞാനുണർന്നപ്പോൾ മുബാറക് അഹ്മദ് പൂർണ്ണസുഖം പ്രാപിച്ചിരുന്നു."

ഹസ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ കുട്ടിക്കാല

ത്തുണ്ടായ ഒരു സഭവം ഹസ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു.

"അദ്ദേഹം കുട്ടിയായിരിക്കുമ്പോൾ ഒരിക്കൽ കഠിനമായ രോഗം പിടിപെട്ടു. സ്ഥിതി വളരെയേറെ ആശങ്കാജനമായി. ഡോക്ടർമാർ നിരാശ പ്രകടിപ്പിച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദി(അ)നെ ഇൽഹാം മുഖേന അറിയിച്ചു.

***സലാമുൻ ഖൗലൻ മിൻ റബ്ബിർറഹീം***

ഇത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വിശദീകരണമല്ല. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)ന്റെ സീറത്തെ തയ്യിബായിൽ നിന്നെടുത്തതാണ് ഈ നിവേദനം.

***സലാമുൻ ഖൗലൻ മിൻ റബ്ബിർ റഹീം.*** അതായത് നിന്റെ ദുആ സ്വീകരിച്ചിരിക്കുന്നു. കരുണാമയനായ രക്ഷിതാവ് കുട്ടിക്ക് സുഖം നൽകുന്നതാണെന്ന് സുവാർത്ത അറിയിക്കുന്നു. ഇതിനുശേഷം അപ്രതീക്ഷിതമായി തന്റെ മസീഹിന്റെ പ്രാർത്ഥനമൂലം പെട്ടെന്ന് അല്ലാഹു ശിഫാ നൽകി അനുഗ്രഹിച്ചു. ഈ ഇൽഹാമിന്റെ ഒരു ഭാഗമാണ് സലാമുൽ ഖൗലൻ മിൻ റബ്ബിർ റഹീം എന്നത്. ഇത് സൂറ യാസീനിൽ ഉള്ള വചനമാണ്. മരണസമയത്ത് സൂറ യാസീൻ ഓതപ്പെടുമ്പോൾ സ്വാത്വികരായ ആളുകൾ ജീവൻവെടിയുന്നത് ***സലാമുൽ ഖൗലാൻ മിൻ റബ്ബിറഹീം*** എന്ന് ഓതപ്പെടുമ്പോഴായിരിക്കുമെന്ന് പറയപ്പെട്ടിട്ടുണ്ട്.

ഞാനും ഇക്കാര്യത്തിൽ സാക്ഷിയാണ്. ഹസ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന് അന്ത്യഘട്ടത്തിലുള്ള രോഗം വന്ന് അദ്ദേഹം മരണാസന്നനായപ്പോൾ സൂറ യാസീൻ ഓതിക്കൊടുക്കുവാൻ തുടങ്ങി. ***സലാമുൻ ഖൗലൻ മിൻറബ്ബിർ റഹീം*** എന്ന ആയത്ത് ഓതിയ അതേസമയത്താണ് അദ്ദേഹം അന്ത്യശ്വാസം വലിച്ചത്.

നോക്കുക, ഹസ്റത്ത് മസീഹ് മൗഊദ് (അ)നുണ്ടായ ഈ ഇൽഹാം എത്ര പ്രൗഢിയോടുകൂടിയാണ് പൂർത്തിയായത്. അദ്ദേഹത്തിന്റെ കുട്ടിക്കാലത്ത് അദ്ദേഹത്തിനുണ്ടായ രോഗാവസരത്തിൽ അദ്ദേഹത്തെ സംബന്ധിച്ചുണ്ടായ ഹസ്റത്ത് മസീഹ് മൗഊദിന്റെ

Scanned with CamScanner

ഈ ഇൽഹാം അദ്ദേഹത്തിന്റെ വാർദ്ധക്യത്തിന്റെ അവസാനം, മരണഘട്ടത്തിലും അദ്ദേഹത്തിൽ പുലരുന്നു.

ഹസ്റത്ത് മിയാൻ ഫയാസ് അലി സാഹിബ് (റ) ഒരു സംഭവം വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: "കപൂർത്തലയിലെ പള്ളി ഒരു അനഹ്മദിയാ ഹാജി വലിയുല്ലാസാഹിബ് നിർമ്മിച്ചതായിരുന്നു. മക്കളാരുമില്ലായിരുന്ന അദ്ദേഹത്തിന് രണ്ടു സഹോദരപുത്രന്മാരുണ്ടായിരുന്നു. അവർ ഹബീബുർറഹ്മാൻ സാഹിബിനെ പള്ളിയുടെ മുത്തവല്ലിയായി നിശ്ചയിച്ചു. പള്ളി രജിസ്റ്റർ ചെയ്യുകയും ചെയ്തു. പള്ളിയുടെ മുത്തവല്ലി അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദികൾ വേറെ നമസ്കരിക്കണമെന്ന് ഫത്വ ഉണ്ടായപ്പോൾ അഹ്മദികളും അനഹ്മദികളും തമ്മിൽ പള്ളിക്കാര്യത്തിൽ തർക്കം നടന്നു. അനഹ്മദികൾ ഉയർന്ന മേലാധികാരികളുടെ സഹായത്തോടെ പള്ളി കൈയ്യടക്കി. ഈ വിവരമറിഞ്ഞപ്പോൾ 'നമ്മൾക്കധികാരപ്പെട്ട അവകാശങ്ങൾ ഉപേക്ഷിക്കുന്നത് തെറ്റായ നടപടിയാണെന്നും അതുകൊണ്ട് കേസുകൊടുക്കേണ്ടതാണെന്നും' ഹസ്റത്ത് മസീഹ് മൗഊദ് (അ) ഞങ്ങൾക്കെഴുതി. അങ്ങനെ ഞങ്ങൾ കേസുകൊടുത്തു. ഏഴുവർഷംവരെ ഈ കേസ് നീണ്ടുനിന്നു. ആ കാലങ്ങളിൽ (കപൂർത്തലയിലെ) അഹ്മദികൾ തങ്ങളുടെ വീടുകളിലാണ് നമസ്കരിച്ചിരുന്നത്. ഞാൻ സഹ്റത്ത് സാഹിബ് (അ) നോട് എപ്പോഴും ദുആയ്ക്ക് അപേക്ഷിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ഹസ്റത്ത് സാഹിബ് (അ) ഡൽഹിയിൽനിന്നു ഖാദിയാനിലേക്ക് വരുമ്പോൾ ലുധിയാനയിൽ ഹസ്റത്ത് സാഹിബ് (അ) ന്റെ പ്രഭാഷണം സംഘടിപ്പിക്കുകയുണ്ടായി. ഈ പ്രഭാഷണം ശ്രവിക്കുവാൻ ഞാനും മുൻഷി അബ്ദുർറഹ്മാൻ സാഹിബും ലുധിയാനയിലെത്തി. പ്രസംഗം അവസാനിച്ചപ്പോൾ ഞാൻ ഹസ്റത്ത് സാഹിബ് (അ)ന്റെ സന്നിധിയിൽ കപൂർത്തലയിലെ പള്ളിക്കാര്യത്തിൽ ദുആ ചെയ്യണമെന്നപേക്ഷിച്ചു. അപ്പോൾ ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു: 'ഈ ജമാഅത്ത് അല്ലാഹുവിനാൽ സ്ഥാപിതമായതാണ്. 'ഈ പള്ളി നിങ്ങൾക്കു തന്നെ തിരിച്ചുകിട്ടും.'

നിങ്ങൾ നോക്കുക ഇതു പ്രത്യേകമായ ഒരു സമയത്ത് പുറപ്പെട്ട വചനങ്ങളാണ്. അല്ലാഹുവിന്റെ വലിയ്യ്മാരുടേയും പ്രവാചകന്മാരുടേയും ഇത്തരം വർത്തമാനങ്ങൾ അതിന്റെ പ്രൗഢിയോടു

Scanned with CamScanner

കൂടി പുലരുന്നു. അതിന്റെ വിശദീകരണം ശ്രവിച്ചാലും.

"ഈ ജമാഅത്ത് അല്ലാഹുവിനാൽ സ്ഥാപിതമായതാണ്. ഈ പള്ളി നിങ്ങൾക്കുതന്നെ തിരിച്ചുകിട്ടും" ഇതുപറയുമ്പോൾ ഹസ്റത്ത് സാഹിബ് (അ)ന്റെ മുഖത്ത് ഗാംഭീര്യം നിഴലിച്ചിരുന്നു. ഈ സുവാർത്ത കേട്ടപ്പോൾ ഹൃദയത്തിന് സന്തോഷവും ആനന്ദവും അനുഭവപ്പെട്ടു. ഇതിനെസംബന്ധിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യുകയും എഴുത്തുമുഖേനയും നേരിട്ടും എതിർകക്ഷികളിൽപ്പെട്ട പലരേയും അറിയിക്കുകയും ചെയ്തിരുന്നു.

"നിങ്ങൾ നിങ്ങളെക്കൊണ്ടാവുന്നതെല്ലാം ചെയ്തുകൊള്ളുക. നിങ്ങളുടെ മേലുദ്യോഗസ്ഥൻമാരും അനഹ്മദികൾ തന്നെയാണല്ലോ. എങ്കിൽപോലും പള്ളി അവസാനം ഞങ്ങൾക്കുതന്നെ ലഭിക്കും." എന്ന് ഞാൻ ധൈര്യത്തോടെ വിളംബരപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ എതിരാളികളിൽ ന്യായപൂർത്തി വരുത്തി. 'ഈ പള്ളി നിങ്ങൾക്ക് തിരിച്ചുലഭിക്കുകയാണെങ്കിൽഞാൻ മിർസാ സാഹിബിൽ വിശ്വസിക്കും. എന്ന് കപൂർത്തലയിലെ ഡോക്ടർ ശഫാഅത്ത് അഹ്മദ് എന്ന പ്രമാണി എന്നോടുപറഞ്ഞു. ഒരിക്കൽ എന്തോ ആവശ്യാർത്ഥം ഞാൻ ലാഹോറിൽ ചെന്നപ്പോൾ അവിടത്തെ ജമാൽ പള്ളിയിൽ പോയി. അവിടെവെച്ച് ഹസ്റത്ത് മസീഹ് മൗഊദി(അ)ന്റെ മുന്നറിയിപ്പിനെപ്പറ്റി ഞാൻ ഖാജ കമാലുദ്ദീൻ സാഹിബിനോടു പറഞ്ഞു. ഇക്കാര്യം മിമ്പറിൽ കയറി എല്ലാവരേയും കേൾപ്പിക്കാൻ അദ്ദേഹം നിർദ്ദശിച്ചു. പള്ളിയുടെ ചരിത്രപശ്ചാത്തലവും ഹസ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവചനവും ഞാൻ എല്ലാവരേയും കേൾപ്പിച്ചു. ഈ പ്രവചനം പൂർത്തിയായി അഹ്മദികളുടെ ഈമാൻ കൂടുതൽ വർദ്ധിക്കുന്നതിനുവേണ്ടിയാണ് ഞാനങ്ങനെ ചെയ്തത്.

എതിരാളികളുടെ ശക്തമായ കൈയ്യുണ്ടായിട്ടും കോടതിയിൽ നടന്ന ഒന്നും രണ്ടും വിചാരണകളിൽ വിധി അഹ്മദികൾക്കനുകൂലമായിരുന്നു. പക്ഷേ, അന്നത്തെ രണ്ടു ജഡ്ജിമാരുടേയും കുടുംബഡോക്ടറായിരുന്ന ഡോക്ടർ സ്വാദിഖ് അലി വളരെയധികം സ്വാധീനം ചെലുത്തി. അഹ്മദികൾക്കനുകൂലമായ തീർപ്പിൻമേൽ അപ്പീൽ കൊടുക്കുകയും കോടതി അത് സ്വീകരിക്കുകയും ചെയ്തു. കേസ് വിളിച്ച ഉടനെ, പള്ളി അനഹ്മദികൾ നിർമ്മിച്ചതാണെന്നും

അഹ്മദികൾ പുതിയൊരു നബിയിൽ വിശ്വസിക്കുന്നതുകൊണ്ട് അവർക്ക് അതിൽ നമസ്ക്കരിക്കാൻ അകവാശമില്ലെന്നും ഇതിന്റെ വിധി മറ്റന്നാൾ കേൾപ്പിക്കാമെന്നും അനഹ്മദിയായ ജഡ്ജി പ്രഖ്യാപിച്ചു.

അപ്പോൾ ഡോക്ടർ ശഫാഅത്ത് അഹ്മദ് എന്നെ നോക്കി ചോദിച്ചു. പറയൂ സഹോദരാ! മിർസാ സാഹിബിന്റെ പ്രവനം എവിടെപ്പോയി? പള്ളിയുടെ വിധി നിങ്ങൾ കേട്ടില്ലേ? ഞാനദ്ദേഹത്തോടു പറഞ്ഞു: ശഫാഅത്ത് അഹ്മദേ, രണ്ടുമൂന്ന് ദിവസം ഇനിയുമുണ്ട്. നിങ്ങൾക്കും ഞങ്ങൾക്കുമിടയിൽ വിധികർത്താക്കളിൽ ഏറ്റവും നല്ല വിധികർത്താവ് വിധി പറയുന്നതാണ്. അവൻ എന്തു വിധിയാണ് പറയാൻ പോകുന്നതെന്ന് നോക്കിക്കൊള്ളുക. ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്. ആകാശഭൂമികൾ അവയുടെ സ്ഥാനത്തുനിന്നും തെറ്റാൻ മതി. പക്ഷേ, മസീഹ് മൗഊദ് (അ)ന്റെ വായിൽനിന്നു വന്ന അല്ലാഹുവിന്റെ വാക്കുകൾ ഒരിക്കലും തെറ്റാൻ പോകുന്നില്ല. എന്റെ ദൃഢസ്വരത്തിലുള്ള ഈ വാക്കുകൾകേട്ട് അദ്ദേഹം വിസ്മയിച്ചുപോയി.

നിലവിലുള്ള ജഡ്ജി നമ്മുടെ പള്ളിക്കേസിൽ വിധി പറയുകയില്ലെന്ന് മുത്തവല്ലിയായ മുൻശി ഹബീബുർറഹ്മാൻ സാഹിബ് രാത്രി ഒരു സ്വപ്നം കണ്ടു. ഈ സ്വപ്നവും എതിർകക്ഷികളെ അറിയിച്ചിരുന്നു. ഈ വാക്കുകളെല്ലാം കേട്ടപ്പോൾ എതിർകക്ഷികൾ ഭയന്നു. കാരണം രണ്ടു വിധി ബാക്കിയുണ്ടായിരുന്നു. ജഡ്ജി തന്റെ അഭിപ്രായം പ്രകടിപ്പിച്ചും കഴിഞ്ഞിരുന്നു. ഈ സന്ദർഭത്തിലാണ് ഒരഹ്മദി പറയുന്നത്, ഭൂമിയും ആകാശവും അവയുടെ സ്ഥാനത്തുനിന്നു തെറ്റാൻമതി, പക്ഷേ, മസീഹ് മൗഊദിന്റെ പ്രവചനം പൂർത്തിയാകുക തന്നെ ചെയ്യുമെന്ന്. മറ്റൊരാൾ പറയുന്നു ഈ ജഡ്ജി വിധിയെഴുതുകയില്ലെന്നും വിധി പറയുന്ന ജഡ്ജി വേറെയാളായിരിക്കുമെന്നും!

അങ്ങനെ നിശ്ചിതസമയം വന്നു. എന്നാൽ ആ ജഡ്ജിക്ക് വിധിയെഴുതാൻ കഴിഞ്ഞില്ല. തീയതി മാറ്റിവെച്ചു. അങ്ങനെ തിയതി പലതുമാറിയെങ്കിലും ജഡ്ജിക്ക് വിധിയെഴുതി കേൾപ്പിക്കാൻ സാധിച്ചില്ല. അതുകൊണ്ട് പ്രവചനം പൂർത്തിയാകുമോ എന്ന ശങ്കയാൽ എതിരാളികൾ നിരാശരായി. ഈയിടയ്ക്കാണ് അഹ്മദി

സഹോദരനായ അബ്ദുസ്സമീഅ് സാഹിബ് സ്വപ്നംകണ്ടത്. അന്ന ദ്ദേഹം ഖാദിയാനിലാണ്. താൻ ബസാറിലൂടെ നടക്കുമ്പോൾ ഒരാളെ കണ്ടു. നിങ്ങളുടെ പള്ളിക്കാര്യത്തിൽ വിധിപറയേണ്ട ആൾ മരിച്ചു പോയിരിക്കുന്നു എന്ന് അയാൾ പറഞ്ഞു. ഈ സ്വപ്നം എതിർക ക്ഷികളെ അറിയിച്ചു.

ഒരാഴ്ചകഴിഞ്ഞ് മുകളിൽ പറയപ്പെട്ട അബ്ദുസ്സമീഅ് (അ) സാഹിബ് ബസാറിൽ പോകുമ്പോൾ, അദ്ദേഹത്തിന്റെ അടുക്കൽ വന്ന് നിങ്ങളുടെ പള്ളിക്കാര്യത്തിൽ വിധി പറയേണ്ട ജഡ്ജി മരി ച്ചുപോയിരിക്കുന്നു എന്ന് സ്വപ്നത്തിൽ പറഞ്ഞ അതേ വ്യക്തി അദ്ദേഹത്തെ കണ്ടുമുട്ടി. അയാൾ തന്നെ ജഡ്ജി മരിച്ച വിവരം അറിയിക്കുകയും ചെയ്തു.

ജഡ്ജിയുടെ മരണം സംഭവിച്ചത് ഇങ്ങനെയാണ്. അദ്ദേഹം ഭക്ഷ ണം കഴിഞ്ഞ് കോടതിയിലേക്ക് പോകാൻ തയ്യാറെടുക്കുകയായി രുന്നു. വാഹനവും തയ്യാറായിരുന്നു അദ്ദേഹത്തിന്റെ സേവകൻ എന്തോ കാര്യത്തിനുവേണ്ടി അടുക്കളയിലേക്ക് പോയതേയുള്ളൂ. അദ്ദേഹത്തിന് ഹൃദയസ്തംഭനമുണ്ടായി. ഉടനെ മരിക്കുകയും ചെയ്തു. ഈ വിവരമറിഞ്ഞപ്പോൾ ഇനി തങ്ങൾക്ക് അനുകൂലമാ യ വിധിയുണ്ടാകില്ലെന്ന് എതിർകക്ഷികൾ പറയാൻ തുടങ്ങി.

അതിനുശേഷം ഈ കേസിന്റെ വിധി പറയാൻ ആര്യസമാജക്ക രനായ ഒരു ജഡ്ജിയാണ് നിയമിതനായത്. അയാൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കഠിനവിരോധിയായിരുന്നു. അയാളുടേയും ചായ്വ് എതിർപക്ഷത്തേക്കായിരുന്നു. വക്കീലുമാരുടെ വാദങ്ങൾക്കു ശേഷം ഒടുവിൽ ഏതെങ്കിലും ഇംഗ്ലീഷ് ബാരിസ്റ്ററോട് അഭിപ്രായം ആരായണമെന്ന തീരുമാനമുണ്ടായി. അതിനാൽ 50 രൂപവീതം ഇരു കക്ഷികളോടും ഫീസും വാങ്ങി.

പക്ഷേ, ആ ജഡ്ജി തന്റെ അടുത്ത ബന്ധുവായ മറ്റൊരു ആര്യ ബാരിസ്റ്ററുടെ അടുക്കേലേക്ക് ഫയലയച്ചു. ഇവിടെയും അനഹ്മദി കൾ അനവധി ശ്രമങ്ങൾ നടത്തി. ചിന്താർഹമായ മറ്റൊരു കാര്യമു ണ്ടിവിടെ. കോടതിയിൽ ഈ കേസ് പേജുകൾ മറിച്ച് വായിച്ചുകൊ ണ്ടിരിക്കുമ്പോൾ ഒരഹ്മദി ഒരു സ്വപ്നം കണ്ടു. ഒരു വീട് നിർമ്മി ച്ചുകൊണ്ടിരിക്കുന്നു. നാലു ഭാഗമുള്ള മതിലുകൾ അനഹ്മദി കൾക്കുവേണ്ടിയാണ് തയ്യാറാക്കുന്നത്. എന്നാൽ, മേൽക്കൂരയുടെ

Scanned with CamScanner

തണലിൽ കഴിയുന്നതിനുവേണ്ടി, അത് നിർമ്മിക്കുന്നത് അഹ്മദികൾക്കുവേണ്ടി മാത്രം. പള്ളിയുടെ വിധി അനഹ്മദികൾക്ക് അനുകൂലമായി എഴുതിക്കൊണ്ടിരിക്കുന്നുവെങ്കിൽ കൽപന കേൾപ്പിക്കേണ്ട സന്ദർഭത്തിൽ പള്ളി അഹ്മദികൾക്ക് നൽകും എന്നതായിരുന്നു ഈ സ്വപ്നത്തിന്റെ ഉദ്ദേശ്യം. ഇതുതന്നെയാണ് സംഭവിച്ചത്. ഏതോ ഒരു പരാശക്തി ജഡ്ജിയുടെ പേനയെ നിർബന്ധിച്ച് അനുകൂലമായി വിധി എഴുതിക്കുകയായിരുന്നു. ഓരോ വിചാരണ വേളയിലും ഇതുതന്നെയാണ് സംഭവിച്ചത്.

ഇതുസംബന്ധമായി ഞാനും ഒരു സ്വപ്നം കണ്ടിരുന്നു. ഉപരിലോകത്ത് ഞങ്ങളുടെ കേസിന്റെ ഫയൽ ബോധിപ്പിക്കപ്പെടുകയും ഞങ്ങൾക്കനുകുലമായി വിധി ഉണ്ടാവുകയും ചെയ്യുന്നതാണ് ഞാൻ കണ്ടത്. ഈ വിവരം ഞങ്ങളുടെ വക്കീലിനെ ഞാൻ അറിയിച്ചിരുന്നു. വിധി കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ കണ്ട സ്വപ്നം അത്ഭുതകരമായി പുലർന്നിരിക്കുന്നു'. ഞാനദ്ദേഹത്തോടുപറഞ്ഞു: ഏറ്റവും വലിയ ന്യായാധിപൻ ഒരുവനാണ്. അവന്റെ നീതിപീഠത്തിൽനിന്നുള്ള വിധിയാണിത്. ദുൻയാവിലെ കോടതികൾക്ക് അതിനെതിരെ ഒന്നും ചെയ്യാൻ സാധിക്കുന്നതല്ല.

അവസാനം ആ ബാരിസ്റ്റർ അഹ്മദികൾക്കനുകൂലമായ തീരുമാനമറിയിച്ചു. കേസിന്റെ പ്രമാണങ്ങളെല്ലാം തിരിച്ചുവരികയും ചെയ്തു. ബാഹ്യമായി നോക്കുമ്പോൾ ഈ കേസ് ജയിക്കാൻ സാധിക്കുന്നതല്ലന്നും നിങ്ങളുടെ ദൈവസഹായമാണ് ഇതിലുണ്ടായതെന്നും നമ്മുടെ വക്കീൽ സമ്മതിച്ചു. ഇങ്ങനെ മസീഹ് മൗഊദ് (അ)ന്റെ പ്രവചനം വ്യക്തമായി പുലർന്നെങ്കിലും ഡോക്ടർ ശിഫാഅത്ത് അഹ്മദ് എന്നയാൾക്ക് അഹ്മദിയത്ത് സ്വീകരിക്കുവാൻ ഭാഗ്യമുണ്ടായില്ല.

ഹസ്റത്ത് മിർസാ ഖുദാ ബഖ്ശ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. രണ്ടുവർഷമായി എന്റെ മകൻ അത്വാഉർറഹ്മാൻ ഞങ്ങളുടെ ഏതോ പാപഫലമായി അപകടകാരിയായ ഒരു രോഗത്തിൽപ്പെട്ടുപോയി. അവൻ രക്ഷപ്പെടുമെന്ന് ഒരു പ്രതീക്ഷയുമുണ്ടായില്ല. അവന്റെ കൈകാലുകളുടെ ചലനം നിലച്ച മട്ടിലായി. ശരീരം മൊത്തത്തിൽ നിശ്ചലമാവുകയും അവൻ വളരെ ക്ഷീണിക്കുകയും ചെയ്തു. തൊണ്ടയിൽ നേരിയ ഒരനക്കം മാത്രം അവ

Scanned with CamScanner

ശേഷിച്ചു. കണ്ണുകൾ കുഴിഞ്ഞു. വെള്ളം മാത്രം കാണപ്പെട്ടു. ഈ അവസ്ഥ കണ്ട് അവന്റെ ഉമ്മ ബോധംകെട്ടുവീണു. പല്ലുകടിച്ചുപോയിരുന്നു. ശരീരം തണുക്കുകയും ചെയ്തു. അപ്പോൾ സ്ത്രീകൾക്ക് കുട്ടിയേക്കാളേറെ അവന്റെ ഉമ്മ മരിച്ചുപോവുമോ എന്ന ചിന്തയായി. ഹസ്റത്ത് മസീഹ് മൗഊദിന്റെ അടുക്കൽ ചെന്നുപറഞ്ഞു: 'മകൻ മരിച്ചതുപോലെയാണ്. പക്ഷെ, അവന്റെ ഉമ്മ അതിനു മുമ്പേ മരിക്കുമോ എന്നറിയില്ല. അതിനാൽ അവർ രക്ഷപ്പെടാൻ എന്തെങ്കിലും വഴി നോക്കിയാലും.'

സംഭവമറിഞ്ഞ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുഖാർത്തനായി. അപ്പോൾതന്നെ ദുആ ചെയ്യാൻ തുടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ് (അ) സുജൂദിൽ ദുആ ചെയ്തുകൊണ്ടിരിക്കെതന്നെ കുട്ടി കണ്ണുതുറന്നു. അതുകണ്ട് സ്ത്രീകൾക്കുത്സാഹമായി. അവർ അവന്റെ ഉമ്മയുടെ കാല് തിരുമ്മാനും പനിനീർ തളിക്കാനും തുടങ്ങി. പല്ലിന്റെ കടി വിടുവിക്കാനും നന്നേ പാടുപെട്ടു. വളരെനേരത്തിന് ശേഷം അവർ കണ്ണുതുറന്നു. ചുരുക്കത്തിൽ വലിയൊരു മുസീബത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ)യുടെ ഫലമായി രണ്ടുപേർക്കും ജീവൻ തിരിച്ചുകിട്ടി.

ഹസ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) വിവരിക്കുന്നു. ഹസ്റത്ത് അബ്ദുൽകരീം സാഹിബ് (റ)ന്റെ കൈപ്പടയിലുള്ള ഒരു കത്ത്, അത് ലാഹോറിലെ അഹ്മദി സഹോദരങ്ങൾക്കു വേണ്ടി എഴുതിയതാണെന്ന് തോന്നുന്നു. ഇതേ നോട്ടുബുക്കിൽ കാണുകയുണ്ടായി. അതും ഇങ്ങനെയാണ്.

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു.

കുറേ ദിവസമായി എനിക്ക് നല്ല സുഖമില്ലായിരുന്നു. ആരോഗ്യം വളരെ മോശമായി. ബശീർ മഹ്മൂദിനും മൂന്ന് ദിവസമായി കടുത്ത പനിയാണ്. ഞാൻ ദുആ ചെയ്യാൻ ഉദ്ദേശിച്ചു. അപ്പോൾ താങ്കൾക്ക് (അതായത് എനിക്ക്) സുഖമില്ലാത്ത കാര്യം ഓർമവന്നു. മൗലവി നൂറുദ്ദീൻ സാഹിബും സുഖമില്ലാതിരിക്കുകയാണ്. മൂന്നുപേർക്കും വേണ്ടി ദുആ ചെയ്തു. അപ്പോൾ ഇൽഹാമുണ്ടായി. ***'ലിൽ അത്ബാഇ വൽഔലാദ്'*** അതായത് നിന്റെ മക്കൾക്കും അനുചരൻമാർക്കും വേണ്ടി നീ ചെയ്ത ദുആ സ്വീകരിച്ചിരിക്കുന്നു. ഇങ്ങനെ അവർ മൂന്നുപേരുടേയും രോഗം അല്ലാഹുവിന്റെ അനുഗ്രഹത്താൽ

Scanned with CamScanner

സുഖപ്പെട്ടു.

ഹസ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) വീണ്ടും പറയുന്നു. ഡോക്ടർ ശെയ്ഖ് നൂർ അഹ്മദ് സാഹിബിന്റെ മകൻ കഠിനമായ രോഗം പിടിപെട്ട് കിടപ്പിലായി. അപസ്മാരം കൊടുമ്പിരികൊണ്ടിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അവനു വേണ്ടി ദുആ ചെയ്തപ്പോൾ ഇൽഹാമുണ്ടായി. *'ഇന്നല്ലാഹ ദുൽമിനൻ'* തീർച്ചയായും അല്ലാഹു ഔദാര്യമുടയവനാണ്. തുടർന്ന് കുട്ടിയുടെ രോഗം പൂർണമായും മാറി. ശൈഖ് സാഹിബിന് ആശംസകൾ നേർന്നു. അദ്ദേഹത്തെപോലെ അത്തരം ദയാലവും ദുആ ചെയ്യുന്ന ആളും ദുൻയാവിൽ വേറെയാരെങ്കിലുമുണ്ടോ. അദ്ദേഹവുമായി ബന്ധപ്പെട്ടവർ അനുഗൃഹീതർ.

ഹസ്റത്ത് മീർ ബഖ്ശ് സാഹിബ് (റ) ഇബ്നുമിയാൻ റസൂൽ ബഖ്ശ് സാഹിബ് സിയാൽക്കോട്ട് നിവേദനം ചെയ്യുന്നു.

ജൽസയിൽ പങ്കെടുക്കാൻ ഞങ്ങൾ ഖാദിയാനിൽ പോയിരുന്നു. അവിടന്ന് ബയ്അത്ത് ചെയ്തു. ജനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന മസീഹിന്റെ കാലമാണിതെന്നും ഈ കാലം പിന്നെ കിട്ടുകയില്ലെന്നും അതുകൊണ്ട് ഖാദിയാനിൽ എപ്പോഴും വന്നുകൊണ്ടിരിക്കണമെന്നും ഹസ്റത്ത് മസീഹ് മഊദ് (അ) നിർദേശിച്ചു.

ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപെട്ടു. ക്ഷീണിച്ചവശനായി. ഞാൻ ഹുസൂർ (അ)ന് ദുആയ്ക്കെഴുതി. 'ദുആ ചെയ്തുകൊണ്ടിരിക്കുന്നു, അല്ലാഹു ശിഫാ നൽകും.' എന്നറിയിച്ചുകൊണ്ടുള്ള ഹുസൂർ (അ)ന്റെ മറുപടി കിട്ടി. ഇതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ രോഗം പൂർണ്ണമായും സുഖപ്പെട്ടു. വലിയവലിയ വൈദ്യൻമാരും ഡോക്ടർമാരും ചികിത്സയില്ലെന്നു പറഞ്ഞ് കയ്യൊഴിഞ്ഞ രോഗമായിരുന്നു അത്.

ഹസ്റത്ത് ചൗധരി അഹ്മദദ്ദീൻ സാഹിബ് വക്കീൽ ഗുജറാത്തി(റ) നിവേദനം ചെയ്യുന്നു. മിയാൻ ഗുലാം മുഹമ്മദ് സാഹിബിന് ഒരു വേദന ഉണ്ടാകുമായിരുന്നു. തലയിലൂടെ ഇറങ്ങി കണ്ണിന്റെ അടുത്തൂടെ കടന്ന് താടിവരെ അതെത്തുമായിരുന്നു. വേദനകൊണ്ട് അദ്ദേഹം തലയും കണ്ണും താടിയുമെല്ലാം ശക്തിയായി

Scanned with CamScanner

അമർത്തുമ്പോൾ, കണ്ടുനിൽക്കുവാൻപോലും സാധിക്കുമായിരുന്നില്ല. പല സ്ഥലത്തും കാണിച്ചു. പക്ഷേ കുറവ് കിട്ടിയില്ല. വർഷം മുഴുവനും അങ്ങനെ കടന്നുപോയി. വൈദ്യന്മാർക്കും ഡോക്ടർമാർക്കും ആ രോഗത്തെ സംബന്ധിച്ച് ഒരു പിടിയും കിട്ടിയില്ല. ഖാദിയാനിൽ ഹസ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ കൊണ്ടു ചികിത്സിച്ചാൽ ഒരുപക്ഷേ സുഖം കിട്ടുമെന്ന് ഒരിക്കൽ ഞാൻ അദ്ദേഹത്തോടുപറഞ്ഞു. അങ്ങനെ അദ്ദേഹം ഖാദിയാനിൽ വന്നു. ഞാനന്ന് ഖാദിയാനിലുണ്ടായിരുന്നു. മൗലവി സാഹിബിനെകൊണ്ട് ചികിത്സിച്ചെങ്കിലും ഭേദമായില്ല. ഒരുദിവസം ഞാൻ മിയാൻ ഗുലാം മുഹമ്മദ് സാഹിബിനുവേണ്ടി ഒരു പദ്യവും ദുആയ്ക്കപേക്ഷയും എഴുതി. ഹുസൂർ (അ) നടക്കാനിറങ്ങി തിരിച്ചുവരുമ്പോൾ കൊടുത്തു. ഗോവണി കയറി ചെറിയ വാതിലിലൂടെ ചെറിയ മുറ്റത്ത് പ്രവേശിച്ച് - അതിനുതൊട്ടുമുമ്പിൽ വീട്ടിലേക്ക് കടക്കാനുള്ള വാതിലാണ്-വാതിൽ തുറന്ന് ഒന്നു രണ്ടു ചുവട് ഉള്ളിലേക്ക് വെച്ചതേയുള്ളൂ. ഞങ്ങൾ അവിടെയെത്തി. അപ്പോഴാണ് ആ പദ്യവും ദുആയ്ക്ക് അപേക്ഷയും കൊടുത്തത്. മിയാൻ ഗുലാം മുഹമ്മദിനുവേണ്ടി ഞാനെഴുതിയ ആ പദ്യത്തിന്റെ അവസാനഭാഗം എനിക്കിപ്പോഴും ഓർമയുണ്ട്. ഗുലാം മുഹമ്മദും എപ്പോഴും അത് ചൊല്ലുമായിരുന്നു.

*നാമ് ഗുലാം മുഹമ്മദ് മേരാ മേ തേരാ വിച്ച് ഗുലാമാ*

*ദർകെ നസ്വർ കറം ദി മേവൽ തക്കി പാക് ഇമാമാ.*

പദ്യം വായിച്ചതിനുശേഷം താങ്കളുടെ പേര് ഗുലാം എന്നാണോ എന്ന് ഹുസൂർ (അ) ഗുലാം മുഹമ്മദിനോട് ആരാഞ്ഞു. പിന്നീട് എന്റെ നേരെ തിരിഞ്ഞ് താങ്കളാണോ ഈ പദ്യം എഴുതിയതെന്ന് ചോദിച്ചു. അതേ, എന്ന് ഞാൻ മറുപടി പറഞ്ഞു. ഹുസൂർ (അ) വാത്സല്യത്തോടുകൂടി ഗുലാം മുഹമ്മദിനെ നോക്കി, ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യാം എന്ന് പറഞ്ഞു. അതിനുശേഷം ഞാനും ഗുലാം മുഹമ്മദും താഴേക്ക് വന്നു. അപ്പോൾ മുതൽതന്നെ അദ്ദേഹത്തിന്റെ രോഗത്തിന് ശമനം കിട്ടി. പിന്നീടത് പൂർണമായും മാറി. അല്ലാഹുവിന്റെ മസീഹിന്റെ അനുഗ്രഹത്താൽ വെളിപ്പെട്ട ഒരു ദൃഷ്ടാന്തമാണത്.

ഹസ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് തന്റെ ഒരു

ലേഖനത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മുഅ്ജിസത്തായി ഒരു സംഭവം എടുത്തുപറഞ്ഞിട്ടുണ്ട്. അദ്ദേഹം വിവരിക്കുന്നു. ഇന്ന് ദിമശ്ഖിൽവെച്ച് സയ്യിദ് സയ്നുൽ ആബ്ദീൻ വലിയുല്ലാ സാഹിബ് എന്നോട് പറഞ്ഞു: എന്റെ മാതാവ് സയ്യിദാ ബേഗം ബയ്അത്ത് ചെയ്യാനുള്ള കാരണം ഇതാണ്. എന്റെ പിതാവ് രഹസ്യമായി ആദ്യമേ ബയ്അത്ത് ചെയ്തിരുന്നു. താൻ ബയ്അത്ത് ചെയ്ത വിവരം അദ്ദേഹം ആരേയും അറിയിച്ചിരുന്നില്ല. അക്കാലത്ത് എന്റെ മാതാവ് ക്ഷയരോഗം ബാധിച്ച് കിടപ്പിലായിരുന്നു. 5, 6 മാസത്തിനകം അവരുടെ സ്ഥിതി വളരെയേറെ ശോചനീയമായി.

അക്കാലത്ത് ഇന്നത്തെപോലെ ക്ഷയരോഗത്തിന് ഫലപ്രദമായ ചികിത്സയൊന്നും ഉണ്ടായിരുന്നില്ല.

ഒരു രാത്രി മാതാവിന് രോഗം മൂർച്ഛിച്ചു. പിതാവ് സിയാൽക്കോട്ടിൽ പോയിരിക്കുകയായിരുന്നു. അത് മാതാവിന്റെ അവസാനരാത്രിയായിരിക്കുമെന്ന് കരുതി ഞങ്ങൾ സഹോദരീ സഹോദരന്മാർ കട്ടിലിന്റെ ചുറ്റും നിന്ന് കരഞ്ഞു. രാത്രി 11 മണിക്ക് ഞാൻ ഉറങ്ങാൻപോയി. ഇനി ഉമ്മാനെ ജീവനോടെ കാണാൻ കഴിയില്ലെന്ന് ഞാനുറപ്പിച്ചിരുന്നു. രാവിലെ ഞാൻ ചെന്നപ്പോൾ വളരെ ശാന്തചിത്തയായി ഉമ്മ ഇരിക്കുന്നതാണ് കണ്ടത്. ഞങ്ങളെല്ലാവരും അത്ഭുതപ്പെട്ടുപോയി. പനിയോ ചുമയോ കഫത്തിന്റെ ബുദ്ധിമുട്ടോ ഒന്നും ഉണ്ടായിരുന്നില്ല. ഞങ്ങളെ നോക്കി ഉമ്മ ഇപ്രകാരം പറഞ്ഞു: രോഗം സുഖമാകുമെന്ന് എനിക്കു പൂർണ വിശ്വാസമുണ്ട്. ഈ രോഗത്തിൽ ഞാൻ മരിക്കുകയില്ല. എന്നിട്ട് രാത്രി കണ്ട ഒരു സ്വപ്നം ഉമ്മ പറഞ്ഞു.

ഞാൻ രാത്രി മസീഹ് മൗഊദ് (അ)നെ കണ്ടു. ധാരാളം ജനങ്ങളും ഉണ്ടായിരുന്നു. അവരെല്ലാം ഇതാ, ഹസ്റത്ത് മഹ്ദി വന്നിരിക്കുന്നു എന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. അപ്പോൾ ഒരു മാന്യവ്യക്തി ധാരാളം ആളുകളോടൊപ്പം നടന്നുവരുന്നത് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ ഇടത്തും വലത്തും നിന്ന് രണ്ടുപേർ കുട നിവർത്തി പിടിച്ചിരുന്നു. അത് മഹ്ദിയാണെന്ന് കേട്ടപ്പോൾ ഞാൻ ആംഗ്യം കാണിച്ച് എന്റെ നെഞ്ചിലേക്ക് വിരൽചൂണ്ടി, അങ്ങ് മഹ്ദിയാണെങ്കിൽ എനിക്ക് പൂർണസുഖം ലഭിക്കാൻ ദുആ ചെയ്യാനും പറഞ്ഞു. അപ്പോൾ ഹസ്റത്ത് മഹ്ദി ഒരു കോപ്പയിൽ വെള്ളവമെടുത്ത് മന്ത്രി

Scanned with CamScanner

ച്ചൂതി ഇതു കുടിക്കുക, സുഖം പ്രാപിച്ചുകൊള്ളും. എന്ന് പറഞ്ഞ് ഒരു കുട്ടിയുടെ കൈയിൽ അത് കൊടുത്തയച്ചു. മാത്രമല്ല, ഈ സുഖം പ്രാപിക്കൽ പ്രതീക്ഷിക്കപ്പെട്ട ആൾ വന്നിരിക്കുന്നു എന്ന തിനുള്ള ഒരു ദൃഷ്ടാന്തമായിരിക്കും എന്നും പറഞ്ഞു. ഈ സ്വപ്നം കണ്ട് ഉണർന്നപ്പോൾ എന്റെ രോഗത്തിന്റെ എല്ലാ അടയാളങ്ങളും മാഞ്ഞുപോയതായി എനിക്കനുഭവപ്പെട്ടു.

അങ്ങനെ ഒന്നു രണ്ട് ആഴ്ചയ്ക്കുള്ളിൽ ഉമ്മയ്ക്ക് പൂർണമായും സുഖം ലഭിച്ചു. ഉമ്മ വെളിയിൽ നടക്കാൻ തുടങ്ങിയ ദിവസം ഞങ്ങൾക്ക് പെരുന്നാളായിരുന്നു. പിതാവിനോടു ഈ സ്വപ്നത്തെ കുറിച്ച് ഉമ്മ പറഞ്ഞപ്പോള് മഹ്ദി യഥാർത്ഥത്തിൽ ആഗതനായ വിവരം അദ്ദേഹം അറിയിച്ചു. ഉടനെതന്നെ താൻ കണ്ട സ്വപ്നവും ബയ്അത്തു ചെയ്യുന്നു എന്ന വിവരവും ഒരു കടലാസിലെഴുതി ഞങ്ങളുടെ അമ്മാവന്റെ മകൻവശം ഖാദിയാനിലേക്ക് കൊടുത്ത യച്ചു. ഹുസൂർ (അ) ദുആ ചെയ്യുകയും ആ വിവരം എന്റെ പിതാ വിനെ അറിയിക്കുകയും ചെയ്തു.

മദ്റസാ അഹ്മദിയ്യായിലെ അധ്യാപകനായിരുന്ന ഹസ്റത്ത് മൗലവി ഗുലാം നബി സാഹിബ് (റ) നിവദേനം ചെയ്യുന്നു.

ഖാദിയാനിൽ പ്ലേഗ് ബാധയുണ്ടായപ്പോൾ ഞാനും ഹസ്റത്ത് സാഹിബ് (അ)ന്റെ നിർദേശപ്രകാരം എന്റെ സുഖമില്ലാത്ത ഭാര്യയെ വെളിയിൽകൊണ്ടുവന്നു. എന്റെ ഭാര്യയുടെ നെഞ്ചത്ത് ഒരു അനക്കം മാത്രമാണ് ഉണ്ടായിരുന്നത്. ശരീരത്തിന്റെ മറ്റു ഭാഗങ്ങ ളെല്ലാം നിശ്ചലമായിരുന്നു. ഞാൻ ബസാറിൽ പോയപ്പോൾ സോമ രാജനേയും ഭഗത്‌രാജനേയും ഇച്ഛഡിനേയും കണ്ടു. ശിയാചിന്തക് എന്ന പേരിൽ അവർ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. എവിടെ പോകുന്നുവെന്ന് അവർ എന്നോടു ചോദിച്ചപ്പോൾ, എന്റെ ഭാര്യയ്ക്ക് പ്ലേഗ് ബാധിച്ചിരിക്കുന്നു എന്ന് ഞാൻ പറഞ്ഞു. അപ്പോൾ പരിഹ സിച്ചുകൊണ്ട്, 'ഞാനൊരു പെട്ടകം ഉണ്ടാക്കിയിട്ടുണ്ട്. എന്തുകൊണ്ട് അതിൽ ഇരുന്നില്ലാ' എന്ന് അവർ ചോദിച്ചു. ഞാൻ പറഞ്ഞു: ഞങ്ങൾ അതിൽതന്നെയാണ് ഇരിക്കുന്നത്. നിങ്ങൾ *മതേര* ഉണ്ടാ ക്കിക്കൊള്ളുക.

ഹസ്റത്ത് നൂഹിന്റെ കാലത്ത് എതിരാളികൾ രക്ഷപ്പെടാൻ ഉണ്ടാ ക്കിയതാണ് *മതേര*. പക്ഷേ, അവരെല്ലാം മുങ്ങിച്ചത്തു.

Scanned with CamScanner

എന്റെ ഭാര്യയുടെ രോഗവിവരം ഞാൻ ഹുസൂർ (അ)നോടു പറഞ്ഞപ്പോൾ ഹുസൂർ (അ) എന്നെ ഗോവണിയുടെ ചുവട്ടിൽതന്നെ നിറുത്തി. ഞാൻ ഭഗത്രാജിന്റെ കാര്യം പറഞ്ഞപ്പോൾ ഹുസൂർ (അ) പ്രതിവചിച്ചു. മസീഹ് (അ) മരിച്ചവരെ ജീവിപ്പിച്ചു. പക്ഷേ, യഥാർത്ഥത്തിൽ അവർ മരിച്ചവർ ആയിരുന്നില്ല. ഇത്തരം സംഭവങ്ങളാണ് ഇപ്പോൾ നമ്മുടെ ജമാഅത്തിൽ നടക്കുന്നത്.

ഹുസൂർ ഗുളിക തന്നുകൊണ്ട് പറഞ്ഞു: ഞാൻ ദുആ ചെയ്യാം. താങ്കളും ദുആ ചെയ്യുക. വെളുത്ത നിറമുള്ള ഗുളികയായിരുന്നു ഹുസൂർ (അ) തന്നത്. ഞാൻ വീട്ടിലെത്തിയപ്പോൾ ഭാര്യ അബോധാവസ്ഥയിലായിരുന്നു. രണ്ടുമണിക്കൂർ അതേ കിടപ്പ് കിടന്നു. രണ്ടു മണിക്ക് ഞാൻ ഒരു അശരീരി കേട്ടു: 'അപകടം ഉണ്ടാക്കരുത്'. മൂന്നുമണിയോടെ ഭാര്യ ഉണർന്ന് വെള്ളം ചോദിച്ചു. ഞാൻ ഗുളികയും കൊടുത്തു. പള്ളിയിൽ പോയില്ല. വീട്ടിൽത്തന്നെ നമസ്കരിച്ചു. ഖുർആൻ കൈയിലെടുത്തപ്പോൾ വീണ്ടും ഒരു അശരീരി കേട്ടു: 'ടേക്കേദാർ പുറത്തുവരൂ. സോമരാജന്റേയും ഇച്ഛഡിന്റേയും മലാസാന്റേയും പുത്രി പുത്രൻ മരിച്ചിരിക്കുന്നു. ദഹിപ്പിക്കാൻ വിറകു കൊടുക്കുക' പിന്നീട് അങ്ങനെതന്നെ സംഭവിച്ചു.

ഖാദിയാനിലെ റേത്തിചെല്ലയിൽ താമസിക്കുന്ന ഗുഗൽവാലയിലെ ഹസ്റത്ത് മിയാൻ റഹ്മത്തുല്ലാഹ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. എന്റെ ചെറിയ അനുജത്തിക്ക് പ്ലേഗ് ബാധിച്ചു. രണ്ടുദിവസം ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. മൂന്നാംദിവസം അല്പം ബോധം വന്നപ്പോൾ, ഹസ്റത്ത് മസീഹു മൗഊദ് (അ) നമ്മുടെ വീട്ടിൽവന്നതായും എന്റെ ശരീരത്തിൽ മന്ത്രിച്ചൂതിയതായും സ്വപനം കണ്ടുവെന്ന് ആംഗ്യത്തിൽ പറഞ്ഞു. ഞാനുടനെ ഖാദിയാനിലെത്തി. എല്ലാ കാര്യങ്ങളും ഹസ്റത്ത് മസീഹ് മൗഊദി(അ)നോട് പറഞ്ഞു. ഭയപ്പെടേണ്ട കാര്യമില്ലെന്നും ഈ ദിനങ്ങളിൽ തുഗൽപാല എന്ന നിങ്ങളുടെ സ്ഥലത്തുനിന്ന് ആരും ഇങ്ങോട്ട് വരേണ്ടെന്നും ഞാൻ നിങ്ങൾക്കുവേണ്ടിയും വീട്ടിലുള്ളവർക്കുവേണ്ടിയും ദുആ ചെയ്യുന്നുവെന്നും ഹസ്റത്ത് മസീഹ് മൗഊദ് (അ) അറിയിച്ചു.

***'റബ്ബികുല്ലു ശയ്യിൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹം നീ'*** എന്ന ദുആ അധികമധികമായി ചൊല്ലിക്കൊണ്ടി

Scanned with CamScanner

തിക്കാൻ പറഞ്ഞു. കൂടാതെ ഇസ്തിഗ്ഫാറും, അല്ലാഹു ആ നാളുകളിൽ തന്നെ പ്രത്യേകമായി ചൊല്ലാൻ പഠിപ്പിച്ച ***ബിസ്മില്ലാഹിൽ കാഫീ ബിസ്മില്ലാഹി ശ്ശാഫീ ഇശ്ഫിനീ*** എന്ന പ്രാർത്ഥനയും സ്വലാത്തും നിരന്തരം ചൊല്ലാനും നിർദേശിച്ചു. അതിനുശേഷം എന്റെ ചെറിയ അനുജത്തിക്ക് ജീവിതം തിരിച്ചുകിട്ടി. ഇന്നും അവൾ ജീവിച്ചിരിക്കുന്നു.

ഹസ്റത്ത് ഗൗഹറുദ്ദീൻ സാഹിബ് ഖാദിറാബാദി (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ഗ്രാമത്തിൽ ഒരു യുവാവിന് പ്ലേഗ് ബാധിച്ചു. ഞങ്ങളുടെ ഗ്രാമത്തിൽ പ്ലേഗ് പടർന്നുപിടിക്കുന്നതായി വിവരം ലഭിച്ചിരിക്കുന്നുവെന്ന് ഞാൻ ഖാദിയാനിൽവന്ന് ഹുസൂർ (അ)നോട് പറഞ്ഞു. അപ്പോൾ ഹുസൂർ (അ) നിർദ്ദേശിച്ചു. നിങ്ങൾ നിങ്ങളുടെ വീടിന്റെ മുകൾതട്ടിൽ കയറി ഇങ്ങനെ വിളംബരം ചെയ്യുക: 'ജനങ്ങളേ, ഒരു മാസത്തേക്കുള്ള സാധനങ്ങൾ എടുത്തുകൊണ്ട് മൂന്നു മണിക്കൂറിനുള്ളിൽ ഈ ഗ്രാമത്തിനുവെളിയിൽ എന്നോടൊപ്പം തമ്പടിച്ചു താമസിക്കാൻ നിങ്ങളിലാരെങ്കിലും തയാറുണ്ടോ? എന്റെ കൂടെ വരുന്നവർ എന്നോടൊപ്പം താമസിക്കും. അതിനുശേഷം വരുന്നവർ ഞങ്ങളോടൊപ്പം താമസിക്കാൻ പാടില്ല.'

ഹുസൂറിന്റെ നിർദ്ദേശമനുസരിച്ച് ഞാൻ എന്റെ ഗ്രാമത്തിൽപോയി അപ്രകാരം വിളംബരം ചെയ്തു. എന്നോടൊപ്പം ഒരേ ഒരു കുടുംബം മാത്രമേ വരാൻ തയ്യാറായുള്ളൂ. മറ്റുള്ളവർ അനുസരിച്ചില്ല. എന്നാൽ, അവരും കുറച്ചുദിവസം കഴഞ്ഞ് ഗ്രാമത്തിനു വെളിയിൽ സാധനങ്ങളുമെടുത്ത് വന്നു. പക്ഷേ, ഞങ്ങളുടെ അടുത്ത് താമസിക്കാൻ ഞങ്ങൾ സമ്മതിച്ചില്ല. അവർ പ്രത്യേകം തമ്പടിച്ചു. പക്ഷേ, പ്ലേഗിൽനിന്ന് പൂർണമായും സുരക്ഷിതരായവർ ഞങ്ങളായിരുന്നു. ഞങ്ങളേയോ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നവരേയോ പ്ലേഗ് ബാധിച്ചില്ല. മറുഭാഗത്ത് ഗ്രാമവാസികൾ പ്ലേഗിൽ മരണപ്പെടുകയോ പ്ലേഗ് ബാധയേൽക്കുകയോ ചെയ്തു. മൂന്നുപേർക്ക് മാത്രം പ്ലേഗ് ഉണ്ടായില്ല. ഞാൻ ഉപദേശിച്ചതുപ്രകാരം അവർ മൂന്നു പേരും ഖാദിയാനിൽവന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ കാണുകയും ദുആയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. ഹുസൂർ (അ) അവരോട് പറഞ്ഞു: ഞാൻ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നതാണ്. അല്ലാഹു

ഉദ്ദേശിച്ചാൽ അതു സ്വീകരിക്കും. നിങ്ങൾ സത്യഹൃദയത്തോടു കൂടി മുസ്‌ലിം ആകുക. എങ്കിലേ ഈ ദൈവിക ശിക്ഷയിൽനിന്ന് രക്ഷപ്പെടാനാവുകയുള്ളൂ. അതിനുശേഷം നിങ്ങൾ വഴികേടിലായാൽ ഹസ്റത്ത് നൂഹ് നബിയുടേത് പോലെ എന്റെ ദുആയും സ്വീകരിക്കപ്പെടുന്നതല്ല. തുടർന്ന് അവർ മൂന്നുപേരെയും അല്ലാഹു രക്ഷിച്ചു. രോഗികളായ അവരുടെ വീട്ടുകാരും മരുന്നൊന്നും കൂടാതെ സുഖം പ്രാപിച്ചു.

ഹിർസിയാനിലെ വ്യാപാരിയും ഇപ്പോൾ ഖാദിയാനിൽ താമസിക്കുന്നദേഹവുമായ ഹസ്റത്ത് ചൗദ്ദരി ഫസ്ൽ മുഹമ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു.

ഒരിക്കൽ ഹുസൂർ (അ) നടക്കാനായി പുറത്തേക്കിറങ്ങി. ഞാനും കൂടെ ഉണ്ടായിരുന്നു. തിരിച്ചുവന്ന് ഹുസൂർ (അ) വീട്ടിൽ കയറാൻ പോയപ്പോൾ ഞാൻ തിരുമുമ്പിൽച്ചെന്ന് ഇങ്ങനെ ചോദിച്ചു: ഹുസൂർ! പൂർവകാലത്ത് ആർക്കെങ്കിലും അസുഖമുണ്ടായാൽ പുണ്യാത്മാക്കളുടെ ഉമിനീർ തടവി രോഗം സുഖപ്പെടുത്താറുണ്ടെന്ന് കേട്ടിട്ടുണ്ട്. എനിക്ക് മാറിമാറി കൺകുരു ഉണ്ടാകുന്നു. അതുകേട്ടപ്പോൾ ഹുസൂർ മന്ദഹസിച്ചു. എന്തോ ചൊല്ലി എന്റെ കണ്ണുകളിൽ ഊതി. അന്നുമുതൽ ഇന്നുവരെ ഏതാണ്ട് 35 വർഷമായി എനിക്ക് ഒരിക്കലും കൺകുരു ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല, എന്റെ കണ്ണുകൾക്ക് ഒരുവിധ വേദനയും അനുഭവപ്പെട്ടില്ല. അൽഹംദുലില്ലാഹ്.

വീണ്ടും അദ്ദേഹം പറയുന്നു: ഹുസൂർ (അ) എന്നെ ശ്രദ്ധിക്കുന്നതായി കണ്ടപ്പോൾ, എന്റെ ഇടത്തെ തുടയിൽ ഒരു മുഴയുണ്ടെന്നും അതു കുറെകാലമായെന്നും എപ്പോഴെങ്കിലും പൊട്ടുമോ എന്നുള്ള ഭയമുണ്ടെന്നും ഞാൻ അറിയിച്ചു. ഹുസൂർ (അ) പറഞ്ഞു: 'അത് ബുദ്ധിമുട്ടിക്കുകയില്ല. ഭേദമായിക്കൊള്ളും' അതിനോടൊപ്പം ഒരു മരുന്നും പറഞ്ഞുതന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ എനിക്ക് വേദന അനുഭവപ്പെട്ടു. മരുന്നിന്റെ പേര് ഓർമയുണ്ടായിരുന്നില്ല. ആകെ വിഷമിച്ചു. രണ്ടുമൂന്നു ദിവസത്തിനുശേഷം അതുപൊട്ടി. രക്തവും ചലവും പുറത്തുപോയി. എനിക്ക് പരിപൂർണ്ണ സുഖവും കിട്ടി.

ലാഹോറിലെ ഇസ്‌ലാമിയപാർക്ക് സബ്ജഡ്ജ് ആയിരുന്ന ഗുലാം റസൂൽ സാഹിബിന്റെ മകൻ ഹസ്റത്ത് ശേഖ് മുഹമ്മദ്

Scanned with CamScanner

ഹുസയ്ൻ സാഹിബ് (റ) പറയുന്നു: 1901ലോ രണ്ടിലോ ഞാൻ ബയ്അത്ത് ചെയ്തു. അതിനുമുമ്പും ഞാൻ ഹുസൂർ (അ) നെ സന്ദർശിച്ചിട്ടുണ്ട്. ബയ്അത്തിനുശേഷം അതു തുടർന്നുകൊണ്ടിരുന്നു. ഹുസൂർ (അ) വഫാത്തായപ്പോൾ ജനാസയിൽ പങ്കെടുക്കാനും കഴിഞ്ഞു. ഒരിക്കൽ ഹുസൂർ (അ)-ജനുവരി മാസത്തിലാണ് വർഷം ഓർമയില്ല-മർഹമെ ഈസാ മിയാൻ മുഹമ്മദു ഹുസയ്ൻ സാഹിബിന്റെ മകൻ മിയാൻ ചിറാഗുദ്ദീൻ സാഹിബിന്റെ വീട്ടിൽ വന്നു. രാത്രി 10 മണിയായിരുന്നു. ആ വർഷം മഴ ഉണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന ഒരാൾ ഹുസൂറിനോട് മഴക്കുവേണ്ടി ദുആ ചെയ്യാൻ ആവശ്യപ്പെട്ടു. ആ വർഷം മഴ ഉണ്ടാകാത്ത കാരണത്താൽ വരൾച്ച വളരെയേറെ അനുഭവപ്പെട്ടിരുന്നു. എന്നാൽ ഹുസൂർ (അ) ദുആ ചെയ്യുകയോ എന്തെങ്കിലും മറുപടി പറയുകയോ ചെയ്തില്ല. മറ്റൊരാളും അന്നുതന്നെ ഇതേപോലെ ഹുസൂറിനോട് മഴക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചിരുന്നു. അപ്പോഴും ഹുസൂർ (അ) അതു ശ്രദ്ധിച്ചില്ല. കുറച്ചു കഴിഞ്ഞപ്പോൾ മൂന്നാമതൊരാൾ മഴയ്ക്കുവേണ്ടി ദുആ ചെയ്യാൻ വീണ്ടും ആവശ്യപ്പെട്ടു. അപ്പോൾ ഹുസൂർ (അ) ദുആക്ക് വേണ്ടി കൈകളുയർത്തി. ആ സമയത്ത് നല്ല നിലാവെളിച്ചമുണ്ടായിരുന്നു. ആകാശം തെളിഞ്ഞിരുന്നു. മഴയുണ്ടാകാനുള്ള ഒരു ലക്ഷണവും കണ്ടിരുന്നില്ല. ഹുസൂർ (അ) ദുആ ചെയ്യാൻ കൈകളുയർത്തിയപ്പോൾ ഒരു ചെറിയ മേഘം ഉയരുകയും മഴത്തുള്ളികൾ വീഴാൻ തുടങ്ങുകയും ചെയ്തു. ഹുസൂർ ദുആ അവസാനിപ്പിച്ചതോടെ അതും നിലച്ചു. കുറച്ചു സമയമേ മഴയുണ്ടായിരുന്നുള്ളൂ. അതിനുശേഷം ആകാശം തെളിഞ്ഞു. ഞാനുള്ളപ്പോഴാണ് ഈ സംഭവം നടന്നത്.

ആ സമയത്ത് എല്ലാവർക്കുംവേണ്ടി നല്ല മഴ വിധിച്ചിട്ടുണ്ടായിരുന്നില്ല. അല്ലാഹു ദുആ സ്വീകരിക്കുന്നവനാണെന്ന് അവർക്ക് കാണിച്ചുകൊടുക്കാനാണ് ഇങ്ങനെ ചെയ്തത്. അങ്ങനെ ഈ മുഅ്ജിസത്തു കാണിച്ചുകൊടുത്തു.

ഹസ്റത്ത് മുഹമ്മദ് അലി സാഹിബ് പ്രസ്താവിക്കുന്നു. ഞാൻ ഹുസൂർ (അ)ന്റെ പുണ്യകരങ്ങളിൽ ബയ്അത്ത് ചെയ്യുമ്പോൾ ഒരു കമ്പനിയിൽ എനിക്കു ജോലിയുണ്ടായിരുന്നു. ബയ്അത്ത് ചെയ്ത് കുറച്ചുദിവസം കഴിഞ്ഞപ്പോൾ, എനിക്ക് ഈ ജോലിയോട് വെറു

Scanned with CamScanner

പ്പാണെന്നും ജോലി ഉപേക്ഷിക്കുകയാണെന്നും ഹുസൂർ (അ) നെ അറിയിച്ചു. അതറിഞ്ഞപ്പോൾ ഹുസൂർ (അ) പറഞ്ഞു: 'കിട്ടിയ ജോലി ഒരിക്കലും കളയരുത്. ജീവിതവിഭവത്തിനുള്ള മാർഗം അല്ലാഹുവിൽനിന്നുള്ളതാണ്. ഞാൻ നിങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നു' ഹുസൂർ (അ)ന്റെ ഈ ദുആയുടെ ഫലമായി അൽപദിവസങ്ങൾക്കകം എനിക്ക് പ്രസ്തുത കമ്പനിയിൽനിന്ന് പ്രിന്റിംഗ് പ്രസ്സിലേക്ക് ജോലി മാറ്റം കിട്ടി. എനിക്ക് കമ്പോസിംഗ് അറിയാമായിരുന്നു. രണ്ടും സർക്കാർ ജോലിതന്നെയായിരുന്നു. ഈ സംഭവം നടന്നത് ജമ്മുവിലാണ്.

മുൽത്താൻജില്ലയിലെ അമീർപൂർ നിവാസിയായ സ്വാലിഹ് മുഹമ്മദ് കോക്കർസാഹിബിന്റെ മകൻ ഹസ്റത്ത് നൂർ മുഹമ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു.

ഒരിക്കൽ ഹാജീ മുഹമ്മദ് കമലാനയുടെ പേരിൽ ഒരു കൊലക്കേസ് ചുമത്തപ്പെട്ടു. ഹാജീ മുഹമ്മദ് സാഹിബ് ദുആയ്ക്ക് അപേക്ഷിക്കാനായി എന്റെ സഹോദരനെ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്നിധിയിലേക്ക് പറഞ്ഞയച്ചു. ഹസ്റത്ത് സാഹിബ് (അ) പറയുന്നതുവരെ അവിടെ പാർക്കണമെന്നും ഓരോ ദിവസവും ഹസ്റത്ത് സാഹിബ് (അ)നോട് ദുആക്ക് അപേക്ഷിച്ചുകൊണ്ടിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്റെ സഹോദരൻ ഒരു മാസത്തിലധികം ഖാദിയാനിൽ താമസിച്ചുകൊണ്ട് പറഞ്ഞതുപോലെ ചെയ്തു. ഒരു ദിവസം ഹസ്റത്ത് സാഹിബ് (അ) എന്റെ സഹോദരന് നാട്ടിലേക്ക് തിരിക്കാൻ അനുവാദം നൽകി. ജംഗ് ജില്ലയിലെ വരിയാൻ എന്ന സ്ഥലത്തെ ഹാജീ മുഹമ്മദ് കമലാന, കേസിൽനിന്ന് മുക്തനായ ദിവസം തന്നെയാണ് എന്റെ സഹോദരൻ

ഖാദിയാനിൽനിന്നു നാട്ടിലേക്ക് മടങ്ങിപ്പോന്നത്.

ഇതാണ് ഹുസൂർ (അ) ന്റെ ദുആയുടെ ഫലം. ഹുസൂർ (അ)ന്റെ ആന്തരികമായ പരിശുദ്ധി. എന്റെ സഹോദരൻ ഒരു മാസത്തിലേറെ ഖാദിയാനിൽ താമസിച്ചെങ്കിലും, ഹാജീ മുഹമ്മദ് സാഹിബ് കേസിൽനിന്ന് മോചിതനാകുന്ന ദിവസംതന്നെ, എന്റെ സഹോദരനെ ഹുസൂർ (അ) നാട്ടിലേക്ക് യാത്രയാക്കി.

Scanned with CamScanner

നിസാമുദ്ദീൻ സാഹിബിന്റെ മകൻ ഹസ്റത്ത് ഹക്കീം മലരസാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. മീർ ആബിദ് അലി ശാഹ് സാഹിബ് ബദ്സൊമല്ലി താമസക്കാരനായിരുന്നു. അദ്ദേഹം പറഞ്ഞു: ഹുസൂർ (അ) ലാഹോറിലേക്ക് പോയിരികകുകയായിരുന്നു. എന്റെ സുഹൃത്തായ സർഫറാസ്ഖാൻ, തനിക്ക് സന്മാർഗം കിട്ടുന്നതിനുവേണ്ടി നിങ്ങളുടെ മസീഹിനെക്കൊണ്ടു ദുആ ചെയ്യിക്കണമെന്ന് പറഞ്ഞു. ഹുസൂർ (അ) ഒരിക്കൽ ഉലാത്തുന്ന അവസരത്തിൽ സർഫറാസ്ഖാനു വേണ്ടി ദുആ ചെയ്യാൻ ഞാൻ അപേക്ഷിച്ചു. ഹുസൂർ (അ) ഉടനെ കൈകളുയർത്തി ദുആ ചെയ്തു. മീർ ആബിദ് അലിശാഹ് സാഹിബ് തന്റെ നാട്ടിൽ തിരിച്ചെത്തിയപ്പോൾ ദുആ ചെയ്ത വിവരം അദ്ദേഹം സർഫറാസ്ഖാനെ അറിയിച്ചു. അപ്പോൾ താൻ ബയ്അത്ത് ചെയ്ത വിവരം സർഫറാസ്ഖാൻ അദ്ദേഹത്തോട് പറഞ്ഞു. പരിശോധിച്ചപ്പോൾ, ഹുസൂർ (അ) ദുആ ചെയ്യാൻ കൈകളുയർത്തിയ അതേസമയം തന്നെയാണ് സർഫറാസ്ഖാൻ ബയ്അത്ത് ചെയ്ത് കത്തെഴുതിയതെന്ന് മനസ്സിലായി.

മൗലവി റഹീം ബഖ്ശ് സാഹിബ് എം എ പറഞ്ഞു: എന്റെ പിതാമഹനെ ഖലീഫ എന്നാണ് ജനങ്ങൾ വിളിച്ചിരുന്നത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കഠിനവിരോധിയായിരുന്നു അദ്ദേഹം. ഹസ്റത്ത് മസീഹ് മൗഊദ് (അ)നെചീത്ത പറയുക അദ്ദേഹത്തിന്റെ തൊഴിലായിരുന്നു. എന്റെ പിതാവിനേയും പിതാമഹൻ ശരിക്കും ബുദ്ധിമുട്ടിച്ചിരുന്നു. അദ്ദേഹത്തിന്റെ ഉപദ്രവത്താൽ സഹികെട്ട് എന്റെ പിതാവ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് ദുആ ചെയ്യാൻ അപേക്ഷിച്ചുകൊണ്ടുള്ള കത്തയച്ചു. ഹസ്റത്ത് മസീഹ് മൗഊദ് (അ) അയച്ച മറുപടി കത്തിൽ താൻ ദുആ ചെയ്ത കാര്യം അറിയിച്ചിരുന്നു. എന്റെ പിതാവ് ഈ കത്തിന്റെ വിവരം മഹല്ലിലുള്ള എല്ലാവരോടും പറയുകയും, ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്തിരിക്കുന്നതിനാൽ ഖലീഫ ഇനിമുതൽ ചീത്ത പറയുകയില്ലെന്ന് അവരെ അറിയിക്കുകയും ചെയ്തു. അടുത്ത ദിവസമോ അതിനടുത്ത ദിവസമോ ആയിരുന്നു വെള്ളിയാഴ്ച. എന്റെ പിതാമഹനായ ഖലീഫ അനഹ്മദികളോടൊപ്പം പള്ളിയിൽപോയി. അവിടെന്ന് തിരിച്ചുവന്നശേഷം അദ്ദേഹത്തിൽ അസാധാരണമായ മാറ്റമാണ് കണ്ടത്. അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ പറ്റി ഒന്നും പറയുന്നില്ല. ജുമുഅ ദിവസം ചീത്ത പറയുക

Scanned with CamScanner

അദ്ദേഹത്തിന്റെ പതിവായിരുന്നു. താങ്കളെന്താണ് ഇന്ന് മിർസാ സാഹിബിനെക്കുറിച്ചൊന്നും മിണ്ടാത്തതെന്ന് ജനങ്ങൾ ചോദിച്ചു. 'ആരെങ്കിലും ചീത്ത പറയരുതെന്ന് ഇന്ന് മൗലവിയും ഖുത്ബ യിൽ ഉപദേശിച്ചിരുന്നല്ലോ' ഇതായിരുന്നു അദ്ദേഹത്തിന്റ മറുപടി.

ഇന്നലെ ഖാദിയാനിൽ നിന്നുവന്ന ഒരു കത്ത് ബാബു കാണി ച്ചിരുന്നു. എന്നിട്ട് ബാബു, ഖലീഫ ഇനി ചീത്തപറയുകയില്ലെന്ന് പറഞ്ഞിരുന്നു. ഇതിനുശേഷം എതിർപ്പുകൾ ശക്തമായെങ്കിലും പിതാമഹൻ ഒരിക്കലും മസീഹ് മൗഊദ് (അ)നെ ചീത്തപറഞ്ഞിട്ടി ല്ലെന്ന് റഹീം ബഖ്ശ് സാഹിബ് പറയാറുണ്ടായിരുന്നു.

മറ്റൊരു സംഭവം അദ്ദേഹം വിവരിക്കുന്നു. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) നടക്കാൻ പോയി. തിരിച്ചുവന്ന് വീട്ടിൽ പ്രവേ ശിച്ചതേയുള്ളു. ഒരു ഭിക്ഷക്കാരന്റെ ശബ്ദം കേട്ടു. പക്ഷേ, മറ്റു ശബ്ദംകൊണ്ട് അയാളുടെ ശബ്ദം വ്യക്തമായില്ല. ഹസ്റത്ത് സാഹിബ് (അ) ഉള്ളിലേക്ക് പോയി. പെട്ടെന്ന് വെളിയിൽ വന്ന് ചോദിച്ചു: 'ഒരു ഭിക്ഷക്കാരന്റെ ശബ്ദം കേട്ടിരുന്നു. അയാൾ എങ്ങോ ട്ടുപോയി?' ഹുസൂർ, അയാൾ അപ്പോൾതന്നെ ഇവിടെനിന്ന് പോയി രുന്നുവെന്ന് അറിയിക്കപ്പെട്ടു. അതിനുശേഷം ഹുസൂർ (അ) വീട്ടി ന്നകത്തേക്ക് പോയെങ്കിലും വളരെ അസ്വസ്ഥനായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ വീണ്ടും വാതിൽക്കൽ ആ ഭിക്ഷക്കാരന്റെ ശബ്ദം കേട്ടു. ഉടനെ ഹുസൂർ (അ) ഒരു നല്ല തുക അയാൾക്ക് കൊടുത്തു. എന്നിട്ടു പറഞ്ഞു: ഇദ്ദേഹത്തിന്റെ ശബ്ദം കേട്ടശേഷം ആളെ കാണാതായപ്പോൾ ഞാൻ വളരെ അസ്വസ്ഥനായിരുന്നു. ആ ആളെ വീണ്ടും കൊണ്ടുവരുന്നതിനായി ഞാൻ ദുആ ചെയ്തു. അല്ലാഹു അയാളെ കൊണ്ടുവന്നു.

ഹസ്റത്ത് മലിക്ക് ബർക്കത്തലി സാഹിബ് ഇബ്നുമലിക്ക് വസീർ ബഖ്ശ് സാഹിബ് നിവേദനം ചെയ്യുന്നു: ഞാൻ സർഗോദാ ജില്ല യിലെ ബോച്ചോറായിലായിരുന്നു. സബ്ഡിവിഷണൽ ഓഫീസർ മിസ്റ്റർ ഹാവേഡ് എന്റെ ശത്രുവായി. ഞാൻ ഹസ്റത്ത് സാഹി ബിന് ദുആയ്ക്കുവേണ്ടി കത്തെഴുതി. ദുആ ചെയ്തിരിക്കുന്നു. അല്ലാഹു കരുണ ചെയ്യും. എന്നെഴുതിയ മറുപടി കിട്ടി. സന്ദർഭവ ശാൽ ഈ കാർഡ് കിട്ടിയത് ഹർസലാം എന്നയാൾക്കാണ്. അയാ ളത് വായിച്ചു. അയാൾ എന്റെയടുത്ത് വന്ന് പറഞ്ഞു, കേസ്

താങ്കൾക്കനുകൂലമായി വിധിച്ചിരിക്കുന്നു. താങ്കൾ മോചിതനായി, ഞാൻ അത്ഭുതപ്പെട്ടുകൊണ്ട് കാര്യം തിരക്കി. അയാൾ ആ കാർഡ് എനിക്കൂതുന്നു. ഞാൻ പറഞ്ഞു: ഇതിൽ താങ്കൾ പറഞ്ഞതുപോലെയൊന്നും എഴുതിയിട്ടില്ലല്ലോ. അപ്പോൾ അദ്ദേഹം പ്രതിവചിച്ചു. അല്ലാഹുവിന്റെ വലിയൊരു ദാസൻ താങ്കൾക്കുവേണ്ടി ദുആ ചെയ്തിരിക്കുന്നു. ആ സ്ഥിതിക്ക് നിങ്ങൾ മോചിതനാകാതിരിക്കുന്നതെങ്ങനെ? കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എന്നെ കോടതി വെറുതെവിട്ടു.

ഒരു സബ്ഡിവിഷണൽ ഓഫീസറുമായിട്ടായിരുന്നു കേസെങ്കിലും ഇതിനെക്കുറിച്ച് അന്വേഷിക്കാൻ വന്നത് സൂപ്രണ്ടന്റ് ഓഫ് ചീഫ് എൻജിനീയറായിരുന്ന ഹെവൽട്ടൺ ആയിരുന്നു. നല്ലവണ്ണം അന്വേഷിച്ചതിനുശേഷമാണ് അദ്ദേഹം എന്നെ മോചിതനാക്കിയത്.

ഡോക്ടർ ഇത്വറുദ്ദീൻ സാഹിബ് (റ) രിവായത്ത് ചെയ്യുന്നു. പരീക്ഷയിൽ പാസാകുന്നതിനുവേണ്ടി ദുആ ചെയ്യുന്നതിനായി ഞാൻ ഹുസൂർ (അ)നോട് അപേക്ഷിച്ചു. ഹുസൂർ (അ) പറഞ്ഞു: *'റബ്ബനാ ആത്തിനാ ഫിദ്ദുൻയാഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ'* എന്ന് മൂന്നുപ്രാവശ്യം ഓതി പരീക്ഷഹാളിൽ പ്രവേശിക്കുക. എന്നിട്ട് പരീക്ഷ എഴുതുക. ഞാൻ അങ്ങനെതന്നെ ചെയ്തു. പരീക്ഷയിൽ പാസായി.

ഗുജ്റാത്ത് ജില്ലയിലെ റസൂൽപൂർ നിവാസി ഹസ്റത്ത് ഖാരീ ഗുലാം യാസീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ബയ്അത്ത് ചെയ്തപ്പോൾ എന്റെ സുഹൃത്ത് മുഹമ്മദ് ഹയാത്തിനോട് ആ വിവരം പറയുകയും താങ്കളും അദ്ദേഹത്തിൽ വിശ്വസിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അപ്പോൾ എന്റെ സുഹൃത്ത് പറഞ്ഞു: 'അദ്ദേഹം സത്യവാനാണെന്ന് എനിക്കറിയാം. പക്ഷേ, ഞാൻ ബയ്അത്ത് ചെയ്യുന്നത് ഒരു നിബന്ധനയോടുകൂടിയായിരിക്കും. എനിക്കെതിരെയുള്ള ക്രിമിനൽ കേസിൽ ആരും എന്നോട് ഒന്നും ചോദിക്കരുത്. ഇതുകേട്ട് ഗുലാം യാസീൻസാഹിബ് പ്രതിവചിച്ചു: അങ്ങനെയൊരു നിബന്ധന വയ്ക്കുന്നത് ശരിയായതല്ല. തീർച്ചയായും ഞങ്ങൾ ഹസ്റത്ത് സാഹിബിനോട് ദുആയ്ക്കുവേണ്ടി അപേക്ഷിക്കാം. അപ്പോൾ

Scanned with CamScanner

അദ്ദേഹം പറഞ്ഞു: കത്തെഴുതിയാലും വേണ്ടില്ല. എഴുതിയില്ലെങ്കിലും വേണ്ടില്ല. എന്റെ നിബന്ധന ഇതു തനന്നെയാണ്. എന്തായാലും ദുആയ്ക്കു വേണ്ടി കത്തെഴുതി. അയാളുടെ പേരിലുള്ള ക്രിമിനൽ കേസ് ഇതായിരുന്നു:

അയാൾ ഒരു വിധവയെ വിവാഹം ചെയ്തിരുന്നു. ആ വിധവയുടെ മരിച്ചുപോയ ഭർത്താവിന്റെ അനുജൻ അയാൾക്കെതിരിൽ പെണ്ണിനെ തട്ടിക്കൊണ്ടുപോയി എന്ന് പറഞ്ഞ് കേസ്സുകൊടുത്തു. വാറണ്ട് അയച്ച് കേസിന്റെ തീയതി നിശ്ചയിച്ചിരുന്നു. ഇതിന്റെ പേരിലാണ് അയാൾ പറയുന്നത് ഇമാം മഹ്ദി സത്യവാനാണെങ്കിൽ, കേസ്സിന് ഹാജരാകുമ്പോൾ തന്നോട് ആരും ഒന്നും ചോദിക്കരുതെന്ന്. ഖാരീ ഗുലാംയാസീൻ സാഹിബ് ഈ നിബന്ധന ശരിയല്ലെന്ന് പറഞ്ഞുകൊണ്ടിരുന്നു. എങ്കിലും ദുആയ്ക്ക് അപേക്ഷിച്ചുകൊണ്ട് ഹുസൂറിന് കത്തെഴുതി. നിശ്ചിതദിവസം കോടതിയിൽ ഹാജരായപ്പോൾ വാദി ഹാജരായിരുന്നില്ല. അതിനാൽ പേരു വിളിക്കപ്പെട്ടില്ല. അങ്ങനെ കച്ചേരി പരിഞ്ഞു. വീട്ടിൽ തിരിച്ചെത്തിയപ്പോൾ അയാൾ ഗുലാം യാസീൻ സാഹിബിനോട് പറഞ്ഞു: എന്നോട് ആരും ഒന്നും ചോദിച്ചില്ല. തീർച്ചയായും ഇമാം മഹ്ദി സത്യവാനാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് എന്റെ ബയ്അത്ത് കത്ത് ഉടൻ എഴുതുക. അങ്ങനെ അയാൾ ബയ്അത്ത് ചെയ്ത് കത്തെഴുതി. തുടർന്ന്, ഇമാം മഹ്ദി ആഗതനായിരിക്കുന്നുവെന്നും താൻ വിശ്വസിച്ചിരിക്കുന്നുവെന്നും നിങ്ങളും വിശ്വസിക്കുകയെന്നും തെരുവുകളിലൂടെ വിളിച്ചുപറഞ്ഞ് നടക്കാൻ തുടങ്ങി.

അദ്ദേഹം സത്യവാനാണെങ്കിൽ കേസ്സിനു പോകുമ്പോൾ എന്നോട് ആരും അതിനെ സംബന്ധിച്ച് ചോദിക്കരുതെന്നുള്ള നിബന്ധന ഞാൻ വെച്ചിരുന്നു. ഞാൻ കേസിന്റെ അവധിക്ക് കോടതിയിൽപോയി. പക്ഷേ, ആരും എന്നോട് ഒന്നും ചോദിച്ചില്ല. അദ്ദേഹം പറഞ്ഞു.

ഇതുകേട്ടപ്പോൾ അദ്ദേഹത്തോടു ആരും ഒന്നും ചോദിക്കാത്തതിൽ ജനങ്ങളും അത്ഭുതപ്പെട്ടു. ഇതിന്റെ യാഥാർത്ഥ്യം അറിയുവാൻ വാദി കോടതിയെ സമീപിച്ചു. അന്വേഷിച്ചുനോക്കിയപ്പോൾ അയാളുടെ ഫയൽ കോടതിയിൽ എവിടെയും കാണാനില്ലായിരു

Scanned with CamScanner

ന്നു. തുടർന്ന് വാദി, മുഹമ്മദ് ഹയാത്തിന്റെ പേരിൽ വീണ്ടും കേസു കൊടുത്തു. കേസിനുള്ള തീയതി ഒരിക്കൽകൂടി നിശ്ചയിക്കപ്പെട്ടു. അപ്പോൾ ജനങ്ങൾ പരിഹസിക്കാൻ തുടങ്ങി. നിന്റെ മിർസാക്ക് ഇനി എന്തുചെയ്യാനൊക്കും എന്ന് ജനങ്ങൾ ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞു. മിർസാ സാഹിബ് സത്യവാൻ തന്നെയാണ്. ഞാൻ അദ്ദേഹത്തിൽ ഹൃദയാത്മനാ വിശ്വസിച്ചിരിക്കുന്നു. ഈ കേസിലും എന്നോട് ആരും ഒന്നും ചോദിക്കുകയില്ല.

അങ്ങനെ നിശ്ചിത തീയതിയിൽ കോടതിയിൽ ഹാജരായി. ധാരാളം ജനങ്ങൾ കാണികളായെത്തി. ജഡ്ജി വാദിയെ വിളിച്ചു. പക്ഷെ, അയാൾ ഹാജരുണ്ടായിരുന്നില്ല. കോടതി മൂന്നുപ്രാവശ്യം അയാളെ വിളിച്ചുനോക്കി. ആരും വിളി കേട്ടില്ല. അന്നും കച്ചേരി പിരിഞ്ഞു. അതിനുശേഷവും ഹയാത്ത്സാഹിബ് ജനങ്ങളോട് ഹസ്റത്ത് ഇമാം മഹ്ദിയുടെ സത്യതയെ പ്രഘോഷിച്ചുകൊണ്ടിരുന്നു. അങ്ങനെ ഗുലാം യാസീനും ഹയാത്തും എന്തുകൊണ്ട് വാദി ഹാജരായില്ല എന്നന്വേഷിക്കാൻ വാദിയുടെ ഗ്രാമത്തിൽ ചെന്നു. അപ്പോൾ അവിടെ പ്ലേഗ് ബാധിച്ചതായും കോടതിയിൽ കേസ് വിചാരണക്കുവെച്ച അതേ ദിവസം തന്നെ പ്രസ്തുതവാദി മരിച്ചു പോയതായും അവർക്ക് വിവരം ലഭിച്ചു.

അല്ലാഹു ഇക്കാലത്തെ വിരോധികളായ മുല്ലക്കന്മാർക്ക് ബുദ്ധി കൊടുക്കട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തിനുള്ള എത്ര മഹത്തായ സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണപ്പെടുന്നു. ദുആ സ്വീകാര്യതയുടെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ വായിക്കുമ്പോൾ മനുഷ്യൻ വിസ്മയഭരിതനായിപ്പോകുന്നു.

അവസാനമായി ദുആയെ സംബന്ധിച്ചുള്ള ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥത്തിലുള്ള ഒരു ഉദ്ധരണി നിങ്ങളെ കേൾപ്പിക്കുകയാണ്.

ദുആ ചെയ്യുന്നവർക്ക് അല്ലാഹു മുഅ്ജിസ കാണിക്കുന്നതാണ്. ചോദിക്കുന്നവർക്ക് അസാധാരമമായ അനുഗ്രഹം നൽകപ്പെടുന്നതാണ്. ദുആ വരുന്നതും അല്ലാഹുവിങ്കൽ നിന്നുതന്നെ. അല്ലാഹുവിങ്കലേക്ക് തന്നെയാണ് അതു തിരിച്ചുപോകുന്നതും. നിങ്ങളുടെ ജീവൻ നിങ്ങളുടെ അടുത്തുള്ളതുപോലെ ദുആ മൂലം അല്ലാഹു

Scanned with CamScanner

നിങ്ങളുടെ കൂടെ ഉണ്ടാകുന്നതാണ്. ദുആ മുഖേന ലഭിക്കുന്ന ഒന്നാമത്തെ അനുഗ്രഹം ദുആ ചെയ്യുന്ന ആളിൽ ഉണ്ടാകുന്ന പരിശുദ്ധമായ പരിവർത്തനമാണ്. ഈ പരിവർത്തനത്തോടെ അല്ലാഹുവും തന്റെ സിഫത്തിൽ ഒരു പരിവർത്തനം ഉണ്ടാക്കുന്നു. അവന്റെ സിഫത്തുകൾ പരിവർത്തനവിധേയമാകുമെന്നല്ല. സ്വയം മാറ്റം വരുത്തുന്നവരോട് അവൻ പ്രത്യേക നിലയിൽ വർത്തിക്കുന്നുവെന്നാണ് ഇതിന്റെ താൽപര്യം. ഇതിനെപ്പറ്റി ജനങ്ങൾക്ക് അറിയുവാൻ സാധിക്കുന്നില്ല. അവർക്കായി അവൻ മറ്റൊരു ദൈവത്തെ പ്രകടമാക്കുന്നു. എന്നാൽ മറ്റൊരു ദൈവം ഇല്ലതന്നെ. അതായത് അവന്റെ പ്രഭാവം പുതിയ രീതിയിൽ അവൻ പ്രത്യക്ഷപ്പെടുത്തുന്നു. അപ്പോൾ ഈ പ്രത്യേക പ്രകടനം തങ്ങളിൽ പരിവർത്തനമുണ്ടാക്കുന്നവർക്കായി പ്രത്യക്ഷമാകുന്നു. അത് മറ്റുള്ളവരിൽ പ്രകടമാകുന്നില്ല. ചുരുക്കത്തിൽ ദുആമൂലം ഒരു പിടിമണ്ണിനെ തങ്കക്കട്ടിയാക്കി മാറ്റുവാൻ സാധിക്കുന്നു. ആന്തരികമായ മാലിന്യങ്ങളെ കഴുകിക്കളയുന്ന ആത്മീയ ജലമാണ്. ദുആയിലൂടെ ആത്മാവ് വെള്ളംപോലെ ഒഴുകി അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴാൻ തുടങ്ങുന്നു. ●

*(22-9-2000)*

Scanned with CamScanner

# സഹാബാക്കളുടെ നിവേദനങ്ങൾ

هُوَ الْحَيُّ لَا إِلٰهَ إِلَّا هُوَ فَادْعُوْهُ مُخْلِصِيْنَ لَهُ
الدِّيْنَ ۚ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿٦٦﴾

അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ അവനുമാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുവിൻ. സർവസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു. (40:66)

ഇപ്പോൾ ഓതിയ വചനത്തിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ട് അല്ലാഹു വെളിപ്പെടുത്തിയ ദൃഷ്ടാന്തങ്ങളെകുറിച്ചുള്ള സ്മരണകൾ തന്നെയാണ് ഇന്നും തുടരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. സഹാബിവര്യന്മാർ നേരിട്ട് രേഖപ്പെടുത്തിയ രജിസ്റ്ററിൽ നിന്നുള്ള വിവരണമാണ് കേൾപ്പിക്കാൻ പോകുന്നത്. ചരിത്രകാരന്മാരുടെ അതിശയോക്തികളെന്നും കലരാത്തതും സ്വഹാബിമാരുടെ സാധാരണ വാക്കുകളിൽ അടങ്ങിയതുമായ ഈ സംഭവങ്ങൾ ജനഹൃദയങ്ങളിൽ നേരെ പതിക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങനെ ഒരു ശ്രമം നടത്തിയിട്ടുള്ളത്.

ഹസ്റത്ത് മിയാൻ അല്ലാദത്താ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് (റ) എന്നെ കുറിച്ച് ഞാൻ നിരക്ഷരനാണെന്നും സാധുവാണെന്നും അതുകൊണ്ട് എനിക്കുവേണ്ടി ദുആ ചെയ്യണമെന്നും

Scanned with CamScanner

ഹസ്റത്ത് മസീഹ് മൗഊദ് (അ)നോടു അപേക്ഷിച്ചു. ഇതുകേട്ട പ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്തു: 'ജനങ്ങൾ ഇദ്ദേഹവുമായി വാദപ്രതിവാദം ചെയ്യും. അല്ലാഹുതആല ഇദ്ദേഹ ത്തിന്റെ എതിരാളികളുടെ കഴുത്തു ഞെരിച്ചുകളയുകയും നാവട ക്കുകയും ചെയ്യുന്നതാണ്.'

എത്ര മഹത്തായ മറുപടിയാണിത്. ഇതിനുശേഷം ഇങ്ങനെ ത്തന്നെ സംഭവിക്കുമെന്ന് അന്ന് ഊഹിക്കാൻപോലും കഴിയുമാ യിരുന്നില്ല.

ഈ മുലാഖാത്തിനുശേഷം ഞങ്ങൾ ഖാദിയാൻ ശരീഫിൽനിന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് വിടചോദിച്ച് യാത്ര പുറ പ്പെട്ടു. മുസഫ്ഫർഗഡ് ജില്ലയിലെ സിന്തേര എന്ന സ്ഥലത്താണ് രാത്രി താമസിച്ചത്. പിറ്റേന്നു രാവിലെ അഹ്‌ലെ ഹദീസു പണ്ഡി തനായ ഹാഫിസ് അബ്ദുൽഖയ്യൂം ഞങ്ങളുമായി വാദപ്രതിവാദം തുടങ്ങി. സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ നാവടങ്ങി പ്പോയി. തൊണ്ട ഇടറുകയും ചെയ്തു. പിന്നീട് പ്രസ്തുത ഹാഫിസ് രംഗത്തുനിന്ന് നിഷ്ക്രമിച്ചു.

ഹസ്റത്ത് ചൗദ്ദരി ഗുലാം ഹുസയ്ൻ സാഹിബ് ഭട്ടി(റ) വിവരി ക്കുന്നു. എന്റെ കൃഷിസ്ഥലം വെള്ളംകിട്ടാതെ വരണ്ടുപോയി. അതിൽ ജലസേചനത്തിനു കഴിഞ്ഞില്ല. എനിക്കൊരു നല്ല കൃഷി സ്ഥലം കിട്ടുന്നതിന് ഭാഗ്യമുണ്ടാവാൻ ദുആ ചെയ്യണമെന്ന് അപേ ക്ഷിച്ചുകൊണ്ട് ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കത്തെഴു തി. താമസിയാതെ ഹുസൂർ (അ)ന്റെ മറുപടി എനിക്കുകിട്ടി. "താങ്കൾ ഇസ്തിഗ്ഫാർ ചെയ്യുക. അല്ലാഹു താങ്കൾക്ക് നല്ല കൃഷിസ്ഥലം നൽകുന്നതാണ്." ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആയുടെ ഫലമായി രണ്ടുവർഷത്തിനുശേഷം എനിക്കു കിട്ടിയ കൃഷിസ്ഥലം ആ പ്രദേശത്തെ സ്ഥലങ്ങളിൽ ഏറ്റവും കണ്ണായതായിരുന്നു. അതി പ്പോഴും എന്റെ കൈവശം തന്നെയാണ്.

ഹസ്റത്ത് മിയാൻ ഗുലാം മുഹമ്മദ് സാഹിബ് അറായെ (റ) നിവേദനം ചെയ്യുന്നു. "എന്റെ സഹോദരീപുത്രിയുടെ വിവാഹം നടന്ന കാര്യം എന്റെ സഹോദരീ ഭർത്താവ് അറിഞ്ഞപ്പോൾ എനി ക്കെതിരെ 600 രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അയാളഅൾ കേസു കൊടുത്തു. പെൺകുട്ടിയെ തട്ടിയെടുത്ത് മറ്റൊരു സ്ഥലത്ത്

Scanned with CamScanner

വിവാഹം കഴിച്ചുകൊടുത്തു എന്നു പറഞ്ഞായിരുന്നു കേസ്."

അക്കാലത്ത് 600 രൂപ എന്നു പറയുന്നത് വളരെ വലിയൊരു തുകയായിരുന്നു.

"ഞാൻ സമൻസ് കൈപ്പറ്റിയതിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്നിധിയിൽ ഹാജരാകുകയും വിവരങ്ങളെല്ലാം വിശദീകരിച്ചു പറയുകയും ദുആ ചെയ്യാൻ അപേക്ഷിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'വിഷമിക്കേണ്ട കാര്യമൊന്നുമില്ല. താങ്കൾ പൊയ്ക്കൊള്ളുക. ഞാൻ ദുആ ചെയ്യാം. താങ്കൾക്കെതിരിലുള്ള കേസ്സ് തള്ളിപ്പോകും.'

ഇവിടെ ഉർദുവിൽ 'കിസ്മസ്' എന്നാണ് എഴുതിയിട്ടുള്ളത്. ഇതു കൊണ്ടുദ്ദേശിച്ചിട്ടുള്ളത് 'ഡിസ്മിസ്' ആണ്. അതായത് കേസ് തള്ളിപ്പോകുമെന്ന്.

"അങ്ങനെ ഞാൻ ബട്ടാലയിലേക്ക് പുറപ്പെട്ടു. വക്കീലിനെകണ്ട് സമൻസിന് മറുപടി തയ്യാറാക്കി. എന്റെ വക്കീൽ ഹാജരാകുന്നതിനുമുമ്പേ ജഡ്ജി മറുപടി വായിക്കുകയും കേസ്സ് തള്ളുകയും ചെയ്തു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാക്കുകൾ അക്ഷരംപ്രതി പുലർന്നതു കണ്ടപ്പോൾ വിശ്വാസം പതിന്മടങ്ങ് വർദ്ധിച്ചു. കേസ്സ് തള്ളപ്പെട്ടതിനുശേഷമാണ് ഞാൻ വീട്ടിലേക്ക് മടങ്ങിയത്."

ഹസ്റത്ത് ഖാൻസാദാ ഹമീദുല്ലാഖാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു: ഞാൻ ചെല്ലുന്നതിനുമുമ്പേ ഹസ്റത്ത് മസീഹ് മൗഊദ് (അ) രണ്ടുപേരെ മുറിക്കകത്തേക്ക് വിളിച്ചിരുന്നു. എന്നെ ഹസ്റത്ത് സാഹിബ് (അ) കട്ടിലിൽ ഇരുത്തി. ഞാൻ ഒന്നും സംസാരിക്കാതെ നിശ്ശബ്ദനായിരുന്നു. ഹസ്റത്ത് സാഹിബ് (അ) അവർ രണ്ടുപേരുമായി സംസാരിക്കുകയായിരുന്നു. അവരിൽ ഒരാൾ ഒരു അനഹ്മദിയെ കുറിച്ച് അയാൾ മുനാഫിഖാണെന്ന് പറഞ്ഞപ്പോൾ, അങ്ങനെ പറയരുതെന്നും താങ്കൾ അയാൾക്കുവേണ്ടി കുറഞ്ഞത് 40 ദിവസം ദുആ ചെയ്യണമെന്നും സദഖ കൊടുക്കണമെന്നും അല്ലാഹുതആല ഇവിടെ ഇപ്പോൾ ഹാജരില്ലാത്ത ആ ആളെ നമുക്കു തരുമെന്നും നിരാശപ്പെടേണ്ട ആവശ്യമില്ലെന്നും ഹുസൂർ (അ)

Scanned with CamScanner

പറഞ്ഞു. സംസാരിച്ചുകൊണ്ടിരുന്ന ആ രണ്ടു അഹ്മദികളേയും എനിക്കു പരിചയമുണ്ടായിരുന്നില്ല. ഇതിനുശേഷം താങ്കൾക്കെന്തെങ്കിലും പറയാനുണ്ടോ എന്ന് ഹസ്റത്ത് സാഹിബ് (അ) എന്നോടു ചോദിച്ചു. കൂടെയിരുന്നവർ കേൾക്കുന്നത് ശരിയല്ല എന്നതുകൊണ്ട് ഞാൻ ഹസ്റത്ത് സാഹിബിന്റെ ചെവിയോടു ചേർന്ന് അടക്കിപറഞ്ഞു: 'എന്റെ ഭാര്യയെക്കൊണ്ട് ഞാൻ സഹികെട്ടിരിക്കുന്നു. അവളെ എനിക്ക് വെറുപ്പാണ്. അവൾ അനഹ്മദിയാണ്. ആ നിലയിൽത്തന്നെ മരിക്കുമെന്നുള്ള വാശിയിലാണ്.' ഇതുകേട്ടപ്പോൾ ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു: 'ദേഷ്യപ്പെടരുത്. അല്ലാഹു തആല എല്ലാ കാര്യങ്ങളും നേരെയാക്കിത്തരും.' പിന്നീട് ഹസ്റത്ത് സാഹിബ് (അ) ഞങ്ങൾ മൂന്നുപേരെയും മസ്ജിദ് മുബാറക്കിന്റെ ചെറിയവാതിലിലൂടെ യാത്രയാക്കി. ഞാൻ നേരെ വീട്ടിലെത്തി. കൃത്യമായി എനിക്കോർമ്മയില്ല, പിന്നീട് ആ വർഷമോ അടുത്ത വർഷമോ പരിപൂർണ സമ്മതത്തോടെ കത്തുമുഖേന എന്റെ ഭാര്യ ബയ്അത്തു ചെയ്തു. അൽഹംദുലില്ലാഹ്. ഇപ്പോൾ മുടങ്ങാതെ തഹജ്ജുദും നമസ്കരിക്കുന്നു. ഞങ്ങൾ രണ്ടുപേരും വളരെ സന്തോഷത്തോടെ ജീവിക്കുന്നു.

ഹസ്റത്ത് ഖാൻസാദാ ഹമീദുല്ലാഖാൻ സാഹിബ്(റ)ന്റെ മറ്റൊരു നിവേദനമുണ്ട്. ഒരിക്കൽ തങ്ങളും ഞങ്ങളുടെ സഹോദരപുത്രനും തമ്മിൽ അടിയുണ്ടായി. ഒന്നുകിൽ ഞങ്ങൾ അല്ലെങ്കിൽ അവൻ എന്ന നിലവരെയെത്തി കാര്യം. വിവരങ്ങളെല്ലാംവെച്ച് ദുആക്ക് അപേക്ഷിച്ചുകൊണ്ട് ഞാൻ ഹസ്റത്ത് സാഹിബ് (അ)ന് കത്തെഴുതി. ദുആ ചെയ്തിരിക്കുന്നുവെന്നും, താങ്കളും ദുആ ചെയ്യുകയെന്നും ***കലിമ തംജീദ്, സ്വലാത്ത്, ഇസ്തിഗ്ഫാർ*** അധികമധികമായി ചൊല്ലുക എന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഹസ്റത്ത് സാഹിബിന്റെ മറുപടി എനിക്കുകിട്ടി. ഈ കത്തുകിട്ടി പത്തുദിവസത്തിനുള്ളിൽ ഞങ്ങളുടെ സഹോദരപുത്രൻ മരണപ്പെട്ടു. ഞങ്ങൾക്ക് ആശ്വാസം ലഭിക്കുകയും ചെയ്തു. അൽഹംദുലില്ലാഹ്."

പട്ടാണികളിൽ സ്വന്തം സഹോദരൻമാർക്കിടയിൽ ചിലപ്പോൾ കഠിനമായ വൈരാഗ്യം ഉണ്ടാകാറുണ്ട്. ചൗദ്ദരി സഫ്റുല്ലാഖാൻ സാഹിബ് (റ) അത്തരം ഒരു സംഭവം പറയാറുണ്ടായിരുന്നു. അവരുടെ പേര് എനിക്കോർമയില്ല. രണ്ടുസഹോദരൻമാർക്കിടയിൽ അതികഠിനമായി വിരോധമുണ്ടായി. പരസ്പരം അവർ ഉറക്കം കെടുത്തി.

Scanned with CamScanner

അവരിൽ ഒരാൾ തന്റെ മരണസമയത്ത്, നീ എന്നോട് കാണിച്ച എല്ലാ അതിക്രമങ്ങളും ഞാൻ പൊറുത്തുതന്നിരിക്കുന്നുവെന്ന് തന്റെ സഹോദരനോടു പറഞ്ഞു. ഇതു കേട്ടപ്പോൾ ആ സഹോദരിനിൽ ഉണ്ടായ പ്രതികരണം എന്താണെന്ന് നോക്കുക. അയാൾ ചൗദ്ദരി സഫ്റുല്ലാഖാൻ സാഹിബിനോടു ചോദിച്ചു. 'ചൗദ്ദരീ സാഹിബേ, മരിക്കുന്ന നേരത്ത് ഇവനിങ്ങനെ പറഞ്ഞതുകൊണ്ട് അല്ലാഹു ഇവന് പൊറുത്തുകൊടുക്കുമോ? അല്ലാഹു നിനക്ക് പൊറുത്തുതരട്ടെ എന്നല്ല ആ സോഹദരൻ പറഞ്ഞത്. പട്ടാണികൾക്ക് എന്നോട് നീരസം തോന്നരുത്. സാധാരണ പട്ടാണിമാരിൽ കാണുന്ന വിരോധത്തിന്റെ കാഠിന്യത്തെകുറിച്ച് പറഞ്ഞുവെന്നേയുള്ളൂ.

ഹസ്റത്ത് സയ്യിദ് സയ്ഫുൽ അശാ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാനും ഗുലാം അഹ്മദ് പാൻപുരിയും മാത്രമേ ഇവിടെ അഹ്മദിയായിട്ടുണ്ടായിരുന്നുള്ളൂ. ഗുലാം അഹ്മദ് സാഹിബ് വിദ്യാഭ്യാസമില്ലാത്ത ആളായിരുന്നു. അതുകൊണ്ടു കൂടുതൽ എതിർപ്പു നേരിടേണ്ടി വന്നത് എനിക്കായിരുന്നു. ഇവിടത്തെ ഉപദേശികളും മൗലവിമാരും എനിക്കെതിരെ പന്തിവിരോധം ഏർപ്പെടുത്തി. എന്നെ വധിക്കുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. ഞാൻ ഹസ്റത്ത് സാഹിബ് (അ)ന് സാധാരണ ദുആക്ക് വേണ്ടി എഴുതാറുണ്ടായിരുന്നു. ആ ദുആയുടെ അനുഗ്രഹത്താൽ ശത്രുക്കളിൽനിന്ന് എനിക്ക് ഉപദ്രവങ്ങളൊന്നും ഏല്ക്കേണ്ടിവന്നില്ല.

ആഗ്ര ജില്ലയിലെ സാന്തൻ എന്ന സ്ഥലത്തെ മുബല്ലിഗായിരുന്ന ഹസ്റത്ത് മൗലവി ബദറുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: ഹസ്റത്ത് ചൗദ്ദരി ഫിറോസ്ഖാൻ സാഹിബ്, തന്റെ രണ്ടു പെൺമക്കളെ വിവാഹം കഴിച്ചിരിക്കുന്നത് അനഹ്മദികളാണെന്നും ഇപ്പോൾ ഒരുവിധത്തിലും ബന്ധം വേർപ്പെടുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളതെന്നും അവർ അഹ്മദികളായിത്തീരാൻ ഹുസൂർ (അ) ദുആ ചെയ്യണമെന്നും ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് പറഞ്ഞു. ഇതുകേട്ടപ്പോൾ ഞാൻ ദുആ ചെയ്യാമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പ്രതിവചിച്ചു. അതിന്റെ ഫലമായി അവർക്ക് രണ്ടുപേർക്കും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ ഭാഗ്യമുണ്ടായി. ഒരാൾ വഫാത്തായി. മറ്റെയാൾ ജീവിച്ചിരിക്കുന്നു.

Scanned with CamScanner

ശാഹ്പൂർ ജില്ലയിലെ ജമാലിബലോചാൻ നിവാസിയായ വലി ദാദ്ഖാൻ സാഹിബിന്റെ മകൻ ഖാദിയാൻ ദാറുൽ ഫള്ലിൽ താമസിക്കുന്ന ഹസ്റത്ത് സർദാർ കറംദാദ് സാഹിബ് നിവേദനം ചെയ്യുന്നു. ഞാൻ ബയ്അത്തു ചെയ്യുന്ന സമയത്ത് എന്റെ ബന്ധുക്കളെല്ലാം ശിയാക്കളാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)നോടു പറഞ്ഞിരുന്നു. അവരുടെ സന്മാർഗ പ്രാപ്തിക്കായി ദുആ ചെയ്യാനും അപേക്ഷിച്ചിരുന്നു. ഇത് കേട്ടുടനെ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: "ഞാൻ അവർക്കുവേണ്ടി ദുആ ചെയ്തിരിക്കുന്നു." അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ എല്ലാ ബന്ധുക്കളും ഇപ്പോൾ അഹ്മദികളാണ്.

മൗലവി ബദറുദ്ദീൻ സാഹിബ് (റ) മുബല്ലിഗ് സാന്തൻ വേറൊരു സംഭവം നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: താൻ പല മതങ്ങളിലും അലഞ്ഞുതിരിഞ്ഞു നടക്കുകയാണെന്നും ഹുസൂർ തനിക്ക് സ്ഥിരചിത്തത കിട്ടുന്നതിനുവേണ്ടി ദുആ ചെയ്യണമെന്നും ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് പറഞ്ഞപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പുഞ്ചിരിച്ചുകൊണ്ട്, സഹോദരാ ഞാൻ ദുആ ചെയ്യാം എന്ന് അറിയിച്ചു. അതിന്റെ ഫലമായി ഞാൻ 1913 മുതൽ ഖാദിയാനിൽ സ്ഥിരതാമസക്കാരനാമ്. സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പല വകുപ്പുകളിലും സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അതായത് 1.9.1937ൽ ആഗ്രയിലെ സാന്തനിൽ ഞാൻ ഇൻചാർജ് മുബല്ലിഗാണ്.

ഹസ്റത്ത് മിയാൻ വസീം അഹ്മദ്ഖാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ സബ്ഓവർസിയറായിട്ട് നാഗാഹയിലെ കുന്നിൻപ്രദേശമായ മണിപ്പൂരിൽ ജോലി ചെയ്തുവരികയായിരുന്നു. ഒരു കേസ്സിന്റെ ആരംഭഘട്ടത്തിൽ ഞാൻ ജയിലിലായി. അതിനുശേഷം ഞാൻ മണിപ്പൂരിലേക്ക് പോയി. അവിടെ എനിക്ക് എല്ലാവിധ സ്വാതന്ത്ര്യവും ലഭിച്ചിരുന്നു. എന്നെ കൂടാതെ സർക്കാർ ജോലിക്കാരായ മറ്റു ആറുപേരും എന്നോടൊപ്പം ജോലിക്കുണ്ടായിരുന്നു. രാജപ്രതിനിധിയുടെ ഔദ്യോഗിക മുറിയ്ക്കുമുമ്പിൽ വലിയൊരു കുടക്കീഴിൽ ദൂരദർശിനി ഉപയോഗിച്ചാണ് ഞങ്ങൾ പ്രവൃത്തി എടുത്തിരുന്നത്. പക്ഷേ, താമസിച്ചിരുന്നത് ജയിലിൽ തന്നെ. ഈയവസരത്തിൽ ബൈട്ടനിൽ ഉദ്യോഗസ്ഥനായിരുന്ന സർവർഖാൻ എന്നു പേരുള്ള ഒരഹ്മദി-ഇപ്പോൾ

Scanned with CamScanner

അയാൾ സ്ഥലംമാറി പോയിട്ടുണ്ടാകും-എന്റെയടുക്കൽ വരികയും നിശാനെ ആസ്മാനീ എന്ന ഗ്രന്ഥം എനിക്കുതരികയും ചെയ്തു. ഞാൻ അതുവായിച്ചു. അതിൽ എഴുതിയിരുന്നു:

*അമ്പിയാ ദർ ഔലിയാ ജൽവ ദഹൻദ്*

*ഹർ സമാൻ ആയൻദ് ദർ രങ്കെ ദിഗർ*

ഈ പദ്യശകലം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യം എനിക്കു തുറന്നുതന്നു. അദ്ദേഹം മസീഹ് മൗഊദാണെന്ന് വാദിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായതായി ഞാൻ സർവർഖാൻ സാഹിബിന് എഴുതുകയും ചെയ്തിരുന്നു. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വിവരങ്ങളെല്ലാം വിശദീകരിച്ച് ദുആക്ക് അപേക്ഷിച്ചുകൊണ്ട് കത്തെഴുതുകയും ചെയ്തു. ഹുസൂർ (അ) അതിന് മറുപടിയെഴുതിയത് ഒരു കാർഡിലായിരുന്നു. അതിന്റെ മുകളിൽ *'നഹ്മദുഹു വ നുസല്ലീ'* എന്നെഴുതിയിരുന്നു. അതെനിക്ക് അന്ന് മനസ്സിലായിരുന്നില്ല. ഞാൻ അത് വായിച്ചത് *'ബശാറത്തഹൂം'* എന്നായിരുന്നു. അതെന്റെ മനസ്സിന്റെ വിചാരമായിരുന്നിരിക്കാം. തുടർന്ന് ഹുസർ (അ) എഴുതി: 'സാവധാനത്തോടെ നമസ്കരിക്കുക ഓരോ പദത്തിന്റെയും അർത്ഥം ചിന്തിച്ച് ആവും വിധം ഹൃദയത്തെ അതിൽ ലയിപ്പിക്കുക. *ലാഹൗല, ഇസ്തിഗ്ഫാർ* അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കുക. സുജൂദിൽ കിടന്ന് *യാ ഹയ്യു യാ ഖയ്യൂം ബിറഹ്മത്തിക്ക അസ്തഗീസ്* എന്നു ദുആ ചെയ്യുക. ഞാനും ആ ദുആ ചെയ്യുന്നതാണ്.'

ശീലാൻ എന്ന സ്ഥലത്തായിരുന്നു ഞാൻ കേസ്സിന്റെ അപ്പീൽ കൊടുത്തിരുന്നത്. ആ സ്ഥലത്ത് വക്കീലിന് നേരിട്ട് പോയി കേസ്സ് വാദിക്കാൻ അനുവാദമുണ്ടായിരുന്നില്ല. പ്രത്യുത പറയാനുള്ളത് എഴുതികൊടുക്കണമായിരുന്നു. ശീലാനിൽ എനിക്ക് ഒരു ഡ്രാഫ്റ്റ്സ്മാൻ സുഹൃത്തുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാധ്യസ്ഥത്തിലാണ് ഞാൻ അപ്പീൽ കൊടുത്തിരുന്നത്. ആശ്ചര്യകരമായ മറ്റൊരു സംഭവവും നടന്നു. എന്റെ സഹോദരീ ഭർത്താവ് ഡൽഹിയിൽനിന്ന് നടന്ന് ശീലാനിൽച്ചെന്ന് ബാബുസാഹിബിനെ കണ്ടിരുന്നു. പക്ഷേ, എന്താണ് അദ്ദേഹത്തിന് സംഭവിച്ചതെന്നറിയില്ല. അദ്ദേഹം പൈസയൊന്നും അവിടെ കൊടുക്കാതെ കേസ്സ് കഴിഞ്ഞയുടനെ മടങ്ങിപ്പോയി. അപ്പോൾ, താങ്കളുടെ സഹോദരൻ

Scanned with CamScanner

പൈസയൊന്നു തരാതെ മടങ്ങിപ്പോയെന്നും പൈസയില്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും പറഞ്ഞ് ബാബു സാഹിബ് എനിക്കെഴുതി. കേസ്സ് തുടരാനും പൈസ ഞാൻ അയച്ചുതരാമെന്നും അറിയിച്ചുകൊണ്ട് ഞാനദ്ദേഹത്തിന് കത്തയച്ചു. അതിനു ശേഷം ഹസ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് എഴുതിയ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സമാധാനം നേർന്നുകൊണ്ടുള്ള കത്ത് എനിക്ക് കിട്ടി. ഹസ്റത്ത് സാഹിബ് (അ) താങ്കൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ള അറിയിപ്പും കിട്ടി.

1892 സെപ്റ്റംബർ 23ന് ഡ്രാഫ്റ്റ്സ്മാൻ സാഹിബിന്റെ കത്തുലഭിച്ചു. അതിൽ എല്ലാം അല്ലാഹുവിൽ ഭരമേല്പിച്ച് താങ്കൾക്കുവേണ്ടി അപ്പീൽ കൊടുത്തിരിക്കുന്നുവെന്ന് അറിയിച്ചിരുന്നു. അതു വായിച്ചയുടനെ, ഞാൻ മോചിതനാകുമെന്ന് അടുത്ത് നിന്ന ആളോട് ഞാൻ പറഞ്ഞു. ഞാൻ മോചിതനാകേണ്ട ഒക്ടോബർ 5നോ 6നോ ഹസ്റത്ത് സാഹിബ് (അ) ആഗതനായതായും നമസ്കാരം വളരെ താമസിച്ചുപോയതായും എന്റെ വിലങ്ങ് ഛേദിക്കപ്പെട്ടതായും ഞാൻ സ്വപ്നം കണ്ടിരുന്നു. അങ്ങനെയിരിക്കെ ജയിൽ അധികൃതരിൽ ഒരാൾ എന്റെ അടുക്കൽവന്ന് താങ്കൾ മോചിതനായിരിക്കുന്നുവെന്നും താങ്കളുടെ വിലങ്ങ് മുറിക്കട്ടെയെന്നും അറിയിച്ചു. ഞാൻ അപ്പീൽ കൊടുത്ത എന്റെ കേസ്സിന്റെ ആദ്യവിധിയായിരുന്നു അത്.

താൻ എന്തു തീരുമാനമെടുത്താലും അത് സ്വീകരിക്കണമെന്നും അല്ലെങ്കിൽ താൻ കേസ്സിനു പോകുകയില്ലെന്നും നിർബന്ധം പിടിക്കുകയും അങ്ങനെ സർക്കാറിന്റെ കല്പനയുമായി വരികയും ചെയ്ത വ്യക്തിക്കായിരുന്നു ഈ കേസ്സിന്റെ ചുമതല. കർനൽ നെക്സ്വെൽ പൊളിറ്റിക്കൽ ഏജന്റ് എന്നായിരുന്നു അയാളുടെ പേര്. ആസാം സർക്കാറിന്റെ കല്പന പ്രകാരം മണിപ്പൂരിൽ സൈനിക ഓഫീസറായിട്ടാണ് അയാൾ നിയമിതനായിവന്നത്. ആ ദിവസം തന്നെ ഞാൻ ജയിൽ മോചിതനായതിൽ അയാൾക്ക് വളരെ ദുഃഖമുണ്ടായി."

സഹാബത്തിന്റെ ഉള്ളിലുണ്ടായിരുന്ന തവക്കുലും ദൃഢവിശ്വാസവും എത്രയാണെന്ന് നോക്കുക.

ആ കേസിന്റെ വിധിയിൽ മണിപ്പൂരിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറായിരുന്ന അയാളുടെ സുഹൃത്ത് മിസ്റ്റർ മിച്ചനും വിഷമമു

Scanned with CamScanner

ണ്ടായി. ഞാൻ ജയിൽവിമുക്തനായി പൊളിറ്റിക്കൽ ഏജന്റിന്റെ നിർദ്ദേശമനുസരിച്ച് വീണ്ടും മിസ്റ്റർ മിച്ചന്റെ അടുക്കൽ വന്നപ്പോൾ അയാൾ ചാരുകസേരയിൽ വിശ്രമിക്കുകയായിരുന്നു. അയാൾക്ക് എന്തോസുഖമില്ലാത്തത് പോലെ എനിക്ക് തോന്നി. എന്നെ കണ്ടയുടനെ അയാൾ ചോദിച്ചു: 'നീ ജയിൽ മോചിതനായോ? ജയിൽ മോചിതനായോ?'

'അതെ, ഞാൻ സ്വതന്ത്രനായി. ഞങ്ങൾ ആരുടെ ശിഷ്യന്മാരാണെന്ന് താങ്കൾക്കറിയില്ലേ? നിങ്ങളുടെ മസീഹ് മരിച്ചുപോയിരിക്കുന്നു. ഞങ്ങളുടെ മസീഹ് ജീവിച്ചിരിക്കുന്നു.' എന്റെ ഈ മറുപടി കേട്ടപ്പോൾ അയാൾ പറഞ്ഞു: 'പോ, പോയി നിന്റെ പണി നോക്ക്.'

ചുരുക്കത്തിൽ ഹസ്റത്ത് സാഹിബ് (അ)ന്റെ ഒരു അടയാളമാണ് അവിടെ വെളിപ്പെട്ടത്. കഠിന ഹൃദയനായ ഒരു ഭരണാധികാരിക്കെതിരെ, ഫീസൊന്നും കൊടുക്കാനില്ലാതിരുന്നിട്ടും അന്യസ്ഥലത്ത് അകപ്പെട്ടിട്ടും അല്ലാഹു എന്നെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയുടെ അനുഗ്രഹംകൊണ്ട് ജയിൽവിമുക്തനാക്കി. വീണ്ടും അവിടെതന്നെ ജോലി ലഭിക്കുകയും ചെയ്തു.

ഹസ്റത്ത് അബ്ദുൽഖാദിർ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹസ്റത്ത് മസീഹ് മൗഊദ് (അ) ആദ്യമായി ഞങ്ങളുടെ മുബാറക് മൻസിലിൽ വന്നപ്പോൾ ഗോവണി കയറുന്ന അവസരത്തിൽ എന്റെ പിതാവ് ദുആക്ക് അപേക്ഷിച്ചു. ഇതുകേട്ടപ്പോൾ ഹുസൂർ (അ) പറഞ്ഞു: 'ഇവിടെ നമസ്കരിക്കുന്നതാണ്. അല്ലാഹുവിനെ സ്മരിക്കുന്നതുമാണ്. ഇതിനെക്കാൾ വലിയ ദുആ മറ്റെന്താണ് വേണ്ടത്.' അതിനുശേഷം 16, 17 വർഷം വരെ ഇവിടെത്തന്നെയാണ് ആളുകൾ ജമാഅത്തായി നമസ്കരിച്ചിരുന്നത്. അതിഥികളും ഇവിടെ പാർത്തിരുന്നു.

ഹസ്റത്ത് അബ്ദുൽഖാദിർ സാഹിബ് (റ) വീണ്ടും പറയുന്നു. സയ്യിദ് നാസിർശാഹ് സാഹിബ് ലാഹോറിൽ ഉദ്യോഗസ്ഥനായിരുന്നു. പെട്ടെന്നാണ് അദ്ദേഹത്തിന് ഗിർഗിട്ടിലേക്ക് സ്ഥലംമാറ്റം ഉണ്ടായത്. ഞാനും മീർഫസ്ൽ ശാഹ് സാഹിബും അദ്ദേഹത്തെ യാത്ര അയക്കാൻ പോയിരുന്നു. റാവൽപിണ്ടിയിൽനിന്ന് ഞാൻ മടങ്ങിപ്പോന്നെങ്കിലും മീർ ഫസ്ൽശാഹ് സാഹിബ് കശ്മീർവരെ അദ്ദേഹത്തോടൊപ്പം പോയി. 15, 20 ദിവസം കഴിഞ്ഞതേയുള്ളു

Scanned with CamScanner

സയ്യിദ് നാസിർ ശാഹ് സാഹിബ് വീണ്ടും ലാഹോറിൽവന്നു. അതിഥികൾ സാധാരണ തങ്ങാറുണ്ടായിരുന്നത് ഞങ്ങളുടെ വീട്ടിൽ തന്നെയാണ്. 15, 16 വർഷവും ജമാഅത്തായിട്ടുള്ള നമസ്കാരം നടന്നിരുന്നതും ഇവിടെതന്നെ. താങ്കൾ വീണ്ടും ലാഹോറിൽ വന്നോ എന്ന് ഞാൻ സയ്യിദ് നാസിർ ശാഹ് സാഹിബിനോട് ചോദിച്ചപ്പോൾ, വഴിയിൽ മഞ്ഞുമൂടിയതുകൊണ്ട് ഞാൻ മൂന്നുമാസം അവധിയെടുത്തിരിക്കുന്നുവെന്നും ഖാദയാനിൽ പോയി താമസിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. പിന്നീട് അദ്ദേഹം ഖാദിയാനിലേക്ക് പോയി. 20, 22 ദിവസത്തിനുശേഷം വീണ്ടും ലാഹോറിൽവന്നു. എന്നോടൊപ്പം താമസിച്ചു. ആ അവസരത്തിൽ അദ്ദേഹം പറഞ്ഞു: ജോലി ശരയായിട്ടുണ്ട്. ഇംഗ്ലീഷ് ഓഫീസർ എന്നെ ജമ്മുവിലേക്ക് വിളിച്ചിരിക്കുന്നു. അദ്ദേഹത്തിനുവേണ്ടി കുറച്ചു ഡാലികൾ ഉണ്ടാക്കിക്കൊണ്ടു പോകണം. അദ്ദേഹം 15 രൂപയുടെ ഡാലികൾ ഉണ്ടാക്കിച്ചു.

പഴങ്ങൾ ഇട്ടുവയ്ക്കുന്ന കുട്ടകൾക്കാണ് ഡാലി എന്നു പറയുന്നത്. അക്കാലത്ത് 15 രൂപയ്ക്ക് ധാരാളം കുട്ടകൾ കിട്ടിയിരിക്കണം.

"വളരെ ദൂരത്ത് സ്ഥലംമാറ്റമുണ്ടായതിനാൽ വിഷമം ഉണ്ടെന്നത് ഞാൻ ഹസ്റത്ത് സാഹിബിനെ അറിയിച്ചെന്നും അപ്പോൾ ഹസ്റത്ത് സാഹിബ് താങ്കൾ എവിടെയാണ് ജോലി ചെയ്യാനാഗ്രഹിക്കുന്നതെന്ന് ചോദിച്ചെന്നും ജമ്മുവാണ് തനിക്ക് ഇഷ്ടമെന്ന് ഞാൻ പറഞ്ഞെന്നും അതുകേട്ടപ്പോൾ എന്റെ പേരെഴുതി അവിടെ വയ്ക്കാൻ ഹസ്റത്ത് സാഹിബ് പറഞ്ഞെന്നുംകൂടി അദ്ദേഹം എന്നോടു പറഞ്ഞു. അതിനുശേഷം ജമ്മുവിലേക്ക് സ്ഥലംമാറ്റം കിട്ടിയ വിവരം അദ്ദേഹത്തിന് ഖാദിയാനിൽ നിന്ന് തന്നെയാണ് കിട്ടിയത്. ഗിൽഗട്ടിൽ ശമ്പളം 80 രൂപയായിരുന്നെങ്കിൽ ജമ്മുവിൽ 110 രൂപ ശമ്പളവും കിട്ടിതുടങ്ങി."

ഹസ്റത്ത് മൗലവി ഗുലാം റസൂൽ സാഹിബ് രാജ്കി(റ)യുടെ വളരെ ഹൃദയസ്പൃക്കായ ഒരു രിവായത്തുണ്ട്. അദ്ദേഹം പറയുന്നു: 'ഞാനും എന്റെ കൂട്ടുകാരും ഒരു യാത്ര പോകുന്നതിനു മുമ്പേ ഹസ്റത്ത് സാഹിബ് (അ)നോട് അനുവാദം ചോദിച്ചു. ഹുസൂർ പറഞ്ഞു: 'വളരെ നല്ലത്. *ഖുദാഹാഫിസ്.*' ഈ ഖുദാഹാഫിസ് എന്നു പറഞ്ഞതിൽ എന്തോ പ്രത്യേകതയുണ്ടെന്ന് എനിക്കു തോന്നി.

Scanned with CamScanner

യാത്രയിൽ എന്തെങ്കിലും അപകടം ഉണ്ടാകുമെന്നും അതിൽനിന്ന് അല്ലാഹു രക്ഷിക്കുമെന്നുമുള്ള സൂചനപോലെ എനിക്കനുഭവപ്പെട്ടു. അങ്ങനെ ഞങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് വിടപറഞ്ഞ് ഖാദിയാന് വെളിയിലെത്തി. പെട്ടെന്നാണ് വഴിയരികിൽ വലിയൊരു പാമ്പ് പത്തിവിടർത്തി നില്ക്കുന്നത് നിലാവെളിച്ചത്ത് കണ്ടത്. ഞങ്ങളുടെ കാൽപെരുമാറ്റം കേട്ടുടനെ അത് ഊതാൻ തുടങ്ങി. ഒന്നു രണ്ടുമുഴം അടുത്ത് ഉയരത്തിൽ എഴുന്നേറ്റുനിന്നു. ഞങ്ങൾ കുറച്ച് അകന്ന് മാറിയപ്പോൾ അത് എങ്ങോട്ടോ പോയി. അതിനുശേഷം ഞങ്ങൾ ഒരു ഗ്രാമത്തിലെത്തി. അവിടെയും രണ്ടുമൂന്ന് പാമ്പുകൾ ഞങ്ങളുടെ കാലിന്റെ മുകളിലൂടെ ഇഴഞ്ഞുപോയി. ഒരെണ്ണം എന്റെ കാലിൽ ഇഴഞ്ഞതായി തോന്നിയപ്പോൾ ഞാൻ ശക്തമായി കാല് കുടഞ്ഞു. അത് ദൂരെ പോയി വീണു. മറ്റൊരു ഗ്രാമത്തിലൂടെ പോകുമ്പോൾ അവിടേയും രണ്ട് പാമ്പിനെ ഞങ്ങൾ കണ്ടു. തൽവണ്ടി എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ ബട്ടാലയുടെ പഴയ വഴിയിൽ തൽവണ്ടിഗ്രന്ഥിയാൻ എന്ന ഗ്രാമത്തിൽ വീണ്ടും പാമ്പിനെ കണ്ടു. ചുരുക്കിപ്പറഞ്ഞാൽ ആ യാത്രയിൽ പല പ്രാവശ്യം ങ്ങൾക്ക് പാമ്പിനെ കാണേണ്ടിവന്നു. ആ എല്ലാ ഘട്ടങ്ങളിലും 7, 8 പേരുള്ള ഞങ്ങളുടെ സംഘത്തെ അല്ലാഹു കാത്തുരക്ഷിച്ചു."

ഇങ്ങനെ പല പ്രാവശ്യം അപകടം ഉണ്ടാകുകയും അതിൽനിന്ന് രക്ഷകിട്ടുകയും ചെയ്യുക എന്നത് മഹത്തായ അടയാളമാണ്.

ഹസ്റത്ത് സയ്യിദ് ബഹാവർശാഹ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. മോഹൻമധുര നിവാസി പരേതനായ സുലയ്മാൻ അവർകളുടെ അഹ്മദിയ്യത്ത് സ്വീകരിക്കലും ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു മുഅ്ജിസത്താണ്.

ലുധിയാന ജില്ലയിലെ റാജിവാൽ എന്ന സ്ഥലത്തെ ബന്ന എന്നു പേരുള്ള ഒരാൾ അമ്പാല ജില്ലയിലെ മോഹൻമധുര എന്ന സ്ഥലത്ത് താമസിച്ചിരുന്നു. ബന്നയും സുലയ്മാനും തമ്മിൽ ഒരു കേസ്സുണ്ടായി. എന്റെ കേസ്സുപോലെതന്നെ ഇതും മൂന്നുനാലു വർഷം നീണ്ടുനിന്നു. എന്റെ കേസ്സിൽ ഞാൻ വിജയിച്ചത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയുടെ ഫലമാണെന്ന് ബന്നയ്ക്ക് നല്ലവണ്ണം അറിയാമായിരുന്നു. കേസ്സിൽ സഹികെട്ടപ്പോൾ, ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ കൊണ്ട് ദുആ ചെയ്യിക്കാൻ അയാൾ പറഞ്ഞു.

Scanned with CamScanner

ഞാൻ അയാൾക്കുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് കത്തെഴുതി. ഹുസൂർ (അ) ദുആ അരുൾചെയ്തു. പിന്നീടാണ് 'ദുആ ചെയ്തിരിക്കുന്നു' എന്നു പറഞ്ഞുള്ള ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കത്ത് കിട്ടിയത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മറുപടിക്കത്ത് ബന്നാക്ക് കിട്ടേണ്ടതിനു പകരം സുലയ്മാനാണ് അത് കിട്ടിയത്. അതുകൊണ്ടുതന്നെ അയാൾക്ക് ഞങ്ങളോടു ദ്വേഷ്യമുണ്ടായി. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ബന്നയ്ക്ക് അനുകൂലമായി വിധിയുണ്ടായി. ഇതിനുശേഷം സുലയ്മാൻ വിശ്വസിച്ചുവെങ്കിലും ബന്നായ്ക്ക് വിശ്വസിക്കാൻ ഭാഗ്യമുണ്ടായില്ല.

ഹസ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് വസീറാബാദി നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഇന്ന് ജുമുഅ ദിവസമാണ്. മൗലവി അബ്ദുൽകരീം സാഹിബ് വന്നിട്ടില്ല. ജുമുഅ നമസ്കരിപ്പിക്കാൻ ആരാണുള്ളത്? ഇതു കേട്ടപ്പോൾ എനിക്ക് മറുപടി പറയാൻ കഴിഞ്ഞില്ല. ഈ ദൈവനിയോഗിതന്റെ മുമ്പിൽ പാപിയായ ഞാനെങ്ങനെ നിൽക്കാനാണ്. ഞാനെന്തു ചെയ്യാനാണ്? ഈ ചിന്ത എന്നെ അധികം അലട്ടി. നമസ്കാരത്തിന് സമയം ബാക്കിയുള്ളതുകൊണ്ട് ആരെങ്കിലും എത്തുമെന്ന് കരുതി ഞാൻ സമാധാനിച്ചു. അങ്ങനെ ജുമുആയുടെ സമയമായി. എല്ലാവരും സഫ്ഫിൽ ഇരുന്നു കഴിഞ്ഞിരുന്നു. ഞാൻ പേടിച്ച്, ഒരു സഫ്ഫിന്റെ വടക്കുഭാഗത്ത് ചെന്നിരുന്നു. ബാങ്ക് കൊടുത്തപ്പോൾ ഹസ്റത്ത് സാഹിബ് (അ) ഹാഫിസ് സാഹിബ് എവിടെ എന്നു ചോദിച്ചു. ഒരാൾ എന്നെ പിടിച്ച് ഹസ്റത്ത് സാഹിബ് (അ)ന്റെ മുന്നിലെത്തിച്ചു. ഞാൻ പാപിയാണ്, എനിക്ക് അങ്ങയുടെ മുന്നിൽ നില്ക്കാനോ സംസാരിക്കാനോ ധൈര്യമില്ല എന്ന് ഞാൻ പതുക്കെ ഹസ്റത്ത് സാഹിബ് (അ)നോട് പറഞ്ഞു. അതുകേട്ടപ്പോൾ, താങ്കൾ മുന്നിൽ നില്ക്കണമെന്നും ഞാൻ താങ്കൾക്കുവേണ്ടി ദുആ ചെയ്യാമെന്നും ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു. ഹസ്റത്ത് സാഹിബ് (അ) തന്നെ എന്നെ പിടിച്ച് മുസല്ലയിൽ നിറുത്തി. ഞാൻ അല്ലാഹുവിൽ തവക്കുൽ ചെയ്ത് ഖുത്ബ ആരംഭിച്ചു.

*തബാറക്കല്ലദീ നസ്സലർ ഫുർഖാന*

Scanned with CamScanner

*അലാ അബ് ദിഹീ ലിയകൂനന്ന ലിൽ ആലമീന നദീറാ*

എന്നു തുടങ്ങുന്ന സൂറ ഫുർഖാനിലെ ചില ആയത്തുകൾ ഓതുകയും അല്ലാഹു തൗഫീഖ് നല്കിയത് സദസ്സിനെ കേൾപ്പിക്കുകയും ചെയ്തു. ഹസ്റത്ത് സാഹിബ് (അ) എനിക്കുവേണ്ടി ദുആ ചെയ്യുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു. എന്റെ ഹൃദയം തുറന്നുകൊണ്ടിരുന്നു. അന്നുമുതൽ ഇന്നുവരെ ഒരു പ്രസംഗത്തിലും ചർച്ചയിലും എനിക്ക് ഒരു മടിയും ഉണ്ടായിട്ടില്ല. അൽഹംദുലില്ലാഹി അലാദാലിക്. 1933 നവംബർ മാസത്തിൽ ഞാൻ ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വന്നപ്പോൾ മസ്ജിദ് അഖ്സായിൽ ഇമാമത്ത് നിർവഹിക്കാൻ ഭാഗ്യമുണ്ടായത് അതിന്റെ ഫലമാണെന്ന് ഞാൻ കരുതുന്നു.

ശേഘ്പൂർ ജില്ലക്കാരനായ ഹസ്റത്ത് മൗലവി മുഹമ്മദ് അബ്ദുൽ അസീസ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം എഴുതുന്നു: മൗലവി സാഹിബ് നേരിൽകണ്ട ഒരു ദൃഷ്ടാന്തം എന്നോടു പറഞ്ഞു. (രജിസ്റ്ററിൽ സംഭവം രേഖപ്പെടുത്തിയ ആളുടെ വാക്കുകളാണിതെന്ന് മനസ്സിലാകുന്നു. ശേയ്ഘ്പൂർ ജില്ലയിലെ ആമ്പാ നിവാസിയായ ചൗദ്ദരി അഹ്മദുദ്ദീൻ സാഹിബ്-അദ്ദേഹം ബയ്അത്ത് ചെയ്തത് മൗലവി മുഹമ്മദ് അബ്ദുൽ അസീസ് സാഹിബ് മുഖേനയാണ്-ഒരിക്കൽ ഖാദിയാനിൽ വന്നു. ചൗദ്ദരി അഹ്മദുദ്ദീൻ സാഹിബിന്റെ പങ്കാളികൾ അദ്ദേഹത്തിന്നെതിരിൽ പല കേസ്സുകളും കൊടുത്തിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം വളരെ വിഷമിച്ചു. മൗലവി മുഹമ്മദ് അബ്ദുൽ അസീസ് സാഹിബ് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അടുത്തുവന്ന് ചൗദ്ദരി അഹ്മദുദ്ദീൻ സാഹിബിനെ പരിചയപ്പെടുത്തുകയും ദുആയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. ഹസ്റത്ത് സാഹിബ് (അ) ചൗദ്ദരി സാഹിബിന്റെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു: 'അഹ്മദുദ്ദീൻ, അല്ലാഹു താങ്കളെ അനുഗ്രഹിക്കും.' രണ്ടുമൂന്നു പ്രാവശ്യം ഇതാവർത്തിച്ചു. അതിനുശേഷം അല്ലാഹുതആല എല്ലാ കേസുകളിൽനിന്നും അദ്ദേഹത്തിന് മോചനം നൽകി.

ഹസ്റത്ത് മിർസാ മുഹമ്മദ് ശഫീഅ് സാഹിബ് (റ) നിവേദനം ചെയ്യുന്നു.

ഇദ്ദേഹത്തിന്റെ മകൻ ഹസ്റത്ത് മിർസാ അഹ്മദ് ശഫീഅ്

Scanned with CamScanner

സാഹിബ് അമേരിക്കയിൽ ശഹീദാകുകയായിരുന്നു. അതായത് ജീവിതം വഖ്ഫ് ചെയ്ത് അമേരിക്കയിൽ സേവനം ചെയ്യുന്നതിനിടയിലാണ് അദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ മക്കൾ ഇംഗ്ലണ്ടിലും താമസിക്കുന്നുണ്ട്.

"1902 ഏപ്രിൽ മാസത്തിൽ എനിക്ക് സിംലയിലേക്ക് സ്ഥലംമാറ്റമുണ്ടായി. അവിടെ എനിക്ക് പല വിഷമങ്ങളുമുണ്ടായിരുന്നു. അതുകൊണ്ട് കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഞാൻ ഹുസൂർ (അ)ന് കത്തെഴുതി. എനിക്കു സ്ഥലംമാറ്റം കിട്ടാൻ ദുആ ചെയ്യാനും അടുത്തൊന്നും ഇവിടെനിന്ന് സ്ഥലംമാറ്റം കിട്ടുന്ന ലക്ഷണം കാണുന്നില്ലെന്നും ഞാൻ അതിൽ സൂചിപ്പിച്ചിരുന്നു. 1905 ജൂലായ് മാസത്തിൽ വീണ്ടും ഞാൻ കത്തെഴുതിയപ്പോൾ ഹുസൂർ (അ) ഞാൻ അയച്ച കത്തിനുമുകളിൽ 'ഞാൻ ദുആ ചെയ്തു എന്ന് മറുപടി എഴുതിഅറിയിക്കാൻ' തന്റെ പരിശുദ്ധകരംകൊണ്ട് കുറിപ്പെഴുതി. അല്ലാഹുതആല ദുആ സ്വീകരിക്കുന്നവനും യുക്തിയുക്തം പ്രവർത്തിക്കുന്നവനുമാണെന്നും അവൻ ഇച്ഛിച്ചാൽ സ്ഥലംമാറ്റം ചെയ്യാൻ സർവ്വശക്തനാണെന്നുകൂടി എഴുതിയിരുന്നു. ഹുസൂർ (അ)ന്റെ ആ വാക്കുകൾ ഹസ്റത്ത് അബ്ദുൽകരീം സാഹിബ് (റ) എഴുതി എന്നെ അറിയിച്ചു. ആ കത്തു കിട്ടിയ ദിവസം തന്നെ, എന്റെ സ്ഥലമാറ്റവും ജോലിക്കയറ്റവും കാണിച്ചുകൊണ്ടുള്ള ഓഫീസിൽ നിന്നയച്ച കത്തും എനിക്കു കിട്ടി."

## ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയുടെ ഫലമായി രോഗം സുഖപ്പെട്ട ചില സംഭവങ്ങൾ

റിട്ടയേർഡ് ഡ്രാഫ്റ്റുമാനായ ഹസ്റത്ത് ബാബു ഗുലാം മുഹമ്മദ് സാഹിബ് സാനി (റ) നിവേദനം ചെയ്യുന്നു: ആളുകൾ സാധാരണയായി ദുആയ്ക്ക് അപേക്ഷിച്ചുകൊണ്ട് കമ്പനി അയക്കുമ്പോൾ കൂലിച്ചെലവും അയക്കാറുണ്ടായിരുന്നു. അതായത് അക്കാലത്ത് ബട്ടാലവരെ മാത്രമേ കമ്പിസർവ്വീസുണ്ടായിരുന്നുള്ളൂ. അവിടെ നിന്ന് ഖാദിയാനിലെത്തിക്കാനുള്ള ചെലവ് പുറമെ കൊടുക്കണമായിരുന്നു. അതൊഴിവാക്കാൻ ഞങ്ങൾതന്നെ പോയോ ആളെ വിട്ടോ കമ്പനി വാങ്ങാനുള്ള ഏർപാടു പിന്നീട് ചെയ്തു. അവിടെ നിന്ന് നമ്മുടെ ആളുകൾ ദുആയ്ക്കുള്ള അപേക്ഷാകത്തുകൾ എടുക്കുന്നതിനായി ബട്ടാലയ്ക്കു പുറപ്പെടുമ്പോൾ തന്നെ അവിടെ

Scanned with CamScanner

രോഗികൾക്ക് സുഖം ലഭിക്കാൻ തുടങ്ങിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഹസ്റത്ത് സയ്യിദ് സൈഫുല്ലാ ശാഹ് സാബിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ എഴുത്തിലൂടെ ബയ്അത്തു ചെയ്യുന്നതിനു മുമ്പ് ഇവിടെ ഖാജ ഗുലാം അഹ്മദ് എന്നു പേരായ ഒരു അനഹ്മദി ഉണ്ടായിരുന്നു. അയാളുടെ മകൻ ശ്വാസംപിടിച്ചു കരയുകയും ബോധം നഷ്ടപ്പെട്ട് വീഴുകയും ചെയ്യുമായിരുന്നു. അദ്ദേഹം ഇക്കാര്യം എന്നോടു പറഞ്ഞപ്പോൾ ഞാൻ ഹസ്റത്ത് സാഹിബ് (അ)നോട് ദുആയ്ക്ക് അപേക്ഷിച്ചുകൊണ്ട് കത്തെഴുതി. കത്തിനു മറുപടി വരുന്നതിനുമുമ്പേ അവന് ആ രോഗത്തിൽനിന്ന് സുഖം കിട്ടി. പിന്നീട് കത്തുകിട്ടിയപ്പോൾ അതിലെഴുതിയിരുന്നത് ഇങ്ങനെയാണ്:

'ഹസ്റത്ത് അഖ്ദസ് (അ) ദുആ ചെയ്തിരിക്കുന്നു' ആ ദുആ ചെയ്ത ദിവസം മുതലാണ് കരയുമ്പോൾ ബോധംകെട്ടു വീഴുന്ന അവസ്ഥ അവന് ഉണ്ടാകാതിരുന്നതെന്ന് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു.

ഹസ്റത്ത് ഹാഫിസ് അബ്ദുൽഅലി സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ശാഹ്പൂർ ജില്ലയിൽനിന്ന് ഒരു സിക്കുകാരി തന്റെ ക്ഷയരോഗിയായ മകനേയും കൂട്ടി ചികിത്സയ്ക്കായി ഹസ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ)ന്റെ അടുക്കൽ വന്നു. ആ കുട്ടിയുടെ പിതാവ് ദുആയ്ക്കുപറയാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്നിധിയിൽ ഹാജരായി. ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഇൽഹാമിലൂടെ ഒരു മരുന്നിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അല്ലാഹു അറിയിച്ചു. ആ മരുന്ന് ഖലീഫ അവ്വൽ (റ)നെകൊണ്ട് തയ്യാർ ചെയ്ത് കുട്ടിക്ക് കൊടുത്തുതുടങ്ങി. അവന് പൂർണ സുഖം ലഭിച്ചു. അന്നുമുതൽ ആ മരുന്ന് ക്ഷയരോഗനിവാരണത്തിനായി കൊടുത്തുവരുന്നു.

ബട്ടാല നിവാസിയായ ഹസ്റത്ത് മുഫ്തി ചിരാഗ്ദീൻ സാഹിബ് (റ) വിവരിക്കുന്നു. എന്റെ സഹോദരപുത്രന് പ്ലേഗ് രോഗം ബാധിച്ചു. ഞാൻ ഹുസൂർ (അ)ന് ദുആയ്ക്കുവേണ്ടി കത്തെഴുതുകയും ഹുസൂറിന്റെ ഒരു ജുബ്ബ അവന്റെ കഴുത്തിലിടുകയും ചെയ്തു. ഹസ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) എഴുതിയ

Scanned with CamScanner

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മറുപടി എനിക്കുകിട്ടി. ഹുസൂർ (അ) ദുആ ചെയ്തുവെന്നും അല്ലാഹു ശിഫാ നല്കുമെന്നും അതിൽ എഴുതിയിരുന്നു. ആ കുട്ടിക്ക് പരിപൂർണ സുഖം കിട്ടി എന്നു മാത്രമല്ല, ഇപ്പോൾ വിവാഹിതനും പിതാവുമാണ്.

ഹസ്റത്ത് മുഹമ്മദ് സിദ്ദീഖ് സാഹിബ് ഗുങ്കിയാട്ട് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു: എന്റെ സഹോദരീ ഭർത്താവ് മലിക്ക് നബി മുഹമ്മദ് ഓഫ് ഗുങ്കിയാട്ടും ഈ യാത്രയിൽ എന്നോടൊപ്പം ഉണ്ടായിരുന്നു. കഠിനമായ പല്ലുവേദന സ്ഥിരം അനുഭവിച്ചുകൊണ്ടിരുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിനുവേണ്ടി ദുആയ്ക്ക് അപേക്ഷിച്ചപ്പോൾ, ദുആ ചെയ്യാമെന്ന് ഹസ്റത്ത് സാഹിബ് (അ) തറപ്പിച്ചുപറഞ്ഞു. അതിനുശേഷം അദ്ദേഹത്തിന് പൂർണ സുഖം കിട്ടി. പിന്നീടൊരിക്കലും പല്ലുവേദന ഉണ്ടായിട്ടില്ല.

ഹസ്റത്ത് മൗലവി അബ്ദുൽ ഹമീദ് സാഹിബ് ഭേനി (റ) നിവേദനം ചെയ്യുന്നു. ഞാൻ 1906ലെ ജൽസയിൽ പങ്കെടുക്കാൻ ഖാദിയാനിൽ വന്നു. എന്നോടൊപ്പം ആഢംബര ജീവിതമൊന്നും ഇഷ്ടപ്പെടാത്ത മൗലവി ഇമാമുദ്ദീൻ സാഹിബും ഉണ്ടായിരുന്നു. വന്നയുടനെ അദ്ദേഹത്തിന് കഠിനമായ പനി ഉണ്ടായി. പരിപാടികളിലൊന്നും പങ്കെടുക്കാൻ കഴിഞ്ഞില്ല. അതിഥി മന്ദിരത്തിൽ അസ്വസ്ഥചിത്തനായി അദ്ദേഹം കഴിഞ്ഞു. ജൽസ അവസാനിച്ചു. ആളുകൾ മടങ്ങിപ്പോകാൻ തുടങ്ങി. മടങ്ങിപ്പോകേണ്ട കാര്യം ഓർത്തപ്പോൾ എനിക്കു വിഷമമുണ്ടായി. ആ ചിന്തയിലിരിക്കുമ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) അവിടെ വന്നു. ഞാൻ മൗലവി ഇമാമുദ്ദീൻ സാഹിബിനെ പിടിച്ചെഴുന്നേല്പിച്ച് ഹസ്റത്ത് സാഹിബ് (അ)ന്റെ മുമ്പിൽ കൊണ്ടുവന്നു. ഇദ്ദേഹത്തിന് പനിയുണ്ടെന്നും രോഗം സുഖമാകാൻ ദുആ ചെയ്യണമെന്നും തിരിച്ചുപോകേണ്ടതാണെന്നും പറഞ്ഞു. ഹുസൂർ (അ) അദ്ദേഹത്തിന്റെ പേരു ചോദിച്ചു. എന്നിട്ട് അദ്ദേഹത്തിന്റെ പുറത്ത് തലമുതൽ തടവാൻ തുടങ്ങി. മൂന്നുനാലു പ്രാവശ്യം തടവിയപ്പോൾ പനി മാറി. രോഗിയുടെ രോഗം മാറിയ മുഅജിസത്ത് ഞങ്ങൾ നേരിൽ കാണുകയും ചെയ്തു.

ഹസ്റത്ത് ചൗദ്ദരി ഗുലാം ഹുസയ്ൻ സാഹിബ് ഭട്ടി (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ 1905ലോ ആറിലോ

Scanned with CamScanner

സിയാൽക്കോട്ടിലെ കബൂത്ര പള്ളിയിൽ വെച്ച് കത്തെഴുതി ബയ്അത്ത് ചെയ്തു. 15 ദിവസത്തിനുശേഷം ഞാനെന്റെ ഗ്രാമത്തിലെത്തിയപ്പോൾ അവിടെ പ്ലേഗ് രോഗം പടർന്നു കഴിഞ്ഞിരുന്നു. എന്റെ ഭാര്യയ്ക്കും മകനും മൗലവി മുഹമ്മദുയാറിനുമാണ് ആദ്യം രോഗം ഉണ്ടായത്. ഞാൻ മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചതുകൊണ്ടാണ് എന്റെ ഭാര്യയ്ക്കും മകനും ആദ്യം പ്ലേഗ് ഉണ്ടായതെന്നു പറഞ്ഞ് അവരെന്നെ എതിർക്കുകയും പള്ളിയിൽനിന്ന് പുറത്താക്കുകയും ചെയ്തു. ഞാൻ വല്ലാതെ പരിഭ്രമിച്ചു. വിവരങ്ങളെല്ലാംവെച്ച് ഹസ്റത്ത് സാഹിബ് (അ)ന് ദുആയ്ക്കുവേണ്ടി കത്തെഴുതി. ഉടനെതന്നെ ഹസ്റത്ത് സാബിബ് (അ) ന്റെ മറുപടി കിട്ടി: 'താങ്കൾ അവരെ കാറ്റുകടക്കുന്ന മുറിയിൽ കിടത്തുക. ഇസ്തിഗ്ഫാർ ചെയ്യുക. അല്ലാഹു താങ്കളുടെ ഭാര്യയ്ക്കും കുട്ടിയ്ക്കും സുഖം നല്കും.' ഇതായിരുന്നു ആ കത്തിലെഴുതിയിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ഭാര്യയും മകനും ഇന്നും ജീവിച്ചിരിക്കുന്നു. ചക് എന്ന സ്ഥലത്ത് എനിക്കെതിരെ ആരോപണം ഉന്നയിച്ചവരിൽ ഏഴുപതാളുകൾ ഈ രോഗത്താൽ മരിച്ചു. ഈ ദൃഷ്ടാന്തത്തിനുശേഷം 5 കുടുംബം ബയ്അത്ത് ചെയ്തു. ബയ്അത്ത് ചെയ്യുന്നതിനുമുമ്പേ ഈ വീടുകളിൽ മരണം നടന്നുകഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ 13 അഹ്മദീ കുടുംബവും 7 അനഹ്മദീ കുടുംബവും ഇവിടെയുണ്ട്.

ജബൽപൂർ ജില്ലയിലെ ഫത്ഹ് ജംഗ് നിവാസി ഹസ്റത്ത് ഹാഫിസ് മുഹമ്മദ് അമീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: വലിയ ഭൂകമ്പം ഉണ്ടായപ്പോൾ എല്ലാവരോടും വീടുകളിൽനിന്ന് പുറത്തുവരാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഹസ്റത്ത് സാഹിബ് (അ) തന്നെയും തന്റെ വീട്ടുകാരോടൊപ്പം തോട്ടത്തിലേക്ക് താമസം മാറ്റി. അക്കാലത്ത് തുടർച്ചയായി ഭൂകമ്പം ഉണ്ടാകുമായിരുന്നു. പ്ലേഗും പടർന്നുപിടിച്ചിരുന്നു. എനിക്കാണെങ്കിൽ വൃക്കസംബന്ധമായ രോഗം ബാധിച്ചു. വൈകുന്നേരം മൂന്നുമണിയോടെ സ്വസ്ഥത നഷ്ടപ്പെടുംവിധം വേദന കൂടി. ഞാൻ ആ സമയത്ത് മഹ്റുദ്ദീൻ സാഹിബ് ഇറാനിയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. മൗലവി ഉബയ്ദുല്ലാ സാഹിബ് (റ) എന്റെയടുത്തു വന്നു. ആ സമയത്ത് എന്റെ അവസ്ഥ വളരെ ശോചനീയമായിരുന്നു. മൗലവി സാഹിബിന് എന്റെ വിഷമം സഹിക്കാൻ കഴിഞ്ഞില്ല.

Scanned with CamScanner

അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് ദുആയ്ക്ക് കത്തെഴുതി. അതിൽ, ഇയാൾ സാധുവാണെന്നും റാൽപിണ്ടി ജില്ലക്കാരനാണെന്നും വൃക്കസംബന്ധമായ രോഗത്താൽ വിഷമിക്കുന്നുവെന്നും പറഞ്ഞ് എന്നെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. ബർമയിലെ അസിസ്റ്റന്റ് സർജനായ ഡോക്ടർ ശൗഹറുദ്ദീൻ എന്റെ അനുജനാണ്. അന്ന് 12 വയസ്സായിരുന്നു അവന് പ്രായം. എന്റെ വിഷമം അവനും സഹിക്കാൻ കഴിഞ്ഞിരുന്നില്ല. മൗലവി സാഹിബ് ഹസ്റത്ത് സാഹിബ് (അ) എഴുതിയ കത്ത് എന്റെ അനുജന്റെ കൈയിലാണ് കൊടുത്തയച്ചത്. അവനത് ആരുടെയോ കൈയിൽകൊടുത്ത് തിരിച്ചുവന്നു. ഹസ്റത്ത് സാഹിബ് (അ) കത്ത് വായിച്ചതിനുശേഷം വെളിയിൽവന്ന് ആരാണ് കത്തുകൊണ്ടുവന്നതെന്ന് തിരക്കി. ഒരു കുട്ടിയാണെന്ന് മിയാൻ ശാദിഖാൻ സാഹിബ് (റ) പറഞ്ഞു. മൗലവി നൂറുദ്ദീൻ സാഹിബ് (റ) ആണ് അദ്ദേഹത്തെ ചികിത്സിക്കുന്നതെന്ന് ഹസ്റത്ത് സാഹിബ് (അ)ന് മനസ്സിലായി. കത്തു വായിച്ചതിനു ശേഷം ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു: 'ഞാൻ അദ്ദേഹത്തിന്റെ രോഗശാന്തിക്കായി ദുആ ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ ഭക്ഷണത്തിന്റേയും മരുന്നിന്റേയും ചെലവും എന്റെ വകയായിരിക്കും. മൗലവി സാഹിബ് വളരെ ശ്രദ്ധയോടെ അദ്ദേഹത്തെ ചികിത്സിക്കട്ടെ.' അവസാനം ഹസ്റത്ത് സാഹിബിന്റെ ദുആയും ഹസ്റത്ത് മൗലവി സാഹിബിന്റെ ചികിത്സയും കൊണ്ട് അദ്ദേഹത്തിന് പൂർണ സുഖം കിട്ടി.

ഹസ്റത്ത് മൗലാദ്ഖാൻ സാഹിബ് പെൻഷണർ (റ)നിവേദനം ചെയ്യുന്നു. 1907ൽ എന്റെ മൂത്ത സഹോദരന് ജ്വരം പിടിപ്പെട്ടു. ജമാഅത്തിന്റെ ശത്രുവായ ഒരു മൗലവിയായിരുന്നു അദ്ദേഹത്തെ ചികിത്സിച്ചിരുന്നത്. അയാളുടെ മൂത്ത സഹോദരൻ ശംസുദ്ദീൻ അഹ്മദിയായിരുന്നു. അയാൾ താമസിക്കുന്നത് ദോഗയിലെ ശക്കർസക്കർ എന്ന സ്ഥലത്താണ്. ചികിത്സ നടത്തിയിരുന്ന മൗലവി ഒരിക്കൽ എന്റെ അസാന്നിദ്ധ്യത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അനാവശ്യം പറഞ്ഞു. രോഗിയായ എന്റെ സഹോദരൻ അങ്ങനെ പറയരുതെന്ന് പറഞ്ഞ് അയാളെ വിലക്കി. ഞാൻ വന്നപ്പോൾ അയാൾ പൊയ്ക്കഴിഞ്ഞിരുന്നു. ഇനി അയാൾ തന്നെ ചികിത്സിക്കേണ്ടതില്ലെന്ന് എന്റെ സഹോദരൻ പറഞ്ഞു. ആ മൗലവി വീട്ടിൽ എത്തുന്നതിനുമുമ്പേ അയാൾ പ്ലേഗിന്നിരയായി. പിന്നീട് ഞാൻ

Scanned with CamScanner

സഹോദരനെ എന്റെ കൂടെ ഭഗവൽഗഞ്ച് എന്ന സ്ഥലത്ത് കൊണ്ടു പോയി. രണ്ടു സർജന്മാരെ കാണിച്ചു. രക്ഷപ്പെടില്ലെന്നും പണം പാഴാക്കേണ്ടെന്നും അവർ പറഞ്ഞു. അപ്പോൾ ഞാൻ ഹസ്റത്ത് സാഹിബ് (അ)ന് ദുആയ്ക്ക് അപേക്ഷിച്ച് കത്തെഴുതി. മറുപടി യിൽ ഹസ്റത്ത് സാഹിബ് (അ) എഴുതി: വേവലാതിപ്പെടേണ്ട. അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനാണ്. ഞാൻ ദുആ ചെയ്യുന്നു. നിങ്ങളും ദുആ ചെയ്യുക. ഇൻശാഅല്ലാഹ് രോഗം മാറു ന്നതാണ്. ഈ കത്തുകിട്ടി രണ്ടുദിവസം കഴിഞ്ഞപ്പോൾ രോഗം മാറുന്ന ലക്ഷണങ്ങൾ ഞാൻ അദ്ദേഹത്തിൽ കണ്ടു. ഞാൻ അദ്ദേ ഹത്തെ പിടിച്ചിരുത്തി. എന്റെ നെഞ്ച് എരിഞ്ഞിരുന്നുവെന്നും ഇപ്പോൾ തണുപ്പ് അനുഭവപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു. അതുകേട്ടപ്പോൾ, ഹസ്റത്ത് സാഹിബിന് കത്തെഴുതിയ വിവരം ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഉടനെ പറഞ്ഞു: ഓഹോ, അങ്ങ നെയാ, എന്നാൽ ഇനി ഞാൻ മരിക്കുകയില്ല. മസീഹ് (അ) മരിച്ച വരെ ജീവിപ്പിച്ചിരുന്നു. ഇതിനുശേഷം അദ്ദേഹം പൂർണ്ണസുഖം പ്രാപിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു.

സിയാൽക്കോട്ട് ജില്ലയിലെ ഡസ്ക നിവാസി സിറാജുദ്ദീൻ സാഹിബിന്റെ മകൻ ഹസ്റത്ത് മിയാൻ ഖയ്റുദ്ദീൻ സാഹിബ് (റ) വിവരിക്കുന്നു. എന്റെ ഭാര്യയ്ക്ക് തീരെ സുഖമില്ലാതായി. ഈ രോഗ ത്തിന് ചികിത്സയൊന്നുമില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. 'ഞാൻ, ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആദ്യകാല സഹാബിയും ഖുർ ആൻ ഹാഫിസും വലിയുല്ലാഹ് എന്നു ഞങ്ങൾ വിശ്വസിക്കുന്ന ആളുമായ ബഹുമാനപ്പെട്ട ഹസ്റത്ത് അബ്ദുല്ലാഹ് സാഹിബിന്റെ അടുക്കൽ അവരെ കൊണ്ടുപോയി. എന്റെ ഭാര്യവീടും അവിടെ തന്നെയായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് ദുആയ്ക്ക് കത്തെഴുതാൻ അദ്ദേഹം പറഞ്ഞു. ഞാൻ അതുപോലെ ചെയ്തു. ഞാൻ അവർക്കുവേണ്ടി ദുആ ചെയ്യുന്നുവെന്നും നിങ്ങളും നല്ല വണ്ണം ദുആ ചെയ്യണമെന്നും പറഞ്ഞുകൊണ്ടുള്ള ഹസ്റത്ത് സാഹിബ് (അ)ന്റെ മറുപടി എനിക്കുകിട്ടി. രണ്ടുമണിക്കാണ് എനിക്ക് കത്തു കിട്ടിയത്. വെറും അനക്കം മാത്രമേ അപ്പോൾ എന്റെ ഭാര്യയ്ക്ക് ഉണ്ടായിരുന്നുള്ളൂ. ഞാൻ കത്തുമായി നേരെ പള്ളിയി ലേക്ക് പോയി. നമസ്കരിക്കാൻ തുടങ്ങി. കരഞ്ഞുകരഞ്ഞു ദുആ ചെയ്തു. അപ്പോൾ എനിക്കൊരു മയക്കം ഉണ്ടായി. എന്റെ വലതു

Scanned with CamScanner

ഭാഗത്ത് ഒരാൾ നില്ക്കുന്നതുപോലെ തോന്നി. അത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ആണെന്ന് എനിക്കനുഭവപ്പെട്ടു. എന്റെ പുറത്തു തടവിക്കൊണ്ടു പറഞ്ഞു: 'വ്യസനിക്കേണ്ട. നിങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു.' പെട്ടെന്ന് ഞാൻ മയക്കത്തിൽനിന്നുണർന്നു. വീട്ടിലെത്തിയപ്പോൾ എന്റെ ഭാര്യയ്ക്ക് അല്ലഹു പൂർണ സുഖം നല്കിയിരുന്നു.

ഇന്ന് നിവേദനങ്ങൾ വളരെ കുറച്ചേ കേൾപ്പിച്ചിട്ടുള്ളൂ. കാരണം ചില നിവേദനങ്ങൾ ഞാൻ മാറ്റിവെച്ചു. അതുകൊണ്ട് 15 മിനിറ്റു മുമ്പേ വിഷയം അവസാനിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണികൂടി കേൾപ്പിച്ചുകൊണ്ട് ഞാൻ ഈ വിഷയം അവസാനിപ്പിക്കാം.

ഹസ്റത്ത് മസീഹ് മൗഊദ് (അ) മൽഫൂസാത്തിൽ പറയുന്നു:

"ദുആ ഒരു മരണമാണെന്ന കാര്യം ഓർമ്മിക്കുക. മരമണസമയത്ത് ഗതിമുട്ടിയ അവസ്ഥയും വിഷമവും ഉണ്ടാകുന്നു. അതേ അവസ്ഥ ദുആ ചെയ്യുമ്പോഴും ഉണ്ടാകേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് രാത്രി എഴുന്നേറ്റ് വേദനയോടും വിനയത്തോടും കൂടി നിങ്ങളുടെ ബുദ്ധിമുട്ടുകൾ അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കുക. മരണാവസ്ഥ സംജാതമാകുന്നതുവരെ ദുആ ചെയ്യുക. അപ്പോഴാണ് ദുആ സ്വീകാര്യതയുടെ സ്ഥാനത്തെത്തിച്ചേരുന്നത്." ●

(29-9-2000)

# മുഅ്ജിസത്തുകൾ തുടരുന്നു

هُوَ الْحَيُّ لَآ إِلٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ الدِّينَ ۗ الْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۞

**അവൻ എന്നും ജീവിച്ചിരിക്കുന്നവനാണ്. അവനല്ലാതെ വേറൊരു ആരാധ്യനുമില്ല. അനുസരണത്തെ അവനുമാത്രം പ്രത്യേകപ്പെടുത്തിക്കൊണ്ട് നിങ്ങൾ അവനെ വിളിച്ചുപ്രാർത്ഥിക്കുവിൻ. സർവസ്തുതിയും പ്രപഞ്ചനാഥനായ അല്ലാഹുവിനാകുന്നു. (40:66)**

ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബാക്കളുടെ നിവേദനങ്ങളിൽ, ഹോശിയാർപൂർ ജില്ലയിലെ ഹോശിയാർപൂർ താലൂക്കിലെ അഹ്റാന എന്ന സ്ഥലത്തെ അമീൻ മുഹമ്മദ് സാഹിബ് (റ)ന്റെ നിവേദനമാണ് ഇന്ന് ആദ്യം കേൾപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: ഇവിടെ മഹ്താബ്ഖാൻ എന്നു പേരായ ഒരാളുണ്ടായിരുന്നു. അല്പസ്വല്പം അറിവുള്ള കാരണത്താൽ അയാൾ പൊങ്ങച്ചം കാണിച്ചിരുന്നു. എല്ലാവർക്കും കരുണ ചെയ്യുന്നവനാണെന്ന വാദക്കാരനുമായിരുന്നു. അയാൾ എന്നെ എതിർക്കാൻ തുടങ്ങി. ചീത്ത പറയുന്നതിൽ അതിരുകടന്നു. ഞാനതെല്ലാം കേട്ട് ക്ഷമിച്ചും സഹിച്ചും നടന്നു. അവസാനം അയാളുടെ കുടുംബത്തിലും പ്ലേഗ് പടർന്നുപിടിച്ചു. അയാളുടെ മകന്റെ ഭാര്യയും, യുവാവായ ഒരേയൊരു മകനും ഉൾപ്പെടെ എല്ലാവരും പ്ലേഗിന്നിരയായി. അയാൾക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻപോലും ആരും അവശേഷിച്ചില്ല. അയാളുടെ മകളെ വിവാഹം ചെയ്ത് അയച്ചിരുന്നത്

Scanned with CamScanner

അടുത്ത ഗ്രാമത്തിലാണ്. അവിടെപോയി അയാൾക്ക് ഭക്ഷണം കഴിക്കേണ്ട ഗതികേടുണ്ടായി. മകളുടെ ബന്ധുവീട്ടിൽപോയി നിത്യവും ഭക്ഷണം കഴിക്കുക എന്നത് അയാൾക്ക് മരണത്തേക്കാൾ അസഹ്യമായിരുന്നു. അയാളുടെ പ്രായം ഇപ്പോൾ അറുപതിൽ കുറച്ച് അധികമാണ്. പറയത്തക്ക ഭൂസ്വത്തൊന്നും അയാൾക്കുണ്ടായിരുന്നില്ല.

ഒരുദിവസം രാവിലെ സുബ്ഹി നമസ്കാരത്തിനുശേഷം അയാൾ എന്റെയടുക്കൽ വന്നു. തന്റെ അവസ്ഥ മനസ്സിലാക്കണമെന്നും, തനിക്ക് മിർസാസാഹിബിനോട് ഒരു വിരോധവുമില്ലെന്നും, കഴിഞ്ഞുകടന്ന പ്രവാചകന്മാർ മുഅ്ജിസത്ത് കാണിച്ചിരുന്നതുപോലെ ഒരു മുഅ്ജിസത്ത് കാണിച്ചാൽ തനിക്ക് വിശ്വസിക്കാതിരിക്കാൻ പിന്നെ ന്യായമൊന്നും ഉണ്ടാകുകയില്ലെന്നും, മിർസാസാഹിബ് എനിക്കുവേണ്ടി ദുആ ചെയ്യുകയും അതിന്റെ ഫലമായി തന്റെ വിവാഹം നടക്കുകയും മക്കളുണ്ടാവുകയും തന്റെ വീട് ജനബഹുലമായിത്തീരുകയും ചെയ്താൽ താൻ അദ്ദേഹത്തിൽ വിശ്വസിക്കുമെന്നും രണ്ടു കൈയും കൂപ്പിക്കൊണ്ട് അയാൾ പറഞ്ഞു. അയാളുടെ അപ്പോഴത്തെ അവസ്ഥ കണ്ടപ്പോൾ എനിക്ക് അയാളോട് ദയ തോന്നി. ഞാൻ അന്നുതന്നെ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്, അയാളുടെ വിവാഹം നടക്കുന്നതിന് വേണ്ടി ദുആ ചെയ്യാനും ആ രീതിയിൽ അയാൾക്ക് മോക്ഷം കിട്ടിയേക്കുമെന്നും പറഞ്ഞ് കത്തെഴുതി. മൗലവി അബ്ദുൽകരീം സാഹിബ് എഴുതിയ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മറുപടി കത്ത് എനിക്ക് ലഭിച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: "ദുആ ചെയ്തിരിക്കുന്നു. അദ്ദേഹവും തൗബയും ഇസ്തിഗ്ഫാറും ചെയ്യട്ടെ. അദ്ദേഹത്തിന്റെ ആഗ്രഹം നിവർത്തിക്കാൻ അല്ലാഹു സർവശക്തനാണ്. എന്നാൽ സത്യാത്മാക്കളുടെ ജോലി മുഅ്ജിസത്ത് തേടി നടക്കലല്ല. മുഅ്ജിസത്തുകൾ എത്രയോ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു."

ഈ എഴുത്ത്കുത്ത് നടക്കുന്ന അവസരത്തിൽ അഫ്റാനയിലെ ഇപ്പോഴത്തെ ജമാഅത്ത് സെക്രട്ടറി ചൗദ്ദരി മുഹമ്മദ് ഉസ്മാൻഖാൻ സാഹിബ് അഹ്മദിയായിരുന്നില്ല. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹോദരൻ ശേർ മുഹമ്മദ്ഖാൻ സാഹിബ് അഹ്മദിക്കും ഈ കത്തിടപാടിനെ കുറിച്ചറിയാമായിരുന്നു. ഈ കത്തെഴുതി കുറച്ചു

Scanned with CamScanner

കാലം കഴിഞ്ഞപ്പോൾ വാർദ്ധക്യം പ്രാപിച്ചിട്ടും മഹ്താബ്ഖാന്റെ നിക്കാഹ് നടന്നു. പക്ഷേ, ഞാൻ അയാൾ ചെയ്ത ഉടമ്പടിയെപ്പറ്റി അയാളെ ഓർമിപ്പിച്ചില്ല. പിന്നീട് അയാൾക്ക് ആൺകുട്ടി പിറന്ന പ്പോൾ അയാൾ ചെയ്ത ഉടമ്പടി ഓർമ്മപ്പെടുത്തി. ഞാൻ അയാൾക്ക് കത്തെഴുതി. എന്റെ കത്തുകിട്ടിയപ്പോൾ, അയാൾ ആസ്മാൻ ഖാൻ തുടങ്ങിയവരോട് അക്കാര്യങ്ങളൊന്നും തനിക്കറിയില്ലെന്ന് പറഞ്ഞ് നിഷേധിച്ചു. അയാളുടെ ഈ നിഷേധം കണ്ടപ്പോൾ ഉസ്മാൻഖാൻ ബയ്അത്തു ചെയ്തു. അയാളുടെ ഈ അവസ്ഥ മനസ്സിലായപ്പോൾ ഞാനയാൾക്ക് തബ്ലീഗ് ചെയ്ത് വീണ്ടും കത്തെഴുതി. അതിന്റെ അവസാനം ഹസ്റത്ത് മസീഹ് മൗഊദ് (അ)നുണ്ടായ പദ്യരൂപ ത്തിലുള്ള ഈ ഇൽഹാമും എഴുതി:

*ഖാദിർ ഹെ വൊ ബാറഗഃ ടൂട്ടാ കാമ് ബനാവേ*

*ബനാബനായെ തോഡ്ദേ കോയി ഉസ്കാ ഭേദ് നഃ പാവേ.*

ഉടഞ്ഞ പ്രവൃത്തികൾ അല്ലാഹു യോജിപ്പിച്ച് ശരിയാക്കുന്നതാ ണ്. പിന്നെ കൂട്ടിയോജിപ്പിച്ചവ ഉടയ്ക്കുന്നതുമാണ്. അവന്റെ രഹ സ്യങ്ങൾ ആർക്കും അറിയാനൊക്കുകയില്ല.

അല്ലാഹുവിന്റെ ജലാൽ നോക്കുക. എന്റെ ഈ കത്തുകിട്ടിയതി നുശേഷം മഹ്താബ്ഖാൻ തന്റെ മകനേയുമെടുത്ത് ഭാര്യയുടെ അടുത്ത് നില്ക്കുകയായിരുന്നു. കഴിഞ്ഞ സംഭവങ്ങളെല്ലാം ഉസ്മാൻ ഖാൻ അദ്ദേഹത്തോടുപറഞ്ഞപ്പോൾ അതെല്ലാം ശരിയാണെങ്കിൽ എന്റെ ഈ മകൻ എന്നിൽനിന്ന് പിരിയട്ടെ എന്ന് അയാൾ പറ ഞ്ഞു. അധികനാൾ കഴിഞ്ഞില്ല. ആ കുട്ടിമരിച്ചു. കടക്കാരൻ കേസ്സു കൊടുത്ത കാരണത്താൽ അയാൾ തടവിലുമായി. ഇതു കൂടാതെ മറ്റൊരു നിന്ദ്യതയിലും അയാൾ അകപ്പെട്ടു. അത് പറയാൻ ലജ്ജി ക്കുന്നു. അക്കാരണത്താൽ അയാൾക്ക് ജനങ്ങളുടെയിടയിൽ മുഖം കാണിക്കാൻ കഴിഞ്ഞില്ല. പൊങ്ങച്ചം കാരണമായുണ്ടായ നിന്ദ്യത യിലും അപമാനത്തിലുംനിന്ന് മുഖം വെളിയിൽ കാണിക്കാറായ പ്പോൾ അയാളുടെ ഭാര്യയും മരിച്ചു.

ഗുജറാത്ത് ജില്ലയിലെ ഹേലാ നിവാസിയായ ഹസ്റത്ത് മിയാൻ ജാൻ മുഹമ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. ഒരു രാത്രി ഞാനും എന്റെ പിതൃസഹോദരൻ മൗലവി ഫള്ലുർറഹ്മാൻ

Scanned with CamScanner

സാഹിബും ഖാദിയാനിൽ വന്ന് രാത്രി താമസിച്ചു. രണ്ടാമത്തെ ദിവസം നടന്ന് പതിനൊന്ന് മണിയോടുകൂടി ഗുരുദാസ്പൂരിലെത്തി. ഞങ്ങൾ ബയ്അത്ത് ചെയ്തു. എനിക്കന്ന് 24 വയസ്സായിരുന്നു. അൽഹംദുലില്ലാഹ് ഞാനതിനുശേഷം ഓരോവർഷവും ഹുസൂറിനെ കാണാൻ വരുമായിരുന്നു. ബയ്അത്ത് ചെയ്യുന്നതിനുമുമ്പ് എന്റെ പിതൃസഹോദരന്റെ യുവാക്കളായ രണ്ടു ആൺമക്കളും ഒരു മകളും പ്ലേഗ് പിടിച്ച് മരിച്ചിരുന്നു. അതുകൊണ്ടുതന്നെ എന്റെ പിതൃസഹോദരനായ മൗലവി ഫള്ലുർറഹ്മാൻ സാഹിബ് അങ്ങേയറ്റം വിഷമിച്ചിരുന്നു. മക്കളുണ്ടാകുമെന്ന പ്രതീക്ഷയും അദ്ദേഹത്തിന് നഷ്ടപ്പെട്ടിരുന്നു. വളരെ വിനയത്തോടുകൂടി അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് പറഞ്ഞു: 'എന്റെ കുട്ടികൾ വഫാത്തായി. ഇനി എനിക്ക് മക്കളുണ്ടാകുമെന്ന് ഒരു പ്രതീക്ഷയുമില്ല. അങ്ങ് എനിക്കുവേണ്ടി ദുആ ചെയ്താലും. എന്റെ ഈ അർത്ഥനകേട്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ വാക്കുകൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നു:

'മൗലവി സാഹിബേ, പരിഭ്രമിക്കേണ്ട ആവശ്യമില്ല. അല്ലാഹുതആല താങ്കൾക്ക് ഉത്തമമായത് പകരം തരും. കലിമ ഇസ്തിഗ്ഫാർ ചൊല്ലിക്കൊണ്ടിരിക്കുക.' ഇതിനുശേഷം ഞങ്ങൾ രണ്ടുദിവസം ഗുരുദാസ്പൂരിൽ താമസിച്ച് നാട്ടിൽ തിരിച്ചെത്തി.് മസീഹ് മൗഊദിന്റെ ദുആ കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ പിതൃസഹോദരൻ മൗലവി ഫള്ലുർറഹ്മാൻ സാഹിബിന് ആവർഷം തന്നെ പത്തുമാസത്തിനുശേഷം ആൺകുട്ടി ജനിച്ചു. വീണ്ടും രണ്ടു കുട്ടികളുണ്ടായി. അവരെല്ലാം അല്ലാഹുവിന്റെ അനുഗ്രത്താൽ ജീവിച്ചിരിക്കുന്നു.

ഹസ്റത്ത് മദദ്ഖാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ഖാദിയാനിൽ താമസിക്കാൻ തീരുമാനിച്ചു. ഓരോ ദിവസവും ദുആയ്ക്കുള്ള കത്തെഴുതി ഒരു കവറിലിട്ട് ഹുസൂർ (അ)ന്റെ വാതിൽക്കൽപോയി ഹുസൂർ (അ)ന് കൊടുക്കാൻ ആരെയെങ്കിലും ഏല്പിച്ച് ഞാൻ തിരിച്ചുവരും. ഇതെന്റെ ഒരു ശീലമായിതീർന്നിരുന്നു. എന്റെ ഈ പ്രവൃത്തി എന്നോട് ഹുസൂർ (അ)ന് വെറുപ്പുണ്ടാക്കിത്തീർക്കുമോ എന്ന ശങ്ക എനിക്കുണ്ടാകാതിരുന്നില്ല. പക്ഷേ, എന്റെ ഈ ധാരണ തെറ്റായിരുന്നു. ഒരിക്കൽ

Scanned with CamScanner

ഹുസൂർ (അ) എനിക്ക് ഇങ്ങനെ മറുപടി തന്നു: 'താങ്കൾ സ്വീകരിച്ചിട്ടുള്ള മാർഗം വളരെ നല്ലതാണ്. അതുകൊണ്ട് താങ്കൾക്കുവേണ്ടി എപ്പോഴും ഞൻ ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഇൻശാഅല്ലാഹ് ഇനിയും ചെയ്തുകൊണ്ടിരിക്കും. അല്ലാഹുതആല താങ്കൾക്ക് ദീനിലും ദുൻയാവിലും വിജയം നൽകുകതന്നെ ചെയ്യും. അല്ലാഹു താങ്കളെ ഇഷ്ടപ്പെടും. താങ്കളുടെ വിവാഹവും അല്ലാഹു നടത്തും. താങ്കൾ ഇനിയും ഓർമപ്പെടുത്തിക്കൊണ്ടിരിക്കുക. താങ്കളുടെ കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്.

ഞാൻ ഈ കത്ത് പുതിയ മുസ്‌ലിമായ ശേയ്ഖ് ഗുലാം അഹ്മദ് സാഹിബിനെ കാണിച്ചു. പിന്നീട് പറഞ്ഞു: ഹുസൂർ എനിക്കെഴുതിയ കത്താണിത്. ഇതിൽ എനിക്കു മനസ്സിലാകാത്ത ഒരു കാര്യമുണ്ട്. അതെന്റെ വിവാഹമാണ്. അതിനെക്കുറിച്ച് ഞാനൊരിക്കലും ഹുസൂർ (അ)നോട് പറഞ്ഞിട്ടില്ല. എന്നല്ല സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. ഇതുകേട്ടപ്പോൾ ശേയ്ഖ് സാഹിബ് ചിരിച്ചുകൊണ്ടു പറഞ്ഞു: 'ഇനി നിങ്ങളുടെ വിവാഹം വേഗം നടക്കുന്നതാണ്. കാരണം ഹുസൂർ (അ) പറയുന്നത് വ്യർത്ഥമാകുകയില്ല. നിങ്ങൾ ഒരുക്കം നടത്തുക.' അല്ലാഹു സാക്ഷിയാണ്, ഹുസൂർ (അ) പറഞ്ഞതിനുശേഷം രണ്ടുമാസത്തിനുള്ളിൽ എന്റെ വിവാഹം നടന്നു. എന്റെ രണ്ടു വിവാഹവും നടത്തിയത് ഹുസൂർ (അ) തന്നെയാണ്. അല്ലെങ്കിൽ എന്നെപ്പോലുള്ള പരദേശിയെ ആര് ചോദിക്കാൻ! ഇതു ഹുസൂർ (അ)ന്റെ തന്നെ ദയയും കടാക്ഷവുമാകുന്നു. അല്ലെങ്കിൽ ഞാനെവിടെ? എന്റെ കർമ്മം എവിടെ?

ഹസ്റത്ത് മുഹമ്മദ് റഹ്മുദ്ദീൻ അഹ്മദ് അഹ്മദി സാഹിബ് (റ) നിവേദനം ചെയ്യുന്നു. 1893 ജൂൺ മാസത്തിൽ ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ബയ്അത്തു ചെയ്തു. ഉഷ്ണകാലമായിരുന്നു അത്. എന്റെ സുബ്ഹി നമസ്കാരം എപ്പോവും ഖളാ ആയിപ്പോകുമായിരുന്നു. ഈ വിവരം വെച്ച് ഞാൻ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് കത്തെഴുതി. എനിക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചു. ഞാൻ ദുആ ചെയ്തിരിക്കുന്നു. താങ്കൾ സ്ഥിരം സ്വലാത്തും ഇസ്തിഗ്ഫാറും അധികമധികമായി ചൊല്ലിക്കൊണ്ടിരിക്കുക എന്ന് നിർദേശിച്ചുകൊണ്ടുള്ള ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മറുപടിക്കത്ത് എനിക്കു ലഭിച്ചു. ആ ദിവസം മുതൽ എപ്പോഴും ഞാൻ

Scanned with CamScanner

സമയത്ത് ഉണരും. വല്ല അസുഖമുണ്ടാകുകയോ യാത്രയിലാകുകയോ ചെയ്താലൊഴികെ ഇന്നേവരെ എനിക്ക് സുബ്ഹി നമസ്കാരം ഖളായായിട്ടില്ല; അതും വളരെ വിരളം. ഇത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തമാണ്. എനിക്കതൊരു മുഅ്ജിസത്താണ്.

മാസ്റ്റർ നദീർ ഹുസയ്ൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ നിർദ്ദേശ പ്രകാരം എന്റെ പിതാവ് ഹക്കീം മുഹമ്മദ് ഹുസയ്ൻ സാഹിബ് *മർഹമേ ഈസാ* എന്ന മരുന്ന് തയ്യാറാക്കി. അത് വലിയ നിലയിൽ പരസ്യപ്പെടുത്തുകയും ചെയ്തു. തൽഫലമായി ക്രിസ്ത്യാനികൾ എന്റെ പിതാവിനെതിരിൽ ശക്തമായൊരു കേസ് ഫയൽ ചെയ്തു. ഈ കേസിൽ വിജയിക്കുന്നതിനുവേണ്ടി ഹുസൂർ (അ) ദുആയിൽ മുഴുകി. വിവിധ കോടതികളിലാണ് വാദം കേട്ടിരുന്നത്. അവസാനം ഇപ്പോൾ ഹൈക്കോടതിയായ അന്നത്തെ പഞ്ചാബ് ചീഫ് കോടതി ലാഹോറിൽ കേസ് നടന്നു. ഈ കേസിൽ വലിയ ശിക്ഷ അനുഭവിക്കേണ്ടിവരുമോ എന്നുള്ള ഭയം പിതാവിനുണ്ടായിരുന്നു. ഒരിക്കൽ കോടതി പിരിഞ്ഞപ്പോൾ പിതാമഹൻ മിയാൻചിരാഗ് ദീൻ സാഹിബും കേസിന്റെ സ്ഥിതി കണ്ട് വളരെ വിഷമിച്ചു. വീട്ടിൽ എല്ലാവരും ദുഃഖത്തിൽ തന്നെ. ആ സന്ദർഭത്തിൽ എന്റെ പിതാവ് ഹസ്റത്ത് മസീഹ് മഊദ് (അ)ന്റെ സന്നിധിയിൽ ഹാജരായി. ഹുസൂർ (അ)ന്റെ ആരോഗ്യം അന്നേരം വളരെ മോശമായിരുന്നു. എന്നാലും ഹുസൂർ (അ) അദ്ദേഹത്തെ ഒരു ദിവസം അവിടെ നിർത്തി. അധികമായി ദുആ ചെയ്തു. പിന്നീട് ഹുസൂർ (അ) എന്റെ പിതാവിന് ഒരു കത്തെഴുതി കൊടുത്തയച്ചു. അതിലെഴുതിയിരുന്നു: 'താങ്കളുടെ കേസ് സംബന്ധിച്ച് എനിക്ക് ഇൽഹാമുണ്ടായി. ഹുസയ്നെ ഉപദ്രവത്തിൽനിന്ന് രക്ഷിച്ചിരിക്കുന്നു. അതിനാൽ താങ്കൾ കേസിനെ സംബന്ധിച്ച് വ്യാകുലപ്പെടേണ്ട. താങ്കൾ ക്രിസ്ത്യാനികളുടെ ഉപദ്രവത്തിൽനിന്ന് സുരക്ഷിതനായിരിക്കും' അവസാനം സംഭവിച്ചതും ഇപ്പറഞ്ഞതുപോലെ തന്നെയായിരുന്നു. എല്ലാ അപകടങ്ങളും അകറ്റി അല്ലാഹു എന്റെ പിതാവിന് വിജയം നൽകി. ഫ അൽഹം ദുലില്ലാഹി അലാദാലിക്.

ഹക്കീം പീർ ബഖ്ശ് സാഹിബിന്റെ മകൻ ഹസ്റത്ത് ഭായി

Scanned with CamScanner

മഹ്മൂദ് സാഹിബ് നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഒരിക്കൽ വരൾച്ചകൊണ്ട് ജനങ്ങൾ പൊറുതിമുട്ടി. ഹുസൂർ (അ)ന്റെ തിരുസന്നിധിയിൽ ദുആയ്ക്കുവേണ്ടി അപേക്ഷിക്കാമെന്ന് അവർ തീരുമാനിച്ചു. ഒരാൾ ഇക്കാര്യം ഹുസൂർ (അ)നെ അറിയിച്ചപ്പോൾ ആ മഹാത്മാവ് പറഞ്ഞു: 'നാളെ. എന്താണോ അല്ലാഹുവിന് സമ്മതമായിട്ടുള്ളത്.' രണ്ടാമത്തെ ദിവസം മഴ തുടങ്ങി. തുടർച്ചയായി ഏഴുദിവസം അത് തോരാതെ പെയ്തു. ജനങ്ങൾ മഴകൊണ്ട് പൊറുതിമുട്ടി. അല്ലാഹുവേ, ഇനി നീ മഴ നിർത്തേണമേ എന്നവർ ദുആ ചെയ്തു.

ശേയ്ഖ് അലി മുഹമ്മദ് സാഹിബിന്റെ മകൻ ഹസ്റത്ത് ശേയ്ഖ് അഹ്മദുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: എന്റെ പിതാവ് ഖിബ്‌ല ശേയ്ഖ് അലി മുഹമ്മദ് സാഹിബ്, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ആദ്യമേ തന്നെ ബയ്അത്ത് ചെയ്തയാളാണ്. എന്നെ അല്ലാഹുതആല 1897ൽ ഖാദിയാനിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അടുക്കലെത്തിച്ചു. ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്.

ചീത്ത കൂട്ടുകെട്ടു കാരണം എന്റെ വിശ്വാസം തെറ്റിപ്പോയി. ഞാൻ ക്രിസ്ത്യാനിയാകാൻ പോകുകയായിരുന്നു. എന്റെ പിതാവ് ഈ വിവരം അറിഞ്ഞപ്പോൾ എന്നെ ഖാദിയാനിലേക്കയച്ചു. പിതാമഹനാണ് എന്റെ കൂടെവന്നത്. ഹുസൂറിന്റെ സന്നിധിയിൽ അദ്ദേഹം എന്നെ കൊണ്ടുപോയി. എനിക്കുവേണ്ടി ദുആ ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കാനും പറഞ്ഞു. ഹുസൂർ (അ) എന്നെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പ്രതിവചിച്ചു: ഞാൻ ദുആ ചെയ്യാം. ഇദ്ദേഹത്തെ മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ അടുക്കൽ കൊണ്ടുപോയി അദ്ദേഹത്തെ ഏൽപിക്കുക. അങ്ങനെ ഓരോ ദിവസവും എന്റെ തെറ്റായ ധാരണകൾ മാറാൻ തുടങ്ങി. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആയുടെ ഫലമായിരുന്നു അത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ സാധുവിനെ എപ്പോഴും സ്നേഹം നൽകി അനുഗ്രഹിച്ചു. ക്രൈസ്തവ മതത്തിൽ എന്നെ തൽപരനാക്കിയ ചെറുപ്പക്കാരനെ ഞാൻ വളരെ സ്നേഹിച്ചിരുന്നു. അദ്ദേഹവും മുസ്‌ലിമായിത്തീരാൻ ദുആ ചെയ്യണമെന്ന് ഒരിക്കൽ ഞാൻ ഹസ്റത്ത് സാഹിബ് (അ)നോട് പറഞ്ഞപ്പോൾ ദുആ ചെയ്യാം.

എന്നറിയിച്ചു. കുറച്ചുദിവസങ്ങൾക്കുശേഷം അയാളും മുസ്ലിമായി.

ഹസ്റത്ത് ബാബു അക്ബർ അലി സാഹിബ്, റിട്ടയേർഡ് ഇൻസ്പെക്ടറിന്റെ ദീർഘമായ നിവേദനത്തിൽ നിന്നെടുത്ത ചെറിയൊരു ഭാഗം ഞാൻ കേൾപ്പിക്കുകയാണ്. അദ്ദേഹം പറഞ്ഞു: അസാധാരണമായ നിലയിൽ വലിയ വലിയ ആപ്പിളും വലിയ വലിയ അനാറും മാങ്ങകളും തനിക്ക് കിട്ടിയിരിക്കുന്നതായി ഇന്നലെ രാത്രി എന്റെ ഭാര്യ സ്വപ്നം കണ്ടു. ഈ സ്വപ്നത്തിന്റെ വ്യാഖ്യാനം എന്താണെന്നറിയാൻ ഹുസൂർ (അ)ന് എഴുതി. നല്ല സന്താനങ്ങൾ ഉണ്ടാകുമെന്നുള്ള സുവിശേഷമാണതെന്ന് ഹുസൂർ (അ) അറിയിച്ചു. പിന്നീട് എന്റെ ഭാര്യ ഗർഭിണിയായി. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്ത് ലേഡിഡോക്ടറോ മിഡ്വൈഫോ ആരും ഉണ്ടായിരുന്നില്ല. എങ്കിലും ഗർഭകാലത്ത് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതെ പ്രസവം നടന്നു. അങ്ങനെ എന്റെ രണ്ടാമത്തെ മകൻ മുഹമ്മദ് കറാമത്തുല്ലാഹ് ജനിച്ചു. അവൻ എം എസ് സിയാണ് മുൻശിയുമാണ്.

ഹസ്റത്ത് സേട്ട് ഗുലാംനബി സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ഭാര്യയ്ക്ക് ആൺമക്കളുണ്ടായിരുന്നില്ല. ഞാൻ കുടുംബസമേതം ദാറുൽ അമാനിൽ വന്നു. ഹസ്റത്ത് ഖലീഫ ഔവ്വൽ (റ)നെക്കൊണ്ട് ചികിത്സിക്കുകയായിരുന്നു ഉദ്ദേശ്യം. ഒരുദിവസം ഹുസൂർ (അ) തോട്ടത്തിലേക്ക് പോയി. അവിടെയുണ്ടായിരുന്ന എല്ലാവരും ഹുസൂർ (അ)നോടൊപ്പമുണ്ടായിരുന്നു. ഇവർക്കു തിന്നാൻ ശയ്തൂത്ത് പൊട്ടിച്ചുകൊണ്ട് വരാൻ ഹുസൂർ (അ) തോട്ടക്കാരനോട് പറഞ്ഞു. എന്റെ ഭാര്യയും ശയ്തൂത്ത് പൊട്ടിച്ചുകൊണ്ടുവന്ന് ഹുസൂർ (അ) ന്റെ മുമ്പിൽവെച്ചു. മാലി കൊണ്ടു വന്നത് നല്ലതല്ല. ഇതാണ് നല്ലത് എന്നു പറഞ്ഞ് ഹുസൂർ അതിൽനിന്ന് കുറച്ചെടുത്തു. അപ്പോൾ ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) അത് ഗുലാംനബിയുടെ ഭാര്യ പൊട്ടിച്ചുകൊണ്ടുവന്നതാണെന്നറിയിച്ചു. ഹുസൂർ (അ) മുകളിലേക്ക് നോക്കിക്കൊണ്ടുപറഞ്ഞു: അല്ലാഹു അവർക്ക് ആൺകുട്ടിയെ നല്കട്ടെ.

ഞാൻ ടൗണിൽ മൗലവി സാഹിബിന്റെ വൈദ്യശാലയിൽ ഇരിക്കുകയായിരുന്നു. മൗലവി സാഹിബ് ഭക്ഷണം കഴിച്ച് വീട്ടിൽനിന്നു

Scanned with CamScanner

വന്നു. എനിക്ക് ആശംസ നേർന്നു. എന്നിട്ടു പറഞ്ഞു: ഇനി ഒരു മരുന്നിന്റെയും ആവശ്യമില്ല. കാരണം ഹുസൂർ (അ) *ഖുദാ ഉസ്‌കൊ ബേട്ടാ ദേ* എന്നു പറഞ്ഞിരിക്കുന്നു. അത് പുലരുകതന്നെ ചെയ്യും.

രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ ഞാൻ പൊകാനൊരുങ്ങി. ഹുസൂറിന് കൈകൊടുത്തു. വിട പറഞ്ഞിറങ്ങിയപ്പോൾ ഹുസൂർ (അ) ഉം ഞങ്ങളോടൊപ്പം വന്നു. കുതിരവണ്ടിയിൽ കയറി പോകാനൊരുങ്ങുമ്പോൾ, മതി, ഇന്ന് യാത്ര പോകേണ്ട എന്ന് ഹുസൂർ (അ) പറഞ്ഞു. ഞാൻ വണ്ടിക്കാരന്റെ കാര്യം പറഞ്ഞപ്പോൾ അയാൾക്കെന്തെങ്കിലും ചില്ലറ കൊടുത്താൽ സന്തോഷമാകുമെന്ന് ഹുസൂർ (അ) പറഞ്ഞു. വീണ്ടും ഞങ്ങൾ താമസസ്ഥലത്തേക്ക് മടങ്ങിവന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ വീണ്ടും പോകാൻ വിട ചോദിച്ചെങ്കിലും, പോകാൻ മനസ്സുവരുന്നില്ലെന്ന കാര്യവും അറിയിച്ചു. പക്ഷേ, എന്തുചെയ്യാം. കൂട്ടുകച്ചവടമാണ്. പിന്നീട് ഞാൻ റാവൽപിണ്ടിയിൽ വന്നു. കുറച്ചുനാളുകൾക്കുശേഷം ആൺകുട്ടി ജനിച്ചു. ഒന്നരവർഷത്തിനുശേഷം അവൻ വഫാത്തായി. ഈ കുട്ടി ഒരു മുഅ്ജിസത്തായിരുന്നുവെന്നും ദീർഘായുസ്സ് ലഭിച്ച് ഭാഗ്യവാനായിത്തീരുമെന്ന് കരുതിയിരുന്നുവെന്നും ഹുസൂർ (അ)നെ അറിയിച്ചപ്പോൾ ഹുസൂർ (അ) എഴുതിയ മറുപടി ഇന്നും എന്റെ കൈയിലുണ്ട്. ഹുസൂർ (അ) പറഞ്ഞു: 'കുട്ടി മരിച്ചതിൽ സഹനം കൈകൊണ്ട് പ്രതിഫലം നേടുക. രണ്ടാമത്തേത് പ്രതീക്ഷിക്കുക.'

ഞാൻ ഈ വിവരം പലരേയും അറിയിച്ചു. വീണ്ടും എനിക്കൊരു ആൺകുഞ്ഞ് പിറന്നു. കറംഇലാഹി എന്നാണവന്റെ പേര്. ഇപ്പോഴും ജീവിച്ചിരിക്കുന്നു. അല്ലാഹു അവനെ ഭാഗ്യവാനും ദീർഘായുഷ്മാനും ആക്കിത്തീർക്കട്ടെ.

അൽഫസ്ൽ ഓഫീസിൽ ജോലിക്കാരനായ ഹസ്റത്ത് ഖാജ അബ്ദുർറഹ്മാൻ സാബിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപെട്ടു. അക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വീട്ടിലായിരുന്നു എന്റെ താമസം, ഗോൾകമറയുടെ അടുത്തുള്ള മുറിയിൽ രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷയില്ലാതെ ഞാൻ കഴിഞ്ഞുപോന്നു. ഖലീഫത്തുൽ മസീഹ് ഔവ്വലും മുഫ്തി ഫള്ലുർറഹ്മാൻ സാഹിബുമാണ് എന്നെ ചികിത്സിച്ചിരുന്നത്. അക്കാലത്ത് ഹസ്റത്ത് സാബിബ് (അ)ന് ഒരു

Scanned with CamScanner

ഇൽഹാം ഉണ്ടായി: 'ഒരു ശവം കമ്പിളിയിൽ പൊതിയപ്പെട്ടിരിക്കുന്നു' ഒരു കറുത്ത കമ്പിളിയാണ് ഞാൻ പുതച്ചിരുന്നത്. അതുകൊണ്ട് എന്നിൽ അത് പൂർത്തിയാകുമെന്ന് ആളുകൾ പറയാൻ തുടങ്ങി. ആ അവസരത്തിൽ ഹുസൂർ (അ) പറഞ്ഞു: 'ഞാൻ ദുആ ചെയ്യുന്നു. അബ്ദുർറഹ്മാൻ സുഖപ്പെടും.'

ഒരു ദിവസം എന്റെ മാതാപിതാക്കൾ ഞാൻ മരിച്ചുവെന്ന് കരുതി. അന്ന് അർദ്ധരാത്രി കഴിഞ്ഞപ്പോൾ, അല്ലാഹുവിന്റെ പ്രതാപം നോക്കുക-എന്നിൽ അനക്കമുണ്ടായി. എന്റെ മാതാപിതാക്കൾ അല്ലാഹുവിന് ശുക്ർ ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആകൊണ്ട് എനിക്ക് പൂർണ്ണ സുഖം കിട്ടി. ഞാൻ ഇപ്പോൾ നിങ്ങളോടു സംസാരിക്കുന്നു.

രാജ മദദ്ഖാൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: എന്റെ ഭാര്യ ഹുസൂർ (അ)ന്റെ വീട്ടിലേക്ക് പോയി. രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ഞാൻ സുഖമില്ലാതായി. എന്റെ രോഗവിവരം ആരോ ഹസ്റത്ത് ഉമ്മുൽ മുഅ്മിനീൻ റളിയല്ലാഹു അൻഹയോടു പറഞ്ഞു. അതറിഞ്ഞയുടനെ എന്റെ ഭാര്യയോട് എത്രയും വേഗം എന്റെ അടുത്തേക്ക് പോകാൻ ഉമ്മുൽ മുഅ്മിനീൻ നിർദേശിച്ചു. ആ അവസരത്തിൽ ഹുസൂർ (അ) വെളിയിൽനിന്ന് അകത്തേക്ക് വന്നു. ഞങ്ങളുടെ സംസാരം കേട്ടപ്പോൾ, അസ്റിന്റെ സമയമായിരിക്കുന്നുവെന്നും നമ്മൾ നടക്കാൻ പോകുമ്പോൾ ഇവരേയും കൂട്ടാമെന്നും ഹുസൂർ (അ) അഭിപ്രായം പറഞ്ഞുവെങ്കിലും, ഹുസൂർ ഇവരെ ഇപ്പോൾ തന്നെ യാത്രയാക്കുന്നതാണ് നല്ലതെന്നും മദദ്ഖാന് കൂടുതലാണെന്ന് കേട്ടുവെന്നും ഉമ്മുൽമുഅ്മിനീൻ അറിയിച്ചു. ഹുസൂർ (അ) ഉടനെതന്നെ എന്റെ ഭാര്യയെ മറ്റൊരു സ്ത്രീയോടൊപ്പം എന്റെയടുത്തേക്ക് യാത്രയാക്കി. മറ്റൊരു സേവകനായ നൂർ മുഹമ്മദിനേയും ഒപ്പം അയച്ചിരുന്നു. യാത്രയയ്ക്കുമ്പോൾ, വിഷമിക്കേണ്ടെന്നും ഞാൻ ദുആ ചെയ്യുന്നുണ്ടെന്നും ഇൻശാഅല്ലാഹ് സുഖപ്പെടുമെന്നും അല്ലാഹു അനുഗ്രഹിക്കുമെന്നും അദ്ദേഹത്തെ അറിയിക്കാനും ഹുസൂർ (അ) പറഞ്ഞിരുന്നു. ഒരുതരം തണ്ണിമത്ത മദദ്ഖാന് കൊടുക്കാൻ അവർക്ക് കൊടുത്തുകൊണ്ട് ഹുസൂർ (അ) പററഞ്ഞു: 'അല്ലാഹു ശിഫാ നൽകും.'

ആ തണ്ണിമത്ത എന്റെ ഭാര്യ എനിക്കു തന്നുകൊണ്ട് പറഞ്ഞു:

Scanned with CamScanner

ഹുസൂർ (അ) നിങ്ങൾക്കായി തന്നതാണിത്. അപ്പോൾ ഞാൻ ചോദിച്ചു: എന്റെ പേര് പറഞ്ഞിട്ടാണോ ഹുസൂർ (അ) നിന്റെ കൈയിൽ ഇതു തന്നത്? അതേ, ഹുസൂർ (അ) നിങ്ങളുടെ പേര് പറഞ്ഞ് തരികയും അത് തിന്നാൻ നിർദേശിക്കുകയും അല്ലാഹു ശിഫാ നല്കുമെന്ന് അറിയിക്കുകയും ചെയ്തുവെന്നും അവർ പറഞ്ഞു. മുക്കാൽകിലോയോളം ഭാരംവരുന്ന ആ തണ്ണിമത്ത ആർക്കും തരില്ലെന്നു പറഞ്ഞ് മുഴുവനും ഞാനൊറ്റയ്ക്കു തിന്നു. അതു കേട്ടപ്പോൾ ഭാര്യ പറഞ്ഞു: അങ്ങനെതന്നെയാണ് ഹുസൂർ (അ) പറഞ്ഞതും. ആർക്കും കൊടുക്കരുതെന്നും അല്ലാഹു ശിഫാ നൽകുമെന്നും, ഞങ്ങൾ ഒരുപാട് തണ്ണിമത്ത തിന്നിട്ടാണ് വന്നത്. ഇത് നിങ്ങൾക്കുവേണ്ടി മാത്രമുള്ളതാണ്.'

അതു ഞാൻ തിന്നുകഴിഞ്ഞപ്പോൾ കഠിനമായ എന്റെ തലവേദന ശമിച്ചു. രോഗം പൂർണമായും മാറി. ഇതിൽനിന്ന് അല്ലാഹുവിന്റെ പരിശുദ്ധരായ ദാസരുടെ കൈയിൽ അല്ലാഹു പ്രത്യേകമായ അനുഗ്രഹം നൽകിയിരിക്കുന്നുവെന്ന് മനസ്സിലാകുന്നു.

ഹസ്റത്ത് അബ്ദുൽകരീം സാഹിബ് (റ) മുഹാജിർ ഖാദിയാൻ നിവേദനം ചെയ്യുന്നു. 1905ൽ ഹുസൂർ (അ) ഡൽഹിയിൽനിന്ന് വരുമ്പോൾ ലുധിയാനയിൽ പ്രസംഗം സംഘടിപ്പിച്ചിരുന്നു. ഇതു റമസാൻ മാസത്തിലായിരുന്നു. ഞാനും ഹവരാലയിൽനിന്ന് ലുധിയാനയിലെത്തി. ജനങ്ങൾ ഹുസൂർ (അ)ന്റെ പ്രസംഗം വളരെ ശ്രദ്ധയോടെ കേട്ടു. ഞാൻ അവിടെവെച്ച് ഹുസൂർ (അ)നോട് ഒരു ദുആയ്ക്ക് അപേക്ഷിച്ചു. എന്റെ ഭാര്യയ്ക്ക് നാലുവർഷമായി ഗർഭം അലസിക്കൊണ്ടിരിക്കുന്നുവെന്നും, ഞങ്ങൾക്ക് സന്താനഭാഗ്യം ലഭിക്കുന്നില്ലെന്നും സന്താനഭാഗ്യത്തിനായി ദുആ ചെയ്യണമെന്നുമായിരുന്നു ഞാൻ അപേക്ഷിച്ചത്. അതുകേട്ടപ്പോൾ ഹുസൂർ (അ) പറഞ്ഞു: ബഹുത്ത് അച്ഛാ, ഞാൻ ദുആ ചെയ്യുന്നതാണ്. ഈ ദുആയുടെ ഫലമായി അല്ലാഹു എനിക്ക് ആൺകുട്ടി നൽകി അനുഗ്രഹിച്ചു. കുട്ടിക്ക് പേരിന്നപേക്ഷിച്ചുകൊണ്ട് ഹുസൂറിന് ഞാൻ കത്തെഴുതി. അബ്ദുൽഅസീസ് എന്ന് ഹുസൂർ (അ) പേരിട്ടു.

മൗലവി മുഹമ്മദ് റഹ്മുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. 1901ൽ എന്റെ മകൾക്ക് കഠിനമായ ചുമ ബാധിച്ചു. മാറിമാറി പല ഡോക്ടർമാരേയും കാണിച്ചു. പക്ഷേ രോഗത്തിന് ഒരു കുറ

Scanned with CamScanner

വുമുണ്ടായില്ല. വിവരങ്ങളെല്ലാം വെച്ച് ഞാൻ ഹസ്റത്ത് സാഹിബ് (അ)ന് കത്തെഴുതി. ഹുസൂർ (അ) ഉടനെ മറുപടി അയച്ചു: 'ഞാൻ ദുആ ചെയ്തിരിക്കുന്നു. ഇൻശാ അല്ലാഹ് രോഗം സുഖപ്പെടും. താങ്കൾ *സ്വലാത്തും ഇസ്തിഗ്ഫാറും* ചൊല്ലിക്കൊണ്ടിരിക്കുക' സന്ദർഭവശാൽ ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ് ഒരു മരുന്നിന്റെ കുറിപ്പ് എഴുതി അയച്ചിരുന്നു. ആ മരുന്ന് കൊടുത്തയുടനെ രോഗം സുഖമായി. അത് ഹുസൂറിന്റെ ദുആയുടെ ഫലം തന്നെയായിരുന്നു.

ഹസ്റത്ത് മിയാൻ ചിരാഗ്ദീൻ സാഹിബ് ഖാദിറാബാദി (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: എന്റെ മാതാപിതാക്കൾ ആദ്യമേ ബയ്അത്തു ചെയ്തവരാണ്. ഞാൻ പിന്നീട് മസ്ജിദ് അഖ്സായിൽവെച്ച് ബയ്അത്ത് ചെയ്തു. കുറച്ചുനാളുകൾക്കു ശേഷം എന്റെ സഹോദരന് തീരെ സുഖമില്ലാതായി. അമ്മാജാന്റെ വീടിനടുത്ത വഴിയിലൂടെ ഹസ്റത്ത് മസീഹ് മൗഊദ് (അ) ഉം ഖലീഫത്തുൽ മസീഹ് ഔവ്വലും നടന്നുപോകുകയായിരുന്നു. നമ്മുടെ വീട്ടിൽ കയറിയിട്ടു പോകാൻ അവരോട് പറയാനായി ഉമ്മ എന്നെ അവരുടെ അടുക്കലേക്ക് പറഞ്ഞയച്ചു. മകന് സുഖമില്ലെന്ന് പറയാനും പറഞ്ഞു. ഞാനോടി അവരുടെ അടുത്തെത്തി. ഖലീഫ ആവ്വൽ (റ) എന്നോടു വിവരം തിരക്കി. ഞാൻ കാര്യങ്ങൾ പറഞ്ഞു. അപ്പോൾ ഖലീഫ അവ്വൽ എന്നോട് വീട്ടിലേക്ക് പോകാനും ഞങ്ങൾ പിന്നാലെ എത്തിച്ചേരുന്നതാണെന്നും പറഞ്ഞു. ഇത്രയുമായപ്പോൾ ഹസ്റത്ത് സാഹിബ് (അ) ദൂരെ എത്തിയിരുന്നു. വേഗം നടക്കുന്ന ശീലമായിരുന്നു ഹസ്റത്ത് സാഹിബിന്റേത്. ഖലീഫ ഔവ്വൽ (റ) ഓടി ഹസ്റത്ത് സാഹിബിന്റെ അടുത്തെത്തി വിവരം പറഞ്ഞു. ഞാൻ വീട്ടിൽവന്ന്, ഇരിക്കാനുള്ള കട്ടിൽ എടുത്ത് വെളിയിലിട്ടു. അവർ രണ്ടുപേരും ദൂരത്തുനിന്ന് വരുന്നതുകണ്ടു. അങ്ങനെ അവർ രണ്ടുപേരും വീട്ടിലെത്തി. എന്റെ ഉമ്മ കുട്ടിയേയുമെടുത്ത് മുമ്പിൽവന്നു. ഹുസൂർ (അ) കുട്ടിക്ക് മുത്തം കൊടുത്തുകൊണ്ട് പറഞ്ഞു: 'വിഷമിക്കേണ്ട. കുട്ടിയുടെ രോഗം മാറിയിരിക്കുന്നു.' ഖലീഫ ഔവ്വലിനോട് മരുന്ന് പുരട്ടിക്കൊടുക്കാൻ പറഞ്ഞു. അതു കഴിഞ്ഞ് ഹുസൂർ (അ) നടക്കാൻ പോയി. 15 മിനിറ്റിനുശേഷം രോഗം കുറഞ്ഞു. ഞാൻ ഖലീഫ ഔവ്വലിന്റെ അടുക്കൽ വരുന്നു വാങ്ങാൻപോയപ്പോൾ ഖലീഫ ഔവ്വൽ കുട്ടിയുടെ വിശേഷം ചോദി

Scanned with CamScanner

ച്ചതിനുശേഷം പറഞ്ഞു: ഹസ്റത്ത് സാഹിബ് (അ) ദുആ ചെയ്ത ഉടനെ അല്ലാഹു കുട്ടിക്ക് സുഖം നല്കിയിരുന്നു.

ഗുജറാത്ത് ജില്ലയിലെ ഹസ്റത്ത് മൗലവി ഗുലാം റസൂൽസാഹിബ് രാജകി ഇബ്നു മിയാ കറമുദ്ദീൻ സാഹിബ് രജകി നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഹാഫിളാബാദിൽ ഒരു ഗ്രാമമുണ്ട്. അവിടെ ഇലാഹിബഖ്ശ് എന്ന ഒരാളുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ ഖാദിയാനിൽ കൊണ്ടുവരാൻ ചിലർ തീരുമാനിച്ചു. അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ബട്ടാലയിൽ എത്തുന്നതിനു മുമ്പേ അദ്ദേഹത്തിന് പനി പിടിപെട്ടു. ആ പനിയോടുകൂടിയാണ് അദ്ദേഹം ബട്ടാലസ്റ്റേഷനിൽ ഇറങ്ങിയത്. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ അവിടെ കണ്ടു. പനിപിടിച്ച ആ അവസ്ഥയിലും അദ്ദേഹം ഖാദിയാനിലേക്ക് പോകാൻ തയ്യാറാകുന്നത് കണ്ടപ്പോൾ, മിർസാ സാഹിബ് സത്യവാനായിരുന്നെങ്കിൽ താങ്കൾക്ക് ഈ വഴിയിൽവെച്ച് പനി ഉണ്ടാകുമായിരുന്നില്ലെന്നൊക്കെ പറഞ്ഞ് മുഹമ്മദ് ഹുസയ്ൻ ദുർബോധനം ചെയ്തു. അവിടെ വെറും കച്ചവടമാണെന്നും ഒരിക്കലും അവിടെ പോകരുതെന്നും പറഞ്ഞു. താൻ എന്തായാലും അവിടെ പോകുമെന്നും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞപ്പോൾ മുഹമ്മദുഹുസയ്ൻ ബട്ടാലവി നിശ്ശബ്ദനായി. അങ്ങനെ അദ്ദേഹം ഖാദിയാനിലെത്തി. ഹസ്റത്ത് സാഹിബ് (അ)ന്റെ മജ്ലിസിൽ ഇരുന്നതേയുള്ളൂ ഹസ്റത്ത് സാഹിബ് പറഞ്ഞു: നമ്മുടെ ചല എതിരാളികൾ ഇവിടെ കച്ചവടമാണെന്നും പറയുന്നുണ്ട്. സംശയമില്ല. ഇവിടെ കച്ചവടം തന്നെയാണ്. എനനാൽ, ഇവിടെ കിട്ടുന്നത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സാധനങ്ങളാണ്. ഇതുകേട്ടപ്പോൾ അദ്ദേഹത്തിന് ഹിദായത്ത് കിട്ടി. പനിയും വിട്ടുമാറി.

ഹസ്റത്ത് ശേയ്ഖ് അഹ്മദുദ്ദീൻ സാഹിബ് (റ) നിവേദനം ചെയ്യുന്നു. സാധാരണ ഹസ്റത്ത് മസീഹു മൗഊദ് (അ) ആരുടെയെങ്കിലുമൊക്കെ ഒപ്പമിരുന്നിട്ടാണ് ഭക്ഷണം കഴിക്കാറുള്ളത്. ചിലർ ഗോൾകമറയിലും, ചിലർ മസ്ജിദ് മുബാറക്കിലും. പന്നീട് ഹുസൂർ (അ) എന്തോ കാരണത്താൽ വീട്ടിൽതന്നെ ഭക്ഷണം കഴിക്കാൻ തുടങ്ങി. ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനിക്ക് ആയിടെ തീരെ സുഖമില്ലാതായി. രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ

Scanned with CamScanner

എല്ലാം നഷ്ടപ്പെട്ടിരുന്നു. ഹസ്റത്ത് ഖലീഫ ഔവ്വൽ (റ) പറഞ്ഞു: ഇനി പ്രതീക്ഷയില്ല. സാധാരണ ഖലീഫ ഔവ്വൽ (റ) അങ്ങനെ പറയാത്തതാണ്. പിന്നീട് ഹസ്റത്ത് മസീഹ് മൗഊദ് (അ)നോടു ദുആക്കപേക്ഷിച്ചു. ഹുസൂർ (അ)ന്റെ ദുആയുടെ ഫലമായി, ഭായി സാഹിബിന് മെല്ലെമെല്ലെ രോഗം സുഖമായി.

ഹസ്റത്ത് സയ്യിദ് ശാഹ് ആലം സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഒരിക്കൽ എന്റെ പിതാവിന്ന് (സൂഫീ സാഹിബിന്) പനി പിടിപെട്ടു. ഞാനും എന്റെ ഉമ്മയും ഹുസൂർ (അ)ന്റെ സന്നിധിയിലെത്തി. ഹസ്റത്ത് സാബിബ് (അ) ലൈബ്രറിയുടെ മുകളിലത്തെ തട്ടിലാണ് ഇരുന്നെഴുതാറുണ്ടായിരുന്നത്.

മിയാൻ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിലേക്ക് ഒരു ഇടവഴിയുണ്ട്. മറ്റൊരുവഴി ബാസാറിലേക്ക് പോകുന്നു. വഴിയിൽ, മുകളിലോട്ടു കയറാൻ ഒരു ഗോവണിയുണ്ട്. പിന്നിൽ ഒരു വാതിലുണ്ട്. അവിടെയാണ് ലൈബ്രറി ഉണ്ടായിരുന്നത്. മീർ മഹ്ദി ഹുസയ്ൻ സാഹിബ് സെക്രട്ടറിയായിരുന്നു. അതിന്റെ മുകളിൽ ഒരു ചെറിയ മുറിയുണ്ടായിരുന്നു. ഇടവഴിയിലേക്കാണ് അതിന്റെ ജന്നൽ തുറക്കുന്നത്. അവിടെ ഇരുന്നാണ് ഹുസൂർ എഴുതിയിരുന്നതും.

സൂഫി സാഹിബിന് പനിയാണെന്നും ദുആ ചെയ്യണമെന്നും എന്റെ ഉമ്മ ഹുസൂർ(അ)നോടു പറഞ്ഞു. ഹുസൂർ (അ) പെട്ടെന്ന് എഴുന്നേറ്റുനിന്നു ചോദിച്ചു: അദ്ദേഹത്തിന് വെപ്രാളമുണ്ടോ? ദാഹമുണ്ടോ? മറ്റു കാര്യങ്ങളും ആരാഞ്ഞു.

ഹുസൂർ (അ) ചെരുപ്പിടാതെ തലമറയ്ക്കാതെ വേഗം ബീബി സാഹിബായുടെ അടുത്തെത്തി. എനിക്ക് നല്ല ഓർമ്മയുണ്ട്. ജൂൺമാസമായിരുന്നു അത്. ഉച്ചകഴിഞ്ഞ് രണ്ടുമണിക്കാണ് സംഭവം. ഭൂമി ചൂടുകൊണ്ട് പതച്ചുകിടക്കുകയായിരുന്നു. പക്ഷേ, ഹുസൂർ (അ) അതൊന്നും ശ്രദ്ധിച്ചില്ല. ബീബി സാഹിബയോട് ഹുസൂർ (അ) പറഞ്ഞു: സൂഫീ സാഹിബിന് പനിയാണ്. അദ്ദേഹത്തിന്റെ ഭാര്യ വന്നിട്ടുണ്ട്. പെട്ടെന്ന് മരുന്നെടുത്ത് കൊടുക്കുക. ഒരു കുപ്പി പനിനീരും മറ്റു സാധനങ്ങളും ഹുസൂർ എന്റെ ഉമ്മയുടെ കൈയിൽ കൊടുത്തു. എന്റെ ജുബ്ബയുടെ മടിയിൽ മറ്റു മരുന്നുകളും ഇട്ടു. എന്നിട്ട് കഴിക്കേണ്ട വിധവും പറഞ്ഞു. ഞാൻ ദുആ ചെയ്യുന്നുവെന്നും പെട്ടെന്ന് സുഖം കിട്ടുമെന്നും എന്റെ സലാം പറയണ

Scanned with CamScanner

മെന്നും ഹുസൂർ (അ) അറിയിച്ചു. ഞാനും ഉമ്മയും വീട്ടിലേക്ക് മടങ്ങി. പറഞ്ഞതുപോലെ ചെയ്തു. ഒരു പ്രാവശ്യം മരുന്ന് കൊടുത്തപ്പോൾ തന്നെ രോഗം മാറി തുടങ്ങി. സുബ്ഹാനല്ലാഹ്. ഹുസൂർ (അ) ന്റെ സ്വഭാവം എന്തൊരു നല്ല സ്വഭാവമായിരുന്നു. നിഷ്കളങ്കമായ സ്നേഹത്തിന്റെ ബഹിർപ്രകടനമായിരുന്നു അത്.

ഹസ്റത്ത് മലക്ക് അസീസ് അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: ഒരു രാത്രിയിൽ ഞാൻ പഠിക്കാൻ പോകുകയായിരുന്നു. അയ്‌വൽ സാഹിബിന്റെ വീടിന്നടുത്തുവെച്ച് ഞാൻ പേടിച്ചു. വിറച്ച് വിറച്ച് ക്ലാസ്സിലെത്തി. എന്റെ വിറയൽ കണ്ടിട്ട് രണ്ടുമൂന്നു കുട്ടികളോട് എന്നെ വീട്ടിലെത്തിക്കാൻ നയ്യർ സാഹിബ് പറഞ്ഞു. ഞാൻ വീട്ടിലെത്തിയപ്പോൾ ബോധംകെട്ടുവീണു. കുറച്ചു നിമിഷത്തേക്ക് ഒന്നും അറിഞ്ഞില്ല. മൂത്ത സഹോദരന്റെ വേർപാടിൽ ഉമ്മായ്ക്ക് നേരത്തെ വിഷമമുണ്ടായിരുന്നു. ഞാൻ രോഗിയായപ്പോൾ ഉമ്മായുടെ വിഷമവും പരിഭ്രമവും കൂടി. രാത്രി 10, 11 മണിക്ക് ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അടുക്കലേക്കോടി. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വൽ എന്റെ മാതാമഹൻ ഹസ്റത്ത് ഹാഫിസ് ഗുലാം മുഹ്‌യുദ്ദീൻ സാഹിബിന്റെ മുലകുടി സഹോദരനായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന് വരുന്ന കത്തുകൾ എന്റെ മാതാമഹനാണ് ആദ്യകാലങ്ങളിൽ പോസ്റ്റോഫീസിൽനിന്ന് എടുത്തുകൊണ്ടു കൊടുത്തിരുന്നത്.

ഖലീഫത്തുൽ മസീഹ് ഔവ്വൽ ആ ബന്ധത്തിന്റെ അടിസ്ഥാനത്തിലോ, ഹുസൂറിന്റെ മനുഷ്യസൃഷ്ടികളോടു സ്വതവേയുള്ള ദയയുടെ അടിസ്ഥാനത്തിലോ ഒട്ടും താമസിയാതെ എന്റെ ഉമ്മയോടൊപ്പം വന്ന് എന്നെ പരിശോധിച്ചു. ഉമ്മയെ സമാധാനിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം എന്റെ യജമാനനായ ഹസ്റത്ത് സാഹിബ് (അ)നെ വിവരം അറിയിക്കുകയും ചെയ്തു. ഹസ്റത്ത് സാഹിബ് (അ) ഖലീഫ ഔവ്വലിനോടൊപ്പം വന്നു. മൗലവി സാഹിബിനോടു മരുന്നു തയ്യാറാക്കാനും താൻ ദുആ ചെയ്യാമെന്നും ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു. ഹുസൂർ ഞങ്ങളുടെ വീട്ടിലിരുന്ന് ദുആ ചെയ്തു. ഹസ്റത്ത് ഖലീഫ ഔവ്വൽ (റ) എനിക്കു മരുന്നു തന്നുകൊണ്ടിരുന്നു. എന്റെ രോഗം 4 ദിവസം നീണ്ടുനിന്നു. ഹസ്റത്ത് സാഹിബ് (അ)ന് എപ്പോഴും എന്റെ ചിന്തയായിരു

ന്നു. ഖലീഫ ഔവ്വലിനോട് എന്റെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു. എനിക്ക് പൂർണമായും ശിഫാ കിട്ടി. ഇതു അല്ലാഹുവിന്റെ അനുഗ്രഹവും ഹസ്റത്ത് സാഹിബിന്റെ ദുആയുടെ ഫലവുമായിരുന്നു. എന്റെ രോഗം മാറുക എന്നത് വളരെ പ്രയാസകരമായിരുന്നുവെന്ന് ഖലീഫ ഔവ്വൽ (റ) പിന്നീട് പറയുകയുണ്ടായി.

ഹസ്റത്ത് മുഫ്തി ഫള്ലുർ റഹ്മാൻ സാഹിബ് ഭേരവി (റ) നിവേദനം ചെയ്യുന്നു. എന്റെ ആദ്യഭാര്യയിൽ എനിക്ക് രണ്ടു പെൺകുട്ടികളും രണ്ട് ആൺകുട്ടികളും ഉണ്ടായി. ആൺകുട്ടികൾ രണ്ടുപേരും കേൾക്കുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല. മൂത്തവൻ 4-ാം വയസ്സിൽ വഫാത്തായി. ഇളയവന് കുറച്ചുകേൾവി ശക്തിയുണ്ടായിരുന്നു. പക്ഷേ, സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. ബുദ്ധിമാനും സമർത്ഥനുമായിരുന്നു. ഞാനവനെ വളരെ സ്നേഹിച്ചിരുന്നു. ഹുസൂർ (അ) കേസ് സംബന്ധമായ കാര്യത്തിനായി ഗുരുദാസ്പൂരിൽ പോകുമ്പോൾ എന്നെയും നിർബന്ധമായും കൊണ്ടുപോകുമായിരുന്നു. അക്കാലത്ത് കുതിരവണ്ടിയിലായിരുന്നു യാത്ര. സുബ്ഹിക്കുശേഷം യാത്ര പുറപ്പെടുമ്പോൾ മിയാൻ ഫള്ലുർറഹ്മാൻ എവിടെ എന്ന് ഹസ്റത്ത് സാഹിബ് (അ) തിരക്കുമായിരുന്നു. ഞാനവിടെ ഉണ്ടെങ്കിൽ എന്റെ സാന്നിദ്ധ്യം ഞാൻ അറിയിക്കും. ഇല്ലെങ്കിൽ വീട്ടിൽ ആളയച്ച് എന്നെ വരുത്തും. ഞാനാണ് ഹുസൂർ (അ)ന്റെ കുതിരവണ്ടി ഓടിച്ചിരുന്നത്. യഥാർത്ഥ ഡ്രൈവർമാർക്ക് അപ്പോൾ വണ്ടി ഓടിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. ഞാൻ ഡ്രൈവറുടെ സീറ്റിലും എന്റെ മുമ്പിൽ ഒരുവശത്ത് മിയാൻശാദിഖാൻ സാഹിബും ഇരിക്കുമായിരുന്നു. കുതിരവണ്ടിയുടെ ഉള്ളിൽ ഹസ്റത്ത് സാബിബ് (അ) തനിച്ചും. ഈ അവസരത്തിൽ എന്റെ രണ്ടാമത്തെ കുട്ടിക്ക് സുഖമില്ലാതായി. ഹസ്റത്ത് സാഹിബ് (അ) മിക്കപ്പോഴും അവനെ കാണാൻ വന്നിരുന്നു. ഹസ്റത്ത് സാഹിബിന് കത്തെഴുതാൻ കേസ്സിന് ഒരു ദിവസം മുമ്പേ എന്റെ ഭാര്യ പറഞ്ഞു. എല്ലാ ദിവസവും ഹസ്റത്ത് സാഹിബ് ഇവിടെ വരുന്നുണ്ടല്ലോ. പിന്നെന്തിനാണ് ഇപ്പോൾ കത്തെഴുതുന്നതെന്ന് ഞാൻ ചോദിച്ചു. ഭാര്യ നിർബന്ധം പിടിച്ചപ്പോൾ ഞാൻ കത്തെഴുതി. ഹുസൂർ (അ)ന്റെ മറുപടി ഇങ്ങനെ കിട്ടി: 'ഞാൻ ദുആ ചെയ്യുന്നു. തഖ്ദീറെ മുബർറം ആണെങ്കിൽ ഇതു മാറ്റപ്പെടുകയില്ല' ഈ വാക്കുകൾ വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. കരയുന്നതെ

Scanned with CamScanner

ന്തിനാണെന്ന് ഭാര്യ ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: ഇനി നമ്മുടെ മകൻ നമ്മോടൊപ്പം ജീവിക്കുകയില്ല. അവൻ സുഖം പ്രാപിക്കുമായിരുന്നെങ്കിൽ ഹസ്റത്ത് സാഹിബ് (അ) ഇങ്ങനെ എഴുതുമായിരുന്നില്ല.

രണ്ടാംദിവസം കേസ്സിന്റെ അവധിയായിരുന്നു. എല്ലാവരും ഹസ്റത്ത് സാഹിബ് (അ)നെ കാത്തുനിന്നു. ഹസ്റത്ത് സാഹിബ് (അ) ആഗതനായി. ആരോടും ഒന്നും സംസാരിക്കാതെ നേരെ എന്റെ വീട്ടിലേക്ക് വന്നു. കുട്ടിയെക്കണ്ടു. എന്തോ ചൊല്ലി അവനെ ഊതി. എന്നോടു പറഞ്ഞു: താങ്കൾ ഇന്നിവിടെ നില്ക്കുക. ഞാൻ നാളെ വരാം. കുട്ടിയുടെ നില വളരെ മോശമാണ്. ഹുസൂറിന്റെ ഗുരുദാസ്പൂർ യാത്രകളിൽ ഇതിലൊന്നുമാത്രമാണ് എനിക്ക് പോകാൻ കഴിയാതിരുന്നത്. വൈകുന്നേരം 4 മണിക്ക് കുട്ടി മരിച്ചു. മഗ്‌രിബോടുകൂടി ഖബറടക്കി. പിറ്റേനന്ന് 10 മണിയോടെ ഹസ്റത്ത് സാഹിബ് (അ) തിരിച്ചുവന്നു. മരിച്ചകുട്ടിയുടെ ഇളയത് ഒരു പെൺകുട്ടിയായിരുന്നു. ഞാൻ അവളെയുമെടുത്ത് മഹ്മാൻ ഖാനയുടെ വരാന്തയിൽവെച്ച് ഹസ്റത്ത് സാഹിബ് (അ)ന് കൈകൊടുത്തു. ഹസ്റത്ത് സാഹിബ് (അ) പറഞ്ഞു: 'താങ്കളുടെ കുട്ടി മരിച്ചതിൽ എനിക്ക് വളരെ വേദനയുണ്ട്. ഞാൻ താങ്കൾക്കുവേണ്ടിയും അവനുവേണ്ടിയും ധാരാളം ദുആ ചെയ്തു. അല്ലാഹു താങ്കൾക്ക് ഇതിനുപകരം നല്ലതു തരും. അവൻ കേൾക്കുന്നവനും സംസാരിക്കുന്നവനുമായിരിക്കും. ഇതുകേട്ടപ്പോൾ ഞാൻ പറഞ്ഞു: ഹുസൂർ, എനിക്ക് ആദ്യം പിറന്നത് രണ്ടു പെൺകുട്ടികളാണ്. പിന്നീട് രണ്ട് ആൺകുട്ടികളും, ഒരു പെൺകുട്ടിയും. ഇനി പിറക്കുന്നത് പെൺകുട്ടിയാണെങ്കിൽ അതെങ്ങനെ *നിഅ്മുൽ ബദൽ* ആകും? കുട്ടി ആണാണെങ്കിലല്ലേ *നിഅ്മുൽ ബദൽ* ആകുകയുള്ളൂ. ഇതുകേട്ട ബിബ്ല മൗലവി സാഹിബ് മുന്നോട്ടു നീങ്ങി എന്റെ നെഞ്ചിൽ അടിച്ചുകൊണ്ട് അപമര്യാദ കാണിക്കുന്നോ എന്നു ചോദിച്ചു. ഹസ്റത്ത് സാഹിബ് (അ) ചിരിച്ചുകൊണ്ടു പറഞ്ഞു: 'മിയാൻ, നമ്മുടെ അല്ലാഹുവിന്, പെൺകുട്ടി ഉണ്ടാകുന്ന സ്ഥിതിതന്നെ ഇല്ലാതാക്കാൻ ശക്തിയുണ്ട്.'

അതിനുശേഷം എനിക്ക് 7 കുട്ടികളുണ്ടായി. എല്ലാം ആൺകുട്ടികളാണ്. പെൺകുട്ടികളാരുമില്ല.

Scanned with CamScanner

ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആയെക്കുറിച്ച് പറയുന്നു:

"ഇവിടെ സാധാരണക്കാരന്റെ ഗുണത്തിന്നായി ദുആ സ്വീകാര്യതയുടെ യാഥാർത്ഥ്യത്തിന്റെ ചില വശങ്ങൾ പ്രകടമാക്കുകയാണ്. ദുആ സ്വീകാര്യതയുടെ അവസ്ഥയെ സംബന്ധിച്ച ചോദ്യം വാസ്തവത്തിൽ ദുആയുടെ അവസ്ഥയെ സംബന്ധിച്ച ചോദ്യത്തിന്റെ ഒരു ശാഖയാണെന്ന് മനസ്സിലാക്കുക. അസ്സലായിട്ടുള്ള കാര്യം മനസ്സിലാക്കാത്തവന് അതിന്റെ ശാഖയെ സംബന്ധിച്ച് മനസ്സിലാക്കുന്നതിൽ വിഷമം നേരിടുകയും വഞ്ചിക്കപ്പെടുകയും ചെയ്യുമെന്നത് വസ്തുതയാണ്. ദുആയുടെ തത്ത്വം ഇതാണ്. ഭാഗ്യവാനായ ദാസനും അവന്റെ റബ്ബും തമ്മിൽ ഒരു ആകർഷണബന്ധമുണ്ട്. അതായത് ആദ്യം അല്ലാഹുവിന്റെ റഹ്മാനിയത്ത്-പരമകാരുണികത്വം ദാസനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ദാസന്റെ സത്യസന്ധമായ പ്രവർത്തനഫലമായി അല്ലാഹു അവന്റെയടുത്തായി തീരുന്നു. ദുആ ചെയ്യുന്ന അവസ്ഥയിൽ ആ ബന്ധം ഒരു പ്രത്യേകമായ സ്ഥാനത്തെത്തി അത്ഭുതകരമായ സ്വഭാവം സൃഷ്ടിക്കുന്നു. ഏതെങ്കിലും കഠിനമായ വിഷമത്തിൽ അകപ്പെട്ട് അല്ലാഹുവിലേക്ക് ദൃഢവിശ്വാസത്തോടും പൂർണ പ്രതീക്ഷയോടും തികഞ്ഞ സ്നേഹത്തോടും ആത്മാർത്ഥതയോടും ധൈര്യത്തോടും കൂടി കുനിയുന്ന സമയത്ത്, അങ്ങേയറ്റം വിനയാന്വിതനായി ഉണർന്ന് അശ്രദ്ധയുടെ മറകളെ മുറിച്ചുകൊണ്ട് ഫനായുടെ (താൻ നശിച്ച് അല്ലാഹുവിൽ ലയിക്കുന്ന അവസ്ഥയുടെ) മൈതാനങ്ങളിൽ മുന്നോട്ടു മുന്നോട്ടു കുതിക്കുന്ന സമയത്ത്-പിന്നെ അവിടെ അവൻ കാണുന്നത് പങ്കാളികളാരുമില്ലാത്ത ദൈവത്തിന്റെ തിരുസന്നിധിയാണ്. അപ്പോൾ അവന്റെ ആത്മാവ് തിരുസന്നിധിയുടെ പടിക്കൽ തലവെച്ചുകൊടുക്കുന്നു. അവന്റെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ആകർഷണശക്തി, അല്ലാഹുവിന്റെ ഔദാര്യങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അപ്പോൾ പ്രതാപവാനായ അല്ലാഹു അവന്റെ പ്രവൃത്തി പൂർത്തിയാക്കി കൊടുക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നു. ആ ദുആയുടെ സ്വാധീനം അവന്റെ കാര്യം നേടുന്നതിന് ആവശ്യമായി വരുന്ന എല്ലാ മാർഗങ്ങളിലേക്കും ഇടുന്നു. ഉദാഹരണത്തിന്, മഴയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണെങ്കിൽ, ദുആയ്ക്കുശേഷം മഴ പെയ്യാൻ വേണ്ടുന്നതായ പ്രകൃതിപരമായ കാരണങ്ങളിൽ അതിന്റെ സ്വാധീനം ഉണ്ടാക്കുന്നു. വരൾച്ച ഉണ്ടാ

Scanned with CamScanner

കുന്നതിനുള്ള പ്രാർത്ഥനയാണെങ്കിൽ, സർവശക്തനായ അല്ലാഹു മഴ പെയ്യാതിരിക്കാനുള്ള കാരണങ്ങൾ സൃഷ്ടിക്കുന്നു. ഇക്കാരണത്താൽ, പരിപൂർണ മനുഷ്യന്റെ ദുആയിൽ പ്രത്യേകമായ ഒരു ശക്തി വിശേഷം ജന്മമെടുക്കുന്നുവെന്ന സംഗതി, കശ്ഫ്കാർക്കുണ്ടായിട്ടുള്ള വലിയ വലിയ അനുഭവംകൊണ്ട് സ്ഥാപിതമായിട്ടുള്ളതാണ്. അതായത് അവരുടെ ദുആകൾ അല്ലാഹുവിന്റെ കല്പനയാൽ ആകാശങ്ങളിലും ഭൂമിയിലും ചലനം സൃഷ്ടിക്കുകയും മൂലകങ്ങളേയും ആകാശഗോളങ്ങളേയും മനുഷ്യഹൃദയങ്ങളേയുമെല്ലാം ഉദ്ദിഷ്ടകാര്യം നിർവഹിപ്പിക്കുന്ന അവസ്ഥയിലേക്ക് എത്തിക്കുകയും ചെയ്യുന്നു." (ബറക്കാത്തുദ്ദുആ പേ. 9, 10) ●

*(6-10-2000)*

Scanned with CamScanner

# മസീഹ് മൗഊദി(അ)ന്റെ പ്രാർത്ഥനകൾ

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് തിരുമനസ്സ് നിർവ്വഹിച്ച 13 ഖുത്ബകളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

കാലത്തിന്റെ ഇമാം വാഗ്ദത്ത മഹ്ദി മസീഹ് ഹസ്റത്ത് അഹ്മദ് (അ) ചെയ്ത ദുആകളും അവയുടെ അത്ഭുതകരമായ സ്വീകരണവും ഖലീഫത്തുൽ മസീഹ് ഈ ഖുത്ബകളിൽ വിവരിച്ചിരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വാഗ്ദത്ത മസീഹ് കാണിച്ച മുഅ്ജിസത്തുകളാണ് ഈ ദുആകൾ. ദുആ സ്വീകാര്യതയെക്കാൾ വലിയ മുഅ്ജിസത്ത് വേറെയില്ല. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, കേരള പുറത്തിറക്കുന്ന ഖുത്ബ പരമ്പരയിലെ മൂന്നാമത്തെ പുസ്തകമാണിത്. 'കുടുംബബന്ധങ്ങൾ ചുമതലകളും അവകാശങ്ങളും' എന്ന ആദ്യത്തെ ഖുത്ബാ സമാഹാരത്തിന് ശേഷം 'നബി തിരുമേനി (സ)യുടെ പ്രാർത്ഥനകൾ', എന്ന പുസ്തകവും 'മസീഹ് മൗഊദ് (അ)ന്റെ പ്രാർത്ഥനകൾ' എന്ന ഈ പുസ്തകവും ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്.

*പ്രസാധകർ*

Scanned with CamScanner